# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 മാർച്ച് 13, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 191 –നമ്പർ 15

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 മാർച്ച് 13, തിങ്കൾ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |

| | | |
|---|---|---|
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം

പേജ്

I **ചോദ്യോത്തരങ്ങൾ**

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

II **അനുമോദനം**

ഓസ്കാർ അവാർഡ് ജേതാക്കൾക്ക് അനുമോദനം

III **അടിയന്തര പ്രമേയം**

ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിലെ തീപിടിത്തം

IV **ശ്രദ്ധക്ഷണിക്കൽ**

കേന്ദ്രപദ്ധതി തൊഴിലാളികളുടെ വേതന പ്രശ്നങ്ങൾ

V **വ്യക്തിപരമായ വിശദീകരണം**

പ്രതിപക്ഷനേതാവിന്റെ പരാമർശം

- ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി

VI **സബ്മിഷൻ**

(1) പാലോട് ഫയർസ്റ്റേഷൻ

- ശ്രീ. ഡി. കെ. മുരളി

(2) നെല്ല് സംഭരണം

- ശ്രീ. മുരളി പെരുനെല്ലി

(3) ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ പ്രശ്നങ്ങൾ

- ശ്രീ. കടകംപള്ളി സുരേന്ദ്രൻ

**VII ധനകാര്യം**

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XVIII – വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XIX – കുടുംബക്ഷേമം

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 മാർച്ച് 13, തിങ്കൾ

---

| | | |
|---|---|---|
| വാല്യം 191} | ഔദ്യോഗിക റിപ്പോർട്ട് | {നമ്പർ 15 |

---

നിയമസഭ 2023 മാർച്ച് മാസം 13-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ.......ഓർഡർ........ ചോദ്യം നമ്പർ *361.

**വനസംരക്ഷണം കാര്യക്ഷമമാക്കാൻ നടപടി**

1(*361) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തി സർവ്വേ നടത്തി ജണ്ട കെട്ടിത്തിരിച്ച് രേഖകൾ ഡിജിറ്റൈസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി അറിയിക്കാമോ;

(ബി) വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിനായി വിപുലമായ തോതിൽ ആധുനിക ആശയവിനിമയ ഉപകരണങ്ങൾ, ക്യാമറ, ഡ്രോൺ ക്യാമറ തുടങ്ങിയവ ഉപയോഗിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടിക ഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവരെ നിർബന്ധിതമായല്ലാതെ വനത്തിനുപുറത്ത്

പുനരധിവസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) വനം കൈയേറ്റം പൂർണ്ണമായി തടയുന്നതിന് സ്ഥിരം ജണ്ടകെട്ടി വനാതിർത്തി വേർതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ മേഖലയിൽ നിലവിൽ നിർമ്മിച്ച ജണ്ടകളുടെ ജി.പി.എസ്. റീഡിംഗ് ശേഖരിച്ച് ഡിജിറ്റലൈസേഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനാതിർത്തികളിൽ 2021-22 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ 21200-ഓളം ജണ്ടകൾകൂടി നിർമ്മിക്കേണ്ടതുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതിൽ ഈ സാമ്പത്തിക വർഷത്തിൽ 5934 ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 274.070 കിലോമീറ്ററിലായി 1379 ജണ്ടകൾ നിർമ്മിച്ചിട്ടുള്ളതായി നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ഉദ്ദേശം 1284.434 കിലോമീറ്ററിലായി 6000 ജണ്ടകൾ നിർമ്മിക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. ടി വിഷയത്തിൽ റവന്യൂ ഭൂമിയുമായി അതിർത്തി പങ്കിടുന്ന വനപ്രദേശത്ത് റവന്യൂ വകുപ്പ് തയ്യാറാക്കിയ Standard Operating Procedure (SOP) അനുസരിച്ചും അല്ലാത്ത മേഖലകളിൽ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ തയ്യാറാക്കിയ Standard Operating Procedure (SOP) ഉപയോഗിക്കുവാനുമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കൂടാതെ കേരള സർക്കാരിന്റെ സർവ്വേ & ലാൻഡ് റെക്കോഡ്സ് വകുപ്പും റവന്യൂ വകുപ്പും ചേർന്ന് നടത്തുന്ന ഡിജിറ്റലൈസ്ഡ് സർവ്വേയുടെ ഭാഗമായി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫോറസ്റ്റ് മിനി സർവ്വേ ഓഫീസിൽ ഏറ്റവും ആധുനിക സംവിധാനങ്ങളുപയോഗിച്ച് മാപ്പിംഗ് നടത്താനും ഉദ്ദേശിച്ചിട്ടുണ്ട്. ഫോറസ്റ്റ് മിനി സർവ്വേയ്ക്ക് കീഴിൽവരുന്ന മോഡേൺ റിക്കോഡ് റൂമിന്റെ ഡിജിറ്റലൈസേഷന്റെ ഭാഗമായി ലഭ്യമായ റെക്കോഡുകൾ ജില്ല, ഡിവിഷൻ, ഐറ്റം എന്നിങ്ങനെ തരംതിരിച്ച് വയ്ക്കുന്ന ജോലി എല്ലാ ജില്ലകളുടെയും പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള

ജില്ലകളിലെ റെക്കോഡുകളുടെ വിവരങ്ങൾ ഗൂഗിൾ സ്പ്രെഡ് ഷീറ്റ് ഡാറ്റാ എൻട്രി പൂർത്തിയായിട്ടുണ്ട്. കൂടാതെ അതത് ജില്ലകളിൽ ഡിജിറ്റൽ സർവ്വേ റവന്യൂ വകുപ്പും സർവ്വേ വകുപ്പും നടത്തുന്നതിനൊപ്പമായിരിക്കും വനാതിർത്തികളുടെ ഡിജിറ്റൽ മാപ്പിംഗ് നടത്തുക.

(ബി) വന സംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിരവധി പദ്ധതികൾ നടപ്പിലാക്കിവരികയാണ്. വന സംരക്ഷണത്തിനായി ഉദ്യോഗസ്ഥതലത്തിൽ ഉപയോഗിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള നിരവധി സംവിധാനങ്ങളുണ്ട്. ആശയവിനിമയത്തിനായി വാക്കിടോക്കി, വയർലെസ് സെറ്റുകൾ, ഡിപ്പാർട്ട്മെന്റലായി മൊബൈൽ ഫോൺ/സിം സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വനം കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനുമുള്ള HAWK (Hostile Activity Watch Kernal), വന്യജീവികളുടെ മരണം റിപ്പോർട്ട് ചെയ്യുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ, വനപരിപാലനത്തിനായുള്ള വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കാൻ ഫീൽഡിൽനിന്നും വിവരം നേരിട്ട്

ശേഖരിക്കുന്നതിനായുള്ള "വൻ ആപ്പ് (Van App)" എന്നിവ ഉപയോഗിച്ചുവരുന്നു. വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പട്രോളിംഗിന് Mstripes എന്ന സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിന് ജീവനക്കാർക്ക് പരിശീലനവും ആയതിലേയ്ക്ക് അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ മനുഷ്യ-വന്യജീവി സംഘർഷത്തെ സംബന്ധിച്ച വിവരശേഖരണത്തിനായി പ്രശ്നബാധിത മേഖലകളിൽ ഡ്രോൺ ഉപയോഗിക്കാറുണ്ട്. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കും കഞ്ചാവ് കൃഷി, വനം കൈയേറ്റം തുടങ്ങിയ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും ഡ്രോൺ സംവിധാനം ഉപയോഗിച്ചുവരുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നുണ്ട്. കാട്ടുതീ യഥാസമയം കണ്ടെത്തുന്നതിനുള്ള പ്രതിരോധനടപടികൾ സ്വീകരിക്കുന്നതിനും ഉപഗ്രഹ സഹായത്തോടെ പ്രവർത്തിക്കുന്ന "ഫോറസ്റ്റ് ഫയർ അലർട്ട്" സംവിധാനം ഉപയോഗിച്ചുവരുന്നുണ്ട്. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുക തുടങ്ങിയ മേഖലകളിൽ ഭൗമ വിവരസാങ്കേതിക സംവിധാനം (GIS) പരമാവധി ഉപയോഗിച്ചുവരുന്നുണ്ട്.

(സി) പട്ടിക ഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവർക്ക് മാത്രമായി സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ വനത്തിനുള്ളിൽനിന്നും സെറ്റിൽമെന്റുകളിൽ താമസിക്കുന്ന പട്ടിക ഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവരും അല്ലാത്തവരുമായവരെ പുനരധിവസിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ പദ്ധതിയായ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പാലക്കാട് വൈൽഡ്ലൈഫ് സർക്കിളിലെ വയനാട് വൈൽഡ്ലൈഫ് ഡിവിഷനിൽ നിലവിൽ നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. IDWH പദ്ധതിയിലുൾപ്പെടുത്തി 190 ഗോത്രവർഗ്ഗങ്ങളിൽപ്പെട്ട കുടുംബങ്ങൾക്ക് ആകെ 19 കോടി രൂപ നൽകിയിട്ടുണ്ട്. 129 കുടുംബങ്ങളെ മാറ്റിപാർപ്പിക്കുകയും ബാക്കിയുള്ള 61 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയുമാണ്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, സംസ്ഥാനത്തെ വനത്തിന്റെ ക്യാരിയിംഗ് കപ്പാസിറ്റിയെ സംബന്ധിച്ച് ശാസ്ത്രീയ പഠനം

നടന്നിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ അത്തരമൊരു പഠനം നടത്താനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അടുത്തകാലത്തൊന്നും അങ്ങനെയൊരു ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല. നാലുവർഷംമുമ്പാണ് സെൻസസ് നടത്തിയിട്ടുള്ളത്. അതിന്റെയടിസ്ഥാനത്തിൽ വയനാട്ടിലെ കടുവാസങ്കേതങ്ങളിൽ നിലനിൽക്കുന്ന കടുവകളുടെ എണ്ണം സംബന്ധിച്ച് അടിയന്തരമായി ഒരു സെൻസസ് എടുക്കാനുദ്ദേശിക്കുന്നു. ആ സെൻസസ്സിനുശേഷം മാത്രമേ ഒരു വന്യമൃഗത്തിന് എത്രമാത്രം സ്ഥലം ആവശ്യമുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ. ഈ മാസം ആദ്യം, ഒന്നോരണ്ടോ ആഴ്ച്ചക്കകം കടുവകളുടെ സെൻസസ് നടത്താനുള്ള തീരുമാനമെടുത്തിട്ടുണ്ട്. മേയ് മാസം സംസ്ഥാനത്തെ ആനകളുടെ സെൻസസും എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുശേഷമേ ക്യാരിയിംഗ് കപ്പാസിറ്റിയെ സംബന്ധിച്ചൊരു പഠനം നടത്താൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u> സർ, വനാതിർത്തിയോടുചേർന്നുള്ള കൃഷിയിടങ്ങളിൽ വന്യമൃഗങ്ങൾ കൃഷിനശിപ്പിക്കുന്നതുകാരണം പ്രയാസപ്പെടുന്ന കർഷകർക്ക് നാമമാത്ര നഷ്ടപരിഹാരം മാത്രമേ ലഭിക്കുന്നുള്ളൂവെന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതിനെത്തുടർന്നുള്ള നഷ്ടപരിഹാരം വർദ്ധിപ്പിച്ച് യഥാസമയം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, നഷ്ടപരിഹാരം സംബന്ധിച്ച നടപടിക്രമങ്ങൾ കുറെയേറെ സങ്കീർണ്ണമാണ്. കൃഷിയാണ് നശിപ്പിക്കുന്നതെങ്കിൽ കൃഷിവകുപ്പ് ഇതുസംബന്ധിച്ച കാര്യങ്ങൾ വിലയിരുത്തി അവരുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഡി.എഫ്.ഒ.-മാർ നഷ്ടപരിഹാര തുക നൽകുന്നത്. കന്നുകാലിയാണെങ്കിൽ മൃഗസംരക്ഷണ വകുപ്പാണ് നഷ്ടം സംബന്ധിച്ച് പ്രാഥമിക നിഗമനത്തിലെത്തുന്നത്. റിപ്പോർട്ട് റെയിഞ്ച് ഓഫീസർ മുഖാന്തരം ഡി.എഫ്.ഒ.-ക്ക് നൽകിയാൽ തീർപ്പുകൾ കൽപ്പിക്കും. തുക വർദ്ധിപ്പിക്കാൻ

കഴിയുമോയെന്ന കാര്യം സർക്കാർ ഗൗരവത്തിൽ പരിഗണിച്ചുവരുന്നുണ്ട്. ഇപ്പോഴത്തെ തുക വർദ്ധിപ്പിക്കേണ്ട സാഹചര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇത് വനംവകുപ്പിന് മാത്രമായി ചെയ്യാൻകഴിയുന്ന ഒരു പ്രക്രിയയല്ല. ആയതിനാൽ മുഖ്യമന്ത്രിയുടെ സഹായം ഞാൻ ആവശ്യപ്പെടുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സഹായംകൂടി ലഭിച്ചാൽ മാത്രമേ നഷ്ടപരിഹാരതുക എത്രമാത്രം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് തീരുമാനിക്കാനാവൂ. ഇപ്പോഴത്തെ തുക അപര്യാപ്തമാണെന്ന കാര്യത്തിൽ ഗവൺമെന്റിന് സംശയമില്ല.

<u>ശ്രീ. ഡി. കെ. മുരളി:</u> സർ, വനത്തിനുള്ളിൽ താമസിക്കുന്ന ഗോത്രവർഗ്ഗക്കാർക്കൊപ്പംതന്നെ ഇതര സമൂഹങ്ങളും വർഷങ്ങളായി താമസിച്ചുവരുന്നുണ്ട്. ചിലർക്കെങ്കിലും പട്ടയം ലഭിക്കാത്ത അവസ്ഥയുമുണ്ട്. അവർ ആഗ്രഹിക്കുന്നുവെങ്കിൽ അവരുടെ കൈവശാവകാശത്തിന്റെ അടിസ്ഥാനത്തിൽ അവരെക്കൂടി വനത്തിനുപുറത്തേയ്ക്കുകൊണ്ടുവന്ന്

പുനരധിവസിപ്പിക്കുന്ന കാര്യം ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ; അതിനുള്ള പദ്ധതി തയ്യാറാക്കാനാവുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അത്തരമൊരു പദ്ധതിയെക്കുറിച്ച് 'റീബിൽഡ് കേരള' പദ്ധതിയുമായി ബന്ധപ്പെട്ട് ആലോചന നടത്തിയിരുന്നു. പക്ഷേ അതിൽ വിലനിർണ്ണയവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. അത് കുറച്ച് സങ്കീർണ്ണമാണ്. കാരണം അഞ്ച് സെന്റ് ഉള്ളവർക്കും അഞ്ചേക്കറുള്ളവർക്കും 15 ലക്ഷം രൂപ എന്ന് കണക്കാക്കിയുള്ളൊരു സംവിധാനമാണ്. അത് ആ രൂപത്തിൽ തുടരാനാവുകയില്ലെന്നും പുന:പരിശോധന ആവശ്യമാണെന്നുമുള്ള അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. അതുംകൂടി പരിഗണിച്ചതിനുശേഷമേ അക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

ശ്രീമതി ശാന്തകുമാരി കെ.: സർ, വനം പൊതുജനത്തിന്റെ സമ്പത്തായതിനാൽ അത് ജണ്ടകെട്ടി സംരക്ഷിക്കണം എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ വനാതിർത്തികളിൽ തർക്കങ്ങളോ വ്യവഹാരങ്ങളോ നിലനിൽക്കുന്നതോ അതിർത്തികൾ ജണ്ടകെട്ടി

വേർതിരിക്കാതിരിക്കുന്നതോ ആയ വനഭൂമിയോട് ചേർന്ന പ്രദേശങ്ങളിൽ സ്വകാര്യവ്യക്തികൾക്ക് ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾക്ക് ഡി.എഫ്.ഒ.-യുടെ പെർമിഷൻ വേണമെന്ന് നമുക്ക് അറിയാവുന്നതാണ്. എന്നാൽ വനാതിർത്തിക്കുപുറത്തുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തിക്കൊടുക്കുന്നത് റവന്യൂ വകുപ്പിന്റെ അധികാരമാണ്. പക്ഷേ വനാതിർത്തിക്കുപുറത്തുള്ള ഭൂമിയിൽ രജിസ്ട്രേഷൻ നടത്തുന്നതിന് വനംവകുപ്പിന്റെ എൻ.ഒ.സി. വേണമെന്ന് എല്ലാ ഡി.എഫ്.ഒ.-മാരും നിർബന്ധം പിടിക്കുകയാണ്. അതോടൊപ്പം തർക്കമില്ലാത്ത വനാതിർത്തികളുള്ള സ്വകാര്യഭൂമിയിലും എൻ.ഒ.സി. വേണമെന്ന് നിർബന്ധം പിടിക്കുന്ന ഒരവസ്ഥയുണ്ട്. അതിനെ സംബന്ധിച്ചിട്ടുള്ള വിശദാംശം നൽകാമോ; അങ്ങനെയുള്ള കാര്യങ്ങൾ എങ്ങനെയാണ് പരിഹരിക്കുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം ശരിയാണ്. അതിന് വനംവകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണ്. അതിന് കാരണം ആ പ്രദേശങ്ങളെ സംബന്ധിച്ച്

മറ്റുതർക്കങ്ങളൊന്നുമില്ലെങ്കിലും കേന്ദ്രഗവൺമെന്റിന്റെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട മിനിസ്ട്രിക്ക് ബഫർസോണുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ പരിഹരിക്കാനുണ്ട്. അത് പൂർണ്ണമായും തീരുമാനിച്ചുകഴിഞ്ഞാൽ ബഫർ സോണല്ലാത്ത സ്ഥലങ്ങളിലേയ്ക്ക് എൻ.ഒ.സി. കൊടുക്കാൻ കഴിയുമെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. ഏതായാലും ആ പ്രശ്നം ഗൗരവത്തിൽത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, വനസംരക്ഷണത്തിന് ജനകീയപങ്കാളിത്തം ഉറപ്പുവരുത്തണമെന്ന ലക്ഷ്യത്തോടെ വനവാസികളെ കൂട്ടിയോജിപ്പിച്ച് രൂപീകരിച്ചിട്ടുള്ള വനസംരക്ഷണ സമിതിയുടെയും എക്കോ ഡെവലപ്മെന്റ് സൊസൈറ്റിയുടെയും പ്രവർത്തങ്ങൾ സർക്കാർ വിഭാവനം ചെയ്ത രീതിയിൽ പൂർണ്ണമായും നടക്കുന്നില്ലെന്ന പൊതുവിമർശനം ഉയർന്നുവരുന്നുണ്ട്. ഒരുപ്രദേശത്തെ വനാശ്രിത സമൂഹത്തിന്റെ കൂട്ടായ്മ എന്നരീതിയിൽ ഇതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ നൽകേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ കൂടുതൽ വനാശ്രിതജോലികൾ ലഭ്യമാകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും വനാശ്രിതരുടെ ജീവസന്ധാരണമാർഗ്ഗങ്ങൾ

സുഗമമാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കാനും ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അതിൽ ധാരാളം ചോദ്യങ്ങളുണ്ട്. ഒന്നാമത്തെ ചോദ്യം, അദ്ദേഹം ഉന്നയിച്ചതുപോലെ വി.എസ്.എസ്.-കളുടെയും എക്കോ ഡെവലപ്മെന്റ് സൊസൈറ്റികളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതു സംബന്ധിച്ചാണ്. അത് ദുർബലമാണെന്ന് ബഹുമാനപ്പെട്ട അംഗം നേരത്തെ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ അതുസംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അത് എത്രമാത്രം കാര്യക്ഷമമാക്കാൻ കഴിയുമെന്നകാര്യം അടിയന്തരമായി പരിശോധിക്കുന്നതാണ്. മറ്റ് മൂന്ന് ചോദ്യങ്ങൾ കൂടി ഇവിടെ ഉയർന്നുവന്നിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, വന്യജീവികളുടെ ആക്രമത്തിൽ ജീവൻ നഷ്ടപ്പെടുന്നവർക്കും ഗുരുതര പരിക്ക് പറ്റുന്നവർക്കും വസ്തുവകകൾക്ക് നാശനഷ്ടങ്ങൾ സംഭവിക്കുന്നവർക്കും നഷ്ടപരിഹാര സംഖ്യ എത്ര കൊടുത്തുതീർക്കാൻ ബാക്കിയുണ്ട്; എന്നുമുതലുള്ള സംഖ്യയാണ്

കൊടുത്തുതീർക്കാനുള്ളത്; കുടിശ്ശിക ഉൾപ്പെടെ സമയബന്ധിതമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ? ഇന്നത്തെ ജീവിതസൂചിക അനുസരിച്ച് നിലവിൽ നൽകിവരുന്ന സംഖ്യ അപര്യാപ്തമാണ്, അത് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? അതുപോലെ വന്യജീവി ആക്രമണങ്ങൾക്ക് വിധേയരാകുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാനുള്ള നടപടികൾ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ നഷ്ടപരിഹാര തുക പൂർണ്ണമായും നൽകുന്നതിൽ വിജയിക്കാൻ കഴിഞ്ഞിട്ടില്ല. കാരണം പഴയകാലത്തെ കുടിശ്ശികയാണ് ഇപ്പോൾ കൊടുത്തുതീർക്കുന്നത്. 2020-21 സാമ്പത്തിക വർഷത്തിലുള്ളത് ഇതിനകംതന്നെ പൂർണ്ണമായി കൊടുത്തുതീർത്തുവെന്ന കണക്കാണ് ലഭിച്ചിട്ടുള്ളത്. സാമ്പത്തിക സഹായം ലഭ്യമാകുന്ന മുറയ്ക്ക് തുടർന്നുള്ള നഷ്ടപരിഹാരത്തുക കൊടുക്കണമെന്നാണ് ഇപ്പോൾ ആലോചിക്കുന്നത്.

ശ്രീ. ഒ. ആർ. കേളു: സർ, പുനരധിവാസ പദ്ധതി സംബന്ധിച്ചാണ് എനിക്ക് ചോദിക്കാനുള്ളത്. പുനരധിവാസ പദ്ധതിയിൽ അഞ്ച് സെന്റ്

വിട്ടുകൊടുക്കുന്ന കുടുംബത്തിനും അഞ്ച് ഏക്കർ വിട്ടുകൊടുക്കുന്ന കുടുംബത്തിനും പതിനഞ്ച് ലക്ഷം രൂപയാണ് കൊടുക്കുന്നത്. ഇത് സംബന്ധിച്ച് പ്രദേശത്ത് തർക്കം നിലനിൽക്കുന്നുണ്ട്. അതുപോലെ മറ്റൊരു നിർബന്ധിത ചോദ്യം, കുടുംബത്തിലെ പതിനെട്ട് വയസ്സുകഴിഞ്ഞ കുട്ടികൾ പഠനത്തിനായി വിദേശത്തും അന്യസംസ്ഥാനങ്ങളിലും പോകുന്നുണ്ട്. അവരെ കുടുംബമായി പരിഗണിക്കാൻ സാധിക്കില്ലെന്നുള്ള വാദവും ഫോറസ്റ്റ് വകുപ്പ് ഉന്നയിക്കുന്നുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇത് ഞാൻ വ്യക്തമാക്കിയതാണ്. ഇതൊരു കേന്ദ്ര ഗവൺമെന്റ് പദ്ധതിയായിരുന്നു. വയനാട് മേഖലയിലെ വനാതിർത്തിക്കുള്ളിൽ താമസിക്കുന്നവരുടെ പ്രശ്നമാണ്. അത്തരം ഒരു കേസ്സിൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചത് ആകെ പത്ത് ലക്ഷം രൂപയാണ്. സംസ്ഥാന ഗവൺമെന്റിന്റെ വിഹിതംകൂടി കൂട്ടിയാണ് ഇപ്പോൾ പതിനഞ്ച് ലക്ഷം രൂപയെന്നാക്കിയിട്ടുള്ളത്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഭൂമിയുടെ അളവനുസരിച്ച് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്ന ഒരു ശാസ്ത്രീയ സംവിധാനത്തിലേയ്ക്ക് പോകേണ്ടതുണ്ടെന്ന

പ്രശ്നം ഉയർന്നുവന്നതുകൊണ്ടാണ് മറ്റ് പ്രദേശങ്ങളിൽ അത് വ്യാപിപ്പിക്കാതെ ആ പദ്ധതി പുനരാലോചനയ്ക്ക് വിധേയമാക്കേണ്ടതുണ്ടെന്ന നിഗമനത്തിൽ സർക്കാർ എത്തിച്ചേരാനിടയായത്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ പ്രതിനിധാനം ചെയ്യുന്ന ബാലുശ്ശേരി മണ്ഡലത്തിൽ കക്കയം ഡാമിനോട് ചേർന്ന് ദീർഘകാലമായി കെ.എസ്.ഇ.ബി.-യുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ ഭൂമി തർക്കം നിലനിൽക്കുകയാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും പ്രത്യേക നടപടി അടിയന്തരമായി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ചില പ്രദേശങ്ങളിൽ ഒറ്റപ്പെട്ട തർക്കങ്ങളുണ്ട്. അത് ഇവിടെ മാത്രമല്ല എല്ലാ പ്രദേശത്തുമുണ്ട്. രണ്ട് വകുപ്പുകളിലെയും ഉത്തരവാദിത്വമുള്ളവർ കൂടിയിരുന്ന് ആ പ്രശ്നത്തിന് പരിഹാരം കാണുകയെന്നുള്ളതാണ് അതിനുള്ള പരിഹാര മാർഗ്ഗം. മന്ത്രിമാരുടെയിടയിൽ മിക്കവാറും കാര്യങ്ങളിൽ അത്തരം ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. വളരെ അനുഭാവപൂർവ്വമായ നിലപാടാണ് അത്തരം

കൂടിയാലോചനകളിലുണ്ടാകാറുള്ളത്. ഈ കാര്യത്തിലും അത്തരമൊരു നടപടിയുണ്ടാകാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വന്യജീവി ആക്രമണങ്ങൾ വളരെ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമയമാണ്. മണ്ണാർക്കാട് വനമേഖലയിൽ തത്തേങ്ങലം, കണ്ടമംഗലം ഭാഗങ്ങളിൽ രണ്ടുമൂന്ന് കുട്ടികളുമായി ഒരു പുലിയെ സ്ഥിരമായി കാണുകയാണ്. പുലിക്ക് കൂടുവയ്ക്കണമെന്നത് നാട്ടുകാരുടെ ആവശ്യമാണ്. ഒരു പ്രദേശത്ത് പുലിയുടെ സാന്നിധ്യമുണ്ടായാൽ അവിടെ കൂടുവച്ചാൽ ജനങ്ങൾക്കത് ആശ്വാസമാണ്. പക്ഷെ കൂടുവയ്ക്കാൻവേണ്ടി Principal Chief Conservator of Forests-നെ മന്ത്രി വിളിച്ചാലും അതിന്റെ നടപടികൾ അവർ ചെയ്യില്ല. കൂടുവയ്ക്കുന്നതിന് വനം വകുപ്പിനുള്ള തടസ്സമെന്താണ്? ജനങ്ങൾക്ക് ആ സമയത്ത് പുറത്തിറങ്ങാൻ കഴിയാത്ത സ്ഥിതിയായതിനാൽ കൂടുവയ്ക്കണമെന്ന് പറഞ്ഞാലും വനം വകുപ്പ് അതിന് സന്നദ്ധമാകുന്നില്ല. തത്തേങ്ങലം എന്ന സ്ഥലത്ത് കൂടുവയ്ക്കാൻ വനം വകുപ്പിന്റെ പിറകെ ഞങ്ങൾ ഒരു മാസം നടന്നു, അവർ കൂടുവച്ചില്ല. കൂടുവയ്ക്കാതെ പുലി തന്നെ പോയി. അതുകൊണ്ട് ഇത്തരം നടപടികൾ

ലളിതമാക്കി, ഇങ്ങനെയൊരു ആവശ്യം വന്നാൽ കൂട്ടുവയ്ക്കാൻ പെട്ടെന്ന് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതിൽ കുറേ വസ്തുതകളുണ്ട്. ഞാൻ മുഴുവൻ നിഷേധിക്കുന്നില്ല. ചില നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ കൂട്ടുവയ്ക്കുന്നതിൽ വനം വകുപ്പിന് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. പാലക്കാട് ആനയെ പിടിച്ചതിൽ നിരവധി നടപടിക്രമങ്ങളുണ്ടായിരുന്നു. അതിനൊരു പ്ലാൻ തയ്യാറാക്കുന്നതിൽ തുടങ്ങി നിരവധി പ്രൊസീഡ്യുവർ മറികടന്നുകൊണ്ടുമാത്രമേ അത്തരം ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുകയുള്ളൂവെന്ന സാങ്കേതികത്വമുണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ അത് കുറേക്കൂടി ലളിതവൽക്കരിച്ചാൽ മാത്രമേ ജനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് അതത് സമയത്ത് ഇടപെട്ട് പരിഹാരം കാണാൻ കഴിയുകയുള്ളൂവെന്ന അങ്ങയുടെ നിർദ്ദേശം സ്വാഗതാർഹമാണ്. അത് തീർച്ചയായും പരിശോധിക്കുന്നതാണ്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, കേന്ദ്ര വൈൽഡ് ലൈഫ് ആക്ട് അനുസരിച്ചാണ് ഇന്ന് കേരളത്തിലെ നാട്ടാന പരിപാലനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കുന്നത്. 1978-ലെ കേന്ദ്ര വൈൽഡ് ലൈഫ് ആക്ടുമായി ബന്ധപ്പെടുത്തി കേരളത്തിലെ നാട്ടാന പരിപാലന ചട്ടം ബന്ധിപ്പിക്കുകവഴി കേരളത്തിലെ ഉത്സവങ്ങൾക്കും ആഘോഷങ്ങൾക്കും ആനകളെ എഴുന്നള്ളിക്കാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് കേരളത്തിന് തനതായ ഒരു നാട്ടാന പരിപാലന ചട്ടമുണ്ടാക്കി 1978-ലെ കേന്ദ്ര വൈൽഡ് ലൈഫ് ആക്ടിൽനിന്നും അതിനെ വേർപെടുത്തി സംരക്ഷിക്കാനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കേന്ദ്ര നിയമങ്ങളാണ് വനം വകുപ്പിന്റെ എല്ലാ മേഖലയിലുള്ള പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നത്. കാട്ടാനകളുടെ പരിപാലനം സംബന്ധിച്ച കുറേ നിബന്ധനകളുണ്ട്. വന്യമൃഗങ്ങളെ ഉപദ്രവിക്കുകയും അവയുടെ ആരോഗ്യ പ്രശ്നങ്ങളെ പരിഗണിക്കാതെതന്നെ ഉത്സവത്തിന് എഴുന്നള്ളിക്കുകയും ചെയ്യുന്നതുകൊണ്ട് ആനകൾ ഇടയുകയും

ജനങ്ങളിൽ പരിഭ്രാന്തിയുണ്ടാക്കുകയും ചില ഘട്ടങ്ങളിൽ മരണം വരെ സംഭവിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായിരുന്നു. ഇത്തരമൊരു പശ്ചാത്തലത്തിലാണ് അത്തരം ചില നിബന്ധനകളോടുകൂടി മാത്രമേ നാട്ടാന പരിപാലനത്തിനും ഉത്സവങ്ങൾക്കും ആനയെ എഴുന്നള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവൂവെന്ന നിർദ്ദേശം കർശനമായി നിലവിലുള്ളതുകൊണ്ടാണ് അത് നമുക്ക് മറികടക്കാൻ കഴിയാതെ പോകുന്നത്. ഇതിന് രണ്ട് വശങ്ങളുണ്ട്, ഒന്ന് പ്രകൃതി സ്നേഹികളുടെയും പ്രത്യേകിച്ച് ആന പ്രേമികളുടെയും താൽപ്പര്യമെന്ന് പറയുന്നത് അവയെ സംരക്ഷിക്കുകയെന്നതാണ്. എന്നാൽ ഉത്സവ സീസണിൽ ഒന്നോ രണ്ടോ ആഴ്ച തുടർച്ചയായി ആനകളെ പ്രയോജനപ്പെടുത്തുന്നതുകൊണ്ട് അവർക്ക് പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. അവയുടെ സംരക്ഷണവും ജനങ്ങളുടെ ആവശ്യവും കൂട്ടിച്ചേർത്തുകൊണ്ടുള്ള ഒരു മധ്യവർത്തി മാർഗ്ഗം മാത്രമേ നമുക്ക് സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഒറ്റയടിക്ക് നാട്ടാന പരിപാലന നിയമത്തിൽ മാറ്റം വരുത്താൻ സാധിക്കുമെന്ന് ഞാൻ കരുതുന്നില്ല.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ജനവാസ മേഖലകളിലിറങ്ങുന്ന വന്യമൃഗങ്ങളെ പിടികൂടുന്നതിന് കുറേക്കൂടി ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ? എന്റെ നിയോജകമണ്ഡലത്തിലെ ഇടക്കുന്നം എന്ന സ്ഥലത്ത് കഴിഞ്ഞ രണ്ടാഴ്ചയായി ഒരു കാട്ടുപോത്ത് സ്വൈരവിഹാരം നടത്തുകയാണ്. ഒരാളെ ആക്രമിച്ച് അയാളിപ്പോൾ ആശുപത്രിയിലാണ്. ഇപ്പോഴും അതിനെ പിടികൂടാൻ കഴിഞ്ഞിട്ടില്ല. ഇന്നലെ രാത്രിയിൽക്കൂടി ഞാൻ അവിടെ പോയിരുന്നു. ജനങ്ങൾ വലിയ പരിഭ്രാന്തിയിലാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട പൂഞ്ഞാർ എം.എൽ.എ. ഈ കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അവിടെ ഒരു കാട്ടുപോത്ത് കിണറ്റിൽ വീഴുകയാണുണ്ടായത്. അവസാനം കിണർ മുഴുവൻ ഇടിച്ച് നിരപ്പാക്കിയതിനുശേഷമാണ് അതിനെ രക്ഷപ്പെടുത്തിയത്. രക്ഷപ്പെടുത്തിയ കാട്ടുപോത്തിനെ കാട്ടിലേയ്ക്ക് അയയ്ക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അവയെ വെടിവച്ചോ മറ്റേതെങ്കിലും സാഹചര്യത്തിലോ പിടിച്ച് നാട്ടുകാരുടെ ഭയാശങ്കകൾക്ക് പരിഹാരം കാണുകയെന്നതാണ് അനന്തരനടപടികളെന്ന്

പറയുന്നത്. ആ നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതാണെന്ന് മെമ്പർക്ക് ഉറപ്പുനൽകുന്നതാണ്.

## ജലസമൃദ്ധി പദ്ധതി

2(*362) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസംരക്ഷണത്തിനായി ജലസമൃദ്ധി പദ്ധതിക്ക് കീഴിൽ നദീതട, നീർത്തട അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പ്രവൃത്തികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) ജലവിഭവാസൂത്രണവും നിരീക്ഷണവും കാര്യക്ഷമമാക്കുന്നതിന് ശാസ്ത്ര, സാങ്കേതികശാസ്ത്ര വിദ്യകളുടെ പ്രയോഗം യാഥാർത്ഥ്യമാക്കുന്നതിന് പദ്ധതിയുണ്ടോ; ഇതിനായി പ്രാദേശികാടിസ്ഥാനത്തിൽ ജല ബഡ്ജറ്റ് തയ്യാറാക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) നീർച്ചാൽ ശൃംഖലകൾ പുനരുജ്ജീവിപ്പിച്ച് വേനൽക്കാലത്ത് കൂടി നീരൊഴുക്ക് ഉറപ്പാക്കാൻ കഴിയുന്ന രീതിയിലാണോ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ,

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന നവകേരളം മിഷനിൽ ഉൾപ്പെട്ട ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധിയുടെ' ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തട പ്ലാനുകളും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കുകയും നീർത്തട പ്ലാനുകളിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ, റിഡ്ജ്-ടു-വാലി സമീപനം സ്വീകരിച്ചുകൊണ്ട് ജലസേചനം/പഞ്ചായത്ത് വകുപ്പുകളുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട പഞ്ചായത്തിലെ "ജലസമൃദ്ധി പദ്ധതി, പുഴയൊഴുകും മാണിക്കൽ" (ongoing), എന്നിവ ഇതിന് ഉദാഹരണമാണ്.

"ജല സമൃദ്ധി പദ്ധതിയുടെ" ഭാഗമായി കാട്ടാക്കട നിയോജകമണ്ഡലത്തിലെ തെരഞ്ഞെടുത്ത 40 സർക്കാർ

സ്ഥാപനങ്ങളിലേയും 5 അങ്കണവാടികളിലേയും തുറന്ന കിണറുകളിൽ ഭൂജലസംപോഷണ പ്രവൃത്തികൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ International Centre for Free and open Source Software (ICFOSS), Kerala സ്റ്റേറ്റ് IT Mission എന്നിവരുടെ സാങ്കേതിക സഹായത്തോടെ ഓപ്പൺ സ്ട്രീറ്റ് സങ്കേതം പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ നീർച്ചാലുകൾ രേഖപ്പെടുത്താനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സെൻട്രൽ പബ്ലിക് ഹെൽത്ത് ആൻഡ് എൻവയോൺമെന്റ് എഞ്ചിനീയറിങ് ഓർഗനൈസേഷൻ (CPHEEO) എന്ന കേന്ദ്ര നഗരകാര്യ മന്ത്രാലയത്തിന് കീഴിലുള്ള സാങ്കേതിക വിഭാഗം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് കേരള വാട്ടർ അതോറിറ്റി ശുദ്ധജലവിതരണം നടത്തിവരുന്നത്.

ഭൂജലവിതാനം അറിയുന്നതിനുള്ള ടെലിമെട്രി സിസ്റ്റം ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ (എൻ.എച്ച്.പി.) നടപ്പിലാക്കി വരികയും കേരളത്തിലെ ജലവിഭവ ആസൂത്രണം കാര്യക്ഷമമായി

നടപ്പിലാക്കുന്നതിനായി കേരളത്തിലെ ഭൂജലസ്രോതസ്സുകളുടെ വിവര ശേഖരണം (well census) ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ ഭൂജല സ്രോതസ്സുകളുടെയും (തുറന്ന കിണർ, കുഴൽ കിണർ, കുളങ്ങൾ, നീരുറവകൾ, മുതലായവ) വിവിധ വകുപ്പുകളുടെ ഡാറ്റാ ശേഖരണത്തിന്റെ ഏകോപനവും പരിശീലന പ്രവർത്തനങ്ങളുംവഴി സംയോജിത ബഡ്ജറ്റിംഗും ജലവിഭവ ആസൂത്രണവും സംബന്ധിച്ച പ്രവർത്തനങ്ങൾ വിവിധഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാനത്ത് ഗ്രാമീണ മേഖലകളിൽ വിവിധ ഏജൻസികൾവഴി നടപ്പിലാക്കിയിട്ടുള്ള സാമൂഹിക ചെറുകിട കുടിവെള്ള പദ്ധതികളുടെ വിവര ശേഖരണം മൊബൈൽ ആപ്പ് ഉപയോഗിച്ച് നടത്തി വരുന്നു.

ഓരോ പ്രദേശത്തെയും പ്രാദേശിക പ്രത്യേകതകളും മഴയുടെ ലഭ്യതയും പരിഗണിച്ചുകൊണ്ടും സൂക്ഷ്മ നീർത്തടങ്ങളെ അടിസ്ഥാന യൂണിറ്റായി എടുത്തുകൊണ്ടും ജല ലഭ്യതയും ജല ആവശ്യങ്ങളും താരതമ്യം ചെയ്ത് ജല ദൗർലഭ്യവും അധിക ജല ലഭ്യതയും അതനുഭവപ്പെടുന്ന കാലവും

കണക്കാക്കുന്നതിനായിട്ടാണ് പ്രാദേശികമായി ജലബഡ്ജറ്റ് തയ്യാറാക്കുന്നത്.

ഹരിതകേരളം മിഷന്റെ ഭാഗമായി Centre for Water Resources Development & Management (CWRDM)-ന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ പ്രകാരം വയനാട് ജില്ലയിലെ മുട്ടിൽ പഞ്ചായത്തിൽ പൈലറ്റടിസ്ഥാനത്തിൽ ജലബഡ്ജറ്റ് തയ്യാറാക്കിയിരുന്നു. ഇതിന്റെകൂടി അടിസ്ഥാനത്തിൽ മാർഗ്ഗരേഖ കൂടുതൽ കൃത്യത വരുത്തി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

എല്ലാ ജില്ലയിലെയും കുറഞ്ഞത് ഓരോ ബ്ലോക്കിൽ വീതം ജലബഡ്ജറ്റ് തയ്യാറാക്കണമെന്ന് ഹരിതകേരളം കർമ്മ സമിതിയിൽ തീരുമാനമെടുക്കുകയും കേരളത്തിലെ 15 ബ്ലോക്ക് പഞ്ചായത്തുകളിലും അവയുടെ പരിധിയിൽവരുന്ന 94 ഗ്രാമപഞ്ചായത്തുകളിലും ജലബഡ്ജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകൃതമായിട്ടുള്ള സാങ്കേതിക സമിതികളുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനം നടത്തുന്നത്. ഇത്തരത്തിൽ

തെരഞ്ഞെടുത്ത ബ്ലോക്കുകളിലെ സാങ്കേതിക സമിതി അംഗങ്ങൾക്ക് ജലബഡ്ജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് പരിശീലനം ഹരിത കേരളം മിഷന്റെയും CWRDM-ന്റെയും നേതൃത്വത്തിൽ നൽകിയിട്ടുണ്ട്. ജലബഡ്ജറ്റ് നടത്തുന്ന മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും അധ്യക്ഷരുടെ ഒരു ശിൽപ്പശാല സംഘടിപ്പിച്ച് പ്രവർത്തന പരിപാടി ചർച്ച ചെയ്ത് അന്തിമമാക്കിയിട്ടുണ്ട്. കൂടാതെ ബ്ലോക്ക്തല സാങ്കേതിക സമിതി യോഗങ്ങളും ബ്ലോക്ക് കൺവെൻഷനുകളും നടന്നുവരുന്നു.

റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ ഐ.ഡി.ആർ.ബി. ഹൈഡ്രോളജി ഡിവിഷൻ Kerala Water Resources Information System (Kerala WRIS) വികസിപ്പിച്ചിട്ടുണ്ട്. ജല അനുബന്ധ മേഖലകളിലെ ഡാറ്റാ ഒരു പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ച് അതിലൂടെ നയനിർമ്മാതാക്കൾക്കും ജലമേഖലയിലെ അനുബന്ധ വകുപ്പുകൾക്കും അഭികാമ്യമായ ഒരു വെബ് പോർട്ടലായാണ് Kerala WRIS വിഭാവനം ചെയ്തിരിക്കുന്നത്. ജലബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഒരു മോഡ്യൂളിന്റെ സോഫ്റ്റ്‌വെയർ വികസനം പൂർത്തിയായിട്ടുണ്ട്.

(സി) കാലാകാലങ്ങളായും, 2018, 2019 വർഷങ്ങളിലെ പ്രളയാനന്തരവും ജല സ്രോതസ്സുകളുടെ അടിത്തട്ടിലും, കരകളിലും എക്കൽ, മണ്ണ്, മറ്റ് പാഴ്വസ്തുക്കൾ എന്നിവ അടിഞ്ഞുകൂടി ഒഴുക്ക് തടസ്സപ്പെട്ടിരുന്നു. ഇത് കണക്കിലെടുത്ത്, കേരളത്തിലെ 44 നദികളുടെയും ചുമതല ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും നദികളുടെ സ്ഥിതി വിവരിക്കുന്ന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നദികളുടെ കൈവഴികളിലും ചില നദികളിലും അടിഞ്ഞു കൂടിയ ചളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെയും ജലസേചന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചും പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമേ ജനപങ്കാളിത്തത്തോടുകൂടി സന്നദ്ധ പ്രവർത്തന സ്വഭാവത്തിലും ജലസ്രോതസ്സുകൾ പരിപാലിച്ചുവരുന്നു.

ജല ബഡ്ജറ്റ് തയ്യാറായശേഷം അതിനെ അടിസ്ഥാനപ്പെടുത്തി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ജല സുരക്ഷ ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ കൃത്യമായ ജല പരിപാലന പരിപാടി ഉൾപ്പെടുന്ന ഒരു

ജലസുരക്ഷാ പ്ലാൻ തയ്യാറാക്കാനും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പ്രസ്തുത പ്ലാൻ നടപ്പിലാക്കാനുമാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ച് മാലിന്യമുക്തമാക്കി സംരക്ഷിക്കാനും ലക്ഷ്യമിടുന്നു. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി "ഇനി ഞാനൊഴുകട്ടെ" എന്ന കാമ്പയിന്റെ ഭാഗമായി നീർച്ചാൽ ശൃംഖലകൾ വീണ്ടെടുക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ഭാഗമായി 14563 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. കൂടാതെ, പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാൽ ശൃംഖലകൾ വീണ്ടെടുക്കുന്നതിനുള്ള 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന കാമ്പയിൻ പശ്ചിമഘട്ട പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, സംസ്ഥാനത്തെ കുളങ്ങളും ജലാശയങ്ങളും നവീകരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും എല്ലാ പഞ്ചായത്തുകളിലും പ്രതിവർഷം ഒരു ജലാശയമോ കുളമോ നവീകരിച്ച്

സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, അത്തരത്തിലുള്ള കാര്യങ്ങൾ സംസ്ഥാനത്ത് കൂടുതലായി ചെയ്യണമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. വരുംകാലഘട്ടത്തിൽ ജലാശയങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ കൂടുതൽ ആവശ്യമായി വന്നിരിക്കുന്നു. ഹരിതകേരളം മിഷന്റെ സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട നൂറ് കുളങ്ങളിൽ ജലത്തിന്റെ അളവ് മനസ്സിലാക്കിയുള്ള സ്കെയിലുകളും സൂചനാ ബോർഡുമൊക്കെ സ്ഥാപിക്കുന്നത് ഫലപ്രദമായ കാര്യമാണെന്ന് കാട്ടാക്കട മണ്ഡലത്തിൽ ആയത് നടപ്പിലാക്കിയപ്പോൾ ബോധ്യപ്പെടുകയുണ്ടായി. ജിയോ ടാഗിംഗ് മുഖേന ഇത് സംഘടിപ്പിക്കുമ്പോൾ ജലത്തിന്റെ അളവ് മനസ്സിലാക്കാൻ സാധിക്കും. കിണറ്റിൽ ആ സ്കെയിൽ സ്ഥാപിക്കുകയും കൃത്യമായി അതിന്റെ വേരിയേഷൻ മനസ്സിലാക്കുകയും ചെയ്യുമ്പോൾ കിണറിന്റെ വിസ്തൃതി അറിയാവുന്നതുകൊണ്ട് അതിലെ ജലത്തിന്റെ അളവ് എത്രയെന്ന് കണ്ടെത്തുന്നതിന് ബുദ്ധിമുട്ടില്ല. പൊതുവെ ഒരു പഞ്ചായത്ത്

എടുത്തുനോക്കുമ്പോൾ ആ പഞ്ചായത്തിലെ ജലസമൃദ്ധിയും എത്രത്തോളം ജലം അവിടെയുണ്ടെന്നും അറിയുന്നൊരു സ്ഥിതി രൂപപ്പെട്ടുവരുന്നത് കേരളത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ആസൂത്രണം ചെയ്യുന്ന ഘട്ടത്തിൽ കൂടുതൽ പ്രയോജനകരമാകുന്ന ഒരു സ്ഥിതിവിശേഷം കാണാൻ കഴിയുന്നു. അതോടൊപ്പം ഇവിടെ സൂചിപ്പിച്ചതുപോലെ സംസ്ഥാനത്ത് കുളങ്ങളുടെ നവീകരണത്തിന് എല്ലാവരുടെയും ശ്രദ്ധയുണ്ടാകേണ്ടതുണ്ട്. ഗവൺമെന്റ് ആ കാര്യത്തിൽ സഹായിക്കാൻ കഴിയുന്ന തലങ്ങളിലെല്ലാം സഹായിക്കണമെന്നുതന്നെയാണ് കരുതുന്നത്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, സംസ്ഥാനത്തെ പുഴകളെ ജലസംഭരണികളാക്കി മാറ്റുന്നതിനുള്ള ശാസ്ത്രീയപഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, സംസ്ഥാനത്തെ പുഴകളെ ജലസംഭരണികളായി മാറ്റേണ്ട ഒരു സാഹചര്യമുണ്ട്. പുഴയിലൂടെ ഒഴുകിവരുന്ന വെള്ളത്തെ തടഞ്ഞുനിർത്തി ആ ജലം ഉപയോഗിക്കാൻ കഴിയുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ശാസ്ത്രീയ പഠനം

ആവശ്യമാണ്. കേരളത്തിൽ രൂപപ്പെടുത്തിയിട്ടുള്ള തടയണകളും ചെക്ക് ഡാമുകളുമെല്ലാം അത്തരത്തിൽ പ്രയോജനപ്പെടുന്നതാണെങ്കിൽപോലും പലപ്പോഴും ഒരു ഘട്ടം കഴിയുമ്പോൾ അത് പൂർണ്ണതോതിൽ പ്രയോജനപ്പെടുത്താൻ സാധിക്കാത്ത അവസ്ഥയുണ്ടാകുന്നു. കൂടുതലായി ഒഴുകിവരുന്ന വെള്ളം ഫലപ്രദമായി തടഞ്ഞുനിർത്തി ജലസേചനത്തിനും കുടിവെള്ളത്തിനും പ്രയോജനപ്പെടുത്താൻ കഴിയത്തക്കനിലയിലുള്ള സ്വാഭാവികമായ സാങ്കേതികപഠനവും പരിജ്ഞാനവും ഇതിനാവശ്യമാണ്. ആ നിലയിൽ പല സ്ഥലങ്ങളിലും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കൊണ്ടുവരുന്നത് ഫ്ലഡ് കൺട്രോൾ ചെയ്യാനും ജലാശയങ്ങളെ കൂടുതൽ സമൃദ്ധമാക്കാനും കൃഷിക്കും കുടിവെള്ളത്തിനും കൂടുതൽ പ്രയോജനകരമാക്കാനും സാധിക്കും. പല സ്ഥലത്തും സീരിയൽ ഓഫ് ചെക്ക് ഡാമുകൾ സ്ഥാപിച്ചാൽ ഓരോ ഘട്ടങ്ങളിലായി വെള്ളം ഓവർകം ചെയ്ത് അടുത്ത സ്ഥലത്തേയ്ക്ക് പോകുകയും അങ്ങനെ ആ പ്രദേശം മുഴുവൻ ജലസമൃദ്ധമാക്കി നിർത്താൻ കഴിയുന്ന ഒരു സ്ഥിതി രൂപപ്പെടുത്താൻ കഴിയുകയും അപ്രകാരം ശാസ്ത്രീയമായ പഠനം നടത്തുന്നതിനുവേണ്ടിയുള്ള

നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ആ പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സംരംഭങ്ങൾ ഭാവിയിൽ ആസൂത്രണം ചെയ്യുമ്പോൾ അതുമായി ബന്ധപ്പെട്ട് ചെയ്യുന്നതിനായിരിക്കും തീരുമാനിക്കുക.

ശ്രീ. ഐ. ബി. സതീഷ്: സർ, നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ കുളങ്ങളും ജിയോ ടാഗ് ചെയ്യുന്നതിനും സെൻസറുകൾ സ്ഥാപിച്ച് ജലഗുണനിലവാരം മനസ്സിലാക്കി പ്രസിദ്ധപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാനാകുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഞാൻ ആദ്യമേ സൂചിപ്പിച്ച ഏറ്റവും പ്രസക്തമായ ഒരു കാര്യം തന്നെയാണിത്. ഇപ്പോൾ കാട്ടാക്കടയിൽ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നതിൽ വലിയരീതിയിലുള്ള റിസൾട്ട് ലഭിക്കുകയുണ്ടായി. അവിടെയുള്ള വിവിധ പദ്ധതികൾ പരിശോധിക്കുമ്പോഴും കിണറുകളിലെ പരിശോധനയിലൂടെ തെളിയപ്പെടുന്നതും ഈ പ്രദേശത്ത് ഇതിലൂടെ വലിയമാറ്റം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് എന്നതാണ്. കിണറുകളിലെ ജലനിരപ്പ് വർദ്ധിക്കുകയും കിണറുകൾ വറ്റാത്തതായി മാറുകയും, പുതിയ കാർഷിക കുളങ്ങൾ നിർമ്മിച്ച

സ്ഥലങ്ങളിൽ അടുത്തുള്ള കിണറിലെ ജലനിരപ്പ് ഗണ്യമായി വർദ്ധിച്ചതായും നാട്ടുകാർ സാക്ഷ്യപ്പെടുത്തുന്നു. നവംബർ മാസം മുതൽ വറ്റിയിരുന്ന തോടുകളിൽ തടയണ നിർമ്മിച്ച് നീരൊഴുക്ക് നിയന്ത്രിച്ചതോടെ മാർച്ച് മാസത്തിലും ജലസമൃദ്ധമായി മാറുകയുണ്ടായി. ചിട്ടയായ പ്രവർത്തനത്തിലൂടെ മണ്ഡലത്തിലുൾപ്പെടുന്ന നേമം ബ്ലോക്ക് ഭൂഗർഭ ജലലഭ്യതയുടെ കാര്യത്തിൽ ഇപ്പോൾ സുരക്ഷിത വിഭാഗത്തിലേയ്ക്ക് മാറിയതായി സംസ്ഥാന ഭൂജലവകുപ്പും ദേശീയ ഭൂജല ബോർഡും സംയുക്തമായി തയ്യാറാക്കിയ റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു. ഇത് മറ്റു സ്ഥലങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ കഴിയും. കിണറിലെ ജലത്തിന്റെ അളവ് കൃത്യമായി അറിയാനും ഓരോ വർഷവും ഓരോ ദിവസവും ആ മാറ്റം നിരീക്ഷിക്കാനും കഴിയുന്നതിലൂടെ ജലത്തിന്റെ ഉപയോഗവും വിനിയോഗവും എങ്ങനെ വേണമെന്ന് ശാസ്ത്രീയമായി മനസ്സിലാക്കാനുതകുന്ന ഒരു പദ്ധതിയായി ജിയോ ടാഗിംഗ് സിസ്റ്റം മാറുകയാണ്. അത് വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ സഹായത്തോടെ നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിച്ചുവരികയാണ്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, നീർച്ചാലുകളുടെ സംരക്ഷണപ്രവൃത്തികൾ സംഘടിപ്പിച്ച് നീരൊഴുക്ക് ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനെ ഞാൻ അഭിനന്ദിക്കുന്നതോടൊപ്പം പുഴകളിൽ തടയണകളും അതുപോലെയുള്ള ജലസംഭരണ കേന്ദ്രങ്ങളും ആവിഷ്കരിക്കപ്പെടുന്നതുമൂലം ആ തടയണയ്ക്കുതാഴെ നേരത്തെയുള്ളതുപോലുള്ള നീരൊഴുക്കുകൾ വരുന്നില്ല. അതുകൊണ്ട് ഇത്തരം തടയണകൾക്കുതാഴെ പൂർവ്വസ്ഥിതിയിലുള്ള നീരൊഴുക്ക് ശക്തിപ്പെടുത്താനാവശ്യമായ പദ്ധതികൂടി ആവിഷ്കരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, താഴേയ്ക്കുള്ള നീരൊഴുക്കുകളെ സംബന്ധിച്ചിടത്തോളം അതിന്റെ നിർമ്മാണഘട്ടത്തിലും പ്രവർത്തനത്തിലും ശാസ്ത്രീയത കൈവരിക്കേണ്ടതായിട്ടുണ്ട്. നീരൊഴുക്കുകൾ വളരെ ഗൗരവമേറിയ വിഷയം തന്നെയാണ്. നദികളാൽ ജലസമൃദ്ധമായ സംസ്ഥാനമാണ് കേരളമെന്നതിനാൽ സംസ്ഥാനത്ത് നീരൊഴുക്കുകൾ കണ്ടെത്താൻ പ്രയാസമില്ല. നാല്പത്തിനാലിലധികം നദികളും പുഴകളും തടാകങ്ങളും അരുവികളും നീർച്ചാലുകളുമെല്ലാമുണ്ടെങ്കിലും കുടിവെള്ളത്തിന്

ബുദ്ധിമുട്ടുന്നൊരു സ്ഥിതി രൂപപ്പെട്ടുവരുന്ന സംസ്ഥാനമായി കേരളം മാറുന്നു. ഭൂഗർഭജലം കുറയുന്നതിന്റെ പശ്ചാത്തലത്തിൽ നീർച്ചാലുകളെ സംരക്ഷിക്കുന്നതിന് ഹരിതകേരളം മിഷനിലൂടെയും നവകേരള മിഷനിലൂടെയും കൊണ്ടുവന്ന പദ്ധതികളിൽ "ഇനി ഞാനൊഴുകട്ടെ" എന്ന പദ്ധതിയിൻകീഴിൽ നടത്തിയ പ്രവൃത്തിയിലൂടെ വലിയതോതിലുള്ള മാറ്റം കേരളത്തിൽ ദർശിക്കാൻ കഴിഞ്ഞു. അതിന്റെ ഭാഗമായി കുറേമേഖലകളിലെ എക്കലും ചെളിയും മണ്ണുമെല്ലാം എടുത്തുമാറ്റുകയും നീരൊഴുക്കുകൾ നല്ല നിലയിൽ പഴയ രീതിയിലേയ്ക്കെത്തിക്കാൻ കഴിയുകയും ചെയ്തതിലൂടെ വലിയതോതിൽ ഫ്ലഡ് കൺട്രോൾ ചെയ്യാൻ കഴിഞ്ഞുവെന്നുള്ളതാണ് കേരളത്തിലെ പ്രധാനപ്പെട്ടൊരു കാര്യം. അങ്ങനെ ഫ്ലഡ് കൺട്രോൾ ചെയ്യാൻ കഴിഞ്ഞപ്പോൾ സ്വാഭാവികമായും ഇന്നലെകളിലുണ്ടായ വിഷമം ഉണ്ടായില്ല. നീരൊഴുക്ക് ക്രമപ്പെടുത്തുന്നതിനുള്ള പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. പശ്ചിമഘട്ടത്തിൽ താമസിക്കാമോ എന്നുള്ളതാണല്ലോ സമീപകാലങ്ങളിൽ ഉയർന്നുവന്ന ഒരു പ്രധാന വിഷയം. പശ്ചിമഘട്ടത്തിൽ താമസിക്കാൻ

സാധിക്കത്തക്കവിധത്തിലേയ്ക്ക് അതിനെ മാറ്റണം. ഇരുകൂട്ടരുടെയും സ്ഥലങ്ങൾ നിശ്ചയിക്കുമ്പോൾ പഴയ കാലഘട്ടങ്ങളിൽ നമ്മുടെ പുരയിടങ്ങളോട് ചേർന്ന് ഒരു ഇടവഴി (പൊതുവഴി) ഉണ്ടായിരുന്നു. അതിലൂടെ ശക്തമായ മഴ വരുമ്പോൾ വെള്ളമൊഴുകുകയും ആൾക്കാർക്ക് നടന്നുപോകാനുള്ള സാധ്യതകളൊക്കെയുണ്ടായിരുന്നു. ഇന്ന് അത്തരം സാധ്യതകളൊക്കെ ഇല്ലാതെയായി. മലയോരമേഖലയിലും ഇത്തരം നീർച്ചാലുകൾ തടസ്സപ്പെട്ടുവരികയാണ്. അങ്ങനെ തടസ്സപ്പെട്ടുവരുന്ന സമയത്ത് കൃഷിയിടങ്ങൾ പൂർണ്ണമായും നഷ്ടപ്പെടുന്ന ഒരു സ്ഥിതിയുണ്ടാകുന്നു. ആ നീർച്ചാലുകളെ മാപ്പിംഗ് നടത്തി കണ്ടെത്തുകയും വെള്ളം ഒഴുകിപ്പോകാനുള്ള സ്ഥിതി രൂപപ്പെടുത്തുകയും ചെയ്താൽ ഭൂമിയിൽത്തന്നെ ആ വെള്ളം തടഞ്ഞുനിർത്തുന്നതിനും താങ്ങാവുന്നതിലേറെ വെള്ളം ആയിക്കഴിയുന്ന സമയത്ത് മണ്ണ് ഒഴുകിപ്പോകുന്ന/തെന്നിമാറുന്ന, ഉരുൾപൊട്ടലായും മണ്ണിടിച്ചിലായും രൂപാന്തരപ്പെടുന്നതായ സ്ഥിതി മാറ്റിയെടുക്കുന്നതിനും ഭൂമി സംരക്ഷിക്കുന്നതിനും ഇതര വികസന പ്രവർത്തനങ്ങൾക്കും ജനങ്ങൾക്ക് താമസിക്കുന്നതിനും കൃഷിയിടങ്ങൾ

സംരക്ഷിക്കുന്നതിനുമുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും സാധിക്കും. അതുകൊണ്ട് ഇത്തരം നീർച്ചാലുകളെ ശക്തിപ്പെടുത്തി അവയെ പ്രയോജനപ്പെടുത്തുകയും അതിലൂടെ പുതിയൊരു സംരംഭത്തിന് നേതൃത്വം കൊടുക്കുകയും കേരളത്തിലെ എല്ലാ മേഖലയിലും ഇത് രൂപപ്പെടുത്തുകയും എല്ലാ നിയോജകമണ്ഡലങ്ങളിലും അതിനാവശ്യമായ ശ്രദ്ധ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ കൊണ്ടുവരികയും ചെയ്താൽ കൃഷിയിടങ്ങളെ സംരക്ഷിക്കാനും അതിരൂക്ഷമായ മണ്ണിടിച്ചിലുകളും അതുമായി ബന്ധപ്പെട്ട മറ്റ് പ്രശ്നങ്ങളും ഒഴിവാക്കാനും സാധിക്കും. അതുകൊണ്ട് ഗൗരവപൂർവ്വമായ ഈ വിഷയം ഒരുമിച്ച് കൈകാര്യം ചെയ്യാൻ സാധിക്കത്തക്കവിധത്തിൽ മുന്നോട്ടുകൊണ്ടുപോകണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

<u>ശ്രീമതി ഉമ തോമസ്</u>: സർ, കഴിഞ്ഞ 12 ദിവസമായി ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ മാലിന്യം  കത്തുന്നതും വിഷപ്പുക വമിക്കുന്നതുമായ അവസ്ഥയിൽ അവിടെ  സ്പ്രേ ചെയ്യുന്ന വെള്ളം മുഴുവൻ കടമ്പ്രയാറിലേയ്ക്ക് ഒഴുകുന്നതുമൂലം ജലം മലിനീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ ജലസംരക്ഷണമാണ് വിഷയം എന്നുള്ളതുകൊണ്ടാണ് ഞാനീ ചോദ്യം

ചോദിച്ചത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെന്താണ് പ്രതിവിധി?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഈ വിഷയത്തിൽ സഭ പൊതുവെ ചർച്ച ചെയ്യപ്പേടേണ്ടതാണ്. അവിടെയുള്ള വിഷയങ്ങൾ പരിഹരിച്ചുകൊണ്ടുവരിക എന്നുള്ളതാണല്ലോ ആവശ്യം. അത് ഈ ചോദ്യവുമായി ബന്ധപ്പെട്ട ഒരു പ്രശ്നമല്ല. കടമ്പ്രയാർ അല്ലാതെതന്നെ മലിനീകരിക്കപ്പെട്ടിരിക്കുകയാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. ആ ആറ്റിലെ ജലവും കൂടി ശുദ്ധീകരിച്ച് ശുദ്ധജലവിതരണം നടത്താൻ കഴിയുമോ എന്ന് ആലോചിക്കേണ്ട ഘട്ടത്തിലേയ്ക്ക് കടന്നുപോകുകയാണ്. ബ്രഹ്മപുരത്തെ വിഷയത്തിന് ഇതുമായി ബന്ധമില്ലെങ്കിൽപോലും മലിനീകരണം പലവിധത്തിലാണ്. അതിൽ വായുമലിനീകരണവും ജലമലിനീകരണവും ഉണ്ടാകും. ജലമലിനീകരണമുണ്ടായാൽ അത്തരം കാര്യങ്ങൾ പരിശോധിക്കാനാവശ്യമായ നടപടി വാട്ടർ അതോറിട്ടി സ്വീകരിക്കുന്നുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടുതന്നെയാണ് ജലവിതരണം നടത്തുന്നത്. ഒരു തുള്ളി ജലം

പോലും ജലപരിശോധന നടത്തി സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താതെ കേരളത്തിൽ ജല അതോറിറ്റി വിതരണം ചെയ്യാത്തതുകൊണ്ട് അത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടില്ല. പക്ഷേ ഈ വിഷയം മറ്റു തരത്തിൽ ചർച്ചചെയ്യപ്പെടേണ്ടതാണെങ്കിലും ചോദ്യം ജലവുമായി ബന്ധപ്പെട്ടതായതുകൊണ്ട് ഞാൻ മറുപടി പറഞ്ഞുവെന്നുമാത്രം.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, കേരളം ഏറ്റവും വലിയ ചൂടിലേയ്ക്കാണ് പോകുന്നതെന്നും കുടിവെള്ളത്തിന്റെ കാര്യത്തിൽ വലിയ പ്രയാസം നേരിടുന്നുവെന്നും നമ്മൾ അറിഞ്ഞുകൊണ്ടിരിക്കുകയാണ്. ജലസ്രോതസ്സുകളും ജലാശയങ്ങളുമൊക്കെ സംരക്ഷിക്കേണ്ടതിന്റെയും നീരൊഴുക്ക് ശക്തിപ്പെടുത്തേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങളിൽ ഇതിന്റെ സ്രോതസ്സുകളുടെയും ജലാശയങ്ങളുടെയുമൊക്കെ കുറവ് വളരെ വലുതാണ്. ജലസേചന വകുപ്പിൽ കിഫ്ബി വഴിയാണ് ജൽജീവൻ മിഷന്റെ പദ്ധതികളും പ്രവർത്തനങ്ങളുമൊക്കെ നടക്കുന്നത്. അത് സൂപ്പർ വിഷൻ നടത്തുന്നതിന്

ച്ചുമതലപ്പെടുത്തിയിട്ടുള്ളത് റിട്ടയർ ചെയ്തയാളുകളെയായതിനാൽ അതിന്റെയൊക്കെ പോരായ്മകളും പ്രയാസങ്ങളും അനുഭവിക്കുകയാണ്. അതിന് പരിഹാരമായി പി.ഡബ്ല്യൂ.ഡി.- യിലെ KRFB (Kerala Road Fund Board) ഏറ്റെടുത്ത് നടത്തുന്നതുപോലെ ജലവകുപ്പിൽ അത്തരമൊരു സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് എത്രയുംവേഗം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ ആക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കാം. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച സാങ്കേതിക പ്രശ്നത്തെക്കുറിച്ച് പരിശോധിക്കുന്നതാണ്. ഒരു പ്രവൃത്തിയുടെ എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി ദീർഘമായി മുന്നോട്ടുപോകുമ്പോഴാണ് സ്വഭാവികമായും അത്തരം വിഷയങ്ങളെക്കുറിച്ച് പരിശോധിക്കേണ്ടതായി വരുന്നത്. പല പ്രവൃത്തികളിലും അത്തരം തടസ്സങ്ങൾ നേരിടുന്നതിനുള്ള പ്രധാനകാരണം ചില പ്രാദേശിക വിഷയങ്ങൾ തന്നെയാണ്. അത്തരം തടസ്സങ്ങളെല്ലാം നീക്കി പ്രവൃത്തി

ആരംഭിച്ചാൽത്തന്നെ പ്രവൃത്തി ഏറ്റെടുക്കുന്നവരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ടോയെന്നും സാങ്കേതിക വിഷയങ്ങളിലുണ്ടായിട്ടുള്ള വീഴ്ചയുടെ ഭാഗമായിട്ടാണോ ടി പ്രവൃത്തി നടക്കാതെ വന്നിട്ടുള്ളതെന്നുമുള്ള കാര്യങ്ങൾ പരിശോധിക്കാം. ഏതായാലും ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച വിഷയം അതേ ഗൗരവത്തിൽ അന്വേഷിക്കുന്നതാണ്. കാരണം, സമയബന്ധിതമായി പ്രവർത്തനം പൂർത്തീകരിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതേ ആവശ്യം തന്നെയാണ് ബഹുമാനപ്പെട്ട അംഗവും ഇവിടെ ഉന്നയിച്ചിരിക്കുന്നത്. കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിൽ വരുന്ന കാലതാമസത്തെക്കുറിച്ചാണല്ലോ ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. അങ്ങനെ കാലതാമസമുണ്ടാകുന്ന പ്രവൃത്തികൾ പ്രത്യേകമായി പരിശോധിച്ച് ആയത് പൂർത്തീകരിക്കാനാവശ്യമായ നിർദ്ദേശം നൽകുകയും അത് മോണിറ്റർ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യാം.

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെയും എന്റെയും നിയോജകമണ്ഡലങ്ങളായ തലശ്ശേരി, കുത്തുപ്പറമ്പ്

നിയോജകമണ്ഡലങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ഒരു കുടിവെള്ള പദ്ധതിക്ക് രൂപം നൽകിയിരുന്നു. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി മുൻകൈയെടുത്ത് അവിടെയൊരു യോഗം വിളിച്ചുചേർത്ത് അതിന്റെ പ്രവർത്തനമാരംഭിക്കാനാവശ്യമായ നിർദ്ദേശം നൽകുകയുണ്ടായി. ടി പ്രവർത്തനം ഡിസംബർ മാസത്തിൽ ആരംഭിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. രണ്ട് നിയോജകമണ്ഡലങ്ങളെ യോജിപ്പിക്കുന്നുവെന്ന് മാത്രമല്ല, എന്റെ നിയോജകമണ്ഡലത്തിലെ ഒരു മുനിസിപ്പാലിറ്റിയിലും അഞ്ച് പഞ്ചായത്തുകളിലും കുടിവെള്ളമെത്തുന്നതുമാണ്. പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, പ്രസ്തുത പ്രവൃത്തി ഡിസംബറിൽ ആരംഭിക്കേണ്ടതായിരുന്നെങ്കിലും അതിന് സാധിച്ചില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തികരിച്ചോ, ഇല്ലയോ, ആയതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്നീ വിഷയങ്ങളെപ്പറ്റി വിശദമായി പരിശോധിക്കാം. ഈ സഭാകാലഘട്ടത്തിൽത്തന്നെ ഇതുമായി ബന്ധപ്പെട്ട്

യോഗം വിളിച്ചുചേർത്ത് തുടർനടപടികളുമായി മുന്നോട്ടുപോകാനാവശ്യമായ നിർദ്ദേശം നൽകാം.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, സംസ്ഥാനത്ത് ഭൂരിപക്ഷം ജലാശായങ്ങളിലും ജലത്തിലും കിണറുകളിലും കോളിഫോം ബാക്ടീരിയകളുടെ സാന്നിദ്ധ്യമുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം നൽകി അവരുടെ പങ്കാളിത്തത്തോടെ എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലും ജലഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, National Hydrology Project (NHP)-ന്റെ ഭാഗമായി സംസ്ഥാനത്തെ നദികളിലെ ജലത്തിന്റെ ഗുണനിലവാരം ദ്വൈമാസാടിസ്ഥാനത്തിൽ പരിശോധിച്ചുവരുന്നുണ്ട്. ഭൂരിഭാഗം നദികളിലെ ജലത്തിലും കോളിഫോം ബാക്ടീരിയുടെ സാന്നിദ്ധ്യമുണ്ടെന്ന് ടി പരിശോധനാഫലം വ്യക്തമാക്കുന്നുണ്ട്. കേരളത്തിലൂടെ ഒഴുകുന്ന 44

നദികളിലൂടെയും ജലസാമ്പിളുകൾ എല്ലാമാസവും സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. നദികളുടെ വിവിധ സ്ഥലങ്ങളിലായി 365 സാമ്പ്ലിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ജലഅതോറിറ്റി പൊതുജലാശയങ്ങളിൽനിന്നും ജലം ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന ജലത്തിൽ കോളിഫോം ബാക്ടീരിയ, ഇ-കോളി ബാക്ടീരിയ എന്നിവയുടെ സാന്നിദ്ധ്യമില്ലെന്നു പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ജലസ്രോതസ്സുകളുടെ മലിനീകരണം ഒരു പരിധിവരെ തടയുന്നതിനായി നഗര-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സിവറേജ് സിസ്റ്റം നടപ്പിലാക്കുന്നതിനുവേണ്ടി ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ജലസ്രോതസ്സുകൾ മലിനമാകുന്നത് ഒരു പരിധി വരെ തടയാനാകും. കൂടാതെ, ഹരിത കേരള മിഷന്റെ ഭാഗമായി 166 ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിച്ച് നാളിതുവരെ 9481 പരിശോധനകൾ നടത്തിയിട്ടുണ്ട്. ഇതോടൊപ്പം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ സ്കൂളുകളിലെ ലാബുകൾ ഇത്തരം ആവശ്യങ്ങൾക്ക്

പ്രയോജനപ്പെടുത്താമോയെന്ന് പരിശോധിക്കാം. അതിനാവശ്യമായ കിറ്റുകൾ നൽകി കുട്ടികൾക്കും അദ്ധ്യാപകർക്കും ഇക്കാര്യങ്ങളിൽ വിദഗ്ധ പരിശീലനം നൽകുന്നതിനുവേണ്ടിയുള്ള ഡിപ്പാർട്ട്മെന്റുതല സഹായംകൂടി നൽകിക്കൊണ്ട് കുറെക്കൂടി വ്യാപകമായി ഇത്തരം കാര്യങ്ങൾ പരിശോധിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താമോയെന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ജലസുരക്ഷയെക്കുറിച്ച് ചിന്തിക്കുമ്പോൾ വലിയ സാങ്കേതിക സംവിധാനങ്ങളെക്കുറിച്ചാണ് ആദ്യം ആലോചിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ഓരോ ഗ്രാമവും അടിസ്ഥാനമാക്കി അതത് ഗ്രാമവാസികളെ പങ്കാളികളാക്കികൊണ്ട് ജലവിഭവ സംരക്ഷണ വിനിയോഗം നടപ്പിലാക്കേണ്ടതാണ്. മഴക്കാലത്ത് ലഭിക്കുന്ന ജലം എത്രത്തന്നെ കുറവായാലും അവ ശേഖരിച്ച് വിവിധ മാർഗ്ഗങ്ങളിൽക്കൂടി ഭൂമിയിലേയ്ക്ക് എത്തിച്ച് ഭൂഗർഭജലം സമ്പുഷ്ടമാക്കാനും കുടിവെള്ളക്ഷാമം ലഘൂകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. സ്വഭാവികമായും വളരെ ഗൗരവത്തോടെ കാണേണ്ടൊരു വിഷയമാണിത്. രണ്ടാം പിണറായി സർക്കാരിന്റെ പ്രകടന പത്രികയിലെ വാഗ്ദാനങ്ങളിലൊന്നായിരുന്ന ജലബഡ്ജറ്റ്. ഇതിലൂടെ രാജ്യത്തുതന്നെ ആദ്യമായി ജലബഡ്ജറ്റ് തയ്യാറാക്കുന്നൊരു സംസ്ഥാനമായി കേരളം മാറുകയാണ്. അത് വളരെയേറെ ഗുണകരമായൊരു കാര്യമായി കണക്കാക്കേണ്ടി വരും. ഒരു പ്രദേശത്തെ ജലത്തിന്റെ ലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന രേഖയാണ് ജലബഡ്ജറ്റ്. ഇതിനെ നല്ലരീതിയിൽ പരിശോധിച്ചാൽ വലിയതോതിലുള്ള മാറ്റങ്ങൾ കാണാൻ കഴിയും. ജലസമ്പത്തിനെ ഫലപ്രദമായും ഉത്തരവാദിത്വപൂർണ്ണമായും ഉപയോഗിക്കുന്നതിന് അടിയന്തരമായി ഇടപെടേണ്ട സാഹചര്യമാണ് നിലവിലുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ജലബഡ്ജറ്റ് തയ്യാറാക്കൽ വളരെ അധ്വാനവും വൈവിദ്ധ്യം നിറഞ്ഞതുമായ പ്രവൃത്തിയാണ്. ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെയും സംസ്ഥാന ജലവിഭവവകുപ്പിന്റെയും

സാങ്കേതിക പിന്തുണയോടെയാണിത് സാധ്യമാക്കാൻ ശ്രമിക്കുന്നത്. ഇതുസംബന്ധിച്ച് സംസ്ഥാന ജലവിഭവവകുപ്പ് സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവായിരുന്നു. ഈ സാങ്കേതിക സമിതിയുടെ സഹായത്തോടെ പരീക്ഷണാടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ മുട്ടിൽ ഗ്രാമപഞ്ചായത്തിൽ ജലബഡ്ജറ്റ് തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന ഈ ജലബഡ്ജറ്റിനെ അടിസ്ഥാനമാക്കി ജലമേഖലയിലെ പ്രോജക്ടുകൾ ആസൂത്രണം ചെയ്യുന്നതിലും ശരിയായ ജലഉപയോഗശീലം വളർത്തുന്നതിലും പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം കൊടുക്കുന്നു. ജലവിഭവ പരിപാലനത്തിൽ സംസ്ഥാന സർക്കാർ നടത്തുന്ന എല്ലാ ഇടപെടലുകളിലും സഹായകരമാക്കേണ്ടതുണ്ട്. സംസ്ഥാന ജലവിഭവത്തിന്റെ സുരക്ഷയ്ക്ക് ജലബഡ്ജറ്റ് മുൻമാതൃകകളില്ലാത്ത ഒരു പ്രവർത്തനരീതിയാണ് അവലംബിക്കുന്നത്. ജലത്തിന്റെ അനുയോജ്യമായ അളവിലുള്ളതും ഫലപ്രദമായ ഉപയോഗവും ഉറപ്പുവരുത്തി സാങ്കേതികാനുമതികളുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള ശാസ്ത്രീയ

അടിത്തറയാണ് ജലബഡ്ജറ്റ്. മനുഷ്യ ഇടപെടലുകളും വൻതോതിലുള്ള ഭൂവിനിയോഗമാറ്റവും കാലാവസ്ഥാവിത്യയാനത്തോടൊപ്പം കേരളത്തിൽ ജലലഭ്യതയിൽ ഗുരുതരമായ പ്രത്യാഘാതമുണ്ടാകുന്നുണ്ട്. ജലവിനിയോഗം ശാസ്ത്രീയമായിത്തന്നെ ആകേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിനുള്ള വഴിതുറക്കലാണ് പ്രാദേശികതലത്തിൽത്തന്നെ വിഭാവനം ചെയ്തിട്ടുള്ള ജലബഡ്ജറ്റ്. ഇത് നമ്മുടെ ആസൂത്രണപ്രക്രിയയിലും വലിയമാറ്റങ്ങൾക്ക് ഇടം കൊടുക്കുന്നതാണ്. ജലത്തിന്റെ ലഭ്യതയനുസരിച്ച് അത് വിനിയോഗിക്കാൻ കഴിയത്തക്കവിധത്തിലുള്ള ഒരു പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തിലും രൂപപ്പെടുത്തിയെടുത്താൽ വരാൻപോകുന്ന ആസൂത്രണത്തിലും അതിനനുസരിച്ചിട്ടുള്ള പദ്ധതിയായിരിക്കണം വിഭാവനം ചെയ്യേണ്ടത്. സ്വഭാവികമായും ഒരു പദ്ധതി നടപ്പിലാക്കി 6 വർഷം കഴിയുമ്പോൾ വെള്ളമില്ലാതെ വരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സാധിക്കണമെങ്കിൽ വളരെ ഗൗരവത്തോടുകൂടി ജലബഡ്ജറ്റ് എന്ന സങ്കല്പം പ്രാദേശികമായി വലിയ തോതിൽ ഗുണം ചെയ്യും. അതോടൊപ്പം നദികളും പുഴകളുംപോലുള്ള വലിയ സ്രോതസ്സുകൾ സമയബന്ധിതമായ

പഠനത്തിന്റെയടിസ്ഥാനത്തിൽ തടയണങ്ങളും, ചെക്ക്ഡാമുകളും വി.സി.ബി.കളും തീർത്ത് ജലസുരക്ഷ ഉറപ്പുവരുത്തിയാൽ കേരളത്തിൽ ജലലഭ്യത കുറഞ്ഞുവരികയാണെങ്കിലും ഒരു വർഷത്തേയ്ക്കാവശ്യമായ വെള്ളം എങ്ങനെ സമാഹരിക്കാം, നിലനിർത്താമെന്നുള്ള പഠനം നടത്താൻ സാധിക്കും. അതിന് ജലബഡ്ജറ്റ് എന്ന സങ്കല്പം ലോകത്തിന് തന്നെ മാതൃകയാക്കത്തവിധത്തിൽ കേരളത്തിൽ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. അത് എല്ലാ പഞ്ചായത്തുകളിലേയ്ക്കും ഏറ്റെടുത്ത് മുന്നോട്ടുപോകാൻ എല്ലാ എം.എൽ.എ.-മാരും താല്പര്യം കാണിക്കണമെന്നാണ് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നത്.

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

3(*363) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. വി. ജോയി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) രണ്ടര ലക്ഷത്തോളം മത്സ്യബന്ധന തൊഴിലാളികളെയും ഒരു ലക്ഷത്തോളം അനുബന്ധ മത്സ്യത്തൊഴിലാളികളെയും പ്രതിവർഷം പത്ത് ലക്ഷം രൂപയുടെ ഇൻഷ്വറൻസ് കവറേജിലുൾപ്പെടുത്താനായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മണ്ണെണ്ണ സബ്സിഡിക്കായി പ്രതിവർഷം എത്ര തുകയാണ് നൽകിവരുന്നത്; പരമ്പരാഗതയാനങ്ങളിൽ മോട്ടോർ ഘടിപ്പിക്കാൻ സബ്സിഡി നൽകി വരുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തിന് ലഭിക്കാനുള്ള കേന്ദ്രവിഹിതം കുടിശ്ശികയായിട്ടും സമ്പാദ്യ സമാശ്വാസ സഹായ പദ്ധതി പ്രകാരം തുക മുടക്കം കൂടാതെ നൽകാനായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ

ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ) മത്സ്യത്തൊഴിലാളികളുടെ വരുമാനവർദ്ധനവും സാമൂഹ്യ ഉന്നമനവും സുരക്ഷയും ഉറപ്പാക്കുന്നതിനുതകുന്ന ചുവടെപ്പറയുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പും അനുബന്ധ സ്ഥാപനങ്ങളും ചേർന്ന് നടപ്പാക്കിവരുന്നു.

1. സമ്പാദ്യ സമാശ്വാസ പദ്ധതി

2. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി.

3. വിദ്യാഭ്യാസ സഹായ പദ്ധതികൾ.

4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.

5. സുരക്ഷിത മത്സ്യബന്ധനമുറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.

6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടുകൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.

7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി ബോട്ടുകൾ, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി.

8. 'സമുദ്ര' ബസ് സർവ്വീസ് പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് സൗജന്യ ബസ് സർവ്വീസ്)

9. മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി 'സാന്ത്വനതീരം' പദ്ധതി.

10. ഓഖി പുനരധിവാസ പദ്ധതികൾ.

11. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.

12.കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.

13. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.

14. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.

15. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നടപ്പിലാക്കുന്ന പദ്ധതികൾ.

16. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ.

17. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ.

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ യന്ത്രവൽകൃത മത്സ്യബന്ധനത്തിന് പ്രാപ്തരാക്കി സാമ്പത്തികാഭിവൃദ്ധികൂടി കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികളുൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന JLG ഗ്രൂപ്പുകൾ/ SHG ഗ്രൂപ്പുകൾ/ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ FFPO (ഫിഷ്

ഫാർമേർസ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ) എന്നിവരാണ് ഗുണഭോക്താക്കൾ.

ഇതിനായുള്ള ബോട്ടിന്റെ വില 1.20 കോടി രൂപയായിരുന്നു. എന്നാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സൗകര്യങ്ങളുൾപ്പെടുത്തി പരിഷ്കരിച്ച് തയ്യാറാക്കുന്ന ബോട്ടിന്റെ വില 1.50 കോടി രൂപയാണ്. പദ്ധതി പ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപ (40%) യുമാണ്. ബാക്കിയുള്ള 102 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമാണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റായി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

19-1-2023 ന് ബോട്ട് നിർമ്മാണം സംബന്ധിച്ച് ത്രികക്ഷികരാർ കൊച്ചിൻ ഷിപ്പ്‌യാർഡ്, ഫിഷറീസ് വകുപ്പ്, ഗുണഭോക്തൃ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ എന്നിവർ ചേർന്ന് ഒപ്പുവച്ചു. ആദ്യഘട്ടമായി കൊച്ചിൻ ഷിപ്പ്‌യാർഡിൽ നിർമ്മാണം പൂർത്തിയാക്കിയ 5 യാനങ്ങൾ ഗുണഭോക്തൃ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണം കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ പുരോഗമിച്ചുവരുന്നു.

കൂടാതെ ടി പദ്ധതിയിലംഗങ്ങളായ സഹകരണ സംഘങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 30 മത്സ്യത്തൊഴിലാളികൾക്ക് നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NCDC)-ന്റെ സാമ്പത്തിക സഹായത്തോടെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-യുടെ നേതൃത്വത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള മൂന്നുദിവസത്തെ പരിശീലനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആൻഡ് മാനേജ്മെന്റ് (NIFAM)-ൽ വച്ച് നൽകിയിട്ടുണ്ട്.

(ബി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 240974 മത്സ്യത്തൊഴിലാളികൾക്കും 78659 അനുബന്ധത്തൊഴിലാളികൾക്കും അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ ഉറപ്പുവരുത്തിയിട്ടുണ്ട്. ഓരോ വർഷവും മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും അനുബന്ധത്തൊഴിലാളികളെയും അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താറുണ്ട്.

ഇൻഷ്വറൻസ് പ്രീമിയം പൂർണ്ണമായും സർക്കാരാണ് വഹിക്കുന്നത്. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ലെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഈ സാമ്പത്തികവർഷം മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസിനായി 13,66,32,258/- രൂപയും അനുബന്ധ തൊഴിലാളികളുടെ ഇൻഷ്വറൻസിനായി 1,69,31,350/- രൂപയും വിനിയോഗിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ തൊഴിലാളിക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കൂടാതെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യബന്ധന തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും അപകട മരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് പത്ത് ലക്ഷം രൂപയുടെ ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നതാണ്. 2022-23 വർഷത്തെ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതിയിൽ 109121 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാനത്ത് മത്സ്യബന്ധനയാനങ്ങൾക്ക് മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ മത്സ്യഫെഡ് വഴി വിതരണം ചെയ്തുവരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻക്ഷമതയുടെ

അടിസ്ഥാനത്തിൽ മണ്ണെണ്ണക്ക് ലിറ്ററിന് 25 രൂപ വീതം സബ്സിഡി നിരക്കിൽ (ഡി.ബി.റ്റി മുഖേന) നൽകി വരുന്നുണ്ട്.

2022-23 സാമ്പത്തികവർഷം മണ്ണെണ്ണ സബ്സിഡി നൽകുന്നതിന് 45 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽനിന്നും നാളിതുവരെ സബ്സിഡി തുകയായി 18,00,03,570/- രൂപ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

പരമ്പരാഗത രീതിയിൽ സുരക്ഷിതമല്ലാതെ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനായി "Motorization of country crafts" എന്ന പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40 HP വരെയുള്ള എഞ്ചിൻ വാങ്ങുന്നതിന് പരമാവധി 30,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്ന പദ്ധതി മത്സ്യഫെഡ് വഴി നടപ്പാക്കിവരുന്നു. 200 മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിയിലൂടെ സബ്സിഡി അനുവദിച്ചിരുന്നു. 40 HP വരെ എഞ്ചിൻ കപ്പാസിറ്റിയുള്ള ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾക്കാണ് സബ്സിഡി അനുവദിക്കുന്നത്.

നടപ്പുസാമ്പത്തികവർഷം പ്രസ്തുത പദ്ധതിക്കായി 30 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതുപയോഗിച്ച് 100 യാനങ്ങൾക്ക് എഞ്ചിൻ സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 2022-23 സാമ്പത്തികവർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഒന്നാംഗഡു ഗുണഭോക്തൃ വിഹിതവും രണ്ടാം ഗഡു സംസ്ഥാന സർക്കാർ വിഹിതവും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മൂന്നാംഗഡു കേന്ദ്ര സർക്കാർ വിഹിതം നൽകാനുണ്ട്. മുൻവർഷങ്ങളിൽ സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ കേന്ദ്ര വിഹിതം യഥാസമയം ലഭ്യമാകാത്ത കാലയളവുകളിൽ ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം യഥാസമയം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ വിഹിതവും കേന്ദ്ര സർക്കാർ വിഹിതവും സംസ്ഥാന ഫണ്ടിൽ നിന്നും യഥാസമയം അനുവദിച്ച് നൽകിയിരുന്നു.

2022-23 സാമ്പത്തികവർഷം 183541 ഗുണഭോക്താക്കളിൽനിന്നും ശേഖരിച്ച 26,36,25,000/- രൂപയ്ക്കാനുപാതികമായ കേന്ദ്ര സർക്കാർ വിഹിതം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നിരന്തരം

ആവശ്യപ്പെട്ടിട്ടുണ്ട്. 2021-22 സാമ്പത്തികവർഷം വരെയുള്ള കുടിശ്ശിക തുകയും (7275.10 ലക്ഷം രൂപ) 2022-23 വർഷത്തെ തുകയായ 26.3625 കോടി രൂപയും അനുവദിക്കണമെന്ന് സംസ്ഥാന മത്സ്യബന്ധന വകുപ്പുമന്ത്രി 13-01-2023-ലെ കത്ത് മുഖേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പദ്ധതി പ്രകാരമുള്ള കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ കേന്ദ്ര വിഹിതം കൂടി സംസ്ഥാന സർക്കാർ മുൻകൂറായി അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ കേന്ദ്ര വിഹിതം കൂടി സംസ്ഥാന സർക്കാർ മുൻകൂറായി അനുവദിക്കുന്ന രീതി അഭിലഷണീയമല്ലെന്ന് 10-02-2023-ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ അനുമതിയും തുകയും ലഭിക്കുന്നമുറയ്ക്ക് മൂന്നാംഗഡുവായ കേന്ദ്ര വിഹിതം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ്.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, CMFRI (Central Marine Fisheries Research Institute) നടത്തിയ പഠന റിപ്പോർട്ട് ഇന്ന് പുറത്തുവന്നിട്ടുണ്ട്.

ഇന്ത്യയുടെ സമുദ്രമേഖലയിൽനിന്ന് ഒരു ടൺ മത്സ്യം ഉല്പാദിപ്പിക്കുമ്പോൾ 1.32 ടൺ കാർബൺ ഡയോക്സൈഡ് പുറന്തള്ളുന്നതായുള്ള റിപ്പോർട്ടാണ് വന്നിരിക്കുന്നത്. ഇതിലൂടെ ചില മേഖലയിൽ ചില മത്സ്യങ്ങൾ കുറയാനിടയാക്കുമെന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരളത്തെ ഇത് എങ്ങനെയെല്ലാം ബാധിക്കുമെന്ന് വിശദമാക്കാമോ; തീരദേശമേഖലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ടറിയുന്നതിന് എന്തെങ്കിലും പരിപാടികളാവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, പല കാരണങ്ങളാൽ മത്സ്യസമ്പത്ത് കുറയുന്നുവെന്നുള്ള റിപ്പോർട്ടുകൾ ലഭിക്കുന്നുണ്ട്. വിശദമായ പഠനത്തിനുശേഷം മാത്രമെ കൃത്യമായ മറുപടി പറയാൻ സാധിക്കുകയുള്ളൂ. തീരദേശമേഖലയുമായി ബന്ധപ്പെട്ട് 43 മണ്ഡലങ്ങളെയും കേന്ദ്രീകരിച്ച് ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വിപുലമായ രീതിയിൽ ഒരു ക്യാമ്പയിൻ നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> സർ, 2022 പരമ്പരാഗത മത്സ്യബന്ധനത്തിന്റെയും മത്സ്യകൃഷിയുടെയും വർഷമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിക്കുകയും അതിന്റെ ഭാഗമായി മത്സ്യോത്സവവും സംഘടിപ്പിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; 'ശുചിത്വ സാഗരം സുന്ദര തീരം ' പദ്ധതിയുടെയും തീരപ്രദേശത്തെ ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ നൽകുന്ന 'പ്രതിഭാ തീരം' പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഒട്ടേറെ പദ്ധതികൾ നടപ്പാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ യന്ത്രവൽകൃത മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനുവേണ്ടി ഒട്ടേറെ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിനുവേണ്ടി ആധുനികരീതിയിലുള്ള ബോട്ടുകൾ നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. അത് എത്രുകണ്ട് എല്ലാസ്ഥലത്തും പ്രയോജനകരമാകുമെന്നതിനെ സംബന്ധിച്ച പഠനങ്ങളും

നടത്തിയിട്ടുണ്ട്. ഇപ്പോൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജെ.എൽ.ജി., എസ്.എച്ച്.ജി. ഗ്രൂപ്പുകൾ, സഹകരണ സംഘങ്ങൾ, ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത് ആവശ്യമായ സഹായങ്ങൾ ചെയ്തുവരുന്നത്. ഇതിനുവേണ്ടിയുള്ള ബോട്ടിന്റെ വില 1.20 കോടി രൂപയാണ്. എന്നാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സൗകര്യങ്ങളുള്ള ബോട്ടുകൾ നിർമ്മിക്കുന്നതിന് 1.50 കോടി രൂപ ആവശ്യമാണെന്ന് പറയുകയും ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. അതിനുവേണ്ടി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ 48 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നുണ്ട്. അവശേഷിക്കുന്ന തുക ഗുണോഭോക്താക്കൾ അവരുടെ കൈയിൽനിന്നും ചെലവാക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. പക്ഷേ, കേരളത്തിലെ ഗുണഭോക്താക്കൾക്ക് അതിനുള്ള സാധ്യത കുറവാണെന്നുള്ളതുകൊണ്ട് അഡീഷണലായി 30 ശതമാനം കൂടി മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകാൻ വേണ്ട നടപടികൾ

സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുമാണ് ഇത്തരം സഹായങ്ങൾ നൽകാൻ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. വി. ജോയി: സർ, മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ മുട്ടത്തറയിൽ പുതുതായി ആരംഭിക്കുന്ന ഭവന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ വിശദീകരിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ഭവന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. മുട്ടത്തറയിൽ ക്ഷീര വികസന വകുപ്പിൽനിന്നും ഏകദേശം 8 ഏക്കർ ഭൂമി ലഭ്യമായിട്ടുണ്ട്. അവിടെ 400 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് 81 കോടിരൂപയുടെള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് മത്സ്യത്തൊഴിലാളികളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ അവർക്ക് 635 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ തയ്യാറാക്കിയ പ്ലാൻ അനുസരിച്ചുള്ള വീടുകൾ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

10-2-2023-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഇതിന് തറക്കല്ലിട്ടത്. ഒന്നര വർഷത്തിനുള്ളിൽ അതിന്റെ പണി പൂർത്തീകരിച്ച് തൊഴിലാളികൾക്ക് വീട് നൽകാൻ സാധിക്കുമെന്നാണ് കരുതുന്നത്.

ശ്രീമതി യു. പ്രതിഭ: സർ, തുറസ്സായ ജലാശയങ്ങളിൽ നിയന്ത്രിത ചുറ്റുപാടിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന 'കൂട് മത്സ്യകൃഷി' ഇന്ന് കായലുകളിലും പുഴകളിലും നടത്തുന്നുണ്ട്. 'കൂട് മത്സ്യകൃഷി' നടത്തുന്ന ജലം കുടിക്കാനോ മറ്റ് വീട്ടാവശ്യങ്ങൾക്കോ ഉപയോഗിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഈ സാഹചര്യത്തിൽ 'കൂട് മത്സ്യകൃഷി' കടലിൽ നടത്തുന്നതിനുവേണ്ടി ഉദ്ദേശിക്കുന്നുണ്ടോ;അതിനെക്കുറിച്ച് വിശദമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 'കൂട് മത്സ്യകൃഷി' കാര്യക്ഷമമായി നടത്തുന്നത് നന്നായിരിക്കുമെന്നാണ് ഗവൺമെന്റ് കണ്ടെത്തിയിരിക്കുന്നത്. ഇപ്പോൾ ഇത് ഏറ്റവും ഫലപ്രദമായി നടപ്പാക്കാൻവേണ്ടി നോർവെയുടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിലധിഷ്ഠിതമായ സാങ്കേതികവിദ്യയുടെ പിന്തുണയോടെ സമുദ്രത്തിൽ കൂടുതൽ 'കൂട് മത്സ്യകൃഷി' നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടിയുള്ള ആവാസവ്യവസ്ഥയെ സംബന്ധിച്ച

പഠനങ്ങൾ നടത്തി മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ കടലിൽ മുങ്ങിക്കിടക്കുന്ന രീതിയിലുള്ള കൂടുകൾ മത്സ്യകൃഷിക്ക് ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്. ഇതുസംബന്ധിച്ച് കൃത്യമായി പഠനം നടന്നുവരികയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇത് നടപ്പാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനുവേണ്ടി ഏകദേശം 9 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

ശ്രീ. എൻ. കെ. അക്ബർ: സർ, മണ്ണെണ്ണയുടെ വില കേന്ദ്ര സർക്കാർ ക്രമാതീതമായി വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ മത്സ്യബന്ധന ചെലവ് വലിയ രീതിയിൽ കൂടിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇതിന് ബദലായി മത്സ്യബന്ധനം നടത്തുന്നതിന് ചെലവ് കുറഞ്ഞ രീതി പ്രോത്സാഹിപ്പിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ചിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ ലഭിക്കുന്നതിനെക്കുറിച്ചും മണ്ണെണ്ണയുടെ ഉപയോഗം കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടി

സ്വീകരിക്കുന്നതിനെ സംബന്ധിച്ചുമാണ്. മണ്ണെണ്ണ ലഭിക്കുന്നതിന് ഒട്ടേറെ പ്രയാസങ്ങൾ നേരിടുന്നുണ്ട്. ആധുനിക സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് മണ്ണെണ്ണ ഉപയോഗിക്കാതെ തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താനുള്ള സംവിധാനം ഏർപ്പെടുത്താനാണ് തീരുമാനിക്കുന്നത്. മണ്ണെണ്ണയ്ക്ക് ഇപ്പോൾ 25 രൂപയാണ് സബ്സിഡി നൽകുന്നത്. അത് മതിയാകില്ലെന്ന വാദവും തൊഴിലാളികളിൽനിന്ന് ഉണ്ടാകുന്നുണ്ട്. മണ്ണെണ്ണയുടെ ഉപയോഗം പരമാവധി കുറച്ചുകൊണ്ടുവരാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, നേരത്തെ പലതവണ ചോദിച്ചിട്ടുണ്ടെങ്കിലും ആശ്വാസകരമായ ഒരു മറുപടിപോലും ലഭിക്കാത്തതിനാലാണ് വീണ്ടും ഈ ചോദ്യം ഉന്നയിക്കുന്നത്. വർഷങ്ങൾക്കുമുമ്പ് സുനാമി ദുരന്തത്തിൽ താല്ക്കാലികമായി നിർമ്മിച്ച ഇടിഞ്ഞുവീണുകൊണ്ടിരിക്കുന്ന, അപകടമരണംവരെ സംഭവിക്കാൻ സാധ്യതയുള്ള, മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സുനാമി

കോളനികളുടെ നവീകരണത്തിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സുനാമിപോലെയുള്ള ദുരന്തങ്ങൾ ഉണ്ടായതിനുശേഷം അവിടത്തെ ജനങ്ങൾക്ക് സംരക്ഷണം നൽകുകയല്ല, അത് മുൻകൂട്ടികണ്ട് അവരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഏറ്റവും അപകടകരമായ പ്രദേശങ്ങൾ ഐഡന്റിഫൈ ചെയ്ത് ആ പ്രദേശത്തുള്ള ആളുകളെ പുനരധിവസിപ്പിക്കാൻ, അവരുടെ സമ്മതത്തോടുകൂടിയുള്ള സ്ഥലങ്ങൾ കണ്ടെത്താനും അവരെ പുനരധിവസിപ്പിക്കാനും വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. യു. എ. ലത്തീഫ്: സർ, അസംഘടിതരായ മത്സ്യവിതരണത്തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമപദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോൾത്തന്നെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധിയുണ്ട്. ആ ക്ഷേമനിധിയുമായി

ബന്ധപ്പെട്ട് മത്സ്യം വിതരണം ചെയ്യുന്ന തൊഴിലാളികൾക്കുകൂടി അതിന്റെ പ്രയോജനം ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീമതി കെ. കെ. രമ: സർ, മത്സ്യബന്ധനയാനങ്ങളുടെ യൂസർ ഫീയും രജിസ്ട്രേഷൻ ഫീയും ക്രമാതീതമായി വർദ്ധിക്കുകയാണ്. എന്നാൽ മത്സ്യലഭ്യത കുറയുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഇത് വലിയ ബാധ്യതയായിവരുന്നു. ഇത് കുറയ്ക്കുന്നതിനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പരമാവധി കുറയ്ക്കുന്നതിനുള്ള ഇടപെടൽ ഗവൺമെന്റ് നടത്തുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഒരു പോളിസിയുടെ ഭാഗംകൂടിയാണിത്. സംസ്ഥാന ഗവൺമെന്റ് മാത്രം വിചാരിച്ചാൽ പൂർണ്ണമായും അത് ഇല്ലാതാക്കാൻ സാധിക്കില്ല.

## ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യ മാർക്കറ്റുകൾ

4(364) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യവിപണനത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യ മാർക്കറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) നല്ല മത്സ്യങ്ങൾ കുറഞ്ഞ വിലയ്ക്ക് പ്രസ്തുത മാർക്കറ്റുകളിലൂടെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) മത്സ്യ മാർക്കറ്റുകൾ വൃത്തിയായി സൂക്ഷിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ,

(എ) ഉണ്ട്. സംസ്ഥാനത്ത് മത്സ്യവിപണനത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യ മാർക്കറ്റുകളാരംഭിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 51 മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനായി 137.81 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമായിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനാണ് പദ്ധതിയുടെ ചുമതല. ഇതുകൂടാതെ നബാർഡിന്റെ ഗ്രാമീണാടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി 502 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതികളെല്ലാം വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു.

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്ന ഓരോ മത്സ്യമാർക്കറ്റിലും മത്സ്യവിപണനത്തിനായുള്ള ആധുനികസൗകര്യങ്ങളുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഭാവിനടത്തിപ്പിനും പരിപാലനത്തിനുമായി മത്സ്യമാർക്കറ്റിന്റെ ഉടമസ്ഥരായ അതത് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തുവരുന്നുണ്ട്. മത്സ്യവിപണനം, മത്സ്യത്തിന്റെ ലഭ്യത എന്നിവ ഉറപ്പാക്കുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

മത്സ്യത്തിന്റെ ഗുണനിലവാരം നിലനിർത്തി ശുചിത്വപൂർണ്ണമായ സാഹചര്യത്തിൽ മത്സ്യവില്പന നടത്തുന്നതിനും അതുവഴി ഗുണമേന്മയുള്ള മത്സ്യം കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നല്കുന്നതിനുമായി പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽനിന്നും മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പ്രാഥമിക സംഘങ്ങൾവഴിയും ഫിഷ് ലാന്റിംഗ് സെന്ററുകളിൽനിന്ന് നേരിട്ടും ഗുണനിലവാരമുള്ള മത്സ്യങ്ങൾ സംഭരണ കേന്ദ്രങ്ങളിൽ ശേഖരിച്ച് ഫിഷ് മാർട്ടുകൾ മുഖേന മത്സ്യഫെഡ് വിപണനം നടത്തുന്നുണ്ട്.

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്ന ആധുനിക മത്സ്യമാർക്കറ്റുകളിൽ മത്സ്യവിപണനത്തിനായി പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് എന്നിവ

വിഭാവനം ചെയ്തിട്ടുണ്ട്. ടി മാർക്കറ്റുകളിൽ സ്ഥലസൗകര്യം, ദിവസേനയുള്ള മത്സ്യത്തിന്റെ ഇറക്കുമതി എന്നിവയനുസരിച്ച് കേടുവരാത്ത മത്സ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് 'ചിൽ റൂം" സംവിധാനവും ഒരുക്കിയിട്ടുണ്ട്. പ്രധാന മാർക്കറ്റുകളിൽ കച്ചവടക്കാർക്ക് വിശ്രമിക്കുന്നതിനായി 'റെസ്റ്റ് റൂം' സൗകര്യവും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ, ശുദ്ധജല ലഭ്യത, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലറ്റ് സംവിധാനം എന്നിവയും ഓരോ മത്സ്യമാർക്കറ്റിലും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 200 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണത്തിലുള്ള ഫിഷ് മാർട്ടുകളിൽ കാര്യമായ ഖര-ജല മാലിന്യങ്ങളുണ്ടാകുന്നില്ല. എങ്കിലും ചെറിയ തോതിലുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള നിയമസഭ പാസ്സാക്കിയ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് 2021 ലെ സെക്ഷൻ-12 പ്രകാരം, നോട്ടിഫൈ ചെയ്യുന്ന മത്സ്യമാർക്കറ്റുകളിൽ "ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റികൾ' രൂപീകരിച്ച് മാർക്കറ്റുകളുടെ അടിസ്ഥാന ഭൗതിക

സൗകര്യവികസനവും ഗുണനിലവാര പരിപാലനവും ഉറപ്പുവരുത്താൻ സാധിക്കുന്നതാണ്. ഇതുകൂടാതെ ഈ ആക്ടിലെ സെക്ഷൻ 16 പ്രകാരം രൂപീകൃതമായ 'സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി' ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കിവരുന്നുണ്ട്.

മത്സ്യത്തിന്റെ ഗുണനിലവാരം നിലനിർത്തി ശുചിത്വപൂർണ്ണമായ സാഹചര്യത്തിൽ മത്സ്യവില്പന നടത്തുന്നതിനും അതുവഴി ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് നല്കുന്നതിനുമായി സംസ്ഥാന പ്ലാൻ 2022-23 പദ്ധതിയിൽ ഉൾപ്പെടുത്തി 'സ്ട്രീറ്റ് ഫിഷ് വെൻഡിങ് കിയോസ്ക്-മീൻകൂട്' സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 52 ലക്ഷം രൂപയാണ് ഒരു കിയോസ്ക് സ്ഥാപിക്കുന്നതിന് വേണ്ടിവരുന്നത്. 50 മത്സ്യത്തൊഴിലാളി വനിതകൾക്ക് പ്രയോജനം ലഭ്യമാകുമെന്നാണ് കരുതുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നമ്മുടെ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപഭോഗത്തിനാവശ്യമായിട്ടുള്ള മത്സ്യങ്ങൾ ഇവിടെ ലഭ്യമല്ല. ഏകദേശം

ഒന്നേമുക്കാൽ മെട്രിക് ടൺ മത്സ്യങ്ങൾ പുറത്തുനിന്നാണ് കൊണ്ടുവരുന്നത്. സ്വാഭാവികമായും മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഇവിടെ എത്തിക്കുന്ന മത്സ്യങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നതിനുവേണ്ടി അമിതമായ രാസപദാർത്ഥങ്ങടക്കം ഉപയോഗിക്കുകയും അത് കേരളത്തിൽ വലിയ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ഘട്ടങ്ങളിൽ ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുമ്പോൾ രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയുന്നതിനുവേണ്ടിയുള്ള പദ്ധതികളും പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ശരിയാണ്. സംസ്ഥാനത്ത് ആവശ്യത്തിനുള്ള മത്സ്യം പൂർണ്ണമായും ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സംസ്ഥാനത്തിനു പുറത്തുനിന്നുമാണ് ആവശ്യത്തിനുള്ള മത്സ്യം വന്നുകൊണ്ടിരിക്കുന്നത്. ഇങ്ങനെ വരുന്ന മത്സ്യങ്ങൾ ഗുണനിലവാരം കുറഞ്ഞതാണെന്നുള്ളത് പലപ്പോഴും കണ്ടെത്തുന്നുണ്ട്. അതിനായി കൂടുതൽ പരിശോധന നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇവിടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പംതന്നെ

സംസ്ഥാനത്തിനുപുറത്തുനിന്ന് വരുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉപഭോക്താക്കൾക്ക് ശുദ്ധമായ മത്സ്യം ലഭിക്കാനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം നടത്തുന്ന പരിശോധനകളുടെ അടിസ്ഥാനത്തിൽ മത്സ്യങ്ങളിലെ രാസപദാർത്ഥകളുടെ ഉപയോഗം ഒരു പരിധിവരെ കുറഞ്ഞുവരുന്നുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ആധുനിക രീതിയിലുള്ള ഫിഷ്മാർക്കറ്റുകളും അതുപോലത്തന്നെ എയർകണ്ടീഷൻ ചെയ്ത ഫിഷ് മാർട്ടുകളും സ്ഥാപിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയും നേരത്തെതന്നെ അതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പ്രൊപ്പോസ് ചെയ്തൊരു മത്സ്യമാർക്കറ്റായിരുന്നു കൊണ്ടോട്ടിയിലുണ്ടായിരുന്നത്. അത് നേരത്തെതന്നെ പ്രൊപ്പോസൽ തയ്യാറാക്കുകയും എസ്റ്റിമേറ്റെടുക്കുകയും ചെയ്തതാണ്. നിലവിൽ പ്രസ്തുത മാർക്കറ്റിന്റെ സ്ഥിതിയെന്താണെന്ന് അറിയില്ല. കിഫ്ബി പദ്ധതി മുഖേന നടപ്പിലാക്കുന്ന ഫിഷ് മാർക്കറ്റുകളിൽ

മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ ഫിഷ് മാർക്കറ്റിംഗ് കേന്ദ്രമായ കൊണ്ടോട്ടി ഫിഷ്മാർക്കറ്റ് ഉൾപ്പെടുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കൊണ്ടോട്ടിയുൾപ്പെടെയുള്ള സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഏകദേശം 51-ഓളം മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരികയാണ്. അതിന്റെ നടപടി ത്വരിതപ്പെടുത്താൻ വേണ്ടിയുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നതാണ്. അതോടൊപ്പംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അതിൽ പങ്കാളികളാകുന്നുണ്ട്. തീർച്ചയായും, കൊണ്ടോട്ടി ഫിഷ്മാർക്കറ്റിന്റെ കാര്യം പ്രത്യേകമായി പരിശോധിക്കാം.

ശ്രീ. കെ. പി. എ. മജീദ്: സർ, അന്യസംസ്ഥാനത്തുനിന്നമെത്തുന്ന മായംകലർന്ന മത്സ്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. ആവശ്യമായ പരിശോധന നടത്തുന്നുണ്ടെങ്കിൽപ്പോലും ഫലപ്രദമായ രീതിയിലുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കേസ്സെടുക്കുന്നതിനോ അല്ലെങ്കിൽ ഇങ്ങനെ

വരുന്ന മായംകലർന്ന മത്സ്യം തിരിച്ചയക്കുന്നതിനോ നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സമീപകാലത്തായി ആരോഗ്യവകുപ്പ് വളരെ സജീവമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. അതുകൊണ്ട് ഇതര സംസ്ഥാനങ്ങളിൽനിന്ന് മത്സ്യങ്ങൾ വരുമ്പോൾതന്നെ അവയെല്ലാം ടെസ്റ്റ് ചെയ്യുന്നതിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ മത്സ്യം ഇറക്കിക്കഴിഞ്ഞാൽ അതും പരിശോധിച്ചശേഷം ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തുന്നപക്ഷം ആയത് നശിപ്പിച്ചുകളയുന്നതോടൊപ്പം ഇത്തരം മത്സ്യം കൊണ്ടുവരുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് ഫണ്ടുപയോഗിച്ച് രണ്ടരക്കോടി രൂപ ചെലവിൽ നിർമ്മിച്ച കാസർഗോഡ് നഗരസഭയിലെ മത്സ്യമാർക്കറ്റ് 2015-ലാണ് നാടിന് സമർപ്പിച്ചത്. അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇവിടെയുണ്ട്. അദ്ദേഹമാണ് പ്രസ്തുത മത്സ്യമാർക്കറ്റിന്റെ

ഉദ്ഘാടനം നിർവ്വഹിച്ചത്. ഇപ്പോൾ നിലനിൽക്കുന്ന പരിമിതികളും അസൗകര്യങ്ങളും കാരണം മത്സ്യത്തൊഴിലാളികൾക്കും നാട്ടുകാർക്കും ഗുണകരമല്ലാത്ത രീതിയിലേയ്ക്ക് ഈ മാർക്കറ്റ് മാറിയിരിക്കുകയാണ്. നിലവിൽ NFDB (National Fisheries Development Board)-യുടെ ഫണ്ടും ലഭിക്കുന്നില്ല. പ്രസ്തുത മാർക്കറ്റ് നവീകരിക്കുന്നതിന് സർക്കാർ ഫണ്ട് അനുവദിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇക്കാര്യം വിശദമായി പരിശോധിച്ച് മറുപടി പറയേണ്ടതാണ്. കാരണം, കൂടുതൽ ഫണ്ടാവശ്യമുള്ള വലിയൊരു മാർക്കറ്റാണ് കാസർഗോഡുള്ളത്. അതുകൊണ്ടുതന്നെ അക്കാര്യം കൃത്യമായി പരിശോധിച്ചശേഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മത്സ്യമാർക്കറ്റ് വിപുലീകരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കർഷകർക്കെന്നപോലെ മത്സ്യത്തൊഴിലാളികൾക്കും അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് അർഹമായ വില ലഭിക്കാത്ത സാഹചര്യമുണ്ടാകാറുണ്ട്. അതുപോലത്തന്നെ അധികമായി മത്സ്യം ലഭിക്കുന്ന സന്ദർഭത്തിൽ

ആവശ്യക്കാരില്ലാത്തതുകൊണ്ട് ഭൂരിഭാഗവും നശിച്ചുപോകുന്ന സാഹചര്യവുമുണ്ടാകുന്നുണ്ട്. ഇതിനെല്ലാം അറുതിവരുത്താൻ പുതിയ ഫിഷ് മാർക്കറ്റുകളാരംഭിക്കുന്ന ഈ സന്ദർഭത്തിൽ അതുമായി ബന്ധിപ്പിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികളിൽനിന്ന് അവർ പിടിക്കുന്ന മുഴുവൻ മത്സ്യവും സംഭരിക്കാനും മിനിമം സപ്പോർട്ട് പ്രൈസ് ലഭ്യമാക്കുന്ന സാഹചര്യവും സൃഷ്ടിക്കാനും കഴിയുമോ?

**ശ്രീ. കെ. രാധാകൃഷ്ണൻ:** സർ, മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായമായ വില ലഭിക്കാനുള്ള സംവിധാനമുണ്ടാക്കുന്നതാണ്. അതായത്, മത്സ്യമാർക്കറ്റുകൾ വിപുലീകരിക്കുന്നതോടുകൂടി സമുദ്രതീരത്ത് (മത്സ്യം പിടിച്ചുകൊണ്ട് വരുന്ന സ്ഥലത്തുനിന്നും) നിന്നുതന്നെ മത്സ്യം വാങ്ങുന്നതിനും അവർക്ക് ന്യായമായ വിലകൊടുക്കുന്നതിനും വേണ്ടിയുള്ള നടപടിയും സ്വീകരിക്കുന്നതാണ്. തീർച്ചയായും മിനിമം സപ്പോർട്ട് പ്രൈസ് മത്സ്യമേഖലയിൽ നടപ്പിലാക്കാൻ കഴിയുമോയെന്ന കാര്യം വിശദമായി പരിശോധിച്ച് മറുപടി പറയേണ്ട കാര്യമാണ്. കാർഷികോല്പന്നങ്ങളെപ്പോലെ മത്സ്യത്തിനും സപ്പോർട്ട്

പ്രൈസ് കൊടുക്കുകയെന്നത് പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുമോയെന്നകാര്യം പരിശോധിക്കുന്നതാണ്. ഏതായാലും മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിക്കുന്ന മത്സ്യത്തിന് ന്യായമായ വില ലഭ്യമാക്കാനും ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാനും കഴിയാവുന്ന എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കും. ഇടനിലക്കാർ വലിയ രീതിയിലുള്ള ചൂഷണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇടനിലക്കാർ ആരൊക്കെയാണെന്ന് ബഹുമാനപ്പെട്ട അംഗത്തിന് തന്നെ അറിയാവുന്നതാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം ഈ വർഷം മത്സ്യത്തൊഴിലാളികൾക്ക് കൊടുത്തുതീർക്കാനാവശ്യമായ ഗഡുക്കൾ നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; അത് ഈ വർഷം തന്നെ പൂർത്തീകരിക്കാൻ കഴിയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തൊഴിലാളിവിഹിതവും സംസ്ഥാന സർക്കാരിന്റെ വിഹിതവും കേന്ദ്രവിഹിതവും ചേർത്തുകൊണ്ടാണ് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കുന്നത്. അതിൽ സംസ്ഥാന വിഹിതവും

ഗുണഭോക്തൃ വിഹിതവും ലഭ്യമാണ്. പക്ഷേ, കേന്ദ്ര വിഹിതം കൃത്യമായി ലഭിക്കുന്നതിനുള്ള പ്രയാസം നേരിടുന്നുണ്ട്. 2021-2022-ൽ ഈയിനത്തിൽ കേന്ദ്രവിഹിതമായി തുകയൊന്നും ലഭിച്ചിട്ടില്ല. 2022-2023-ലെ കേന്ദ്ര വിഹിതമായി കഴിഞ്ഞ ആഴ്ച 6 കോടി രൂപ ലഭ്യമായിട്ടുണ്ട്. അത് ലഭിച്ചുകഴിഞ്ഞാൽ തീർച്ചയായും ടി പദ്ധതി വളരെ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കും. സംസ്ഥാന ഗവൺമെന്റ് ടി പദ്ധതിക്കാവശ്യമായ എല്ലാ സഹായവും ചെയ്തുകൊടുക്കുന്നുണ്ട്.

**എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം**

5 (*365) ശ്രീമതി ദെലീമ:
ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സാമൂഹ്യവിഭാഗങ്ങളുടെ സാംസ്കാരികത്തനിമയും സാംസ്കാരിക വൈവിധ്യവും

പ്രോത്സാഹിപ്പിക്കുന്നതിന് സാംസ്കാരികമേഖലകളിലെ പ്രവർത്തനം ശാക്തീകരിക്കാനുദ്ദേശ്യമുണ്ടോ;

(ബി) സാംസ്കാരിക വിനിമയത്തിൽ സാംസ്കാരിക കേന്ദ്രങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) ഗ്രാമ, നഗര ഭേദമെന്യേ സാംസ്കാരിക തെരുവുകളും കലാ സാംസ്കാരിക പ്രവർത്തനം സാധ്യമാകുന്ന പൊതുയിടങ്ങളും സൃഷ്ടിക്കുന്നതിന് പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ) വ്യത്യസ്തമായ ജീവിതരീതികളും വേഷവിധാനങ്ങളും ഭാഷാരീതികളും കലയും ആചാരങ്ങളും വിശ്വാസങ്ങളും വച്ചുപുലർത്തുന്ന വിഭാഗങ്ങൾ ഇടകലർന്നു ജീവിക്കുന്ന പ്രതിഭാസമാണ് സാംസ്കാരിക

വൈവിധ്യം. ഓരോ വിഭാഗത്തിന്റെയും സാംസ്കാരികത്തനിമ സംരക്ഷിച്ചുകൊണ്ടുതന്നെ സാംസ്കാരിക വൈവിധ്യം നിലനിർത്തിക്കൊണ്ടുപോരുന്നതിന് വിവിധ സാംസ്കാരിക മേഖലകളിലെ പ്രവർത്തനം ശാക്തീകരിക്കേണ്ടതും വിപുലപ്പെടുത്തേണ്ടതുമുണ്ട്. സാംസ്കാരികത്തനിമയുടെയും വൈവിധ്യത്തിന്റെയും ബഹിർസ്ഫുരണങ്ങൾ ഏറ്റവും പ്രകടവും ശക്തവുമായി കാണാൻ കഴിയുന്നത് കലയിലും സാഹിത്യത്തിലും നൃത്തനാടകാദി കലകളിലുമാണ്. ഈ മേഖലകളിലെ ശക്തമായ ഇടപെടലുകളിലൂടെയും പ്രോത്സാഹന പ്രവർത്തനങ്ങളിലൂടെയും തനിമയും വൈവിധ്യവും നിലനിർത്തുകയെന്ന ലക്ഷ്യമാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ ശാക്തീകരിക്കാൻ വേണ്ട നടപടികൾ സർക്കാർ കൈക്കൊണ്ടുവരികയാണ്.

സാംസ്കാരികകാര്യ വകുപ്പും, വകുപ്പിനുകീഴിലുള്ള വിവിധ അക്കാദമികളുടെയും സ്ഥാപനങ്ങളുടെയും, കല്പിത സർവ്വകലാശാലയായ കേരള കലാമണ്ഡലത്തിന്റെയും പരസ്പര പൂരകമായ പ്രവർത്തനങ്ങളിലൂടെയാണ് വിവിധ മേഖലകളുടെ ശാക്തീകരണം

സാധ്യമാക്കുന്നതിന് പരിശ്രമിക്കുന്നത്. ഇതിനുവേണ്ട ക്രിയാത്മകമായ ഇടപെടലുകളോടൊപ്പംതന്നെ സാമ്പത്തികമായ സഹായവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലൂടെ നടത്തുന്ന ഇടപെടലുകൾക്കുപുറമെ വ്യത്യസ്ത കലകളുടെയും സംസ്കാരങ്ങളുടെയും സംരക്ഷണത്തിനായി രൂപം കൊണ്ടിട്ടുള്ള സ്ഥാപനങ്ങൾക്കും സർക്കാർ പലതരത്തിലുള്ള സഹായങ്ങൾ നൽകിവരുന്നുണ്ട്. സാംസ്കാരിക മേഖലയിൽ വിലപ്പെട്ട സംഭാവനകൾ നൽകിയ വ്യക്തികളുടെയും, ചരിത്രത്തിൽ നാഴികക്കല്ലായി മാറിയ സാംസ്കാരിക മുന്നേറ്റങ്ങളുടെയും സ്മരണകൾ നിലനിർത്തുന്നതിന് സ്മാരകങ്ങൾ നിർമ്മിക്കുന്നുണ്ട്.

സാഹിത്യത്തിന്റെ ജൈവികതയെന്ന് പറയുന്നത് വൈവിധ്യങ്ങളുടെ ആവിഷ്കാരം കൂടിയാണ്. അതിനനുയോജ്യമായ സാഹിത്യപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

വിവിധ സാമൂഹ്യവിഭാഗങ്ങളുടെ സാംസ്കാരികത്തനിമയും സാംസ്കാരിക വൈവിധ്യവും പ്രോത്സാഹിപ്പിക്കുന്നതിന് നൃത്തോത്സവങ്ങളും,

നാടകോത്സവങ്ങളും, സംഗീതോത്സവങ്ങളും വ്യാപകമായി സംഘടിപ്പിച്ചുവരുന്നുണ്ട്. വ്യത്യസ്ത ജനവിഭാഗങ്ങളുടെ സംസ്കാരവും ജീവിതവും തുടിക്കുന്ന കലാപരിപാടികളിലൂടെ മതനിരപേക്ഷതയും ബഹുസ്വരതയും മാനവികതയും വളർത്തിയെടുക്കുകയെന്നതാണ് ലക്ഷ്യം. ലളിതകലകളെ പ്രോത്സാഹിപ്പിക്കുന്നതിന് നിരവധിയായ കലാ ക്യാമ്പുകൾ, കലാപ്രദർശനങ്ങൾ, കലാകൂട്ടായ്മകൾ എന്നിവ നിരന്തരം സംഘടിപ്പിച്ചുവരുന്നു. നാടൻകലാമേഖലയുടെ പ്രോത്സാഹനത്തിനായി ഗ്രാമീണതലങ്ങളിൽ പ്രവർത്തിക്കുന്ന ഫോക്‌ലോർ ക്ലബുകളുമായി ചേർന്ന് വിവിധ നാടൻ കലാപരിപാടികൾ സംഘടിപ്പിച്ചുവരുന്നു. വിവിധ ജില്ലകളിൽ ഗ്രാമസന്ധ്യകളും കലാകാരന്മാരെ ആദരിക്കുന്ന ചടങ്ങും സംഘടിപ്പിക്കുന്നുണ്ട്.

സാംസ്കാരിക വിനിമയത്തിന്റെ ഭാഗമായി ബഹുഭാഷ സർഗ്ഗോത്സവം, ലിപിയില്ലാത്ത ജനസമൂഹങ്ങളുടെ ഒത്തുചേരൽ, കേരളത്തിലെ ഗോത്ര സമൂഹം, ട്രാൻസ്ജെൻഡേഴ്സ്, ഭിന്നശേഷിക്കാരായ കുട്ടികൾ, മറ്റ് ജനവാസകേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ചുള്ള സാംസ്കാരികോത്സവങ്ങൾ

എന്നിവയും ആസൂത്രണം ചെയ്തുനടപ്പാക്കുന്നുണ്ട്. വിവിധ കലാരൂപങ്ങളിൽ ശാസ്ത്രീയമായ പരിശീലനം നൽകുന്നതോടൊപ്പം വ്യത്യസ്ത ഭാഷാ സംസ്കാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള അക്കാദമികളും വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നു. ഇത്തരത്തിൽ വിവിധ സാമൂഹ്യവിഭാഗങ്ങളുടെ സാംസ്കാരികത്തനിമയും സാംസ്കാരിക വൈവിധ്യവും സംരക്ഷിക്കുന്നതിനും ശാക്തീകരിക്കുന്നതിനും സർക്കാർ നടത്തിവരുന്ന പ്രവർത്തനം കൂടുതൽ സജീവമാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

(ബി) കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി 2016-17 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലാകേന്ദ്രങ്ങളിലും നവോത്ഥാന നായകരുടെ നാമധേയത്തിൽ ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. നാടിന്റെ കലാസംസ്കാരിക രംഗം ചലനാത്മകമാക്കാനുതകുന്ന ഈ പദ്ധതി രാജ്യത്ത് ഇദംപ്രഥമമാണെന്നു കരുതുന്നു. നൃത്ത-സംഗീത-നാടകങ്ങൾ, നാടോടി

അനുഷ്ഠാന കലാരൂപങ്ങൾ, ചിത്രശില്പ രചനകൾ എന്നുവേണ്ട എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്കും ഒരു സജീവ പ്രയോഗ കേന്ദ്രമായി ഈ സമുച്ചയങ്ങൾ മാറുന്നതാണ്. മാനുഷികത, സാഹോദര്യം, ജനാധിപത്യം തുടങ്ങിയ മൂല്യങ്ങളിലധിഷ്ഠിതമായതും കേരളത്തിന്റെ തനത് സാംസ്കാരിക മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതുമായ ഈ സാംസ്കാരിക സമുച്ചയങ്ങൾ 14 നവോത്ഥാന നായകരുടെ നാമധേയത്തിലായിരിക്കും അറിയപ്പെടുക. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(സി) ഗ്രാമ, നഗര ഭേദമെന്യേ സാംസ്കാരിക തെരുവുകളും കലാസാംസ്കാരിക പ്രവർത്തനം സാധ്യമാകുന്ന പൊതുയിടങ്ങളും സൃഷ്ടിക്കുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയാണ് 'നാട്ടരങ്ങ്. ഗ്രാമീണ മേഖലകളിലും ചെറുപട്ടണങ്ങളിലും കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തയിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി 'നാട്ടരങ്ങ്' എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുകയെന്നതാണ് പദ്ധതി. പാലക്കാട് വടക്കഞ്ചേരിയിൽ നാട്ടരങ്ങ്

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സ്ഥാപിച്ചുകഴിഞ്ഞു. ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ, മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന്, തൃശ്ശൂർ ജില്ലയിൽ അന്നമനട എന്നിവിടങ്ങളിൽ നാട്ടരങ്ങിന്റെ നിർമ്മാണം പുരോഗമിച്ചുവരികയുമാണ്.

ശ്രീമതി ദെലീമ: സർ, നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സാംസ്കാരിക വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. സാംസ്കാരിക മുന്നേറ്റമുണ്ടാക്കിയെടുക്കുന്നതിനുവേണ്ടിയുള്ള ഒട്ടേറെ പദ്ധതികളാണ് ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. ഈ പ്രത്യേക കാലഘട്ടത്തിൽ സാംസ്കാരിക മുന്നേറ്റംകൂടി അനിവാര്യമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ആ രംഗത്ത് നല്ലരീതിയിലുള്ള ഇടപെടൽ നടത്താനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീമതി ദെലീമ: സർ, സാംസ്കാരിക വകുപ്പുമുഖേന നടപ്പിലാക്കുന്ന 'സമം' പദ്ധതിയിലൂടെ എന്തെല്ലാം പദ്ധതികൾ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുവെന്ന് വിശദമാക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ 'സമം' കേരള ശ്രദ്ധയാകർഷിച്ചൊരു പരിപാടിയാണ്. ഏതെങ്കിലും പ്രത്യേക പരിപാടി മാത്രമല്ല, വ്യത്യസ്തങ്ങളായ പരിപാടികളാണ് സാംസ്കാരിക രംഗത്തും അതുപോലെ സ്ത്രീ സൗഹൃദമാക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകളും നടത്തിക്കൊണ്ടിരിക്കുന്നത്. നല്ലരീതിയിൽ ജനശ്രദ്ധയാകർഷിച്ചൊരു പദ്ധതിയാണത്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, കുട്ടികളെ അപകടകരമായി ബാധിക്കുന്ന ഒരുപാട് ഗെയിമുകൾ ഇന്റർനെറ്റിലൂടെ പ്രചരിപ്പിച്ചുവരികയാണ്. കുട്ടികൾ അതിന് അടിമകളാകുകയും ചെയ്യുന്നു. കുട്ടികളുടെ ഭാവികൂടി ലക്ഷ്യമാക്കി അവരെ ഇതിൽനിന്നും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ സാംസ്കാരിക വകുപ്പ് മുൻകൈയെടുത്ത് പ്രാവർത്തികമാക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. കുട്ടികളെല്ലാം തെറ്റായ രീതിയിൽ പല ഗെയിമുകളിൽപ്പെട്ട് അവരുടെ ജീവൻ തന്നെ നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടാകുന്നുണ്ട്. അക്കാര്യത്തിൽ സാംസ്കാരിക വകുപ്പ് മാത്രമല്ല,

ആഭ്യന്തര വകുപ്പുകൂടി ഇടപെട്ടുകൊണ്ട് അതിനെതിരെ സമഗ്രമായൊരു നിയമം കൊണ്ടുവരണം. അങ്ങനെയൊരു നിയമനിർമ്മാണം നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ സപ്പോർട്ടുകൂടി ആവശ്യമാണ്. അല്ലാതെ കേരളത്തിൽ മാത്രം ഇത്തരമൊരു സമഗ്ര നിയമം കൊണ്ടുവന്നതുകൊണ്ട് അത് നിലനിൽക്കുന്നതല്ല. ഇതിനെതിരെ സമഗ്രമായൊരു നിയമം കൊണ്ടുവരേണ്ടതുതന്നെയാണ്.

മി. സ്പീക്കർ: ...ഓർഡർ... ...ഓർഡർ... ചോദ്യോത്തരസമയം കഴിഞ്ഞു.

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.
ചോദ്യോത്തര സമയം കഴിഞ്ഞു.)

**10.00 AM]**

**II അനുമോദനം**

ഓസ്കാർ അവാർഡ് ജേതാക്കൾക്ക് അനുമോദനം

മി. സ്പീക്കർ: ഓർഡർ... ഓർഡർ...

ഈ വർഷത്തെ ഓസ്കാർ അവാർഡുകളുടെ പ്രഖ്യാപനത്തിൽ മികച്ച ഡോക്യുമെന്ററി ഫിലിം വിഭാഗത്തിൽ ശ്രീ. കാർത്തികി ഗോൺസൽവസും ശ്രീ. ഗുനീത് മോംഗയും ചേർന്നൊരുക്കിയ 'ദി എലിഫന്റ് വിസ്പറേഴ്സ്' എന്ന

ഷോർട്ട് ഫിലിം പുരസ്കാരം നേടിയിരിക്കുകയാണ്. ഇതോടൊപ്പം പ്രേക്ഷക ശ്രദ്ധ പിടിച്ചുപറ്റിയ 'ആർ ആർ ആർ' എന്ന ചിത്രത്തിൽ പ്രമുഖ സംഗീത സംവിധായകൻ ശ്രീ. എം. എം. കീരവാണി ഒരുക്കിയ, 'നാട്ടു നാട്ടു' എന്ന ഗാനത്തിനാണ് ഒറിജിനൽ സോങ് വിഭാഗത്തിൽ ഓസ്കാർ ലഭിച്ചിരിക്കുന്നത്.

ലോകത്തിന്റെ നെറുകയിൽ നമ്മുടെ രാജ്യത്തിന്റെ യശസ്സുയർത്തിയ പ്രതിഭകളെ കേരള നിയമസഭ മുക്തകണ്ഠം അഭിനന്ദിക്കുന്നു. ആദരവ് രേഖപ്പെടുത്തുന്നു. ഈ അപൂർവ്വ നേട്ടത്തിൽ എല്ലാ ഇന്ത്യക്കാർക്കുമുള്ള സന്തോഷത്തിൽ കേരള നിയമസഭയും പങ്കുചേരുന്നു.

**III അടിയന്തരപ്രമേയം**

<u>ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിലെ തീപിടുത്തം</u>

<u>മി. സ്പീക്കർ</u>: ഓർഡർ.. ഓർഡർ.. കൊച്ചി ബ്രഹ്മപുരത്തെ മാലിന്യസംസ്കരണ പ്ലാന്റിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾക്കടക്കം ഉണ്ടായ തീപ്പിടുത്തത്തിൽ മാരകമായ വിഷവാതകം അന്തരീക്ഷത്തിൽ പടർന്നതുമൂലം ജനങ്ങളിൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം

സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ടി. ജെ. വിനോദ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബ്രഹ്മപുരം മാലിന്യപ്ലാന്റിൽ അഗ്നിബാധ റിപ്പോർട്ട് ചെയ്തതുമുതൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ അവിടെ നടപ്പാക്കിയത്. പ്രതികൂല സാഹചര്യങ്ങളെയെല്ലാം മറികടന്ന് ഇന്നലെ വൈകുന്നേരത്തോടെ തീ ഏതാണ്ട് പൂർണ്ണമായും അണച്ചുകഴിഞ്ഞതായാണ് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്നലെ വൈകുന്നേരം ബ്രഹ്മപുരം മാലിന്യപ്ലാന്റിൽ ഡ്രോൺ സർവ്വെ സമഗ്രമായി നടത്തിയിരുന്നു. വരും മണിക്കൂറുകളിൽ പുകയോ അതിലൂടെ ചെറിയ തീയുണ്ടാകാനോ ഇടയാകുന്ന സാധ്യതയും കണക്കിലെടുത്ത് ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ അഗ്നിശമന സേന അവിടെ ഒരുക്കുന്നുണ്ട്. Fine particulate matter (PM 2.5) 185 ആയിരുന്നു ഇന്നലെ രേഖപ്പെടുത്തിയിരുന്നത്. ഇന്നത് 139 -ലേയ്ക്കെത്തിയിട്ടുണ്ട്. അതായത്

എയർ ക്വാളിറ്റി ഗണ്യമായ നിലയിൽ മെച്ചപ്പെട്ടിട്ടുണ്ടെന്നാണ് സൂചിപ്പിക്കുന്നത്. എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തപ്രകാരമുള്ള കണക്കാണിവിടെ വ്യക്തമാക്കിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയുടെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷും ഞാനുംകൂടി പലതവണ ബ്രഹ്മപുരത്തെത്തുകയും പ്രവർത്തനങ്ങൾ നേരിട്ട് ഏകോപിപ്പിക്കുകയും മറ്റുകാര്യങ്ങൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. 03-03-2023-ന് രാവിലെ 5.30-ന് നെട്ടൂർ ആരോഗ്യകേന്ദ്രത്തിലെ ആരോഗ്യപ്രവർത്തകരാണ് ആരോഗ്യപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഫീൽഡിൽ ആദ്യമെത്തുന്നത്. വടവുകോട് സാമൂഹികാരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറും തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസറും സ്ഥലത്തെത്തുകയും വടവുകോട് സാമൂഹികാരോഗ്യകേന്ദ്രത്തിൽ റാപിഡ് റെസ്പോൺസ് ടീം യോഗം ചേരുകയും ചെയ്തു. ഫീൽഡുതല സർവയലൻസ് അന്നുതന്നെ ആരംഭിക്കുകയും ചെയ്തു. ആദ്യഘട്ടത്തിൽ ഫീൽഡിൽ നിന്നുണ്ടായ റിപ്പോർട്ടുകൾ, അഗ്നിശമന

സേനാംഗങ്ങൾക്കുണ്ടാകുന്ന ചെറിയ തീപ്പൊള്ളലുകളാണ്. പല വസ്തുക്കളും തെറിച്ചുവീണ് അവർക്കുണ്ടാകുന്ന മുറിവുകൾക്ക് അടിയന്തരമായി ചികിത്സ ഒരുക്കുന്നതിന് ഫസ്റ്റ് എയ്ഡ് സംവിധാനങ്ങൾ, ഓക്സിജൻ സംവിധാനം, ആംബുലൻസുകൾ എന്നിവ ആദ്യമേ സജ്ജമാക്കിയിരുന്നു. പ്രിൻസിപ്പൽ സെക്രട്ടറി, ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ്, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ തുടങ്ങിയ ഉദ്യോഗസ്ഥരുമായി 4-ാംതീയതി ആശയ വിനിമയം നടത്തുകയും തീപിടുത്തവും പുകയുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രാഥമിക രൂപരേഖ തയ്യാറാക്കുകയും ചെയ്തു. കൊച്ചി നഗരസഭാ മേയറുമായും അന്നേദിവസം തന്നെ ആശയ വിനിമയം നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 4-ാം തീയതി ഞാൻ കൊച്ചിയിലെത്തി. 5-ാം തീയതി രാവിലെ കളക്ടേറ്റിൽ ജില്ലയിലെ ഉന്നതതല ഉദ്യോഗസ്ഥരുമായി യോഗം നടത്തി. തദവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. രാജീവും ഞാനും നേരിട്ടും ഓൺലൈൻ മുഖാന്തരം ശ്രീ. എം. ബി. രാജേഷും പങ്കെടുക്കുകയുണ്ടായി. ആരോഗ്യവകുപ്പിലെ സംസ്ഥാനതല ഉദ്യോഗസ്ഥരും പ്രസ്തുത യോഗത്തിൽ

പങ്കെടുത്തു. 8-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ മന്ത്രിമാരുടേയും വകുപ്പുമേധാവികളുടേയും യോഗം ചേർന്നു. 10-ാം തീയതി മന്ത്രിമാരായ ശ്രീ. പി. രാജീവ്, ശ്രീ. എം. ബി. രാജേഷ് എന്നിവർ കൊച്ചിയിലെത്തുകയും യോഗം നടത്തുകയും ചെയ്തു. റസിഡൻസ് അസോസിയേഷനുകളുമായും മറ്റുപല സംഘടനകളുമായും യോഗം ചേർന്നു. 11-ാം തീയതി ഞാൻ വീണ്ടും കൊച്ചിയിലെത്തി. ഉച്ചകഴിഞ്ഞ് Indian Medical Association (IMA), Indian Academy of Pediatrics (IAP), പ്രൈവറ്റ് ഹോസ്പിറ്റലുകൾ തുടങ്ങിയവരുമായി ചർച്ച നടത്തി. ആരോഗ്യ വകുപ്പിലെ വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തി ഇനിയുള്ള കാര്യങ്ങൾ എന്തൊക്കെയാണ് ചെയ്യേണ്ടതെന്ന് ആലോചിക്കുകയും അതിന്റെ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തു. 4-ാം തീയതി മുതൽ ബ്രഹ്മപുരത്ത് രണ്ട് ഓക്സിജൻ പാർലറുകൾ സജ്ജമാക്കിയിരുന്നു. 5-ാം തീയതി തന്നെ ആരോഗ്യവകുപ്പ്, ഡി.എം.ഒ. ഓഫീസിലും കളമശ്ശേരി മെഡിക്കൽ കോളേജിലുമായി രണ്ട് കംട്രോൾ റൂമുകൾ തുറന്നു. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ തീപ്പിടുത്തത്തിന്റെ പശ്ചാത്തലത്തിൽ 5-ാം തീയതി മുതൽ പ്രത്യേക

ക്രമീകരണങ്ങൾ ഒരുക്കി. വടവുകോട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കി. അടിയന്തര ആവശ്യമുണ്ടായാൽ അവിടെയുള്ള 30 ബെഡ്ഡുകളിൽ കിടത്തി ചികിത്സയ്ക്കാവശ്യമായ എല്ലാ ക്രമീകരണങ്ങളും സജ്ജമാക്കുകയും വടവുകോട് സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്നുള്ള പൾമണോളജിസ്റ്റുകളുടെ സേവനം ലഭ്യമാക്കുകയും ചെയ്തു. ഇതുകൂടാതെ തൃപ്പൂണിത്തുറ താലൂക്കാശുപത്രിയിൽ 20 ബെഡ്ഡുകൾ, എറണാകുളം ജനറൽ ആശുപത്രിയിൽ 100 ബെഡ്ഡുകൾ, കളമശ്ശേരി മെഡിക്കൽ കോളേജിൽ പീഡിയാട്രിക് ഹൈ ഡിപ്പന്റൻസി യൂണിറ്റ്, കാഷ്വാലിറ്റിയിൽ സ്മോക്ക് കാഷ്വാലിറ്റി തുടങ്ങിയവ ക്രമീകരിച്ചു. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ടി. ജെ. വിനോദ്, സ്ഥലം എം.എൽ.എ. ശ്രീ. പി. വി. ശ്രീനിജിൻ ഉൾപ്പെടെയുള്ളവർ 5-ാം തീയതിയിലെ യോഗത്തിൽ പങ്കെടുത്തിരുന്നു. അതുവരെയുള്ള നടപടികൾ ആരോഗ്യ വകുപ്പ് അവലോകനം നടത്തുകയും തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമെന്ന് തീരുമാനിക്കുകയും ചെയ്തു. പ്രതിരോധമെന്ന നിലയിൽ, പൊതുജനാരോഗ്യം മുൻനിർത്തി ഗർഭിണികൾ, കുഞ്ഞുങ്ങൾ, പ്രായമുള്ളവർ,

രോഗികൾ ഉൾപ്പെടെ എല്ലാവരും പുറത്തിറങ്ങുമ്പോൾ മാസ്ക് ധരിക്കണമെന്ന് ആ അവസരത്തിൽ ഓർമ്മിപ്പിക്കുകയും അത്തരത്തിലൊരു അഭ്യർത്ഥന പൊതുസമൂഹത്തിൽ സൂചിപ്പിക്കുകയുമുണ്ടായി. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റേയും പ്രൈവറ്റ് ആശുപത്രികളുടേയും ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സിന്റേയും പ്രതിനിധികളുമായി സംസാരിക്കുകയും അവരുടെ സഹകരണവും പിന്തുണയും തേടുകയും അവർ പൂർണ്ണമായി അത് ഉറപ്പുനല്കുകയും ചെയ്തിട്ടുണ്ട്. അവർ ഈ പ്രവർത്തനങ്ങളിലൊക്കെ പങ്കാളികളാണ്. ആരോഗ്യവകുപ്പ് കഴിഞ്ഞ പത്ത് ദിവസങ്ങളിലായി ഒൻപത് മെഡിക്കൽ ക്യാമ്പുകളാണ് അവിടെ നടത്തിയത്. അതിലൊരണ്ണം അമൃത ഹോസ്പിറ്റലിന്റേതാണ്. ഇന്ന് ഒരു മെഗാ മെഡിക്കൽ ക്യാമ്പ് ഈ സ്ഥലത്ത് നടത്തുന്നുണ്ട്. ഇതുകൂടാതെ വരും ദിവസങ്ങളിൽ ആരോഗ്യവകുപ്പ് നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. എറണാകുളം ഡി.എം.ഒ. ലഭ്യമാക്കിയ കണക്കുപ്രകാരം 851 ആളുകളാണ് ഇന്നലെ വൈകുന്നേരം വരെ ആശുപത്രികളിൽ എത്തിച്ചേർന്നത്. 769-പേർ വിവിധ സർക്കാർ ആശുപത്രികളിലും 82 പേർ സ്വകാര്യ ആശുപത്രികളിലുമാണ് ചികിത്സ തേടിയതെന്നാണ് റിപ്പോർട്ട്.

ആശുപത്രികളിലേയ്ക്ക് ചികിത്സയ്ക്ക് വരാത്തവർ ഉണ്ടാകാം. അലർജി സംബന്ധമായ എന്തെങ്കിലും ലക്ഷണങ്ങളുണ്ടെങ്കിൽ ആശുപത്രിയിലേയ്ക്ക് ചികിത്സ തേടി വരാത്ത ആൾക്കാരുണ്ടാകാം. കൂടുതലായി പുകയുണ്ടായെന്ന് കാണപ്പെട്ട വൈറ്റില - ചമ്പക്കര മേഖലകളിൽനിന്ന് ആശുപത്രികളിലും ആരോഗ്യകേന്ദ്രങ്ങളിലും എത്തുന്നവരുടെ എണ്ണം പരിശോധിച്ചപ്പോൾ വളരെ കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടു. ആളുകൾ മെഡിക്കൽ സ്റ്റോറുകളിൽ പോയി മരുന്ന് വാങ്ങിക്കുന്നെന്ന വിവരമാണ് ലഭിച്ചത്. ഇതിന്റെകൂടി അടിസ്ഥാനത്തിൽ, ഭാവിയിൽ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നതുസംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിന്റെ ഭാഗമായി ആരോഗ്യവകുപ്പ് ഒരു ഫീൽഡുതല സർവ്വെ നടത്താൻ തീരുമാനിച്ചു. നാളെ മുതൽ സർവ്വെ ആരംഭിക്കുന്നു. ഇന്ന് എറണാകുളത്ത് 200 ആശാ പ്രവർത്തകർക്ക് സർവ്വെ സംബന്ധമായ ട്രെയിനിംഗ് നടക്കുകയാണ്. ഡിജിറ്റൽ സർവ്വെയാണ് നടക്കുന്നത്. സർവ്വേയിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ അന്നന്നുതന്നെ ക്രോഡീകരിച്ചാൽ ഫീൽഡിലെ കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

ഇതുകൂടാതെ, കിടപ്പുരോഗികളുടെ കാര്യം നോക്കിയാൽ, ഞാൻ നേരത്തേ സൂചിപ്പിച്ച 851 പേരിൽ ഗർഭിണികളാരും തന്നെ അസ്വസ്ഥതകളുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ ക്യാപ്ചർ ചെയ്യപ്പെടാതെ പോകുന്ന ഡാറ്റയുണ്ടാകാം. അങ്ങനെയൊരാളെപ്പോലും വിട്ടുപോകരുതെന്നുള്ള കൃത്യമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യ സർവ്വേ നടത്തുന്നത്. ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി മറ്റൊരു കാര്യം കൂടെ കൊച്ചിയിൽ നടപ്പിലാക്കുന്നുണ്ട്. ആരോഗ്യവകുപ്പിന്റെ അഞ്ച് മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളുടെയും ആസ്റ്റർ മെഡിസിറ്റി ഉൾപ്പെടെയുള്ള സ്വകാര്യ ആശുപത്രികളുടെ മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളുടെയും സേവനം കൊച്ചിയുടെ വിവിധ പ്രദേശങ്ങളിലായി ഇന്നുമുതൽ ലഭ്യമാകുകയാണ്. ഈ മൊബൈൽ മെഡിക്കൽ ക്ലിനിക്കിൽ നെബുലൈസേഷൻ, പൾമണറി ഫംഗ്ഷൻ ടെസ്റ്റ് ചെയ്യുന്നതിനും ഇ.സി.ജി. എടുക്കുന്നതിനുമുള്ള സൗകര്യം, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം എന്നിവയും ലഭ്യമാകും. ഒരു പോർട്ടബിൾ എക്സ് റേ യൂണിറ്റ് ഇതിന്റെ ഭാഗമായിട്ടുണ്ടാകും. ഏതെങ്കിലും ഒരു ആശുപത്രിയുമായോ

ആരോഗ്യകേന്ദ്രവുമായോ ബന്ധിപ്പിച്ചുകൊണ്ട് ആ പ്രദേശത്തെ ആളുകൾക്ക് ആവശ്യമെങ്കിൽ ഇൻഫക്ഷൻ കണ്ടുപിടിക്കുന്നതിനുവേണ്ടി എക്സ് റേ എടുക്കാനുള്ള സൗകര്യവും ഇതിന്റെ ഭാഗമായിട്ടുണ്ടാകും. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഈ രീതിയിൽ വിന്യസിക്കുന്നതുവഴി മറ്റൊരു നേട്ടം കൂടിയുണ്ട്. കിടപ്പുരോഗികളായിട്ടുള്ള ആളുകൾ ആശുപത്രിയിലേയ്ക്കോ ആരോഗ്യകേന്ദ്രങ്ങളിലേയ്ക്കോ എത്തുന്നില്ല. അവരെക്കൂടെ സ്ക്രീൻ ചെയ്യുന്നതിനുള്ള ഒരു പ്രത്യേക ക്രമീകരണമായിട്ടാണ് മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ ആവിഷ്കരിച്ചിട്ടുള്ളത്. മാലിന്യപ്പുകയുമായി ബന്ധപ്പെട്ട് പൊതുസമൂഹത്തിലുള്ള ആശങ്കകളെ അകറ്റുന്നതിനുവേണ്ടി സ്മോക്ക് എക്സ്പോഷർ ഉണ്ടായവർക്ക് ഏതെങ്കിലും തരത്തിലുള്ള അസ്വസ്ഥതകൾ ഉണ്ടാകുന്നുണ്ടോ എന്നുള്ളത് പരിശോധിക്കുന്നതിനും രേഖപ്പെടുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും വേണ്ടിയാണ് ഈ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുള്ളത്. അതുകൂടാതെ ആരോഗ്യവകുപ്പിന് ഈ മേഖലയിൽ എത്ര ഗർഭിണികൾ ഉണ്ടെന്നറിയാൻ കഴിയും. ആ രീതിയിൽ ഗർഭിണികളുടെ ഒരു ആന്റി നേറ്റൽ സ്ക്രീനിംഗ് കൂടി ഇതിന്റെ

ഭാഗമായി നടത്തുന്നുണ്ട്. ജനങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട് നിലവിൽ ഒരുക്കേണ്ട ക്രമീകരണങ്ങൾ ഒരുക്കുകയും ഇപ്പോൾ സ്വീകരിക്കേണ്ട പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും പൊതുജനാരോഗ്യാവസ്ഥ സൂക്ഷ്മമായി അവലോകനം ചെയ്യുകയും വിദഗ്ദരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്യുക എന്നതാണ് ആരോഗ്യവകുപ്പ് ചെയ്യുന്നത്. ജനങ്ങൾക്കൊപ്പം നിന്നുകൊണ്ട് അവരുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ആരോഗ്യവകുപ്പ് ആവിഷ്കരിക്കുന്നത്. അതുകൊണ്ട് ഇതു സംബന്ധിച്ച് വലിയ രീതിയിലുള്ള ആശങ്കകളുണ്ടാകേണ്ട ഒരു സാഹചര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി ഇപ്പോൾ സംസാരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇപ്പോൾ സംസാരിക്കുന്നില്ല.

ശ്രീ. ടി. ജെ. വിനോദ്: സർ, കഴിഞ്ഞ 12 ദിവസക്കാലമായി ഒരു പ്രദേശത്തെ ലക്ഷക്കണക്കിന് ജനങ്ങളുടെ ദീനരോദനമാണ് ഞാനീ അടിയന്തരപ്രമേയത്തിലൂടെ നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഇന്ന് സാംസ്കാരിക ലോകത്ത് നമ്മളാദരിക്കുന്ന ശ്രീ. സാനു മാസ്റ്റർ, പത്മശ്രീ മമ്മൂട്ടി, ശ്രീ. ടി. പത്മനാഭനടക്കമുള്ള എഴുത്തുകാരുടെയെല്ലാം 'ശ്വാസം മുട്ടുന്ന നഗരത്തിൽ ജീവിക്കാൻ സാധ്യമാകുന്നില്ല' എന്നുള്ള അഭിപ്രായമാണ് പത്രമാധ്യമങ്ങളിലൂടെ നമുക്ക് കാണാൻ സാധിക്കുന്നത്. ഇതിന്റെ കാരണക്കാർ ആര് എന്നതിനെ സംബന്ധിച്ച് അന്വേഷിച്ച് കുറ്റക്കാരായവരെ കണ്ടെത്തി അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് ആദ്യമായി സൂചിപ്പിക്കാനുള്ളത്. മാർച്ച് രണ്ടാം തീയതി കേരളം കണ്ട ഏറ്റവും വലിയ മാൻ മെയ്ഡ് ഡിസാസ്റ്ററാണ് ബ്രഹ്മപുരത്ത് നടന്നത്. ബ്രഹ്മപുരത്തെ ഈ ദുരന്തം കൊച്ചിയെ ഒരു ഗ്യാസ് ചേമ്പറാക്കി മാറ്റിയെന്നുള്ളതാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് കണ്ടെത്തിയ വസ്തുത. ബ്രഹ്മപുരത്തും സമീപ പ്രദേശങ്ങളിലും ജനങ്ങൾ വാതിലും ജനലുമടച്ച് വീടിനുള്ളിൽ കഴിയണമെന്നാണ് ജില്ലാ ഭരണകൂടം ജനങ്ങളോട്

നിർദ്ദേശിച്ചത്. ജനലുകളുടെയും വാതിലുകളുടെയും ചെറിയ ദ്വാരങ്ങൾ വരെ തുണികൊണ്ട് മൂടിയാണ് അമ്മമാരും കുഞ്ഞുങ്ങളും കഴിയുന്നത്. രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ കൊച്ചിയിലെ ജനങ്ങൾ വിഷപ്പുക ശ്വസിക്കുകയാണ്. ജോലിയ്ക്ക് പോകാൻ കഴിയാതെ, കുഞ്ഞുങ്ങൾക്ക് സ്കൂളിൽ പോകാൻ കഴിയാതെ, പുറത്തിറങ്ങാൻ പോലും കഴിയാത്ത വളരെ ദാരുണമായ അവസ്ഥയാണ് ഇന്ന് കൊച്ചിയിലും പ്രാന്തപ്രദേശങ്ങളിലും ഉണ്ടായിട്ടുള്ളത്. കോവിഡ് കാലത്ത് മാസ്ക് ധരിച്ച് പുറത്തിറങ്ങാൻ കഴിയുമായിരുന്നു. എന്നാൽ, വീടിനുള്ളിൽപ്പോലും ഇരിക്കാൻ കഴിയാത്ത ദുസ്സഹമായ സാഹചര്യമാണ് കഴിഞ്ഞ 12 ദിവസങ്ങളായി കൊച്ചിയിലെയും പ്രാന്തപ്രദേശങ്ങളിലെയും ജനങ്ങൾ അനുഭവിക്കുന്നത്. ഇന്ന് കൊച്ചി മാലിന്യനീക്കത്തിൽ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. ഫ്ളാറ്റുകളിലും റോഡ് വക്കുകളിലും മാലിന്യക്കൂമ്പാരമാണ്. ടൂറിസം മേഖല വലിയ പ്രതിസന്ധിയിലാണ്. കടകൾ തുടന്നുപ്രവർത്തിക്കാൻ അസൗകര്യമുണ്ടാകുന്നു. ഓഫീസുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും പൂർണ്ണമായും നിലച്ചിരിക്കുകയാണ്.

അങ്ങനെയൊരു ഭരണക്കൂടത്തിന്റെ പിടിപ്പുകേടാണ് ഇത്തരത്തിൽ ഗുരുതരമായ ഒരു അവസ്ഥയിലേയ്ക്ക് കൊച്ചിയെ കൊണ്ടെത്തിച്ചതെന്ന ആക്ഷേപമാണ് എനിക്ക് പ്രധാനമായും ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

ഇക്കഴിഞ്ഞ രണ്ടാം തീയതി ഏകദേശം നാലര മണിയോടുകൂടിയാണ് ബ്രഹ്മപുരം സംസ്കരണ പ്ലാന്റിൽ തീപിടിത്തം കണ്ടെത്തിയത്. അവിടെ തീ പൂർണ്ണമായും അണച്ചുവെന്നാണ് ഇന്ന് ഈ വിഷയം ചർച്ച ചെയ്യുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്നാൽ, ആധികാരികമായിത്തന്നെ ഞാൻ പറയുന്നു, എനിക്ക് കിട്ടിയ വിവരങ്ങളനുസരിച്ച് ഇപ്പോഴും പൂർണ്ണമായി തീയണയ്ക്കാൻ കഴിഞ്ഞിട്ടില്ല. ഇന്നും നഗരം പുകയുകയാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം, നാലാം തീയതി ഞാൻ ബ്രഹ്മപുരം സന്ദർശിക്കുകയുണ്ടായി. അവിടെക്കണ്ട കാഴ്ച ഭയാനകമാണ്. (....ബഹളം....) 110 ഏക്കറിൽ ഏകദേശം അൻപതേക്കറോളം വരുന്ന മാലിന്യക്കൂമ്പാരം നാലുഭാഗത്തുനിന്നും ഒരു തീഗോളം പോലെ കത്തിക്കൊണ്ടിരിക്കുയാണ്. ആ സമയത്ത് ഞാനവിടെ പോകുമ്പോൾ ഒൻപതോളം ഫയർ

എൻജിനുകളുണ്ടായിരുന്നു. അറുപതോളം ഫയർ ഫോഴ്സ് ഉദ്യോഗസ്ഥരുണ്ട്. (....ബഹളം....) യഥാർത്ഥത്തിൽ ബ്രഹ്മപുരത്തെ മാലിന്യ പ്ലാന്റിലുണ്ടായ ദയനീയാവസ്ഥ ഞാൻ നേരിട്ട് കണ്ടതാണ്. ബ്രഹ്മപുരത്തേയ്ക്ക് വരുന്ന വഴിയിൽ കടമ്പ്രയാറിന്റെ വശങ്ങളിലായി നാലഞ്ച് ഫയർ എൻജിനുകൾ ക്യൂ നിൽക്കുകയാണ്. എന്തിനാണ് നിൽക്കുന്നതെന്ന് ഞാൻ ചോദിച്ചപ്പോൾ, 'ഞങ്ങക്ക് കടമ്പ്രയാറിൽനിന്ന് വെള്ളം ലഭിക്കുന്നതിന് അപര്യാപ്തതയുണ്ട്' എന്നാണവർ പറഞ്ഞത്. ഞാൻ ഫയർ ഫോഴ്സ് ഉദ്യോഗസ്ഥരോട് ചോദിച്ചു, (....ബഹളം....)

<u>മി. സ്പീക്കർ</u>: അടിയന്തരപ്രമേയത്തിൽ വഴങ്ങാറില്ല.. ദയവായി ഇരിക്കണം

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ഫയർ ഫോഴ്സ് ഉദ്യോഗസ്ഥർ എന്നോട് പറഞ്ഞത് ടാങ്കിലെ വെള്ളം പത്തോ പതിനഞ്ചോ മിനിട്ട് മാത്രമേ സ്പ്രേ ചെയ്യാൻ കഴിയുകയുള്ളൂവെന്നും പിന്നെ ഒരു മണിക്കൂർ നേരം അവിടെ വെള്ളത്തിനായി ക്യൂ നിൽക്കേണ്ട സാഹചര്യമാണുള്ളതെന്നുമാണ്. അതുകൊണ്ട് ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയെയും ജില്ലയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയെയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെയും ഞാൻ ഫോണിലൂടെയും കത്തിലൂടെയും ബന്ധപ്പെടാൻ ശ്രമിക്കുകയും അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഞാൻ കത്തയച്ചിരുന്നു. ഈ വിഷയത്തിൽ അടിയന്തരമായ ഒരു ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിച്ചതിനെത്തുടർന്ന് അഞ്ചാം തീയതി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ആരോഗ്യ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും നേരിട്ടും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഓൺലൈനായും അവിടെ ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. ഞായറാഴ്ചയായിരുന്നു മീറ്റിംഗ് കൂടിയത്. 'ഇവിടെ നാളെ (തിങ്കളാഴ്ച) വൈകുന്നേരം 5 മണിയ്ക്കുള്ളിൽ തീ നിയന്ത്രണവിധേയമാകും' എന്നാണ് ഫയർ ഓഫീസർ പറഞ്ഞത്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഉദ്യോഗസ്ഥർ ബഹുമാനപ്പെട്ട മന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞത്, എയർ പൊല്യൂഷൻ അതിരൂക്ഷമാണ്, നോർമൽ കാർബണിന്റെ അളവ് 60 ആണ് എന്നാണ്.

എന്നാൽ വൈറ്റില ഭാഗങ്ങളിൽ 970 വരെ കാർബണിന്റെ അളവ് വർദ്ധിച്ചിരിക്കുന്നുവെന്നാണ്. എന്ത് നടപടിയാണ് സ്വീകരിച്ചത്; ബ്രഹ്മപുരത്ത് ദുരന്തം നേരിടുന്നതിൽ സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടു. കോർപ്പറേഷനും സർക്കാരും പ്രതിഷേധം ഭയന്ന് വിഷയങ്ങൾ ലഘൂകരിക്കാനാണ് ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് 06-03-2023-ൽ ഈ വിഷയം സബ്മിഷനായി ഉന്നയിച്ചു. അന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി എത്ര ലാഘവത്തോടെയാണ് മറുപടി നൽകിയത്. 04-03-2023-ൽ ഉന്നതതല യോഗത്തിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പരിഭ്രാന്തരാകേണ്ട ഒരവസ്ഥയും ബ്രഹ്മപുരത്തില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ ഒറ്റപ്പെട്ട ചില സ്ഥലങ്ങളിൽ തീ കത്തുന്നുണ്ടെന്നും ഇന്നോടുകൂടി പൂർണ്ണമായും അണയ്ക്കാൻ കഴിയുമെന്നും 05-03-2023-ൽ വകുപ്പുമന്ത്രി നിയമസഭയ്ക്ക് ഉറപ്പുനൽകിയതാണ്. എയർ ക്വാളിറ്റി 02-03-2023-നെക്കാൾ മെച്ചപ്പെട്ട് വരികയാണെന്നും ഗുരുതരമായ പ്രശ്നങ്ങൾ ഇതുവരെയും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും ആരോഗ്യ അടിയന്തരാവസ്ഥയുടെ സാഹചര്യം

നിലവിലില്ലെന്നുമാണ് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവതരിപ്പിച്ച സബ്മിഷന് മറുപടി നൽകിയത്. ബ്രഹ്മപുരത്തെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇടപെട്ടതിനുശേഷമാണ് സർക്കാർ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയത്. ഹൈക്കോടതി ഇടപെട്ടതിനെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉന്നതതല മീറ്റിംഗ് വിളിച്ചു. മാലിന്യത്തിന് തീ പിടിച്ച് ഒൻപത് ദിവസം കഴിഞ്ഞപ്പോൾ മാത്രമാണ് ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിന്റെ സ്ഥിതി വിലയിരുത്താൻ രണ്ട് മന്ത്രിമാർ പ്ലാന്റ് സന്ദർശിച്ചത്. നിരോധിത കീടനാശിനികൾ തളിച്ചുകൊണ്ട് എൻഡോസൾഫാൻ ദുരന്തം സൃഷ്ടിച്ചതിന് സമാനമാണ് കൊച്ചിയിലുണ്ടായ ഈ ദുരന്തമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഫയർഫോർഴ്സ് ജീവനക്കാരുടെ സേവനം കൊച്ചിയിലെ ജനങ്ങൾ വിസ്മരിക്കുന്നില്ല. അവർ നടത്തുന്ന പ്രവർത്തനങ്ങൾ അങ്ങേയറ്റം വിലമതിക്കുന്നു. എങ്കിലും ഇത്തരമൊരു തീപ്പിടിത്തമുണ്ടാകുമ്പോൾ അതിനെ അണയ്ക്കാൻ പരമ്പരാഗതമായ രീതി മാറ്റി കാലാനുസൃതമായി ഫയർ ആൻഡ്

റെസ്ക്യൂ വിഭാഗത്തെ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെടുത്തുന്നതാണ് ബ്രഹ്മപുരത്തെ അണയാത്ത തീയെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ തീ നിയന്ത്രിക്കുന്നതിനും അതിന്റെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കുന്നതിനും ജില്ലാ കളക്ടറും നഗരസഭയും പരാജയപ്പെട്ടു. ലക്ഷക്കണക്കിന് ടൺ പ്ലാസ്റ്റിക് മാലിന്യം തീപിടിച്ചാൽ എന്ത് ചെയ്യണമെന്ന് യാതൊരു മുന്നറിയിപ്പും നൽകിയില്ല. തീ കെടുത്താൻ ആദ്യത്തെ രണ്ട് ദിവസം ഒരു ഏകോപനവുമുണ്ടായില്ല. ഫയർ ഫോഴ്സിന് വെള്ളം ലഭിച്ചില്ല. വഴി വെട്ടാനായി യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ ആളില്ലായിരുന്നു. തീ പടരാത്ത സ്ഥലങ്ങളെ സുരക്ഷിതമാക്കാനുള്ള ഒരു നടപടിയുമുണ്ടായില്ല എന്നതാണ് സത്യം. നാലാം തീയതിയാണ് ഈ ശ്രമങ്ങൾക്ക് വിരാമമുണ്ടായത്. അപ്പോഴേക്കും ഏതാണ്ട് 100 ഏക്കറുള്ള സ്ഥലത്ത് 50 ഏക്കറോളം സ്ഥലം തീ ഗോളമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ബ്രഹ്മപുരത്ത് തീ പടർന്നിട്ട് 12 ദിവസം കഴിഞ്ഞിരിക്കുന്നു. ഇവിടെയുള്ള പുകമൂലം ഏകദേശം ആയിരത്തോളം ആളുകൾ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ അഭയം

പ്രാപിച്ചിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു. അതിനെക്കാൾ എത്രയോ ഇരട്ടിയാണ് ഇതുമായി ബന്ധപ്പെട്ട് വീടുകളിൽ ബുദ്ധിമുട്ടുന്ന ജനങ്ങളുള്ളതെന്ന് നമ്മൾ മനസ്സിലാക്കണം. ബ്രഹ്മപുരത്തെ തീ പിടിത്തത്തെത്തുടർന്ന് ഹ്രസ്വ-ദീർഘകാല ആരോഗ്യ പ്രശ്നങ്ങളുണ്ടാകാമെന്നാണ് ആരോഗ്യ വിദഗ്ദ്ധർ പറയുന്നത്. കണ്ണ് ചൊറിച്ചിൽ, ശ്വാസംമുട്ടൽ, ചുമ എന്നിവയാണ് മാലിന്യ പുകയിൽനിന്നുണ്ടാകുന്ന ഹ്രസ്വകാല ആരോഗ്യ പ്രശ്നങ്ങൾ. കുട്ടികൾക്ക് ശരീരത്തിന്റെ പ്രതിരോധ സംവിധാനങ്ങൾ കുറവായതിനാൽ വിഷപദാർത്ഥങ്ങൾ നേരിട്ട് രക്തത്തിൽ എത്താൻ സാധ്യത വളരെ കൂടുതലാണ്. ഗർഭിണികളായ സ്ത്രീകൾക്ക് ഇതുമായി ബന്ധപ്പെട്ട് വലിയ പാർശ്വഫലങ്ങളുണ്ടാകുമെന്ന് ആരോഗ്യ വിദഗ്ദ്ധർ പറയുന്നു. പ്ലാസ്റ്റിക് മാലിന്യംമൂലമുള്ള പരിസര മലിനീകരണം കാരണം പി.എം.-2.5 എന്ന വിഷ ഘടകം രക്തത്തിൽ കലർന്നാൽ മാരകമായ കാൻസർപോലുള്ള രോഗങ്ങളുണ്ടാകാൻ ഇടവരുത്തുമെന്നാണ് ലോകാരോഗ്യ സംഘടനപോലും പറയുന്നത്. പ്ലാസ്റ്റിക്കും ജൈവമാലിന്യങ്ങളുംകൂടി കലർന്ന് കത്തുമ്പോൾ

പെർസിസ്റ്റന്റ് ഓർഗാനിക് പൊല്യൂട്ടന്റ്സ് (പി.ഒ.പി.) എന്ന ഒരു കെമിക്കലാണുണ്ടാകുന്നത്. പി.ഒ.പി. മണ്ണിലോ ജലത്തിലോ കലർന്നുകഴിഞ്ഞാൽ അവ നശിക്കില്ല. ഡയോക്സിനും ഫുറാൻസും ഈ വിഷപുകയിലുണ്ടാകുന്നതോടൊപ്പം ചിരഞ്ജീവിയായി നമ്മുടെ ഭൂമിയിൽ നിലനിൽക്കുമെന്നതാണ് യാഥാർത്ഥ്യം. ഈ വിഷ പുക കാരണം ആരോഗ്യ പ്രശ്നങ്ങൾ എപ്പോൾ ഉണ്ടാകുമെന്ന് ഇപ്പോൾ പറയാൻ കഴിയില്ലായെന്നാണ് ആരോഗ്യ വിദഗ്ദ്ധർ പറയുന്നത്. അതിനാൽ ബ്രഹ്മപുരത്തെ വിഷയം അടിയന്തര പ്രാധാന്യം അർഹിക്കുന്നതാണ്.

ബ്രഹ്മപുരവുമായി ബന്ധപ്പെട്ട് ഒരുപാട് അഴിമതി ആരോപണങ്ങളുണ്ടാകുന്നുണ്ട്. ബയോ മൈനിംഗ് നടത്തുന്ന കമ്പനിക്ക് അനുവദിച്ച സ്ഥലത്താണ് ഇപ്പോൾ തീ പിടിച്ചിരിക്കുന്നത്. അതുമായി ബന്ധപ്പെട്ട് പല ആരോപണങ്ങളും ഇന്ന് നഗരത്തിൽ പാട്ടായി നിലനിൽക്കുകയാണ്. ബയോ മൈനിംഗ് കമ്പനിക്ക് ടെണ്ടർ കൊടുത്തതു സംബന്ധിച്ചും അതിൽ പങ്കെടുത്തവർ അതുമായി ബന്ധപ്പെട്ട എക്സ്പീരിയൻസ് ഇല്ലാത്ത സർട്ടിഫിക്കറ്റ് ഹാജരാക്കിയെന്നും അവർ

ഇ.എം.ഡി. കെട്ടിയില്ലെന്നും അവർക്ക് തീയതി നീട്ടികൊടുത്തെന്നും അനാവശ്യമായി അവർക്ക് പണം കൊടുത്തുവെന്നുമുള്ള കാര്യങ്ങൾ സംബന്ധിച്ച് ഒരുപാട് ആരോപണങ്ങൾ ഇന്ന് നിലനിൽക്കുകയാണ്. ഇതിനെ സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണം നടത്തണം. അതുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങൾ ശരിയല്ലെന്ന് തെളിയിക്കേണ്ട ഉത്തരവാദിത്തം സർക്കാരിനാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു പ്രദേശത്തെ ജനങ്ങളുടെ ദീനരോദനമാണ്. 'Right to Live' നമ്മുടെ ഭരണഘടന നമുക്ക് ഉറപ്പുനൽകിയിട്ടുള്ളതാണ്. ഇന്ന് ഒരു പ്രദേശത്തെ ജനങ്ങൾ ജീവിക്കാൻ നിവൃത്തിയില്ലാതെ വിഷവായു ശ്വസിച്ചുകൊണ്ട് ശ്വാസംമുട്ടി ജീവിക്കേണ്ട സാഹചര്യം കൊച്ചി നഗരസഭയുടെ/ജില്ലാ ഭരണകൂടത്തിന്റെ പിടിപ്പുകേടുമൂലം ഉണ്ടായിരിക്കുന്നുവെന്ന വസ്തുത ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അത്രയും ഗൗരവമുള്ള ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്ത് ഈ വിഷയത്തിന്റെ യഥാർത്ഥ വസ്തുത

പുറത്തുകൊണ്ടുവരുന്നതിനുള്ള അവസരമുണ്ടാക്കണമെന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബ്രഹ്മപുരത്തെ തീപ്പിടിത്തത്തെ വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് സംസ്ഥാന സർക്കാർ കണ്ടിട്ടുള്ളത്. അവിടെ സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള ഇടപെടലിനെക്കുറിച്ച് ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചു. ഞാൻ അതുമുഴുവൻ ഇവിടെ ആവർത്തിക്കുന്നില്ല. 02-03-2023-ന് തീപ്പിടുത്തമുണ്ടായ ദിവസം 125 അഗ്നിശമന സേനാംഗങ്ങൾ ചേർന്ന് 24 മണിക്കൂർ പ്രവർത്തിച്ച് തീ പടരുന്നത് നിയന്ത്രിക്കാൻ ശ്രമിച്ചിട്ടുണ്ട്. 03-03-2023-ന് കൺട്രോൾ റൂം സജ്ജീകരിച്ചു. 4-03-2023-ന് നാവികസേനയെ തീ കെടുത്താനുള്ള പ്രവർത്തനങ്ങൾക്കായി വിന്യസിച്ചു. അങ്ങനെ തീ വലിയ തോതിൽ നിയന്ത്രിക്കാൻ സാധിച്ചെങ്കിലും പുകയ്ക്ക് ശമനമുണ്ടായില്ല. 05-03-2023-ന് ബഹുമാന്യരായ വ്യവസായ വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രി എന്നിവർ നേരിട്ടും ഞാൻ ഓൺലൈനിലും പങ്കെടുത്ത്

എറണാകുളത്ത് ഉന്നതതല യോഗം ചേർന്നു. വായുവിന്റെ ഗുണനിലവാരം നിരന്തരമായി മോണിറ്റർ ചെയ്യാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി. 08-03-2023-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉന്നതതല യോഗം തിരുവനന്തപുരത്ത് വിളിച്ചു ചേർത്തു. ഫയർഫോഴ്സ്, നേവി, എയർഫോഴ്സ് എന്നിവയുടെ ശ്രമം ഊർജ്ജിതമാക്കാൻ തീരുമാനിക്കുകയും മറ്റ് ആവശ്യമായ തീരുമാനങ്ങൾ ആ യോഗത്തിലെടുക്കുകയും ചെയ്തു. 10-03-2023-ന് രണ്ട് മന്ത്രിമാർ അവിടെ സന്ദർശിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെയുള്ള ജനപ്രതിനിധികളുമായി കളക്ടറേറ്റിൽ വിശദമായ ചർച്ച നടത്തി. അതിനുശേഷം അവിടത്തെ ഫ്ലാറ്റ്-റസിഡൻസ് അസോസിയേഷൻ ഭാരവാഹികളുമായി ചർച്ച നടത്തി. അതിനുശേഷം ഡോക്ടർമാരുമായി ആരോഗ്യ സാഹചര്യത്തെക്കുറിച്ച് ചർച്ച നടത്തി. അതിൽ ആരോഗ്യ വകുപ്പുമന്ത്രിയും ഓൺലൈനായി പങ്കെടുത്തിരുന്നു. 11-03-2023 ആയപ്പോഴേയ്ക്കും ഏറെക്കുറെ 90% തീ നിയന്ത്രിക്കാൻ കഴിഞ്ഞു. തീ അണയ്ക്കാൻ സർക്കാർ സ്വീകരിച്ചത് ശരിയായതും ശാസ്ത്രീയമായതുമായ നടപടികളായിരുന്നുവെന്നും വിദഗ്ദ്ധന്മാർ ആദ്യം അംഗീകരിച്ചിട്ടുള്ളതാണ്.

വിദഗ്ദ്ധ സമിതി അതുസംബന്ധിച്ച് പറഞ്ഞത്, ഇതാണ് സ്വീകരിക്കാവുന്നതിൽവച്ച് ഏറ്റവും ശരിയായ നടപടിയെന്നാണ്. ഏത് വിദഗ്ദ്ധൻമാരുമായിട്ടാണ് കൂടിക്കാഴ്ച നടത്തേണ്ടതെന്ന് ആ യോഗത്തിൽ പ്രതിപക്ഷത്തോട് ചോദിച്ചിരുന്നു. ഏത് ഏജൻസികളുമായാണ് കൂടിയാലോചന നടത്തേണ്ടതെന്നും കൂടുതൽ വിദഗ്ദ്ധാഭിപ്രായം തേടേണ്ടതുണ്ടെങ്കിൽ നിങ്ങൾ നിർദ്ദേശിച്ചാൽ അങ്ങനെയാകാമെന്നും പറഞ്ഞിരുന്നു. ന്യൂയോർക്ക് സിറ്റി ഫയർ ഡിപ്പാർട്ട്മെന്റിന്റെ ഡെപ്യൂട്ടി ചീഫ് ശ്രീ. ജോർജ്ജ് ഹീലിയുമായി ജില്ലാ കളക്ടർ, ദുരന്തനിവാരണ സമിതിയുടെ മെമ്പർ സെക്രട്ടറി, ഐ.ഐ.ടി. സാങ്കേതിക വിദഗ്ദ്ധർ എന്നിവർ ഓൺലൈൻ മീറ്റിംഗ് നടത്തി. 11-03-2023 അർദ്ധരാത്രിയാണ് ഓൺലൈൻ മീറ്റിംഗ് നടത്തിയത്. നിങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതാണ് ഏറ്റവും ശരിയായതും ശാസ്ത്രീയമായതുമായ രീതിയെന്നും അത് തുടരുകയാണ് വേണ്ടതെന്നുമാണ് അദ്ദേഹം വിശദീകരിച്ചത്. ഞാൻ ഇക്കാര്യങ്ങളെല്ലാം ചുരുക്കി വിശദീകരിച്ചത് സർക്കാർ എത്ര കാര്യക്ഷമമായും ഫലപ്രദമായും ഇടപെട്ടുവെന്ന് വ്യക്തമാക്കാൻ വേണ്ടിയാണ്. ഇത് ഭരണപക്ഷവും

പ്രതിപക്ഷവും തമ്മിലുള്ള ഒരു ഏറ്റുമുട്ടലിന്റെയും പരസ്പരം കുറ്റപ്പെടുത്തലിന്റെയും ചെളിവാരി എറിയലിന്റെയും കാര്യമാക്കി മാറ്റണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. കാരണം ഇത് നമ്മൾ യോജിച്ചുനിന്ന് നേരിടേണ്ട ഒരു പ്രശ്നമാണ്. ബ്രഹ്മപുരം നൽകുന്ന ഏറ്റവും വലിയ പാഠമെന്താണ്? കേരളത്തിലെ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയമായ പരിഹാരമുണ്ടാക്കുകയെന്നതാണ്. ആ മാലിന്യ സംസ്കരണത്തിൽ പ്രാഥമിക ഉത്തരവാദിത്വം തദ്ദേശ സ്ഥാപനങ്ങൾക്കാണ്. തദ്ദേശ സ്ഥാപനങ്ങളിൽ ഞങ്ങളും നിങ്ങളും ഭരണത്തിലുണ്ട്. അതുകൊണ്ട് നമ്മൾ ഈ പ്രശ്നത്തെ ഒരുമിച്ചുനിന്നാണ് നേരിടേണ്ടത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ ആരും എതിർക്കുന്നില്ല. മാലിന്യ സംസ്കരണം കേരളത്തിന്റെ ഒരു പ്രശ്നമാണ്. പക്ഷെ, കൊച്ചിയിൽ സംഭവിച്ചത് എന്താണെന്നതിനെക്കുറിച്ച് ഒരു അന്വേഷണം നടത്താൻ അങ്ങ് തയ്യാറാകുമോ? യാതൊരു മുൻപരിചയവുമില്ലാത്തതും പ്രവൃത്തിപരിചയം തെളിയിക്കാത്തതുമായ ഒരു

കമ്പനിക്ക് കൊച്ചി കോർപ്പറേഷൻ എങ്ങനെയാണ് അനുമതി നൽകിയതെന്നതിനെക്കുറിച്ച് അന്വേഷണത്തിന് തയ്യാറാകുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, അങ്ങ് പറഞ്ഞ സ്ഥിതിക്ക് ബാക്കി കാര്യങ്ങൾ പറഞ്ഞശേഷം അതിലേയ്ക്ക് വരാം. ബഹുമാന്യനായ ശ്രീ. ടി. ജെ. വിനോദിന് മറ്റേതൊരംഗത്തേക്കാളും ഇക്കാര്യങ്ങൾ നന്നായി അറിയാം; കാരണം, അദ്ദേഹം ഡെപ്യൂട്ടി മേയറായി അവിടെ പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണ്. അദ്ദേഹത്തിന്റെ കാലത്തും അവിടെ തീപിടുത്തമുണ്ടായിട്ടുണ്ട്. തീപിടുത്തത്തെക്കുറിച്ചും മാലിന്യമല രൂപപ്പെട്ടതിനെക്കുറിച്ചുമൊക്കെ ഇവിടെയിരിക്കുന്ന മറ്റേതൊരംഗത്തേക്കാളും നേരിട്ടുള്ള അനുഭവവും അറിവുമുള്ള വ്യക്തിയാണ് ശ്രീ. ടി. ജെ. വിനോദ്. ഈ മാലിന്യമല രണ്ട് വർഷം കൊണ്ടുണ്ടായിട്ടുള്ളതല്ലെന്ന് നമുക്കെല്ലാമറിയാം. ഇത് കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷം കൊണ്ട് രൂപപ്പെട്ടുവന്നിട്ടുള്ളതാണ്. അത് രൂപപ്പെട്ടത് കൊച്ചി കോർപ്പറേഷനിലെ മാലിന്യം മാത്രം വന്നതുകൊണ്ടല്ല. കൊച്ചി കോർപ്പറേഷന് ചുറ്റുമുള്ള ഏഴ് നഗരസഭകളിലെ മാലിന്യം ബ്രഹ്മപുരത്ത് കൊണ്ടുപോയിതള്ളാൻ തീരുമാനിച്ചത് ഏത് നഗരസഭയുടെ, ഏത്

ഭരണത്തിന്റെ കാലത്താണെന്ന് പറഞ്ഞ് പ്രതിപക്ഷത്തെ കുത്താനാഗ്രഹിക്കുന്നില്ല. (.... ബഹളം ....)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് ...... അങ്ങേയ്ക്ക് തുടരാം.

ശ്രീ. എം. ബി. രാജേഷ്: സർ, അദ്ദേഹം പറഞ്ഞതിന് ഞാൻ വ്യക്തത നൽകിയതാണ്. എന്തിനാണ് പൊള്ളുന്നത്; ഞാൻ വസ്തുതയല്ലേ പറയുന്നത്. ഇങ്ങനെയൊരു സമീപനമാണ് സ്വീകരിക്കുന്നതെങ്കിൽ അത് നോക്കാം. (.... ബഹളം ....) സംസാരിക്കാൻ സമ്മതിക്കില്ലെന്നുള്ളതാണ്. (.... ബഹളം ....) ബഹുമാന്യനായ ടി. ജെ. വിനോദ് ചില വിമർശനങ്ങൾ ഉന്നയിച്ചതിനോട് പ്രതികരിക്കാനുള്ള ഉത്തരവാദിത്വം എനിക്കുണ്ടല്ലോ; അപ്പോഴേയ്ക്കും പ്രകോപിതരായാൽ എങ്ങനെയാണ്? ആലുവ നഗരസഭയിൽനിന്നുള്ള മാലിന്യവും ബ്രഹ്മപുരത്താണ് കൊണ്ടുവന്നുതള്ളുന്നതെന്ന കാര്യം ബഹുമാന്യനായ ആലുവ അംഗം ശ്രീ. അൻവർ സാദത്ത് മനസ്സിലാക്കേണ്ടതാണ്. നേരത്തെ അങ്ങനെയായിരുന്നില്ല. (.... ബഹളം ....) അവരെല്ലാം പ്രതിഷേധിക്കുന്നത്, അവർക്ക് പൊള്ളുന്നത് വളരെ സ്വാഭാവികമാണ്, വസ്തുതയാണ് പറയുന്നത്.

ഇങ്ങനെ ചുറ്റുമുള്ള നഗരസഭകളിലെ മാലിന്യംകൂടി അവിടെ നിക്ഷേപിക്കുന്ന സ്ഥിതിയുണ്ടായതുകൊണ്ടാണ് വലിയ തോതിലുള്ള മാലിന്യമല രൂപപ്പെട്ടതെന്ന് ശ്രീ. ടി. ജെ. വിനോദിന് അറിയാം. അതുകൊണ്ടാണ് അദ്ദേഹം സംസാരിക്കാതിരിക്കുന്നത്. അദ്ദേഹത്തിന് നന്നായിട്ടതറിയാം. അതിന്റെ കണക്കുണ്ട്, ഞാൻ അതിലേയ്ക്ക് പോകുകയാണ്. ബഹുമാന്യനായ പ്രമേയാവതാരകൻ പറഞ്ഞത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സബ്മിഷന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ലഘവത്തോടുകൂടി മറുപടി പറഞ്ഞുവെന്നാണ്. കാര്യങ്ങൾ നിയന്ത്രണവിധേയമാണെന്നും പരിഭ്രാന്തരാകേണ്ട സാഹചര്യമില്ലെന്നുമാണ് അന്ന് പറഞ്ഞത്. അത് വസ്തുതയായതുകൊണ്ടാണല്ലോ പ്രതിപക്ഷം ഒരു സബ്മിഷൻ മാത്രമായി അന്ന് ഉന്നയിച്ചത്. അന്ന് അടിന്തരപ്രമേയത്തിന്റെ വിഷയം ഒരു ടെലിവിഷൻ ചാനലിനെ സംബന്ധിച്ച കേസ്സായിരുന്നു. കാരണം, അന്ന് അത്ര ഗുരുതരമായ സ്ഥിതിയില്ലെന്നതുകൊണ്ടാണ് സബ്മിഷനായി അവതരിപ്പിച്ചത്. അപ്പോൾ ഞാൻ അന്ന് പറഞ്ഞ മറുപടിയിൽ എന്താണ് തെറ്റുള്ളത്. വസ്തുതകളുടെ അടിസ്ഥാനത്തിലാണ് മറുപടി പറഞ്ഞത്.

അതിനുശേഷവും പരിഭ്രാന്തരാകേണ്ട സാഹചര്യമുണ്ടായിട്ടില്ല. 859 ആളുകൾ അവിടെ ചികിത്സതേടിയെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത്. അതിൽ ഐ.പി. 17 ആളുകളാണുള്ളത്. കൊച്ചിയിലെ ജനസംഖ്യ എട്ട് ലക്ഷമാണ്. അതിൽ 859 പേരെ ഇത് ബാധിച്ചിട്ടുണ്ട്; അത് ഗൗരവമായിത്തന്നെ കാണുന്നുണ്ട്. അതിനുള്ള നടപടിയാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സ്വീകരിച്ചിട്ടുള്ളത്. (.... ബഹളം ....)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് ......

ശ്രീ. എം. ബി. രാജേഷ്: സർ, ഈ നാടിനെ ബാധിച്ച ഒരു പ്രശ്നത്തെ സംബന്ധിച്ച വസ്തുതകൾ പറയുമ്പോൾ അതിനെ തടസ്സപ്പെടുത്തുന്നത് നിയന്ത്രിക്കാൻ അങ്ങ് തയ്യാറാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ആ സാഹചര്യത്തെ നേരിടാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടിയുടെ ഫലമായാണ് ഇൻ-പേഷ്യന്റിന്റെ എണ്ണം 17 ആയി നമുക്ക് നിയന്ത്രിക്കാൻ സാധിച്ചത്. (.... ബഹളം ....)

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.... ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാം.

ശ്രീ. എം. ബി. രാജേഷ്: സർ, എയർ ക്വാളിറ്റി നിരന്തരമായി വിലയിരുത്തിക്കൊണ്ടിരുന്നു. പരിഭ്രാന്തരാകേണ്ട സാഹചര്യം ഒരു ഘട്ടത്തിലുമുണ്ടായിട്ടില്ല. (.... ബഹളം ....)

മി. സ്പീക്കർ: ഇത് വളരെ സീരിയസായ ഇഷ്യൂവല്ലേ, ഭരണപക്ഷവും പ്രതിപക്ഷവും അറിയേണ്ട കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുന്നത്. ജനങ്ങൾക്കും അറിയാൻ ആഗ്രഹമുണ്ട്.

ശ്രീ. എം. ബി. രാജേഷ്: സർ, ഞാൻ വസ്തുത പറയുമ്പോൾ പ്രതിപക്ഷം ഇങ്ങനെ അസ്വസ്ഥരാകുന്നത് എന്തിനാണ്. കൊച്ചിയിലെ എയർ ക്വാളിറ്റി ഏറ്റവും മോശമായത് 07-03-2023-നാണ്; അത് 259 പി.പി.എം. ആണ്. അന്ന് തീപിടിത്തമില്ലാത്ത ഡൽഹിയിലെ എയർ ക്വാളിറ്റി 238 പി.പി.എം. ആണെന്ന് ഓർക്കണം. കാര്യങ്ങൾ നിയന്ത്രണ വിധേയമായതുകൊണ്ട് ഇന്ന് രാവിലെ 09.38-ന് കൊച്ചിയിലെ പി.പി.എം. 138 ആണ്. അതേസമയം ഇന്ന് ഡൽഹിയിൽ 223 പി.പി.എം. ആണ്. അപ്പോഴാണ് ഡൽഹിയിൽനിന്നും കേരളത്തിലെത്തിയ ചിലർ ഇവിടെ വന്നിട്ട് I can't breath എന്നുപറയുന്നത്; ശ്വാസംമുട്ടുന്നുവെന്നാണ് ഡൽഹിയിൽനിന്നും

കേരളത്തിലെത്തിയ നേതാക്കൻമാരും മന്ത്രിമാരുമെല്ലാം പറയുന്നത്. ശ്വസിക്കണമെങ്കിൽ സത്യത്തിൽ ഇവിടെ വരണമെന്നതാണ് സ്ഥിതി. ( .... ബഹളം ....) ഇതെല്ലാം ശാസ്ത്രീയമായ കണക്കാണ്. എങ്ങനെയാണ് ജനങ്ങളിൽ പരിഭ്രാന്തി പടർത്താനുള്ള വസ്തുതാവിരുദ്ധമായ പ്രചാരണം നടത്തിയത്. ഇന്നലെ ഒരു ടെലിവിഷൻ ചാനൽ കൊടുത്ത വാർത്ത ഞാൻ പറയാം. 'കൊച്ചിയിലെ വായു മോശം അവസ്ഥയിൽ, ഡൽഹിയേക്കാൾ മോശം വായു' എന്നാണ്. എന്താണ് വസ്തുത. ഇത് നിങ്ങൾ മനസ്സിലാക്കേണ്ടതാണ്. പ്രതിപക്ഷത്തെ കെണിയിലാക്കുന്നത് ഇങ്ങനെയുള്ള ചില വ്യാജ വാർത്തകളാണ്. ഇന്നലെ ഡൽഹിയിലെ പ്രൊമിനന്റ് പൊല്യൂഷൻ (പി.എം.) 10 ആണ്. കൊച്ചിയിലെ പി.എം. 2.5 ആണ്. അപ്പോഴാണ് കൊച്ചിയിലെ വായു ഡൽഹിയിലേതിനേക്കാൾ മോശമെന്ന വാർത്ത കൊടുക്കുന്നത്. യഥാർത്ഥത്തിൽ ഇന്നലെ കൊച്ചിയിലെ വായു ഡൽഹിയിലെക്കാൾ നാലിലൊന്ന് മെച്ചപ്പെട്ട നിലയിലാണ്. അപ്പോഴും ഇങ്ങനെ വാർത്ത കൊടുക്കുന്നതിന്റെ അർത്ഥമെന്താണ്? തീയില്ലാതെതന്നെ പുകയുണ്ടാക്കാൻ വിദഗ്ദ്ധരാണ് മിക്കവാറും

മാധ്യമങ്ങളെന്ന് നമുക്കറിയാം. തീ തന്നെ വേണമെന്നില്ല; അവർ പുകയുണ്ടാക്കിക്കൊണ്ടേയിരിക്കും; എല്ലാ ദിവസവും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. പക്ഷെ ചില മാധ്യമങ്ങളുടെ താൽപ്പര്യം തീ അണഞ്ഞാലും പുകയും പുകമറയും അടങ്ങാൻ പാടില്ലായെന്നതാണ്. ആ താൽപ്പര്യം വച്ച് ചില മാധ്യമങ്ങൾ തെറ്റിദ്ധരിപ്പിക്കുന്ന വാർത്തകൾ നൽകിക്കൊണ്ടിരിക്കുകയാണ്.

എൽ.ഡി.എഫ്. കോർപ്പറേഷൻ ഭരിച്ച കാലത്താണ് ബ്രഹ്മപുരത്ത് ഇന്നുള്ള 120 ഏക്കർ ഭൂമി മുഴുവൻ ഏറ്റെടുത്തത്. കോർപ്പറേഷന്റെ മാത്രമായി 100 ടൺ മാലിന്യമാണ് അവിടെ സംസ്കരിച്ചിരുന്നത്. അന്നാണ് അങ്കമാലി, ആലുവ, കളമശ്ശേരി, തൃക്കാക്കര, ചേരാനെല്ലൂർ തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യം അവിടെ കൊണ്ടുവരാൻ തുടങ്ങിയത്. ഈ നഗരസഭകളെല്ലാം ആരാണ് ഇപ്പോൾ ഭരിക്കുന്നതെന്ന് ഞാൻ പറയേണ്ടതില്ലല്ലോ? നഗരസഭകളിലെ എല്ലാതരം മാലിന്യങ്ങളും യാതൊരു നിയന്ത്രണവുമില്ലാതെയും തരംതിരിക്കാതെയും കൊച്ചിയിലെ ബ്രഹ്മപുരത്ത് കൊണ്ടുവന്നുതള്ളിയതിനാലാണ് മാലിന്യക്കൂമ്പാരമുണ്ടാക്കാൻ

ഇടയാക്കിയത്. ഇപ്പോഴത്തെ കോർപ്പറേഷൻ അധികാരത്തിൽവന്നത് 2020-ലാണ്. ശ്രീമതി സൗമിനി ജെയിൻ മേയർ ആയിരുന്ന കാലത്ത് ബ്രഹ്മപുരത്ത് മാലിന്യക്കൂമ്പാരം ശാസ്ത്രീയമായി സംസ്കരിക്കാൻ ഹരിത ട്രിബ്യൂണൽ ഉത്തരവിട്ടിരുന്നു. ശ്രീ. ടി. ജെ. വിനോദിന് അക്കാര്യം നന്നായിട്ടറിയുമായിരിക്കും. കാരണം, അദ്ദേഹം അന്ന് ഡെപ്യൂട്ടി മേയറായിരുന്നു. ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനം എടുക്കേണ്ട അജണ്ട 23 തവണയാണ് കൗൺസിലിൽ അന്ന് മാറ്റിവച്ചത്. അനിഷേധ്യമായ വസ്തുതയാണ്; തെളിവും രേഖയുമുള്ള കാര്യമാണ്. ഞാൻ കുറ്റപ്പെടുത്താനൊന്നും പറയുന്നതല്ല. അദ്ദേഹം ചില വിമർശനങ്ങളുന്നയിച്ചപ്പോൾ വസ്തുതകൾ ഓർമ്മിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. ഇപ്പോൾ കമ്പനിയെക്കുറിച്ച് ഇവിടെ ചില ആക്ഷേപം പറഞ്ഞു. ഞാൻ അതിലേയ്ക്ക് വരുന്നതിനുമുമ്പ് ഒരു കാര്യം കൂടി പറയട്ടെ. 2009-ൽ മികച്ച സീറോ വേസ്റ്റ് നഗരത്തിനുള്ള കേന്ദ്രസർക്കാരിന്റെ അവാർഡ് ലഭിച്ചത് കൊച്ചിക്കാണ്. അന്ന് എൽ.ഡി.എഫ്. ആണ് കൊച്ചി ഭരിച്ചിരുന്നത്. ആ കൊച്ചി എങ്ങനെയാണ് 2021 ആയപ്പോൾ ഒരു

മാലിന്യമലയായി മാറിയെന്നത് നാം ഓർക്കേണ്ടതാണ്? കൊച്ചി കോർപ്പറേഷന് നാഷണൽ ഗ്രീൻ ട്രിബ്യൂണൽ 14 കോടി രൂപ ഫൈനിട്ടത് ഏത് കാലത്തായിരുന്നു; ശ്രീമതി സൗമിനി ജെയിൻ കോർപ്പറേഷൻ മേയറായിരുന്ന സമയത്തല്ലേ? (.... ബഹളം ....)

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.....

ശ്രീ. എം. ബി. രാജേഷ്: സർ, തീപിടുത്തത്തെക്കുറിച്ച് പറയാം. മലരൂപപ്പെട്ടകാര്യംവരെ എത്തിയിട്ടുള്ളൂ. മാലിന്യമലയ്ക്കാണല്ലോ തീ പിടിച്ചത്. സീറോ വേസ്റ്റ് നഗരത്തെ ഈ നിലയിലേയ്ക്ക് എത്തിച്ചതിൽ യു.ഡി.എഫ്.-നുള്ള പങ്ക് സ്വയംവിമർശനപരമായി അവർ വിലയിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്; കുറ്റപ്പെടുത്തുകയല്ല, നമ്മൾ കുറ്റപ്പെടുത്തിയിട്ടല്ല പോകേണ്ടത്. ഈ വസ്തുത പ്രതിപക്ഷം അംഗീകരിക്കണം.

മാലിന്യക്കൂമ്പാരത്തിന് തീ പിടിച്ചത് ലോകത്തെ ആദ്യ സംഭവമാണെന്ന മട്ടിലാണ് ഇവിടെ ചിലർ അവതരിപ്പിക്കുന്നത്. ഇന്ത്യയിൽ അഹമ്മദാബാദിലും പൂനെയിലും മുംബൈയിലും മാലിന്യക്കൂമ്പാരത്തിന് തീ

പിടിത്തമുണ്ടായിട്ടുണ്ട്. മുംബൈയിൽ 36 മീറ്റർ ഉയരമുള്ള മാലിന്യമലയ്ക്ക് എതാനും മാസംമുമ്പാണ് തീപിടിച്ചത്. ഡൽഹിയിലെ ഖാസിപ്പൂരിൽ തീ പിടിത്തമുണ്ടായിട്ടുണ്ട്. 2022 നവംബറിൽ അമേരിക്കയിലെ അലബാമയിലുണ്ടായ തീപിടിത്തം അണയ്ക്കാൻ കഴിഞ്ഞത് ഈ ജനുവരിയിലാണ്; 48 ദിവസംവരെ നീണ്ടുനിന്ന തീപിടിത്തമാണ് അവിടെ ഉണ്ടായിട്ടുള്ളത്. ലോകത്താകെ മാലിന്യമലകൾക്ക് തീ പിടിക്കുന്ന സാഹചര്യമുണ്ട്. ബ്രഹ്മപുരത്ത് ഇതിനുമുമ്പ് പലതവണ തീ പിടിത്തമുണ്ടായിട്ടുണ്ട്. ശ്രീ. ടി. ജെ. വിനോദ് ഡെപ്യൂട്ടി മേയറായിരുന്ന സമയത്തുണ്ടായ തീ പിടിത്തം നാലു ദിവസംവരെ നീണ്ടുനിന്നു. (...ബഹളം...) ശ്രീ. ടി. ജെ. വിനോദ് പറയുന്നത്, അദ്ദേഹം ഡെപ്യൂട്ടി മേയറായിരുന്ന സമയത്തല്ല തീപിടിത്തമുണ്ടായതെന്നാണ്. അങ്ങനെയാണെങ്കിൽ യു.ഡി.എഫ്. ഭരിക്കുമ്പോൾ (...ബഹളം...) ആണ്.

മി. സ്പീക്കർ: പ്ലീസ്... അദ്ദേഹം മറുപടി പറയട്ടെ. ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിക്കുമ്പോൾ ആരും ബഹളമുണ്ടാക്കിയിട്ടില്ല. അങ്ങേയ്ക്ക് തടസ്സം കൂടാതെ പ്രമേയം അവതരിപ്പിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്.

ശ്രീ. എം. ബി. രാജേഷ്: സർ, യു.ഡി.എഫ്. ഭരിക്കുമ്പോൾ എന്നാക്കി തിരുത്തുന്നു. ലാൻഡ്ഫിൽ തീപിടിത്തങ്ങളുടെ കാര്യത്തിൽ ലോകത്ത് 35 നഗരങ്ങളെ severe hazardous നഗരങ്ങളായി ക്ലാസിഫൈ ചെയ്തിട്ടുണ്ട്, അതിൽ 24 നഗരങ്ങൾ ഇന്ത്യയിൽ നിന്നാണ്. പക്ഷെ, ആ ലിസ്റ്റിലൊന്നും കേരളമോ കൊച്ചിയോ ഇല്ലായെന്ന കാര്യവും ഓർമ്മിപ്പിക്കുകയാണ്. അമേരിക്കയിൽ മാത്രം ഒരു വർഷം എണ്ണായിരത്തോളം തീപിടിത്തങ്ങളാണ് മാലിന്യമലകളിൽ ഉണ്ടാകുന്നത്. ഈ സാഹചര്യം എല്ലാവരും കാണണം. പൊതുവിൽ ഇത്തരമൊരു സാഹചര്യമുണ്ട്. പല സ്ഥലങ്ങളിലും ഇതിനേക്കാൾ കൂടുതൽകാലം നീണ്ടുനിൽക്കാറുണ്ട്, അതെല്ലാം വസ്തുതകളാണ്. ഇവിടെ 10 ദിവസങ്ങൾക്കുള്ളിൽ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്; സ്ഥിതിഗതികൾ പൂർണ്ണമായും നിയന്ത്രണവിധേയമാണ്.

കമ്പനിയെക്കുറിച്ച് മുൻ പ്രതിപക്ഷനേതാവ് പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞ സ്ഥിതിക്ക് ഞാൻ പറയാം, ഈ പ്രചാരണം കുറെ ദിവസങ്ങളായി നടക്കുന്നുണ്ട്. വസ്തുതാവിരുദ്ധമായ ഈ പ്രചാരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണ് ഈ കമ്പനിക്ക്

എക്സ്പീരിയൻസില്ലായെന്നും വ്യാജ കമ്പനിയാണെന്നും കടലാസ് കമ്പനിയാണെന്നുമൊക്കെയുള്ള പ്രചാരണങ്ങൾ. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവേ, ഇന്ത്യയിലെ 12 സംസ്ഥാനങ്ങളിൽ ഏതാണ്ട് രണ്ട് ഡസനോളം നഗരങ്ങളിൽ മാലിന്യസംസ്കരണത്തിന് നേതൃത്വം കൊടുക്കുന്ന കമ്പനിയാണ് കൊച്ചിയിലും കരാറിലേർപ്പെട്ടിട്ടുള്ളത്. അങ്ങയുടെ അറിവിലേയ്ക്കായി ഒരുകാര്യം കൂടി പറയാം. ഈ 12 സംസ്ഥാനങ്ങളിൽ ജോധ്പൂരുണ്ട്, അത് അങ്ങയുടെ പാർട്ടി ഭരിക്കുന്ന രാജസ്ഥാനിലാണ്. അതുപോലെ റായ്പൂരുണ്ട്, അത് അങ്ങയുടെ പാർട്ടി ഭരിക്കുന്ന ഛത്തീസ്ഗഢിന്റെ തലസ്ഥാനമാണ്. എ.ഐ.സി.സി. പ്ലീനറി സമ്മേളനം നടന്ന സ്ഥലമാണ് റായ്പൂർ. (...ബഹളം...) പ്ലീനറി സമ്മേളനം നടന്ന സ്ഥലത്ത് ഈ കമ്പനി മാലിന്യസംസ്കരണം നടത്തുന്നുവെന്നാണ് ഞാൻ പറഞ്ഞത്; കുറ്റപ്പെടുത്തി പറഞ്ഞതല്ല.

മി. സ്പീക്കർ: പ്ലീസ്.... കുറ്റപ്പെടുത്തി പറഞ്ഞതല്ല, റായ്പൂരിൽ പ്ലീനറി സമ്മേളനം നടന്നുവെന്ന് മാത്രമാണ് പരാമർശിച്ചത്.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഞാൻ ആ തെറ്റിദ്ധാരണ മാറ്റാം. പ്രതിപക്ഷം തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഇവരെല്ലാം പ്ലീനറി സമ്മേളനത്തിന് പോയ സ്ഥലത്ത് മാലിന്യസംസ്കരണം നടത്തിയത് ഇതേ കമ്പനിയാണെന്നാണ് ഉദ്ദേശിച്ചത്. അവർ തെറ്റിദ്ധരിച്ചു, വേറെയൊന്നും ഉദ്ദേശിച്ച് പറഞ്ഞിട്ടില്ല. മുൻ പ്രതിപക്ഷ നേതാവ് ചോദിച്ച ചോദ്യത്തിന് മറുപടി പറയുമ്പോഴാണ് തടസ്സപ്പെടുത്തുന്നത്. കോൺഗ്രസ് ഭരിക്കുന്ന സമയത്താണ് ശ്രീ. അമരീന്ദർ സിംഗ് പട്യാലയിൽ ആ പ്രോജക്ട് ഉദ്ഘാടനം ചെയ്തത്. ഇനി ചില നഗരങ്ങൾകൂടി പറഞ്ഞുതരാം. ഭുവനേശ്വർ, ജബൽപൂർ, ഡറാഡൂൺ, ചെന്നൈ, ബംഗലൂരു, ബർഹാംപൂർ, റാഞ്ചി തുടങ്ങി ഇന്ത്യയിലെ വിവിധ പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഈ കമ്പനിക്ക് മാലിന്യ സംസ്കരണ പദ്ധതികളുണ്ട്. അത്തരം കമ്പനിയെക്കുറിച്ചാണ് രാഷ്ട്രീയ ലക്ഷ്യത്തോടുകൂടി ഇങ്ങനെ ഒരു പ്രചാരണം നടത്തുന്നത്. അദ്ദേഹത്തിന്റെ അറിവിലേയ്ക്കായി ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കാം. ഈ ആക്ഷേപമൊക്കെ വന്നപ്പോഴാണ് ഗെയിൽ (Gas Authority of India Limited)

ഈ കമ്പനിയുടെ ഓഹരി പങ്കാളിയാണെന്ന് ഞങ്ങൾ അറിയുന്നത്. ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യക്ക് ഇത്തരമൊരു കമ്പനിയിൽ ഓഹരിയെടുക്കണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ പ്രത്യേകാനുമതി വേണം. ഗെയിൽ ഓഹരി പങ്കാളിയായുള്ള ഒരു കമ്പനിയെക്കുറിച്ചാണ് കടലാസ് കമ്പനിയെന്നെല്ലാം പ്രചരിപ്പിക്കുന്നത്. തീർന്നില്ല, ശ്രീ. സിദ്ധരാമയ്യയുടെ ഗവൺമെന്റിന്റെ കാലത്താണ് ഈ കമ്പനിക്ക് ബംഗലൂരുവിലെ കോൺട്രാക്ട് ലഭിക്കുന്നത്. അതിനെതിരെ അന്ന് പ്രതിപക്ഷത്തായിരുന്ന ബി.ജെ.പി. വലിയ അഴിമതി ആരോപണം ഉന്നയിച്ചു. എന്നാൽ ബി.ജെ.പി. അധികാരത്തിൽവന്നപ്പോൾ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുകയും എല്ലാ ആരോപണങ്ങളും അടിസ്ഥാനരഹിതമാണെന്ന് തെളിയുകയും ചെയ്തു. മാദ്ധ്യമങ്ങൾ പറഞ്ഞത് വിശ്വസിച്ചിട്ടാണ് ഇത്തരം രാഷ്ട്രീയ ആരോപണങ്ങളുമായി പ്രതിപക്ഷം രംഗത്ത് വന്നിട്ടുള്ളത്. വളരെ സുതാര്യമായ നടപടികളിലൂടെയാണ് ആ കമ്പനിക്ക് കരാർ ലഭിച്ചിട്ടുള്ളത്. അത് ബയോമൈനിംഗിനുള്ള കരാറാണ്; പ്ലാസ്റ്റിക് മാലിന്യസംസ്കരണത്തിന് വേറെയാണ്. ഇപ്പോൾ തീപിടിത്തത്തെക്കുറിച്ച്

അന്വേഷണം നടക്കുന്നുണ്ട്. റിപ്പോർട്ട് കിട്ടുമ്പോൾ വസ്തുതകൾ പുറത്തുവരും. അദ്ദേഹമിപ്പോൾ അന്വേഷണം വേണമെന്ന ആവശ്യം മാത്രമാണ് ഉന്നയിക്കുന്നത്. മറ്റ് ആരോപണങ്ങൾ അദ്ദേഹം പിൻവലിച്ചതായാണ് മനസ്സിലാക്കേണ്ടത്.

കേരളത്തിൽ വിജയകരമായി മാലിന്യസംസ്കരണം നടപ്പിലാക്കിയിട്ടുള്ള മാതൃകകളുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ലെഗസി വേസ്റ്റ് (കുന്നുകൂടിക്കിടക്കുന്ന മാലിന്യമലകൾ) നീക്കം ചെയ്ത് 45 ഏക്കർ ഭൂമി വീണ്ടെടുത്തിട്ടുണ്ട്. കൊല്ലത്ത് കുരീപ്പുഴയിലെ ചണ്ടി ഡിപ്പോയെന്ന് അറിയപ്പെടുന്ന സ്ഥലത്ത് 3 ലക്ഷം ക്യൂബിക് മീറ്റർ മാലിന്യമുണ്ടായിരുന്നത് ബയോമൈനിംഗിലൂടെ നീക്കംചെയ്ത് ഭൂമി മുഴുവൻ വീണ്ടെടുത്തിട്ടുണ്ട്. അങ്ങനെ കേരളത്തിൽ ആകെ 45 ഏക്കർ ഭൂമിയാണ് വീണ്ടെടുത്തത്. ഗുരുവായൂരിന്റെ അനുഭവം നമ്മുടെ മുന്നിലുണ്ട്. ഗുരുവായൂരിലെ മാലിന്യം തള്ളിയിരുന്ന ശവക്കോട്ട എന്നറിയപ്പെട്ടിരുന്ന സ്ഥലം, അവിടത്തെ ബ്രഹ്മപുരമെന്ന് വിശേഷിപ്പിക്കാവുന്ന സ്ഥലത്ത് മാലിന്യം മാത്രമല്ല അജ്ഞാത മൃതദേഹങ്ങളും അനാഥമായ ശവശരീരങ്ങളും സംസ്കരിച്ചിരുന്നു.

എന്നാൽ ഇന്ന് അത് പൂങ്കാവനമാണ്. ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ ഇവിടെയൊക്കെ സന്ദർശിക്കണം. കുചേലൻ അവൽ പൊതിയുമായി ശ്രീകൃഷ്ണനെ കാണാൻ പോയി തിരിച്ചുവന്നപ്പോൾ കുചേലന്റെ കുടിൽ ഒരു കൊട്ടാരമായതായിട്ട് കേട്ടിട്ടുണ്ട്, ഗുരുവായൂരിൽ പോയാൽ കഥയിലല്ലാതെ യാഥാർത്ഥ്യമായി കാണാം, ആ ശവക്കോട്ട എന്ന സ്ഥലത്തെ പൂങ്കാവനമാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. കൊച്ചിയെ നമുക്ക് അങ്ങനെ മാറ്റണം. അറബിക്കടലിന്റെ റാണിയെന്ന് അറിയപ്പെടുന്ന കൊച്ചിയെ പൂങ്കാവനമാക്കി മാറ്റാൻ ഒരുമിച്ച് കൂട്ടായി പരിശ്രമിക്കാം. അതിനുള്ള പിന്തുണയാണ് പ്രതിപക്ഷത്തിനോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നത്. പരസ്പരം കുറ്റപ്പെടുത്തുന്നതും പഴിചാരുന്നതും പിന്നീടാകാം, നമുക്ക് ഒരുമിച്ച് കൂട്ടായി പ്രവർത്തിക്കാം. അതിന് നിങ്ങളും തയ്യാറാകുമെന്ന പ്രതീക്ഷയോടുകൂടി ഈ അടിയന്തരപ്രമേയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന് പറഞ്ഞുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ഇവിടെ ഉന്നയിക്കപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് രണ്ട് മിനിട്ട് സംസാരിക്കാം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, പല വികസിത രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലും ഇതുപോലെ മാലിന്യക്കൂമ്പാരങ്ങൾക്ക് തീ പിടിക്കുമ്പോൾ അവിടത്തെ ഭരണകൂടങ്ങൾ അത് കയ്യൊഴിയുമ്പോൾ, കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഇവിടെ തീ അണയ്ക്കുന്നതിനും പുകയിൽനിന്ന് കൊച്ചിയിലെ ജനങ്ങൾക്ക് സുരക്ഷയൊരുക്കുന്നതിനുമാണ് ശ്രമിച്ചിട്ടുള്ളത്. ഹൃദയത്തെ ആർദ്രമാക്കുന്ന ഒട്ടേറെ കാര്യങ്ങളിവിടെയുണ്ടായിട്ടുണ്ട്. അഗ്നിശമന സേനാംഗങ്ങൾ തീ അണയ്ക്കുന്ന നടപടികൾ സ്വീകരിക്കുമ്പോൾ, ആരോഗ്യ വകുപ്പ് ഒരുക്കിയ ഓക്സിജൻ പാർലറുകളിൽ വന്ന് ഓക്സിജൻ ശ്വസിച്ചിട്ട്, ഇത് പൂർത്തിയാക്കട്ടെയെന്നുപറഞ്ഞ് പിന്നെയും പോകുന്ന ഒട്ടേറെ അനുഭവങ്ങളുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഹ്രസ്വകാല, ദീർഘകാല നടപടികൾ എന്നനിലയിൽ രണ്ട് രീതിയിലാണ് സംസ്ഥാന സർക്കാർ തുടർ ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. 24 മണിക്കൂറും അടിയന്തര ചികിത്സാ സഹായം നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച്

ഞാൻ സൂചിപ്പിച്ചു. സ്പെഷ്യലിസ്റ്റ് ക്ലിനിക്കുകളും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് മെഡിക്കൽ ആൻഡ് റസ്പിറേറ്ററി സെന്ററും ആരംഭിച്ചിട്ടുണ്ട്. അവിടെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ഇന്നുരാവിലെ മൊബൈൽ ക്ലിനിക്കുകളുടെ സേവനവും ആരംഭിച്ചു. 11 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ശ്വാസ് ക്ലിനിക്കുകളുണ്ടാകും. അവിടെ സ്പൈറോമെട്രി ട്രെയിനിംഗ് ഉൾപ്പെടെ നൽകിക്കൊണ്ട് പൾമണറി ഫംഗ്ഷൻ ടെസ്റ്റ് നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, 851 ആളുകൾ ചികിത്സ തേടിയതിൽ 17 പേരാണ് ഒ.പി.-യിലുള്ളത്. കുറച്ചാളുകൾ ഡിസ്ചാർജ്ജ് ചെയ്തു പോയി. ഇതിൽ 769 പേർ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും മെഡിക്കൽ ക്യാമ്പുകളിലും ബാക്കി 82 പേർ സ്വകാര്യ ആശുപത്രികളിലുമാണ് ചികിത്സയ്ക്ക് എത്തിയിട്ടുള്ളത്. ദീർഘകാലാടിസ്ഥാനത്തിലേയ്ക്കാണ് ഈ ആരോഗ്യ സർവ്വേ നടപ്പിലാക്കുന്നത്. അതിൽ സ്ക്രീനിംഗ് ഉൾപ്പെടെയുണ്ടാകും. സംസ്ഥാനത്തെ

ഡി.എം.ഇ.-യുടെയും ഡി.എച്ച്.എസ്.-ന്റെയും നേതൃത്വത്തിലുള്ള ഉന്നത എക്സ്പെർട്ടുകളുടെ പാനലാണ് ഈ പ്രവർത്തനങ്ങളെല്ലാം ഏകോപിപ്പിക്കുന്നത്. ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആഗോളതലത്തിലെ ആരോഗ്യ വിദഗ്ദ്ധരുമായി ആരോഗ്യ വകുപ്പ് ചർച്ച നടത്തിയിരുന്നു. മന്ത്രി എന്നനിലയിൽ ഞാനും ചർച്ച നടത്തിയിരുന്നു. കൊച്ചിയിലെ ഈയൊരു സാഹചര്യത്തെ സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നിക്കരാഗ്വയിലെയും ഇക്വഡോറിലെയും സൗത്താഫ്രിക്കയിലെയും നമീബിയയിലെയും കാര്യം പറഞ്ഞുകൊണ്ടല്ല ഞങ്ങളിവിടെ നോട്ടീസ്

കൊണ്ടുവന്നത്. കൊച്ചിയിൽ മാലിന്യമലയ്ക്ക് തീ പിടിച്ച് 12 ദിവസമായി കത്തിക്കൊണ്ടിരിക്കുകയാണ്. തീ അണഞ്ഞുവെന്ന് ഇവിടെ പറയുന്നു. അവിടെനിന്നും പത്ത് മിനിട്ടുമുമ്പ് അയച്ച ചിത്രം ഇപ്പോൾ എന്റെ കയ്യിലുണ്ട്. ഇപ്പോഴും തീ പടരുകയാണ്; ശമിച്ചിട്ടില്ല, അവിടെ മുഴുവൻ വിഷപ്പുകയാണ്. നഗരത്തിൽ മാത്രമല്ല പ്രാന്തപ്രദേശങ്ങളിലും അയൽ ജില്ലകളിലും വിഷപ്പുക നിറഞ്ഞിരിക്കുകയാണ്. ഐ.എം.എ.-യുടെ പ്രസിഡന്റ്, ഡോക്ടർമാർ, ഫിസിഷ്യൻസ്, പൾമണോളജിസ്റ്റ്, കെമിക്കൽ എക്സ്പെർട്ട്, പീഡിയാട്രീഷ്യൻ ഉൾപ്പെടെയുള്ളവരുമായി ഞങ്ങൾ ഇന്നലെ യോഗം ചേർന്നു. ആ യോഗത്തിൽ ഡോക്ടർമാർ പരസ്യമായി പ്രകടിപ്പിച്ച അഭിപ്രായം ഞെട്ടലുണ്ടാക്കുന്നതാണ്. അവിടത്തെ വിഷപ്പുകയിൽ ഡയോക്സിൻ കലർന്നിട്ടുള്ളതാണ്. സാധാരണ അടുപ്പിലെ തീ ഒരു വീടുമുഴുവൻ നിറഞ്ഞാലുണ്ടാകുന്ന സ്ഥിതിയെന്തായിരിക്കും? ഇപ്പോഴും ലക്ഷക്കണക്കിന് ടൺ പ്ലാസ്റ്റിക് കത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ വീടിന്റെ പറമ്പിൽ ഒരു കിലോ പ്ലാസ്റ്റിക് കത്തിച്ചാലുണ്ടാകുന്ന അവസ്ഥയെന്താണ്? ഇവിടെ ലക്ഷക്കണക്കിന് ടൺ പ്ലാസ്റ്റിക്കാണ്

കത്തിക്കൊണ്ടിരിക്കുന്നത്. സാധാരണ പുകയല്ല, അത് മുഴുവൻ വിഷപ്പുകയാണ്. വളരെ അപകടകരമായ കാര്യമാണ്. ഹ്രസ്വകാലത്തേയ്ക്ക് കണ്ണിലെ ചൊറിച്ചിൽ, ശ്വാസം മുട്ടൽ, ചുമ, ഛർദ്ദി തുടങ്ങിയവയുണ്ടാകും. ഡോക്ടർമാർ പറഞ്ഞ ബാക്കിയുള്ള കാര്യങ്ങൾ ഞെട്ടിക്കുന്നതാണ്. ഇത് നമ്മുടെ രക്തത്തിൽ കലരുമെന്നും കാൻസർ, ഇൻഫെർട്ടിലിറ്റി, ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ ധാരാളം ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്നും നമ്മുടെ ശരീരത്തിലെ എല്ലാ അവയവങ്ങളെയും ഗുരുതരമായി ബാധിക്കുമെന്നുമാണ് പറഞ്ഞത്. അമേരിക്ക - വിയറ്റ്നാം യുദ്ധം നടന്ന സമയത്ത് കാട്ടിലൊളിച്ച വിയറ്റ്നാം പട്ടാളക്കാരെയും ജനങ്ങളെയും കണ്ടെത്താനായി ആ കാട്ടിലെ ഇലകൾ പൊഴിക്കുന്നതിനുവേണ്ടി അന്ന് അമേരിക്കൻ പട്ടാളം ചെയ്തതെന്താണെന്ന് അറിയാമോ? Agent Orange എന്ന രാസപദാർത്ഥം അവിടെയെല്ലാം വിതറി. നമ്മുടെ യുദ്ധചരിത്രത്തിലെ ഏറ്റവും സങ്കടകരവും ദുരിതപൂർണ്ണവുമായ കാലമാണത്. ആ എജന്റ് ഓറഞ്ചിലുള്ള ഡയോക്സിനാണ് ഈ വിഷപ്പുകയിലുള്ളത്. മൂന്ന് തലമുറ കഴിഞ്ഞിട്ടും ഇന്നും വിയറ്റ്നാമിലെ

ജനങ്ങൾ പ്രയാസപ്പെടുകയാണ്. എൻഡോസൾഫാന്റെ കാര്യം നമ്മൾ കണ്ടില്ലേ; എത്ര വർഷം കഴിഞ്ഞിട്ടാണ് അതിന്റെ പ്രത്യാഘാതമുണ്ടായത്? നമുക്കൊരു ആരോഗ്യ വകുപ്പുമന്ത്രിയുണ്ട്, ബെസ്റ്റ് ആരോഗ്യ വകുപ്പുമന്ത്രി. വിഷപ്പുക നിറഞ്ഞ് 10-ാം ദിവസം കൊച്ചിയിലെ ആളുകളോട് മാസ്ക് ധരിക്കണമെന്ന് ഉപദേശിച്ച ഒരു ആരോഗ്യ വകുപ്പുമന്ത്രി (......ബഹളം.......)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വഴങ്ങുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ വഴങ്ങുന്നില്ല. ഞാൻ പറയട്ടെ. ആരോഗ്യ വകുപ്പുമന്ത്രി എന്തിനാണ് ഇത്ര അസ്വസ്ഥത കാണിക്കുന്നത്? ആരോഗ്യ വകുപ്പിനെക്കുറിച്ച് ധാരാളം കാര്യങ്ങൾ പറയാനുണ്ട്. (......ബഹളം.......) കൊച്ചിയിൽ ഒരു ആരോഗ്യപ്രശ്നവുമില്ലെന്ന് മൂന്നാമത്തെ ദിവസം അവർ പറഞ്ഞു. എന്തിന്റെ അടിസ്ഥാനത്തിലാണ് കൊച്ചിയിൽ ഒരു ആരോഗ്യപ്രശ്നവുമില്ലെന്ന് ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത്. ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിക്കേണ്ട സ്ഥലമായിരുന്നു കൊച്ചി.

ശ്രീമതി വീണാ ജോർജ്: സർ, വഴങ്ങുമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ വഴങ്ങുന്നില്ല. മന്ത്രിമാർ ആർക്കും വഴങ്ങിയില്ലല്ലോ? ഞാൻ സംസാരിക്കുമ്പോൾ മന്ത്രിയെന്ന നിലയിൽ നിങ്ങൾ എഴുന്നേറ്റ് ശല്യപ്പെടുത്തുന്നത് ശരിയല്ല. അത് തെറ്റാണ്. (......ബഹളം.......) ഞാൻ പറഞ്ഞുതീരട്ടെ.

<u>മി. സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്.... അങ്ങ് അവിടെയിരിക്കണം. പ്രതിപക്ഷനേതാവ് പറഞ്ഞുതീർന്നിട്ട് സംസാരിക്കാം. പ്ലീസ്... അവിടെയിരിക്കണം. (......ബഹളം.......)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, മൂന്ന് ദിവസം കഴിഞ്ഞപ്പോൾ അവിടെ ഒരു ആരോഗ്യപ്രശ്നവുമില്ലെന്നുള്ളത് കേരളത്തിലെ ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രസ്താവനയാണ്. എന്തിന്റെ അടിസ്ഥാനത്തിൽ; എവിടെനിന്ന് കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ; ആരുമായി ചർച്ച നടത്തിയിട്ടാണ് ഇങ്ങനെ പറഞ്ഞത്? ആ നാട്ടിലെ രോഗികളും വൃദ്ധരും പ്രായമായവരുമായ ആളുകളും കുഞ്ഞുങ്ങളും പ്രശ്നവുമായി ഡോക്ടർമാരെ സമീപിക്കുമ്പോൾ കൊച്ചി വിട്ടുപോകാനാണ് പറയുന്നത്; കൊച്ചിയിൽനിന്നും മാറിത്താമസിക്കണം. ഫസ്റ്റ് അഡ്വൈസ് അതാണ്.

ഇവിടെ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു യോഗംകൂടി ഇവാക്വേഷൻ പ്ലാനിനെക്കുറിച്ച് ആലോചിച്ചല്ലോ? ഈ വിഷയത്തെ നിസ്സാരവൽക്കരിക്കാനും ലഘൂകരിക്കാനും നിങ്ങൾ നടത്തിയ ശ്രമമാണ് ഈ വിഷയം ഇത്രയും വഷളാകാൻ കാരണം. തീ കെടുത്താൻ രണ്ടാം തീയതി ഒരു പ്ലാൻ; അതേ പ്ലാൻതന്നെ നാലാം തീയതിയും ആറാം തീയതിയും. പന്ത്രണ്ടാമത്തെ ദിവസമായ ഇന്ന് ചോദിച്ചാലും രണ്ടാം തീയതിയിലെ അതേ ആക്ഷൻ പ്ലാനാണ്. കൊച്ചിയിൽ ചെയ്തതാണ് ഏറ്റവും ബെസ്റ്റ് എന്ന് ന്യൂയോർക്കിലെ ഫയർഫോഴ്സ് മേധാവി, ഡെപ്യൂട്ടി ചീഫ് മിനിഞ്ഞാന്ന് ഓൺലൈനിൽ പറഞ്ഞുവെന്ന് വാർത്ത കൊടുത്തിരിക്കുകയാണ്. എങ്ങനെയുണ്ട്? ഇനി അവിടെ കത്തിത്തീരാൻ ഒന്നുമില്ല, മുഴുവൻ കത്തട്ടെയെന്നാണ്. മുഴുവനും കത്തിച്ചു തീർക്കാനുള്ള ശ്രമമാണ്. കത്തിതീർന്നാലെ കോൺട്രാക്ടറെ സഹായിക്കാൻ കഴിയുകയുള്ളൂ. വായുവും വെള്ളവുമെല്ലാം മലിനീകരിക്കപ്പെടുകയാണ്. അവിടെ ലക്ഷക്കണക്കിന് ലിറ്റർ വെള്ളം അടിച്ചു. ആ വെള്ളം മുഴുവൻ കടമ്പ്രയാറിലേയ്ക്കാണ് ഒഴുകിവരുന്നത്. കടമ്പ്രയാറും വായുവും മുഴുവൻ

മലിനീകരിക്കപ്പെട്ടു. പരിസ്ഥിതി, മലിനീകരണ നിയന്ത്രണം എന്നിവയുടെ ചുമതലയുള്ള മന്ത്രി ആരാണെന്ന് നോക്കിയപ്പോൾ അതെല്ലാം മുഖ്യമന്ത്രിയുടെ വകുപ്പാണ്. അങ്ങയുടെ വകുപ്പുമായി ബന്ധപ്പെട്ട് അങ്ങ് എന്താണ് ചെയ്തത്? വായുവും വെള്ളവുമെല്ലാം മലിനീകരിക്കപ്പെടുന്ന, കേരളത്തിൽ ഇതുവരെയുണ്ടാകാത്ത ഏറ്റവും ഗുരുതരമായ ഒരു മലിനീകരണ പ്രശ്നമാണ്. എന്നിട്ട് എന്ത് ആക്ഷനാണ് എടുത്തത്? ഇത്രയും ഗുരുതരമായ വിഷവാതകം പടർന്നിട്ട്, ഈ വിഷവാതകമുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെന്താണെന്ന് ഏതെങ്കിലുമൊരു ഏജൻസിയെവച്ച് നിങ്ങൾ അന്വേഷിപ്പിച്ചോ; പന്ത്രണ്ട് ദിവസമായില്ലേ? നമ്മുടെ നാട്ടിൽ എത്രയോ വിദഗ്ദ്ധരായ ആളുകളുണ്ട്? ഇതുണ്ടാക്കാവുന്ന ഏറ്റവും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ഏതെങ്കിലും വിദഗ്ദ്ധരായിട്ടുള്ള ഒരു ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിച്ചോ? ഇതിന്റെ ഭവിഷ്യത്തിനെക്കുറിച്ച് എല്ലാ ഡോക്ടർമാരും ചാനൽ ചർച്ചകളിലും യോഗങ്ങളിലും പരസ്യമായി പറഞ്ഞു. ഞങ്ങൾ ഇന്നലെ എല്ലാവരുടെയും മുമ്പിൽവച്ച് പരസ്യമായി യോഗം കൂടിയതാണ്. ഇത് എല്ലാ അവയവങ്ങളെയും ബാധിക്കുമെന്നും ഇത്

ഭീദിതമായ പ്രശ്നമുണ്ടാക്കുമെന്നും ഭാവിയിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുമെന്നും എല്ലാ ഡോക്ടർമാരും പറഞ്ഞു. ഇത് ആരെയും പേടിപ്പിക്കാൻ പറയുന്നതല്ല. ഡോക്ടർമാർ പറയുന്നതല്ലേ? ഞങ്ങൾ അവർ പറഞ്ഞ കാര്യം ക്വാട്ട് ചെയ്യുകയാണ്. നമുക്കറിയില്ലല്ലോ, നമുക്ക് മെഡിക്കൽ നോളജ് ഇല്ലല്ലോ? ഇത് എല്ലാ അവയവങ്ങളെയും ബാധിക്കുമെന്നും രക്തത്തിൽ കലരുമെന്നുമൊക്കെ പൾമണോളജിസ്റ്റ്, ഫിസിഷ്യൻ അടക്കമുള്ള എക്സ്പെർട്ടുകളായ ഡോക്ടർമാരാണ് പറഞ്ഞത്. ഇത് വെള്ളത്തിൽ ഒഴുകിപ്പോയാൽ മത്സ്യങ്ങൾ ഭക്ഷിക്കും. ജനങ്ങൾ ആ മത്സ്യം കഴിച്ചാൽ അപകടത്തിലേയ്ക്കെത്തും. ഇത് മണ്ണിൽ കലർന്നാൽ പച്ചക്കറികളിൽ ബാധിക്കും. അടുത്ത മഴ പെയ്യുമ്പോൾ ഇത് മണ്ണിലേയ്ക്ക് ലയിക്കുകയാണ്. അവിടെ ഗുരുതരമായ പ്രശ്നമാണ്. നിങ്ങളെത്ര നിസ്സാരമായാണ് ഇതിനെ നേരിട്ടത്; ആളുകളെ ഭയപ്പെടുത്താതെ ഒരു ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് നടപടികൾ സ്വീകരിക്കണം.

**11.00 a.m.]**

രണ്ട് ഓക്സിജൻ പാർലർ തുടങ്ങിയാൽ നിങ്ങളുടെ ജോലി തീർന്നോ? നിങ്ങൾ വടവുകോട്ടും ബ്രഹ്മപുരവും ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ആറോ ഏഴോ മെഡിക്കൽ ക്യാമ്പ് മാത്രമാണ് നടത്തിയത്. ബാക്കിയുള്ള എത്രയോ സ്ഥലങ്ങളിലും എത്രയോ ഗ്രാമങ്ങളിലുമുള്ള എത്രയോ ആളുകൾ ഗുരുതരമായ അവസ്ഥയിൽ ഐ.സി.യു.-വിലുണ്ടെന്ന് അറിയാമോ? ഒന്നാമത്, ഇത് പോസ്റ്റ് പാൻഡമിക് കാലഘട്ടമാണ്. കോവിഡ് ഉണ്ടാക്കിയ ദുരന്തങ്ങൾ വേറെയുമുണ്ട്. ആളുകളുടെ ശ്വാസകോശവും ഹൃദയവുമെല്ലാം പ്രശ്നമായി നിൽക്കുകയാണ്. ആളുകൾക്ക് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉള്ള സമയത്താണ് ഈ ദുരന്തംകൂടി നമ്മുടെ തലയിൽ വരുന്നത്. എന്നിട്ട് ഇതിനെ വളരെ ലളിതമായാണ് ഗവൺമെന്റ് നേരിടുന്നത്. ഇവിടെ നാവികസേന വന്നിട്ട് എന്താണ് ചെയ്തത്? ഫയർ ഫോഴ്സിനെ കൂടാതെ അഡീഷണലായി വന്ന നാവികസേന 750 ലിറ്റർ വെള്ളമാണ് ഒരു സമയത്ത് കുടയുന്നത്. 750 ലിറ്റർ വെള്ളം; നാവികസേന ചെയ്തത് അതുമാത്രമാണ്. അത്രയേ അവരെക്കൊണ്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. അതിനെക്കുറിച്ച് നിങ്ങൾ വേറെ എന്തെങ്കിലും ഓപ്ഷനോ സാദ്ധ്യതകളോ പരിശോധിച്ചോ?

ഇത് taken for granted ആയിരുന്നു..... കത്തിക്കോട്ടെ.... ഈ വിഷയത്തിൽ ഗവൺമെന്റാണ് തീരുമാനമെടുക്കേണ്ടത്. എന്ത് crisis management ആണ് ഉണ്ടായിരുന്നത്? ഞങ്ങളല്ല, നിങ്ങളാണ് crisis management ചെയ്യേണ്ടത്; ഞങ്ങളല്ല ഭരിക്കുന്നത്, നിങ്ങളല്ലേ ഭരിക്കുന്നത്. ആ സാഹചര്യം മറികടക്കാനുള്ള തീരുമാനങ്ങൾ നിങ്ങളാണ് എടുക്കേണ്ടത്. രണ്ടാം തീയതി പറഞ്ഞ കാര്യം തന്നെയാണ് 12 ദിവസം കഴിഞ്ഞപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്. ഒരു crisis management-ഉം കണ്ടില്ല. ഞങ്ങളെല്ലാം അവിടെ ജീവിക്കുന്നവരല്ലേ. ഞങ്ങൾക്ക് ഒരു അനാഥത്വം തോന്നി. ആരോടാണ് ചോദിക്കേണ്ടത്, ആർക്കായിരുന്നു ഉത്തരവാദിത്വം; ഒരാൾക്കുമുണ്ടായിരുന്നില്ല. ജില്ലാഭരണകൂടത്തിന് ഉണ്ടായിരുന്നില്ല, സർക്കാരിനുണ്ടായിരുന്നില്ല. ആരോടും ചോദിച്ച് എന്താണ് സംഭവിക്കുന്നതെന്ന് അറിയാനുള്ള സാഹചര്യംപോലുമുണ്ടായില്ല. ഒരു സംഭവം നടന്നാൽ ആർക്കാണ് accountability; ആർക്കാണ് ഇതിന്റെ ഉത്തരവാദിത്വം; ആർക്കുമില്ല; എല്ലാവരും കൈകഴുകുകയാണ്.

ഇവിടെ, മാലിന്യമല രൂപപ്പെടുത്തിയത് യു.ഡി.എഫ്. ആണെന്ന് പറഞ്ഞു. അന്ന് കോർപ്പറേഷനിലെ ഡെപ്യൂട്ടി മേയറായിരുന്ന യു.ഡി.എഫ്.-ന്റെ ശ്രീ. ടി. ജെ. വിനോദ് ഉൾപ്പെടെയുള്ളവർ legacy waste-നെ നീക്കാനുള്ള നടപടിക്രമങ്ങൾ ശ്രീ. ടോണി ചമ്മിണി ചെയർമാനായിരിക്കുമ്പോൾതന്നെ തുടങ്ങിയിരുന്നു. 2013-ൽ മാലിന്യപ്ലാന്റുകൾ ഏറ്റവും നന്നായി കൈകാര്യം ചെയ്യുന്നതിനുള്ള അവാർഡും അവർക്ക് കിട്ടിയിട്ടുണ്ട്. അതിനുശേഷം ഈ പ്ലാന്റ് വളരെ ദുർബ്ബലമായിപ്പോയി. ആ ബിൽഡിംഗ് എപ്പോൾ വേണമെങ്കിലും ഇടിഞ്ഞുവീഴുമെന്ന് 2009-ൽ ഞാൻ സമിതിയംഗമായിരുന്ന നിയമസഭയുടെ പരിസ്ഥിതി സമിതി പറഞ്ഞിട്ടുണ്ട്. ആ ബിൽഡിംഗിന്റെ അവസ്ഥ അത്ര മോശമായിരുന്നു; ആ പ്ലാന്റ് ഒന്നും ചെയ്യാൻ കഴിയാത്ത സ്ഥിതിയായി. അതുകഴിഞ്ഞ് legacy waste കൂടിക്കഴിഞ്ഞപ്പോൾ അത് നീക്കം ചെയ്യാനുള്ള നടപടികളുമായി ഇവരുടെ ഭരണം മുന്നോട്ടുപോയി. അന്ന് പ്രതിപക്ഷം ഇത് പാടില്ലായെന്നുപറഞ്ഞ് ശക്തമായി എതിർക്കുകയായിരുന്നു. കൃത്യം മൂന്നുകൊല്ലം മുമ്പ് 05-03-2020-ൽ ഒരു ഗവൺമെന്റ് ഉത്തരവിറങ്ങി; ആ

ഉത്തരവ് കൂടി കേൾക്കണം. അതിൽ പറയുന്നത്, "In the above circumstances, the committee decided that Government in LSG Department shall take over the task of scientific management of the legacy waste accumulated at Brahmapuram waste dumping yard from the Corporation of Kochi by invoking the provision under Section 24(e) of Disaster Management Act, 2005." എന്നാണ്. 2020 മാർച്ച് മാസത്തിൽ Disaster Management Act ഉപയോഗിച്ച് ഗവൺമെന്റ് ഇത് കോർപ്പറേഷനിൽനിന്ന് മുഴുവനും take over ചെയ്തു. ഇതിൽ വീണ്ടും പറയുന്നത്, "Government have examined the matter in detail and are pleased to order that the task of scientific management of the legacy waste accumulated at Brahmapuram waste dumping yard will henceforth be under the supervision of Government in Local Self Government Department and the work will be carried out under the provision of Section 24(e) of Disaster Management Act 2005. The tender process initiated by the Corporation of Kochi to dispose the legacy waste is hereby cancelled."എന്നാണ്. കൊച്ചി

കോർപ്പറേഷനിൽ നിന്നും legacy waste മാറ്റാനുള്ള ടെണ്ടർ നടപടികൾ മുഴുവൻ റദ്ദാക്കിക്കൊണ്ട് ഗവൺമെന്റ് ഓർഡറിട്ടു. മൂന്നുകൊല്ലം മുൻപ് LSGD ഇത് take over ചെയ്തു. ഈ legacy waste നീക്കം ചെയ്യേണ്ടത്, It is the responsibility of the Local Self Government. അതിനുപകരം ഇവർ ഈ കരാറുകാരനെ കൊണ്ടുവന്നു. ലോകമെമ്പാടുമുള്ള രാജ്യങ്ങളിലും ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലുമൊക്കെ പ്രവർത്തിക്കുന്ന ഈ കരാറുകാരന് ഇത്രയും നല്ലൊരു വക്താവിനെ ഈ മന്ത്രിയല്ലാതെ വേറെ കിട്ടില്ല. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഒരു ടെണ്ടർ പ്രോസസ്സിന് പോകുമ്പോൾ ഒരാൾ കമ്പനിക്കുവേണ്ടി എപ്രകാരമാണോ പ്രസന്റേഷൻ നടത്തുന്നത്, അതുപോലെയായിരുന്നു ഇന്നലെ മന്ത്രി ഇവിടെ പ്രസന്റേഷൻ നടത്തിയത്. വലിയ കമ്പനി; ഉദയ്പൂറിൽ, കോൺഗ്രസ്സ് പ്ലീനറി സമ്മേളനം നടത്തുന്ന റായ്പൂരിൽ, കർണ്ണാടകയിലെ ബാംഗ്ലൂരിൽ, ബോംബെയിൽ തുടങ്ങി ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ മുഖ്യമന്ത്രിമാർ വന്ന് ക്ഷണിച്ചുകൊണ്ടുപോയി മാലിന്യങ്ങൾ നീക്കാൻ ശ്രമിക്കുന്ന കമ്പനി എന്നൊക്കെയാണ് പറഞ്ഞിരുന്നത്. ടെണ്ടർ

വന്നപ്പോൾ പ്രീവിയസ് വർക്ക് 10 കോടി രൂപയുണ്ടായിരിക്കണമെന്നാണ് കൊച്ചി കോർപ്പറേഷൻ നിബന്ധന വച്ചത്. 10 കോടി രൂപയുടെ വർക്കെങ്കിലും ചെയ്തവർക്കേ ഇവിടത്തെ വർക്ക് കൊടുക്കാൻ സാധിക്കുകയുള്ളൂവെന്നാണ്. ഈ കമ്പനി ആദ്യം കൊടുത്ത റേറ്റ് എത്രയാണെന്നറിയാമോ? Total contract value 8 കോടി 56 ലക്ഷം രൂപയുടേത്. തിരുനെൽവേലി കോർപ്പറേഷനിലെ total contract value 8 കോടി 56 ലക്ഷം രൂപയുടേതാണെന്നാണ് അവിടത്തെ കമ്മീഷണർ എഴുതി കൊടുത്തിരിക്കുന്നത്. ഈ റേറ്റ് പറ്റില്ലെന്ന് മനസ്സിലായപ്പോൾ അവർ രണ്ടാമത് പോയി ലെറ്റർ സംഘടിപ്പിച്ചു. അവർ അതിലെ എ.എം.സി. (ആന്വൽ മെയിന്റനൻസ് കരാർ) കൂടി കൂട്ടിയശേഷം തിരുനെൽവേലി കോർപ്പറേഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറെ കൈകാര്യം ചെയ്ത് പത്തു കോടി മൂന്ന് ലക്ഷം രൂപയുടെ ഈ പേപ്പർ രണ്ടാമതും കൊണ്ടുവന്നു. ഈ രണ്ട് പേപ്പർ കൊണ്ടുവരുമ്പോൾത്തന്നെ അറിയില്ലേ? ലോകം മുഴുവൻ വർക്ക് ചെയ്യുന്ന ഈ മഹാകമ്പനി, ഇതുവരെ പത്തു കോടി രൂപയുടെ പ്രീവിയസ് വർക്കുപോലും ചെയ്യാത്തൊരു കമ്പനിയാണെന്ന്. കൂടാതെ, അവർക്ക് വർക്ക്

കിട്ടാത്തതിന്റെ മറ്റൊരു കാര്യംകൂടി അറിഞ്ഞോളൂ; അവർക്ക് മുമ്പൊരു ജർമ്മൻ കമ്പനിയുമായി കൊളാബറേഷൻ ഉണ്ടായിരുന്നു. അതിന്റെ സ്ഥിതി എന്താണെന്നറിയാമോ? ആ ജർമ്മൻ കമ്പനിയെ കബളിപ്പിച്ചതിന് 2.5 മില്യൻ യൂറോ അവർ ഇവർക്കെതിരെ sue ചെയ്തിരിക്കുകയാണ്. ജർമ്മൻ അംബാസിഡർ ബാംഗ്ലൂർ സിറ്റി പോലീസ് കമ്മീഷണറോട് സംസാരിച്ചിട്ടാണ് ഈ കമ്പനിക്കെതിരെ കംപ്ലയിന്റ് കൊടുത്തിരിക്കുന്നത്. ഇത്രയും വലിയ കമ്പനിയെ കണ്ണൂരിലെ കോർപ്പറേഷനും കൊല്ലത്ത് നിങ്ങൾ ഭരിക്കുന്ന കോർപ്പറേഷനും ക്യാൻസൽ ചെയ്തു. കോഴിക്കോട് അവർ ചെയ്തുകൊണ്ടിരിക്കുന്ന കാര്യം എന്താണെന്നറിയാമല്ലോ; 30 ദിവസത്തിനകം ഈ വേസ്റ്റ് മാറ്റേണ്ടതായി വരും. അതിനുവേണ്ടി നിങ്ങൾ അവർക്ക് വീണ്ടും 6 മാസം നീട്ടികൊടുത്തു. പെനാൽറ്റിയായി പത്തുലക്ഷം രൂപ വച്ച് കൊടുക്കണം; 60 ലക്ഷം രൂപയുടെ സൗകര്യം കൂടി കൊടുത്തു. അവർക്ക് ആദ്യം 11 കോടി രൂപ വേസ്റ്റ് നീക്കാനായി അഡ്വാൻസ് മൊബിലൈസേഷനായി കൊടുത്തു. 11 കോടി രൂപ, 7 കോടി രൂപ, 4 കോടി രൂപ ഈ രീതിയിലാണ് തുക കൊടുത്തത്. എന്നാൽ, സാധനം മാത്രം

പോകുന്നില്ല; സാധനം അവിടെത്തന്നെ കിടക്കുകയാണ്. ഇപ്പോൾ അതിന്റെ കാലാവധി കഴിയും; അപ്പോൾ വീണ്ടും പരിശോധനയ്ക്ക് പോകും. 22 കോടി രൂപ വാങ്ങിയ കമ്പനി ഒന്നും അവിടെ ചെയ്തിട്ടില്ലെന്ന് പരിശോധനയ്ക്ക് ചെല്ലുമ്പോൾ വ്യക്തമാകില്ലേ? അതുകൊണ്ട് ഈ മാലിന്യ കൂമ്പാരത്തെ അവർ പെട്രോൾ ഒഴിച്ച് കത്തിച്ചതാണ്. (......ബഹളം.....) എന്നിട്ടാണ് ആ കമ്പനിയെ ന്യായീകരിക്കുന്നത്. ആ കമ്പനിയെയാണ് ന്യായീകരിക്കുന്നത്. അവർ കൊള്ളക്കാരാണ്. ഈ കമ്പനി മാലിന്യ കൂമ്പാരത്തെ പെട്രോൾ ഒഴിച്ച് കത്തിച്ചതാണ്. അവിടെ പോയി ഏതെങ്കിലും ഫയർ ഫോഴ്സുകാരനോട് ചോദിക്കൂ അത് സ്വാഭാവികമായ തീയാണോ പെട്രോൾ ഒഴിച്ച് കത്തിച്ച തീയാണോ എന്ന്. ഇത് സ്വാഭാവികമായ തീ ആണെങ്കിൽ, ആ ഭാഗത്തെ മാത്രം മാറ്റി മറ്റ് ഭാഗത്തെ സെപ്പറേറ്റ് ചെയ്യാൻ സാധിക്കുമായിരുന്നു. അങ്ങനെയാണ് നേരത്തെ കോർപ്പറേഷൻ അത് കൺട്രോൾ ചെയ്തിരുന്നത്. എന്നാൽ ഇവിടെ മറ്റ് ഭാഗത്തെ സെപ്പറേറ്റ് ചെയ്യാൻ കഴിയില്ല. കാരണം എല്ലായിടത്തും തീ കൊളുത്തിയിരിക്കുകയാണ്. ഇതുമുഴുവൻ കത്തി തീർന്നാൽ എന്താണ് കണക്ക്? ഇപ്പോൾ തന്നെ ഒരു

കണക്കില്ല. 5,75,000 ടൺ വേസ്റ്റുണ്ടെന്നാണ് കണക്ക്. ഇത് തെറ്റായ കണക്കാണ്. ഇപ്പോൾ എത്ര റിമൂവ് ചെയ്തുവെന്ന് ചോദിച്ചാൽ ഞങ്ങളെല്ലാം റിമൂവ് ചെയ്തിരുന്നുവെന്നും ബാക്കി അഞ്ച് ടൺ വേസ്റ്റ് മാത്രമെ മാറ്റാൻ ഉണ്ടായിരുന്നുള്ളുവെന്നും ആ അഞ്ച് ടൺ വേസ്റ്റാണ് കത്തിയതെന്നുമായിരിക്കും മറുപടിയായി അവർ പറയാൻ പോകുന്നത്. ഇത് അഴിമതിക്ക് കുട പിടിച്ചുകൊടുക്കുകയാണ്....(ബഹളം)...ഇത്രയും വലിയൊരു കൊള്ള നടന്നിട്ട് ഒരു അന്വേഷണം നടത്തിയോ? ഈ സംഭവം നടന്നിട്ട് പന്ത്രണ്ട് ദിവസമായി. ഇന്നലെ ചോദിച്ചപ്പോഴും കൊച്ചി കമ്മീഷണർ അന്വേഷിക്കുകയാണെന്ന് പറഞ്ഞു. പന്ത്രണ്ട് ദിവസമായി ഒരു പ്രിലിമിനറി റിപ്പോർട്ടുപോലും കിട്ടിയിട്ടില്ല. നിങ്ങൾ അന്വേഷിക്കില്ല, നിങ്ങൾക്ക് വേണ്ടപ്പെട്ടവരാണ്, നിങ്ങൾക്ക് അവരെ ചേർത്തുനിർത്തണം, നിങ്ങൾക്ക് അവരെ സംരക്ഷിക്കണം. അതിനുവേണ്ടി പന്ത്രണ്ട് ദിവസമായി ഒരു പ്രിലിമിനറി എൻക്വയറിപോലും നടത്താതെ നിയമസഭയിൽ വന്ന് ഉത്തരവാദിത്വമുള്ള എൽ.എസ്.ജി.ഡി. മന്ത്രി കരാറുകാരുടെ; തീ കൊളുത്തിയ കരാറുകാരുടെ വക്താവായി മാറി....(ബഹളം)...

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, വ്യക്തിപരമായ ആക്ഷേപമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിക്കുന്നത്. അദ്ദേഹത്തിന്റെ പാർട്ടി നഗരസഭ ഭരിക്കുന്ന സമയത്ത് 23 തവണ ലെഗസി വേസ്റ്റ് ക്ലിയർ ചെയ്യാനുള്ള നടപടികൾക്കായി അജണ്ട മാറ്റി വച്ചു. ആ സാഹചര്യത്തിലാണ് ദുരന്ത നിവാരണ നിയമപ്രകാരം സംസ്ഥാന സർക്കാർ ഇടപെട്ടത്.

മി. സ്പീക്കർ: അത് പരിശോധിക്കാം.+

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ പ്ലക്കാർഡുകൾ പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. എം. ബി. രാജേഷ്: സർ, ഈ ആക്ഷേപം ഉന്നയിച്ചപ്പോൾ അദ്ദേഹത്തോട് രണ്ട് മണിക്കൂർ സമയം ഞങ്ങൾ ചോദിച്ചു. ആ സമയത്ത് ഇങ്ങനെയൊരു ആക്ഷേപം പറഞ്ഞിട്ടില്ല. അടിസ്ഥാനരഹിതമായ, വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് പ്രതിപക്ഷ നേതാവ് വഴങ്ങാൻ തയ്യാറാകാത്തത്.

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 4230/ഇ.ബി. /2023/നി.സെ. തീയതി 14-03-2023) രേഖയിൽ നിലനിർത്തി.

അദ്ദേഹം പറയുന്ന വസ്തുതാവിരുദ്ധമായ കാര്യങ്ങളെ ചോദ്യം ചെയ്താൽ ഉത്തരം മുട്ടുമെന്നതുകൊണ്ടാണ് അദ്ദേഹം വഴങ്ങാൻ തയ്യാറാകാതെ, ഏകപക്ഷീയമായി അടിസ്ഥാനരഹിതമായ ആരോപണങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ഫ്ലോർ ഓർഡറാക്കണം. അല്ലാതെ മൈക്ക് തരാൻ സാധിക്കുകയില്ല. അങ്ങയുടെ അംഗങ്ങളെ സീറ്റിൽ ഇരുത്തൂ. മൈക്ക് തരാം. .... (ബഹളം)..

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു.)

## IV ശ്രദ്ധക്ഷണിക്കൽ

### (1) കേന്ദ്രപദ്ധതി തൊഴിലാളികളുടെ വേതന പ്രശ്നങ്ങൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേന്ദ്രസ്കീമിന്റെ ഭാഗമായി ആശാ, അങ്കണവാടി, സ്കൂൾ ഹെൽത്ത് നഴ്സ്, സ്കൂൾ ഉച്ചഭക്ഷണം പാകം ചെയ്യൽ, നാഷണൽ ആയുഷ് മിഷൻ, ക്രഷ്, തൊഴിലുറപ്പ് തുടങ്ങിയ മേഖലകളിൽ ഓരോന്നിലും ആയിരക്കണക്കിന് തൊഴിലാളികൾ ജോലി

ചെയ്തുവരികയാണ്. അഭ്യസ്തവിദ്യരും തൊഴിൽ വൈദഗ്ധ്യമുള്ളവരുമാണ് ഈ മേഖലകളിൽ മതിയായ പരിരക്ഷയില്ലാതെ ജോലി ചെയ്തുവരുന്നത്. കേരളത്തിൽ 26,448 സ്ത്രീകൾ ആശാവർക്കർമാരായി ജോലി ചെയ്തുവരുന്നു. സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചു നൽകിയ ഓണറേറിയം ഉൾപ്പെടെ 6000/- രൂപയാണ് അവരുടെ ഒരു മാസത്തെ വേതനം. 62 വയസ്സിൽ പിരിയുമ്പോൾ പെൻഷൻ നൽകുന്നതിനുള്ള നടപടികളും ഇതിന്റെ ഭാഗമായി സ്വീകരിക്കേണ്ടതുണ്ട്. അങ്കണവാടി മേഖലയിൽ വർക്കർമാരും ഹെൽപ്പർമാരുമായി 66,101 തൊഴിലാളികൾ ജോലി ചെയ്യുന്നു. വർക്കർമാർക്ക് 12,000/- രൂപയും ഹെൽപ്പർമാർക്ക് 8,000/- രൂപയുമാണ് ഒരു മാസത്തെ വേതനം. 2016-നുശേഷം ഓണറേറിയത്തിൽ വർദ്ധനവുണ്ടായിട്ടില്ല. 2021-22 വർഷത്തെ ബഡ്ജറ്റിൽ പത്ത് വർഷം വരെ ജോലി ചെയ്തവർക്ക് 1,000/- രൂപയും പത്ത് വർഷത്തിൽ താഴെ 500/- രൂപയും വർദ്ധിപ്പിച്ചു നൽകണമെന്ന തീരുമാനം നടപ്പിലായിട്ടില്ല.

സ്കൂൾ ഹെൽത്ത് നഴ്സ്, നാഷണൽ ആയുഷ് മിഷൻ എന്നീ പദ്ധതികളുടെ ഭാഗമായി തൊഴിലാളികൾ ജോലി ചെയ്തുവരുന്നു. സോഷ്യൽ ഓഡിറ്റർമാർ

എന്ന നിലയിലും ഒരു വിഭാഗം ജോലി ചെയ്തുവരുന്നു. തൊഴിലുറപ്പ് പദ്ധതിപ്രകാരം കേന്ദ്രസർക്കാർ ബഡ്ജറ്റ് വിഹിതത്തിൽ തുടർച്ചയായി ഗണ്യമായ നിലയിൽ കുറവ് വരുത്തുകയാണ്. തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. തൊഴിലാളികൾക്ക് കൂലി ഇപ്പോൾ ഒരു ദിവസം 311/- രൂപയാണ് ലഭിച്ചുവരുന്നത്. ഈ തുകയും ജീവിത ചെലവിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിക്കേണ്ടതുണ്ട്.

മൂന്ന് വയസ്സിനുതാഴെ പ്രായമുള്ള കുട്ടികളെ പരിചരിക്കാൻ കേന്ദ്രപദ്ധതിയുടെ ഭാഗമായി ക്രഷ് പ്രവർത്തിച്ചുവരുന്നുണ്ട്. ഇവിടെ ജോലി ചെയ്യുന്നവർക്ക് 10 മാസമായി ഓണറേറിയം നൽകിയിട്ടില്ല. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകണം.

സ്കൂൾ പാചക തൊഴിലാളികളിൽ 250 വിദ്യാർത്ഥികൾക്ക് ഒരു തൊഴിലാളി എന്ന നിലയിൽ നിജപ്പെടുത്തണം. കൂടുതൽ വിദ്യാർത്ഥികളുള്ള സ്കൂളുകളിൽ കൂടുതൽ തൊഴിലാളികളെ വച്ച് ജോലി ചെയ്യിപ്പിക്കാൻ നിർബന്ധിതരാകുന്നു. കൂലിയിൽ പരിഷ്കരണം വരുത്തണം. കൂലി അതത് മാസം തന്നെ നൽകാൻ നടപടി സ്വീകരിക്കണം. കേന്ദ്ര പദ്ധതികളുടെ

ഭാഗമായി ജോലി ചെയ്തുവരുന്ന തൊഴിലാളികൾക്ക് കഴിയാവുന്നത്ര പരിഗണന സംസ്ഥാനത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നൽകിവരുന്നുണ്ട്. തൊഴിലാളികൾക്ക് ജോലി നിർണ്ണയിക്കുമ്പോൾ കൂടുതൽ ജോലി ഭാരം ഉദ്യോഗസ്ഥർ തൊഴിലാളികളുടെമേൽ അടിച്ചേൽപ്പിക്കുകയാണ്. പദ്ധതി മേഖലയിൽ സ്ത്രീകളാണ് കൂടുതലും ജോലി ചെയ്തുവരുന്നത്. ജോലി ചെയ്തുവരുന്നവരുടെ അദ്ധ്വാനഭാരം ഉത്തരവാദപ്പെട്ടവർ കണക്കിലെടുക്കുന്നില്ല. സമയനിഷ്ഠയില്ലാത്ത ജോലിയും പുതിയ ഉത്തരവാദിത്വവും തൊഴിലാളികൾക്ക് വലിയ തോതിൽ പ്രയാസമുണ്ടാക്കുന്നുണ്ട്. മിനിമം കൂലിയിലും സാമൂഹ്യക്ഷേമ നടപടികളിലും കേരളം കൈവരിച്ച നേട്ടം പരിഗണിക്കണം. ഇപ്പോഴും തൊഴിലാളികളുടെ സംരക്ഷണത്തിൽ കേരളം മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. കേന്ദ്രസ്കീമിന്റെ ഭാഗമായവരും സംസ്ഥാന സർക്കാരിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്നവരുമായ തൊഴിലാളികളുടെ ജീവിത പ്രയാസങ്ങൾ കണക്കിലെടുത്തും മഹാഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളാണെന്ന പരിഗണന നൽകിയും മതിയായ ഓണറേറിയവും

മറ്റാനുകൂല്യങ്ങളും നൽകാൻ സംസ്ഥാന സർക്കാർ മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(പ്രതിപക്ഷം സ്പീക്കറുടെ ഡയസിന് മുന്നിൽ വന്ന് ബഹളം തുടർന്നുകൊണ്ടിരുന്നു.)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, നമ്മുടെ സഭയുടെ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള രീതികളാണ് നടന്നുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കറെ മറയ്ക്കുന്നു, എന്നുമാത്രമല്ല, ഒരു ചാനലിന്റെ മുദ്രാവാക്യം പോലും എഴുതിയിട്ടുണ്ട്. ബാക്കി ചാനലുകളൊക്കെ ഇല്ലേ; അങ്ങനെ ചെയ്യുന്നത് ശരിയല്ല.

ആശാ പദ്ധതിയെ സംബന്ധിച്ച് ആദ്യം പറയാം. കേരളത്തിൽ 2007 മുതൽ ആശാ പദ്ധതി നടപ്പാക്കിവരുന്നു. നിലവിൽ 21,694 പേർ ഗ്രാമപ്രദേശങ്ങളിലും 4,205 പേർ നഗര പ്രദേശങ്ങളിലും 549 പേർ ട്രൈബൽ മേഖലകളിലുമായി ആകെ 26448 പേർ പ്രവർത്തിച്ചുവരുന്നു. കേന്ദ്രസർക്കാർ എൻ.എച്ച്.എം. വഴി നൽകുന്ന 2,000/- രൂപ പ്രതിമാസ ഇൻസെന്റീവും എൻ.എച്ച്.എം. വഴി വിവിധ പദ്ധതികൾ നിർവ്വഹിക്കുന്ന ഇൻസെന്റീവും സംസ്ഥാന സർക്കാർ മാസംതോറും നൽകുന്ന 6,000/- രൂപ ഓണറേറിയവുമാണ് ഇവർക്ക് നൽകികൊണ്ടിരിക്കുന്നത്. കോവിഡ്

പ്രവർത്തനങ്ങൾക്ക് മാസംതോറും 1,000/- രൂപ വീതം 2021 മാർച്ച് വരെ നൽകിയിരുന്നു. കൂടാതെ ആശാ പ്രവർത്തകർ ചെയ്യുന്ന ജോലിക്കനുസരിച്ച് വിവിധ പദ്ധതികളിൽനിന്നും മറ്റ് ഇൻസെന്റീവുകളും ലഭിക്കുന്നുണ്ട്. ആശാ പ്രവർത്തകർക്ക് നൽകുന്ന ഇൻസെന്റീവ് കേന്ദ്രസർക്കാരിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ലഭ്യമാകുന്നതും വിതരണം ചെയ്യുന്നതും. 2022 ഏപ്രിൽ മുതൽ ആശാ പ്രവർത്തകർക്ക് പ്രതിമാസം 200 രൂപ ടെലഫോൺ അലവൻസായി നൽകുന്നുണ്ട്. നിലവിൽ ആശാ പ്രവർത്തകർക്ക് രണ്ടുമാസത്തെ ഓണറേറിയം അനുവദിക്കുന്ന രീതിക്കുപകരം മൂന്നുമാസത്തെ ഓണറേറിയം നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഭരണവകുപ്പിൽനിന്നും വിനിയോഗ സർട്ടിഫിക്കറ്റ് സഹിതം ലഭ്യമാക്കുന്നമുറയ്ക്ക് കാലതാമസം വരുത്താതെ നാളിതുവരെ ആശാ പ്രവർത്തകർക്ക് ഓണറേറിയം വിതരണം ചെയ്യുന്നതിനായി ധനകാര്യ വകുപ്പിൽനിന്നും തുക അനുവദിക്കാറുണ്ട്. 2023 ഫെബ്രുവരി വരെയുള്ള ഓണറേറിയം വിതരണം ചെയ്യുന്നതിനുള്ള തുകയെന്ന നിലയിൽ ആകെ 184.34 കോടി രൂപ ധനകാര്യ വകുപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്.

എൻ.എച്ച്.എം. വഴി സ്കൂൾ ഹെൽത്ത് നഴ്സിനെ നിയമിച്ചിട്ടുണ്ട്. തൽസമയം ആയിരത്തിലധികംപേർ സേവനമനുഷ്ഠിക്കുന്നു. ഇവർക്കായുള്ള ശമ്പളം കേന്ദ്രസർക്കാർ എൻ.എച്ച്.എം. വഴി നൽകിവരുന്നു. കാലാകാലങ്ങളായി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുന്നപ്രകാരമാണ് എൻ.എച്ച്.എം. സ്റ്റാഫിന് ശമ്പള വർദ്ധനവ് നൽകുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ആയുഷ് മിഷൻ മുഖേന സംസ്ഥാനത്ത് 1500 ഓളം ജീവനക്കാർ നിലവിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. നാഷണൽ ആയുഷ് മിഷന്റെ ഓപ്പറേഷണൽ ഗൈഡ്‌ലൈൻസ് പ്രകാരം അനുവദനീയമായ 5 ശതമാനം വാർഷിക ശമ്പള വർദ്ധനവ് ഈ സാമ്പത്തിക വർഷവും എല്ലാ ജീവനക്കാർക്കും അനുവദിച്ചിട്ടുണ്ട്. നാഷണൽ ആയുഷ് മിഷനിലെ എല്ലാ വിഭാഗം ജീവനക്കാർക്കും കുടിശ്ശികയില്ലാതെ ശമ്പളം കൃത്യമായി വിതരണം ചെയ്യുന്നുണ്ട്. ദേശീയാടിസ്ഥാനത്തിൽ നടക്കുന്ന പദ്ധതിയായതിനാൽ സംസ്ഥാനത്തിന്റെ മിനിമം വേതന ഉത്തരവനുസരിച്ചുള്ള ശമ്പള വർദ്ധനവ് നടപ്പിലാക്കുന്നതിന് പരിമിതികളുണ്ട്.

സ്കൂൾ പാചകത്തൊഴിലാളികൾ കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ വരുന്നവരാണ്. 01-04-2021-ൽ പ്രാബല്യത്തിൽവന്ന പാചകത്തൊഴിലാളികൾക്ക് നൽകികൊണ്ടിരിക്കുന്ന ഓണറേറിയം 600 മുതൽ 675 രൂപ വരെയാണ്. സ്കൂൾ ഉച്ചഭക്ഷണ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 567.64 കോടി രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. സ്കൂൾ പാചകത്തൊഴിലാളികൾക്ക് ഓണറേറിയം ഉൾപ്പെടെയുള്ള ചെലവുകൾക്കാണ് ഈ തുക വിനിയോഗിക്കുന്നത്. പ്രസ്തുത പദ്ധതിക്കായുള്ള കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുമാത്രമാണ് ഇതുവരെ ലഭ്യമായത്. കേന്ദ്ര വിഹിതം ലഭിക്കാത്തതിന്റെ സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിലും സാധാരണക്കാരായ തൊഴിലാളികളെ സഹായിക്കുന്നതിനായി സംസ്ഥാന വിഹിതത്തിൽനിന്നും തുക അഡ്വാൻസായി പദ്ധതിക്ക് അനുവദിച്ചിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ പാചകത്തൊഴിലാളികൾക്ക് ഏപ്രിൽ, മേയ് മാസങ്ങളിലെ സമാശ്വാസ വേതനം അനുവദിച്ചുകൊണ്ട് 26-10-2022-ന് ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. ടി തുക വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഒരാഴ്ചയ്ക്കകം ആ പണം നൽകും. സംസ്ഥാനം അഡ്വാൻസായിട്ടാണ് തുക നൽകുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവ്വീസസ് ജനറലിനുകീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 33,115 അങ്കണവാടികളിൽ 32,986 മെയിൻ അങ്കണവാടികളും 129 മിനി അങ്കണവാടികളും ഉൾപ്പെടെ 33,115 അങ്കണവാടി വർക്കർമാരും 32,986 അങ്കണവാടി ഹെൽപ്പർമാരും നിലവിൽ സേവനമനുഷ്ഠിച്ച് വരുന്നുണ്ട്. 01-04-2019 മുതൽ അങ്കണവാടി വർക്കർ, മിനി അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് യഥാക്രമം 12,000/-രൂപ, 11,000/- രൂപ, 8000/- രൂപ വീതമാണ് ഓണറേറിയമായി അനുവദിച്ചു വരുന്നത്.

നാഷണൽ ക്രഷ് സ്കീമിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്രഷുകളിലെ വർക്കർമാർക്ക് 2022 ഡിസംബർ വരെയുള്ള ഓണറേറിയം നൽകുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ശിശുക്ഷേമ സമിതിയിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് 2023

ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിലെ വേതന തുക അനുവദിക്കുന്നതാണ്.

നൂറ് ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നല്ല രീതിയിൽ നടപ്പിലാക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്നും കഴിഞ്ഞ വർഷം 73,000 കോടി രൂപയായിരുന്നു ബഡ്ജറ്റിന്റെ ഭാഗമായി വകയിരുത്തിയിരുന്നത്. കഴിഞ്ഞ വർഷം 91,112 കോടി രൂപ ബഡ്ജറ്റിന്റെ ഭാഗമായി ചെലവാക്കിയിരുന്നു. നടപ്പുവർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ 60,000 കോടി രൂപയാക്കി ചുരുക്കിയിട്ടുണ്ട്. നമുക്ക് 6 കോടി തൊഴിൽദിനങ്ങൾക്കുള്ള അനുമതിയായിരുന്നു ആദ്യം നൽകിയത്. എന്നാൽ ഇപ്പോൾ 10.16 കോടിയായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 9.5 കോടിയുടെ തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. കേരളത്തിൽ അഖിലേന്ത്യാ ശരാശരി 45.46 തൊഴിൽ ദിനങ്ങളാണുള്ളതെങ്കിൽ സംസ്ഥാനത്തിന് ശരാശരി 57.64 തൊഴിൽ

ദിനങ്ങൾ നൽകുന്നുണ്ട്. ഇതുസംബന്ധിച്ചുള്ള കൂലി/വേതനം കേന്ദ്ര ഗവൺമെന്റാണ് തീരുമാനിക്കുന്നത്.

പൊതുവിൽ കേന്ദ്രവിഹിതം ലഭിക്കേണ്ട പദ്ധതികൾക്ക് കേന്ദ്രവിഹിതം യഥാസമയം ലഭിക്കുന്നില്ലെന്ന പ്രശ്നമുണ്ട്. പ്രതിപക്ഷ നേതാക്കന്മാരിൽ ആർക്കും കേരളത്തിലെ ഒരു ലക്ഷത്തോളം വരുന്ന സ്കീം വർക്കർമാരുടെ ഒരു കാര്യത്തിലും താല്പര്യമില്ലാത്തതുകൊണ്ട് അവർ ഇക്കാര്യം ശ്രദ്ധിക്കുന്നതേയില്ല. കൂടാതെ തൊഴിലുറപ്പ് പദ്ധതിയുടെ പണം കൂടിവന്നാൽ ദശലക്ഷങ്ങൾ വേറെ വരും. അവർക്ക് ലഭിക്കേണ്ട പണം കേന്ദ്ര ഗവൺമെന്റ് നൽകുന്നില്ലെന്ന പ്രധാനപ്പെട്ട പ്രശ്നമാണ് ഇവിടെ ഉന്നയിക്കാനുള്ളത്. ആ ഒരു ബുദ്ധിമുട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ വേതനം മുടങ്ങാതിരിക്കാൻ സംസ്ഥാനസർക്കാർ അഡ്വാൻസായി വേതനം നൽകുന്ന സമീപനം ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. ഭാവിയിൽ ഇതേ സമീപനം തുടർന്നാൽ വലിയ ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യമുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് വിവിധ വിഭാഗങ്ങളുടെ വേതന വർദ്ധനവ്

പരിഗണിക്കുന്നതായിരിക്കുമെന്നും ഈ സഭയിൽ പറയാനാഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്.....ചെയറിനുമുന്നിലുള്ള ബാനർ മാറ്റിയില്ലെങ്കിൽ drastic step എടുക്കേണ്ടിവരും.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, സ്കീം തൊഴിലാളികളുടെ പ്രത്യേകതകൾ പരിഗണിച്ച് അവർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും ഹൈലെവൽ കോൺഫറൻസ് നടത്താനുള്ള നടപടി ധനകാര്യവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുമോ? രണ്ടാമതായി, ഈ മേഖലയിലെ ട്രേഡ് യൂണിയൻ സംഘടനകളെ ചർച്ചയ്ക്ക് വിളിച്ചുചേർത്ത് എന്താണ് നിജസ്ഥിതിയെന്ന് ബോധ്യപ്പെടുത്തി പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗം കാണുന്നതിനുള്ള നടപടികളെക്കുറിച്ചുകൂടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി മുൻകൈയെടുത്ത് നടപ്പിലാക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സ്കീം വർക്കർമാരുടെ ആകെ പ്രവർത്തനങ്ങൾ ഒന്നുകൂടി മെച്ചപ്പെടുത്തുന്നതിനും കൂടുതലായി ഇവരെ

നന്നായി ഉപയോഗിക്കാനുമാകുന്ന തരത്തിൽ പല സ്കീമുകളും കുറച്ചുകൂടി ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിലേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് ഇക്കാര്യങ്ങൾ ചർച്ച ചെയ്യണമെന്ന നിർദ്ദേശം അംഗീകരിക്കുകയാണ്. അതനുസരിച്ചുള്ള നടപടിക്രമങ്ങളും അതോടൊപ്പം വിവിധ തൊഴിലാളി സംഘടനകളുമായും ചർച്ചനടത്തുന്നതിനുള്ള നടപടിക്രമങ്ങളും സ്വീകരിക്കുന്നതാണ്.

(ശ്രീ. സി. ആർ. മഹേഷ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല)

**V. വ്യക്തിപരമായ വിശദീകരണം**

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ചട്ടം 288, 307. അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിനോട് പ്രതികരിച്ചുകൊണ്ട് പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ എന്നെ വ്യക്തിപരമായി അധിക്ഷേപിക്കുന്ന രീതിയിൽ വളരെ മോശമായി സംസാരിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞ കാര്യം; 10 ദിവസത്തിനുശേഷം ഞാൻ 10-ാം തീയതി അവിടെ പോയി മാസ്ക്

ധരിക്കണമെന്ന് പറഞ്ഞുവെന്നാണ്. ഞാൻ അദ്ദേഹത്തെ ചലഞ്ച് ചെയ്യുകയാണ്, ഞാൻ 5-ാം തീയതി അവിടെപ്പോയിരുന്നു, അന്നത്തെ മീറ്റിംഗിൽ പ്രതിപക്ഷാംഗങ്ങളായ ശ്രീ. ടി. ജെ. വിനോദ്, ശ്രീമതി ഉമ തോമസ് അടക്കമുള്ള എം.എൽ.എ.-മാർ പങ്കെടുത്തിരുന്നു. പ്രതിപക്ഷനേതാവ് അന്നത്തെ മീറ്റിംഗിൽ ഉണ്ടായിരുന്നില്ല. ആരോഗ്യവിദഗ്ദ്ധർ നിർദ്ദേശിച്ച പ്രതിരോധമാണ് N-95 മാസ്ക് ധരിക്കുകയെന്നുള്ളത്. വളരെ വ്യക്തമായ തെളിവുണ്ട്, അദ്ദേഹം പറഞ്ഞത് പിൻവലിക്കണം, സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല, മാപ്പ് പറയണം.

മി. സ്പീക്കർ: പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

ശ്രീമതി വീണാ ജോർജ്: സർ, പ്രതിപക്ഷ നേതൃസ്ഥാനം ഉത്തരവാദിത്വപ്പെട്ട സ്ഥാനമാണ്. അതിപ്രഗത്ഭർ ഇരുന്ന സ്ഥാനമാണ്. അദ്ദേഹത്തിന്റെ പുറകിൽ ശ്രീ. രമേശ് ചെന്നിത്തല ഇരിക്കുന്നുണ്ടല്ലോ. എന്ത് നുണയും പറയാനുള്ള ഒരു സ്ഥാനമായി ഇപ്പോഴത്തെ പ്രതിപക്ഷനേതാവ് അതിനെ കരുതരുത്. അന്നത്തെ മീറ്റിംഗിൽ എറണാകുളം ജില്ലയിലെ എം.എൽ.എ.-മാർക്ക് ഏതെങ്കിലും സ്ഥലത്ത് ക്യാമ്പുകൾ

നിർദ്ദേശിക്കാമെന്ന് പറഞ്ഞിരുന്നു. ഇതുവരെ പ്രതിപക്ഷനേതാവ് ഒരു ക്യാമ്പും നിർദ്ദേശിച്ചതായി ഞാൻ കണ്ടിട്ടില്ല. അതുകൊണ്ട് വ്യക്തിപരമായി അധിക്ഷേപിക്കുന്ന ഈ സമീപനം മാറ്റണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: പരിശോധിച്ച് തീരുമാനിക്കാം.+ ചെയറിന്റെ മുഖം മറച്ച് ബാനർ പിടിക്കരുത്. അത് കോഡ് ഓഫ് കോണ്ടാക്ടിന് എതിരാണ്. അത് ശരിയല്ല.

**VI. സബ്മിഷൻ**

(1) പാലോട് ഫയർ സ്റ്റേഷൻ

ശ്രീ. ഡി. കെ. മുരളി: സർ, ബഹുമാനപ്പെട്ട സ്പീക്കറെ അഭിമുഖീകരിച്ചുകൊണ്ടാണ് സബ്മിഷൻ അവതരിപ്പിക്കാനുള്ളത്. നിർഭാഗ്യവശാൽ അങ്ങയുടെ മുഖം എനിക്ക് കാണാൻ സാധിക്കുന്നില്ല. ഇത് ചട്ടങ്ങൾക്കും പാർലമെന്ററി നടപടികൾക്കും വിരുദ്ധമല്ലേ? ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആദ്യം സൂചിപ്പിക്കാനുള്ളത്.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 4230/ഇ.ബി. /2023/നി.സെ. തീയതി 14-03-2023) രേഖയിൽ നിലനിർത്തി.

എന്റെ മണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിൽ പാലോട് കേന്ദ്രമാക്കി ഒരു ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഒരു ഉത്തരവ് ഇറക്കിയിരുന്നു. അതിന് തത്വത്തിൽ അനുമതിയും നൽകിയിരുന്നു. ഇതനുസരിച്ച് പാലോടുള്ള 35 സെന്റ് സ്ഥലം വാമനപുരം ബ്ലോക്ക് പഞ്ചായത്ത് ഫയർഫോഴ്സിന് വിട്ടുനൽകുകയും എം.എൽ.എ.-യുടെ ആസ്തിവികസനഫണ്ടിൽനിന്നും 10 ലക്ഷം രൂപ ചെലവാക്കി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള അത്യാവശ്യനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഫയർസ്റ്റേഷൻ വളരെ അത്യാവശ്യമായ ഒരു സ്ഥലമാണ്. അതൊരു വനപ്രദേശമാണ്, TBGRI (Jawaharlal Nehru Tropical Botanic Garden & Research Institute) പോലെയുള്ള പ്രശസ്ത സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലമാണ്. പലപ്പോഴും മലയോരമേഖലയായതിനാൽ മണ്ണിടിച്ചിലും മരങ്ങൾ കടപുഴകി വീഴുകയുമൊക്കെ ചെയ്യുന്ന സ്ഥലമാണ്. ദക്ഷിണ ശിവകാശി എന്നറിയപ്പെടുന്ന നന്ദിയോട് ഒരു പടക്കനിർമ്മാണ മേഖല പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സന്ദർഭത്തിൽ അവിടെയൊരു ഫയർ

സ്റ്റേഷൻ അത്യാവശ്യമാണ്. പോസ്റ്റ് ക്രിയേഷന്റെ ബുദ്ധിമുട്ടാണ് ഇപ്പോൾ പ്രധാനമായും നേരിടുന്നത്. അതുകൊണ്ട് നിലവിൽ സജ്ജീകരിച്ചിട്ടുള്ള സംവിധാനങ്ങൾ അന്യാധീനപ്പെട്ടുപോകാതിരിക്കാൻ താല്ക്കാലിക സംവിധാനങ്ങൾ ഏർപ്പെടുത്തി പാലോട് ഫയർ സ്റ്റേഷന്റെ പ്രവർത്തനം .ആരംഭിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതിന്റെ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

## (2) നെല്ല് സംഭരണം

ശ്രീ. മുരളി പെരുനെല്ലി: സർ, നെൽകർഷകർ അന്നദാതാക്കളാണ്, അവർ പണി മുടക്കിയാൽ നമ്മൾ പട്ടിണിയിലാകും. ഈ ധാരണയോടുകൂടി നെൽകർഷകർക്കൊപ്പം നിൽക്കുന്ന സർക്കാരാണ് ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽ.ഡി.എഫ്. സർക്കാർ. ഇന്ത്യയിലൊരിടത്തുമില്ലാത്ത സംഭരണവില നൽകുകയും റോയൽറ്റി നൽകുകയും മറ്റാനുകൂല്യങ്ങൾ നൽകുകയും ചെയ്തുകൊണ്ട് നെൽക്കർഷകരെ ചേർത്തുപിടിക്കുകയാണ്. 2016 മുതൽ ഈ സീസൺ വരെ സംഭരണവില

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കാലതാമസമില്ലാതെ നൽകാൻ സർക്കാർ നടപടിയെടുത്തിരുന്നു. എന്നാൽ ഈ സീസണിൽ തൃശ്ശൂർ ജില്ലയിൽ സംഭരിച്ച നെല്ലിന്റെ വില ലഭിക്കാൻ വളരെയേറെ കാലതാമസം വന്നിരിക്കുന്നത് വേദനാജനകമാണ്. ഫെബ്രുവരി 2-ന് ശേഷം കർഷകർക്ക് വില ലഭിച്ചിട്ടില്ല. ഈയിനത്തിൽ 80 കോടിയോളം രൂപയുടെ കുടിശ്ശികയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഞാൻ ഭാരവാഹിയായ പാടശേഖരത്തിൽപ്പോലും പണം ലഭിച്ചിട്ടില്ലെന്നത് വസ്തുതയാണ്. കർഷകവിരുദ്ധ നിലപാടാണ് ബാങ്കുകൾ സ്വീകരിക്കുന്നത്. സർക്കാർ ഗ്യാരന്റി നൽകിയാണ് ബാങ്കുകൾ പണം നൽകുന്നത്. എന്നാൽ കേരള ബാങ്കടക്കം കർഷകരിൽനിന്നും വിവിധ രേഖകൾ വാങ്ങി കടം നൽകുന്ന രീതിയിലാണ് തുക നൽകുന്നത്. കേന്ദ്രസർക്കാരിന്റെ കർഷകവിരുദ്ധ സമീപനങ്ങളെ സംസ്ഥാനസർക്കാരിന്റെ പിന്തുണയോടുകൂടി അതിജീവിച്ച് തന്റെ വിളയിടങ്ങളിൽ അന്നം വിളയിച്ച് അതുവിൽക്കുമ്പോൾ അവനെ കടക്കാരനാക്കുന്ന സമീപനം ബാങ്കുകളെടുക്കുന്നത് തിരുത്തപ്പെടേണ്ടതാണ്. അടിയന്തരമായി സംഭരിച്ച നെല്ലിന്റെ വില

കർഷകർക്ക് നൽകുന്നതിനായി നടപടിയെടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ സർക്കാരിനോട് ആവശ്യപ്പെടുന്നത്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

(3) ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ പ്രശ്നങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ദേശീയ സമ്പാദ്യപദ്ധതി ജനങ്ങളിൽ സമ്പാദ്യശീലം വളർത്തി അവർ മിച്ചംപിടിക്കുന്ന തുക രാജ്യത്തിന്റെ ബഹുമുഖ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സമാഹരിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയുള്ളതാണ്. രാജ്യത്തെ ജനങ്ങളെ രാഷ്ട്രനിർമ്മാണത്തിൽ പങ്കാളികളാക്കുന്നതിനോടൊപ്പം ഏജന്റുമാർക്ക് ന്യായമായ കമ്മീഷനും നിക്ഷേപകർക്ക് സാധാരണ ബാങ്കുകളിൽനിന്നും കിട്ടുന്നതിനെക്കാൾ പലിശയും ആനുകൂല്യങ്ങളും ഈ പദ്ധതിയുടെ പ്രത്യേകതയാണ്. 5000 കോടിയോളം രൂപയാണ് ഒരു വർഷം കേരളത്തിൽനിന്നും ഈ പദ്ധതിയിലേയ്ക്ക് സമാഹരിക്കുന്നതെന്നാണ്

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

മനസ്സിലാക്കുന്നത്. വെയിലെന്നോ മഴയെന്നോ നോക്കാതെ കൂടുതൽ സമാഹരണത്തിനായി അദ്ധ്വാനിച്ച ഏജന്റുമാരുടെ വിയർപ്പിന്റെകൂടി ഫലമായാണ് ഈ പദ്ധതിക്ക് മികച്ചനേട്ടം കൈവരിക്കാൻ സാധിച്ചത്. ഈ മേഖലയിലെ ചില പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. കൂടുതൽ സ്കീമുകളിലൂടെയും ഏജന്റുമാരെ നിയമിക്കുന്നതിലൂടെയും ഈ പദ്ധതിയെ സജീവമാക്കേണ്ട സമയം പുതിയ ഏജന്റുമാരെ നിയമിക്കാതെയും ആശ്രിത നിയമനംപോലും കൊടുക്കാതെയും വന്നതോടെ ഈ മേഖല കടുത്ത വെല്ലുവിളിയാണ് നേരിടുന്നത്. 2022 ആഗസ്റ്റ് മാസം മുതൽ ആർ.ഡി. ഏജന്റുമാരുടെ ഓണറേറിയം കൊടുക്കാതെ വന്നതോടെ പല കുടുംബങ്ങളും പട്ടിണിയിയിലും കടുത്ത ദാരിദ്ര്യത്തിലുമാണ്. പെൻഷനായവർക്ക് വർഷങ്ങൾ കഴിഞ്ഞാണ് പെൻഷൻ അനുവദിക്കുന്നത്. പെൻഷൻ നൽകുന്നത് അനുവദിക്കുന്ന തീയതിമുതലുള്ളത് മാത്രമാണ്. സാമൂഹ്യസുരക്ഷാ പെൻഷൻ 1,600/- രൂപ നൽകുന്ന ഈ കാലഘട്ടത്തിൽ ഈ മേഖലയിലെ ഏജന്റുമാർക്ക് പെൻഷനായി വെറും 1,200/- രൂപയാണ് പ്രതിമാസം നൽകുന്നത്. ഈ തുക കാലാനുസൃതമായി വർദ്ധിപ്പിക്കാൻ

നടപടിയുണ്ടാകേണ്ടതാണ്. ദേശീയ സമ്പാദ്യ പദ്ധതിയിൽ പുതിയ ഏജന്റുമാരെ നിയമിച്ച് പദ്ധതി ശക്തിപ്പെടുത്തേണ്ടതിന്റെയും നിലവിലെ തൊഴിലാളികൾക്കും വിരമിച്ച തൊഴിലാളികൾക്കും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതിന്റെയും ആവശ്യകത മനസ്സിലാക്കി അനുകൂലമായ തീരുമാനമെടുത്ത് ഈ പാവങ്ങളെ സഹായിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, മറുപടി ദീർഘമായതിനാൽ മേശപ്പുറത്തുവയ്ക്കുന്നു.+

മി. സ്പീക്കർ: ....പ്ലീസ്.....ശ്രീ. ടി. ഐ. മധുസൂദനൻ, ശ്രീമതി ദെലീമ, ശ്രീ. സി. സി. മുകുന്ദൻ എന്നിവരുടെ സബ്മിഷനുകൾക്കുള്ള മറുപടി മേശപ്പുറത്ത് വച്ചതായി കണക്കാക്കുന്നു+

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുമ്പിൽ വന്ന് മുദ്രാവാക്യംവിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**11.30 A.M.]**

+ അനുബന്ധമായി ചേർക്കുന്നു.

+ അനുബന്ധമായി ചേർക്കുന്നു.

## VII. ധനകാര്യം

### 2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XVIII – വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2023-2024 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) |

| | | | | |
|---|---|---|---|---|
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 9155,02,74,000 | 275,73,11,000 | 9430,75,85,000 |
| XIX | കുടുംബക്ഷേമം | 508,67,78,000 | - | 508,67,78,000 |

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാംനമ്പർ ധനാഭ്യർത്ഥനയെയും കുടുംബക്ഷേമം എന്ന XIX-ാംനമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾക്ക് നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

ഡോ. സുജിത് വിജയൻപിള്ള: സർ, ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് അവതരിപ്പിച്ച വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ

ധനാഭ്യർത്ഥനയെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയെയും ഞാൻ പിന്താങ്ങുന്നു.

പൊതുജനാരോഗ്യ രംഗത്തും രോഗപ്രതിരോധ രംഗത്തും മാതൃകാപരമായ നേട്ടം കൈവരിച്ച സംസ്ഥാനമാണ് കേരളം. ഇതര സംസ്ഥാനങ്ങളും മറ്റ് രാജ്യങ്ങളും കേരളത്തിന്റെ ആരോഗ്യമേഖലയെ പലഘട്ടങ്ങളിലും നിരീക്ഷിക്കുകയും മാതൃകയായി പിന്തുടരാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കിടയിലും അഭിമാനകരമായ നേട്ടങ്ങളാണ് വകുപ്പ് സ്വന്തമാക്കിയത്. നീതി ആയോഗിന്റെ ദേശീയ ആരോഗ്യ സൂചികയിൽ തുടർച്ചയായി ഒന്നാം സ്ഥാനത്തെത്താൻ കേരളത്തിന് സാധിച്ചത് വകുപ്പിന്റെ മികവാർന്ന പ്രവർത്തനംകൊണ്ടാണ്. മാതൃ-ശിശു മരണനിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണ്. എസ്.എ.ടി. ആശുപത്രിയെ സെന്റർ ഫോർ എക്സലൻസായി ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം KASP-വഴി 1400 കോടി രൂപയുടെ സൗജന്യ ചികിത്സ കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് നൽകാൻ കഴിഞ്ഞു. ഇത്തരുണത്തിൽ

ഓർക്കേണ്ടത്, വെറും 138 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിച്ച സമയത്താണ് സംസ്ഥാന സർക്കാരിന് KASP വഴി 1400 കോടി രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാക്കാൻ സാധിച്ചത്. 157 ആരോഗ്യ സ്ഥാപനങ്ങൾക്ക് National Quality Assurance Standards (NQAS)-ന്റെ സർട്ടിഫിക്കേഷൻ ലഭിക്കുകയുണ്ടായി. അതുപോലെ രാജ്യത്തെ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിന് കേന്ദ്രസർക്കാരിന്റെ Arogya Manthan പുരസ്കാരവും ഈ കാലയളവിൽ കേരളത്തിന് ലഭിക്കുകയുണ്ടായി. പകർച്ചവ്യാധികളും പകർച്ചേതര വ്യാധികളും (communicable and non communicable diseases) തടയുന്നതിനും അവ മുൻകൂട്ടി കണ്ടെത്തി ചികിത്സിക്കുന്നതിനുമാണ് ഇപ്പോൾ ആരോഗ്യ വകുപ്പ് മുന്തിയ പരിഗണന നൽകുന്നത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ,........

<u>മി. സ്പീക്കർ</u>: അങ്ങ് ഫ്ലോർ ഓർഡറിലാക്കണം.

(ഡയസ്സിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് പോയി.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തെ ഏറ്റവും പ്രയാസപ്പെടുത്തുകയും കൊച്ചി നഗരത്തിലെയും പരിസരപ്രദേശങ്ങളിലെയും ജനങ്ങളെ ബുദ്ധിമുട്ടിലാക്കുകയും ചെയ്ത ഗൗരവതരമായ വിഷയമാണ് പ്രതിപക്ഷം ഇവിടെ ഉന്നയിച്ചത്. അതിനുപിന്നിൽ ഒരു ക്രിമിനൽ ആക്ടുണ്ട്. മാലിന്യം മനഃപൂർവ്വം കത്തിക്കാൻ ശ്രമിച്ചതാണ്. അതിനെത്തുടർന്നുള്ള അന്വേഷണമാണ് പ്രതിപക്ഷം ആവശ്യപ്പെട്ടത്. (.........ബഹളം......) (ഭരണപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിൽ എഴുന്നേറ്റുനിന്ന് ബഹളം വച്ചു.) പതിനായിരക്കണക്കിന് ആളുകളെ വിഷപ്പുകയിൽ മുക്കിക്കൊല്ലാൻ ശ്രമിച്ച ഈ ക്രിമിനൽ ആക്ടിനെതിരായി ഒരു സി.ബി.ഐ. അന്വേഷണം വേണമെന്ന് ഞങ്ങൾ ശക്തമായി ആവശ്യപ്പെടുകയാണ്. അന്വേഷണത്തിന് തയ്യാറാകാതെ സ്വന്തക്കാരായ കരാറുകാരെ രക്ഷിക്കാൻ സർക്കാർ നടത്തുന്ന ശ്രമത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭാനടപടികൾ ബഹിഷ്കരിക്കുന്നു. അതിന്റെ ദുരിതം അനുഭവിക്കുന്നത് പാവപ്പെട്ട ജനവിഭാഗങ്ങളാണ്. ഭരണപക്ഷം അവരുടെ ഉത്തരവാദിത്വം നിറവേറ്റുന്നില്ല. വിഷപുക ശ്വസിച്ച്

ജനങ്ങളുടെ ആരോഗ്യം വഷളാക്കാൻ കൂട്ടുനിന്ന ആരോഗ്യ വകുപ്പിനും എൽ.എസ്.ജി.ഡി.-ക്കുമെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിക്ഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറുകൾ പ്രദർശിപ്പിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ ബഹിഷ്കരിച്ച് പുറത്തുപോയി.)

മി. സ്പീക്കർ: ഡോ. സുജിത് വിജയൻപിള്ളയ്ക്ക് ചർച്ച തുടരാവുന്നതാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, നിലവിൽ ആരോഗ്യ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന പ്രധാന പ്രവർത്തനങ്ങളിലൊന്ന് പകർച്ചവ്യാധികളെയും പകർച്ചേതര വ്യാധികളെയും മുൻകൂട്ടികണ്ടുകൊണ്ട് ചികിത്സിക്കുന്ന വിധത്തിൽ ആശുപത്രികളെ സജ്ജമാക്കുന്ന പരിപാടികളുമായി മുന്നോട്ടുപോകുകയെന്നുള്ളതാണ്. ഇത്തരുണത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്, 2022 നവംബർ മാസത്തിൽ ചവറ മണ്ഡലത്തിൽ കൊല്ലം കോർപ്പറേഷൻ പരിധിയിലെ മീനത്തുച്ചേരി മൂന്നാം ഡിവിഷനിൽ ഡെങ്കി ഔട്ട്ബ്രേക്ക് ഉണ്ടായപ്പോഴുള്ള അനുഭവമാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ആയിരത്തിൽതാഴെ ജനസംഖ്യയുള്ള ഡിവിഷന്റെ ഭാഗമായ എട്ടോളം തുരുത്തുകളിൽ നാൽപത്തിയഞ്ചോളം ഡെങ്കു രോഗികളുള്ളതായി റിപ്പോർട്ടുചെയ്യപ്പെട്ടു. അന്ന് ഞാനും അവിടത്തെ ഡിവിഷൻ കൗൺസിലറായിരുന്ന യശഃശരീരനായ രാജു നീലകണ്ഠൻ, ഡി.എം.ഒ., മെഡിക്കൽ ഓഫീസറടക്കം ഡിസ്ട്രിക് വെക്ടർ കൺട്രോൾ യൂണിറ്റിന്റെയും ജെ.എച്ച്.ഐ./ജെ.പി.എച്ച്.എൻ.-മാരുടെയും സംയുക്ത യോഗത്തിൽ പ്രധാനമായും ഇത് എങ്ങനെ പൂർണ്ണമായും തുടച്ചുനീക്കണമെന്നതു സംബന്ധിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു നീക്കമുണ്ടാകുകയും ചെയ്തു. അവിടെ സ്റ്റേറ്റ് എപ്പിഡെമിക് കൺട്രോൾ സെൽ അടക്കം ക്യാമ്പ് ചെയ്തുകൊണ്ട് കോർപ്പറേഷനിലെ സ്റ്റാഫും ഡിപ്പാർട്ട്മെന്റ് സ്റ്റാഫും ഡിവൈ.എഫ്.ഐ.-യുടെ നൂറോളം വോളന്റിയർമാരും ചേർന്ന് ആ പത്തുദിവസം നടത്തിയ പ്രയത്നത്തിന്റെ ഫലമായി 2022 ഡിസംബർ ആയപ്പോഴേയ്ക്കും ഡെങ്കുബാധിതരുടെ എണ്ണം പൂജ്യത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചു. അന്നത്തെ അവിടെയുള്ള വെക്ടറിന്റെ (ലാർവയുടെ) സ്ഥിതിയനുസരിച്ച് അത് ഫൈനൽ സ്റ്റേജിലേയ്ക്ക് എത്തിയിട്ടില്ല. ഫൈനൽ

സ്റ്റേജിൽ എത്തിയാൽ ഏകദേശം അഞ്ഞൂറിൽപ്പരം രോഗികളുണ്ടാകാൻ സാധ്യതയുള്ള സ്ഥാനത്താണ് എല്ലാവരുടെയും സമഗ്രമായ പ്രതിരോധ പ്രവർത്തനംകൊണ്ട് ഡിസംബർ മാസത്തിൽ അത് പൂജ്യമാക്കാൻ സാധിച്ചത്. ആ കാലഘട്ടത്തിൽ ആരോഗ്യ വകുപ്പ് നേടിയെടുത്ത ഇതുപോലുള്ള നിരവധി നേട്ടങ്ങളുടെ ഉദാഹരണങ്ങളുണ്ട്. അതൊന്നും കാണാത്ത പ്രതിപക്ഷമാണ് നമുക്കുള്ളതെന്നുള്ളത് ഏറ്റവും സങ്കടകരമാണ്. രോഗസാധ്യതകളെ മുൻകൂട്ടി കണ്ട് ചികിത്സിച്ച് വിലപ്പെട്ട ജീവനുകൾ സംരക്ഷിക്കാനും മാനവശേഷിയുടെ രോഗാവസ്ഥ മാറ്റാനും ചികിത്സാചെലവ് കുറയ്ക്കാനും ഇതുവഴി സാധ്യമാകുന്നുണ്ട്. ഇതിനായി നിരവധി സ്ക്രീനിംഗ് പ്രോഗ്രാമുകളാണ് വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. ധാരാളം സബ്സെന്ററുകളെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇതിനോടകം ഏതാണ്ട് 77 ലക്ഷം ജനങ്ങളെ ആരോഗ്യപ്രവർത്തകർ സ്ക്രീൻ ചെയ്തുകഴിഞ്ഞു. കമ്മ്യൂണിക്കബിൾ ഡിസീസും നോൺ കമ്മ്യൂണിക്കബിൾ ഡിസീസും ഇതുവഴി സ്ക്രീൻ ചെയ്തുകഴിഞ്ഞിട്ടുണ്ട്. അതിന്റെ ചികിത്സാ നടപടികളും ആരംഭിച്ചുകഴിഞ്ഞു.

ആർദ്രം പദ്ധതിവഴി ആരംഭിച്ച ഫാമിലി ഹെൽത്ത് സെന്ററുകൾ സമഗ്രമായ ഗർഭകാല പരിചരണം, പ്രതിരോധ കുത്തിവയ്പുകൾ, ജീവിതശൈലീരോഗങ്ങൾ, അതിന് ചികിത്സനൽകുന്ന ക്ലിനിക്കുകൾ, ഡയബറ്റിക് റെറ്റിനോപ്പതി അടക്കമുള്ള ക്ലിനിക്കുകൾ, ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്കുള്ള COPD ക്ലിനിക്കുകൾ, മാനസിക ആരോഗ്യത്തിനുള്ള ആശ്വാസ് ക്ലിനിക്കുകൾ തുടങ്ങി നിരവധി അഭിമാനകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്.

താലൂക്ക് ആശുപത്രികളെ മൾട്ടി സ്പെഷ്യാലിറ്റി സെന്ററുകളായി ഉയർത്തുന്ന നടപടികളുമായും എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് അടക്കമുള്ള സംവിധാനങ്ങൾ ഒരുക്കുവാനുള്ള തയ്യാറെടുപ്പുകളുമായും സർക്കാർ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ജില്ലാ/ജനറൽ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി കാത്ത് ലാബുകളും സ്ട്രോക്ക് ക്ലിനിക്കുകളും ഇതിനോടകം പല സെന്ററുകളിലും സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. മുഴുവൻ ജില്ലാ/ജനറൽ ആശുപത്രികളിലേയ്ക്കും ഇത് വ്യാപിപ്പിക്കുന്നതിനുള്ള

നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ഒരു വർഷംകൊണ്ട് ഏകദേശം 724 ഐ.സി.യു. കിടക്കകളും 878 ഓക്സിജൻ കിടക്കകളും സജ്ജമാക്കാൻ ഇതുവഴി സാധ്യമായിട്ടുണ്ട്. കൂടാതെ ഓക്സിജന്റെ കാര്യത്തിൽ സ്വയംപര്യാപ്തത നേടാനും സാധിച്ചു.

ആർദ്രം മിഷന്റെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകവഴി താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ ഔട്ട്പേഷ്യന്റ് ഡിപ്പാർട്ടുമെന്റുകൾ ജനസൗഹൃദമാക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 'ഇ-ഹെൽത്ത്' പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതുവഴി വീട്ടിലിരുന്നുകൊണ്ടുതന്നെ ഓൺലൈനായി അപ്പോയിന്റ്മെന്റ് എടുക്കാൻ സാധിക്കും. അതുപോലെ ബ്ലഡ് ടെസ്റ്റ് റിസൾട്ടുകൾക്കായി കൗണ്ടറുകൾക്കുമുമ്പിൽ ക്യൂ നിൽക്കേണ്ട ആവശ്യവുമില്ല. എസ്.എം.എസ്.-ആയും ഓൺലൈനായും റിപ്പോർട്ടുകൾ ലഭ്യമാക്കുന്ന അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്.

പാലിയേറ്റീവ് കെയർ രംഗത്തും മികച്ച പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി വീടുകളിൽ ചെന്ന് രോഗികൾക്ക് സാന്ത്വനചികിത്സ നൽകുന്ന പ്രൈമറി പാലിയേറ്റീവ് കെയർ പദ്ധതി ഇതിനോടകം നടപ്പിലാക്കിക്കഴിഞ്ഞു. അതിനെ കൂടുതൽ വിപുലീകരിക്കുന്നതിനായി 'അരികെ' എന്ന പദ്ധതി വഴി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിവിധ വകുപ്പുകളും മറ്റ് സംഘടനകളും വിദ്യാർത്ഥി സംഘടനകളും കൈകോർത്തുകൊണ്ട് പാലിയേറ്റീവ് കെയറിനെ കൂടുതൽ ജനകീയമാക്കുന്ന പ്രവൃത്തികളുമായി മുന്നോട്ടുപോകുകയാണ്.

അതുപോലെ നവജാതശിശുക്കൾ, അങ്കണവാടി, കിന്റർഗാർടെൻ, പ്ലേസ്കൂൾ എന്നിവിടങ്ങളിലെ കുട്ടികൾക്കായി വിപുലീകരിച്ച ഹെൽത്ത് സ്ക്രീനിംഗ് ക്യാമ്പ് നടത്തുന്നുണ്ട്. 'ശലഭം' പദ്ധതിവഴി ഇവർക്കുള്ള തുടർചികിത്സയും മെഡിക്കൽ ചെക്കപ്പുമെല്ലാം ഉറപ്പുവരുത്തുന്നു. സ്കൂൾ കുട്ടികൾക്കായി, അതായത്, യു.കെ.ജി. മുതൽ പ്ലസ് ടു വരെയുള്ള (2 മുതൽ 18 വയസ്സുവരെയുള്ള) കുട്ടികൾക്ക് ആരോഗ്യം പ്രദാനം ചെയ്യുന്നതിനായി

വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. ആരോഗ്യ, വിദ്യാഭ്യാസ, കായിക, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടുകൂടിയാണ് ഇങ്ങനെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നത്. അതുവഴി ജന്മനായുള്ള വൈകല്യങ്ങളുൾപ്പെടെയുള്ളവയ്ക്ക് വേണ്ടിയുള്ള ശസ്ത്രക്രിയകൾ, മറ്റ് കിടത്തി ചികിത്സകൾ എല്ലാം പൂർണ്ണമായും സൗജന്യമായി ലഭിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു.

സ്പൈനൽ മസ്കുലാർ അട്രോഫി (SMA) അടക്കമുള്ള അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്ക് സർക്കാർ മുന്തിയ പരിഗണന നൽകുന്നുണ്ടെന്നുള്ളത് വളരെ അഭിമാനകരമാണ്. തിരുവനന്തപുരത്തുള്ള എസ്.എ.ടി. ആശുപത്രിയെ നാഷണൽ റെയർ ഡിസീസ് ഏജൻസിയുടെ ഭാഗമായി സെന്റർ ഓഫ് എക്സലൻസായി ഉയർത്തിയിട്ടുണ്ട്. എസ്.എം.എ. ചികിത്സ സൗജന്യമായി നൽകിയ അപൂർവ്വ സംസ്ഥാനങ്ങളിൽ ആദ്യ സംസ്ഥാനമാണ് കേരളം. ഇങ്ങനെയുള്ളള നിരവധി നേട്ടങ്ങൾക്കിടയിലും വിഷമകരമായ ഒരു കാര്യമെന്നുപറയുന്നത് ആരോഗ്യ പ്രവർത്തകർക്കുനേരെയും ആരോഗ്യ സ്ഥാപനങ്ങൾക്കുനേരെയും

അടിക്കടിയുണ്ടാകുന്ന കയ്യേറ്റങ്ങളാണ്. കഴിഞ്ഞ ഓരോ വർഷത്തെയും തോത് പരിശോധിച്ചുനോക്കിയാൽ 80 മുതൽ 100 വരെ ആക്രമണങ്ങളുണ്ടാകുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഏതാണ്ട് മുന്നൂറോളം ആക്രമണങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പക്ഷേ ഫലപ്രദമായ ഒരു പ്രതിരോധപ്രവർത്തനങ്ങൾക്കും നമുക്ക് ഇതുവരെ സാധിച്ചിട്ടില്ല. ആരോഗ്യപ്രവർത്തകർക്കു നേരെയുള്ള ആക്രമണങ്ങൾ തടയുന്നതിനായി 2012-ൽ നടപ്പാക്കിയ ആക്ടുകളുണ്ടെങ്കിലും ആ നിയമങ്ങൾകൊണ്ടും ഇങ്ങനെയുള്ള ആക്രമണങ്ങൾ തടയാൻ സാധിക്കുന്നില്ല. മാർച്ച് 4-ാം തീയതി ദൗർഭാഗ്യകരമായ ഒരു സംഭവമാണ് കോഴിക്കോടുണ്ടായത്. കാർഡിയോളജിസ്റ്റായ ഡോ. പി. കെ. അശോകനുനേരെ കയ്യേറ്റമുണ്ടായി. എന്നാൽ അതിനെതിരെ മാതൃകാപരമായ ഒരു ശിക്ഷാനടപടിയും സ്വീകരിക്കാൻ ഇതുവരെ സാധിച്ചില്ലെന്നുള്ളത് സങ്കടകരമാണ്. കായികപരമായ ആക്രമണങ്ങളെക്കുറിച്ച് മാത്രമാണ് ഞാൻ പറയുന്നത്. ശരിക്കും പറഞ്ഞാൽ സ്ത്രീകളടക്കമുള്ള ആരോഗ്യപ്രവർത്തകർക്കുനേരെ നോട്ടംകൊണ്ടും പെരുമാറ്റം

കൊണ്ടും ആയിരക്കണക്കിന് ആക്രമണങ്ങളാണ് ദിനംപ്രതി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഡോക്ടർമാർക്കുവേണ്ടിയോ ഹോസ്പിറ്റൽ മാനേജ്മെന്റിനുവേണ്ടിയോ അല്ല ഞാൻ സംസാരിക്കുന്നത്. ഇതിന്റെ ഫലമായി ഡോക്ടർമാർക്ക് വലിയരീതിയിലുള്ള മാനസിക സംഘർഷമുണ്ടാകുകയും സർജറി നടത്താനോ കിടത്തി ചികിത്സ നൽകാനോ പ്രസവ ശുശ്രൂഷ നൽകാനോ കഴിയാത്ത രീതിയിൽ കേസ്സുകളെല്ലാം റഫർ ചെയ്യുകയാണ് ചെയ്യുന്നത്. പല ജനപ്രതിനിധികളുടെയും അവസ്ഥയറിയാം. കൊല്ലത്തുള്ള മിക്ക കോർപ്പറേറ്റ്/കോ-ഓപ്പറേറ്റീവ് ആശുപത്രികളിലും ഒരു കിടക്കയ്ക്കുവേണ്ടി ജനപ്രതിനിധികൾ വിളിക്കുകയാണ്. കാരണമെന്താണ്; പെരിഫറിയിലുള്ള ഇടത്തരം ഹോസ്പിറ്റലുകളെല്ലാം പോളി ക്ലിനിക്കുകളായി മാറുകയാണ്. അവർ ചികിത്സിക്കാൻ തയ്യാറാകാതെ എല്ലാവരെയും റഫർ ചെയ്യുകയാണ്. ചെറിയ ഹോസ്പിറ്റലുകളിലേയ്ക്ക് രോഗികൾ വരുമ്പോൾത്തന്നെ വേറെ എവിടെയെങ്കിലും കൊണ്ടുപോകണോ എന്നാണ് ആദ്യം ചോദിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ഡോക്ടർമാർക്കോ ഹോസ്പിറ്റൽ മാനേജ്മെന്റിനുവേണ്ടിയോ അല്ല ഞാൻ ഇതുപറയുന്നത്. ഇങ്ങനെയുള്ള അവസ്ഥ കാരണം സാധാരണക്കാരായ രോഗികൾക്ക് പെരിഫെറിയിൽ മിതമായ ചാർജ്ജിൽ സർവ്വീസ് നടത്താൻ പറ്റാത്ത അവസ്ഥയാണ് പല ആശുപത്രികളിലുമുള്ളത്. ഇതിനെതിരെ ശക്തമായ നിലപാടുണ്ടാകണം. 2012-ലെ പ്രൊഫഷണൽ പ്രൊട്ടക്ഷൻ ആക്ട് (The Kerala Healthcare Service Persons and Healthcare Service Institutions (Prevention of Violence and Damage to Property) Act, 2012) കാലോചിതമായി പരിഷ്കരിച്ചുകൊണ്ട് മാതൃകാപരമായ ശിക്ഷ നൽകുന്നുവെന്ന് ഉറപ്പുവരുത്തണം. അതിന് തയ്യാറാകാത്ത ഉദ്യോഗസ്ഥർക്കെതിരെ കൂടി നടപടിയെടുക്കണം. ഒരു നിയമസഭാ സബ്കമ്മിറ്റിയേയോ ഒരു ജുഡീഷ്യൽ കമ്മീഷനെയോ നിയമിച്ച് ഈയൊരു അവസ്ഥയെക്കുറിച്ച് സമഗ്രമായി ചർച്ച ചെയ്ത് നിയമം ശക്തമാക്കണമെന്ന് ഇത്തരുണത്തിൽ വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട്, ആ നടപടിയുമായി വകുപ്പ് മുന്നോട്ടുപോകുമെന്നുള്ള ആഗ്രഹം

പ്രകടിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീമതി സി. കെ. ആശ: സർ, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

കേരളത്തിന്റെ ആരോഗ്യമേഖല ഒട്ടേറെ കാര്യങ്ങളിൽ രാജ്യത്തിനും ലോകത്തിനുതന്നെയും മാതൃകയാണ്. സാമൂഹിക വികസനത്തിലൂടെ നേട്ടങ്ങൾ കൈവരിച്ചുവെന്നതാണ് കേരളത്തിന്റെ ആരോഗ്യമേഖലയുടെ വിപ്ലവകരമായ മാറ്റങ്ങളുടെ ആണിക്കല്ല് എന്നത് ഇത്തരുണത്തിൽ പ്രസക്തമാണ്. ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെയും സർക്കാരുകളുടെയും നിരന്തരമായ സാമൂഹിക ഇടപെടലുകൾ മറ്റെല്ലാ വികസന സൂചികകളെയുംപോലെ പോഷണത്തെയും സ്വാധീനിച്ചിട്ടുണ്ട്. ഭൂപരിഷ്കരണ നിയമങ്ങളിലൂടെ ആളുകൾക്ക് മണ്ണിന്റെ മേലുണ്ടായ അവകാശം സ്വാഭാവികമായും ദാരിദ്ര്യത്തെ ഇല്ലാതാക്കാൻ സഹായിച്ചുവെന്നത് നാം മനസ്സിലാക്കേണ്ട വസ്തുതയാണ്. ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാർ തുടക്കമിട്ട സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസ നയം ആളുകളെ, പ്രത്യേകിച്ച്,

സ്ത്രീകളെ വിദ്യാസമ്പന്നരാക്കുകയും ആരോഗ്യകരമായ പോഷണ ശീലങ്ങളിലേയ്ക്ക് നയിക്കുകയും ചെയ്തു. ഇതിന്റെയെല്ലാം ഫലമായി കേരളത്തിലെ ആരോഗ്യമേഖലയിൽ വലിയ മുന്നേറ്റം നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. എങ്കിലും സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ ഇപ്പോഴും ശ്രമിക്കുന്നുണ്ടെന്നുള്ളത് സ്വാഗതാർഹമായ കാര്യമാണ്.

നവകേരള കർമ്മ പദ്ധതിയിലുൾപ്പെട്ട ആർദ്രം മിഷൻ-1-ന്റെ ഭാഗമായി സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ വ്യാപകമായ പശ്ചാത്തല സൗകര്യങ്ങളൊരുക്കുന്നതിനാണ് മുൻഗണന നൽകിയതെങ്കിൽ ആർദ്രം മിഷൻ-2-ന്റെ ഭാഗമായി സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനാണ് മുൻഗണന നൽകിയിരിക്കുന്നത്. ആശുപത്രികളെ ഡിജിറ്റലൈസ് ചെയ്യുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചുകൊണ്ട് ആരോഗ്യമേഖലയിൽ വലിയ മുന്നേറ്റമാണ് നടത്തുന്നത്. എന്റെ മണ്ഡലത്തിലെ വൈക്കം താലൂക്കാശുപത്രിയിലുൾപ്പെടെ നിരവധി ആശുപത്രികളുടെ ഭൗതിക സാഹചര്യ വികസനം ആർദ്രം-1-ന്റെ കീഴിൽ

നടന്നുവെങ്കിൽ ഇവിടെ സൂചിപ്പിച്ചതുപോലെ മറ്റ് കാര്യങ്ങളിൽ, അതായത് സേവനമേഖലയിലെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യങ്ങളാണ് ഇപ്പോൾ നടക്കുന്നതെന്നുള്ളത് സന്തോഷകരമായ കാര്യമാണ്.

ആരോഗ്യമേഖലയിലെ പുരോഗതിക്കൊപ്പം ചികിത്സയ്ക്കും രോഗപ്രതിരോധത്തിനും വലിയ പ്രാധാന്യം നൽകിവരുന്നുണ്ട്. ജീവിതശൈലീരോഗത്തിന് പുതിയ ചുവടുവയ്പ്പ് നടത്തിയതിന്റെ ഫലമായി 30 വയസ്സിനുമുകളിലുള്ള 77 ലക്ഷത്തിലധികം പേരെ ആരോഗ്യ പ്രവർത്തകർ വീട്ടിലെത്തി സ്ക്രീനിംഗ് നടത്തിയെന്നത് ഈ മേഖലയിലെ വലിയ മുന്നേറ്റത്തിന്റെ തുടക്കമാണ്. ഇതിനോടൊപ്പം ഒരു കാര്യംകൂടി പറയാനുള്ളത്, ജീവിതശൈലീരോഗങ്ങളുടെ സ്ക്രീനിംഗ് നടത്തിയതുപോലെ കോവിഡിനുശേഷമുള്ള ഹാർട്ട് അറ്റാക്ക് മരണങ്ങൾ, അതായത് 50 വയസ്സിനുതാഴെയുള്ളവരുടെ മരണ നിരക്ക് കൂടുതലാണെന്ന വിഷയത്തിൽ സർക്കാരിന്റെ ഒരു ഇടപെടലുണ്ടാകണം. പോസ്റ്റ് കോവിഡിന്റെ പ്രശ്നങ്ങളാണോ മറ്റേതെങ്കിലും തരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ മൂലമാണോ അങ്ങനെ സംഭവിക്കുന്നതെന്ന് കണ്ടെത്തണം.

ജീവിതശൈലീരോഗങ്ങളുമായി ബന്ധപ്പെട്ട് അത്തരത്തിലുള്ള വിഷയങ്ങളുണ്ടാകാം. കാരണം എന്റെ മണ്ഡലത്തിൽ 40, 45, 50 വയസ്സുള്ളവരുടെ ഒട്ടേറെ മരണങ്ങൾ കോവിഡിനുശേഷം റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. അക്കാര്യത്തിൽ വളരെ ആശങ്കയുണ്ടെന്നുള്ളത് സർക്കാരിനെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു ഇടപെടൽ ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇവിടെ സൂചിപ്പിച്ചതുപോലെ മറ്റു പകർച്ചവ്യാധികളും പ്രളയാനന്തര വെല്ലുവിളികളുമുണ്ടെന്ന് നമുക്കറിയാം. കോവിഡിനുശേഷം കോവിഡിന്റെ പ്രശ്നങ്ങളെയും പ്രളയാനന്തരം ഉണ്ടാകാൻ സാധ്യതയുള്ള പകർച്ചവ്യാധികളെയും പ്രതിരോധിക്കുന്നതിന് ആരോഗ്യവകുപ്പിന്റെ ഇടപെടലുകൾകൊണ്ട് സാധിച്ചുവെന്നത് ആ വകുപ്പിന്റെ നേട്ടങ്ങളിൽ ഏറ്റവും സുപ്രധാനമായ കാര്യമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സിനിമ-സീരിയൽ മേഖലയിൽ പ്രവർത്തിച്ച് പ്രശസ്തിയാർജ്ജിച്ച സുബി സുരേഷിന്റെ മരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസങ്ങളിൽ

അവയവദാനത്തെക്കുറിച്ച് വളരെയേറെ ചർച്ച ചെയ്യപ്പെട്ടു. അവയവദാനത്തിനായി കാത്തിരിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. അവയവദാനത്തിനുവേണ്ടി കാത്തിരിക്കുന്നവർ ഒട്ടേറെയുണ്ടെന്ന റിപ്പോർട്ടാണ് എം.എൽ.എ. ഓഫീസുമായി ബന്ധപ്പെട്ട് ലഭിച്ചുകൊണ്ടിരിക്കുന്നത്. പക്ഷേ നീണ്ട കാത്തിരിപ്പിനുശേഷം മാത്രമേ നടപടിക്രമങ്ങൾ പൂർത്തിയാക്കി അവർക്ക് അവയവം ദാനം ചെയ്യുന്നതിനോ അല്ലെങ്കിൽ സ്വീകരിക്കുന്നതിനോ സാധിക്കുകയുള്ളൂ. നടപടിക്രമങ്ങളുടെ ബാഹുല്യം ആ നടപടിയെ വേഗത്തിലാക്കുന്നതിന് പ്രതിരോധം തീർക്കുന്നുണ്ടെന്നാണ് മനസ്സിലാകുന്നത്. മാത്രമല്ല പലപ്പോഴും അവയവദാനത്തിന് തയ്യാറാകുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നുണ്ട്. മസ്തിഷ്ക മരണം സംഭവിച്ചവരുടെ അവയവങ്ങൾ ദാനം ചെയ്യുന്നതിനുപോലും സ്വജനങ്ങൾ പലപ്പോഴും വിമുഖത കാണിക്കുന്നുണ്ട്. യഥാർത്ഥത്തിൽ അവരിൽ അവബോധം സൃഷ്ടിക്കേണ്ടത് ഈ കാലഘട്ടത്തിന്റെകൂടി ആവശ്യമാണ്. അതുകൊണ്ട് അവയവദാനത്തെക്കുറിച്ച് കുട്ടികളിൽ ബോധവൽക്കരണം നടത്തുന്നതിനായി സ്കൂൾ പാഠ്യപദ്ധതിയിൽ ഈ

വിഷയം ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഞാൻ ചോദ്യം ഉന്നയിച്ചിരുന്നു. ആശാവർക്കർമാരുൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർ സജീവമായി ആരോഗ്യമേഖലയിൽ ഇടപെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവരെയൊക്കെ കൂട്ടിയോജിപ്പിച്ചുകൊണ്ട് അവയവദാന സാക്ഷരത കേരളത്തിൽ നടപ്പിലാക്കേണ്ട സാഹചര്യമാണുള്ളത്. നേത്രദാനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജനങ്ങളിൽ ബോധവൽക്കരണം നടത്തിയതിനുശേഷം വലിയ മാറ്റമാണ് സമൂഹത്തിൽ കാണാൻ സാധിച്ചത്. പക്ഷേ ശരീരത്തിൽനിന്നും കിഡ്നി, കരൾ ഉൾപ്പെടെ ദാനം ചെയ്യാവുന്ന അവയവങ്ങൾ ദാനം ചെയ്യുന്നതിനുള്ള ബോധവൽക്കരണംകൂടി ഇനിയുള്ള കാലഘട്ടങ്ങളിൽ ആരോഗ്യ വകുപ്പ് കൃത്യമായി നടത്തേണ്ടതാണെന്നുള്ള അഭിപ്രായവും ഞാൻ ഈ അവസരത്തിൽ പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുകയാണ്. മാത്രമല്ല അതിന്റെ നടപടിക്രമങ്ങളും വേഗത്തിൽ പൂർത്തീകരിക്കേണ്ടതുണ്ട്. അതിനാൽ എത്രയും വേഗം നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുകൾകൂടി നടത്തിയാൽ ഒട്ടേറെ ജീവൻ

രക്ഷിക്കാൻ സഹായകരമാകുമെന്നുകൂടി ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ സൂചിപ്പിച്ചതുപോലെ എല്ലാവർക്കും പ്രാപ്യമായതും തുല്യതയുള്ളതും താങ്ങാനാവുന്നതും ഗുണമേന്മയുള്ളതുമായ ആരോഗ്യസേവനങ്ങൾ ലക്ഷ്യം വയ്ക്കുന്നതാണ് സംസ്ഥാനത്തിന്റെ പൊതുജന ആരോഗ്യസംരക്ഷണ നയം. ഉയർന്ന ആയുർദൈർഘ്യം, ശിശു മരണനിരക്ക്, മാതൃ മരണനിരക്ക്, ജനസംഖ്യയിൽ പുരുഷന്മാരുടെയും സ്ത്രീകളുടെയും അനുപാതം തുടങ്ങിയ ആരോഗ്യ സൂചികകളിൽ സംസ്ഥാനം രാജ്യത്ത് മുന്നിൽത്തന്നെ തുടരുകയാണ്. അതുപോലെതന്നെയാണ് മാനസികാരോഗ്യം, ലഹരിവസ്തുക്കളുടെ ദുരുപയോഗം, കൗമാരക്കാരുടെ ആരോഗ്യം, വ്യാപകമായ റോഡ് ട്രാഫിക് അപകടങ്ങൾ തുടങ്ങിയവയിലും പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി, തോട്ടം തൊഴിലാളികൾ എന്നിവർ ഉൾപ്പെടെയുള്ള പ്രത്യേക വിഭാഗങ്ങളുടെ വിഷയങ്ങളിലും സംസ്ഥാനം സ്വീകരിച്ച ആരോഗ്യനയം മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കേരളത്തെ പട്ടികയിൽ ഏറ്റവും മുകളിൽ നിർത്തുന്നുവെന്നത്

അഭിമാനകരമാണ്. എന്നിരുന്നാലും ആരോഗ്യമേഖല വളരെയേറെ വെല്ലുവിളികൾ നേരിടുന്ന വർഷം കൂടിയാണിത്. ഈ വെല്ലുവിളികളെല്ലാം നേരിടുമ്പോഴും ഏറ്റവും മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകിയ മേഖലയായും ഒട്ടേറെ നേട്ടങ്ങൾ കൊയ്ത്ത വകുപ്പുകൂടിയായി മാറുകയാണ് ആരോഗ്യമേഖല. നീതി ആയോഗിന്റെ ദേശീയ ആരോഗ്യ സൂചികയിൽ ഏറ്റവും കുറഞ്ഞ മാതൃ-ശിശു മരണനിരക്കുള്ള സംസ്ഥാനമായി കേരളം ഒന്നാമതാണ്. ഇവിടെ നേരത്തെ ഡോ. സുജിത് വിജയൻപിള്ള പറഞ്ഞതുപോലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) വഴി ഇരട്ടി സൗജന്യ ചികിത്സ നൽകാൻ കഴിഞ്ഞു. അതിൽ എടുത്തുപറയേണ്ട കാര്യം 700 കോടി രൂപയിൽനിന്ന് 1400 കോടി രൂപയാക്കി അലോക്കേഷൻ വർദ്ധിപ്പിച്ചെങ്കിലും അതിൽ 138 കോടിരൂപ മാത്രമാണ് കേന്ദ്ര ഗവൺമെന്റ് നൽകുന്നത്. ബാക്കി തുക മുഴുവൻ സംസ്ഥാന സർക്കാർ നൽകിക്കൊണ്ടാണ് സൗജന്യ ചികിത്സ നൽകുന്നതെന്നുള്ളതാണ് അതിലെ ഏറ്റവും പ്രസക്തമായ കാര്യം. ദേശീയ സാമൂഹ്യ പുരോഗതി റിപ്പോർട്ടിൽ ആരോഗ്യപരിചരണത്തിലും പോഷകാഹാരത്തിലും കേരളം ഏറ്റവും മുന്നിൽ

നിൽക്കുന്നുണ്ട്. പറഞ്ഞാൽ തീരാത്തത്രയും നേട്ടങ്ങൾ ആരോഗ്യ വകുപ്പ് ഈ മേഖലയിൽ നേടിയിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യവകുപ്പിന് പതിനൊന്ന് പുരസ്കാരങ്ങൾ ലഭിച്ചത്. ഗവൺമെന്റും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങളിൽ അടിയന്തര ഇടപെടലുകൾ നടത്തി അവരുടെ ജീവന് കൂടുതൽ സംരക്ഷണം ഉറപ്പാക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽക്കൂടിയാണ് പതിനൊന്ന് പുരസ്കാരങ്ങൾ ആരോഗ്യവകുപ്പിന് നേടാൻ സാധിച്ചത്. അതിൽ ചിലതുമാത്രം പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആരോഗ്യരംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവച്ച സംസ്ഥാനത്തിനുള്ള ഇന്ത്യ ടുഡെ അവാർഡ് 2022-ൽ കേരളത്തിന് ലഭിച്ചു. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ 2021-ലെയും 2022-ലെയും ആരോഗ്യ മന്ഥൻ പുരസ്കാരം, ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്ക് ദേശീയ പുരസ്കാരം, വനിത വികസന കോർപ്പറേഷൻ ഏറ്റവും മികച്ച ദേശീയ ചാനലൈസിംഗ് ഏജൻസിയെന്ന നേട്ടം അങ്ങനെ പറഞ്ഞാൽ തീരാത്തത്ര

നേട്ടങ്ങളും പുരസ്കാരങ്ങളും നേടിയ കാലഘട്ടം കൂടിയാണ് ആരോഗ്യവകുപ്പിന്റേത്. അത്തരത്തിലുള്ള കാര്യങ്ങൾ ഇനിയും നമ്മുടെ ആരോഗ്യ മേഖലയിലെ ആശുപത്രികളുടെ ഭൗതിക സാഹചര്യ വികസനത്തിനും അതിനോടൊപ്പം ഏറ്റവും ഗുണനിലവാരമുള്ള ചികിത്സ രോഗികൾക്ക് ലഭ്യമാകുന്നതിനും രോഗീ സൗഹൃദ അന്തരീക്ഷം ആശുപത്രികളിൽ സൃഷ്ടിക്കുന്നതിനുമായി ആരോഗ്യ വകുപ്പിന് കൂടുതൽ ധനം ആവശ്യമുണ്ട്. അതുകൊണ്ട് ആരോഗ്യവകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള തുകകൾ അനുവദിച്ച് നൽകണമെന്നുള്ള ഈ പ്രമേയത്തെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

ശ്രീമതി ദെലീമ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ആരോഗ്യമുള്ള ശരീരത്തിനൊപ്പം ആരോഗ്യമുള്ള മനസ്സും ഉണ്ടായിരിക്കണമെന്ന ഓർമ്മപ്പെടുത്തലാണ് ഇടതുപക്ഷം സ്വീകരിച്ചിട്ടുള്ളത്. എവിടെയും രോഗികളെ സൃഷ്ടിക്കാതിരിക്കാൻ പരമാവധി കരുതലോടെയാണ് ഈ സർക്കാർ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. വിധി ഒരു രോഗിയെ സൃഷ്ടിച്ചാൽ രോഗിക്ക് ആത്മവിശ്വാസം നൽകിക്കൊണ്ട് ഒപ്പം നിൽക്കാൻ ഈ സമൂഹം മുഴുവനും ബാദ്ധ്യസ്ഥരാണ്. രോഗികളെ

സൃഷ്ടിക്കാതെ രോഗികൾക്കൊപ്പം നിൽക്കുന്നതിന്റെ തെളിവാണ് ഇന്ന് ആരോഗ്യരംഗത്തുള്ള മുന്നേറ്റം. ഇന്ന് കൂട്ടുകുടുംബ വ്യവസ്ഥിതിയിൽനിന്ന് അണുകുടുംബ വ്യവസ്ഥിതിയിലേയ്ക്ക് മാറിയ ജീവിത സാഹചര്യങ്ങളിൽ നമുക്ക് നഷ്ടപ്പെട്ട മൂല്യവത്തായ കാര്യങ്ങൾ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരികയും വരുംതലമുറയ്ക്ക് അത്തരം കാര്യങ്ങളെക്കുറിച്ച് ദിശാബോധം നൽകുകയും ചെയ്യാൻ നാം ബാധ്യസ്ഥരാണ്. ജീവിതശൈലി, ഭക്ഷണക്രമം എന്നിവയിൽ നമ്മൾ പുലർത്തിയിരുന്ന മര്യാദകൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ജീവിതത്തിരക്കുകൾക്കിടയിലും ശാരീരിക വ്യായാമങ്ങൾക്ക് പ്രാധാന്യം കൊടുക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തിയാണ് ഈ സർക്കാരിന്റെ കാലത്ത് എല്ലാ പഞ്ചായത്തുകളിലും ഒരു കളിസ്ഥലവും വ്യായാമം ചെയ്യാനുള്ള സൗകര്യവുമൊക്കെ ഒരുക്കുന്നത്. രോഗം വരാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്. ഭക്ഷണക്രമത്തിൽ പുലർത്തേണ്ട അനുപാതവും മിതത്വവും കൂടാതെ പുകയില, മദ്യപാനം മറ്റു ലഹരി വസ്തുക്കളുടെ ഉപയോഗം തുടങ്ങി സകല ലഹരി വസ്തുക്കളേയും ഒഴിവാക്കൽ, കൊഴുപ്പു കൂടുതലായി അടങ്ങിയ റെഡ് മീറ്റ്, ടിൻഫുഡ്,

എണ്ണയിൽ വറുത്ത മറ്റു ഭക്ഷണ സാധനങ്ങൾ എന്നിവയുടെ ഉപയോഗത്തിലുള്ള നിയന്ത്രണം ഇവയെല്ലാം നാം സ്വയം നമ്മുടെ ആരോഗ്യത്തിനുവേണ്ടി രോഗത്തിനെതിരെ ഉപയോഗിക്കാവുന്ന പ്രതിരോധ ആയുധങ്ങളാണ്. ജീവിതശൈലീരോഗങ്ങൾ പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച ജനകീയ ക്യാമ്പെയിനും സ്ക്രീനിംഗും ആരോഗ്യ രംഗത്ത് രാജ്യത്തെ മികച്ച മാതൃകയായിട്ടുണ്ട്. പ്രളയം, നിപ, കോവിഡ്, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയവ നമ്മെ വേട്ടയാടിയപ്പോഴും തളരാതെയും തകർന്നടിയാതെയും മുന്നോട്ടുള്ള പ്രയാണത്തിന് ജനങ്ങൾക്ക് ശക്തി പകർന്നത് കേരളത്തിലെ ഇടതുപക്ഷ സർക്കാരും ആരോഗ്യ മേഖലയുമാണ്. മറ്റു വികസിത രാജ്യങ്ങളിൽ കോവിഡുകാലത്ത് വൃദ്ധരായ ജനവിഭാഗത്തെ മരണത്തിലേയ്ക്ക് തള്ളിവിട്ടപ്പോഴും ഈ കൊച്ചു കേരളത്തിൽ തന്റെ ജനതയെ മരണത്തിൽനിന്നും ശക്തമായ പ്രതിരോധം തീർത്തുകൊണ്ട് കരകയറ്റുകയായിരുന്നു നമ്മുടെ ആരോഗ്യ മേഖലയും സർക്കാരുമെന്ന് നമുക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും.

**12.00 Noon]**

എല്ലാവർക്കും പ്രാപ്യമായതും തുല്യതയുള്ളതും താങ്ങാവുന്നതും ഗുണമേന്മയുള്ളതുമായ ആരോഗ്യസേവനങ്ങൾ ലക്ഷ്യം വയ്ക്കുന്നതാണ് സംസ്ഥാനത്തിന്റെ പൊതുആരോഗ്യസംരക്ഷണം. ഉയർന്ന ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണനിരക്ക്, ജനസംഖ്യയിൽ പുരുഷന്മാരുടെയും സ്ത്രീകളുടെയും അനുപാതം തുടങ്ങി ആരോഗ്യ സൂചികകളിൽ സംസ്ഥാനം രാജ്യത്തിനുതന്നെ മാതൃകയായി തുടരുകയാണ്. മാനസിക-ആരോഗ്യം, ലഹരി വസ്തുക്കളുടെ ദുരുപയോഗം, കൗമാരക്കാരുടെ ആരോഗ്യം, വ്യാപകമായ റോഡ് ട്രാഫിക് അപകടങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാനനയം കൂടുതൽ ശ്രദ്ധചെലുത്തുന്നു. പട്ടികജാതി-പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ എന്നിവർ ഉൾപ്പെടെയുള്ള പ്രത്യേക വിഭാഗങ്ങളുടെ ആരോഗ്യത്തിലും സംസ്ഥാനം പ്രത്യേകം ശ്രദ്ധചെലുത്തുന്നു. ഇതുപോലെ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അവയിൽ ചിലതുമാത്രം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ആശുപത്രികളിലെത്താതെ രോഗികൾക്ക് വീടുകളിൽത്തന്നെ സൗജന്യ ഡയാലിസിസ് ചെയ്യാൻ കഴിയുന്ന പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി 12 ജില്ലകളിലായി നടപ്പിലാക്കി. അധികദൂരം യാത്ര ചെയ്യാതെ അവരവരുടെ ജില്ലകളിൽതന്നെ സൗജന്യ സ്ട്രോക്ക് ചികിത്സ ലഭ്യമാക്കുന്ന സംവിധാനം 10 ജില്ലകളിൽ യാഥാർത്ഥ്യമാക്കി. എല്ലാ ആശുപത്രികളിലും ആഴ്ചയിൽ ഒരിക്കൽ കാൻസർ പ്രാരംഭ പരിശോധനാ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു. സംസ്ഥാനത്തെ 509 ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം സജ്ജമാക്കി. മെഡിക്കൽ കോളേജുകളും അനുബന്ധ ആശുപത്രികളും കൂടാതെ 16 ജില്ലാ ജനറൽ ആശുപത്രികൾ, 73 താലൂക്കാശുപത്രികൾ, 25 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 380 പ്രാഥമിക ആരോഗ്യ/കുടുംബാരോഗ്യ കേന്ദ്രങ്ങൾ, ഒരു പബ്ലിക് ഹെൽത്ത് ലാബ് എന്നിവിടങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആശുപത്രികളിലും ഈ പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനം ഏറ്റവും അഭിനന്ദനാർഹമാണ്. സർക്കാർ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയ അത്ഭുതമായി

കണ്ടിരുന്ന സംസ്ഥാനത്ത് കൂടുതൽ സർക്കാർ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് സൗകര്യമൊരുക്കുമെന്ന പ്രഖ്യാപനം ആരോഗ്യമേഖലയിലെ വിപ്ലവകരമായ മാറ്റമാണ്.

ജീവിതശൈലീരോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി ശ്വാസ് ക്ലിനിക് ആരംഭിച്ചതും ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിന് സഹായകമായിട്ടുണ്ട്. കൗമാരക്കാരിലും സ്ത്രീകളിലും വ്യാപകമായി കാണുന്ന ആരോഗ്യ പ്രശ്നമായ അനീമിയ തടയാൻ സർക്കാർ നടപ്പിലാക്കിയ 'വിവ' കാമ്പയിൻ ഈ രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ സാധിച്ചു. കേരളത്തിലെ 6 പകർച്ചവ്യാധികളെ നിർമ്മാർജ്ജനം ചെയ്യാൻ ആരോഗ്യ വകുപ്പ് പ്രത്യേക കർമ്മപദ്ധതികൾതന്നെ തയ്യാറാക്കിയിരിക്കുകയാണ്. ആർദ്രം-II-ന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് നവകേരളം കർമ്മ പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി മലേറിയ, കാലാ അസർ, മന്ത്, ക്ഷയം, മീസിൽസ്, റുബെല്ല എന്നീ രോഗങ്ങളാണ് സമയബന്ധിതമായി നിർമ്മാർജ്ജനം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഓരോ ജില്ലയിലും ചെയ്യേണ്ട പ്രവർത്തനങ്ങൾ അടുക്കും ചിട്ടയോടുംകൂടി നടപ്പാക്കി ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിൽ നാം

അഭിമാനിക്കേണ്ടവരാണ്. ഈ അടുത്ത കാലഘട്ടത്തിലായി ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ടുവന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പരിശോധനയ്ക്കായി പ്രത്യേക ദൗത്യസേന രൂപീകരിച്ചത് ഏറെ പ്രശംസനീയമാണ്. ഭക്ഷ്യവിഷബാധപോലുള്ള അടിയന്തരഘട്ടങ്ങളിൽ ആവശ്യമായ തുടർനടപടികൾ എടുക്കുക, മാർക്കറ്റിൽ മായംചേർന്ന ഭക്ഷ്യവസ്തുക്കൾ എത്തുന്നത് തടയുക, രഹസ്യ സ്വഭാവത്തോടെയുള്ള അന്വേഷണം നടത്തി കൃത്യമായ ശിക്ഷ നടപ്പിലാക്കി ആരോഗ്യ സംവിധാനം മെച്ചപ്പെടുത്തുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം. സംസ്ഥാനത്ത് ഭക്ഷണ വ്യാപാരം സുരക്ഷിതമാക്കാൻ കർശന നടപടിയെടുത്ത് മുന്നോട്ടുപോകുകയാണ് സർക്കാർ. പഴകിയ ഭക്ഷണങ്ങൾ വിൽക്കുന്നതും കാലാവധി കഴിഞ്ഞവ സൂക്ഷിക്കുന്നതും കണ്ടെത്തി ആവശ്യമായ നടപടിയെടുക്കാൻ ഇതിലൂടെ സാധിക്കുന്നു. കേന്ദ്ര സർക്കാരിന്റെ 'ആരോഗ്യ മന്ഥൻ' പദ്ധതിയിൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിനായിരുന്നു എന്നത് നമുക്കേറെ അഭിമാനിക്കാവുന്ന നേട്ടമാണ്. സംസ്ഥാനത്തിന്റെ

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയാണ് ഏറ്റവും ഉയർന്ന പദ്ധതി വിനിയോഗത്തിനുള്ള അവാർഡിന് കേരളത്തെ അർഹമാക്കിയത്. രാജ്യത്തെ പദ്ധതി വിനിയോഗത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് കോഴിക്കോട്, കോട്ടയം സർക്കാർ മെഡിക്കൽ കോളേജുകളാണ്. കുഞ്ഞു ഹൃദയങ്ങളുടെ ജീവൻ രക്ഷാ പദ്ധതിയായ 'ഹൃദ്യം' നമുക്ക് അഭിമാനിക്കാവുന്ന നേട്ടമാണ്. ശിശുമരണ നിരക്ക് കുറയ്ക്കാൻ ആരോഗ്യ വകുപ്പ് രൂപം നൽകിയ ഹൃദ്യം പദ്ധതിയിലൂടെ ഒട്ടനവധി കുഞ്ഞുങ്ങളുടെ ജീവൻ രക്ഷിക്കാൻ സാധിച്ചുവെന്നുള്ളത് അത്ഭുതകരമായ നേട്ടംതന്നെയാണ്. ഹൃദയസംബന്ധമായ ഗുരുതര രോഗങ്ങളുള്ള കുഞ്ഞുങ്ങൾക്ക് സർക്കാർ-സ്വകാര്യ ആശുപത്രികൾ വഴി സൗജന്യ ശസ്ത്രക്രിയ നടത്തുന്നതാണ് ഹൃദ്യം പദ്ധതി. ഇങ്ങനെ ഒട്ടനവധി പദ്ധതികളിലൂടെ ആരോഗ്യരംഗം മുന്നോട്ടുകുതിക്കുമ്പോഴും എന്റെ നിയോജകമണ്ഡലമായ അരൂരിൽ ചെറിയ പോരായ്മകൾ ജനങ്ങൾക്ക് നേരിടേണ്ടിവരുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ആയിരക്കണക്കിന് ആളുകൾ ആശ്രയിക്കുന്ന തുറവൂർ താലൂക്കാശുപത്രിയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവ് വലിയ

പ്രതിസന്ധിയുണ്ടാക്കുന്നുണ്ട്. ദേശീയപാതയോട് ചേർന്നുനിൽക്കുന്ന ആശുപത്രിയായതിനാൽ മറ്റ് പ്രദേശങ്ങളിലെ രോഗികളും ഈ ആശുപത്രിയെയാണ് ആശ്രയിക്കുന്നത്. ദേശീയപാതയിലെ അപകടങ്ങളിൽ പെട്ടെന്ന് രോഗിയെ എത്തിക്കാവുന്ന ഏക ആശുപത്രിയാണിത്. ഈ ആശുപത്രിക്ക് മതിയായ കെട്ടിട സൗകര്യങ്ങളുണ്ടെങ്കിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും കുറവ് വലിയ പ്രതിസന്ധിയുണ്ടാക്കുന്നുണ്ട്. ആയതിനാൽ ഈ കാര്യത്തിൽ അടിയന്തര ശ്രദ്ധ വേണമെന്ന് അഭ്യർത്ഥിക്കുന്നു. ആയിരത്തി അഞ്ഞൂറോളം ഒ.പി.-യുള്ള പ്രസ്തുത ആശുപത്രിയിൽ എന്നും ജനങ്ങളുടെ തിക്കുംതിരക്കുമാണ്. ക്യൂ നിന്ന് തളർന്നുപോകുന്ന മനുഷ്യരാണ് ഏറെയും. സ്ഥലം എം.എൽ.എ. എന്ന നിലയ്ക്ക് പലപ്രാവശ്യവും എന്നെ വിളിച്ച് ഈ കാര്യങ്ങൾ ബോധിപ്പിക്കാറുണ്ട്. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തര ശ്രദ്ധപതിപ്പിക്കണം. അതുപോലെതന്നെ അരുക്കുറ്റി കുടുംബാരോഗ്യ കേന്ദ്രത്തിന് ഏക്കറുകണക്കിന് സ്ഥലമുണ്ടെങ്കിലും ആവശ്യത്തിന് കെട്ടിടവും ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫുമില്ല.

പുഴയുടെ തീരത്തായി സ്ഥിതി ചെയ്യുന്ന അതിമനോഹരമായ ഒരു ആശുപത്രിയാണിത്. രോഗികൾക്ക് വളരെ മാനസികോല്ലാസം നൽകുന്ന വിധത്തിൽ രോഗീസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാവുന്ന പ്രദേശം കൂടിയാണിത്. പാവപ്പെട്ട മനുഷ്യർക്കായി ഈ ആശുപത്രിയുടെ വികസനത്തിന് പ്രത്യേക ശ്രദ്ധചെലുത്തേണ്ടതായിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഒ.പി. സമയം വൈകുന്നേരം 6.00 മണി വരെ ആക്കിയത് മണ്ഡലത്തിലെ ജനങ്ങൾക്ക് വലിയ സഹായമായിട്ടുണ്ട്. ഒ.പി. സമയം ക്രമപ്പെടുത്തുമ്പോൾ ആവശ്യമായ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും അഭാവം വലിയ പ്രതിസന്ധിയുണ്ടാക്കുന്നു. അതിന് അടിയന്തര ശ്രദ്ധചെലുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ആരോഗ്യമേഖലയ്ക്കും ഡോക്ടർമാർക്കും നേരെയുള്ള ആക്രമണം കൂടുന്നതുകാരണം ഡോക്ടർമാർക്ക് സ്വതന്ത്രമായി രോഗികളെ ചികിത്സിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാകുകയും രോഗികളെ മറ്റ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകേണ്ടുന്ന പ്രതിസന്ധിഘട്ടം ഉണ്ടാകുകയും ചെയ്യും. അതുകൊണ്ട് അവർക്കുനേരെയുള്ള ആക്രമണത്തിൽനിന്നും പ്രത്യേകം പ്രൊട്ടക്ഷൻ

ഒരുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആരോഗ്യരംഗത്ത് മുൻപന്തിയിൽനിൽക്കുന്ന സംസ്ഥാനമായി കൊച്ചുകേരളത്തെ ഉയർത്തിയ സർക്കാരിനേയും ആരോഗ്യ വകുപ്പിനേയും അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനം പല കാര്യങ്ങളിലും രാജ്യത്തിനുതന്നെ മാതൃകയാണ്. അത് പ്രധാനമായും സാമൂഹിക സുരക്ഷിതത്വം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലാണ്. ആരോഗ്യ മേഖലയിൽ കേരള സംസ്ഥാനം സമീപ നാളുകളിലായി കൈവരിച്ച നേട്ടങ്ങൾ സമാനതകളില്ലാത്തതാണ്. കഴിഞ്ഞ കുറേയേറെ കാലങ്ങളായി സാംക്രമിക രോഗങ്ങൾ ലോകത്താകെ പടർന്നുപിടിക്കുമ്പോൾ ഇന്ത്യാ രാജ്യത്ത് ഏറ്റവും നല്ല രീതിയിൽ ആ സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കാനുള്ള നടപടികൾ സ്വീകരിച്ചത് കേരള സംസ്ഥാനവും ആരോഗ്യ മേഖലയുമാണ്. കോവിഡ് പ്രതിരോധത്തിൽ ഈ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ രാജ്യാന്തര ശ്രദ്ധതന്നെ പിടിച്ചുപറ്റിയതാണെന്നുള്ളത്

നാം എല്ലാവരും കണ്ടതാണ്. മുൻ ആരോഗ്യ വകുപ്പുമന്ത്രി ആദരണീയയായ കെ. കെ. ശൈലജ ടീച്ചറിന്റെ നേതൃത്വത്തിൽ ആ കാലഘട്ടത്തിൽ നടത്തിയ സമാനതകളില്ലാത്ത പ്രവർത്തനം ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽതന്നെ രേഖപ്പെടുത്തപ്പെടുന്നതാണ്. ഇപ്പോഴും അതേ രൂപത്തിൽതന്നെ, അതിന്റെ ശക്തിയും ഊർജ്ജവും പ്രവർത്തന മികവും ഒട്ടുംചോരാതെതന്നെ നമുക്ക് മുന്നോട്ടുപോകാൻ കഴിയുന്നുണ്ടെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ ഇന്ത്യാ മഹാരാജ്യത്ത് കേരളം ഇപ്പോഴും ഒന്നാം സ്ഥാനത്ത് നിൽക്കുന്നുവെന്നുള്ളത് അതിന്റെ പ്രധാന സാക്ഷ്യപത്രമാണ്. ശിശുമരണ നിരക്കിന്റെയും മാതൃമരണനിരക്കിന്റെയും കാര്യത്തിൽ കേരളം ഇന്ത്യയിൽതന്നെ ഏറ്റവും മികച്ച സ്ഥാനങ്ങളിൽ നിൽക്കുന്നുവെന്നുള്ളതും പൊതു ആരോഗ്യ മേഖലയുടെ കാര്യത്തിൽ നീതി ആയോഗിന്റെ രേഖകൾ പ്രകാരം കേരളം ഒന്നാമതുതന്നെ നിൽക്കുന്നുവെന്നുള്ളതും എടുത്തുപറയേണ്ട ഒരു കാര്യമാണ്. ആരോഗ്യ മേഖലയിൽ ഇന്ന് ഒരുപാട് അനഭിലഷണീയമായ പ്രവണതകൾ, പ്രത്യേകിച്ച് സ്വകാര്യ

ചികിത്സാരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ അതിനെയൊക്കെ പ്രതിരോധിക്കാൻ നമ്മുടെ സംസ്ഥാനത്തിന് കഴിയുന്നുവെന്നുള്ളത് പൊതു ആരോഗ്യമേഖലയുടെ കരുത്തിന്റെ ഏറ്റവും വലിയ പ്രതിഫലനമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സൗജന്യ ചികിത്സാരംഗത്ത് നാനാപ്രകാരത്തിലുള്ള പദ്ധതികൾ, യശ്ശശരീരനായ കെ. എം. മാണി തുടങ്ങിവച്ച കാരുണ്യ ചികിത്സാ പദ്ധതി, ഹൃദ്യം പദ്ധതി ഉൾപ്പെടെ എത്രയോ സൗജന്യ ചികിത്സാ പദ്ധതികൾ വിവിധ വിഭാഗങ്ങൾക്കായി ഈ സംസ്ഥാനത്തെ പൊതു ആരോഗ്യരംഗത്ത് ഉണ്ടെന്നുള്ളത് എല്ലാവരും പ്രശംസിക്കുന്നതും എല്ലാവർക്കും മാതൃകയാക്കാവുന്നതുമാണ്. അതനുസരിച്ചുള്ള ഔന്നത്യങ്ങളും നേട്ടങ്ങളും അംഗീകാരങ്ങളും നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് എടുത്തുപറയാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്.

എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഒന്നുരണ്ടുകാര്യങ്ങൾകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. എന്റെ നിയോജകമണ്ഡലം വളരെ വിസ്തൃതിയുള്ളതും പൊതു ആരോഗ്യമേഖലയുടെ കൂടുതൽ പ്രവർത്തനങ്ങൾ

ആവശ്യപ്പെടുന്നതുമായ ഒരു മേഖലയാണ്. ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം താലൂക്കാശുപത്രി പദവിയിലേയ്ക്ക് ഉയർത്തി മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഒരുക്കണമെന്നുള്ളത് ആ പ്രദേശത്തുള്ള ജനങ്ങളുടെ ദീർഘകാലമായ ഒരാവശ്യമാണ്. അതുപോലെ കിഴക്കിന്റെ കവാടമായ മുണ്ടക്കയത്തുള്ള കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രതിദിനം അഞ്ഞൂറ് അറുന്നൂറ് ആളുകൾ രാവിലത്തെ ഒ.പി.-യിൽ എത്തുന്ന സ്ഥിതിയുണ്ട്. അവിടെയും കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും പദവി ഉയർത്തലും അത്യാവശ്യമാണ്. എരുമേലിയിലെ സാമൂഹിക ആരോഗ്യകേന്ദ്രം തീർത്ഥാടനവുമായി ബന്ധപ്പെട്ടും അല്ലാത്ത കാലഘട്ടത്തിലുമൊക്കെ കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ട ഏറ്റവും അത്യാവശ്യമുള്ള ആരോഗ്യകേന്ദ്രത്തിന്റെ പരിധിയിൽ വരുന്നതാണ്. എന്റെ നിയോജകമണ്ഡലത്തിലെ എരുമേലി സാമൂഹിക ആരോഗ്യകേന്ദ്രം, ഈരാറ്റുപേട്ട, മുണ്ടക്കയം കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനും പദവി ഉയർത്തലിനും കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ ഉണ്ടാകണമെന്നുകൂടി ഈ ചർച്ചയിൽ

ആവശ്യപ്പെടാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. ആരോഗ്യരംഗത്ത് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന ശ്രദ്ധേയമായ പ്രവർത്തനങ്ങൾ, സബ് സെന്ററുകൾ ഹെൽത്ത് ആൻഡ് വെൽനെസ്സ് ക്ലിനിക്കുകളായി പദവി ഉയർത്തുന്നതിനും അതുമായി ബന്ധപ്പെട്ട് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമൊക്കെ നടത്തുന്ന ശ്രമങ്ങളെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ആരോഗ്യ വകുപ്പുമന്ത്രി വളരെ ഊർജ്ജസ്വലമായും ചുറുചുറുക്കോടെയും കാര്യക്ഷമമായും പ്രവർത്തിക്കുന്ന ആളാണ്. തീർച്ചയായും ആ പ്രവർത്തനമികവെല്ലാംതന്നെ വകുപ്പിന് ചുരുങ്ങിയ നാളുകൾക്കുള്ളിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. പണമില്ലാത്തതിന്റെ പേരിൽ ഒരാൾക്കുപോലും ചികിത്സ നിഷേധിക്കപ്പെട്ട് മരണത്തിലേയ്ക്കോ മറ്റ് ദുരന്തത്തിലേയ്ക്കോ പോകുന്നില്ലെന്ന് ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിൽ സാമൂഹിക സുരക്ഷിതത്വത്തിന്റെയും സാമൂഹിക പുരോഗതിയുടേയും ഉദാത്തമായ മാതൃക സൃഷ്ടിക്കാൻ എല്ലാ നിലയിലും കേരളത്തിന്റെ ആരോഗ്യ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഒരിക്കൽക്കൂടി അടിവരയിട്ട്

സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണയ്ക്കുന്നതായി അറിയിച്ച് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്ന് ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ച നടക്കുന്ന ദിവസമാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഈ രംഗത്ത് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ സമചിത്തതയോടെ ഇവിടെയിരുന്ന് കേൾക്കാനുള്ള ആരോഗ്യം യു.ഡി.എഫ്.-കാർക്ക് നഷ്ടപ്പെട്ടുവെന്നുള്ളതുകൊണ്ടാണ് അവർ ഈ ചർച്ച ബഹിഷ്കരിച്ചത്. ഒന്നാം പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽവന്നപ്പോൾ നടപ്പാക്കിയ പദ്ധതികളെയും രണ്ടാം പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നടപ്പാക്കിയ പദ്ധതികളെയും സർക്കാരിന്റെ നേട്ടങ്ങളെയും സംബന്ധിച്ച് ചർച്ച നടന്ന സമയത്ത് ബഹുമാന്യനായ അംഗം തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ഇനി എന്തെല്ലാം മാറ്റങ്ങളാണ് വരാനിരിക്കുന്നുവെന്നും പ്രകൃതിക്ഷോഭങ്ങളും പ്രളയവും മഹാമാരികളും അതുപോലെതന്നെ തീപിടിത്തങ്ങളുമെല്ലാം ഇനിയുമുണ്ടാകുമെന്നുമാണ്.

അപ്പോൾ അവർക്ക് ജനങ്ങളിൽ യാതൊരു പ്രതീക്ഷയുമില്ല. പ്രകൃതിക്ഷോഭങ്ങൾ, തീപിടിത്തം, വെള്ളപ്പൊക്കം തുടങ്ങിയ ദുരന്തങ്ങളിലും പ്രതീക്ഷയർപ്പിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെതിരായ നയ നിലപാട് സ്വീകരിക്കാൻനിന്ന ഒരു പ്രതിപക്ഷമാണ് ഇന്ന് കേരളത്തിലുള്ളത്. അതാണ് ഇന്നിവിടെ ഇടയ്ക്കിടയ്ക്ക് കണ്ടുകൊണ്ടിരിക്കുന്നത്. ഇന്ന് അടിയന്തര പ്രമേയം അവതരിപ്പിച്ച സന്ദർഭത്തിലും അതുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ദുരിതങ്ങളോ ബുദ്ധിമുട്ടുകളോ ഒന്നുമല്ല അവർക്ക് പ്രശ്നം. ഈ പ്രശ്നം അങ്ങനെതന്നെ നിലനിൽക്കണമെന്നും തീ കെടുത്താൻ പാടില്ലായിരുന്നുവെന്നും പുക ധാരാളമായി ഉണ്ടാകണമെന്നുമായിരുന്നു അവരുടെ ആഗ്രഹം. ആയിരക്കണക്കിന് ആളുകളെ ഹോസ്പിറ്റലൈസ് ചെയ്യണം അല്ലെങ്കിൽ മരണപ്പെടണം എന്നൊക്കെയുള്ള ഒരു വലിയ മനക്കോട്ടയായിരുന്നു കൊച്ചിയിലെ ഈ ദുരന്തവുമായി ബന്ധപ്പെട്ട് പ്രതിപക്ഷം പ്രതീക്ഷിച്ചിരുന്നത്. വളരെ സമയോചിതമായി ബന്ധപ്പെട്ട മന്ത്രിമാർ, ഗവൺമെന്റ്, അവിടത്തെ ഭരണ സംവിധാനങ്ങളുമെല്ലാം ഒരുമിച്ചുചേർന്ന്

അത് നിയന്ത്രണവിധേയമാക്കി. അതിൽ സന്തോഷം പങ്കുവയ്ക്കുകയാണ് വേണ്ടത്. വലിയ ദുരന്തത്തിലേയ്ക്ക് കൊച്ചിയും കേരളവും പോകുന്നതിൽനിന്നും തടയാൻ കഴിഞ്ഞതിൽ അഭിമാനം കൊള്ളുകയാണ് വേണ്ടത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ പ്രകൃതിക്ഷോഭവും പ്രളയവും മറ്റ് ദുരന്തങ്ങളും വന്നതിൽ ആശ്വാസം കണ്ടെത്തി അതിന്റെ ഭാഗമായി ജനങ്ങളെ കൂടെ നിർത്താമെന്ന് പ്രതീക്ഷിക്കുന്ന പ്രതിപക്ഷം, ആശയ ദാരിദ്ര്യത്തിന്റെ ഭാഗമായിട്ടാണ് ഇന്നും അവർ അടിയന്തര പ്രമേയം അവതരിപ്പിച്ച്, ചില കോലാഹലങ്ങൾ കാണിച്ച് ഇറങ്ങിപ്പോയതെന്നാണ് അതിനെ സംബന്ധിച്ച് പറയാനുള്ളത്. - കഴിഞ്ഞ ഒന്നുരണ്ടു വർഷങ്ങൾക്ക് മുമ്പാണെന്ന് തോന്നുന്നു, പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽ കൃഷിക്കാർ വയ്ക്കോൽ കത്തിച്ചതിന്റെ ഭാഗമായി ഡൽഹിയിൽ ഒരു മാസക്കാലംവരെ ആകെ പുകയായിരുന്നു. ആളുകൾക്ക് പുറത്തിറങ്ങാൻ നിവൃത്തിയുണ്ടായിരുന്നില്ല. വലിയ രീതിയിലുള്ള പ്രകൃതി ദുരന്തങ്ങളും ദുരിതങ്ങളും അതുപോലെതന്നെ രോഗങ്ങളുമെല്ലാം പിടിപെട്ടു. അതുമായി തട്ടിച്ചുനോക്കുമ്പോൾ, ഇങ്ങനെയൊരു സംഭവം ഇവിടെ നടക്കാൻ പാടില്ലായിരുന്നുവെന്നത്

ശരിയാണ്. പക്ഷെ അങ്ങനെ സംഭവിച്ചുകഴിഞ്ഞാൽ അത് ചികിത്സിച്ച് ഭേദമാക്കാനോ അല്ലെങ്കിൽ അതിനെ പ്രതിരോധിക്കാനോ ആ തീയണയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കാനോ മാത്രമെ ഒരു ഭരണകൂടത്തിന് കഴിയൂ. അങ്ങനെ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ വളരെ ഫലപ്രദമായും സമർത്ഥമായും ദ്രുതഗതിയിലും അവിടെ നടപ്പാക്കിയിട്ടുണ്ടെന്ന ആശ്വാസത്തിലാണ് കേരളത്തിലെ ജനങ്ങൾ നിൽക്കുന്നത്. അതുമായി ബന്ധപ്പെട്ടാണ് പ്രതിഷേധിച്ച് പ്രതിപക്ഷം ഇന്ന് ഇറങ്ങിപോയത്.

**(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ബാബു (നെന്മാറ))**

സാമ്പത്തികമായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഈ സർക്കാർ ഇന്ന് നേരിടുന്നുണ്ടെങ്കിലും നേരത്തെ ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ പറഞ്ഞതുപോലെ പാവപ്പെട്ട മനുഷ്യരുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി കേരളത്തിൽ അലോപ്പതി ചികിത്സാ സമ്പ്രദായത്തിന്റെ ഭാഗമായുള്ള മെഡിക്കൽ കോളേജുകൾ മുതൽ സബ്സെന്ററുകൾവരെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആയുർവ്വേദ, ഹോമിയോപ്പതി ആശുപത്രികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇത്രയും വലിയ സമഗ്രമായ ചികിത്സാ

സംവിധാനമുള്ള സംസ്ഥാനം ഇന്ത്യാ രാജ്യത്ത് വേറെ ഏതാണുള്ളത്? പാവപ്പെട്ട ആളുകൾക്ക് സൗജന്യ ചികിത്സ നൽകുന്നതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. അതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ ഒട്ടേറെ അവാർഡുകളും അംഗീകാരങ്ങളും നമ്മളെ തേടിയെത്തുകയാണ്. അതൊന്നും ഇവർക്ക് സഹിക്കുന്നില്ല. ആ അംഗീകാരവും ആദരവും നേടിയെടുക്കുന്നതിനായി ഈ ഗവൺമെന്റ് നടത്തുന്ന ജനക്ഷേമകരമായ പദ്ധതികൾ അവർക്ക് സഹിക്കുന്നില്ല. അതുകൊണ്ടാണ് ഇടയ്ക്കിടയ്ക്ക് ഇങ്ങനെ തികട്ടിവരുന്നത്. ഞാൻ കഴിഞ്ഞ ഒരു സഭയിൽ പറഞ്ഞ കാര്യം ഓർമ്മ വരികയാണ്. അവർക്ക് വിഷാദ രോഗം ബാധിച്ചിരിക്കുകയാണ്. ആ രോഗത്തിൽനിന്നും ഉളുതമാകുന്ന ചില കാര്യങ്ങളാണ് ഇവിടെ വന്ന് പ്രകടിപ്പിക്കുന്നത്. അസംബ്ലി ചട്ടങ്ങൾ നന്നായി ഉദ്ധരിക്കുന്ന പ്രതിപക്ഷ നേതാവുൾപ്പെടെയുള്ളവർ ചട്ടവിരുദ്ധമായി എത്ര തവണയാണ് ഈ സഭയിൽ പ്രസംഗിച്ചത്; അത് ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ്? കേരളത്തെ സംബന്ധിച്ച് ഇപ്പോൾ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റിൽ 2828.33 കോടി രൂപ ആരോഗ്യ

പരിപാലനവുമായി ബന്ധപ്പെട്ട വിവിധങ്ങളായ മേഖലയ്ക്കുവേണ്ടി വകയിരുത്തിയെന്ന് പറയുന്നത് അഭിമാനകരമായ കാര്യമാണ്. സർക്കാരിന് പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമെല്ലാമുണ്ട്, നമുക്ക് കേന്ദ്രം ഫണ്ട് തരുന്നില്ല, ഉള്ള കേന്ദ്ര വിഹിതം വെട്ടിക്കുറയ്ക്കുകയാണ്, അർഹതപ്പെട്ട വിഹിതം തരുന്നില്ല, ജി.എസ്.ടി. നഷ്ടപരിഹാരം അനുവദിക്കുന്നില്ല, റവന്യൂ കമ്മി നികത്തുന്നതിനാവശ്യമായ ഫണ്ട് തരുന്നില്ല. അവരുടെ ഔദാര്യമൊന്നും വേണ്ട. കേരളത്തിന് അർഹതപ്പെട്ട, നമുക്ക് നൽകേണ്ടിയിരുന്ന ഫണ്ടിൽ 40,000 കോടി രൂപ കമ്മിയാണെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നേരത്തെ ഇവിടെ സൂചിപ്പിച്ചത്. അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ ആരോഗ്യ പരിപാലന മേഖലയ്ക്ക് പത്ത് ശതമാനത്തോളം തുക നീക്കിവെച്ച്, ജനങ്ങളെ ചേർത്തുപിടിച്ച് പോകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചകൾ കേൾക്കാൻപോലും തയ്യാറല്ലെങ്കിൽ അവർ ഏത് ജനങ്ങൾക്കുവേണ്ടിയാണ് ജനപ്രതിനിധികളായി ഇവിടെ എത്തിയിട്ടുള്ളത്? ഏതെങ്കിലും ഒരു സന്ദർഭത്തിൽ, ജനക്ഷേമകരമായതോ വികസനവുമായി ബന്ധപ്പെട്ടതോ

ആയ കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ സഭ ബഹിഷ്കരിച്ച് പോകാമോ? ജനപ്രതിനിധികളെന്ന നിലയ്ക്ക് ഇതെല്ലാം അവരുടെ ഉത്തരവാദത്തിൽപ്പെടുന്നതല്ലേ; ഇങ്ങനെ ചില കൂട്ടരെയാണോ ഞങ്ങൾ തെരഞ്ഞെടുത്തയച്ചതെന്നോർത്ത് ഇവരെ തെരഞ്ഞെടുത്ത ജനങ്ങൾ ഇന്ന് പശ്ചാത്തപിക്കുകയാണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 18 യു.ഡി.എഫ്. എം.പി.-മാരെ തെരഞ്ഞെടുത്ത കേരളത്തിലെ ആളുകൾ അതിനുശേഷമുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പശ്ചാത്തപിക്കുകയാണ്. കേരളത്തിനുവേണ്ടി ശബ്ദിക്കാത്ത, കേരളത്തിന്റെ താൽപര്യത്തിനുവേണ്ടി ശബ്ദിക്കാത്ത, കേരളത്തെ അപകീർത്തിപ്പെടുത്താൻവേണ്ടി ശ്രമിക്കുന്ന, കേരളത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ നൽകാത്ത, വികസന പദ്ധതികൾക്ക് അംഗീകാരം നൽകാത്ത ഒരു ഗവൺമെന്റിന്റെ നടപടിക്കെതിരായി പ്രതിഷേധിക്കാൻപോലും പ്രസ്തുത 18 പാർലമെന്റ് അംഗങ്ങൾ തയ്യാറാകുന്നില്ല. തെരഞ്ഞെടുത്ത ജനങ്ങളെ അവർ വഞ്ചിക്കുകയാണ്. അതുപോലെതന്നെയാണ് കേരളത്തിലെ 41 യു.ഡി.എഫ്.-ന്റെ

പ്രതിനിധികളും. അവർ ആർക്കുവേണ്ടിയാണ് നിയമസഭയിൽ വരുന്നത്; എന്തിനുവേണ്ടിയാണ് അവർ സംസാരിക്കുന്നത്; അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യങ്ങളെല്ലാംതന്നെ വളരെ സവിസ്തരമായും ഗൗരവമായും കേരളത്തിൽ ചർച്ച ചെയ്യപ്പെടുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. 2016 മുതൽ 2021 വരെയുള്ള ഗവൺമെന്റിൽ 91 സീറ്റാണ് എൽ.ഡി.എഫ്.-ന് ലഭിച്ചതെങ്കിൽ അതിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ 99 സീറ്റ് ലഭിച്ചു. ഈ നിലപാടാണ് അവർ സ്വീകരിക്കുന്നതെങ്കിൽ അടുത്ത തെരഞ്ഞെടുപ്പിൽ ജനങ്ങൾ അവരെ ഇരുത്തേണ്ടിടത്ത് ഇരുത്തുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

ഇവിടെ സബ്സെന്ററുകൾ 5415, പി.എച്ച്.സി.-കൾ 848, അർബൻ ഹെൽത്ത് സെന്ററുകൾ, സി.എച്ച്.സി.-കൾ 227, താലൂക്കാശുപത്രികൾ 87, ജില്ലാ ആശുപത്രി 18, മെഡിക്കൽ കോളേജ് 14, ജനറൽ ആശുപത്രികൾ 18, സ്പെഷ്യൽ ആശുപത്രികൾ 17, മറ്റുള്ളവ 62. അങ്ങനെ ഒട്ടേറെ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ആയുർവേദത്തിന്റെയും മറ്റും ആശുപത്രികൾ വേറെയുമുണ്ട്. ഇങ്ങനെയുള്ളൊരു മഹാശൃംഖല ജനങ്ങളെ

സംരക്ഷിക്കുന്നതിനുവേണ്ടി ഇവിടെയല്ലാതെ വേറെ എവിടെയും പ്രവർത്തിക്കുന്നില്ല. അങ്ങനെയുള്ള സർക്കാരിന്റെ നടപടികളെ നിങ്ങൾ ശ്ലാഘിക്കേണ്ട. പണ്ടാരോ പറഞ്ഞതുപോലെ, ഭിക്ഷ തന്നില്ലെങ്കിലും പട്ടിയെവിട്ട് കടിപ്പിക്കരുത്. ഭിഷയ്ക്കുവേണ്ടി വീട്ടിലേയ്ക്ക് കയറിച്ചെന്നവർക്ക് ഭിക്ഷ കൊടുക്കാതെ പട്ടിയെവിട്ട് കടിപ്പിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. നിങ്ങൾ ഭിക്ഷ തന്നില്ലെങ്കിലും പട്ടിയെവിട്ട് കടിപ്പിക്കരുതെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷത്തിനോട് എനിക്ക് പറയുവാനുള്ളത്.

മറ്റൊന്ന് എന്റെ ജില്ലയായ പാലക്കാട് ഒരു മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നുണ്ട്. എസ്.സി., എസ്.റ്റി. മേഖലയിലാണ് ആരംഭിച്ചിട്ടുള്ളത്. അതിന്റെ കെട്ടിടനിർമ്മാണം, പശ്ചാത്തല സൗകര്യങ്ങളുടെ പ്രവർത്തനങ്ങൾ എന്നിവയെല്ലാം വളരെ നന്നായി നടക്കുന്നുണ്ട്. എന്നാൽ അവിടെയിപ്പോൾ ഒ.പി. സംവിധാനം മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. എത്രയുംവേഗം അതിന്റെ ഫുൾ സ്വിംഗിൽ ഐ.പി. ഉൾപ്പെടെ ആരംഭിച്ചുകൊണ്ട് ഒരു മെഡിക്കൽ കോളേജിൽനിന്നും ജനങ്ങളെന്താണോ പ്രതീക്ഷിക്കുന്നത് അതിനനുസരിച്ച് അതിനെ ഉയർത്താനാവശ്യമായ ഇടപെടലും നടപടിയും സ്വീകരിക്കണം.

പാലക്കാട് വളരെ പിന്നാക്കം നിൽക്കുന്നൊരു പ്രദേശമാണ്. ഒരുഭാഗത്ത് മുഴവൻ പട്ടികജാതി/പട്ടികവർഗ്ഗ മേഖലയും തമിഴ്മേഖലയുമാണ്. എല്ലാ മേഖലയിലും വളരെ പിന്നാക്കമുള്ളവരാണുള്ളത്. അവർക്ക് ഇപ്പോൾ ചികിത്സയ്ക്ക് ഒന്നുകിൽ തൃശ്ശൂർ മെഡിക്കൽ കോളേജ് അല്ലെങ്കിൽ കോയമ്പത്തൂർ മെഡിക്കൽ കോളേജിൽ പോകണം. അങ്ങനെയൊരു സ്ഥിതിയുള്ള ഈ സന്ദർഭത്തിൽ പാലക്കാട് നമ്മൾ ആരംഭിച്ച മെഡിക്കൽ കോളേജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണ അർത്ഥത്തിൽത്തന്നെ കൊണ്ടുവരാനാവശ്യമായ ഇടപെടൽ ആരോഗ്യ വകുപ്പിന്റെയും എസ്.സി./എസ്.റ്റി. വകുപ്പിന്റെയും ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് വിനയപൂരസ്സരം അഭ്യർത്ഥിക്കുവാനുള്ളത്.

മറ്റൊരുകാര്യം, എന്റെ മണ്ഡലമായ ഷൊർണ്ണൂരിൽ രണ്ട് മുനിസിപ്പാലിറ്റിയും 6 പഞ്ചായത്തുകളുമുണ്ട്. പക്ഷെ, അവിടെ താലൂക്കാശുപത്രിയില്ല. സാങ്കേതികമായി ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രിയെന്ന് പറയുന്നത് ശരിയാണ്. പക്ഷെ, ഞാനിവിടെ കണക്കുനോക്കിയപ്പോൾ 75 താലൂക്കുകളാണ് നമുക്കുള്ളത്. എന്നാൽ ആകെ

87 താലൂക്കാശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. താലൂക്കാശുപത്രിയുടെ ഗ്രേഡിൽ ചില ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. അതിനെ കുറ്റം പറയാനും പറ്റില്ല. ആ ഗ്രേഡിലേയ്ക്ക് കൊണ്ടുവന്നാൽ അവിടെ താലൂക്കാശുപത്രിയുടെ പശ്ചാത്തല സൗകര്യമുണ്ടാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം. ഇപ്പോൾ ഷൊർണ്ണൂർ മണ്ഡലത്തിലുള്ളവർക്ക് ഒന്നുകിൽ തൃശ്ശൂരിലേയ്ക്കോ പെരിന്തൽമണ്ണയിലേയ്ക്കോ പോകേണ്ട അവസ്ഥയാണ്. അല്ലെങ്കിൽ താലൂക്കാശുപത്രി സൗകര്യത്തിനുവേണ്ടി ഒറ്റപ്പാലത്തേയ്ക്കാണ് പോകേണ്ടത്. അതിന് സാധ്യതയും സ്ഥലസൗകര്യവുമുള്ള ചെർപ്പുളശ്ശേരി ആശുപത്രി താലൂക്കാശുപത്രിയുടെ ഗ്രേഡിലേയ്ക്ക് മാറ്റപ്പെടുകയാണെങ്കിൽ ഉപകാരമായിരിക്കും. ഒറ്റപ്പാലം താലൂക്കാശുപത്രി ജില്ലാ ആശുപത്രി ഗ്രേഡിലേയ്ക്ക് പ്രൊമോട്ട് ചെയ്യപ്പെടുന്നു എന്ന് കേൾക്കുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഷൊർണ്ണൂർ മണ്ഡലത്തിന്റെ കേന്ദ്രമായ ചെർപ്പുളശ്ശേരിയിൽ താലൂക്കാശുപത്രിയുടെ പദവിയിലുള്ളൊരു ആശുപത്രി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് അതുമായി ബന്ധപ്പെട്ട് പറയുവാനുള്ളത്.

കോവിഡ്-19-ന് മുമ്പ് ചെർപ്പുളശ്ശേരി ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തിയിരുന്നു. എന്നാൽ കോവിഡ്-19 വന്നതിനുശേഷം പോസ്റ്റ്മോർട്ടം നിർത്തി. അതിനെന്താണ് സാങ്കേതികമായ പ്രയാസമെന്ന് മനസ്സിലാകുന്നില്ല. നേരത്തെ ഉണ്ടായിരുന്നതാണ്. കോവിഡിന് മുമ്പ് അവിടെ പോസ്റ്റ്മോർട്ടം നടന്നിരുന്നു. ഷൊർണ്ണൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐ.പി. ഉണ്ടായിരുന്നു. അവിടെയിപ്പോൾ നിർബന്ധം ചെലുത്തി, മുനിസിപ്പാലിറ്റിതന്നെ രണ്ട് നഴ്സുമാരെയൊക്കെ വച്ചാണ് ഐ.പി. ആരംഭിച്ചത്. കോവിഡ് 19-ന് മുമ്പ് നിലവിലുണ്ടായിരുന്ന സ്റ്റാറ്റസ് കോവിഡിന് ശേഷവും നിലനിർത്തി പോകുന്നതിനാവശ്യമായ ഇടപെടൽ നടത്തണമെന്നാണ് അതുമായി ബന്ധപ്പെട്ട് പറയുവാനുള്ളത്.

മറ്റൊന്ന്, എന്റെ മണ്ഡലത്തിൽപ്പെടുന്നതാണ് ഷൊർണ്ണൂർ ICCONS (Institute for Communicative and Cognitive Neuro Sciences). ജന്മനാൽതന്നെ വികലാംഗത്വവും ഓട്ടിസവും ബാധിച്ച കുട്ടികൾ, മുതിർന്നവർ എന്നിവർക്കൊക്കെയുള്ളൊരു ചികിത്സാ കേന്ദ്രമെന്നുള്ള നിലയിലാണ് ICCONS അവിടെ സ്ഥാപിക്കപ്പെട്ടത്. നേരത്തെ തിരുവനന്തപുരത്തും ICCONS

ഉണ്ടായിരുന്നു. അത് 1998-ലാണ് ആരംഭിച്ചത്. അതുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെയാണ് 2000-ൽ ഷൊർണ്ണൂരിൽ ആരംഭിക്കുന്നത്. അവിടെ ധാരാളം സൗകര്യങ്ങളുണ്ട്. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി അവിടം സന്ദർശിക്കുകയും അവർക്ക് കാര്യങ്ങൾ ബോധ്യമാകുകയും ചെയ്തിട്ടുണ്ട്. നമ്മൾ പറഞ്ഞതനുസരിച്ച് ICCONS എന്താണെന്ന് പഠിക്കുന്നതിനുവേണ്ടി അവരവിടെ വന്നിരുന്നു. വർഷത്തിൽ ലഭിക്കുന്ന രണ്ട് ചില്വാനം കോടി രൂപയുടെ ഒരു ഗ്രാന്റിന്റെ അടിസ്ഥാനത്തിലാണ് അവിടെ ശമ്പളം കൊടുത്തുപോകുന്നത്. അതുകൊണ്ടുമാത്രം കൃത്യമായി ശമ്പളം കൊടുക്കാൻ കഴില്ല. അഞ്ച് കോടി രൂപയെങ്കിലും ഗ്രാന്റായി നൽകിയാൽ മാത്രമേ അവിടെയുള്ള താല്കാലിക ജീവനക്കാർക്ക് ഇപ്പോൾ നൽകികൊണ്ടിരിക്കുന്ന വേതനമെങ്കിലും നൽകാൻ കഴിയുകയുള്ളൂ. സ്ഥിരം ജീവനക്കാർ കുറവാണ്. ഒരു തൊഴിലുറപ്പ് തൊഴിലാളിക്ക് ദിവസം 300 രൂപയിലധികം കേരളത്തിൽ ലഭിക്കുന്നുണ്ടെന്നാണ് ഞാൻ പരിശോധിച്ചപ്പോൾ മനസ്സിലായത്. പക്ഷെ അവിടെ 250 രൂപ മാത്രമാണ് ക്ലീനിംഗുമായി ബന്ധപ്പെട്ട സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കുന്നത്.

അതുപോലെ 18 കൊല്ലമായി അവിടെ ജോലിചെയ്യുന്ന ഫിസിയോ തെറാപ്പിസ്റ്റുകൾ രണ്ടുപേരുണ്ട്. അവർക്ക് ലഭിക്കുന്നത് 18,000 രൂപയാണ്. താല്ക്കാലിക ജീവനക്കാർക്കും കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും സർക്കാർ തീരുമാനപ്രകാരം കാറ്റഗറി അടിസ്ഥാനത്തിൽ ഒരു വേജ് നിശ്ചയിച്ചിട്ടുണ്ട്. ആ തുകയെങ്കിലും അവർക്ക് നൽകേണ്ടതാവശ്യമാണ്. താല്ക്കാലിക ജീവനക്കാരും കരാറടിസ്ഥാനത്തിൽ പണിയെടുക്കുന്നവരുമായി കുറേപേർ അവിടെയുണ്ട്. അംഗവൈകല്യമുള്ള, സംസാരശേഷിയില്ലാത്ത കുട്ടികളെ പരിചരിക്കാൻ ഒരാൾ മാത്രം മതിയാകില്ല, രണ്ടും മൂന്നും പേർ ആവശ്യമായി വരും. അതിന്റെ ഗവേണിംഗ് ബോഡിയിലെ ചില ഉത്തരവാദപ്പെട്ട ആളുകൾ, അവർ ഐ.എ.എസ്.-കാരൊക്കെയാണ്. അവരുടെ സ്റ്റാറ്റസ്സിനെ ഞാൻ കുറച്ചുകാണുന്നില്ല. പക്ഷെ ഈ സ്ഥാപനമെന്താണെന്ന് അറിയാതെ ഗവേണിംഗ് ബോഡി പ്രവർത്തിച്ചിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിട്ട് അക്കാര്യം ബോധ്യമായതാണ്. ഹെൽത്ത് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി അതുമായി ബന്ധപ്പെട്ട സെക്രട്ടറിമാർ തുടങ്ങിയവർ ചേർന്ന് ഗവേണിംഗ്

ബോഡി കൂടേണ്ടതാണ്. ആ ഗവേണിംഗ് ബോഡി തന്നെ രണ്ടര കൊല്ലത്തിനിടയ്ക്ക് ഒരു പ്രാവശ്യം മാത്രമാണ് കൂടിയിട്ടുള്ളത്. ICCONS-ൽ അവർ വന്ന് അവിടത്തെ സ്ഥിതിയൊക്കെ ബോധ്യപ്പെട്ടാൽ അവർക്ക് കുറെ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് സാധിക്കും. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ എല്ലാസമയവും താല്പര്യമെടുക്കുന്നുണ്ട്. ആ താല്പര്യത്തെ ഞാൻ പ്രകീർത്തിക്കുന്നു. ICCONS-ലെ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുവരെയെങ്കിലും സർക്കാർ നിശ്ചയിച്ച വേതനം കൊടുക്കാനുള്ള ഉത്തരവുണ്ടാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ മുക്തകണ്ഠം പ്രശംസിക്കുകയും അഭിനന്ദിക്കുകയും ചെയ്തുകൊണ്ട് ഞാൻ നിർത്തുന്നു. നന്ദി

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ആരോഗ്യ വകുപ്പിനെ സംബന്ധിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ബ്രഹ്മപുരം മാലിന്യ പ്ലാന്റുമായി ബന്ധപ്പെട്ട് അടിയന്തര പ്രമേയം കൊണ്ടുവരികയുണ്ടായി. പക്ഷെ അതുസംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ, അവർ ഈ സഭയിലുമില്ല. ഞാൻ ആ നിയോജകമണ്ഡലത്തെ

പ്രതിനിധീകരിക്കുന്ന നിയമസഭാംഗമാണ്. കഴിഞ്ഞ 3-ാം തീയതി മുതൽ ഇന്നലെവരെ ഈ നിയോജകമണ്ഡലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെ നേരിട്ടുകണ്ട് ബോധ്യപ്പെട്ടിട്ടുള്ള ആളാണ് ഞാൻ. മുഖ്യമന്ത്രിയെ ഞാൻ ഈ അവസരത്തിൽ പ്രത്യേകം നന്ദിയോടുകൂടി ഓർക്കുകയാണ്. ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലേയ്ക്ക് പ്ലാസ്റ്റിക് കൊണ്ടുവരരുത് എന്നുള്ളത് കഴിഞ്ഞ കുറെ വർഷങ്ങളായി ഞങ്ങളുടെ നിരന്തമായിട്ടുള്ള ആവശ്യമായിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നേരിട്ട് ഇടപെട്ട് പ്ലാസ്റ്റിക് ഒഴിവാക്കാൻ എടുത്ത തീരുമാനത്തിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മുഴുവൻ ആളുകൾക്കുംവേണ്ടി ഞാൻ ഈ സഭയിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. ഇതിലെ വസ്തുതകൾ നാം മനസ്സിലാക്കണം. ഇപ്പോൾ ഘോരഘോരം പ്രസംഗിച്ച പ്രതിപക്ഷ നേതാവടക്കം എത്രപേർ പ്രതിപക്ഷത്തുനിന്ന് ഈ ബ്രഹ്മപുരം മാലിന്യ പ്ലാന്റ് സന്ദർശിച്ചിട്ടുണ്ടെന്നത് മനസ്സിലാക്കണം. കഴിഞ്ഞ പന്ത്രണ്ട് വർഷമായി അതായത്, 2010 മുതൽ 2015 വരെയും അതിനുശേഷം 2015 മുതൽ 2020 വരെയും കൊച്ചിൻ കോർപ്പറേഷൻ ഭരിച്ചത് കോൺഗ്രസിന്റെ രണ്ട്

മേയർമാരാണ്. ആ രണ്ട് കാലഘട്ടങ്ങളിലും ഏതെങ്കിലും തരത്തിലുള്ള നടപടി ബ്രഹ്മപുരം മാലിന്യ കേന്ദ്രത്തിനുവേണ്ടി ഇവർ ചെയ്തിട്ടുണ്ടോ? അതിനു പകരം ഇവർ എന്താണ് ചെയ്തത്? ശ്രീ. ടോണി ചമ്മണിയുടെ കാലഘട്ടത്തിൽ നെൽകൃഷി നടത്തുകയാണ് ചെയ്തത്. ഈ മാലിന്യ പ്ലാന്റ് കൊണ്ടുവരുന്നത് എൽ.ഡി.എഫ്.-ന്റെ മേയറായിരുന്ന ശ്രീമതി മേഴ്സി വില്യംസിന്റെ കാലഘട്ടത്തിലായിരുന്നു. അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദനാണ് ആറ് മാസത്തിനുള്ളിൽ പ്ലാന്റ് സ്ഥാപിക്കണമെന്ന് ഹൈക്കോടതിയുടെ നിർദ്ദേശം ഉണ്ടായതിനെത്തുടർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ ആ പ്ലാന്റിന്റെ പണി പൂർത്തീകരിച്ചത്. പക്ഷെ അങ്ങനെ പൂർത്തീകരിച്ചതിനാൽ ആ പ്ലാന്റിൽ പിന്നീട് ധാരാളം സാങ്കേതിക തകരാറുകൾ വരികയും അത് നിലച്ചുപോകുകയുമാണ് ചെയ്തത്. പക്ഷെ പിന്നീട് വന്ന യു.ഡി.എഫ്-ന്റെ മേയർമാർ ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ വച്ചുകൊണ്ട് ഒരു പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ; ജനകീയാസൂത്രണംവഴി കോടി കണക്കിന് രൂപയുടെ പദ്ധതിയൊക്കെ നടപ്പിലാക്കുന്ന സമയമായിരുന്നു. പക്ഷെ ഒരു പദ്ധതി പോലും നടപ്പാക്കാൻ

അവർക്ക് കഴിഞ്ഞില്ല. കഴിഞ്ഞദിവസം രണ്ട് ബഹുമാനപ്പെട്ട മന്ത്രിമാർ എറണാകുളം ജില്ലയിൽ ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കമുള്ള ജില്ലയിലെ മുഴുവൻ എം.എൽ.എ.മാരും എല്ലാ മുനിസിപ്പാലിറ്റികളിലെയും ചെയർമാൻമാരുമുൾപ്പെടെ ആ മീറ്റിംഗിൽ പങ്കെടുക്കുകയുണ്ടായി. കഴിഞ്ഞ 9 ദിവസങ്ങളായി നഗരസഭയിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാൻ ഞങ്ങൾ ഐകകണ്ഠ്യേന തീരുമാനമെടുത്തു. പക്ഷേ അടുത്തദിവസം അവിടുത്തെ ജില്ലാ യൂത്ത് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കൊച്ചിൻ കോർപ്പറേഷൻ സമരവുമായി മുന്നോട്ട് പോയി. യൂത്ത് കോൺഗ്രസ്സുകാർ കൊച്ചിൻ കോർപ്പറേഷനിലെ മാലിന്യം നീക്കം ചെയ്യണമെന്ന് പറഞ്ഞ് സമരം നടത്തി. എന്റെ മണ്ഡലത്തിലെ പുത്തൻകുരിശ് പഞ്ചായത്ത് ഭരിക്കുന്നത് എൽ.ഡി.എഫ്. ആണ്. അവിടെ ഇന്ന് യൂത്ത് കോൺഗ്രസ്സിന്റെ മണ്ഡലം കമ്മിറ്റി ഈ മാലിന്യം കൊണ്ടുവരരുതെന്ന് പറഞ്ഞ് പഞ്ചായത്തിനെതിരെ സമരം നടത്തുകയാണ്. ഇവർക്ക് ഇരട്ടത്താപ്പ് നയങ്ങളാണ്. ഒരു രാഷ്ട്രീയ പാർട്ടിക്ക് എന്തെങ്കിലുമൊരു നിലപാട് വേണ്ടേ? ഇവിടെ ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവ് ഘോരഘോരം ഇതിനെതിരെ പ്രസംഗിക്കുമ്പോൾ അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള പാർട്ടിയിലെ യൂത്ത് കോൺഗ്രസ്സുകാരെപ്പോലും അദ്ദേഹത്തിന് നിയന്ത്രിക്കാൻ കഴിയുന്നില്ല. കഴിഞ്ഞ ദിവസങ്ങളിലായി ബഹുമാന്യരായ രണ്ട് വകുപ്പുമന്ത്രിമാരും പഞ്ചായത്ത് പ്രസിഡന്റുമാരും പഞ്ചായത്ത് മെമ്പർമാരും ഞങ്ങളെപ്പോലെയുള്ള നിരവധിയാളുകളും ഫീൽഡിൽ നിൽക്കുകയാണ്. അവരുടെ മനോവീര്യം തകർക്കുന്ന തരത്തിലാണ് മാധ്യമങ്ങൾ അവരുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത്. മാധ്യമങ്ങൾ എന്താണ് കഴിഞ്ഞ ദിവസങ്ങളിലൊക്കെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്? ഇതിൽ നമുക്ക് ഒരുമിച്ച് നിന്നുകൊണ്ട്, ബ്രഹ്മപുരം മാലിന്യപ്ലാന്റിൽ അടിയന്തരമായി സർക്കാർ സ്വീകരിക്കേണ്ട നിലപാടുണ്ട്. അതാണ് ഇതിൽ ഏറ്റവും പോസിറ്റീവായി നാം കാണേണ്ടത്. ആ തലത്തിലേയ്ക്കാണ് സർക്കാർ ഇപ്പോൾ മുന്നോട്ടുപോകുന്നത്. അവിടെ പ്രവർത്തിക്കുന്ന ഫയർ ഓഫീസർമാർ, സിവിൽ ഡിഫൻസിലുള്ള ആളുകൾ, നിരവധി സന്നദ്ധപ്രവർത്തകർ, പൊതുപ്രവർത്തകർ, ഇവരെയെല്ലാം മാറ്റി നിർത്തി

വിമർശിക്കുകയാണ്. എ.സി. റൂമിലിരുന്ന് വിമർശിക്കാൻ വളരെയെളുപ്പമാണ്. മിനിഞ്ഞാന്ന് രാത്രി ഞാൻ അവിടെനിന്നും പുറപ്പെട്ടപ്പോൾ രാത്രി 12 മണിയായി. അവിടെയുള്ള നിരവധിയാളുകൾക്ക് പ്രശ്നമില്ലെന്നൊന്നും പറയുന്നില്ല. പക്ഷെ ആ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ മുന്നോട്ട് വരുമ്പോൾ അതിനെ അഭിനന്ദിക്കുന്നതിനുപകരം നിശിതമായി വിമർശിക്കുന്നൊരു സമീപനമാണ് ഇപ്പോൾ പ്രതിപക്ഷം കൈക്കൊള്ളുന്നത്.

ശ്രീമതി യു. പ്രതിഭ: സർ, കഴിഞ്ഞ ദിവസങ്ങളിലുണ്ടായ പ്രശ്നങ്ങളെക്കുറിച്ച് സഭ ചർച്ച ചെയ്തിരുന്നു. അവിടെ സിവിൽ ഡിഫൻസ് ടീമിന്റെ നിതാന്തജാഗ്രതയോടുകൂടിയ പ്രവർത്തനം നടക്കുന്നുണ്ട്, അങ്ങയുടെ മണ്ഡലംകൂടിയാണ്. സിവിൽ ഡിഫൻസിംഗ് എന്നുപറഞ്ഞാൽ സ്വയം സജ്ജരായി നമ്മുടെ നാടിന്റെ ദുരന്തമുഖങ്ങളിലെത്തുന്നവരും നിഷ്കാമകർമ്മം ചെയ്യുന്നവരുമാണ്. മറ്റ് ആരോപണങ്ങൾ ഉയർന്നുവരുമ്പോൾ ഈ സിവിൽ ഡിഫൻസിലുള്ള ആളുകളുടെ മനോവീര്യംകൂടി നഷ്ടപ്പെടുകയാണ്. 2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ സ്വയം സജ്ജരായി വന്നവരാണിവർ. യാതൊരു തരത്തിലുള്ള ആനുകൂല്യമോ വേതനമോ ഇവർ

കൈപ്പറ്റുന്നില്ല. അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കുന്നതിനുവേണ്ടിയുള്ളൊരു ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോയെന്നത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, തീർച്ചയായും, ബഹുമാനപ്പെട്ട അംഗം ശ്രീമതി യു. പ്രതിഭ പറഞ്ഞത് വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. നിസ്വാർത്ഥ സേവനം നടത്തുന്നതിനായി 2018-ൽ ഇത്തരമൊരു സേനയെ രൂപീകരിക്കുകയും ഏകദേശം 50 - ഓളം വരുന്ന സിവിൽ ഡിഫൻസ് വോളന്റിയേഴ്സ് ഇന്ന് ബ്രഹ്മപുരത്ത് രാവും പകലുമില്ലാതെ പണിയെടുക്കുകയുമാണ്. അവരുടെ പ്രവർത്തനങ്ങൾക്ക് ഈ സഭയുടെ പേരിൽ ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അവർക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അതിലൊരു തീരുമാനം ഉണ്ടാകണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. ബ്രഹ്മപുരത്തെ പ്രശ്നത്തിന് ശാശ്വത പരിഹാരവുമായി സർക്കാർ മുന്നോട്ട്

പോകുകയാണ്. ഞാൻ ഈയവസരത്തിൽ സർക്കാരിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്.

2023-24-ലെ ബഡ്ജറ്റിൽ ഈ സർക്കാർ ആരോഗ്യരംഗത്ത് നിരവധിയായ പദ്ധതികളാണ് മുന്നോട്ടുവയ്ക്കുന്നത്. ആരും ശ്രദ്ധിക്കാതെപോയ ന്യൂട്രാസ്യൂട്ടിക്കൽസ് എന്ന പ്രോജക്ടിന് ഏകദേശം 5 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. നല്ല ഭക്ഷണം നല്ല ഔഷധമായിരുന്ന കാലഘട്ടത്തിൽനിന്ന് ഇന്ന് ഭക്ഷണക്രമങ്ങളാകെ മാറി. ഇന്നത്തെ ഭക്ഷണക്രമങ്ങളിൻനിന്നും നമ്മൾ വിചാരിക്കുന്ന പോഷകാഹാരങ്ങൾ കിട്ടുന്നില്ല. അത് പരിഹരിക്കുന്നതിനുവേണ്ടി ഇന്ന് ആഗോള വിപണിയിൽത്തന്നെ ഏകദേശം 100 ബില്യൺ യു.എസ്. ഡോളറിന്റെ (82,000 കോടി രൂപ) വിപണിയാണ് മുന്നോട്ട് വയ്ക്കുന്നത്. എന്റെ മണ്ഡലത്തിൽത്തന്നെ ഈ പദ്ധതി സിന്തൈറ്റ് എന്ന വലിയ ഗ്രൂപ്പ് ഏറ്റെടുത്തുകൊണ്ട് 6 കോടി രൂപയാണ് ഇൻവെസ്റ്റ് ചെയ്തിരിക്കുന്നത്. അവർ അടുത്ത 10 വർഷത്തേയ്ക്ക് 100 കോടി രൂപയുടെ വിപണിയാണ് ലക്ഷ്യമിടുന്നത്. തീർച്ചയായും നമുക്കാവശ്യമുള്ള പോഷകാഹാരങ്ങൾ

ക്യാപ്സൂൾ രൂപത്തിലാക്കി മാറ്റുന്നതിനുവേണ്ടിയാണ് ഈ പദ്ധതി. നമ്മുടെ സർക്കാർ 5 കോടി രൂപയാണ് ഇതിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത്. അത്തരം കാര്യങ്ങളിൽ സർക്കാർ കാണിക്കുന്ന ഇടപെടലുകളെ ഈയവസരത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. നിരവധി പദ്ധതികളാണ് ആരോഗ്യക്ഷേമത്തിനായി നമ്മുടെ സർക്കാർ മുന്നോട്ട് വയ്ക്കുന്നത്, പ്രത്യേകിച്ച് അനീമിയ മുക്ത കേരളത്തിനായി 'വിവ (വിളർച്ചയിൽനിന്ന് വളർച്ചയിലേയ്ക്ക്) കേരളം' എന്നൊരു പദ്ധതി മുന്നോട്ട് വയ്ക്കുന്നുണ്ട്. കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യം സംബന്ധിച്ച സുപ്രധാനമായൊരു തീരുമാനമാണത്. ഏകദേശം 18 നും 59 നും വയസ്സിനിടയിലുള്ള സ്ത്രീകളുടെ ആരോഗ്യരക്ഷയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. ഇന്ന് പ്രസവാനന്തര കാലത്ത് സ്ത്രീകൾ ഏറ്റവും കൂടുതൽ അനുഭവിക്കുന്നൊരു പ്രശ്നമാണ് പോസ്റ്റ് പാർട്ടം ഡിപ്രഷൻ. ഞാൻ കഴിഞ്ഞ ദിവസങ്ങളിൽ ഇതിന്റെയൊരു സർവെ ഗൂഗിളിൽ പരിശോധിച്ചിരുന്നു. വളരെ കുറച്ചാളുകൾ മാത്രമെ ഇതിനെക്കുറിച്ചൊരു സ്റ്റഡി/സർവേ നടത്തിയിട്ടുള്ളൂ. നിരവധി സ്ത്രീകൾ പ്രസവത്തിനുശേഷം മാനസികമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. കൊല്ലം ജില്ലയിലെ 23 വയസ്സുള്ള ഒരു സ്ത്രീ

അവരുടെ കുഞ്ഞിനെ പ്രസവിച്ചയുടൻതന്നെ കൊലപ്പെടുത്തിയ സംഭവം നമുക്കോർക്കാം. കാസർഗോഡ് ജില്ലയിൽ 29 വയസ്സുള്ള ഒരു സ്ത്രീ, അവരുടെ കുഞ്ഞിനെ ജനിച്ചയുടൻ കൊന്നു. ഇതെല്ലാം മാനസികാരോഗ്യ പ്രശ്നങ്ങൾ കൊണ്ടാണെന്ന് പിന്നീട് തെളിഞ്ഞിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനാവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നമുക്ക് നടത്തേണ്ടതുണ്ട്. നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പും കുടുംബശ്രീയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനമാണ് നടക്കുന്നത്. അതുകൂടാതെ ആരോഗ്യവകുപ്പുതന്നെ മുൻകൈയെടുത്ത് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. കേരളത്തിലെ നിരവധി സ്ത്രീകളെ ബാധിക്കുന്ന വിഷയമാണിത്. വളരെ ചെറുപ്പത്തിൽത്തന്നെ ഇതിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുസമൂഹത്തെയും പ്രത്യേകിച്ച് കല്യാണം കഴിഞ്ഞ് വീടുകളിൽ ചെല്ലുമ്പോൾ അവിടെയുള്ള ആളുകളെ അല്ലെങ്കിൽ ഭർത്താക്കന്മാരെയും ബോധവത്കരിക്കേണ്ട ആവശ്യം നമ്മുടെ മുന്നിലുണ്ട്. അത് തീർച്ചയായും പരിഹരിക്കണം.

എന്റെ മണ്ഡലത്തിലെ വടവുകോട് സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ ഒരു ഡോക്ടറുടെയും ഒന്നുരണ്ട് സ്റ്റാഫുകളുടെയും ഷോർട്ടേജുണ്ട്. ഇതിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബ്രഹ്മപുരവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പ്രവർത്തനം നടത്തുന്നവർ അവരാണ്. എറണാകുളം ഡി.എം.ഒ.-യെയും വടവുകോട് ഹോസ്പിറ്റലിലെ ഡോക്ടറേയും അവിടുത്തെ ആരോഗ്യപ്രവർത്തകരേയും പ്രത്യേകം അഭിനന്ദിക്കാൻകൂടി ഈയവസരം വിനിയോഗിക്കുകയാണ്. ഇത്രയും പറഞ്ഞുകൊണ്ടും ആരോഗ്യവകുപ്പ് മുന്നോട്ടുവയ്ക്കുന്ന ധനാഭ്യർത്ഥനകളെ സ്വാഗതം ചെയ്തുകൊണ്ടും പിന്തുണച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ 2828.33 കോടി രൂപയാണ് ആരോഗ്യമേഖലയ്ക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി മാറ്റിവച്ചിരിക്കുന്നത്. സബ്ജക്ട് കമ്മിറ്റി കൂടിയിട്ട് ഇതുപോര കുറച്ചുകൂടി പണം വേണമെന്ന ആവശ്യവും അംഗീകരിക്കണമെന്ന്

പറഞ്ഞുകൊണ്ടാണ് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, കഴിഞ്ഞ 7 വർഷങ്ങളായി കേരള ചരിത്രത്തിൽ ആരോഗ്യരംഗത്ത് ഏറ്റവും വലിയ വളർച്ചയാണ് ഉണ്ടായിരിക്കുന്നത്. മുൻ ആരോഗ്യ വകുപ്പുമന്ത്രി വളരെ സജീവമായ പ്രവർത്തനമാണ് കാഴ്ചവച്ചത്. ആ ഒരു ആത്മാർത്ഥമായ പ്രവർത്തനം എന്റെയൊരു സഹോദരിയെപ്പോലെ ഞാൻ സ്നേഹിക്കുന്ന ഇപ്പോഴത്തെ മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ട്. പക്ഷെ അതിനെയൊക്കെ നിറം മങ്ങിക്കാനുള്ള സാമൂഹ്യമായൊരു ശ്രമം ഇവിടെ നടക്കുന്നു. അത് ചില മാധ്യമങ്ങളിലൂടെ നടത്തുന്നൊരു പ്രചരണത്തിന്റെ ഭാഗമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതെല്ലാം മറികടക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് കഴിയും. പലപ്പോഴും ഞാൻ ഓരോ കാര്യങ്ങൾ പറയുമ്പോഴും ചിലർ പറയും ഇയാൾ സർക്കാരിനെതിരെ പ്രസംഗിച്ചതാണെന്ന്. അങ്ങനെയൊരു സംഭവമേയില്ല. ഞാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥിയായി മത്സരിച്ച്, പാർട്ടി പ്രവർത്തകരുടെ/ഇടതുപക്ഷ മുന്നണി പ്രവർത്തകരുടെ പിന്തുണയോടെ

ജയിച്ച് വന്ന ഒരു എം.എൽ.എ.-യാണ്. ഞാൻ അങ്ങനെ മാറിപറയുകയില്ല; പക്ഷേ ചില സത്യങ്ങൾ പറയും; അത് ഗവൺമെന്റിനെതിരെയാണെന്ന് ആരും തെറ്റിദ്ധരിക്കരുത്. ഞാൻ നിലവിലുള്ള തെറ്റായ വ്യവസ്ഥിതിക്കെതിരെയാണ് പറയുന്നത്. ഞാൻ സർക്കാർ ഓഫീസുകളിലെ വ്യവസ്ഥിതികൾക്കെതിരെ പലപ്പോഴും സംസാരിക്കാറുണ്ട്. അതൊരിക്കലും ആരും തെറ്റിദ്ധരിക്കരുത്, അത് രാഷ്ട്രീയമല്ല, അത് സർക്കാരിനെതിരെയല്ല, പ്രതിപക്ഷത്തിനെതിരെയുമല്ല. ഞാൻ പറയുന്നത് നമ്മുടെ വ്യവസ്ഥിതികൾ മാറേണ്ട കാലം കഴിഞ്ഞിരിക്കുന്നുവെന്നാണ്. ആരോഗ്യരംഗത്ത് ഏത് സൂചികയെടുത്ത് പരിശോധിച്ചാലും കേരളത്തിലെ ആരോഗ്യരംഗം വളരെ മുന്നിലാണ്. ഇത് ഉപകാരവുമാണ്, ഉപദ്രവുമാണ്. ഈ സൂചിക ഉയർന്ന് നിൽക്കുന്നത് നമുക്ക് അഭിമാനകരമാണ്. പക്ഷെ, സൂചിക ഉയർന്നു നിൽക്കുന്നതുകൊണ്ട് കേരളത്തിന് സഹായം ചെയ്യേണ്ടതില്ലെന്ന നിലപാട് കേന്ദ്രം സ്വീകരിക്കുന്നതുകാരണം കേന്ദ്ര സഹായവും മറ്റും ലഭിക്കുന്നതിനും ബുദ്ധിമുട്ടുണ്ട്. ആരോഗ്യ രംഗത്ത് വളരെ സുതാര്യവും നൂതനവുമായ പദ്ധതികൾ കൊണ്ടുവരുന്നതിനെപ്പറ്റി നമ്മൾ ആലോചിക്കേണ്ടതും

അത്തരം പദ്ധതികൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിനെയും മറ്റ് ഏജൻസികളെയും ഏല്പിച്ച് വലിയ നേട്ടങ്ങൾ കൈവരിക്കുന്നതിന് ഇനിയും നാം ബഹുദൂരം സഞ്ചരിക്കേണ്ടതുമുണ്ട്. നമ്മുടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ നവീകരണത്തിന് സർക്കാർ വളരെ മുൻതൂക്കം നൽകിയിട്ടുണ്ട്. അതിനെ പിന്തുടർന്ന് ഞാൻ എന്റെ നിയോജകമണ്ഡലത്തിലെ 8 പി.എച്ച്.സി. -കളിൽ 7 എണ്ണവും നവീകരിച്ചു. എട്ടാമത്തേതിന് 1.99 കോടി രൂപ അനുവദിച്ചു. ഈ അടുത്തദിവസങ്ങളിൽ മൂന്ന് കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ആയുർവേദ ആശുപത്രി, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്തു. മൂന്ന് ആഴ്ചമുൻപ് 1.75 കോടി രൂപയ്ക്ക് ഒരു പ്രാഥമികാരോഗ്യകേന്ദ്രം നിർമ്മിച്ചത് ബഹുമാനപ്പെട്ട സ്പീക്കർ ഉദ്ഘാടനം ചെയ്തു. അതിൽ വേറൊരു ഫണ്ടുമില്ല, എം.എൽ.എ. ഫണ്ട് മാത്രം ഉപയോഗിച്ച് മനോഹരമായ രീതിയിലാണ് അത് നിർമ്മിച്ചിരിക്കുന്നത്. ഈയടുത്തകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ നല്ലൊരു കാര്യം പറഞ്ഞു, അദ്ദേഹത്തിന്റെ ഒരു പ്രസ്താവനയുണ്ട് - സർക്കാർ ജീവനക്കാരോട് മുഖ്യമന്ത്രി - "കൈക്കൂലി വാങ്ങി ജിവിക്കാമെന്നും താൻ ഇരിക്കുന്ന

കസേരയടക്കം തന്റെ അധികാര പരിധിയിലുള്ളതെല്ലാം തന്റെ അവകാശമാണെന്നുമുള്ള നിലയിൽ ജനങ്ങളെ ദ്രോഹിക്കുന്ന ഒരാളെയും വച്ചുപൊറുപ്പിക്കില്ല"ഇങ്ങനെയാണ് പറഞ്ഞതെന്ന് നാം ഓർക്കണം. അങ്ങനെ പറഞ്ഞ സന്ദർഭത്തിലും സംഭവിച്ച ഒരു കാര്യം ഞാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞാൻ രണ്ട് കോടി രൂപയുടുത്ത് എം.എൽ.എ. ഫണ്ടിൽനിന്നും ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനായി അനുവദിച്ചു. പി.ഡബ്ല്യൂ.ഡി വിഭാഗം കെട്ടിടത്തിന്റെ ഡിസൈൻ വരയ്ക്കുകയും ഇതുസംബന്ധിച്ച് ഞാൻ അവിടെയുള്ള ഡോക്ടർമാരോട് സംസാരിക്കുകയും പ്ലാൻ ഡി.എം.ഒ.യും ഡി.എച്ച്.എസ്.-ഉം ആരോഗ്യ വകുപ്പ് സെക്രട്ടറിയടക്കം അംഗീകരിക്കുകയുംചെയ്തു. ആരോഗ്യ വകുപ്പിൽനിന്നും ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് പോകുകയും പണം ചെലവഴിക്കുന്നതിനുള്ള അനുമതി ലഭ്യമാകുകയുംചെയ്തു. പക്ഷേ പദ്ധതി ടെണ്ടർ ചെയ്യാൻ പോകുന്നതിനുമുമ്പ് ഡി.എച്ച്.എസ്-ൽനിന്നും ഒരു ഡോക്ടർ, ദൗർഭാഗ്യവശാൽ അവരുടെ പേര് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടേതുതന്നെയാണ്, അതുകൊണ്ട്

പേര് ഞാൻ എടുത്തുപറയേണ്ടതില്ലല്ലോ, അല്ലാതെതന്നെ മനസിലാകുമല്ലോ, ആ ഫയലിൽ കുറിപ്പെഴുതുകയാണ്. പ്ലാൻ വരച്ച എഞ്ചിനീയർ X-ray Room, Doctor's waiting Room, Nurse's waiting Room എന്നെല്ലാം പ്ലാനിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. ഈ പറഞ്ഞ ഡോക്ടർ ഫയലിലെ കുറിപ്പിൽ ചോദിച്ചിരിക്കുന്നത്, നിലവിലുള്ള കെട്ടിടങ്ങൾ എന്തിന് ഉപയോഗിക്കാം, മോർച്ചറിയാക്കാം - എന്നാണ്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ മോർച്ചറിയുണ്ടോ? കെട്ടിടം വളരെ പഴക്കമുള്ളതാണ്, എന്റെ അച്ഛൻ എം.എൽ.എ. സ്ഥാനം വഹിച്ച കാലത്ത് നിർമ്മിച്ചതാണ്. എന്നാൽ ഇപ്പോഴത് ഉപയോഗശൂന്യമായി. മോർച്ചറിയായി ഉപയോഗിക്കാൻ സാധ്യവുമല്ല, കാരണം താലൂക്ക് ആശുപത്രിയിൽ മാത്രമേ മോർച്ചറി സംവിധാനമുള്ളൂ. പഴയ കെട്ടിടമെല്ലാം പൊളിച്ച് നിർമ്മിതിക്കാവശ്യമായ ഭൂമി ശരിയാക്കിയെടുത്തത് പഞ്ചായത്താണ്. എല്ലാം റെഡിയായപ്പോൾ ബന്ധപ്പെട്ടവർ ഇത്തരം ചോദ്യങ്ങൾ ചോദിക്കുകയാണ്, ഇതൊന്നും ഞാൻ വെറുതെ പറയുന്നതല്ല, വിവരാവകാശംവച്ച് ഞാൻ എടുപ്പിച്ചതാണ്. ആ ഡോക്ടർ സ്വന്തം കൈപ്പടയിലാണ് ഇതിൽ എഴുതിയിരിക്കുന്നത്. X-ray

Room വേണമെന്ന് ഞാൻ നിഷ്കർച്ചിട്ടുണ്ടായിരുന്നു. അത് ചുടുകട്ടകൊണ്ട് നിർമ്മിക്കണം. ഹോളോബ്രിക്സോ, സിമന്റ് കട്ടയോ ഉപയോഗിച്ച് നിർമ്മിക്കാൻ പാടില്ല. എന്തിനാണ് X-ray Room വേണമെന്ന് പറഞ്ഞത്; അതിനായി അവിടെ ഓർത്തോ വിഭാഗം ഡോക്ടർ ഉണ്ടോയെന്നാണോ നോക്കേണ്ടത്? നമ്മൾ ക്ഷയരോഗം നിർമ്മാർജ്ജനം ചെയ്യാൻ ശ്രമിക്കുകയാണ്. ചെസ്റ്റ് ഇൻഫക്ഷൻ ഇപ്പോൾ വ്യാപകമാണ്. കൊറോണ രോഗത്തിനുശേഷം എനിക്കടക്കം ന്യൂമോണിയ വന്ന് വളരെയധികം ബുദ്ധിമുട്ടി. ന്യൂമോണിയയുണ്ടോ ചെസ്റ്റിനകത്ത് ടി.ബി.യുടെ സാന്നിദ്ധ്യമുണ്ടോ എന്നൊക്കെ അറിയാനായി നെഞ്ചിന്റെ ഒരു X-ray എടുക്കണമെങ്കിൽ അതിനുള്ള സംവിധാനം ആവശ്യമാണ്. ഇതെല്ലാം ആരോഗ്യ വകുപ്പ് തരണമെന്ന് ഞാൻ പറയുന്നില്ല, എം.എൽ.എ.യ്ക്ക് അതിനുള്ള സംവിധാനമുണ്ടാക്കാം, ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളടക്കം ആരെങ്കിലും അതിനുള്ള സംവിധാനം ചെയ്യും. ചിലപ്പോൾ പഞ്ചായത്തുതന്നെ ശമ്പളം നൽകിക്കൊണ്ട് X-ray ടെക്നീഷ്യനെ നിയമിക്കും. ഇത്തരം വിഷയങ്ങളൊന്നും മേൽപ്പറഞ്ഞ

ഡോക്ടർ അറിയേണ്ട കാര്യമില്ല. ടെണ്ടർ നടപടികളിലേയ്ക്ക് പോകുന്ന ഘട്ടത്തിലാണ് ഡോക്ടർ ഈ ഫയൽ പിടിച്ചുവച്ചിരിക്കുന്നത്. ഞാൻതന്നെ അവരോട് ഇക്കാര്യം സംസാരിച്ചിരുന്നു, ഇതെല്ലാം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരികയും മന്ത്രി ഇടപെടുകയും ചെയ്തിരുന്നു. ഞാൻ വിവരാവകാശ നിയമപ്രകാരം ഫയലിന്റെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ വാങ്ങിവച്ചിരിക്കുകയാണ്. ഭരണകക്ഷിയിൽപ്പെട്ട ഒരു എം.എൽ.എ.യായ എനിക്ക് വിവരാവകാശം വഴി വാങ്ങിവയ്ക്കേണ്ടി വന്നിരിക്കുകയാണ്. ഞാൻ സിസ്റ്റത്തിന് എതിരെയാണ് പ്രസംഗിക്കുന്നതെന്ന് പറഞ്ഞുവല്ലോ, അത് ശരിയല്ലേ? ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് മറ്റൊരു കാര്യം കൊണ്ടുവരികയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിന് ഒരു ഉപദേശക സമിതിയുണ്ട്. ഈയടുത്തകാലത്ത് എന്റെ നാട്ടിലെ കുഴപ്പക്കാരനായ ഒരു കക്ഷിക്ക് നാട്ടിൽ സ്വീകരണം കൊടുക്കുന്നു. തിരുവനന്തപുരത്തെ ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധിയായി അദ്ദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ഉപദേശക സമിതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. രോഗികളെ കൊണ്ടുവന്ന് ഡോക്ടറെ

കാണിക്കുന്നതിനും മുൻഗണനന മറികടന്ന് അനധികൃതമായി സ്കാനിംഗ് നടത്തുന്നതിനും സൗകര്യം ചെയ്തുകൊടുക്കുന്ന ഈ മഹാന് ഒരു സ്വീകരണം കൊടുക്കുകയാണ്. മെഡിക്കൽ കോളേജ് ഉപദേശക സമിതി വിളിച്ചുചേർക്കാറില്ലെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പരാതിപറഞ്ഞപ്പോൾ മൂന്ന് മാസം മുമ്പ് വിളിച്ചുവെന്നാണ് പറഞ്ഞതെങ്കിലും എന്റെ പാർട്ടി പ്രതിനിധിയെ യോഗത്തിലേയ്ക്ക് വിളിച്ചിട്ടില്ല, എസ്.എ.ടി. ആശുപത്രിയിലെ പ്രസ്തുത സമിതിയുടെ യോഗത്തിലേയ്ക്കും ഞങ്ങളുടെ പ്രതിനിധിയെ വിളിക്കാറില്ല. പ്രതിനിധികളെന്ന പേരിൽ ഡോക്ടർമാരെ ഭീഷണിപ്പെടുത്തുകയും അവരെക്കൊണ്ട് കാര്യങ്ങൾ സാധിച്ച് മറ്റുള്ളവരിൽനിന്ന് പണം വാങ്ങുകയും ചെയ്യുന്ന ഇത്തരം ആളുകളെ ആശുപത്രികളിൽനിന്നും ഓടിച്ചുവിടണം. പിന്നെ സെക്യൂരിറ്റിക്കാരെക്കുറിച്ചാണെങ്കിൽ, കണ്ണാശുപത്രിയിൽ പോയാൽ എം.എൽ.എ. ആയാലുംശരി അടിക്കും. പഞ്ചായത്ത് മെമ്പറുടെ കാര്യമാണെങ്കിൽ പറയേണ്ട! ജനപ്രതിനിധികളാണെങ്കിലും അവർ തല്ലും. ഇത്തരം കുറേ സെക്യൂരിറ്റിക്കാരുണ്ട്, ഇവരെ ആദ്യം മര്യാദ

പരിശീലിപ്പിക്കണം. മാന്യമായും പൊളൈറ്റായും പെരുമാറാൻ പഠിപ്പിക്കണം.

ഇപ്പോൾ നമ്മുടെ നാട്ടിൽ കാണുന്ന ഒരു പ്രക്രിയയുണ്ട്, എന്താണത്? ഡോക്ടർമാരെ തല്ലുകയാണ്. രോഗിയുടെ കൂട്ടിരുപ്പുകാരും നട്ടുകാരുമൊക്കെ ഡോക്ടർമാരെ തല്ലുകയാണ്, അതൊന്നും ഒരു നല്ലകാര്യമാണെന്ന് ഞാൻ ഒരിക്കലും പറയില്ല. പക്ഷേ ചിലർക്ക് കൊള്ളേണ്ടതാണെന്ന് ഞാൻ പറയും, കാരണം എന്റെ നിയോജകമണ്ഡലത്തിലെ വിധവയായ ഒരു സ്ത്രീ, അവർക്ക് 48 വയസ്സുണ്ട്, അവരുടെ പേര് ഞാൻ ഇവിടെ വായിക്കുന്നില്ല. മുള്ളൂർ നിരപ്പ് എന്ന സ്ഥലത്താണ് താമസിക്കുന്നത്. ഞാൻ ഈ പറയുന്ന കാര്യം ഇവിടെയിരിക്കുന്ന ഉദ്യോഗസ്ഥരടക്കം എല്ലാവരും ശ്രദ്ധിക്കണം. കഴിഞ്ഞ ഡിസംബറിൽ പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ഈ സ്ത്രീ ഒരു സർജറിക്ക് വിധേയയായി. സർജറി ചെയ്തതിനുശേഷം വിദഗ്ദ്ധ ചികിത്സ വേണമെന്ന് പറഞ്ഞുകൊണ്ട് അവരെ തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് അയയ്ക്കുകയാണ്. 2022 ഡിസംബർ മാസം 17-ാം തീയതി തിരുവനന്തപുരം മെഡിക്കൽ കോളേജിൽവച്ച് അവർക്ക് ഒരു സർജറികൂടി

ചെയ്തു. ആ സർജറിയുടെ ഫലം ഞാൻ ഇവിടെ കാണിക്കുകയാണ്, ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കുകയാണെങ്കിൽ ഞാൻ ഈ വീഡിയോ ടേബിളിൽ വയ്ക്കാം. (ബഹുമാനപ്പെട്ട അംഗം തന്റെ മൊബൈൽ ഉയർത്തി മുറിവിന്റെ ദൃശ്യം കാണിച്ചു.) ആ സഹോദരിയുടെ വയറ് ചക്കവെട്ടിപ്പൊളിച്ചതുപോലെയോ, ഒരു അലമാര തുറന്നിട്ടിരിക്കുന്നതുപോലെയോ വെട്ടി വച്ചിരിക്കുകയാണ്, Still now, ഇപ്പോഴും അങ്ങനെയാണുള്ളത്, ഓപ്പറേഷൻ ചെയ്ത മുറിവ് ഇതുവരെ സ്റ്റിച്ച് ചെയ്തിട്ടില്ല. അത് എന്തുകൊണ്ടാണ്? ഞാൻ ഡോക്ടറല്ല, ഞാൻ സയൻസ് പഠിച്ചിട്ടുമില്ല, ഞാൻ അത്രയും വലിയ കാര്യങ്ങളൊന്നും അറിയുന്ന ആളുമല്ല. പക്ഷേ, ഡോക്ടർമാരുടെ സംഘടനയ്ക്കും ഡോക്ടർക്കും ഇതുസംബന്ധിച്ച് നാളെ ഒരു ന്യായം പറയാൻ കാണും, എന്നാൽ ഇത് എന്ത് ന്യായമാണെന്ന് ജനപ്രതിനിധികളും മാധ്യമങ്ങളുമെല്ലാം ആലോചിക്കണം. ഇവിടെയുള്ള മാധ്യമങ്ങൾ കാണിച്ചാൽമാത്രമേ നമ്മൾ അതിന്റെ പുറകേ പോകുകയുള്ളൂ? ഞാൻ കാണിക്കാം, (ബഹുമാനപ്പെട്ട അംഗം തന്റെ മൊബൈൽ ഉയർത്തി മുറിവിന്റെ വീഡിയോ ദൃശ്യം കാണിച്ചു.) അവർ സ്വന്തമായി

വീഡിയോയെടുത്ത് എനിക്ക് അയച്ചുതന്ന ദൃശ്യമാണിത്, വെട്ടി പ്പൊളിച്ചുവച്ചിരിക്കുകയാണ്. എന്നിട്ടും കെ.എസ്.ആർ.ടി.സി. ബസിൽ കയറി ഈ പാവം സ്ത്രീ നിരന്തരമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വരികയാണ്. എന്തിനാണ് ഇങ്ങനെ വെട്ടിപ്പൊളിച്ചുവച്ചിരിക്കുന്നത്; അത് തയ്ച്ചുകൂടേ; ഇതിന് ഒരു പരിഹാരം വേണ്ടേ? വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്നു. ആരോഗ്യ വകുപ്പുമന്ത്രി ആശുപത്രി സൂപ്രണ്ടിനെ നേരിട്ട് വിളിച്ചു. മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയും വിളിച്ചു. ഇവർ രണ്ടുപേരും വിളിച്ചതുകൊണ്ടായിരിക്കാം ആശുപത്രി സൂപ്രണ്ടിന്റെ പെരുമാറ്റം വളരെ നല്ലതായിരുന്നു. അദ്ദേഹം രോഗിയെ വിളിച്ചുവരുത്താൻ പറഞ്ഞു. എന്റെ ഓഫീസിൽനിന്നും പ്രസ്തുത കാര്യം വിളിച്ചുപറഞ്ഞ് പുനലൂർ ആശുപത്രിയിൽനിന്നും ഡിസ്ചാർജ്ജ് വാങ്ങിച്ച് ഇവിടെ കൊണ്ടുവന്ന് അഡ്മിറ്റ് ചെയ്തു. അഡ്മിറ്റ് ചെയ്യാൻ കൊണ്ടുവന്നപ്പോൾ അവിടെയുണ്ടായിരുന്ന ഒരു ഡോക്ടർ, അദ്ദേഹത്തിന്റെ പേര് ഞാൻ വെളിപ്പെടുത്താം, എനിക്കതിന് പേടിയൊന്നുമില്ല. ഏത് സംഘടന

എതിർത്താലും എന്ത് പ്രസ്താവന വൈകിട്ട് ഇറക്കിയാലും പ്രശ്നമില്ല, ഐ.എം.എ. ആയാലും കെ.ജി.എം.ഒ.എ ആയാലും കുഴപ്പമില്ല, എനിക്ക് ഒരു പേടിയുമില്ല, അവരൊന്നും എന്നെ ഒന്നും ചെയ്യില്ല. ഞാൻ പറയുന്നത് സത്യമാണ്. അന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന ശ്രീകുമാർ എന്ന ഡോക്ടർ ആ സ്ത്രീയെ അഡ്മിറ്റ് ചെയ്തില്ല. സർജറിയുടെ ചുമതലയുള്ളത് അദ്ദേഹത്തിനായിരുന്നു. സൂപ്രണ്ട് അഡ്മിറ്റ് ചെയ്യാൻ പറഞ്ഞപ്പോൾ അദ്ദേഹം മാറിക്കളഞ്ഞു. വീണ്ടും അവരോട് തിരിച്ചുപോകാനാണ് ആർ. സി. ശ്രീകുമാർ എന്ന ആ ഡോക്ടർ പറഞ്ഞത്. അദ്ദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ജനറൽ സർജറി വിഭാഗം തലവാനണെന്നാണ് അറിയുന്നത്, HOD ആണോയെന്ന കാര്യത്തിൽ എനിക്ക് വ്യക്തതയില്ല, ഏതായാലും ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമായിരിക്കും. ഞാൻ പറഞ്ഞ പേര് ഇവിടെയിരിക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എല്ലാവരും കേൾക്കണം. പ്രസ്തുത ഡോക്ടർ ആ സ്ത്രീയെ തിരിച്ചയച്ചത് എന്തിനാണ്? ഒരു പാവപ്പെട്ട സ്ത്രീയാണ്, വിധവയാണ്. സ്ത്രീവിമോചനം, സ്ത്രീകൾക്കുവേണ്ടി പൊരുതുന്ന, സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി പരിശ്രമിക്കുന്നവർ എന്നൊക്കെ

പ്രസംഗിക്കുന്ന നമ്മൾ ഇത്തരം കാര്യങ്ങൾക്കൂടി മനസിലാക്കണം. ഇതൊന്നും ചർച്ചചെയ്യാൻപോലും ആരുമില്ല. ഒരു ചാനലും ഇതിനെപ്പറ്റിയൊന്നും ചർച്ചചെയ്യില്ല. ആശുപത്രി സൂപ്രണ്ടിന്റെ നിർദ്ദേശപ്രകാരം വന്നതിനാൽ തിരിച്ചയയ്ക്കാൻ പറ്റാത്തതുകൊണ്ട് ശ്രീകുമാർ എന്ന ഈ ഡോക്ടർ അവിടെനിന്നും മുങ്ങുകയാണ് ചെയ്തത്. മറ്റൊരു ഗുരുതരമായ കാര്യംകൂടി പറയാനുണ്ട്, ഈ സ്ത്രീ ശ്രീകുമാർ ഡോക്ടറെ വീട്ടിൽപ്പോയി കണ്ടിട്ടുണ്ട്, അവിടെ എന്തുകൊടുത്തു, എന്തുചെയ്തുവെന്ന് ഞാൻ ഇപ്പോൾ വ്യക്തമാക്കുന്നില്ല, അതുസംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം വന്നാൽ ഞാൻ കാര്യങ്ങൾ പറഞ്ഞുകൊടുക്കാം. ആ സ്ത്രീയുടെ വയർ ഇപ്പോഴും തുറന്നതന്നെ ഇരിക്കുകയാണ്, പഴുപ്പ് പുറത്തേയ്ക്ക് ഒഴുകുകയാണ്. ഇപ്പോൾ വീണ്ടും ഒരു സർജറിക്ക് ആശുപത്രി സൂപ്രണ്ട് ഏർപ്പാട് ചെയ്തിരുന്നു, അവർ ജീവനുംകൊണ്ട് പേടിച്ച് വീട്ടിലേയ്ക്ക് ഓടിയിരിക്കുകയാണ്. ഇതൊക്കെ നമ്മുടെ ആരോഗ്യ വകുപ്പിന് അഭിമാനിക്കത്തക്കതാണോ? ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇതൊന്നും അറിയുന്നില്ലെങ്കിൽ, ഇത്തരം ഡോക്ടർമാരെ ആളുകൾ കയറി

ഇടിക്കുന്നതിൽ ഒരുതെറ്റുമില്ല. യഥാർത്ഥത്തിൽ തെറ്റാണ് ചെയ്യുന്നത്, പക്ഷേ, ഇത്തരം ആളുകൾക്ക് ഇടികിട്ടുന്നതിൽ നമുക്ക് കുറ്റം പറയാൻ കഴിയില്ലെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇവരൊക്കെ അടി ചോദിച്ചു വാങ്ങിക്കുകയാണ്, അതുകൊണ്ട് കുറ്റം പറയാൻ കഴിയില്ല.

അതുപോലെ കത്രിക കണ്ടില്ലെന്ന വാർത്തയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. വയറ്റിൽ കത്രിക കുടങ്ങിയെന്ന കാര്യം അന്വേഷിക്കാൻ കേരള പോലീസിനെ ഏൽപ്പിച്ചു. ഈ കേസിലെ മൂന്ന് ഓപ്പറേഷൻ നടത്തിയതും സർക്കാർ ആശുപത്രിയിലാണ്. ശസ്ത്രക്രിയയിൽ രണ്ടെണ്ണം താലൂക്ക് ആശുപത്രിയിലും ഒരെണ്ണം മെഡിക്കൽ കോളേജിലുമാണ് ചെയ്തത്. കത്രിക എന്തായാലും സർക്കാരിന്റേതാണ്. ഏതോ കാലത്ത് ആരോ വയറിനകത്ത് കത്രിക മറന്നുവച്ചു. മന്ത്രിക്ക് കത്രിക മറന്നുവയ്ക്കാൻ പറ്റുമോ? ഇതിൽ മന്ത്രിക്കും മുൻമന്ത്രിക്കും ഡി.എച്ച്.എസ്.-നും എന്തുകാര്യമാണുള്ളത്? ആ ഓപ്പറേഷൻ ചെയ്ത ഡോക്ടർ ആരെന്ന് കണ്ടെത്താൻ പോലീസിനെ ഏൽപ്പിക്കണം. രാജീവ്ഗാന്ധി വധം എങ്ങനെയെന്ന് കണ്ടെത്തിയ നാടാണിത്. ബെൽറ്റ് ബോംബ്

പൊട്ടിച്ചാണ് രാജീവ്ഗാന്ധിയെ കൊന്നത്. അന്ന് ബെൽറ്റ് ബോംബെന്ന് ആദ്യമായി കേൾക്കുകയാണ്. അത് കണ്ടുപിടിച്ച നാടാണിത്. നല്ല പോലീസ് ഉദ്യോഗസ്ഥർ നമുക്കുണ്ട്, അവരെ കേസ് ഏൽപ്പിച്ച് ഈ ക്രിമിനൽ കുറ്റം ചെയ്തത് ആരാണെന്ന് കണ്ടുപിടിക്കണം. യൂട്രസിന് മുകളിൽ കത്രികവച്ച് മറന്നത് ക്രിമിനൽ കുറ്റമാണ്. ഇതിൽ പരാമർശിക്കപ്പെട്ട സഹോദരി ബൈക്ക് ഓടിക്കുമ്പോൾ മറിഞ്ഞുവിഴുകയും കത്രിക ഒടിഞ്ഞ് പുറത്തേയ്ക്ക് തള്ളിവരികയുംചെയ്തു. വേദന സഹിക്കാതെ വന്നതിനാൽ X-ray എടുത്തപ്പോഴാണ് ഈ സാധനം കണ്ടത്. ഇതൊക്കെ നമ്മൾ മനസിലാക്കണം.

അവയവദാന ശസ്ത്രക്രിയയെക്കുറിച്ചും അതുപോലെ പറയാനുണ്ട്. ഇതിനായി ഗവൺമെന്റിന്റെതന്നെ മൃതസഞ്ജീവനി എന്ന പദ്ധതിയുണ്ടല്ലോ? അതിൽ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഇടപെടണം. മൃതസഞ്ജീവനി പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർ ഒരു വൃക്ക മാറ്റിവയ്ക്കുന്നതിന് 2000 രൂപയും കരൾ മാറ്റിവയ്ക്കുന്നതിന് 5000 രൂപയും അടച്ച് രജിസ്റ്റർ ചെയ്യണം. ഇങ്ങനെ ലഭ്യമായ 2 കോടി രൂപയുണ്ട്. ഈ തുക ട്രഷറിയിൽ അടയ്ക്കണമെന്ന്

സർക്കാർ ആവശ്യപ്പെട്ടിട്ടും അടയ്ക്കുന്നില്ല. ആളുകൾ അവയവം ദാനം ചെയ്യാൻ കഴിയാതെ കാത്തിരിക്കുകയാണ്. വ്യവസ്ഥിതിയുടെ ഊരാക്കുടുക്കിൽപ്പെട്ട് ജനങ്ങൾ മരിക്കുകയാണ്. 'സുബി'യെന്ന കലാകാരി മരിച്ചപ്പോഴും ഇതേ ആരോപണംവന്നു. ആ ആരോപണം ശരിയോ തെറ്റോയെന്ന് എനിക്ക് അറിയില്ല. എന്തായാലും ഈ വിഷയങ്ങൾ നമ്മൾ പരിഹരിക്കണം. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇക്കാര്യങ്ങളിലെല്ലാം ഇടപെടണം, ഉപദേശക സമിതിക്കാരെ നിയന്ത്രിക്കണം, ഡോക്ടർമാരെയും അതുപോലെ സെക്യൂരിക്കാരേയും പൊളൈറ്റാക്കണം. വരുന്നവരെ അടിക്കുന്ന നടപടിയൊന്നും നല്ലകാര്യമല്ല. നമ്മുടേത് ഒരു ഇടതുപക്ഷ സർക്കാരാണ്, നമുക്കൊരു ജനകീയ മുഖമുണ്ട്. ആ ജനകീയ മുഖത്തിൽ കരിവാരിത്തേയ്ക്കാൻ ശ്രമിക്കുന്ന ആരേയും നമ്മൾ അംഗീകരിക്കാൻ പാടില്ല, അതിൽ ശക്തമായ നടപടി സ്വീകരിക്കണം. ഞാൻ നേരത്തേ സൂചിപ്പിച്ച സഹോദരിയുടെ വയറ് തുന്നി ഒന്ന് ശരിയാക്കിക്കൊടുക്കാൻ മന്ത്രി നേരിട്ട് ഇടപെട്ടുവെന്നതിൽ എനിക്ക് നന്ദിയുണ്ട്. ഞാൻ പറഞ്ഞ ദിവസംതന്നെ മന്ത്രിയും പ്രൈവറ്റ് സെക്രട്ടറിയും മെഡിക്കൽ കോളേജിലേയ്ക്ക് വിളിച്ചു. അതുപോലെതന്നെ

മെഡിക്കൽ കോളേജ് സൂപ്രണ്ടിനോടും എനിക്ക് നന്ദിയുണ്ട്, അദ്ദേഹവും വിഷയത്തിൽ വളരെ ശക്തമായി ഇടപെട്ടിരുന്നു. ശസ്ത്രക്രിയ ചെയ്ത ഡോക്ടറാണ് കുഴപ്പക്കാരൻ. അതുപോലെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കിഡ്നി മാറ്റിവയ്ക്കാൻ അവസരം കിട്ടാതെ മൂന്നുപേർ മരിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലുണ്ടായിരുന്ന ഡോക്ടർ കോട്ടയത്തേയ്ക്ക് ജീവനുംകൊണ്ട് സ്ഥലംമാറിപ്പോയപ്പോൾ അവിടെ ബഹുമാനപ്പെട്ട മന്ത്രികൂടി ഇടപെട്ടുകൊണ്ട് കരൾ മാറ്റ ശസ്ത്രക്രിയ നടത്തി. അത് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എന്തുകൊണ്ട് നടത്താൻ സാധിച്ചില്ല; ഇവിടെ തൊഴുത്തിൽകുത്താണ് നടക്കുന്നത്. ഈ തൊഴുത്തിൽകുത്തൊക്കെ അവസാനിപ്പിക്കണം. ഗവൺമെന്റിന്റെ ഒരു ജനകീയ മുഖം ഡോക്ടർമാർ അനുകരിച്ചേ മതിയാകൂ. അവരുടെ സൗകര്യത്തിന് ചെയ്യുന്ന പരിപാടി വേണ്ട. അവർക്ക് സംഘടനാബലമുണ്ടെങ്കിൽ അത് അവരുടെ കയ്യിൽവച്ചാൽമതി. നമ്മളെല്ലാപേരും ഒരോ സംഘടനയുടെ നേതാക്കളാണ്. നമുക്കും യൂണിയനും രാഷ്ട്രീയപ്രവർത്തനവുമൊക്കെയുണ്ട്. നമ്മുടെ അത്രയൊന്നും രാഷ്ട്രീയ

പ്രവർത്തനം അവർക്കില്ല. ആ വേലയും പേടിപ്പിക്കലുമൊന്നുംവേണ്ട. സെക്യൂരിറ്റിക്കാർ മുതൽ ഡോക്ടർമാർവരെ ജനങ്ങളോടും ജനപ്രതിനിധികളോടും മാന്യമായി പെരുമാറണം. ആരെയും നമ്മൾ ശല്യംചെയ്യുന്നില്ല.

ഒരിക്കൽ കിഡ്നി മാറ്റിവയ്ക്കാൻ വന്ന രണ്ട് ഡോക്ടർമാർ തമ്മിൽ വഴക്കുണ്ടായി. അങ്ങനെ കിഡ്നി മാറ്റിവയ്ക്കാൻ സാധിക്കാതെ രോഗി മരിക്കുകയും ചെയ്തു. അതുസംബന്ധിച്ച പത്രവാർത്ത രണ്ടുദിവസമേയുണ്ടായിരുന്നുള്ളൂ. അതുകഴിഞ്ഞ് അതിനെക്കുറിച്ച് ആരും ചിന്തിച്ചിട്ടില്ല. പക്ഷെ ഞാൻ ചിന്തിച്ചു. ഇതിൽ ഒരു ഡോക്ടർ എനിക്കറിയാവുന്ന ഒരു രോഗിയെ വീട്ടിൽ വിളിച്ചുവരുത്തി ഇരുപത്തിയയ്യായിരം രൂപ കൈക്കൂലി വാങ്ങിച്ചിട്ടുണ്ട്. ഇവരെയൊക്കെ നമ്മൾ വച്ച് പ്രോത്സാഹിപ്പിക്കണോ? അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ഈ സഭയിൽ പരസ്യമായി പറയുകയാണ്, നമ്മൾ ഇതിനെതിരെ ശക്തമായ നിലപാടെടുക്കണം. നമ്മുടെ സർക്കാരിനൊരു ജനകീയ മുഖമുണ്ട്, പാവപ്പെട്ടവന്റെ സർക്കാരാണ് കേരളം ഭരിക്കുന്നത്. ആ

സർക്കാരിന്റെ ഭാഗത്തുനിന്ന് പാവപ്പെട്ട ആളുകൾക്കുണ്ടാകുന്ന ഇത്തരം ദുരിതങ്ങളിൽനിന്ന് മോചനം നേടണം. അതാണ് ഈ ബഡ്ജറ്റ് ചർച്ചയിൽ നമ്മൾ പറയുന്നത്.

മി. സ്പീക്കർ: എല്ലാ ഡോക്ടർമാരും അങ്ങനെയുള്ള ആളുകളല്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അതെ എല്ലാ ഡോക്ടർമാരും അങ്ങനെയല്ല. മുപ്പത് ശതമാനം മാത്രമേ കുഴപ്പക്കാരായുള്ളൂ. ബാക്കി 70 ശതമാനം പേരും നല്ലവരും അവർ മരുന്നുകൊടുക്കുന്നതിനപ്പുറം വാക്കുകൾകൊണ്ടും സ്നേഹംകൊണ്ടും രോഗം മാറ്റികൊടുക്കുന്ന നല്ല ഹൃദയമുള്ളവരുമാണ്. അത്തരം ആളുകളെ പ്രോത്സാഹിപ്പിക്കുകയും അല്ലാത്തവരെ കൈകാര്യം ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും വേണം. അതിലൊരു വിട്ടുവീഴ്ചയുമുണ്ടാകാൻ പാടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ വാക്കുകൾ ഞാൻ ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുകയാണ്. അഴിമതി നടത്തിയും തന്നിഷ്ടം കാട്ടിയും സർക്കാർ സേവനത്തിലിരുന്നുകൊണ്ട് ജനങ്ങളെ ദ്രോഹിക്കുന്ന ഒരു ഉദ്യോഗസ്ഥരെയും പ്രോത്സാഹിപ്പിക്കില്ലെന്ന അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെന്റ് മുഖവിലയ്ക്കെടുത്തുകൊണ്ട് ഈ പ്രശ്നത്തെ

സമീപിക്കണം. ഇനിയും ഒരുപാട് ആശുപത്രികളൊക്കെ നമ്മൾ നിർമ്മിക്കും, എം.എൽ.എ.-മാർ എല്ലാപേരും അതിനുവേണ്ടി പണം ചെലവഴിക്കണം. ഇടതുപക്ഷ മുന്നണി മുന്നോട്ടുവയ്ക്കുന്ന ആരോഗ്യ രംഗത്തെ വലിയ പരിഷ്കാരങ്ങൾക്കും പുരോഗതികൾക്കും ഇന്ത്യയ്ക്കും ലോകത്തിനും മുന്നിൽ അഭിമാനിക്കാൻ കഴിയുന്ന വലിയ നേട്ടങ്ങളുണ്ടാക്കാൻ കഴിയും. അതിന് വീഴ്ചവരുത്തുന്ന, ആ പദ്ധതിയുടെ മുഖത്ത് കരിവാരി തേയ്ക്കുന്ന ആളുകളെ കോർണർ ചെയ്തുകൊണ്ട് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയട്ടേയെന്ന് ആശംസിച്ചുകൊണ്ടും സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് അഭിനന്ദനവും പിന്തുണയും നൽകികൊണ്ടും ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി ശക്തമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. എം. വിജിൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. 1957-ൽ കേരളത്തിലെ ആദ്യ മുഖ്യമന്ത്രിയായിരുന്ന സഖാവ് ഇ. എം. എസ്. നേതൃത്വം കൊടുത്ത കമ്മ്യൂണിസ്റ്റ് സർക്കാർ തുടക്കമിട്ട പൊതുജനാരോഗ്യ സംരക്ഷണ നയത്തിന്റെ തുടർച്ചയാണ് ശ്രീ. പിണറായി സർക്കാർ ഏറ്റവും സജീവമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ആരോഗ്യമേഖല

ഒട്ടേറെ കാര്യങ്ങളിൽ രാജ്യത്തിനും ലോകത്തിനും മാതൃകയാണ്. അതുകൊണ്ടുതന്നെയാണ് കേരളത്തിന്റെ ആരോഗ്യ മേഖലയെക്കുറിച്ച് വാഷിംഗ്ടൺ പോസ്റ്റ് പോലെയുള്ള ലോകോത്തര മാധ്യമങ്ങൾ ലേഖന പരമ്പരകൾപോലും തയ്യാറാക്കുന്ന സാഹചര്യമുണ്ടായത്. കേരളത്തിന്റെ ആരോഗ്യമേഖല കൈവരിച്ച നേട്ടങ്ങൾ നമുക്കറിയാം. സാമൂഹിക വികസനത്തിൽക്കൂടിയാണ് ആ നേട്ടങ്ങൾ കൈവരിച്ചത്. ഇന്ന് ലോകമെമ്പാടും ആരോഗ്യമേഖല വലിയ ഭീക്ഷണികളുടെ കാലഘട്ടത്തിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഉയർന്നുവരുന്ന രോഗാതുരതയും പുത്തൻ പകർച്ചവ്യാധികളും ആരോഗ്യ രംഗത്ത് നിരന്തരമായ ഭീഷണി ഉയർത്തിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽക്കൂടിയാണ് കേരളം ലോകത്തിന് മാതൃകയായി ശക്തമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. നവകേരളം കർമ്മ പദ്ധതിയിലുൾപ്പെട്ട ആർദ്രം മിഷൻ-I-ന്റെ ഭാഗമായി സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ വ്യാപകമായി പശ്ചാത്തല സൗകര്യത്തിന്റെ വിപുലീകരണത്തിന് മുൻഗണന നൽകിയാണ് മുന്നോട്ടുപോയത്. എന്നാൽ രണ്ടാം പിണറായി സർക്കാർ

ആർദ്രം II-ന്റെ ഭാഗമായി സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനാണ് മുൻഗണന നൽകി പ്രവർത്തിക്കുന്നത്. ആരോഗ്യ മേഖലയിലെ പുരോഗതിക്കൊപ്പം ചികിത്സയ്ക്കും രോഗ പ്രതിരോധത്തിനും വലിയ പ്രാധാന്യമാണ് കേരളത്തിലെ ഗവൺമെന്റ് ഇന്ന് നൽകികൊണ്ടിരിക്കുന്നത്. നിരവധിയായ പദ്ധതികൾ, എല്ലാ പദ്ധതികളെക്കുറിച്ചും വിശദീകരിച്ച് പോകാൻ ഈ സമയം മതിയാകില്ലെന്ന് എല്ലാപേർക്കുമറിയാം. വിളർച്ച മുക്ത കേരളത്തിനായി ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'വിവ'. 'വിളർച്ചയിൽനിന്ന് വളർച്ചയിലേയ്ക്ക്' എന്ന ഏറെ മാതൃകാപരമായ ഇടപെടൽ, അതായത് സ്ത്രീകളിൽ അനീമിയ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്ന പദ്ധതി മികച്ച രീതിയിൽത്തന്നെ കേരളത്തിന്റെ ആരോഗ്യവകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. ആർദ്രം മിഷനിൽ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുവരെയുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഒരു കുതിച്ചുചാട്ടം നടത്താൻ പിണറായി സർക്കാരിന് സാധിച്ചിട്ടുണ്ട്. അതിലേറ്റവും വലിയ പങ്ക്

കിഫ്ബിക്കുണ്ടെന്ന കാര്യം ആർക്കും മറച്ചുവയ്ക്കാൻ പറ്റില്ല. 5884.49 കോടി രൂപയാണ് ആരോഗ്യ വകുപ്പിന് കിഫ്ബി അനുവദിച്ച് നൽകിയിട്ടുള്ളത്. കേന്ദ്രം എല്ലാമേഖലയിലും കേരളത്തെ അവഗണിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ആരോഗ്യ മേഖലയിലും വലിയ അവഗണനയാണ് കേരളത്തോട് ഇന്ന് കേന്ദ്ര ഗവൺമെന്റ് കാണിച്ചുകൊണ്ടിരിക്കുന്നത്. എന്നാലും ആ വെല്ലുവിളികൾക്കിടയിലും ദേശീയ തലത്തിൽ ആരോഗ്യ മേഖലയിലെ ഏത് അവാർഡുകളെടുത്ത് പരിശോധിച്ചാലും ഒന്നാം സ്ഥാനം നിലനിർത്താൻ കേരളത്തിന് സാധിക്കുന്നുവെന്നത് അഭിമാനകരമായ കാര്യംതന്നെയാണ്. ഉത്തർപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിലും ഇന്ത്യയിലെവിടെയും പൊതു ആരോഗ്യമേഖലയെ അവഗണിച്ച് മുന്നോട്ടുപോകുമ്പോൾ കേരളം ഇവിടെ ഒരു ബദൽ മാതൃക സൃഷ്ടിച്ചുകൊണ്ട് മുന്നോട്ടുപോകുന്നുവെന്നത് അഭിമാനകരമാണ്. പൊതുജനാരോഗ്യ രംഗത്തെ മികച്ച പ്രവർത്തനം കണക്കിലെടുത്തുകൊണ്ടാണ് ഇന്ത്യാ ടുഡെ ഏർപ്പെടുത്തിയ ദേശീയ പുരസ്കാരം ഇത്തവണയും കേരളത്തിന് ലഭിക്കുന്ന സാഹചര്യമുണ്ടായത്.

2022-ലെ ഏറ്റവും ഉയർന്ന പ്രതിശീർഷ ആരോഗ്യ ചെലവ് ദേശീയ ശരാശരിയുടെ മൂന്നിരട്ടിയിലധികം തുക ചെലവഴിച്ചുകൊണ്ട് ആരോഗ്യ പരിരക്ഷ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കി മാതൃക സൃഷ്ടിച്ചതിന് എൻ.ക്യൂ.എ.എസ്. അംഗീകാരം ഏറ്റവും കൂടുതൽ നേടിയ സംസ്ഥാനങ്ങൾക്കുള്ള പുരസ്കാരം ഈ കൊച്ചു കേരളത്തെ തേടിയെത്തുന്ന സാഹചര്യമുണ്ടായി. രാജ്യത്ത് ഏറ്റവും കൂടുതൽ രോഗികൾക്ക് KASP പദ്ധതിവഴി സൗജന്യ ചികിത്സ നൽകിയതിന് 'ആരോഗ്യമന്ഥൻ' പുരസ്കാരം കേരളത്തിനാണ് ലഭിച്ചത്. 2021-ൽ KASP പദ്ധതിക്കായി സംസ്ഥാനം 1400 കോടി രൂപയാണ് ചെലവഴിച്ചത്. എന്നാൽ കേന്ദ്ര വിഹിതം കേവലം 138 കോടി രൂപ മാത്രമാണ്. കേരളം അവിടെയും മാതൃക കാണിച്ചുകൊണ്ട്, ആ അവഗണനയിൽപ്പോലും മാറിനിൽക്കാതെ കേരളത്തിലെ ജനങ്ങളുടെ ആരോഗ്യത്തിനുവേണ്ടി ഇടപെട്ടുവെന്നത് ഏറ്റവും പ്രധാനമായി എടുത്തുപറയാൻ പറ്റുന്ന കാര്യമാണ്. രണ്ടാം പിണറായി സർക്കാർ അധികാരമേറ്റതിനുശേഷം പതിനൊന്ന് പുരസ്കാരങ്ങളാണ് കേരളത്തിന്റെ ആരോഗ്യമേഖലയെ തേടിയെത്തിയെന്നത് സർക്കാർ ആരോഗ്യമേഖലയെ

എത്രമാത്രം ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യുന്നുവെന്നതിന്റെ തെളിവുകൂടിയാണ്. നവജാത ശിശുക്കളുടെ മരണനിരക്ക് കേരളത്തിൽ ആയിരത്തിൽ നാല് മാത്രമായി. 2030-ഓടുകൂടി അത് ആയിരത്തിന് പന്ത്രണ്ട് എന്നതിൽ താഴെ എത്തിക്കണമെന്ന് ആഗോളതലത്തിൽ ഗൗരവതരമായി ആലോചിക്കുമ്പോൾ കേരളത്തിന് ഇപ്പോൾത്തന്നെ നാലിലേയ്ക്ക് എത്താൻ സാധിച്ചത് അഭിമാനകരമാണ്. അഞ്ച് വയസ്സിനുതാഴെയുള്ള കുട്ടികളുടെ മരണനിരക്ക് ആയിരത്തിൽ എട്ട് മാത്രമായി കുറയ്ക്കാൻ ഈ കേരളത്തിന് സാധിച്ചിട്ടുണ്ട്. ശിശുമരണ നിരക്ക് കുറയ്ക്കുന്നതിൽ കേരളത്തിന്റെ ആരോഗ്യവകുപ്പ് രൂപം നൽകിയ 'ഹൃദ്യം' പദ്ധതിക്ക് ഒരു വലിയ പങ്കുണ്ട്. അതൊരു വലിയ വിജയമാണ്. 5041 കുട്ടികൾക്ക് സർക്കാർ ആശുപത്രികളും സ്വകാര്യ ആശുപത്രികളുംവഴി സൗജന്യമായ ഹൃദയ ശസ്ത്രക്രിയ നടത്തിക്കൊണ്ട് ഹൃദ്യം പദ്ധതി ഇന്ന് ജനങ്ങളുടെ ഹൃദയം ഏറ്റെടുത്ത ഒരു പദ്ധതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. മാതൃമരണ നിരക്ക് നിയന്ത്രിക്കാൻ സംസ്ഥാനം അഭിമാനകരമായ നേട്ടം സ്വന്തമാക്കുകയുണ്ടായി. വയോജനങ്ങളുടെ ചികിത്സയ്ക്ക് ജില്ലകൾക്ക് പ്രത്യേക

ഫണ്ട് നൽകി. അതോടൊപ്പംതന്നെ കാഴ്ച പ്രശ്നമുള്ള മുഴുവൻ വയോജനങ്ങൾക്കും തിമിര ശസ്ത്രക്രിയ്ക്കായി 'തിമിര മുക്ത കേരളം' പദ്ധതി മുന്നോട്ടുവച്ചു. നമ്മുടെ നാട് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് ജീവിത ശൈലീരോഗങ്ങൾ. അത് പ്രതിരോധിക്കുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് ആവിഷ്ക്കരിച്ച ജനകീയ കാമ്പയിൻ ആരോഗ്യ രംഗത്ത് രാജ്യത്തെതന്നെ മികച്ച മാതൃകയായി മാറ്റുന്നതിനായി സാധിച്ചു. എൻഡോസൾഫാൻ ദുരിതബാധിതരുൾപ്പെടെയുള്ളവരുടെ ചികിത്സയ്ക്ക് കാസർഗോഡ് ജില്ലയിൽ ആദ്യമായി ഒരു ന്യൂറോളജിസ്റ്റ് തസ്തികയും സൃഷ്ടിച്ചു. എന്റെ നിയോജക മണ്ഡലത്തിലെ കണ്ണൂർ മെഡിക്കൽ കോളേജിനെയാണ് അവർ ആശ്രയിച്ചിരുന്നത്. പക്ഷെ കാസർഗോഡുതന്നെ ആ പോസ്റ്റ് അനുവദിച്ചുകൊണ്ട് ഒരു ഇടപെടൽ സർക്കാർ നടത്തി. Spinal Muscular Atrophy (SMA) ബാധിച്ച മുഹമ്മദ് എന്ന ഒന്നരവയസ്സുകാരൻ എന്റെ മണ്ഡലത്തിലുള്ള കുട്ടിയാണ്. ആ കുട്ടിയുടെ ജീവനുവേണ്ടി 48 കോടി രൂപയാണ് ഈ നാട്ടിലെ ജനങ്ങൾ സംഭാവനയായി നൽകിയത്. SMA ബാധിച്ച കുട്ടികളുടെ പ്രശ്നം ഗൗരവമേറിയതാണെന്ന് നമ്മുടെ സർക്കാർ

തിരിച്ചറിഞ്ഞുകൊണ്ടാണ് Spine Scoliosis സർജറിക്കായി സർക്കാർ മേഖലയിൽ ആദ്യമായൊരു സംവിധാനം ഈ കൊച്ചുകേരളം ഒരുക്കിയത്. 509 ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. ഇ-സഞ്ജീവനി പദ്ധതിയിലൂടെ ഏറ്റവും മികച്ച രീതിയിൽ ഡോക്ടറുടെ സേവനം കൃത്യമായി വീട്ടിലിരുന്ന് പ്രയോജനപ്പെടുത്തുന്നത് നാലര ലക്ഷത്തിലധികം ആളുകളാണ്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലബോറട്ടറി സംവിധാനം കൂടുതൽ സുതാര്യമാക്കുന്നതിനുവേണ്ടി ഇന്റഗ്രേറ്റഡ് ലബോറട്ടറി സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ സാധാരണക്കാരായ ജനങ്ങൾക്കുവേണ്ടി നിരവധി കാര്യങ്ങളാണ് ഈ സർക്കാർ ചെയ്തിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ അവയവമാറ്റ ശസ്ത്രക്രിയയെക്കുറിച്ച് സംസാരിച്ചു. തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ ഇപ്പോൾ യാഥാർത്ഥ്യമായിരിക്കുകയാണ്. കോഴിക്കോട് ഓർഗൻ ട്രാൻസ്പ്ലാന്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നു. നമ്മുടെ ഗ്രാമങ്ങളിലേയ്ക്ക് 1352 പി.ജി. ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നു. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലെ 1655 സീറ്റുകളിൽ

ഒരു വർഷം 25,000 രൂപ മാത്രം വാങ്ങിയാണ് പഠിക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുള്ളത്. പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ആരോഗ്യ മേഖലയിൽ തൊഴിൽ സാധ്യതകളെ ശക്തിപ്പെടുത്തുന്ന ഇടപെടലുകൾ നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുകയും ചെയ്യുന്നു.

**1.00 p.m.]**

ആരോഗ്യമേഖലയിൽ മാതൃകാപരമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഇന്ന് നിയമസഭയിൽ പ്രതിപക്ഷമില്ല. ബ്രഹ്മപുരത്തെ മാലിന്യത്തിന് തീപിടിച്ചതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആരോപിച്ച് തീപിടിച്ചതുപോലെയാണ് പ്രതിപക്ഷം സഭയിൽനിന്നും ഇറങ്ങിപ്പോയത്. അവിടത്തെ പുകയുടെ പേരുപറഞ്ഞുകൊണ്ട് നിയമസഭയ്ക്കകത്ത് പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. ബ്രഹ്മപുരത്ത് തീ പിടിച്ചതും അണച്ചതുമാണ് ചർച്ച. പക്ഷേ അതിൽ ഏറ്റവും പ്രധാനപ്പെട്ടത് അവിടത്തെ മാലിന്യപ്രശ്നമാണ്. മാലിന്യപ്രശ്നത്തിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വം ആർക്കാണ്? 2007-ലെ ഹൈക്കോടതി വിധിയുണ്ട്. ഞാൻ അതിന്റെ

വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. 2008-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഇടപെട്ടാണ് സ്ഥലമേറ്റെടുത്ത് ഖരമാലിന്യ സംസ്കരണ പ്ലാന്റ് ബ്രഹ്മപുരത്ത് ആരംഭിച്ചത്. 2011 മുതലാണ് അവിടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ കൂമ്പാരമായി മാറിയത്. അന്ന് കോർപ്പറേഷൻ ഭരിക്കുന്നത് കോൺഗ്രസ്സാണ്. കേരളം ഭരിക്കുന്നത് യു.ഡി.എഫ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. 2011 മുതലുള്ള പ്ലാസ്റ്റിക് മാലിന്യക്കൂമ്പാരത്തിനാണ് ബ്രഹ്മപുരത്ത് തീപിടിക്കുന്ന സാഹചര്യമുണ്ടായത്. കോൺഗ്രസ്സ് പത്തുവർഷം തുടർച്ചയായി കോർപ്പറേഷൻ ഭരിച്ചു. കേരളത്തിൽ 5 വർഷം യു.ഡി.എഫ്. ഭരണമുണ്ടായി. ആ ഘട്ടങ്ങളെല്ലാം നാം കണ്ടതല്ലേ. കോൺഗ്രസ് കോർപ്പറേഷനും കേരളവും ഭരിച്ച കാലത്തൊന്നും യാതൊരു പരിഹാരവും കണ്ടിട്ടില്ല. അക്കാലത്തെ നടപടിക്രമങ്ങളിൽ കോൺഗ്രസ് ഭരണസമിതിക്ക് നിരവധി പിഴ ഏറ്റുവാങ്ങേണ്ടി വന്നു. അതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ വന്നു? മാലിന്യക്കൂമ്പാരമുണ്ടാക്കി, ഒരു തരത്തിലും പരിഹാരം കാണാതെ മുന്നോട്ടുകൊണ്ടുപോയി. പ്ലാസ്റ്റിക് കൂമ്പാരമുണ്ടാക്കിയതിന്റെ ഉത്തരവാദിത്വം പ്രതിപക്ഷത്തിനും ഇവിടത്തെ കോൺഗ്രസ്സിനുമാണ്. എന്നാൽ

സംസ്ഥാനത്തുടനീളം കൃത്യമായി മാലിന്യ സംസ്കരണം നടത്തുന്ന സർക്കാരിനെതിരെ പുകമറയുണ്ടാക്കാനാണ് ഇവിടത്തെ കോൺഗ്രസ്സും പ്രതിപക്ഷവും ശ്രമിക്കുന്നത്. ഇന്ന് ആരോഗ്യമേഖലയിലെ പ്രധാനപ്പെട്ട ചർച്ചയാണ് നടക്കുന്നത്. കോൺഗ്രസ്സിനോ യു.ഡി.എഫ്-നോ സഭയ്ക്കകത്തിരുന്ന് ആരോഗ്യരംഗത്തെ വിമർശിക്കാൻപോലും കഴിയില്ലെന്ന് നമുക്കറിയാം. എന്തുകൊണ്ട് വിമർശിക്കാൻ കഴിയില്ല? ഇന്ത്യയ്ക്ക് മാതൃകയാണ് കേരളത്തിലെ ആരോഗ്യരംഗം. യു.ഡി.എഫ്. കാലത്ത് ആരോഗ്യ വകുപ്പിൽ അതീവശ്രദ്ധയോടെ നടത്തിയ ഏക സംഗതിയെന്നുപറയുന്നത് അഴിമതി മാത്രമാണ്. എത്രയോ കണക്കുകൾ നമ്മുടെ മുന്നിലുണ്ട്. യു.ഡി.എഫ്. എല്ലാ ജില്ലയിലും മെഡിക്കൽ കോളേജ് പ്രഖ്യാപിച്ചു. ജില്ലാ ആശുപത്രികൾക്കുമുന്നിൽ ബോർഡ് വച്ചതല്ലാതെ മറ്റൊന്നും ചെയ്തില്ല. പാലക്കാട് മെഡിക്കൽ കോളേജിൽ 170 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ, പിൻവാതിൽ നിയമനം നടത്താൻ ശ്രമം നടത്തിയവരാണ് ഇവിടത്തെ കോൺഗ്രസ്. സാധാരണക്കാർ പോകുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ പോലുമുണ്ടായിരുന്നില്ല. അന്ന്

യു.ഡി.എഫ്. ഭരിക്കുമ്പോൾ 3 പി.എച്ച്.സി.-ക്ക് ഒരു ഡോക്ടറാണുണ്ടായിരുന്നത്. എന്നാൽ ഇന്ന് കേരളത്തിന്റെ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒ.പി. വൈകുന്നേരം വരെയാണ്. അതിമികവാർന്ന നിലയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളെക്കുറിച്ച് ഏത് കോണിലിരുന്നും അഭിമാനപൂർവ്വം അഭിപ്രായം പങ്കുവയ്ക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കിയത് കേരളത്തിലെ പിണറായി സർക്കാരാണ്. കോൺഗ്രസ്സിന്റെ ഇരട്ടത്താപ്പ്, പൊറോട്ടുനാടകങ്ങൾ കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുകതന്നെ ചെയ്യും. കേരളത്തിലെ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മികച്ച പ്രവർത്തനങ്ങളാണ് ഇന്നും നടന്നുകൊണ്ടിരിക്കുന്നത്. ഹോട്ടലുകളിൽ ഭക്ഷ്യപരിശോധന കാര്യക്ഷമമാക്കുകയും കാറ്ററിംഗ് ലൈസൻസ് നിർബന്ധമാക്കുകയും ചെയ്തത് ഈ ഗവൺമെന്റാണ്. രോഗപ്രതിരോധമാണ് ആരോഗ്യസംരക്ഷണത്തിന് പ്രധാനപ്പെട്ടതെന്ന് കണ്ടുകൊണ്ട് മാലിന്യനിർമ്മാർജ്ജനത്തിന് വലിയ പങ്കുവഹിച്ചു. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ വർഷാവർഷങ്ങളിൽ മികച്ച രീതിയിൽ പിണറായി സർക്കാർ ഏറ്റെടുത്തു. എന്റെ മണ്ഡലത്തിലെ

പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തുകൊണ്ട് വടക്കേ മലബാറിന്റെ സർക്കാർ മെഡിക്കൽ കോളേജ് എന്ന ജനങ്ങളുടെ ദീർഘകാലാഭിലാഷത്തിന് പരിഹാരം കാണുകയുണ്ടായി. ഒന്നാം പിണറായി സർക്കാർ 2019 മാർച്ചിലാണ് ആ നടപടിക്രമങ്ങൾ പൂർത്തീകരിച്ചത്. മറ്റ് മെഡിക്കൽ കോളേജുകൾപോലെ കണ്ണൂർ മെഡിക്കൽ കോളേജിലെ പ്രവർത്തനങ്ങൾക്കും മികച്ചരീതിയിൽ സർക്കാർ നേതൃത്വം നൽകുന്നുണ്ട്. പരിയാരം മെഡിക്കൽ കോളേജ് 2019-ൽ ഏറ്റെടുത്ത കാലം മുതൽ, കോവിഡ് കാലഘട്ടമായതിനെത്തുടർന്ന് കോവിഡ് ഹോസ്പിറ്റലായി മികച്ച പ്രവർത്തനം നടത്തിയതുപോലെ, മെഡിസെപ് പദ്ധതിയും മാതൃകാപരമായി നടത്തി. ഗവൺമെന്റിലെ വിവിധ പദ്ധതികൾ കൃത്യമായി മെഡിക്കൽ കോളേജിൽ ലഭിക്കുന്നുണ്ടെങ്കിലും ചില പരിമിതികളിലൂടെ മെഡിക്കൽ കോളേജ് കടന്നുപോകുന്നുണ്ട്. അറ്റകുറ്റപ്പണികൾക്കായി കിഫ്ബിയിൽ 34 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റിന്റെ ആദ്യഘട്ടത്തിന് 54 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആധുനിക ക്രിട്ടിക്കൽ കെയർ സംവിധാനത്തിന് 23 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഹോസ്റ്റലുകൾ

നവീകരിക്കാൻ കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ നൽകിയിട്ടുണ്ട്. ജീവനക്കാരുടെ ആഗിരണപ്രക്രിയ നടന്നുവരികയാണ്. 521 നഴ്സുമാരുടെയും 141 ഡോക്ടർമാരുടെയും ആഗിരണപ്രക്രിയ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ മെഡിക്കൽ കോളേജിലെ പ്രധാനപ്പെട്ട കാർഡിയോളജി ഡിപ്പാർട്ടുമെന്റിലെ ഡോക്ടർമാരുടെ ആഗിരണപ്രക്രിയ പൂർത്തീകരിക്കേണ്ടതുണ്ട്. ഫാർമസി, ഡെന്റൽ, ഓഫീസ് ഉൾപ്പെടെയുള്ള 722 ജീവനക്കാരുടെ ആഗിരണപ്രക്രിയയും പൂർത്തീകരിക്കേണ്ടതുണ്ട്. അവിടത്തെ പി.ജി. കുട്ടികളുടെ എണ്ണം 37 മാത്രമാണ്. പുതിയ പി.ജി. കോഴ്സുകൾ അനുവദിച്ച് നിലവിലെ പി.ജി. സീറ്റുകൾ വർദ്ധിപ്പിച്ചുകൊണ്ട് മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടൽകൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതോടൊപ്പം എന്റെ മണ്ഡലത്തിലെ ആയുർവേദ കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ അനുവദിച്ചുകൊണ്ടും പുതിയ അക്കാഡമിക് ബ്ലോക്കിന് തുക അനുവദിച്ചുകൊണ്ടുമുള്ള പ്രവർത്തനങ്ങൾക്കുകൂടി നേതൃത്വം കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണമെന്ന്

അഭ്യർത്ഥിക്കുന്നു. ലോകത്തിന് മാതൃകയായി വളരെ വ്യത്യസ്തമായി മുന്നോട്ടുപോകുന്ന കേരളത്തിന്റെ ആരോഗ്യ മേഖലയെ അഭിനന്ദിച്ചുകൊണ്ടും ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, നവലിബറൽ നയങ്ങളുടെ കാലത്ത് പൊതുജനാരോഗ്യ മേഖലയിൽനിന്ന് കേന്ദ്രസർക്കാർ പിന്മാറുമ്പോൾ ആഗോള കോർപ്പറേറ്റുകൾ ഈ മേഖലയെ കയ്യടക്കുമ്പോൾ സാധാരണക്കാർക്കും നിശ്ചിത വരുമാനക്കാർക്കും ചികിത്സ പ്രാപ്യമാക്കുകയും കുടുംബ ബഡ്ജറ്റിനെ പിടിച്ചുനിർത്തുകയും ചെയ്യുന്ന ഒരു നയസമീപനവുമായാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത്. മറ്റ് മേഖലകളെപ്പോലെ ഒരു ഇടതുപക്ഷ ബദൽ ഇടതുപക്ഷ സർക്കാർ സൃഷ്ടിക്കുകയാണ്. രോഗത്തിനും ചികിത്സയ്ക്കും രാഷ്ട്രീയമില്ലെന്ന ബോധ്യത്തിൽനിന്നുവേണം ഈ പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടത്. നാട് അങ്ങനെയാണ് ഇതിനെ കാണുന്നത്. രാഷ്ട്രീയ ദുഷ്ടലാക്കിന്റെപുറത്ത്

വിവാദങ്ങളുണ്ടാക്കി അത്തരം പ്രവർത്തനങ്ങളെ താഴ്ത്തിക്കാണിക്കാൻ ശ്രമിക്കുന്നത് പ്രതിപക്ഷമുൾപ്പെടെ ആര് ചെയ്താലും അത് സ്വയം കുഴിതോണ്ടുന്നതിന് തുല്യമാണ്. നമ്മുടെ ആരോഗ്യമേഖല എല്ലാവർക്കും പ്രാപ്യമായതും തുല്യമായതും താങ്ങാനാവുന്നതും ഗുണമേന്മയുള്ളതുമായ ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നതാണ്. എല്ലാ പ്രധാനപ്പെട്ട ദേശീയ സൂചികകളിലും കേരളം ഒന്നാമതാണ്. ഏറ്റവും മുകളിലാണ് കേരളത്തിന്റെ സ്ഥാനം. നീതി ആയോഗിന്റെ 2019-20-ലെ സംസ്ഥാന ആരോഗ്യ സൂചികയനുസരിച്ച് കേരളം 82.2 സ്കോറോടുകൂടിയുള്ള സ്ഥാനത്താണ്. തൊട്ടടുത്തുള്ള സംസ്ഥാനങ്ങളുടെ സ്കോർ ബഹുദൂരം പിന്നിലാണ്. തമിഴ്നാട്-72, തെലുങ്കാന-69 എന്ന രീതിയിലാണ്. കേരളത്തിന്റെ ഈ മേഖലയിലെ ഇടപെടലിനെയാണ് ഇത് സൂചിപ്പിക്കുന്നത്. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്ന് ഒന്നരവർഷത്തിനകത്ത് 11 വിവിധ അവാർഡുകളാണ് ആരോഗ്യ കുടുംബക്ഷേമ വനിതാ ശിശുവികസന വകുപ്പ് നേടിയിട്ടുള്ളത് എന്നത് വളരെ സന്തോഷകരവും അഭിനന്ദനാർഹവുമാണ്. 2022-ലെ ഏറ്റവും ഉയർന്ന പ്രതിശീർഷ ആരോഗ്യ

ചെലവ് ദേശീയ ശരാശരിയുടെ മൂന്നിരട്ടിയിലധികം തുക ചെലവഴിച്ചുകൊണ്ടാണ്. ആരോഗ്യ മേഖലയെ ശാക്തീകരിച്ചുകൊണ്ടും ആരോഗ്യപരിരക്ഷാ പദ്ധതികൾ നടപ്പിലാക്കിയുമാണ് ഈ മാതൃക കേരളം സൃഷ്ടിച്ചത്. ആശുപത്രികൾ ജനസൗഹൃദമാക്കുക, രോഗവുമായി ബന്ധപ്പെട്ട ചെലവുകൾ കുറയ്ക്കുക, ജനകീയ പങ്കാളിത്തത്തോടെ ആരോഗ്യകരമായ ജീവിതം സംബന്ധിച്ച അവബോധം സൃഷ്ടിക്കുക എന്നതിലൂടെ ഒരു സുസ്ഥിര വികസനമാണ് കേരളത്തിൽ ആർദ്രം-2 പദ്ധതിയിലൂടെ ആരോഗ്യ വകുപ്പ് ലക്ഷ്യമിടുന്നത്. അത് സാധാരണക്കാരന്റെ ജീവിതത്തെ സംബന്ധിച്ചിടത്തോളം കാഴ്ചപ്പാടിന്റെ ഭാഗമാണ്. സാധാരണക്കാരുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ, ദീർഘനാളായി കാണുന്ന സുഹൃത്തിനോട് എങ്ങനെയുണ്ട് ജീവിതം എന്നുചോദിക്കുമ്പോൾ അവർ പറയുന്ന പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളുണ്ട്. ഒന്ന്, രോഗമൊന്നും വന്നില്ലെങ്കിൽ അത്യാവശ്യം ജീവിച്ചുപോകാം. ചികിത്സാച്ചെലവുകൾ താങ്ങാൻ കഴിയുന്നില്ല എന്നതായിരുന്നു കേരളത്തിലെ സ്ഥിതി. അതിനെയാണ് ഗവൺമെന്റ് അഡ്രസ്സ് ചെയ്യുന്നത്. രണ്ടാമതായി പറയുന്നത്, കുട്ടികളുടെ

വിദ്യാഭ്യാസച്ചെലവിനെ സംബന്ധിച്ചാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ സുസ്ഥിരമായ ഇടപെടലിലൂടെ വലിയ മാറ്റമാണ് ഈ രണ്ട് വിഷയങ്ങളിലും സൃഷ്ടിച്ചിട്ടുള്ളത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ സർക്കാർ മേഖലയിലെ ചികിത്സാ സംവിധാനങ്ങളെ ആശ്രയിക്കുന്ന ജനങ്ങളുടെ എണ്ണത്തിൽവന്ന വർദ്ധനവ്, ഏതാണ്ട് 30 ശതമാനത്തിൽതാഴെ ആളുകൾ മാത്രം ആശ്രയിച്ചിരുന്ന സർക്കാർ മേഖല ഇന്ന് 60 ശതമാനത്തിലധികം ആളുകൾ ആശ്രയിക്കുന്ന മേഖലയായി മാറിയിരിക്കുകയാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സേവനത്തിന്റെ മെച്ചമാണ് അതിലൂടെ കാണുന്നത്. ഇന്ന് സ്വകാര്യ പ്രാക്ടീസ് നടത്തുന്ന പല ഡോക്ടർമാരുടെയും വ്യക്തിപരമായ പ്രതികരണങ്ങളിൽ നിരാശയാണ്. രോഗികളുടെ എണ്ണം കുറയുന്ന അവസ്ഥയാണ് അവർ പ്രകടിപ്പിക്കുന്നത്. സ്വകാര്യ സ്കൂളുകൾപൂട്ടുന്നതുപോലെ സ്വകാര്യ ആശുപത്രികൾപോലും ആശങ്കയിലാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. കുടുംബ ബഡ്ജറ്റിനെ സംരക്ഷിക്കുന്ന നയം ആരോഗ്യ വകുപ്പ് നടപ്പിലാക്കുകയാണ്. 5 പേരുള്ള ഒരു കുടുംബത്തിൽ

പനി വന്നാൽ സ്വകാര്യ ആശുപത്രിയിൽപോയി ചികിത്സിക്കുന്നതിന് ഒരുവർഷം ചെലവാകുന്ന തുക സംബന്ധിച്ച് നമുക്കറിയാം. ആ കുടുംബ ബഡ്ജറ്റിനെയാണ് ഗവൺമെന്റ് ഈ നയങ്ങളിലൂടെ പിടിച്ചുനിർത്തുന്നത്. സാധാരണക്കാരന്റെ ഗവൺമെന്റായി മാറുന്നത് അങ്ങനെയാണ്. കേരളത്തിൽ കാസ്പ് (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി) പദ്ധതിയിലൂടെയും മെഡിസെപ് പദ്ധതിയിലൂടെയും ഏതാണ്ട് ഒരുകോടിയിലധികം ആളുകൾക്ക് ചികിത്സാ സുരക്ഷ ഉറപ്പാക്കുന്ന ഗവൺമെന്റാണിത്. നമ്മുടെ നാട്ടിലെ സാധാരണക്കാരെ സംബന്ധിച്ച് പണമില്ലെങ്കിൽ ചികിത്സയില്ലെന്ന ആശങ്കയാകെ മാറി. ഈ നയത്തിനെ പിന്തുണയ്ക്കുകയെന്നത് നാട്ടിലെ സാധാരണ മനുഷ്യനെ സ്നേഹിക്കുന്ന ഏതൊരു വ്യക്തിയുടെയും ചുമതലയാണ്. അതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ല. അത് നടപ്പിലാക്കുന്ന ഈ ഗവൺമെന്റിന്റെ ശൈലിയെ സംബന്ധിച്ച് പരിശോധിക്കണം. കാസ്പിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. കേരളത്തിലെ ഗവൺമെന്റ് 1300 കോടി രൂപയിലധികം കാസ്പ് പദ്ധതിയിലൂടെ കാരുണ്യ ആരോഗ്യ സുരക്ഷാരംഗത്ത് ചെലവഴിക്കുമ്പോൾ

കേന്ദ്ര സർക്കാരിന്റെ വിഹിതം 138 കോടി രൂപ (10 ശതമാനം) മാത്രമാണ്. 90 ശതമാനം സംസ്ഥാനത്തിന്റെ ലയബിലിറ്റിയാണ്. പ്രധാനമന്ത്രിയുടെ ആരോഗ്യ സുരക്ഷാ പദ്ധതി 21.5 ലക്ഷം കുടുംബങ്ങൾക്കുമാത്രം നടപ്പാക്കുന്നതിനായി നിർദ്ദേശിക്കുമ്പോൾ, കേരളത്തിൽ 42 ലക്ഷം കുടുംബങ്ങൾക്ക് നടപ്പാക്കുന്നു. അതിന്റെ വിശദാംശങ്ങൾ പറയാൻ സമയമെടുക്കുന്നില്ല. ഇതൊരു നയത്തിന്റെ ഭാഗമാണ്. ആ നയത്തിനെയാണ് പ്രോത്സാഹിപ്പിക്കേണ്ടത്. ദേശീയ ബദലാണ് രൂപപ്പെടുന്നത്. ചികിത്സിക്കാൻ പണമില്ലാതെ മനുഷ്യൻ മരിക്കുകയും അവന്റെ ശവശരീരമെടുത്ത് നദിയിലൊഴുക്കുകയും ചെയ്യുന്ന രാജ്യത്താണിത് നടക്കുന്നത്. ആ നയത്തെ നോക്കിക്കാണാനുള്ള മിനിമം മാനസിക നിലയെങ്കിലും കേരളത്തിലെ പ്രതിപക്ഷത്തിനുണ്ടാകണമെന്നാണ് പറയാനുള്ളത്. ആരോഗ്യമേഖലയുടെ ശാക്തീകരണത്തെ സംബന്ധിച്ച് പലരും പറഞ്ഞു. കരൾ മാറ്റിവയ്ക്കൽ, കിഡ്നി മാറ്റിവയ്ക്കൽ ഉൾപ്പെടെയുള്ള ശസ്ത്രക്രിയകൾക്ക് സർക്കാർ ആശുപത്രിയെ ആശ്രയിക്കുന്ന ജനങ്ങളുടെ എണ്ണം ഇക്കാലഘട്ടത്തിൽ വർദ്ധിക്കുന്നു. എസ്.എം.എ.

പോലെയുള്ള രോഗങ്ങളെ സംബന്ധിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചു. ഇപ്പോൾ മനുഷ്യരിൽ രക്തജന്യരോഗങ്ങളടക്കം അപൂർവ്വരോഗങ്ങൾ കാണപ്പെടുന്നുണ്ട്. എസ്.എം.എ. പോലെയുള്ള രോഗങ്ങൾക്ക് രണ്ടുംമൂന്നും കോടി രൂപയാണ് ചികിത്സാ ചെലവുവരുന്നത്. അവിടെയെല്ലാം ഗവൺമെന്റ് അഡ്രസ് ചെയ്യുകയാണ്. എസ്.എ.ടി. പോലെയുള്ള ആശുപത്രികളെ ഇതിനുള്ള സ്പെഷ്യൽ കേന്ദ്രമാക്കി മാറ്റുന്നതിനാവശ്യമായ നടപടിക്രമങ്ങൾ കേന്ദ്ര ഗവൺമെന്റുമായി ചേർന്ന് തീരുമാനിക്കുന്നത് വളരെ ആശ്വാസകരമായിരിക്കുമെന്ന ഒരു നിർദ്ദേശമാണ് എനിക്ക് പറയാനുള്ളത്. എസ്.എം.എ. പോലെയുള്ള അപൂർവ്വ രോഗങ്ങളെ സംബന്ധിച്ച് ഗൗരവമായ ചർച്ച നടക്കുന്ന കാലമാണിത്. ഇതുസംബന്ധിച്ച് നേരത്തെ മറ്റൊരു എം.എൽ.എ.-യും സൂചിപ്പിച്ചിരുന്നു. ഭിന്നശേഷി സംബന്ധിച്ച പ്രശ്നങ്ങൾ തുടക്കത്തിൽതന്നെ തിരിച്ചറിയാൻ കഴിയുന്ന പ്രവർത്തനങ്ങൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന് കുറച്ചുകൂടി അടിസ്ഥാന സൗകര്യങ്ങൾ നൽകി അതിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് ശ്രമിക്കണം.

ഗവൺമെന്റിന്റെ മുഖമെന്ന് പറയുന്നത് നമ്മുടെ പ്രദേശത്തെ സർക്കാർ സേവനങ്ങൾ നൽകുന്ന ഇടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളാണ്. കേരളത്തിൽ വ്യാപകമായി എല്ലാ ആരോഗ്യ സ്ഥാപനങ്ങളും N.Q.A.S. (National Quality Assurance Standards) നേടിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 93 ആരോഗ്യ സ്ഥാപനങ്ങൾ എൻ.ക്യൂ.എ.എസ്. നേടിയെന്നാണ് എന്റെ ഓർമ്മ. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് നിരവധി എം.എൽ.എ.-മാർ നേതൃത്വം നൽകുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, എന്റെ നിയോജകമണ്ഡലത്തിൽ 'ആരോഗ്യരക്ഷ-ചാത്തന്നൂർ' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് എൻ.ക്യൂ.എ.എസ്. നേടുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി അത് പൂർത്തീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഉത്തരവ് നൽകിയ ഒരു മണ്ഡലം കൂടിയാണത്. അത് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽവരികയും അതുസംബന്ധിച്ച മീറ്റിംഗ് വിളിച്ചുചേർത്ത് അതിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് നടപടികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അത് സമയബന്ധിതമായി

നടപ്പിലാക്കണം. എന്റെ വ്യക്തിപരമായ നിരീക്ഷണത്തിൽ അവിടെ 80 ശതമാനത്തിലധികം വർക്കുകൾ പൂർത്തിയായി. 20% വർക്കുകൾ ഗ്യാപ് അസെസ് ചെയ്ത് ഫിൽ ചെയ്താൽ മണ്ഡലത്തിലെ എല്ലാ ആശുപത്രികളും എൻ.ക്യൂ.എ.എസ്. നേടുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കും. അതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ അധികമായുണ്ടാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലാണ് പാരിപ്പള്ളി മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്നത്. മെഡിക്കൽ കോളേജുകളുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വേഗത്തിൽ വികസിച്ച മെഡിക്കൽ കോളേജാണ് പാരിപ്പള്ളി മെഡിക്കൽ കോളേജ്. യു.ഡി.എഫ്. ഭരണകാലത്ത് ബോർഡ് സ്ഥാപിക്കൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു സൂപ്രണ്ടിന്റെയോ പ്രിൻസിപ്പാളിന്റെയോ പോസ്റ്റുപോലുമുണ്ടായിരുന്നില്ല. ആ മെഡിക്കൽ കോളേജിനെയാണ് ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തസ്തികകൾ സൃഷ്ടിച്ച് നിലവിലെ സ്ഥിതിയിലെത്തിച്ചത്. അവിടെ കാർഡിയോളജിസ്റ്റിന്റെയും ന്യൂറോളജിസ്റ്റിന്റെയും നെഫ്രോളജിസ്റ്റിന്റെയും

തസ്തികകളില്ല, എങ്കിലും വർക്കിംഗ് അറേഞ്ച്മെന്റിലൂടെ ഇടക്കിടയ്ക്ക് ഗവൺമെന്റ് ഇടപെടലുകൾ നടത്തുന്നുണ്ട്. പക്ഷെ അത് ഫലപ്രദമായിട്ടില്ല. അവിടെ കാർഡിയോളജിയിലുണ്ടായിരുന്ന ഡോക്ടർ ആരോഗ്യപ്രശ്നങ്ങളാൽ ലീവിലാണ്. ന്യൂറോളജിയിലുണ്ടായിരുന്ന ഡോക്ടറും ഇപ്പോഴില്ല. നെഫ്രോളജിസ്റ്റ് ഇല്ലാത്തതിനാൽ ഡയാലിസിസ് രോഗികൾ വളരെ പ്രയാസങ്ങൾ നേരിടുന്നുണ്ട്. വർക്കിംഗ് അറേജ്മെന്റിലെങ്കിലും പാരിപ്പള്ളി മെഡിക്കൽ കോളേജിലെ ഈ തസ്തികകളിലെ ഡോക്ടർമാരുടെ കുറവ് നികത്തുന്നതിനുള്ള അടിയന്തര ഇടപെടലുണ്ടാകണം. അതുപോലെ, കോവിഡ് കാലത്ത് മരുന്നിന്റെ ഇൻവോയ്സ് നൽകുന്നതുമായി ബന്ധപ്പെട്ടുണ്ടായ പ്രധാനപ്പെട്ട വിഷയമുണ്ട്. കേരളത്തിൽ കോവിഡിന്റെ കാലത്ത് മരുന്നിന്റെ ഡിമാൻഡ് കുറഞ്ഞപ്പോൾ ഇൻവോയ്സ് നൽകുന്നതിൽ വന്ന പ്രശ്നം കാരണം, അധിക ഇൻവോയ്സ് നൽകി മരുന്ന് ലഭ്യമാക്കുന്ന കെ.എം.എസ്.സി.എൽ.-ന്റെ പ്രവർത്തനത്തിൽ കുറച്ചുകൂടി ജാഗ്രതയുണ്ടാകുന്നത് നല്ലതാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, പ്രവർത്തനങ്ങളിലെ ജനകീയത നിലനിർത്തുന്നതിന് കാലാനുസൃതമായ

ചെറിയ ഇടപെടലുകൾ നടത്തേണ്ടതുണ്ടെന്ന് സൂചിപ്പിക്കുന്നു. ഇത്തരത്തിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ആരോഗ്യ വകുപ്പിന്റെ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, 2023-24 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും കുടുംബക്ഷേമവും എന്നീ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ജനങ്ങൾക്ക് എളുപ്പത്തിൽ പണം നൽകുന്നത് അവരെ മടിയന്മാരാക്കും, ഒരു പരിധിവിട്ട് അവരെ സഹായിക്കാൻ പാടില്ല, ആഗോളവത്കരണ നയം തുടങ്ങിവച്ച കോൺഗ്രസ്സിന്റെയും അതിപ്പോൾ ശക്തമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ബി.ജെ.പി.-യുടെയും അതിനെ പിന്തുണയ്ക്കുന്നവരുടെയും വാദഗതിയാണിത്. എന്നാൽ എൽ.ഡി.എഫ്. നയം ജനങ്ങൾക്ക് പരമാവധി സഹായം നൽകുകയെന്നതാണ്. അതിന് സഹായകമാണ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ എന്നതുകൊണ്ട് അതിശക്തമായി ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു. ധനാഭ്യർത്ഥനയുടെ നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന പല പ്രതിപക്ഷ മെമ്പർമാരുടെയും ഉപക്ഷേപങ്ങൾ

വായിക്കാനിടവന്നു. മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് അവരെല്ലാവരും ഊന്നിപ്പറയുന്നുണ്ട്. 9,430,75,85,000/- രൂപയുടെ ധനാഭ്യർത്ഥനയാണ് സഭയുടെ വോട്ടിന് സമർപ്പിച്ചിരിക്കുന്നത്. സഭയിലെ പ്രതിപക്ഷ പ്രകടനം കാണുമ്പോൾ മാനസികാരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തേണ്ടിവരുമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. അടിയന്തരപ്രമേയ ചർച്ചയിലും മനോനില തെറ്റിയ പ്രതിപക്ഷത്തേയും പ്രതിപക്ഷനേതാവിനെയുമാണ് നമ്മൾ കണ്ടത്. ആരോഗ്യ വകുപ്പുമന്ത്രിക്കെതിരെപോലും നുണകൾ പറഞ്ഞുകൊണ്ട് മറുപടി പറയാനുള്ള അവസരംപോലും നൽകാതിരിക്കുന്ന മനോനിലയിലാണ് ഇപ്പോൾ പ്രതിപക്ഷം. ഇവരുടെ മാനസികാരോഗ്യം വീണ്ടെടുക്കാൻ സർക്കാർ നല്ലരീതിയിൽ പാടുപെടേണ്ടിവരുമെന്നത് തർക്കമില്ലാത്ത കാര്യം തന്നെയാണ്.

കേരളത്തിലെ ആര്യോഗ്യമേഖലയിൽ മുമ്പൊരുകാലത്തുമില്ലാത്ത ഇടപെലാണ് ബഹുമാനപ്പെട്ട ആര്യോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ

ജോർജ്ജും ആരോഗ്യ പ്രവർത്തകരും നടത്തിക്കൊണ്ടിരിക്കുന്നത്. രണ്ടാം പിണറായി സർക്കാർ അധികാരമേറ്റ് രണ്ടുവർഷം പൂർത്തിയാകുന്നതിനുമുമ്പ് നിരവധി പുരസ്കാരങ്ങളാണ് ആരോഗ്യ വകുപ്പിനെ തേടിവന്നിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ കാര്യങ്ങൾ വീണ്ടും ഞാൻ ആവർത്തിക്കുന്നില്ല. മാതൃമരണ നിരക്ക് കുറയ്ക്കുന്ന കാര്യത്തിൽ ബെസ്റ്റ് പെർഫോമിംഗ് സംസ്ഥാനത്തിനുള്ള ദേശീയ അവാർഡ് ലഭിച്ചത് കേരളത്തിനാണ്. ഇന്ത്യയിൽ മാതൃമരണ നിരക്ക് 97 ആകുമ്പോൾ കേരളത്തിൽ 19-ഉം യു.പി.-യിൽ 167-ഉം ആണ്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിന് 2021-22-ൽ ആരോഗ്യമന്ഥൻ പുരസ്കാരം ലഭിച്ചതും കേരളത്തിനാണ്. എൻ.ക്യൂ.എ.എസ്. അംഗീകാരം കൂടുതൽ കരസ്ഥമാക്കിയ സംസ്ഥാനമാണ് കേരളം. ക്ഷയരോഗ നിവാരണത്തിൽ ദേശീയ പുരസ്കാരം, ഭക്ഷ്യ സുരക്ഷാ സൂചികയിൽ രണ്ടാം സ്ഥാനം, ഇന്ത്യ ടുഡേ-യുടെ ഹെൽത്ത്ഗിരി പുരസ്കാരം, ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നിവയ്ക്ക് Governance Now-ന്റെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ അവാർഡ് ലഭിച്ചതും കേരളത്തിനാണ്. അങ്ങനെ

നിരവധി അവാർഡുകൾ ആരോഗ്യ വകുപ്പിനെതേടി കേരളത്തിൽ വന്നുവെന്നത് ചെറിയ കാര്യമല്ല. ആരോഗ്യ വകുപ്പിന്റെ ശക്തമായ ഇടപെടലിന്റെ തെളിവാണ് ഇത് കാണിക്കുന്നത്. ഒരിക്കലും വീഴാതിരിക്കുന്നതിലല്ല, മറിച്ച്, ഓരോ തവണ വീഴുമ്പോഴും എഴുന്നേൽക്കുന്നതിലാണ് മഹത്വമെന്ന് മഹാനായ നെൽസൺ മണ്ടേല പറഞ്ഞിട്ടുണ്ട്. സർക്കാരിനും മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും പാർട്ടി നേതാക്കൾക്കുമെതിരെ ചാവേറുകളെപ്പോലെ ആളില്ലാ സമരം നടത്തി ഇപ്പോൾ വീണുകിടക്കുകയാണ് കേരളത്തിലെ പ്രതിപക്ഷം. അവർക്ക് എഴുന്നേൽക്കാനേ കഴിയുന്നില്ല. വീണിടത്ത് കിടന്ന് ഉരുളുകയാണവർ. നമുക്കത് കാണാൻ കഴിയും. വെള്ളത്തിൽ മുങ്ങിത്താഴുമ്പോഴും ഒരു വയ്ക്കോൽ തുമ്പ് കയ്യിൽ കിട്ടിയാൽ അതിൽപ്പിടിച്ച് രക്ഷപ്പെടാൻ ആരായാലും പരിശ്രമിക്കുമെന്നത് തർക്കമില്ലാത്ത കാര്യമാണ്. അതാണ് കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരന്റെ പ്രസ്താവന തെളിയിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ യു.ഡി.എഫ്. നടത്തുന്ന സമരങ്ങൾ മാധ്യമങ്ങൾ

ഏറ്റെടുക്കണമെന്നാണ് ഇപ്പോൾ അദ്ദേഹം പറയുന്നത്. സമരം പാളിപ്പോയിയെന്നതാണ് അത് കാണിക്കുന്നത്. തങ്ങൾ സമരം നടത്തിയിട്ടും മുഖ്യമന്ത്രി ജനങ്ങൾക്കിടയിൽ തലയുയർത്തി നടക്കുകയാണെന്നാണ് പറയുന്നത്. ശ്രീ. കെ. സുധാകരനാണിത് പറയുന്നത്. അങ്ങനെ തലയുയർത്തിപ്പിടിച്ച് നടക്കും, ആ കാര്യത്തിൽ ഒരു തർക്കവുമില്ല. ജനങ്ങൾ ഈ സർക്കാരിനും മുഖ്യമന്ത്രിക്കുമൊപ്പമാണെന്നതുകൊണ്ടുതന്നെ തല ഉയർത്തിപ്പിടിച്ച്, നട്ടെല്ല് നിവർത്തിനിന്ന് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ഈ കേരളത്തിൽ സർക്കാർ മുന്നോട്ടുപോകും. ഇങ്ങനെ തലയുയർത്തി നടക്കാന അനുവദിക്കരുതെന്നാണ് കെ.പി.സി.സി. പ്രസിഡന്റ് മാധ്യമങ്ങളോടാണ് പറയുന്നത്. മാധ്യമങ്ങൾ പ്രതിപക്ഷവുമായി സഹകരിക്കണമെന്നാണ് അദ്ദേഹം പറയുന്നത്. തങ്ങളുടെ സമരം പരാജയമാണെന്നുള്ള ആത്മഗതമാണ് ശ്രീ. കെ. സുധാകരൻവഴി ഇപ്പോൾ പുറത്തുവന്നിരിക്കുന്നത് എന്നുള്ളത് നമുക്ക് കാണാൻ കഴിയും. “To avoid criticism, say nothing, do nothing, be nothing”എന്നത് അരിസ്റ്റോട്ടിലിന്റെ വാക്കുകളാണ്. ഇന്ത്യയിലെ ജനങ്ങളെ കൊള്ളചെയ്ത് തടിച്ചുവീർക്കുന്ന

കോർപ്പറേറ്റുകൾക്കുവേണ്ടി ചില മാധ്യമ പിൻബലത്തോടുകൂടിയും ബി.ജെ.പി.-യുടെയും അവരുടെ അന്വേഷണ ഏജൻസികളുടെയും സഹായത്തോടെയും സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാരിനെതിരെ നുണപ്രചരണങ്ങൾ കുത്തിയൊഴുകുമെന്നുകണ്ട് ഒന്നും ചെയ്യാതെയും പ്രവർത്തിക്കാതെയുമിരിക്കുന്ന നിലപാടല്ല കേരളത്തിലെ ഇടതുപക്ഷ സർക്കാരിന്റേത്. ഈ സർക്കാർ ജനങ്ങൾക്കുവേണ്ടി ഓരോ സന്ദർഭത്തിലും ഇടപെട്ട് പ്രവർത്തിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ആരോപണങ്ങൾകേട്ട് വെറുതെയിരിക്കുകയല്ല. സമസ്തമേഖലയിലും കേരളത്തിലെ ഇടതുപക്ഷ സർക്കാർ ഇടപെടുകയാണ്. ആരോഗ്യം, വിദ്യാഭ്യാസം, കാർഷികം, വ്യവസായം തുടങ്ങി ഏത് മേഖലകൾ പരിശോധിച്ചാലും മുമ്പൊരുകാലത്തുമില്ലാത്ത വിധത്തിൽ വലിയ മുന്നേറ്റങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ബ്രഹ്മപുരത്തെ പുകമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കണമെന്നുള്ള പ്രമേയമായിരുന്നു ഇന്നത്തെ അടിയന്തര പ്രമേയം. ആരോഗ്യ വകുപ്പിന്റെ ധനാഭ്യർത്ഥന സംബന്ധിച്ച ചർച്ച നടക്കുന്ന ദിവസംതന്നെയാണ് ഈ പ്രമേയം വന്നതെന്ന കാര്യം

ശ്രദ്ധേയമാണ്. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഇന്നിവിടെ ചർച്ച ചെയ്യുന്നത്. ആരോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നമായിരുന്നു അടിയന്തരപ്രമേയത്തിന്റെ വിഷയവും. ഇവിടെ അഞ്ച് പ്രതിപക്ഷ അംഗങ്ങൾക്ക് നാൽപ്പത്തിനാല് മിനിറ്റ് ചർച്ച ചെയ്യാനുള്ള അവസരമുണ്ടായിരുന്നു. അവർ ആ അവസരം കളഞ്ഞുകുളിച്ചു എന്നുപറഞ്ഞാൽ അതിനർത്ഥമെന്താണ്? ഇല്ലാത്ത നുണ പ്രചരിപ്പിക്കാനാവശ്യമായ ഒരു അടിയന്തരപ്രമേയമെന്നല്ലാതെ അതിനെ കാണാൻ കഴിയില്ല. ഈ വിഷയത്തിലൂന്നിനിന്നുകൊണ്ട് സംസാരിക്കുന്നതിനുപകരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്കെതിരെ കള്ളപ്രചാരവേല/നുണ പറയുമ്പോൾ അതിന് മറുപടി നൽകാൻ സമയം നൽകണമെന്ന് ആവശ്യപ്പെടുമ്പോൾ, അതനുവദിക്കില്ലെന്ന പ്രതിപക്ഷനേതാവിന്റെ നിലപാട് ഒരു പ്രതിപക്ഷനേതാവിനും യോജിച്ചതല്ല. ഇതിനുമുമ്പും നിരവധി പ്രതിപക്ഷ നേതാക്കന്മാരെ കേരളം കണ്ടിട്ടുള്ളതാണ്. കൊച്ചിക്കാരോടുള്ള സ്നേഹംകൊണ്ടാണോ പ്രതിപക്ഷം സഭയിൽനിന്ന് ഇറങ്ങിപ്പോയത്?

അങ്ങനെയല്ലെന്ന് മനസ്സിലാക്കാൻ പാഴൂർപടി വരെ പോകേണ്ട യാതൊരു ആവശ്യവുമില്ല. എന്താണ് യഥാർത്ഥ പ്രശ്നമെന്ന് കാണേണ്ടതുണ്ട്. 2004-05-ൽ വെല്ലിംഗ്ടൺ ഐലൻഡിൽ യാതൊരു തടസ്സമോ പരാതിയോ ഇല്ലാതെ നടത്തിയിരുന്ന മാലിന്യ സംസ്കരണം രാഷ്ട്രീയ കാരണങ്ങളാൽ 2007-ൽ കേന്ദ്ര പ്രതിരോധ മന്ത്രാലയം ഇടപെട്ട് മുന്നറിയിപ്പില്ലാതെ തടസ്സപ്പെടുത്തുകയാണുണ്ടായത്. അവിടെ മാലിന്യ സംസ്കരണത്തെ മാധ്യമ സഹായത്തോടുകൂടി യു.ഡി.എഫ്., ബി.ജെ.പി., ജമാഅത്തെ ഇസ്‌ലാമി തുടങ്ങിയവരെല്ലാം ചേർന്ന് തടസപ്പെടുത്തുന്ന കാഴ്ചയാണ് അന്ന് കണ്ടത്. അന്നത്തെ വി. എസ്. അച്ചുതാനന്ദൻ സർക്കാർ, പ്രത്യേകിച്ച് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇടപെട്ട് കൊച്ചിക്കുവേണ്ടി 60 ഏക്കർ ഭൂമി അക്വിസിഷൻ കോസ്റ്റ് കൊടുത്ത് നഗരസഭയ്ക്ക് കൊടുക്കുകയുണ്ടായി. ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുമുമ്പ് കോടതി ഉത്തരവ് വന്നതിനാൽ ചതുപ്പിൽ പ്ലാന്റ് നിർമ്മാണം ആരംഭിക്കേണ്ടിവരികയും 2008-ൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. അന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പ്ലാന്റ്

ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. ഇവിടെ മാലിന്യ സംസ്കരണം കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് ഗവൺമെന്റ് സെക്രട്ടറി ശ്രീ. ടി. കെ. ജോസ്, ഐ.എ.എസ്. കൂടി ഇടപെട്ടുകൊണ്ട് സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ് (CED) എന്ന സ്ഥാപനവുമായി കരാറുണ്ടാക്കി. 'നോ ലോസ്, നോ പ്രോഫിറ്റ്' എന്നയടിസ്ഥാനത്തിൽ ആ പദ്ധതി നടപ്പാക്കി മുന്നോട്ടുപോകുകയായിരുന്നു. ഈ നിലയിൽ കാര്യക്ഷമതയോടുകൂടി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി 2009-ൽ ഇന്ത്യയിലെ ഏറ്റവും മികച്ച സീറോ വേസ്റ്റ് സിറ്റിക്കുള്ള കേന്ദ്ര സർക്കാർ അവാർഡ് കൊച്ചി കോർപ്പറേഷനാണ് ലഭിച്ചത്. അന്നത്തെ കൊച്ചി കോർപ്പറേഷൻ മേയർ മേഴ്സി വില്യംസ്, വർക്ക്സ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ. എം. അനിൽകുമാർ തുടങ്ങിയവർ ചേർന്ന് ശ്രീ. ജയ്പാൽ റെഡ്ഡിയിൽനിന്ന് അവാർഡ് ഏറ്റുവാങ്ങുന്നതിന്റെ ഫോട്ടോ കൊച്ചി കോർപ്പറേഷനിലുണ്ട്. ടൗൺ ഹാളിൽ അന്നവർക്ക് കൊച്ചി പൗരാവലി അനുമോദന സമ്മേളനവും നടത്തുകയുണ്ടായി. 2010-ൽ യു.ഡി.എഫ്. അവിടെ അധികാരമേറ്റതോടുകൂടി ചില ഉദ്യോഗസ്ഥരുടെ പിൻബലത്തോടെ മാലിന്യ

സംസ്കരണം അട്ടിമറിക്കുകയാണുണ്ടായത്. ഇന്നത്തെ അവസ്ഥയുടെ ഉത്തരവാദിത്വത്തിൽനിന്ന് കോൺഗ്രസിനും യു.ഡി.എഫ്. നേതൃത്വത്തിനും ഒഴിഞ്ഞുമാറാൻ കഴിയില്ല. മാത്രമല്ല പൂർണ്ണ ഉത്തരവാദിത്വം യു.ഡി.എഫ്.-നാണെന്ന് കാണാൻ കഴിയും. എൽ.ഡി.എഫ്. വീണ്ടും അധികാരത്തിൽ വരികയും റൂട്ട് മാപ്പ് അനുസരിച്ച് സ്പോട്ട് കളക്ഷൻ ഉൾപ്പെടെയുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. പുതിയ പ്ലാന്റ് നിർമ്മാണവും വികേന്ദ്രീകൃത സംസ്കരണവും തന്നെയാണ് പ്ലാന്റിനുണ്ടായ ദുരവസ്ഥയ്ക്ക് പരിഹാരം. അതിനുള്ള ശ്രമം തുടരുന്ന സന്ദർഭത്തിൽ പ്രമേയാവതരണം കഴിഞ്ഞുള്ള ധനാഭ്യർത്ഥന ചർച്ചാവേളയിലും ഇത്തരം വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രശ്നപരിഹാരത്തിനാവശ്യമായ മാർഗ്ഗങ്ങൾ ആരും നിർദ്ദേശിക്കുകയുണ്ടായില്ല. അങ്ങനെ ചെയ്യാൻ കഴിയുമായിരുന്ന ആ അവസരവും കളഞ്ഞുകുളിക്കുന്ന നിലപാടാണ് കേരളത്തിലെ പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നത്. 2015 മേയ് 9-ന് ശ്രീ. വി. എം. സുധീരന്റെ വാക്കുകൾ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. "ആരോഗ്യമേഖലയിലടക്കം നിയമനങ്ങളിലും സ്ഥലംമാറ്റത്തിലും പൂർണ്ണ അഴിമതിയാണ്. കോൺഗ്രസ്

മന്ത്രിമാർ മറ്റ് മന്ത്രിമാർക്ക് മാതൃകയാകണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സഹകരണ സംഘങ്ങളിൽ അഴിമതി കൊടികുത്തി വാഴുകയാണ്. ക്ഷേമപെൻഷൻ മാസങ്ങളായി കുടിശ്ശികയാണ്, നീതീകരിക്കാൻ കഴിയില്ല, കാര്യങ്ങൾ നേരായ വഴിക്കല്ല പോകുന്നത്, തിരിച്ചടിയുണ്ടാകും, തിരുത്തണം" എന്നാണ് അദ്ദേഹമന്ന് പറഞ്ഞത്. ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം നൽകിയ യു.ഡി.എഫ്. സർക്കാരിനെതിരെ ഉയർന്ന കോൺഗ്രസ് നേതാവ് ശ്രീ. വി. എം. സുധീരന്റെ വിമർശനം ഇന്നേവരെ ഉൾക്കൊള്ളാൻ കോൺഗ്രസിന് കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് അവരുടെ പ്രവർത്തനം പരിശോധിച്ചാൽ കാണാൻ കഴിയുന്നത്. ഇന്നലെ മറ്റൊരു കോൺഗ്രസ് നേതാവ് വാർത്താസമ്മേളനത്തിൽ ഒരു കാര്യം പറയുകയുണ്ടായി. "ശ്രീ. പി. രാജീവ് മന്ത്രിയായതിനുശേഷം കേരളത്തിന്റെ വ്യവസായ അന്തരീക്ഷംതന്നെ മാറിക്കഴിഞ്ഞിരിക്കുന്നു. എച്ച്.എൻ.എൽ. (ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്) ഏറ്റെടുത്തത് അഭിനന്ദനാർഹമാണ്. മന്ത്രിയുടെ പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണ പ്രഖ്യാപിക്കുന്നു" എന്നാണ് മുൻ എം.എൽ.എ.-യും ഇപ്പോൾ എം.പി.-യുമായ ശ്രീ. ഹൈബി ഈഡൻ

പറഞ്ഞത്. ഈ സർക്കാരിനുള്ള പിന്തുണയായി നമുക്കതിനെ കാണാൻ കഴിയും.

'സ്മൃതികൾതൻ ശ്രീകോവിലിലിലായുധം നിർമ്മിക്കും

കൃതയുഗ വേദാന്ത വാദികളേ

ഇതുകണ്ടോ മന്ത്രമല്ലഴിമതികളറുത്തീടാൻ

പുതിയൊരു ജീവിത ശാസ്ത്ര ഖഡ്ഗം

വരികയാണിനി ഞങ്ങൾ

പുതിയയുഗത്തിന്റെ സന്ദേശ വാഹകർ

പുതിയ സംസ്കാരത്തിൻ ഗായകൻമാർ

വഴിവക്കിൽനിന്നൊന്നു മാറുക

ഞങ്ങൾക്ക് മുഴമിക്കാനുണ്ടിനി അശ്വമേധം.'

അഴിച്ചുവിട്ട കുതിരയെപ്പോലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്ന യാഗാശ്വം കേരളത്തിലെ പിന്തിരിപ്പൻ ശക്തികളെ കിടിലം കൊള്ളിച്ച് മുന്നോട്ടുകുതിച്ചുകൊണ്ടിരിക്കുകയാണ്. ഈ യാഗാശ്വത്തെ പിടിച്ചുകെട്ടാൻ 2021-ൽ വലിയൊരു പരിശ്രമം നടത്തി. എല്ലാ ജാതി-മത പിന്തിരിപ്പൻ

ശക്തികളെയും കൂട്ടിയിണക്കിക്കൊണ്ട്, മാധ്യമങ്ങളുടെയും ചില സ്വർണ്ണകുമാരിമാരുടെയും പിൻബലത്തോടുകൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരായി കള്ളപ്രചാരവേലകൾ സംഘടിപ്പിച്ചുകൊണ്ട് 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്ന യാഗാശ്വത്തെ പിടിച്ചുകെട്ടാമെന്ന് കോപ്പുകൂട്ടിയവർക്ക് വളരെ നിരാശയാണ് ആ സന്ദർഭത്തിലുണ്ടായത്. നിരാശമൂത്താൽ ഭ്രാന്താകും, മനോനില തെറ്റും. അങ്ങനെ മനോനില തെറ്റിയ ഒരു പ്രതിപക്ഷത്തെയാണ് ഇന്ന് കേരളത്തിൽ കാണാൻ കഴിയുന്നത്. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ധാരാളം കാര്യങ്ങൾ ചെയ്തുകൊണ്ട് ഈ രണ്ട് വർഷത്തിനിടയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ആർ.എസ്.എസ്.-ന് ഇടം നൽകാതിരിക്കാനാണ് തങ്ങൾ ശ്രമിക്കുന്നതെന്ന പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശന്റെ വാദമുണ്ട്. കോൺഗ്രസാണിത് പറയുന്നത്. ഒരു ബി.ജെ.പി. എം.പി.-ക്ക് കേരള നിയമസഭയിൽ എം.എൽ.എ. ആയി കടന്നുവരാനാവശ്യമായ അവസരം ഒരുക്കിക്കൊടുത്ത ആളാണ്, 'തങ്ങൾ ആർ.എസ്.എസ്.-ന് ഇടം നൽകാതിരിക്കുന്നതിനുള്ള

നടപടികളാണ് ഇവിടെ കാഴ്ചവയ്ക്കുന്നതെന്ന് പറയുന്നത്. കേരളത്തിൽ ആർ.എസ്.എസ്.-ന് കടന്നുവരാതിരിക്കാനുള്ള നടപടിയെടുത്തുകൊണ്ട് അവരെ വട്ടപൂജ്യമാക്കി മാറ്റിക്കൊണ്ടിരിക്കുന്നത് കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണിയാണെന്നത് തർക്കരഹിതമായ കാര്യമാണ്. വർഗ്ഗീയ തീവ്രവാദ ശക്തികൾക്ക് പേടി സ്വപ്നമായി, കേരളത്തെ തകർക്കാൻ ശ്രമിക്കുന്ന ബി.ജെ.പി.-യുടെ കേന്ദ്ര സർക്കാരിന്റെ നയങ്ങളെ ചെറുത്ത് തോൽപ്പിച്ചുകൊണ്ട്, മാധ്യമ രാക്ഷസന്മാരുടെ തീ തുപ്പുന്ന നുണപ്രചരണങ്ങൾ കാറ്റിൽപ്പറത്തിക്കൊണ്ട്, യു.ഡി.എഫ്.-ന്റെ സമരാഭാസങ്ങളെ തകർത്തുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്ന ഈ യാഗാശ്വം കുളമ്പടിച്ച്, കേരളീയ സമൂഹത്തിന്റെ സ്നേഹാദരവുകൾ നേടി മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കുകയാണ്. ആരുണ്ടിവിടെ തടുക്കാൻ? ഈ കുളമ്പടിയിൽ വീണുരുളുന്ന യു.ഡി.എഫ്.-ന്റെ അവസ്ഥ പരമദയനീയമാണ്. അവരെ രക്ഷിക്കാൻ ആർക്കും കഴിയില്ല, കാരണം ഇത് ജനങ്ങളുടെ ഭരണമാണ്. ജനങ്ങൾക്കുവേണ്ടി കൂടുതൽ പ്രവർത്തിച്ചുകൊണ്ട് അടുത്ത തെരഞ്ഞെടുപ്പിലും കൂടുതൽ സീറ്റുകൾ നേടി ഈ യാഗാശ്വം മുന്നോട്ടുപോകും.

ആർക്കും തടുക്കാനോ ആരുവിചാരിച്ചാലും പിടിച്ചുകെട്ടാനോ കഴിയില്ല എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും, കുടുംബക്ഷേമം എന്നീ രണ്ട് ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് സഭയിൽ സംസാരിച്ച ബഹുമാന്യരായ എല്ലാ എം.എൽ.എ.-മാരോടും ആദ്യമേ നന്ദി പറയുകയാണ്. വളരെ ക്രിയാത്മകമായ ചർച്ചയാണ് ഈ ധനാഭ്യർത്ഥനകളിന്മേൽ ഇവിടെ നടന്നത്. സാമൂഹിക വികസനത്തിലൂടെ മെച്ചപ്പെട്ട ആരോഗ്യാവസ്ഥ കൈവരിച്ച സംസ്ഥാനമാണ് കേരളം. ആദ്യ ഇ.എം.എസ്. സർക്കാരിന്റെ കാലത്തെ സാർവ്വത്രിക വിദ്യാഭ്യാസ നിയമത്തിൽ തുടങ്ങി, ഭൂപരിഷ്കരണ നിയമം, പുതിയ നിയമനിർമ്മാണങ്ങൾ, നിരന്തരമായിട്ടുള്ള സാമൂഹിക ഇടപെടലുകൾ തുടങ്ങിയവയുടെയെല്ലാം ഫലമായി രാജ്യാന്തരതലത്തിൽ ആരോഗ്യ സൂചകങ്ങൾ വികസിത രാജ്യങ്ങളുടേതിന് സമാനമായ നിലയിലെത്തിക്കുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ബഹുമാന്യരായ

എല്ലാ എം.എൽ.എ.-മാരും സൂചിപ്പിച്ച, കുറഞ്ഞ മാതൃ-ശിശു മരണ നിരക്ക്, സ്ത്രീ-പുരുഷാനുപാതം, ആയുർദൈർഘ്യം തുടങ്ങിയ കാര്യങ്ങളിലെല്ലാം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളം ബഹുദൂരം മുന്നിലാണ്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ ആരോഗ്യരംഗത്ത് കേരളം തുടർച്ചയായി ഒന്നാം സ്ഥാനത്താണ്. ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും കേരളം ഒന്നാം സ്ഥാനത്താണ്. രോഗത്തിന്റെ മുന്നിൽ മനുഷ്യർ നിസ്സഹായരായി പോകുന്ന സാഹചര്യമുണ്ട്. ഏതുരോഗം വന്നാലും, എത്രസങ്കീർണ്ണമാണെങ്കിലും അതിനുമുമ്പിൽ നിസ്സഹായരാകുന്ന മനുഷ്യർക്ക് ധനപ്രതിസന്ധിയുണ്ടാകാൻ പാടില്ല, അങ്ങനെയുള്ളവർക്ക് സൗജന്യമായി അല്ലെങ്കിൽ ഏറ്റവും മിതമായ നിലയിൽ സംസ്ഥാനത്ത് ചികിത്സ ലഭ്യമാകുന്ന സാഹചര്യമുണ്ടാകണമെന്നുള്ളതാണ് കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ അടിസ്ഥാനപരമായിട്ടുള്ള നയം. സംസ്ഥാനത്ത് പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തരം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. 42 ലക്ഷം കുടുംബങ്ങൾ

നിലവിൽ ഈ പദ്ധതിയിൽ അംഗങ്ങളാണ്. ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് പരമാവധി അഞ്ച് ലക്ഷം രൂപ വരെയുള്ള ചികിത്സാ ആനുകൂല്യം ഈ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ സർക്കാർ-സ്വകാര്യ ആശുപത്രികളിലും ലഭ്യമാക്കിവരുന്നു. ഈ പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ എംപാനൽ ചെയ്ത ആശുപത്രികളുടെ എണ്ണം 404 ആയിരുന്നു. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ അത് 761 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 2020-21 കാലഘട്ടത്തിൽ ചികിത്സ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം 3,18,912 ആയിരുന്നെങ്കിൽ ചിട്ടയായ പ്രവർത്തനങ്ങളുടെ ഫലമായി 2021-22-ൽ 5,41,233 ഗുണഭോക്താക്കൾക്കും ഈ സാമ്പത്തികവർഷം 2022 ഡിസംബർ മാസംവരെ 5,08,120 ഗുണഭോക്താക്കൾക്കും ചികിത്സാ സൗജന്യം നൽകാൻ കഴിഞ്ഞു. മുൻവർഷങ്ങളെയപേക്ഷിച്ച് ഇരട്ടിയിലധികം തുകയാണ് ഈയിനത്തിൽ സർക്കാർ ചെലവഴിച്ചിട്ടുള്ളത്. 2020-ൽ 700 കോടി രൂപയോളമാണ് സൗജന്യ ചികിത്സയ്ക്കായി വിനിയോഗിച്ചതെങ്കിൽ കഴിഞ്ഞ സാമ്പത്തികവർഷം 1400 കോടി രൂപയോളമാണ് സംസ്ഥാന സർക്കാർ

ചെലവഴിച്ചത്. ഈ 1400 കോടി രൂപയിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകുന്ന വിഹിതം വെറും ഒമ്പത് ശതമാനത്തിനടുത്തുമാത്രമാണ്. ഇൻഷ്വറൻസ് പദ്ധതിക്കായി 138 കോടി രൂപയാണ് കേന്ദ്രസർക്കാർ നൽകുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ സൂചിപ്പിച്ചതുപോലെ, കേരളം കൈവരിച്ച ആരോഗ്യസൂചകങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്രവിഹിതം നൽകാതിരിക്കുകയാണോ ചെയ്യേണ്ടത്? അങ്ങനെയൊരു സ്ഥിതിയുണ്ടാകരുതെന്നുള്ളതാണ്. ഒരു ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനങ്ങൾക്കർഹമായ കേന്ദ്രവിഹിതം നൽകേണ്ടതാണ്. ഈ കാലഘട്ടത്തിൽ ആരോഗ്യവകുപ്പിന് നിരവധി പുരസ്കാരങ്ങൾ ലഭിക്കുകയുണ്ടായി. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഇവിടെ പറഞ്ഞതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല.

സംസ്ഥാന സർക്കാരിന്റെ ആരോഗ്യ വകുപ്പിനുകീഴിൽ 6701 ആരോഗ്യസ്ഥാപനങ്ങളാണുള്ളത്. 1287 ആരോഗ്യ സ്ഥാപനങ്ങൾക്കുപുറമേ കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സി.എച്ച്.സി.-കൾ താലൂക്കാശുപത്രികൾ, ജില്ലാശുപത്രികൾ എന്നിവയുമുൾപ്പെടും. ഇതുകൂടാതെ 5414 കുടുംബക്ഷേമ

ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഡി.എച്ച്.എസ്.-നുകീഴിലെ ആശുപത്രികളിലെ കിടക്കകളുടെ എണ്ണം 38,525 ആണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യവകുപ്പിനുകീഴിൽ 2946 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പിനുകീഴിൽ നിലവിൽ 11 ജില്ലകളിൽ കാത്ത് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി 'ആർദ്രം' മിഷനിലൂടെ ആവിഷ്കരിച്ച പദ്ധതിയാണ് ജില്ലകളിലേത്. മെഡിക്കൽ കോളേജുകളിൽമാത്രം ലഭ്യമായിരുന്ന ഹൃദ്രോഗ ചികിത്സയും ആൻജിയോപ്ലാസ്റ്റിയും ഉൾപ്പെടെയുള്ള പ്രൊസീജ്വറുകൾ വികേന്ദ്രീകരിച്ചുകൊണ്ട് ആ സൗകര്യം 11 ജില്ലാശുപത്രികളിൽ ലഭ്യമാക്കാൻ കഴിഞ്ഞു. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ തൃശ്ശൂരിലും കണ്ണൂരിലും കാസർഗോഡും കോഴിക്കോട്ടും കൊല്ലം ജില്ലയിലെ പാരിപ്പള്ളി മെഡിക്കൽ കോളേജിലും കാത്ത് ലാബ് സജ്ജമാക്കി ജനങ്ങൾക്കായി തുറന്നുകൊടുക്കുന്നതിന് കഴിഞ്ഞു. വയനാട് ഒരു ആസ്പിറേഷണൽ ഡിസ്ട്രിക്ടാണ്. വയനാട് ജില്ലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

കണക്കിലെടുത്ത് അവിടെയൊരു കാത്ത്ലാബ് അനിവാര്യമാണ്. അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. രണ്ടുമാസത്തിനുള്ളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാത്ത്ലാബ് ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. എറണാകുളം ജനറൽ ആശുപത്രിയിൽ രണ്ടാമത്തെ കാത്ത് ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ ആരോഗ്യ മേഖലയിൽ ചരിത്രപരമായ നേട്ടം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. രാജ്യത്തിന്റെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ചരിത്രത്തിൽ ജനറൽ ആശുപത്രിയിൽ ഒരു ഓപ്പൺ ഹാർട്ട് സർജറി വിജയകരമായി നടത്തുന്നതിനും അത് തുടർന്നുപോകുന്നതിനും നമുക്ക് കഴിയുന്നുണ്ട്. എറണാകുളം ജനറൽ ആശുപത്രിയിലാണ് ഓപ്പൺ ഹാർട്ട് സർജറികൾ നടക്കുന്നത്. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ വളരെ കൃത്യമായ സമീപനം സർക്കാർ എടുത്തിട്ടുണ്ട്. എൻഡോസൾഫാൻ ഇരകളായിട്ടുള്ള സഹോദരങ്ങൾ ധാരാളമുള്ള കാസർഗോഡ് ജില്ലയിൽ ന്യൂറോളജിസ്റ്റിന്റെ സ്ഥിരം തസ്തിക സൃഷ്ടിച്ച് ന്യൂറോളജിസ്റ്റുകളെ നിയമിച്ചുകൊണ്ടാണ് ഈ

സർക്കാരിന്റെ കാലഘട്ടത്തിൽ നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ സ്ഥാപിച്ച കാത്ത് ലാബിൽനിന്നും ആൻജിയോപ്ലാസ്റ്റി, ആൻജിയോഗ്രാം ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകിവരുന്നുണ്ട്. ഇതുകൂടാതെ ന്യൂറോളജിസ്റ്റുകളുടെ സേവനത്തിന്റെ അടിസ്ഥാനത്തിൽ അവിടെ ഇലക്ട്രോ എൻസെഫലോഗ്രാഫി (ഇ.ഇ.ജി.) മെഷീനും ഇ.ഇ.ജി. ടെക്നീഷ്യനെയും ലഭ്യമാക്കിയിട്ടുണ്ട്. ന്യൂറോളജിയുമായി ബന്ധപ്പെട്ട മറ്റ് സ്കാൻ സൗകര്യങ്ങൾ എത്രയും പെട്ടെന്ന് അവിടെ ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

കേരളത്തിലെ 103 ആശുപത്രികളിലാണ് ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്. ആശുപത്രികളിലെത്താതെ രോഗികൾക്ക് വീട്ടിൽത്തന്നെ സൗജന്യമായി ഡയാലിസിസ് ചെയ്യാൻ കഴിയുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി പ്രോത്സാഹിപ്പിക്കുന്നുണ്ട്. നിലവിൽ 11 ജില്ലകളിൽ പെരിറ്റോണിയൽ ഡയാലിസിസ് നടക്കുന്നുണ്ട്. മൂന്ന് ജില്ലകളിൽക്കൂടി ഈ പദ്ധതി നടപ്പിലാക്കാൻ പോകുകയാണ്.

250-ലധികം രോഗികൾക്കാണ് പെരിറ്റോണിയൽ ഡയാലിസിസിലൂടെ സേവനം ലഭ്യമാകുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ 347 പുതിയ തസ്തികകൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽമാത്രം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

ആദിവാസി സഹോദരങ്ങൾ ധാരാളമുള്ള ഒരു ജില്ലയാണ് വയനാട്. ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഒരു ട്രൈബൽ പഞ്ചായത്താണ്. ഇടമലക്കുടിയിലും ചട്ടമൂന്നാറിലും ആരോഗ്യ വകുപ്പിന് സ്ഥിരം തസ്തികകളുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ അവിടത്തെ ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് ഒരു സ്ഥിരമായ രീതിയുണ്ടായിരുന്നില്ല. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ ഇടമലക്കുടി, ചട്ടമൂന്നാർ എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എട്ടുവീതം പുതിയ തസ്തികകൾ സൃഷ്ടിച്ചത് ഈ 347 തസ്തികകളിലുൾപ്പെടും. കാസർഗോഡ് ജില്ലയുടെ പ്രത്യേകത കണക്കിലെടുത്ത് ന്യൂറോളജിസ്റ്റുകളുടെ തസ്തിക സൃഷ്ടിച്ചത് ഞാനിവിടെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം ഹൃദ്യം പദ്ധതിയാണ്. സംസ്ഥാനത്ത് ശിശു മരണനിരക്ക്

കുറഞ്ഞ് നിൽക്കുന്നത് സർക്കാരിന്റെ വളരെ കൃത്യമായ ഇടപെടൽ കൊണ്ടാണ്. നവജാത ശിശുക്കളുടെ മരണങ്ങളിൽ കൂടുതലും ഹൃദയസംബന്ധമായ രോഗങ്ങളാണെന്ന് കണ്ടെത്തിക്കൊണ്ട് ഇതുമായി ബന്ധപ്പെട്ട് ഹൃദ്യം പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു. നവജാത ശിശുക്കൾ മാത്രമല്ല 18 വയസ്സിനുതാഴെ പ്രായമുള്ള, ജന്മനാ ഹൃദ്രോഗമുള്ള, കുട്ടികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുകയും ഫോളോഅപ് നടപടികൾ ഏകീകരിക്കുകയും ചെയ്യുന്നതോടൊപ്പം പൂർണ്ണാരോഗ്യത്തോടെ കുഞ്ഞുങ്ങളെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതിയാണ് ഹൃദ്യം. 2023 ഫെബ്രുവരി മാസംവരെ സംസ്ഥാനത്ത് 16373 കേസുകൾ രജിസ്റ്റർ ചെയ്തതിൽ 5552 പേർക്ക് ഇതിനോടകം ഹൃദയ ചികിത്സ നൽകി. അതിൽ 3000 പേർക്കും ഈ സർക്കാരിന്റെ കാലയളവിൽ ഹൃദ്യം പദ്ധതിയിലൂടെയാണ് ശസ്ത്രക്രിയ ചെയ്ത് അവരെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തവരുടെ എണ്ണം 8468 ആണ്. ഹീമോഫീലിയ, ഹീമോഗ്ലോബിനോപ്പതി രോഗികൾക്ക് വികേന്ദ്രീകൃത പരിചരണം ഉറപ്പാക്കുന്നതിനുള്ള

പദ്ധതിയാണ് ആശാധാരാ. 14 ജില്ലാ ഡേകെയർ സെന്ററുകളും രണ്ട് പ്രാദേശിക ചികിത്സാ കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. നേരത്തെ ജില്ലാശുപത്രികളിൽ മാത്രമുണ്ടായിരുന്ന സേവനം വികേന്ദ്രീകരിച്ച് എല്ലാ താലൂക്കാശുപത്രികൾവഴിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഡാറ്റാ ബേസ് ക്രിയേറ്റ് ചെയ്യുന്നതുൾപ്പെടെയുള്ള ശാസ്ത്രീയമായ ചില സമീപനങ്ങളും ഇതിന്റെ ഭാഗമായി സ്വീകരിക്കുന്നുണ്ട്. ആരോഗ്യമേഖലയെ രോഗീസൗഹൃദവും ജനസൗഹൃദവുമാക്കുന്നതിന് അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുകയും സി.എച്ച്.സി.-കളെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുകയും ജില്ലാശുപത്രികളിലും താലൂക്കാശുപത്രികളിലും ഒ.പി. ട്രാൻസ്ഫോർമേഷൻ നടത്തുന്നതും മെഡിക്കൽ കോളേജുകളിൽ ആധുനിക ചികിത്സാ സൗകര്യങ്ങളൊരുക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. സംസ്ഥാനത്തെ 157 ആരോഗ്യ സ്ഥാപനങ്ങൾക്കാണ് നാഷണൽ ക്വാളിറ്റി

അക്രഡിറ്റേഷൻ സിസ്റ്റം പ്രകാരമുള്ള അക്രഡിറ്റേഷൻ ലഭിച്ചത്. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്കാശുപത്രികൾ, 8 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 101 പ്രൈമറി ഹെൽത്ത് സെന്ററുകൾ, ഫാമിലി ഹെൽത്ത് സെന്ററുകൾ, 39 അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെ രാജ്യത്തെ ഏറ്റവും കൂടുതൽ ക്വാളിറ്റി അഷ്വേർഡ് ആയിട്ടുള്ള എൻ.ക്യൂ.എ.എസ്. അക്രഡിറ്റേഷൻ ലഭിച്ച ആരോഗ്യസ്ഥാപനങ്ങളുള്ള സംസ്ഥാനം കേരളമാണ്. 10 ആശുപത്രികൾക്ക് ദേശീയ ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചു. അതിൽ 2 മെഡിക്കൽ കോളേജുകളും 7 ജില്ലാശുപത്രികളും 1 താലൂക്കാശുപത്രിയുമുണ്ട്. ഏഷ്യയിലെതന്നെ ഏറ്റവുമധികം പ്രസവങ്ങൾ നടക്കുന്ന മെഡിക്കൽ കോളേജാണ് കോഴിക്കോട്. അവിടത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്ക് ഉയർന്ന സ്കോറോടുകൂടി ലക്ഷ്യ അക്രെഡിറ്റേഷൻ ലഭിക്കുകയുണ്ടായി. സംസ്ഥാനത്ത് മാതൃ-ശിശു സൗഹൃദ പദ്ധതി ഈ കാലഘട്ടത്തിൽ ആരംഭിക്കാനും സർക്കാർ അശുപത്രികളെയും സ്വകാര്യ ആശുപത്രികളെയും ഈ പദ്ധതിയിലേയ്ക്ക് കൊണ്ടുവരുന്നതിനും കഴിഞ്ഞു. ലോകാരോഗ്യ സംഘടന ആന്റി മൈക്രോബിയൽ റെസിസ്റ്റൻസുമായി

ബന്ധപ്പെട്ട ഇടപെടലുകൾ നടത്തണമെന്ന് ലോക രാഷ്ട്രങ്ങളോട് ആഹ്വാനം ചെയ്തപ്പോൾ അതിൽ ആദ്യം നടപടിയെടുത്ത ഒരു സംസ്ഥാനം കേരളമാണ്. ഈ വർഷം നമുക്ക് ആന്റി ബയോഗ്രാം പുറത്തിറക്കാൻ സാധിച്ചു. ആന്റി ബയോഗ്രാം പുറത്തിറക്കുന്ന ആദ്യത്തെ സംസ്ഥാനമാണ് കേരളം. കോവിഡ് കാലഘട്ടത്തിലെ കേരളത്തിന്റെ പ്രവർത്തനങ്ങളെ അംഗീകരിച്ച ലോകാരോഗ്യ സംഘടന (WHO) എടുത്തുപറഞ്ഞ കാര്യം ആഗോളതലത്തിൽതന്നെ ഓക്സിജൻ ഉറപ്പാക്കിയതിൽ കേരളം മാതൃകയാണെന്നാണ്. ഇന്ത്യയിലാദ്യമായി 'വൺ ഹെൽത്ത് പദ്ധതി' നടപ്പിലാക്കി. പൊതുജനാരോഗ്യം ഏകാരോഗ്യ സമീപനത്തിൽ അധിഷ്ഠിതമായിരിക്കണമെന്നുള്ളതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അത് നടപ്പിലാക്കിയത് കേരളമാണ്. ഡിജിറ്റൽ ഹെൽത്ത് സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചു. ഇ-ഹെൽത്തുമായി ബന്ധപ്പെട്ട് നമ്മുടെ മാതൃകയാണ് മറ്റ് സംസ്ഥാനങ്ങളും സ്വീകരിക്കുന്നത്. ഇതുവരെ 528 സ്ഥാപനങ്ങളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ

528 സ്ഥാപനങ്ങളിലും നേരിട്ടുപോയി ഒ.പി. ടിക്കറ്റെടുക്കാതെ വീട്ടുകളിലിരുന്ന് ഓൺലൈനായി ഒ.പി. ടിക്കറ്റ് ബുക്കുചെയ്യാൻ സാധിക്കും. ലോകത്തെവിടെയിരുന്നും ഒ.പി. ടിക്കറ്റുകൾ ബുക്ക് ചെയ്തുകൊണ്ട് ആശുപത്രികളിൽ കൃത്യസമയത്ത് എത്തിച്ചേരുന്നതിന് സാധിക്കും. ഡി.എച്ച്.എസ്.-മായി ബന്ധപ്പെട്ട് ചില ആശുപത്രികളിൽ ഒ.പി. ടിക്കറ്റിന് പണം ഈടാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിരുന്നു. അതുകൂടി ഇപ്പോൾ പരിഹരിച്ചിരിക്കുകയാണ്. 528 സ്ഥാപനങ്ങളിൽ 320-ഉം ഈ കാലഘട്ടത്തിലാണ് ഇ-ഹെൽത്ത് പദ്ധതിയിലേയ്ക്ക് വന്നിട്ടുള്ളത്. കൂടാതെ പേപ്പർരഹിത ആശുപത്രികളാക്കുകയെന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. അതുവഴി രോഗികൾക്ക് ഒരു ഐ.ഡി. ഉണ്ടെങ്കിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജിലോ, കുടുംബാരോഗ്യ കേന്ദ്രങ്ങളിലോ ജില്ലാ ആശുപത്രികളിലോ എവിടെയാണെങ്കിലും ആ ഐ.ഡി.-ലൂടെ രോഗികളുടെ ആരോഗ്യപരമായ ചരിത്രമെന്താണെന്നുള്ളത് മനസ്സിലാക്കാൻ സാധിക്കും. അതാണ് രോഗികൾക്കുണ്ടാകുന്ന ഗുണം. 249 ആശുപത്രികളെ പൂർണ്ണമായി പേപ്പർലെസ് ഇൻസ്റ്റിറ്റ്യൂഷനുകളാക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ഈഘട്ടത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള മിക്ക ഡയറക്ടറേറ്റുകളും സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ ഇ-ഓഫീസ് ആക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് ഇ-ഓഫീസ് ആക്കുകയും ജില്ലാ മെഡിക്കൽ ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കി വരികയും ചെയ്യുന്നു. അതുപോലെ ആരോഗ്യ വകുപ്പിൽ പഞ്ചിംഗ് ആരംഭിച്ചു. ഐ.സി.യു.-കളും വെന്റിലേറ്ററുകളും വലിയതോതിൽ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഒരു വർഷം കൊണ്ട് 724 ഐ.സി.യു. കിടക്കകളും 878 ഓക്സിജൻ കിടക്കകളും സജ്ജമാക്കി. പുതുതായി 939 വെന്റിലേറ്ററുകളാണ് സ്ഥാപിച്ചത്. സംസ്ഥാനത്തെ ആശുപത്രികൾ ഓക്സിജൻ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടിയെന്നുള്ളതാണ് ഈ ഘട്ടത്തിലെ വളരെ പ്രധാനപ്പെട്ട പ്രത്യേകത. സർക്കാർ-സ്വകാര്യ മേഖലകളിലായി നിലവിൽ 2095.63 മെട്രിക് ടൺ ലിക്വിഡ് ഓക്സിജൻ സംഭരണശേഷിയുണ്ട്.

സംസ്ഥാനത്ത് കാൻസർ ചികിത്സാരംഗത്ത് വൻ മുന്നേറ്റമുണ്ടാക്കുന്നതിന് സാധിച്ചു. നവകേരള കർമ്മ പദ്ധതിയുടെ

ഭാഗമായി ആർദ്രം മിഷനിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ ഗുണനിലവാരമുറപ്പാക്കലും രോഗനിർമ്മാർജ്ജനവും ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കലുമുണ്ട്. 30 വയസ്സിന് മുകളിലുള്ള മുഴുവൻ ആളുകളെയും ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സ്ക്രീൻ ചെയ്യുകയാണ്. ഈ പദ്ധതിയുടെ ഭാഗമായി ഇന്നലെ വൈകുന്നേരംവരെ തൊണ്ണൂറ് ലക്ഷത്തിലധികം പേരെ സംസ്ഥാനത്ത് സ്ക്രീൻ ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്. അതായത് ടാർജറ്റ് പോപ്പുലേഷനിൽ 52 ശതമാനം പേരെ ആ രീതിയിൽ സ്ക്രീൻ ചെയ്യുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം, കാൻസർ തുടങ്ങിയ എല്ലാ രോഗങ്ങളും ഇതിന്റെ ഭാഗമായി വരും. സ്ക്രീൻ ചെയ്ത് രോഗം സംശയിച്ചാൽ ആരോഗ്യ കേന്ദ്രത്തിലെത്തി ഡോക്ടറെ കാണേണ്ടതുണ്ട്. ഡോക്ടർ രോഗിയെ സംബന്ധിച്ച് ആവശ്യമായിട്ടുള്ള പരിശോധനയ്ക്ക് ലാബുകളിലേയ്ക്കോ മറ്റ് ആശുപത്രികളിലേയ്ക്കോ അയയ്ക്കും. ഈ സർക്കാരിന്റെ കാലത്ത് റീജിയണൽ കാൻസർ സെന്റർ - തിരുവനന്തപുരം, മലബാർ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ സെന്റർ എന്നീ മൂന്ന് ക്യാൻസർ കെയർ സെന്ററുകളെ ഉൾപ്പെടുത്തി

ഒരു കാൻസർ ഗ്രിഡ് രൂപീകരിക്കുന്നതിന് നമുക്ക് സാധിച്ചു. അതിൽ കൊച്ചിൻ കാൻസർ സെന്റർ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കാൻ പോകുന്നതേയുള്ളു. ആർ.സി.സി.-യും എം.സി.സി.-യുമായി ബന്ധപ്പെട്ട് മറ്റ് കേന്ദ്രങ്ങൾ അതിന്റെ സാറ്റലൈറ്റ് കേന്ദ്രങ്ങളായി വച്ചുകൊണ്ടാണ് കാൻസർ ഗ്രിഡ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത കാൻസർ സ്യൂട്ട് ഇതിന്റെ ഭാഗമായുണ്ടായിട്ടുള്ളതാണ്. അതുപോലെതന്നെ സൗജന്യ സ്റ്റോക്ക് ചികിത്സ, അധിക ദൂരം യാത്രചെയ്യാതെതന്നെ അവരവരുടെ ജില്ലകളിൽ ചികിത്സ ലഭ്യമാകുന്ന രീതി എന്നിവയാണ്.

<u>മി. സ്പീക്കർ</u>: ട്യൂമർ ബോർഡുകൾ എല്ലായിടത്തുമുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്</u>: അതെ. മലബാർ കാൻസർ സെന്ററുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിലറിയുന്നയാൾ കൂടിയാണ് ബഹുമാനപ്പെട്ട സ്പീക്കർ. അധികദൂരം യാത്രചെയ്യാതെ അവരവരുടെ ജില്ലകളിൽ സൗജന്യ സ്റ്റോക്ക് ചികിത്സ ലഭ്യമാക്കുന്ന

സംവിധാനമൊരുക്കിയിട്ടുണ്ട്. അത് പത്ത് ജില്ലകളിൽ യാഥാർത്ഥ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

എലിപ്പനിയുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഇന്റർവെൻഷനും ഈ കാലഘട്ടത്തിൽ ചെയ്തിട്ടുണ്ട്. സാമ്പിൾ അയച്ചാൽ റിസൾട്ട് ലഭിക്കുന്നതിന് ഏഴ് ദിവസം കാലതാമസമുണ്ടാകുന്നുവെന്നുള്ളതായിരുന്നു ഈ വിഷയത്തിൽ നമ്മൾ നേരിട്ട പ്രശ്നം. അപ്പോഴേയ്ക്കും രോഗിയുടെ അവസ്ഥ വഷളാകുന്ന സാഹചര്യമുണ്ട്. എത്രയും പെട്ടെന്ന് പരിശോധനാ ഫലം ലഭിക്കുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ടതായിരുന്നു. എലിപ്പനി രോഗനിർണ്ണയം വേഗത്തിൽ നടത്താൻ സംസ്ഥാനത്തെ പത്ത് ലാബുകളിൽ ലെപ്റ്റോസ്പൈറോസിസ്, ആർ.ടി.പി.സി.ആർ. പരിശോധന നടത്താനുള്ള സംവിധാനമൊരുക്കി. മണിക്കൂറുകൾക്കകം തന്നെ റിസൾട്ട് ലഭിക്കുന്നതിന് സാധിക്കും. രോഗിയുടെ നില വഷളാകുന്നതിനുമുമ്പുതന്നെ എലിപ്പനിയാണെന്ന് കണ്ടെത്തി ആവശ്യമായ ചികിത്സ ഉറപ്പാക്കുന്നതിന് സാധിക്കും. 199 ആശുപത്രികളിലാണ് ആന്റി റാബിസ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത്.

ആദിവാസി മേഖലയെ സംബന്ധിച്ചുള്ള കാര്യം ഞാൻ പറഞ്ഞു. അട്ടപ്പാടിക്കായി സ്പെഷ്യൽ ഇന്റർവെൻഷൻ പ്ലാൻ തയ്യാറാക്കി. 'പെൻട്രികക്കൂട്ട്' എന്ന പേരിൽ അങ്കണവാടികളുടെയും ആശാപ്രവർത്തകരുടെയും കൂട്ടായ്മയിൽ ഗർഭിണികൾക്കും പരിചരണം ആവശ്യമുള്ള സ്ത്രീകൾക്കും പ്രത്യേക ശ്രദ്ധ സാദ്ധ്യമാക്കി. ട്രൈബൽ മേഖലയിലെ ആശുപത്രികളുടെ വികസന പ്രവർത്തനങ്ങൾക്കായി 11 കോടി 78 ലക്ഷം രൂപയാണ് പുതുതായി അനുവദിച്ച് പ്രവർത്തനങ്ങൾ നടത്തുന്നത്. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സിക്കിൾസെൽ അനീമിയയുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഈ ഘട്ടത്തിൽ നമ്മൾ ചെയ്തിട്ടുണ്ട്. വയനാട്, പാലക്കാട് ഉൾപ്പെടെയുള്ള ജില്ലകളിൽ ഇടയ്ക്കുവച്ച് നിലച്ചുപോയ സിക്കിൾസെൽ അനീമിയ സ്ക്രീനിംഗ് പുനരാരംഭിച്ചിട്ടുണ്ട്. പ്രത്യേകിച്ച് നവജാത ശിശുക്കൾക്കിടയിലും സ്കൂളുകളിലുമുൾപ്പെടെ സ്ക്രീനിംഗ് പുനരാരംഭിക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. ജനകീയ സേവന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജീവിതശൈലി രോഗങ്ങളുടെ കാര്യം

പറഞ്ഞു. ജില്ലാ കാൻസർ നിയന്ത്രണ പരിപാടി എല്ലാ ജില്ലകളിലും ജില്ലാപഞ്ചായത്തുകളുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിന് സാധിച്ചു.

ലാബ് നെറ്റ്‌വർക്കിംഗ് സംവിധാനമാണ് വളരെ പ്രധാനപ്പെട്ടൊരു കാര്യം. വളരെ സമഗ്രമായ ഒരു ലാബ് നെറ്റ്‌വർക്കിംഗ് സിസ്റ്റം നിലവിൽ എറണാകുളത്തും മലപ്പുറം ജില്ലയിലും ആരംഭിച്ചിട്ടുണ്ട്. ഇത് മറ്റ് ജില്ലകളിലുംകൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. ആയുഷ് വകുപ്പുമായി ചേർന്ന് ലാബ് നെറ്റ്‌വർക്ക് ശക്തിപ്പെടുത്തുന്നതിനുള്ള ചർച്ചകളും നടന്നുവരുന്നുണ്ട്. വയോജന സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ട് പുതുക്കിയ പാലിയേറ്റീവ് നയരേഖയ്ക്കനുസരിച്ചുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അതിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുകയാണ്. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പാലിയേറ്റീവ് കെയറിനായി നീക്കിവച്ച 5 കോടി രൂപ ഉപയോഗിച്ച് അത് നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. കേരളത്തിൽ 1110 പ്രൈമറി പാലിയേറ്റീവ് കെയർ യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്. നിലവിൽ പ്രസ്തുത യൂണിറ്റുകളിൽ

രജിസ്റ്റർ ചെയ്ത രണ്ട് ലക്ഷത്തി പതിനാറായിരത്തിലധികം രോഗികൾക്ക് വീടുകളിൽ ചെന്നുള്ള പരിചരണം നൽകി വരുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പിന്തുണയോടുകൂടി കമ്മ്യൂണിറ്റി നഴ്സിന്റെയും പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകരുടെയും നേതൃത്വത്തിലാണ് വീടുകളിൽ പരിചരണം നൽകുന്നത്. ഓരോ മാസവും ഇരുപതിനായിരത്തിലധികം കിടപ്പിലായ രോഗികളുടെ യൂറിൻ ട്യൂബുകൾ വീടുകളിൽചെന്ന് ഇവർ മാറ്റുന്നുണ്ട്. 227 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും 112 മേജർ ആശുപത്രികളിലും സെക്കണ്ടറി പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. നാൽപ്പത്തി നാലായിരത്തിലധികം രോഗികൾ വിദഗ്ധ പരിചരണത്തിനുവേണ്ടി സെക്കണ്ടറി യൂണിറ്റുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 160 യൂണിറ്റുകളിൽ പ്രത്യേക ലൈസൻസ് ആവശ്യമുള്ള മോർഫിൻ ഗുളികകൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. രണ്ടായിരത്തി അഞ്ഞൂറിലധികം രോഗികൾക്ക് വേദന മാറ്റുന്നതിനുള്ള മോർഫിൻ ഗുളികകൾ നിലവിൽ നൽകി വരുന്നുണ്ട്. 36 ആയുർവേദ ആശുപത്രികളിലും 20 ഹോമിയോ ആശുപത്രികളിലും വിദഗ് പാലിയേറ്റീവ്

പരിചരണം നൽകുന്നതിനുള്ള പ്രത്യേക സംവിധാനവും ആരംഭിച്ചിട്ടുണ്ട്, അതിന്റെ പ്രവർത്തനവും നടന്നുവരികയാണ്. 440-ലധികം സന്നദ്ധസംഘടനകൾ രോഗികളുടെ വീടുകളിൽവന്ന് പാലിയേറ്റീവ് പരിചരണം നൽകി വരുന്നുണ്ട്. കേരളത്തിൽ സർക്കാർ മേഖലയിൽ 14 പാലിയേറ്റീവ് പരിശീലന കേന്ദ്രങ്ങളും സന്നദ്ധമേഖലയിൽ 5 കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. പരിശീലന കേന്ദ്രങ്ങൾ മുഖേന നടന്നുവരുന്ന 13 പാലിയേറ്റീവ് കെയർ കോഴ്സുകൾക്ക് സംസ്ഥാനതലത്തിൽ ഏകീകൃത പാഠ്യപദ്ധതി മൊഡ്യൂൾ ഈ വർഷം തയ്യാറാക്കാൻ സാധിച്ചു. കേരളത്തെ ഒരു സമ്പൂർണ്ണ സാന്ത്വന പരിചരണ സംസ്ഥാനമായി മാറ്റുകയെന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. ഓരോ കിടപ്പുരോഗിയുടെ അടുത്തേയ്ക്കും അല്ലെങ്കിൽ സാന്ത്വന പരിചരണം ആവശ്യമുള്ള ഓരോ വ്യക്തിയുടെ അടുത്തേയ്ക്കും വോളന്റിയർ കൃത്യമായ ഇടവേളകളിൽ എത്തുന്നുണ്ടെന്നുള്ളതും ആവശ്യമായ പരിചരണം നൽകുന്നുണ്ടെന്നുള്ളതും ഉറപ്പുവരുത്തുന്നതിനുംവേണ്ടിയുള്ള സമ്പൂർണ്ണ സാന്ത്വന പരിചരണമാണ് നമ്മൾ ലക്ഷ്യമിടുന്നത്. സമയബന്ധിതമായിത്തന്നെ അതിലേയ്ക്കെത്തുന്നതിന് നമുക്ക് സാധിക്കും.

കേരളത്തിൽ 10 മെഡിക്കൽ കോളേജുകളിൽ രണ്ട് മാസത്തിനുള്ളിൽതന്നെ പാലിയേറ്റീവ് കെയർ വാർഡുകൾ സാധ്യമാക്കുന്നതിന് സാധിക്കും. കായകൽപ്പ മാതൃകയിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രോഗ്രാം ഏപ്രിൽ മാസത്തിൽ ആരംഭിക്കാൻ പോകുകയാണ്. അതിന്റെ ക്വാളിറ്റികൂടി ഉറപ്പുവരുത്തണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ഇടപെടൽ നടത്തുന്നത്. ഞാൻ നേരത്തെ പറഞ്ഞ സ്ക്രീനിംഗിന്റെ ഭാഗമായി ആശ വർക്കർമാർ വീടുകളിൽചെന്ന് ശൈലി ആപ്പ് മുഖേന കിടപ്പിലായ രോഗികളുടെ ലിസ്റ്റും ശേഖരിക്കുന്നുണ്ട്. ഇങ്ങനെ കണ്ടെത്തുന്ന ഓരോ രോഗിക്കും പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകരുടെ സാന്നിദ്ധ്യം ഈ വർഷം അവസാനത്തോടുകൂടി ഉറപ്പാക്കും. പാലിയേറ്റീവ് കെയർ മേഖലയിൽ സർക്കാർ സംവിധാനങ്ങളും സന്നദ്ധസംഘടനകളും നടത്തുന്ന സേവനപ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏകോപിപ്പിക്കും. അർഹരായ എല്ലാ രോഗികൾക്കും പരിചരണം ലഭിക്കുന്നുണ്ടെന്നുള്ളതും ഈ ഘട്ടത്തിൽ ഉറപ്പാക്കും.

കേരളത്തിന്റെ ആരോഗ്യ വിദ്യാഭ്യാസത്തിൽ ഒരു വലിയ ചരിത്രം സൃഷ്ടിച്ച വർഷമാണ് 2022-23. കോന്നി, ഇടുക്കി എന്നീ രണ്ട് സർക്കാർ മെഡിക്കൽ കോളേജുകളിലാണ് ഈ വർഷം നൂറ് വീതം എം.ബി.ബി.എസ്. സീറ്റ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള അനുവാദം നാഷണൽ മെഡിക്കൽ കൗൺസിൽ കേരളത്തിന് നൽകിയത്. അവിടെയെല്ലാം ഈ വർഷം ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. കൊല്ലം പാരിപ്പള്ളിയിലും മലപ്പുറം മഞ്ചേരി മെഡിക്കൽ കോളേജിലും അറുപത് സീറ്റുവീതമുള്ള പുതിയ നേഴ്സിംഗ് കോളേജുകൾ ആരംഭിക്കാനും കഴിഞ്ഞു.

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 26 സ്പെഷ്യാലിറ്റി സീറ്റുകൾക്കും 9 സൂപ്പർ സ്പെഷാലിറ്റി സീറ്റുകൾക്കും അനുമതി നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള നഴ്സിംഗ് കോളേജുകളിൽ അതായത് തിരുവനന്തപുരം നഴ്സിംഗ് കോളേജുൾപ്പെടെ പതിറ്റാണ്ടുകളുടെ ചരിത്രമുള്ള നഴ്സിംഗ് കോളേജുകളിൽ ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ വർദ്ധിപ്പിച്ചു. 92 ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ സർക്കാർ മേഖലയിൽ മാത്രം വർദ്ധിപ്പിച്ചതുൾപ്പെടെ മെഡിക്കൽ രംഗത്ത് 1330 സീറ്റുകളാണ്

പൊതുവെ വർദ്ധിപ്പിച്ചിട്ടുള്ളത്. 832 നഴ്സിംഗ് സീറ്റുകൾ ഇതിലുൾപ്പെടും. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എസ്.എ.ടി. ആശുപത്രിയിൽ പീഡിയാട്രിക്, കാർഡിയോളജി വിഭാഗത്തിൽ നൂതന സൗകര്യങ്ങളോടുകൂടിയ ഹൃദയ ശസ്ത്രക്രിയാവിഭാഗം ഈ കാലഘട്ടത്തിൽ ആരംഭിക്കുന്നതിന് കഴിഞ്ഞു. സംസ്ഥാനത്താദ്യമായി സർക്കാർ മേഖലയിൽ SMA (Spinal muscular atrophy)-യുമായി ബന്ധപ്പെട്ട ഒരു ക്ലിനിക് തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ ആരംഭിച്ചു. ഏതാനും ആഴ്ചകൾക്കുള്ളിൽ അവിടെ ജനറ്റിക്സ് ഡിപ്പാർട്ട്മെന്റ് ആരംഭിക്കാൻ പോകുകയാണ്. അപൂർവ്വരോഗങ്ങളുമായി ബന്ധപ്പെട്ട് കുഞ്ഞുങ്ങൾക്കും മാതാപിതാക്കൾക്കും നിരവധി പരിശോധനകൾ ഇവിടെ നടത്തേണ്ടതായി വരുന്നു. ഈ പരിശോധനകൾക്ക് വലിയ രീതിയിലുള്ള ചെലവ് വരുന്നതിനാൽ സംസ്ഥാന സർക്കാരിന്റെ മെഡിക്കൽ കോളേജുകളിൽ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയാണ്. രാജ്യത്തെ 10 ആശുപത്രികളെ അപൂർവ്വരോഗങ്ങളുടെ ചികിത്സയ്ക്കുള്ള മികവിന്റെ കേന്ദ്രങ്ങളായി കേന്ദ്ര സർക്കാർ തെരഞ്ഞെടുത്തതിൽ ഒന്ന്

തിരുവനന്തപുരത്തെ എസ്.എ.ടി.-യാണെന്നുള്ളത് വളരെ സന്തോഷമുള്ള കാര്യമാണ്. ക്ലിനിക്കും ഫിസിയോതെറാപ്പി യൂണിറ്റും ആരംഭിച്ചതുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് ഈയൊരു പദവി കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളത്. കോടിക്കണക്കിന് രൂപയാണ് അപൂർവ്വരോഗങ്ങളുടെ ചികിത്സയ്ക്കായി വേണ്ടിവരുന്നത്. ചിലയിടങ്ങളിൽ കുഞ്ഞുങ്ങൾക്കായി ക്രൗഡ് ഫണ്ടിംഗ് വലിയ രീതിയിൽ നടക്കുന്നു. ഇന്ത്യയിൽ അത് അനുവദിക്കപ്പെട്ടിട്ടില്ലെങ്കിലും 18 കോടി രൂപയുടെ ചില മരുന്നുകൾ ലഭ്യമാക്കുന്നത് നാം കണ്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ഹൈക്കോടതിയും ഇതുസംബന്ധിച്ച് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുഞ്ഞുങ്ങൾക്കുവേണ്ടിയുള്ള അപൂർവ്വരോഗങ്ങളുടെ ചികിത്സയ്ക്കായി പ്രത്യേക ഫണ്ട് ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ തുടങ്ങുകയും 200 പേഷ്യന്റ്സ് അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. തിരുവനന്തപുരം, കോഴിക്കോട് തുടങ്ങി മറ്റ് മെഡിക്കൽ കോളേജുകളിലും ഈ ചികിത്സാസൗകര്യം

ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിനിൽ മൂന്ന് പി.ജി. സീറ്റുകൾക്ക് അനുമതി ലഭ്യമാക്കി കോഴ്സ് ആരംഭിക്കുകയും 4.16 കോടി രൂപ ചെലവഴിച്ച് സർക്കാർ മേഖലയിലെ ആദ്യത്തെ ന്യൂറോ കാത്ത് ലാബ് പ്രവർത്തനസജ്ജമായിരിക്കുകയുമാണ്. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ സ്ട്രോക്ക് രജിസ്ട്രി സെന്ററായി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ന്യൂറോളജി ഡിപ്പാർട്ട്മെന്റിനെ തെരഞ്ഞെടുത്തിരിക്കുന്നത് അഭിമാനത്തോടെ പറയാവുന്ന ഒരു കാര്യമാണ്. സാധാരണനിലയിൽ രക്തധമനികളിൽ ബ്ലോക്കുണ്ടായാൽ മരുന്നുമൂലം അലിഞ്ഞുപോകാത്തതിനെ ത്രോംബോളിസിസ് ചെയ്യുകയെന്നുള്ളത് ശ്രമകരമായിട്ടുള്ള കാര്യമാണ്. വലിയ രക്തക്കുഴലുകളാകുമ്പോൾ അത് വളരെ ശ്രമകരമായിട്ടുള്ള ദൗത്യമാണ്. ന്യൂറോ കാത്ത് ലാബിൽ ഈ പ്രൊസീഡ്യുവർ മിനിമം സമയത്തിനുള്ളിൽ ചെയ്യാൻ കഴിയുമെന്നുള്ളതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ

വിഭാഗത്തെക്കുറിച്ച് ഞാൻ പറഞ്ഞു. അത്യാഹിത വിഭാഗം ആരംഭിച്ചു; ജനറ്റിക്സ് വിഭാഗം എസ്.എ.ടി.-യിൽ ആരംഭിക്കാൻ പോകുകയാണ്; ജെറിയാട്രിക്സും ക്രിട്ടിക്കൽ കെയർ മെഡിസിൻ ഡിപ്പാർട്ട്മെന്റും ആരംഭിക്കുന്നു. ലിനാക് മെഷീൻ സ്ഥാപിച്ച് അതിന്റെ പ്രവർത്തനം ആരംഭിക്കുകയും പീഡിയാട്രിക് ഗ്യാസ്ട്രോ വിഭാഗം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്ത് 100 ഐ.സി.യു. കിടക്കകളും പ്രത്യേകമായി അതിന്റെ ബ്ലോക്കും സ്ഥാപിച്ചു. 2009 കാലഘട്ടത്തിൽ കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ട രണ്ട് ബ്ലോക്കുകളിൽ, കോഴിക്കോട് മെഡിക്കൽ കോളേജിൽ സർജറി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും ആലപ്പുഴ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും നിർമ്മാണം ആധുനികസൗകര്യങ്ങളോടെ അതിമനോഹരമായി പൂർത്തിയാക്കി അതിന്റെ ഉദ്ഘാടനം ഏതാനും ആഴ്ചകൾക്കുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ച് അത് ജനങ്ങൾക്ക് തുറന്നുകൊടുക്കുകയുണ്ടായി.

സംസ്ഥാനത്ത് പത്ത് മെഡിക്കൽ കോളേജുകളിൽ ഓരോ മെഡിക്കൽ കോളേജിനും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ആരംഭിക്കുകയാണ്. ഈ സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസരംഗത്തെ ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് സ്ഥാപിച്ച് സംസ്ഥാനതല അപ്പെക്സ് ട്രോമാ എമർജൻസി ആൻഡ് ലേണിംഗ് സെന്ററിൽ അത് സജ്ജമാക്കുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്.

അവയവമാറ്റ ശസ്ത്രക്രിയയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞു. സർക്കാർ തലത്തിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നുണ്ടായിരുന്നില്ല. ഏകദേശം നാല്പത്തിയഞ്ച് ലക്ഷം രൂപയിലധികം ആവശ്യമായിവരുന്ന ഈ ശസ്ത്രക്രിയ സർക്കാർ മേഖലയിൽ നടത്തണമെന്ന ലക്ഷ്യത്തോടെ കോട്ടയം മെഡിക്കൽ കോളേജിൽ ആദ്യമായി അതിനൊരു ടീം രൂപീകരിക്കുകയും അതിന്റെ ക്രമീകരണങ്ങളൊരുക്കി 2022 ഫെബ്രുവരി മാസം 14-ാം തീയതി കേരളത്തിലെ ആദ്യത്തെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തുകയുമുണ്ടായി. അത് പൂർണ്ണമായും

സൗജന്യമായി നടത്തുകയും അതിന്റെ തുടർച്ചയായി കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നുവരികയുമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിച്ച് പ്രവർത്തനമാരംഭിച്ചതോടെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ട്രാൻസ്പ്ലാന്റേഷന് മാത്രമായി ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകഴിഞ്ഞു. കോഴിക്കോട് ത്വക്ക് രോഗാശുപത്രിയുടെ കോമ്പൗണ്ടിൽ അതിന് സ്ഥലം കണ്ടെത്തുകയും വലിയ രീതിയിലുള്ള ഒരു സ്ഥാപനം അവിടെ നിർമ്മിക്കാൻ പോകുകയുമാണ്. അവയവമാറ്റവുമായും അവയവരോഗങ്ങളുമായും ബന്ധപ്പെട്ടുള്ള എല്ലാ ചികിത്സയും ട്രാൻസ്പ്ലാന്റേഷൻ സൗകര്യങ്ങളും അവിടെയുണ്ടായിരിക്കും.

ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീമതി സി. കെ. ആശ സൂചിപ്പിച്ചതുപോലെ, അവയവമാറ്റവുമായി ബന്ധപ്പെട്ട ശസ്ത്രക്രിയയുടെ

കാലതാമസം ഒഴിവാക്കണമെന്നുള്ളത് സംസ്ഥാന സർക്കാരും കണ്ടിട്ടുണ്ട്. കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നടപടിക്രമങ്ങൾ നടന്നുവരുന്നത്. രണ്ടുമൂന്ന് രീതിയിലാണിത് നടക്കുന്നത്. ഒന്ന്, ബന്ധുക്കൾക്ക് അവയവം ദാനം ചെയ്യാം; രണ്ട്, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞതുപോലെ, മൃതസഞ്ജീവനി വഴി അവയവം ദാനം ചെയ്യാം; അതായത് മരണാനന്തരം അവയവം ദാനം ചെയ്യാം. മൂന്ന്, ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി അവയവം ദാനം ചെയ്യാം. ഏതാനും ആഴ്ചകൾക്കുമുമ്പ് വയനാട് സി.പി.ഐ.(എം.)-ന്റെ ബ്രാഞ്ച് സെക്രട്ടറിയായിരുന്ന ശ്രീ. മണികണ്ഠൻ മൂന്ന് മക്കളുടെ ഉമ്മയായ ഒരു സ്ത്രീക്ക് വൃക്ക നൽകിയ വളരെ മാതൃകാപരമായ പ്രവർത്തനം നടത്തുകയുണ്ടായി. അദ്ദേഹം ഡി.വൈ.എഫ്.ഐ.-യിൽ പ്രവർത്തിക്കുമ്പോൾ അവയവം ദാനം ചെയ്യാമെന്ന പ്രതിജ്ഞയെടുത്തുകൊണ്ട് അതിനുവേണ്ടി നടന്ന ക്യാമ്പിലാണ് സമ്മതം എഴുതി നൽകിയത്. അടുത്തിടെ വൃക്ക ദാനം ചെയ്ത വളരെ ശ്ലാഘനീയമായ പ്രവൃത്തിയുണ്ടായി.

എല്ലാവരുടെയും പ്രിയങ്കരിയായിരുന്ന ഹാസ്യതാരവും അഭിനേത്രിയുമായ സുബി സുരേഷിന്റെ മരണവുമായി ബന്ധപ്പെട്ടാണ് സൂചിപ്പിക്കാനുള്ളത്. ട്രാൻസ്പ്ലാന്റേഷൻ സാധ്യതയുണ്ടെന്ന് പ്രതീക്ഷിച്ച് കളമശ്ശേരി മെഡിക്കൽ കോളേജിൽ ഈ അപേക്ഷ കിട്ടുന്നതിനുമുമ്പ് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സജ്ജമാക്കിയിരുന്നു. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് എത്രയും പെട്ടെന്ന് അനുമതി നൽകേണ്ടതുണ്ട്. അത് ഒന്നോ രണ്ടോ ദിവസം താമസിക്കാൻ പാടില്ല. അപേക്ഷ ലഭിച്ച് മണിക്കൂറുകൾക്കകം സുബി സുരേഷിന്റെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള അനുമതി സർക്കാർ കൊടുത്തിരുന്നുവെങ്കിലും ആ സമയത്തുതന്നെ സുബിയുടെ വിയോഗമുണ്ടായി എന്നത് വളരെ ദുഃഖകരമായ കാര്യമാണ്. ട്രാൻസ്പാരന്റായി കാര്യങ്ങൾ നടക്കണമെന്നുള്ളതാണ് സർക്കാർ ആഗ്രഹിക്കുന്നത്. കേന്ദ്ര നിയമങ്ങളുടെ അടിസ്ഥാനത്തിൽ KSOTTO (Kerala State Organ and Tissue Transplant Organisation) എന്ന സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. കോവിഡ് കാലത്ത് പ്രിൻസിപ്പൽ സെക്രട്ടറി ഓരോ കമ്മിറ്റിയിലും ഓരോ മെഡിക്കൽ കോളേജിലും പോയി അതിന് അനുവാദം നൽകണമെന്നുള്ള

സ്ഥിതിയായിരുന്നു. ഇപ്പോൾ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഒരു റെപ്രസന്റേറ്റീവ് ജില്ലയിൽ പങ്കെടുത്താൽ മതിയെന്ന തീരുമാനമെടുത്തിട്ടുണ്ട്. നടപടിക്രമങ്ങൾ കൂടുതൽ എളുപ്പത്തിലാക്കാനാണ് അങ്ങനെയൊരു സംവിധാനം സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് കൂടുതലായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നുള്ളത് സർക്കാർ പരിശോധിച്ചുവരികയാണ്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ PET SCAN സ്ഥാപിക്കാൻ അനുമതി നൽകി. കണ്ണൂർ മെഡിക്കൽ കോളേജിൽ പ്ലാസ്റ്റിക് സർജറി വിഭാഗവും തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ എസ്തെറ്റിക് ഡെർമറ്റോളജി സ്യൂട്ടും ആരംഭിച്ചു. അവിടെ ട്രോമാ കെയർ സെന്ററിന്റെ നിർമ്മാണം ഏതാണ്ട് പൂർത്തിയായിവരുന്നു, അതിന്റെ പ്രവർത്തനമാരംഭിക്കാൻ പോകുകയാണ്. ഇന്ത്യയിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ DM Infectious Disease Course ആരംഭിക്കാൻ കഴിഞ്ഞു. പാരിപ്പള്ളി മെഡിക്കൽ കോളേജിൽ കാത്ത് ലാബും തൃശ്ശൂർ മെഡിക്കൽ കോളേജിൽ

നിയോ നെറ്റോളജി വിഭാഗവും ആരംഭിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ SPECT SCAN സ്ഥാപിക്കുകയും PET SCAN സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ അനുമതി നൽകുകയും ചെയ്തു. കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചതായി നേരത്തെ സൂചിപ്പിച്ചിരുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിന്റെ നിരീക്ഷണത്തിനും സുരക്ഷയ്ക്കുംവേണ്ടി ഒരു കോടിയിലധികം രൂപ മുതൽമുടക്കി നിരീക്ഷണ ക്യാമറാ സിസ്റ്റം സ്ഥാപിച്ചു. ആധുനിക നെഗറ്റീവ് പ്രഷർ സംവിധാനത്തോടുകൂടി കുട്ടികളുടെ ഐ.സി.യു.-വും അനുബന്ധ സൗകര്യങ്ങളും 89 ലക്ഷം രൂപ ചെലവഴിച്ച് തൃശ്ശൂർ മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു. തൃശ്ശൂരിൽ ലിക്വിഡ് ഓക്സിജൻ പ്ലാന്റും രണ്ടരക്കോടിയിലധികം രൂപ ചെലവിൽ ഓക്സിജൻ ജനറേഷൻ പ്ലാന്റും സ്ഥാപിച്ചു. ആധുനിക സൗകര്യങ്ങളോടുകൂടി വിവിധ പരിശീലന പരിപാടികൾ നടത്താൻ സാധിക്കുംവിധം ട്രെയിനിംഗ് സെന്റർ തൃശ്ശൂർ മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുണ്ട്. ഓരോ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടും ഇതുപോലെ നിരവധി വിഷയങ്ങളുണ്ട്.

ശ്രീ. എ. പ്രഭാകരൻ: സർ, തമിഴ്നാട്ടിലും കർണ്ണാടകയിലുമൊക്കെ പൊള്ളലേറ്റ ആൾക്കാർക്ക് സ്കിൻ കൊടുക്കുന്ന സ്കിൻ ബാങ്കിംഗ് സംവിധാനമുണ്ട്. ഡയറക്ടറുടെ പെർമിഷനുണ്ടെങ്കിൽ മാത്രമേ അത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുകയുള്ളൂവെന്നാണ് മനസ്സിലാക്കുന്നത്. ആയത് കേരളത്തിൽ ആരംഭിക്കുവാൻ പരിപാടിയുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, ഉണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബേൺസ് യൂണിറ്റ് വളരെ മികച്ചതും ആധുനികവുമായ രീതിയിൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ 13 കോടി 72 ലക്ഷം രൂപ ചെലവിൽ 7 നിലകളിലുള്ള രണ്ട് പി.ജി. ഹോസ്റ്റലുകൾ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കി. ഇതുകൂടാതെ ഭിന്നശേഷി, ഓട്ടിസം എന്നിവ ബാധിച്ച കുട്ടികൾക്കുള്ള പരിശീലന പദ്ധതികളും അവരുടെ മാതാപിതാക്കളെ പര്യാപ്തമാക്കുന്ന പരിശീലന പരിപാടികളും ചെയ്തിട്ടുണ്ട്. 7 കോടിയിലധികം രൂപ മുതൽമുടക്കി ട്രോമാ കെയർ സെന്റർ (ട്രോമാ & ട്രയാഗ് സംവിധാനം) നടപ്പിലാക്കി.

**2.00 p.m.]**

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇനിയും കുറേ സമയം വേണ്ടി വരുമോ?

ശ്രീമതി വീണാ ജോർജ്: സർ, കുറച്ച് കാര്യങ്ങൾകൂടി പറയാനുണ്ട്. തിരുവനന്തപുരത്തെ ബേൺസ് യൂണിറ്റിന്റെ കാര്യം പറഞ്ഞതുപോലെ തൃശ്ശൂരിലും 2.68 കോടി രൂപ ചെലവഴിച്ച് ആധുനിക രീതിയിലുള്ള ബേൺസ് യൂണിറ്റ് സ്ഥാപിച്ചു. മാസ്റ്റർ പ്ലാനിന്റെ ഭാഗമായിട്ടുള്ള 18.50 കോടി രൂപയുടെ റോഡ് നവീകരണ പ്രവർത്തനങ്ങളും മേൽപാലമുൾപ്പെടെ 36 കോടി രൂപയുടെ പ്രവർത്തനങ്ങളും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടത്തി. കോട്ടയം ഫാർമസി കോളേജിന്റെ 7 നിലകളിൽ 6224 സ്ക്വയർ മീറ്റർ കെട്ടിടത്തിന്റെ നിർമ്മാണം 27.50 കോടി രൂപയ്ക്ക് പൂർത്തിയാക്കി. കോട്ടയം മെഡിക്കൽ കോളേജിൽ 1 കോടി രൂപ മുടക്കി 4D Echo Machine, Portable Echo Machine എന്നിവയും ജനറൽ സർജറി വിഭാഗത്തിൽ ലാപ്രോസ്കോപ്പി യൂണിറ്റും സ്ഥാപിച്ചു. രണ്ടരക്കോടി രൂപ ചെലവിൽ മെഡിക്കൽകോളേജിൽ അത്യാഹിതവിഭാഗത്തിൽ മോഡ്യുലർ ഓപ്പറേഷൻ

തിയേറ്റർ സജ്ജമാക്കി. കോട്ടയം മെഡിക്കൽകോളേജിൽ ഒരുകോടി രൂപ ചെലവാക്കി ഇന്റഗ്രേറ്റഡ് അനലൈസറും കുട്ടികളുടെ ആശുപത്രിയിൽ ഒരുകോടി രൂപ മുടക്കി ഓക്സിജൻ ജനറേറ്ററും സ്ഥാപിച്ചു. സബ്സ്റ്റേഷൻ, കെ.വി ജനറേറ്റർ, നെഫ്രോളജി ലാബ് എന്നിവയും കോട്ടയം മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്ത്ലാബ് സ്ഥാപിക്കുന്നതിന് 8 കോടി രൂപ അനുവദിക്കുകയും ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അവിടെ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണവും പൂർത്തീകരിച്ചു. വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. അഡ്മിഷൻ ആരംഭിക്കുന്നതിന് Kerala University of Health Sciences (KUHS)-ന്റെ അഫിലിയേഷൻ ലഭിച്ചു. ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. ക്ലാസ്സുകൾ തുടങ്ങിയ സാഹചര്യത്തിൽ ലാബ്, ഡിസക്ഷൻ ഹാൾ, ലക്ചർ ഹാൾ, പഠനോപകരണങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ Pradhan Mantri Swasthya Suraksha Yojana (PMSSY)-ക്ക് കീഴിലുള്ള

കെട്ടിടങ്ങളുടെ കാര്യം സൂചിപ്പിച്ചു. PET-CT സ്കാൻ 9,94,00,000 (9 കോടി 94 ലക്ഷം) രൂപയ്ക്കാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിക്കാൻ പോകുന്നത്.

കോഴിക്കോട് നവജാത ശിശുക്കളുടെ പരിചരണവുമായി ബന്ധപ്പെട്ട് രാജ്യത്തിനുതന്നെ മാതൃകയായിട്ടുള്ള ഒരു സംവിധാനം ആരംഭിച്ചിട്ടുണ്ട്. സാധാരണ നവജാത ശിശുവിനെയോ, കുറച്ച് മുതിർന്ന കുഞ്ഞുങ്ങളെയോ ഐ.സി.യു.-വിൽ ആക്കുമ്പോൾ അമ്മമാർ പുറത്തിരിക്കുകയാണ് ചെയ്യുന്നത്. പ്രസവിച്ച് കഴിഞ്ഞ ഉടനെ പാൽ കൊടുക്കണമെങ്കിൽ അമ്മമാർക്ക് അവിടെപ്പോയി കൊടുക്കേണ്ട സാഹചര്യമാണുള്ളത്. അമ്മയുടെ സാമീപ്യമുണ്ടെങ്കിൽ കുഞ്ഞുങ്ങളുടെ രോഗം വളരെ പെട്ടെന്ന് ഭേദമാകും. അതുകൊണ്ട് അമ്മയ്ക്കും കുഞ്ഞിനും ഒരുപോലെ ഐ.സി.യു.-ൽ കഴിയാൻ സാധിക്കുന്ന ഒരു മദർ ആൻഡ് ചൈൽഡ് ഐ.സി.യു. സംവിധാനം രാജ്യത്തുതന്നെ ആദ്യമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ആരംഭിച്ചു; അതിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. മിൽക്ക് ബാങ്കിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ആറ് മാസംവരെ അമ്മയുടെ മുലപ്പാൽ

വളരെ പ്രധാനപ്പെട്ടതാണ്. അമ്മയുടെ വിയോഗമോ, ആരോഗ്യാവസ്ഥ കാരണമോ അത് കിട്ടാത്ത ഒരുപാട് കുഞ്ഞുങ്ങൾ ഉണ്ടാകാം. അതുകൊണ്ട് ഒരു മിൽക്ക് ബാങ്ക് കോഴിക്കോട് മെഡിക്കൽ കോളേജിൽ തുടങ്ങി അത് പാസ്ചറൈസ് ചെയ്ത് ശാസ്ത്രീയമായ രീതിയിൽ കുഞ്ഞുങ്ങൾക്ക് നൽകുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. 1,60,00,000 (ഒരു കോടി അറുപത് ലക്ഷം രൂപ) ചെലവിൽ കോഴിക്കോട് ഓർത്തോ ഐ.സി.യു., 12 കോടി രൂപ മുടക്കി റെസിഡൻസ് ക്വാട്ടേഴ്സ് നിർമ്മാണം എന്നിവ പൂർത്തിയാക്കി. കോഴിക്കോട് മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ രണ്ടരക്കോടി രൂപ മുടക്കി 16 Slice CT, ആധുനിക സംവിധാനങ്ങളോടുകൂടിയ അൾട്രാസൗണ്ട് മെഷീൻ എന്നിവ സ്ഥാപിച്ചു. കോഴിക്കോട് നെഞ്ചുരോഗ ആശുപത്രിയിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റ് പ്രവർത്തനസജ്ജമാക്കി. കേന്ദ്രസർക്കാർ താമരശ്ശേരി താലൂക്കിൽ എയിംസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കിനാലൂരിൽ സ്ഥലം അനുവദിക്കുന്നത് വളരെ പ്രധാനപ്പെട്ട കാര്യവും എത്രയോ നാളുകളായിട്ടുള്ള നമ്മുടെ ആവശ്യവുമാണ്. കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിലും അത് അനുവദിച്ചില്ല.

200 ഏക്കർ സ്ഥലത്തിൽ സംസ്ഥാന വ്യവസായവകുപ്പിനു കീഴിലുള്ള 150 ഏക്കർ സ്ഥലം ആരോഗ്യ വകുപ്പിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്ന നടപടികൾ പൂർത്തിയായിരിക്കുകയാണ്. അതോടൊപ്പം വെള്ളവും മറ്റുവൈദ്യുതി സംവിധാനങ്ങളെല്ലാമുണ്ട്. എയിംസ് അനുവദിക്കണമെന്ന് വീണ്ടും കേന്ദ്രത്തിനോട് ആവശ്യപ്പെടുകയും അതിന്റെ നടപടികൾ മുന്നോട്ടുകൊണ്ടുപോകുകയും ചെയ്തിട്ടുണ്ട്.

എറണാകുളം മെഡിക്കൽ കോളേജിൽ 1 കോടി 69 ലക്ഷം രൂപ ചെലവിൽ ഡിജിറ്റൽ മാമ്മോഗ്രഫി സംവിധാനം സ്ഥാപിക്കുകയും ഡയാലിസിസ് ബ്ലോക്ക് വിപുലീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പരിയാരം മെഡിക്കൽകോളേജ് സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി നിലവിലുള്ള ജീവനക്കാരുടെ ആഗിരണ പ്രക്രിയ ആരംഭിച്ചിട്ടുണ്ട്. അത് പൂർത്തിയാക്കുന്നതിനായി 147 ഡോക്ടർമാർ 521 നേഴ്സിംഗ് ജീവനക്കാർ, പരിയാരം നേഴ്സിംഗ് കോളേജ്, ഫാർമസി കോളേജ്, പാരാമെഡിക്കൽ ജീവനക്കാർ, മിനിസ്റ്റിരീയൽ ജീവനക്കാർ, എഞ്ചിനീയറിംഗ് ജീവനക്കാർ എന്നിവരെ ആഗിരണം ചെയ്യുന്നതിനായി 772 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ച ശേഷിക്കുന്ന ജീവനക്കാർ, ആദ്യഘട്ടത്തിൽ ഈ ആഗിരണപ്രക്രിയയിൽ ചേരാൻ സന്നദ്ധരല്ലാത്തവർ എന്നിവരുൾപ്പെടെയുള്ളവരുടെ കാര്യങ്ങൾ സർക്കാർ പരിശോധിക്കുന്നുണ്ട്. പരിയാരം മെഡിക്കൽ കോളേജിൽ കാത്ത്‌ലാബ്, ഹാർട്ട് ലംഗ് മെഷീൻ, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ തുടങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി 1 കോടി 69 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കോന്നി മെഡിക്കൽ കോളേജിൽ മൈനർ ഓപ്പറേഷൻ തിയേറ്ററിൽ 30 ഓക്സിജൻ ബെഡ്ഡുകൾ, 24 മണിക്കൂർ പ്രവർത്തിക്കുന്ന ലാബ്, ഫാർമസി തുടങ്ങിയവ ആരംഭിക്കുകയും 128 Slice CT Machine സ്ഥാപിക്കുകയും ഓക്സിജൻ പ്ലാന്റ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അക്കാഡമിക് ബ്ലോക്കിൽ അനാട്ടമി, ബയോകെമിസ്ട്രി, ഫാർമക്കോളജി ലാബുകൾ, ലൈബ്രറി, ലക്ച്ചർ ഹാളുകൾ, അനാട്ടമി മ്യൂസിയം തുടങ്ങിയവ സജ്ജീകരിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിനുകീഴിലുള്ള അർബൻ ഹെൽത്ത് സെന്റർ - പാങ്ങപ്പാറയിലെ ചെറുവയ്ക്കൽ സബ് സെന്ററിന് പുതിയ കെട്ടിടം അനുവദിച്ചു.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഒരു കാര്യം.....

മി. സ്പീക്കർ: ചർച്ചയൊന്നും അനുവദിക്കുന്നില്ല. ഇതിങ്ങനെ വഴങ്ങാൻ കഴിയില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ... നിങ്ങളുടെ സമയം അതിക്രമിച്ചിരിക്കുന്നു. ....

ശ്രീമതി ശാന്തകുമാരി കെ.: സർ, ഇങ്ങനെയുള്ള സംവിധാനങ്ങൾ നമ്മുടെ സർക്കാർ ആശുപത്രികളിലെല്ലാം സ്ഥാപിച്ചുവരുമ്പോഴും 1995 മുതൽ നിലവിലുള്ള എച്ച്.എം.സി.-കൾ ക്ലിനിംഗ് സ്റ്റാഫുകൾ, സെക്യൂരിറ്റി സ്റ്റാഫുകൾ, അഡീഷണൽ സ്റ്റാഫുകൾ ഇവരെയെല്ലാം നിയമിക്കുകയാണ്. പക്ഷേ നിയമപ്രകാരം 50 ശതമാനം വരുന്ന വരുമാനം മാത്രമേ ഇത്തരം ആളുകൾക്ക് കൊടുക്കാൻ സാധിക്കുകയുള്ളുവെന്ന വ്യവസ്ഥ നിലനിൽക്കുകയാണ്. യഥാർത്ഥത്തിൽ പഞ്ചായത്തുകളെല്ലാംതന്നെ പുതിയ സംരംഭങ്ങൾ തുടങ്ങുകയും എച്ച്.എം.സി.വഴി അതിന്റെ വരുമാനമെടുക്കുകയും ചെയ്യുമ്പോൾ ഈ പറഞ്ഞ 50 ശതമാനത്തിന്റെ പ്രശ്നം നിലനിൽക്കുകയാണ്. അത്തരമൊരു വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുണ്ടോ; അത് നമുക്ക് പരിഹരിക്കാൻ കഴിയുമോ?

<u>മി. സ്പീക്കർ</u>: മന്ത്രിമാർക്കുള്ള മറുപടിയുടെ സമയം 30 മിനിറ്റാണ്. ഇപ്പോൾ 37 മിനിറ്റായി. ഇതൊരു ചർച്ചയാക്കാൻ ഉദ്ദേശിക്കുന്നില്ല.

<u>ശ്രീമതി വീണാ ജോർജ്</u>: സർ,ചുരുക്കാം ...

ആ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞകാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലാണുള്ളത്. തിരുവനന്തപുരത്ത് എസ്.എ.ടി. ആശുപത്രിയിൽ നവീകരിച്ച പീഡിയാട്രിക് കാഷ്വാലിറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോട്ടയം സർക്കാർ ദന്തൽ കോളേജിന് ആരോഗ്യ സർവ്വകലാശാലയുടെ QAS Accreditation പ്രകാരം 'എ' ഗ്രേഡ് ലഭിച്ചു. കോഴിക്കോട് ദന്തൽ കോളേജിൽ പുതിയ ദന്തൽ ചികിത്സാ സൗകര്യങ്ങളോടുകൂടിയ ബസ് വാങ്ങുകയും മറ്റനുബന്ധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. കോട്ടയം സർക്കാർ നേഴ്സിംഗ് കോളേജിന് Kerala University of Health Science (KUHS)-ന്റെ Quality Assurance Scheme (QAS) അക്രെഡിറ്റേഷൻപ്രകാരം 'എ പ്ലസ്' ഗ്രേഡ് ലഭിക്കുകയും 5 കോടി രൂപ മുതൽ മുടക്കി എക്സാമിനേഷൻ ലൈബ്രറി

കെട്ടിടം, കോളേജ് മെയിൻ ബ്ലോക്ക് എന്നിവ പൂർത്തിയാക്കി ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്.

ആർ.സി.സി.-യുമായി ബന്ധപ്പെട്ട Preventive Oncology Clinic OPD സംവിധാനം പുലയനാർകോട്ടയിൽ രണ്ടാം ക്യാമ്പസായി വികസിപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ ആരംഭിക്കുകയും അതിന് 11.68 ഏക്കർ സ്ഥലം ഭൂമി ഡിസംബർ മാസാവസാനം ആർ.സി.സി ഏറ്റെടുത്ത് അവിടെ Preventive Oncology Clinic ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ സി.ആർ.എസ്. ഫണ്ടായി ലഭിച്ച 45 ലക്ഷം രൂപ വിനിയോഗിച്ച് ഈ സാമ്പത്തികവർഷം Advanced Clinical Laboratory പ്രവർത്തനം ആരംഭിക്കുകയും കോവിഡ് ടെസ്റ്റ് ഉൾപ്പെടെയുള്ള പരിശോധനകൾക്കായി മൈക്രോ ബയോളജി വിഭാഗത്തിൽ Molecular Lab ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ അത് ശക്തിപ്പെടുത്തിയിട്ടുമുണ്ട്. ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിലേയ്ക്ക് 77 ലക്ഷം രൂപ വിനിയോഗിച്ച് ഗാലിയം68 ഓട്ടോമേറ്റഡ് ജനറേറ്ററും സിന്തസൈസറും റ്റി.എൽ.സി-സ്കാനറും സ്ഥാപിച്ചു.

ഈ കാലഘട്ടത്തിൽ ക്യാൻസർ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് റോബോട്ടിക് സർജറി സംവിധാനം ആർ.സി.സി.-യിലും (റീജിയണൽ ക്യാൻസർ സെന്റർ) എം.സി.സി.-യിലും (മലബാർ ക്യാൻസർ സെന്റർ) നടത്താനായി മന്ത്രിസഭ അനുവാദം നൽകിയിട്ടുണ്ട്. 2023 സെപ്റ്റംബറോടുകൂടി ഈ സംവിധാനം സാധ്യമാക്കാൻ കഴിയും. സൂക്ഷ്മമായ ക്യാൻസർ കോശങ്ങളെ ശസ്ത്രക്രിയയിലൂടെമാറ്റി ആ വ്യക്തിയുടെ ആരോഗ്യപരിചരണം ഉറപ്പാക്കുന്നതിന് ഇതിലൂടെ സാധിക്കും. ആർ.സി.സി.-യിൽ പുതിയ 14 നില കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിന്റെ അവസാനഘട്ടത്തിലാണ്. 2023-24 സാമ്പത്തിക വർഷം 51 കോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനാണ് ആർ.സി.സി. ലക്ഷ്യമിടുന്നത്. മലബാർ ക്യാൻസർ സെന്ററിൽ ഈ വർഷം Ocular Oncology വിഭാഗം ആരംഭിച്ചു. നേത്ര ഓങ്കോളജിയിൽ കണ്ണിലും ചുറ്റപാടിലുമുണ്ടാകുന്ന മുഴകളുടെ പഠനവും ചികിത്സയും ഉൾപ്പെടുന്നുണ്ട്. ഈ മുഴകൾ നിരുപദ്രവകരം മുതൽ ജീവൻ അപകടത്തിൽപ്പെടുത്താൻ സാധ്യതയുള്ളവയും ചിലപ്പോൾ കാഴ്ച നഷ്ടപ്പെടുന്നവയും ആകാം. ഈ

ഘട്ടത്തിൽ പീഡിയാട്രിക് സർജറിയും ന്യൂറോ ഓങ്കോ സർജറി യൂണിറ്റ് ആരംഭിക്കുകയും ചെയ്തു. Ocular Oncology വിഭാഗത്തിൽ 15 പേരാണ് ചികിത്സ തേടിയത്. ന്യൂറോ ഓങ്കോ സർജറി യൂണിറ്റിൽ മസ്തിഷ്കത്തിലും നാഡീവ്യൂഹത്തിലും ക്യാൻസറുള്ള രോഗികൾക്ക് അത്യാധുനിക ചികിത്സ നൽകുന്നതിനായി പ്രത്യേക ടീം രൂപീകരിച്ച് തലച്ചോറിലെയും സുഷുമ്ന നാഡിയിലെയും മുഴകൾക്കുള്ള ശസ്ത്രക്രിയകൾ പതിവായി നടത്തുന്നുണ്ട്. മസ്തിഷ്ക മുഴകൾക്കുള്ള സമ്പൂർണ്ണ പരിചരണം ഒരു ക്യാൻസർ സെന്ററിന്റെ കുടക്കീഴിൽ കൊണ്ടുവരികയും ചെയ്യുന്നുണ്ട്.

2023-24 കാലഘട്ടത്തിൽ പോസ്റ്റ് ഗ്രാജ്വേറ്റ് റിസർച്ച് സെന്ററായി എം.സി.സി.-യെ തെരഞ്ഞെടുത്തിട്ടുണ്ട്. 2023 സെപ്റ്റംബറോടുകൂടി റോബോട്ടിക് സർജറി ഇവിടെ ആരംഭിക്കുന്നതിന് സാധിക്കും. അതുപോലെ സെല്ലുലാർ, ജീൻതെറാപ്പി എന്നിവയുടെ പ്രധാന കേന്ദ്രമായി സ്ഥാപനത്തെ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. Tumor-infiltrating lymphocyte therapy (TILS), Engineered T-cell receptor therapy, Chimeric antigen receptor

(CAR) cell therapy, Natural killer cell therapy എന്നിവ വികസിപ്പിക്കാൻ ഈ വർഷം പദ്ധതിയിടുന്നുണ്ട്.

ആയുഷ് മേഖലയുമായി ബന്ധപ്പെട്ട് കണ്ണൂരിൽ രാജ്യാന്തര ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സമയബന്ധിതമായി ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്നാണ് ആലോചിച്ചിട്ടുള്ളത്. ഹെൽത്ത് സർവ്വീസസിൽ എന്നതുപോലെത്തന്നെ ആയുഷ് മേഖലയിലും Indian System of Medicine(ISM), ഹോമിയോ എന്നിവയും ജില്ലകളിലെ ഓഫീസുകളും ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്. ഔഷധസസ്യങ്ങളുമായി ബന്ധപ്പെട്ട് വലിയ സാധ്യതകളാണ് കേരളത്തിനുള്ളത്. വാണിജ്യപരമായി ഔഷധസസ്യങ്ങൾ നടുന്നതിനും വിൽക്കുന്നതിനുംവേണ്ടി മെഡിസിനൽ പ്ലാന്റ് ബോർഡുകൾ ഗ്രാമപഞ്ചായത്തുകളിലും വാർഡുകളിലും കുടുംബശ്രീകൾ, അയൽക്കൂട്ടങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ ഔഷധസസ്യങ്ങൾ കൃഷി ചെയ്തുകൊണ്ട് വിപണനം നടത്തുന്നതിനുവേണ്ടിയുള്ള കർമ്മപരിപാടി സ്റ്റേറ്റ് മെഡിക്കൽ

ബോർഡിന്റെ സഹായത്തോടുകൂടി ആയുഷ് മേഖലയിൽ ആരംഭിച്ചിട്ടുണ്ട്. അതുപോലെ ആയുർവേദ മെഡിസിൻ standardise ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഒരു കാര്യം കേരളത്തെ ഹെൽത്ത് ഹബ്ബാക്കി മാറ്റുകയെന്നുള്ളതാണ്. അതിൽ ആയുഷ് മേഖലയ്ക്ക് വലിയ പ്രധാന്യമാണുള്ളത്. 14 ജില്ലകളിലെയും ആയുഷ് കേന്ദ്രങ്ങളെ (ഉദാഹരണത്തിന് വർക്കലയിലെ നാച്വറോപ്പതിയുടെ ഇൻസ്റ്റിറ്റ്യൂട്ട്) 2023-24 സാമ്പത്തിക വർഷം വെൽനെസ്സ് സെന്ററുകളാക്കി, വളരെ മികച്ച രീതിയിലുള്ള നിർമ്മാണം സാധ്യമാക്കി അവിടെ മറ്റുള്ള സ്ഥലങ്ങളിൽനിന്നും വിദേശത്ത് നിന്നുമൊക്കെ ആളുകളെ എത്തിക്കുന്നതിനുവേണ്ടിയിട്ടുള്ള ശ്രമമാണ് നടക്കുന്നത്.

ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ആരോഗ്യപ്രവർത്തകർക്ക് നേരെയുണ്ടാകുന്ന ആക്രമണങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അതുമായി ബന്ധപ്പെട്ട് 2011-ലെ നിയമം പരിഷ്കരിക്കേണ്ടതുണ്ടെന്നാണ് കാണുന്നത്. ആരോഗ്യപ്രവർത്തകർക്കുനേരെയുള്ള ആക്രമണം തീർത്തും അപലപനീയവും അവരുടെ മനോവീര്യം തകർക്കുന്നതുമാണ്. അതുകൊണ്ട്

ഒരു സമഗ്രമായ നിയമം വേണമെന്ന് സംസ്ഥാനസർക്കാർ മനസ്സിലാക്കുകയും അതിനുവേണ്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ഈ നിയമത്തിലൂടെ പരിരക്ഷ ഉണ്ടാകണമെന്ന രീതിയിൽ ആ നിയമം മാറണം. കോവിഡാനന്തര സാഹചര്യത്തിൽ ഹൃദയാഘാതം കൂടുന്നോയെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച വിഷയത്തിന് ഇവിടെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറഞ്ഞിട്ടുള്ളതാണ്. ആഗോളതലത്തിൽ ശാസ്ത്രീയമായ കണ്ടെത്തൽ ഇതുമായി ബന്ധപ്പെട്ടുണ്ടായിട്ടില്ല. എന്നാൽ കോവിഡാനന്തര ഹൃദ്രോഗ സാദ്ധ്യത മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരിൽ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യങ്ങൾ സഭാരേഖകളിലുണ്ട്. ഇതിന്റെ മറുപടി വളരെ വിശദമായി പറഞ്ഞിട്ടുമുണ്ട്. പ്രായമുള്ള ആളുകളിലും ഗുരുതര കോവിഡ് ബാധയുണ്ടായ ആളുകളിലും (അത് ചെറുപ്പക്കാരിലുമാകാം) ശ്വാസകോശ-ഹൃദ്രോഗ പ്രശ്നങ്ങൾ ബാധിക്കുന്നതെന്ന് കണ്ടുവരുന്നുണ്ട്. ഇതുകൂടാതെ വളരെ ചെറുപ്പകാലത്തുതന്നെ ഹൃദയാഘാതം, ശ്വാസകോശ ഞരമ്പുകളിൽ രക്തം കട്ടപിടിച്ചുണ്ടാകുന്ന പൾമനറി എംബോളിസം

എന്നിവയും കണ്ടുവരുന്നുണ്ട്. കോവിഡാനന്തര അവസ്ഥയുമായി ഇതിന് ബന്ധമുണ്ടോയെന്ന കാര്യത്തിൽ ആഗോളതലത്തിൽ ഗവേഷണം നടക്കുന്നുണ്ട്.

അവയവമാറ്റവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചും ആഹാര ശീലങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും ഇവിടെപറഞ്ഞു. സംസ്ഥാന സർക്കാരിന്റെ നവകേരള കർമ്മ പദ്ധതി 2-ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ ജീവിത ശൈലീരോഗങ്ങളുടെ പ്രതിരോധത്തിന്റെ ഭാഗമായി ആഹാര ശീലങ്ങളിൽ മാറ്റമുണ്ടാകണമെന്നതന്നെയാണ് നമ്മൾ മനസ്സിലാക്കുന്നത്. വിവ (വിളർച്ചയിൽനിന്നും വളർച്ചയിലേയ്ക്ക്) പദ്ധതിയെക്കുറിച്ച് ബഹുമാന്യരായ എം.എൽ.എ.-മാർ സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണിത്. 15-59 വയസ്സുവരെ പ്രായമുള്ള സ്ത്രീകൾക്ക് രക്തപരിശോധന നടത്തി വിളർച്ച ഉണ്ടോയെന്ന് കണ്ടെത്തുന്നതിനുവേണ്ടിയുള്ള പദ്ധതിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലമായ തലശ്ശേരിയിലാണ്

നിർവ്വഹിച്ചത്. ഇതിന്റെ ഭാഗമായി എല്ലാമേഖലകളെയും ഒന്നിച്ച് പങ്കെടുപ്പിച്ചാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. ഏതാണ്ട് അമ്പത്തിയൊൻപതിനായിരത്തിലധികം സ്ത്രീകൾ രക്തപരിശോധനയ്ക്ക് വിധേയമായപ്പോൾ 1006 പേർ വളരെ സിവിയറായിട്ടുള്ള അനീമിയയുള്ളവരാണെന്ന് കണ്ടെത്തി. അവർക്ക് അക്യൂട്ട് അനീമിയ ഉണ്ടെന്നും ക്ലിനിക്കൽ ഇന്റർവെൻഷൻ ആവശ്യമായിട്ടുള്ളവരുമാണ്. പന്ത്രണ്ടായിരത്തിലധികമാളുകളിൽ ആഹാരശീലങ്ങളിൽ മാറ്റം കൊണ്ടുവന്നാൽ മതിയാകും. ജീവിതശൈലിയുമായി ബന്ധപ്പെട്ട് ആഹാരശീലങ്ങൾ മാറ്റണമെന്നുള്ളതുകൊണ്ടാണ് ഒരു ഹെൽത്ത് ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് സംസ്ഥാന സർക്കാർ ആലോചിച്ചിക്കുന്നത്. സബ് സെന്ററുകളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി, ജനകീയ ക്ലബ്ബുകൾ താഴെത്തട്ടിൽ ആരംഭിച്ച് വ്യായാമം ചെയ്യുന്നതുൾപ്പെടെയുള്ള സൗകര്യങ്ങൾ അവിടെ ക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

തുറവൂർ താലൂക്കാശുപത്രി, അരുക്കുറ്റി ആശുപത്രി, ഈരാറ്റുപേട്ട, എരുമേലി എന്നീ ആശുപത്രികളിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന്

തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ സൂചിപ്പിച്ച അവിടെയുള്ള കാര്യങ്ങൾ സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിശോധിച്ച് തീരുമാനിക്കുന്നതാണ്. ഐക്കോൺസിന്റെ (ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റീവ് ന്യൂറോ സയൻസസ്) വികസനം നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുകയും Transcranial magnetic stimulator (TMS) സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഐക്കോൺസ് തിരുവനന്തപുരത്ത് 4000 സ്ക്വയർ ഫീറ്റ് കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും ആവശ്യമായ ക്ലാസ് റൂം, ക്ലിനിക്കൽ റൂം സജ്ജീകരിക്കൽവഴി പുതിയ കോഴ്സ് ആരംഭിക്കുന്നതിനും ജനിറ്റിക് ലാബ് ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. ഓഡിയോളജി ലാബിന്റെ ശബ്ദക്രമീകരണത്തിനായി Acoustic ജോലികൾ പൂർത്തീകരിക്കുന്നതാണ്.

ബ്രഹ്മപുരം മാലിന്യപ്ലാന്റ് തീപിടുത്തവുമായി ബന്ധപ്പെട്ട് അവിടെ പ്രവർത്തിച്ച അഗ്നിശമന സേനാംഗങ്ങൾ, സിവിൽ ഡിഫൻസ് സേനയിലെ അംഗങ്ങൾ എന്നിവർക്ക് സമഗ്രമായ ആരോഗ്യ പരിശോധന സർക്കാരിന്റെ ആരോഗ്യ സ്ഥാപനങ്ങളിൽ തുടർച്ചയായി സാധ്യമാക്കുന്നതിനും

ആവശ്യമുള്ളവർക്ക് സൗജന്യ ചികിത്സ സർക്കാർ ആശുപത്രിയിൽ ഒരുക്കുന്നതിനും കഴിയുന്നതാണ്. അതുപോലെ വനിതാ-ശിശുവികസന വകുപ്പ് പോസ്റ്റ്പാർട്ടം ഡിപ്രഷനുമായി ബന്ധപ്പെട്ട പഠനം ആരംഭിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് മാനസികാരോഗ്യ വിദഗ്ദ്ധരെ ഉൾപ്പെടുത്തി അതിന്റെ കർമ്മപരിപാടി ആവിഷ്കരിക്കുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ. സൂചിപ്പിച്ച കേന്ദ്രവിഹിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശരിയാണ്. ഇൻഷ്വറൻസിന്റെ കാര്യത്തിൽ 138 കോടി രൂപ മാത്രമാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. പത്തനാപുരത്ത് ഒരു സ്ത്രീയുടെ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട കാര്യംപറഞ്ഞു. ബഹുമാനപ്പെട്ട എം.എൽ.എ.-കൂടി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച വളരെ സമഗ്രമായ അന്വേഷണം നടത്തുന്നതാണെന്നത് ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. ഈ മേഖലയിൽ നമ്മുടെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും ഡി.എച്ച്.എസ്.-ന്റെയും കീഴിലുള്ള ആശുപത്രികളിൽ വളരെ ത്യാഗപൂർണ്ണമായ സേവനമനുഷ്ഠിക്കുന്ന

ധാരാളമാളുകളുണ്ട്. കലഞ്ഞൂരിലുള്ള ഒരു പെൺകുട്ടിയെ പിണങ്ങി മാറി താമസിച്ചതിന്റെ വൈരാഗ്യത്തിൽ ഭർത്താവ് ആ കുട്ടിയുടെ കൈ രണ്ടായി വെട്ടിമുറിച്ചു. കലഞ്ഞൂരിനടുത്തുള്ള ഒരു ചെറുപ്പക്കാരനും കുടുംബാംഗങ്ങളും ചേർന്ന് വെട്ടിമാറ്റപ്പെട്ട കയ്യുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്ത് തുണികൊണ്ട് പൊതിഞ്ഞ് തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുവന്നു. സ്വകാര്യ ആശുപത്രിയിൽ കൊണ്ടുപോയപ്പോൾ 10 ലക്ഷം രൂപ വേണമെന്നും ഇവിടെ ശസ്ത്രക്രിയ നടത്താൻ സാധിക്കില്ലെന്നും പറഞ്ഞു. ആ പാവങ്ങൾക്ക് രാത്രിയിൽ 10 ലക്ഷം രൂപ എവിടെനിന്ന് എടുക്കാനാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നാട്ടിലാണ് ഈ സംഭവം നടന്നത്. അദ്ദേഹത്തിന്റെ ഓഫീസിൽനിന്ന് വിളിച്ചുപറഞ്ഞ് അന്ന് രാത്രി 12 മണിയോടുകൂടി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എല്ലാ സജ്ജീകരണങ്ങളോടുംകൂടി രണ്ട് ശസ്ത്രക്രിയകൾ നടത്തുകയും കൈകൾ തുന്നിച്ചേർത്ത് രക്തയോട്ടം ഉറപ്പാക്കി ആ കുട്ടി ജീവിതത്തിലേയ്ക്ക് തിരിച്ചുവന്നിരിക്കുകയുമാണ്. ഇതേ മെഡിക്കൽ കോളേജിലാണ് പേരറിയാത്ത ഒരു ചെറുപ്പക്കാരൻ അപകടത്തിൽപ്പെട്ടുവന്നത്.

മാസങ്ങളോളം ചികിത്സിച്ചതിനുശേഷം അദ്ദേഹത്തിന് സ്വബോധം വന്ന് തിരിച്ചുപോയി. ഇങ്ങനെ പ്രവർത്തിക്കുന്ന ആളുകളുള്ള ഇടങ്ങളിൽ അപവാദമായി ചിലരുണ്ടെന്നത് വളരെ നിർഭാഗ്യകരമായ കാര്യമാണ്. പ്രത്യേകിച്ച് രോഗം നിസ്സഹായത സൃഷ്ടിക്കും. അങ്ങനെയുള്ളവരിൽനിന്ന് 2,000 രൂപ, 3,000 രൂപ എന്നിങ്ങനെ നേരത്തെ പറഞ്ഞ തരത്തിൽ വാങ്ങുകയെന്നുപറയുന്നത് ഒരുതരത്തിലും അംഗീകരിക്കാൻ സാധിക്കുകയില്ല. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർക്ക് സ്വകാര്യ പ്രാക്ടീസ് അനുവദനീയമല്ല.

മി. സ്പീക്കർ: ഈ പ്രത്യേക കേസ് സഭയിൽ ഉന്നയിക്കപ്പെട്ട വിഷയമാണ്. അതിന്റെ നടപടി എന്താണെന്ന് സഭയെ അറിയിക്കണം.

ശ്രീമതി വീണാ ജോർജ്: സർ, സഭയിൽ ഉന്നയിക്കപ്പെട്ട വിഷയത്തിൽ ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവ സമഗ്രമായ അന്വേഷണം നടത്തുമെന്നത് ഇതിനോടകം സഭയെ അറിയിച്ചതാണ്.

മി. സ്പീക്കർ: ഇതിന്റെ അന്വേഷണ റിപ്പോർട്ട് എന്താണെന്ന് സഭയെക്കൂടി അറിയിക്കണം.

<u>ശ്രീമതി വീണാ ജോർജ്</u>: സർ, അതുചെയ്യാം. അതോടൊപ്പം ഈ ഒരു വിഷയത്തിൽ ഡി.എച്ച്.എസ്.-ൽ സ്വകാര്യ പ്രാക്ടീസ് അനുവദനീയമാണ്. പക്ഷെ ചട്ടപ്രകാരം അത് വീട്ടിൽ നടത്താവുന്നതാണ്. ആശുപത്രിയിൽ ചികിത്സയ്ക്കുള്ള രോഗികളോ അവരുടെ ബന്ധുക്കളോ അവരുടെ വീട്ടിൽ പോകേണ്ടതില്ല. സർക്കാർ ആശുപത്രികൾ ജനങ്ങളുടെ ആശുപത്രികളാണ്. ജനങ്ങൾക്ക് പരമാവധി സേവനങ്ങൾ ഉറപ്പാക്കണം. ആശുപത്രിയുടെ ഗേറ്റ് കടക്കുന്നതുമുതലുള്ള സമീപനങ്ങളും പെരുമാറ്റങ്ങളുമെല്ലാം രോഗീസൗഹൃദമാകുന്നതിനും ജനസൗഹൃദമാകുന്നതിനും വേണ്ടിയാണ് ശ്രമിക്കുന്നത്. ബഹുഭൂരിപക്ഷംപേരും വളരെ ത്യാഗപൂർണ്ണമായി പ്രവർത്തിക്കുമ്പോൾ അങ്ങനെയല്ലാതെ പ്രവർത്തിക്കുന്ന ചിലരുമുണ്ട് അവർകൂടി അത് തിരുത്തണമെന്നാണ് പറയാനുള്ളത്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, പറഞ്ഞ കാര്യങ്ങളോട് യോജിക്കുന്നുണ്ട്. പ്രൈവറ്റ് പ്രാക്ടീസ് അനുവദിച്ചിട്ടുണ്ട്. ഒരു പ്രധാനപ്പെട്ട ഡോക്ടർ രോഗിയുടെ നമ്പറിൽ വിളിച്ച് വീട്ടിൽ വരുത്തി പണം വാങ്ങുന്നത് ശരിയല്ല. ഞാൻ ഉന്നയിച്ച മറ്റൊരു കാര്യം കൂടിയുണ്ട്, അഡ്വൈസറി

ബോർഡ് മെമ്പർമാരെന്നുപറഞ്ഞ് കാശ് വാങ്ങുന്നവരെ തടയണം. അതൊന്നും നടക്കാൻ പാടില്ല. സാധാരണക്കാരെ അങ്ങനെയൊന്നും ചൂഷണം ചെയ്യാൻ പാടില്ല.

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത് വളരെ കൃത്യമായ കാര്യമാണ്. വളരെ കർശനമായ നിലപാടുതന്നെയാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്. വളരെ കൃത്യമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. പൈസ വാങ്ങിയതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. ഉത്തരവാദിത്വത്തോടുകൂടി ഈ സഭയിൽ പറഞ്ഞ വിഷയം നിശ്ചയമായി അന്വേഷിക്കുകയും അതിന്മേലുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കത്രിക വയറ്റിൽപ്പോയ വിഷയവുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞു. 2012-ലും 2016 മാർച്ച് മാസത്തിലും 2017 നവംബർ മാസത്തിലുമാണ് ആ യുവതി സിസേറിയന് വിധേയമായത്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ ആദ്യത്തെ രണ്ട് സിസേറിയൻ താമരശ്ശേരി താലൂക്ക്

ആശുപത്രിയിലും മൂന്നാമത്തേത് കോഴിക്കോട് മെഡിക്കൽ കോളേജിലുമായിരുന്നു. എവിടെയാണെങ്കിലും സർക്കാർ ആശുപത്രിയിലെ ശസ്ത്രക്രിയയിലൂടെയാണ് സംഭവം നടന്നിട്ടുള്ളത്. ആദ്യം ഒരു അന്വേഷണം നടത്തി അത് തൃപ്തികരമല്ലെന്ന് തോന്നിയതുകൊണ്ടാണ് ഞാൻ രണ്ടാമത് അന്വേഷിക്കണമെന്ന് പറഞ്ഞത്. അതുമായി ബന്ധപ്പെട്ട നടപടികൾ അന്തിമ ഘട്ടത്തിലാണ്. അതോടൊപ്പം ഈ പറഞ്ഞതുപോലെയുള്ള കാര്യങ്ങളും അതിന്റെ ഭാഗമായി സർക്കാർ പരിശോധിക്കുന്നുണ്ട്.

ആരോഗ്യ മേഖല എന്നുപറയുമ്പോൾ ആരോഗ്യ വകുപ്പ് ഒരു വ്യക്തിയല്ല, എല്ലാവരുംകൂടിച്ചേരുന്നതാണെന്ന് രാവിലെ ശ്രദ്ധക്ഷണിക്കലിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുകയുണ്ടായി. ആശവർക്കർമാർ, ജെ.പി.എച്ച്.എൻ.-മാർ, ജെ.എച്ച്.ഐ.-മാർ, നേഴ്സുമാർ, നേഴ്സിംഗ് അസിസ്റ്റൻസ്, ഡോക്ടർമാർ, ഡി.എം.ഒ.-മാർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പ്രിൻസിപ്പൽ, അഡ്മിനിസ്ട്രേറ്റീവ് തലത്തിലും മന്ത്രിയും, മുഖ്യമന്ത്രിയും അങ്ങനെയെല്ലാവരും അടങ്ങുന്നതാണ് ആരോഗ്യ വകുപ്പ്. ഇത് ഒരു ചങ്ങലയിലെ കണ്ണികൾ പോലെയാണ്. നിശ്ചയമായും

വളരെ പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുന്ന ആരോഗ്യവകുപ്പിലെ ആരോഗ്യ പ്രവർത്തകർതന്നെയാണ് ആരോഗ്യവകുപ്പിന്റെ സ്വത്ത്. പക്ഷേ അതിനിടയിൽ ജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്ന ജനദ്രോഹപരമായ ഇങ്ങനെയുള്ള സമീപനങ്ങൾ സ്വീകരിക്കുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസാക്കി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**ധനാഭ്യർത്ഥന നമ്പർ –XVIII**

**വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും**

മി. സ്പീക്കർ: വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ V-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

**അനുകൂലിക്കുന്നവർ.......**

**പ്രതികൂലിക്കുന്നവർ.......**

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ -XIX**

**കുടുംബക്ഷേമം**

<u>മി. സ്പീക്കർ</u>**:** കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ V-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 മാർച്ച് മാസം 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 2.21-ന് പിരിഞ്ഞു.)

* * * * *

**അനുബന്ധം**

1. ചോദ്യം നമ്പർ 3(*363) -ലെ (ബി) പിരിവിന്റെ ഉത്തരത്തിന്റെ വിശദാംശങ്ങൾ

അപകട ഇൻഷ്വറൻസ് പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

| | | |
|---|---|---|
| a | അപകട മരണം | 10 ലക്ഷം രൂപ |
| b | മത്സ്യബന്ധവേളയിൽ അപകട മൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| c | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| d | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| e | അപകടമരണമടഞ്ഞ മത്സ്യതൊഴിലാളികളുടെ രണ്ട് കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/-രൂപ വീതം ഒരാൾക്ക് (പരമാവധി 10,000/-രൂപ) |
| f | അപകടംമൂലം 24 മണിക്കൂറിലധികം ആശുപ്രതി ചികിത്സിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- (പരമാവധി) |
| g | ശവസംസ്കാര ചെലവ് | 2,500/- രൂപ |

2. ചോദ്യം നമ്പർ 5(*365) -ലെ (ബി) പിരിവിന്റെ ഉത്തരത്തിന്റെ വിശദാംശങ്ങൾ

**സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട്**

| ജില്ല | നിലവിലെ സ്ഥിതി |
|---|---|
| തിരുവനന്തപുരം | ഭൂമി കണ്ടെത്തുന്നതിന് ജില്ലാഭരണകൂടത്തിന്റെ സഹായത്തൊടെ നടപടികൾ കൈകൊണ്ടുവരുന്നു. |
| കൊല്ലം | നിർമ്മാണപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. |

| | |
|---|---|
| | ഉദ്ഘാടനത്തിന് സജ്ജമായി വരുന്നു. |
| പത്തനംതിട്ട | പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് നമ്പർ 25-ൽ റീസർവ്വെ നമ്പർ 206, 267/1, 284-ൽപ്പെട്ട 5 ഏക്കർ സ്ഥലം സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കെ.എസ്.എഫ്.ഡി.സി. ചെയർമാൻ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നിർദിഷ്ട ഭൂമി സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമാണോ എന്നത് സംബന്ധിച്ചും ഭൂമിയുടെ തരം സംബന്ധിച്ചുമുള്ള റിപ്പോർട്ട് പത്തനംതിട്ട ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ആലപ്പുഴ | സ്ഥലം കൈമാറ്റ നടപടികൾ അന്തിമഘട്ടത്തിലാണ്. കിഫ്ബിയുടെ അംഗീകാരത്തിനായി ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. |
| കോട്ടയം | സ്വകാര്യ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| ഇടുക്കി | ഭൂമി കണ്ടെത്തുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ ശ്രമങ്ങൾ നടത്തി വരുന്നു. |
| എറണാകുളം | ഭൂമി കണ്ടെത്തുന്നതിന് ജില്ലാഭരണകൂടത്തിന്റെ സഹായത്തോടെ ശ്രമങ്ങൾ നടത്തി വരുന്നു. |
| തൃശ്ശൂർ | സമുച്ചയത്തിനായി കണ്ടെത്തിയിട്ടുള്ള തൃശ്ശൂർ നഗരസഭയുടെ കൈവശമുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| പാലക്കാട് | നിർമ്മാണം പുരോഗമിച്ചു വരുന്നു. പെർഫോർമൻസ് ബ്ലോക്കിന്റെ അകൗസ്റ്റിക് വർക്കുകൾ, അവസാനഘട്ട |

| | |
|---|---|
| | പെയിന്റിംഗ് ജോലികൾ, ഇന്റർലോക്ക് വർക്കുകൾ, എക്സിബിഷൻ ബ്ലോക്കിന്റെ സ്ട്രക്ചറൽ വർക്കുകൾ എന്നിവ നടന്നു വരുന്നു. |
| മലപ്പുറം | വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. |
| കോഴിക്കോട് | ഭൂമി കണ്ടെത്തുന്നതിന് ജില്ലാഭരണകൂടത്തിന്റെ സഹായത്തൊടെ നടപടികൾ കൈക്കൊണ്ടുവരുന്നു. |
| കണ്ണൂർ | കണ്ണൂർ ജില്ലയിൽ, തലശ്ശേരി താലൂക്കിൽ പാട്യം വില്ലേജിൽ സർവ്വെ നം.24/3, 25/3-ൽപ്പെട്ട 2.15 ഏക്കർ സ്വകാര്യ ഭൂമിയും പാട്യം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 89.06 സെന്റ് ഭൂമിയും ഉൾപ്പെടെ ആകെ 3.04 ഏക്കർ ഭൂമിയിലാണ് സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നത്. സ്വകാര്യ ഭൂമി 2013-ലെ RFCTLARR ആക്ട് പ്രകാരം ഏറ്റെടുത്ത് സാംസ്കാരിക വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. പാട്യം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 89.06 സെന്റ് ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡി.പി.അആർ. കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| വയനാട് | ഭൂമി കണ്ടെത്തുന്നതിന് ജില്ലാഭരണകൂടത്തിന്റെ സഹായത്തോടെ ശ്രമങ്ങൾ നടത്തി വരുന്നു. |
| കാസർഗോഡ് | നിർമ്മാണം പുരോഗമിച്ചുവരികയാണ്. |

## 3. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## വന്യജീവി ആക്രമണം തടയാൻ ഫെൻസിംഗ്

6 (*366) ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം നേരിടുന്ന ജനവാസ മേഖലകൾക്ക് ചുറ്റും ഫെൻസിംഗ് സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

വയനാട് സൗത്ത് ഡിവിഷന്റെ കീഴിൽ 20.62 കിലോമീറ്റർ, വയനാട് നോർത്ത് ഡിവിഷന്റെ കീഴിൽ 47.15 കോട്ടയം ഡിവിഷനുകീഴിൽ 1 കിലോമീറ്റർ, മലയാറ്റൂർ ഡിവിഷനുകീഴിൽ 10.5 കിലോമീറ്റർ, തൃശ്ശൂർ ഡിവിഷനുകീഴിൽ 54.475 കിലോമീറ്റർ, ചാലക്കുടി ഡിവിഷനുകീഴിൽ 6.6 കിലോമീറ്റർ എന്നിവിടങ്ങളിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വയനാട് ഡിവിഷന്റെ പരിധിയിലെ റെയിഞ്ചുകളിൽ വന്യജീവി പ്രശ്നം നേരിടുന്ന ജനവാസ മേഖലകളായ മുത്തങ്ങ റെയിഞ്ചിലെ അയനിപ്പുര മുതൽ പൂമുറ്റം വരെ 2.00 കിലോമീറ്റർ സോളാർ ഹാങ്ങിംഗ് ഫെൻസ് 2022-23 സാമ്പത്തിക വർഷത്തിൽ നിർമ്മാണം പൂർത്തിയാക്കിവരുന്നുണ്ട്, കൂടാതെ ടി റെയിഞ്ചിലെ കുളകുന്ന് മുതൽ ആനഞ്ചിറ വരെയുള്ള സോളാർ ഹാങ്ങിംഗ് ഫെൻസിംഗിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നോർത്ത് വയനാട് ഡിവിഷനുകീഴിലെ ബേഗൂർ റെയിഞ്ചിന്റെ പരിധിയിൽ കൂടൽക്കടവ് മുതൽ പാൽവെളിച്ചം വരെവരുന്ന 4.68 കിലോമീറ്റർ ദൂരം ക്രാഷ് ഗാർഡ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മാനന്തവാടി എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി പാൽവെളിച്ചം മുതൽ ബാവലി വരെ 3.12 കിലോമീറ്റർ, വരയാൽ താരാബായി-1.5 കിലോമീറ്റർ, മുത്തുമാരി-ചാത്തനാട്-3 കിലോമീറ്റർ, ഇരുമ്പുപാലം-കാപ്പിക്കണ്ടി-6 കിലോമീറ്റർ, ഓലഞ്ചേരി-കാപ്പിക്കണ്ടി-2 കിലോമീറ്റർ, കാപ്പിക്കണ്ടി-കാളിന്ദി-1.5 കിലോമീറ്റർ, അരണപ്പാറ-തോൽപ്പട്ടി-3.5 കിലോമീറ്റർ എന്നീ സ്ഥലങ്ങളിൽ

ഹാങ്ങിംഗ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. സൗത്ത് വയനാട് ഡിവിഷനിൽ ബഹുമാനപ്പെട്ട എം.എൽ.എ-മാരുടെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി 24.45 കിലോമീറ്റർ ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിൽ 13.15 കിലോമീറ്റർ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി വർക്ക് അവാർഡ് ചെയ്തിട്ടുള്ളതാണ്. 11.2 കിലോമീറ്റർ ദൂരത്തിൽ ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് വയനാട് പാക്കേജിലുൾപ്പെടുത്തി ജില്ലാ കളക്ടർ, വയനാടിന് ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. 11.5 കി.മീറ്റർ ദൂരത്തിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതിയും സൗത്ത് വയനാട് ഡിവിഷനിൽ ലഭിച്ചിട്ടുണ്ട്. കോട്ടയം വൈൽഡ് ലൈഫ് സർക്കിളിനുകീഴിലെ ഇടുക്കിവൈൽഡ് ലൈഫ് ഡിവിഷനിൽ കിഴകാനം സെക്ഷനിലെ മുല്ല ഏരിയയിൽ ഒരു കിലോമീറ്റർ ദൂരത്തിൽ സോളാർ ഫെൻസിംഗുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ജോലികൾ പുരോഗമിച്ചുവരുന്നതുമാണ്.

മലയാറ്റൂർ ഡിവിഷന്റെ പരിധിയിൽ 2022-23 വർഷത്തിൽ സൗരോർജ്ജവേലി നിർമ്മാണം 10.50 കിലോമീറ്റർ ദൂരത്തിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. തൃശ്ശൂർ ഡിവിഷനിൽ വന്യമിത്ര സംയോജിത പദ്ധതിയിലുൾപ്പെടുത്തി സൗരോർജ്ജവേലി നിർമ്മാണവുമായി ബന്ധപ്പെട്ട് ജില്ല പ്ലാനിംഗ് ഓഫീസർക്ക് (54.475 കിലോമീറ്റർ ദൂരത്തിൽ) പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ചാലക്കുടി ഡിവിഷനിൽ വരന്തരപ്പിള്ളി പ്രദേശത്ത് സൗരോർജ്ജവേലി നിർമ്മാണവുമായി ബന്ധപ്പെട്ട് 2.5 കി.മീറ്റർ നടാപ്പാടം/പുലിക്കണ്ണിയിൽ പണി തുടങ്ങിയിട്ടുണ്ട്. കള്ളിചിത്ര ട്രൈബൽ കോളനിയിൽ ഒരു കിലോമീറ്ററും ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്. തെക്കുംകര-വാഴാനി പ്രദേശത്ത് 1.6 കിലോമീറ്റർ ദൂരത്തിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. പട്ടിക്കാട് (കുതിരാൻ) പ്രദേശത്ത് 1.50 കിലോമീറ്റർ ദൂരത്തിൽ സോളാർ ഫെൻസിംഗ് നടപ്പാക്കുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ആനയടക്കമുള്ള വന്യമൃഗങ്ങളെ പ്രതിരോധിക്കാൻ ഏതുതരം ഫെൻസിംഗാണ് മികച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ; ആനകളുടെ ആക്രമണം കൂടുതലുള്ള സ്ഥലങ്ങളിൽ ആനമതിൽ നിർമ്മിക്കാൻ തയ്യാറാകുമോ?

ആനയടക്കമുള്ള വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിന് ഫലപ്രദമായ ഫെൻസിംഗ് ഏതാണെന്ന് സംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. ഓരോ പ്രദേശത്തിന്റെയും ഘടനയ്ക്കനുസരിച്ചുള്ള ഫെൻസിംഗാണ് കൂടുതൽ ഉത്തമം. ഫണ്ടിന്റെ ലഭ്യതയും സ്ഥലത്തിന്റെ ഘടനയും അടിസ്ഥാനമാക്കി ആനമതിൽ ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്.

(സി) വന്യജീവി ആക്രമണം നേരിടുന്ന ജനവാസ മേഖലകൾക്ക് ചുറ്റും സോളാർ ഫെൻസിംഗ് സ്ഥാപിക്കാനുള്ള നടപടിയുടെ പുരോഗതി വിശദമാക്കാമോ?

ഹൈറേഞ്ച് സർക്കിൾ, സെൻട്രൽ സർക്കിൾ, ഈസ്റ്റേൺ സർക്കിൾ, നോർത്തേൺ സർക്കിൾ എന്നീ ടെറിട്ടോറിയൽ സർക്കിളുകളിലായി NABARD Tranche XXVIII (2022-2023) പദ്ധതിയിലുൾപ്പെടുത്തി

വനാതിർത്തികളിൽ ഭൗതിക പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനായി (സോളാർ ഫെൻസിംഗ് ഉൾപ്പെടെ) ഈസ്റ്റേൺ സർക്കിളിലെ പ്രവൃത്തികൾക്ക് 586.11 ലക്ഷം രൂപയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഡി) വന്യജീവി ആക്രമണങ്ങളിൽനിന്നും സംരക്ഷണം നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വനംവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

തിരുവനന്തപുരം ഡിവിഷന്റെ പരിധിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സോളാർ ഫെൻസിംഗുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേയ്ക്ക് 13-01-2023-ൽ കൂടിയ ജില്ലാതല കോ-ഓഡിനേഷൻ കമ്മിറ്റിയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. തെന്മല ഡിവിഷൻ പരിധിയിൽ ഒരു പദ്ധതി തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സോളാർ ഫെൻസിംഗുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ പരിപാലിക്കുന്നതിന് കോട്ടയം, മറയൂർ, മാങ്കുളം ഡിവിഷനുകളിലും

നടപടികൾ സ്വീകരിച്ചുവരുന്നു. നോർത്തേൺ സർക്കിൾ കണ്ണൂരിൽ ഉൾപ്പെട്ടുവരുന്ന ഡിവിഷനുകളിലും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കാസർഗോഡ് ഡിവിഷനിലെ ദേലംപാടി, കാറഡുക്ക, മൂളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ ഗ്രാമപഞ്ചായത്തുകളിൽ കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്താൽ കാറഡുക്ക ആന പ്രതിരോധ പദ്ധതി (KAPP-2021) എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കുകയും കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വനാതിർത്തിയിൽ 29.00 കിലോമീറ്റർ സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കാൻ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 8.00 കിലോമീറ്റർ ദൂരം പ്രവൃത്തി ഇതിനോടകം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിവരുന്ന 21 കിലോമീറ്റർ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തിയായി വരുന്നുണ്ട്. കോഴിക്കോട് ഡിവിഷനിൽ താമരശ്ശേരി റെയിഞ്ചിനുകീഴിൽ കട്ടിപ്പാറ, പുതുപ്പാടി, കോടഞ്ചേരി, തിരുവമ്പാടി, കൂടരഞ്ഞി പഞ്ചായത്തുകളുടെ നേതൃത്വത്തിൽ 10 കിലോമീറ്ററിലധികം ഫെൻസിംഗ്

സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ ഡിവിഷനിൽ ത്രിതല പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് തളിപ്പറമ്പ് റെയിഞ്ചിൽ പയ്യാവൂർ ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം വഞ്ചിയം മുതൽ ആനപ്പാറ വരെ 11 കി.മീറ്റർ സോളാർ ഫെൻസിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. സൗത്ത് വയനാട് ഡിവിഷനിൽ മേപ്പാടി റെയിഞ്ചിൽ മൂപ്പൈനാട് പഞ്ചായത്തിന്റെ സഹായത്തോടെ 700 മീറ്റർ സോളാർ ഹാങ്ങിംഗ് ഫെൻസിംഗ് നിർമ്മാണപ്രവൃത്തി 2022-23 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

## ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം

7 (*367) ശ്രീ. ജി. എസ് ജയലാൽ :
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ ഉപപദ്ധതികളിലുണ്ടാകുന്ന വിടവുകൾ നികത്തുന്നതിനുവേണ്ടി ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ:

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി, പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് മതിയായ തുക അനുവദിക്കുന്നതിന് കഴിയുമോ; വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ ഉപപദ്ധതികളിലുണ്ടാകുന്ന വിടവുകൾ നികത്തുന്നതിനുവേണ്ടി ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം (കോർപ്പസ് ഫണ്ട്) നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+ .

പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി, പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് തുക അനുവദിക്കാൻ കഴിയുന്നതാണ്. കൂടാതെ പട്ടികജാതി, പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് അംബേദ്കർ ഗ്രാമ/സെറ്റിൽമെന്റ് വികസന പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങളുടെ നൈപുണ്യ പരിശീലനം, വിദ്യാഭ്യാസ പുരോഗതി എന്നിവ ഉറപ്പാക്കുന്നതിന് പ്രസ്തുത ഫണ്ട് ഉപയോഗിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം, സാംസ്കാരികം, കായികം തുടങ്ങിയവ) ഉതകുന്ന പ്രൊജക്ടുകൾ DIET-ന്റെ സഹായത്തോടെ തയ്യാറാക്കി ജില്ലാതല സമിതി പുനഃപരിശോധിച്ച് നിർവ്വഹണം നടത്തുന്നു. എന്നാൽ നൈപുണ്യ പരിശീലനം ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് (കോർപ്പസ് ഫണ്ട്) മുഖേന നടപ്പിലാക്കാൻ പാടില്ലെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന യുവജനങ്ങളുടെ നൈപുണ്യ വികസനത്തിനും വിദ്യാഭ്യാസ പുരോഗതിക്കുമായി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നു. വിദ്യാഭ്യാസ ധനസഹായ പദ്ധതികൾക്കും തുക അനുവദിക്കുന്നതാണ്. നൈപുണ്യ വികസന പദ്ധതി ശീർഷകത്തിൽ തുക ആവശ്യത്തിന് ലഭ്യമാകാത്ത അവസരത്തിൽ കോർപ്പസ് ഫണ്ടിൽ തുക വകയിരുത്തി പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നൈപുണ്യ

പരിശീലന പദ്ധതിപ്രകാരം അഭ്യസ്തവിദ്യർക്കും വിദ്യാഭ്യാസം കുറഞ്ഞ പട്ടികവർഗ്ഗക്കാർക്കും പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രോജക്ടുകൾക്ക് അംഗീകാരവും അനുമതിയും നൽകുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രോജക്ടുകൾക്ക് അംഗീകാരവും അനുമതിയും നൽകുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് അനുമതി ജില്ലാതലത്തിലാണ് നൽകുന്നത്. ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജില്ലാ പ്ലാനിംഗ് ഓഫീസർ (കോ-ഓർഡിനേറ്റർ), ജില്ലാ പട്ടികജാതി വികസന ഓഫീസർ (കൺവീനർ) എന്നിവർ അംഗങ്ങളായ കമ്മിറ്റി പ്രൊജക്ടുകൾ പരിശോധിക്കുകയും മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്യുന്നു. ജില്ലാതല സമിതി അംഗീകരിച്ച പ്രോജക്ടുകൾക്ക് മുൻഗണനാക്രമത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാ

കളക്ടർ ഭരണാനുമതി ഉത്തരവ് നൽകുകയും ചെയ്യുന്നു. 25 ലക്ഷം രൂപയിൽ അധികരിക്കുന്ന പദ്ധതികൾ ജില്ലാതല സമിതിയുടെ തീരുമാനപ്രകാരം സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ നടപ്പിലാക്കിവരുന്നു.

പട്ടികവർഗ വികസന വകുപ്പിനുകീഴിൽ, ജില്ലകളിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരവും അനുമതിയും നൽകുന്നതിനായി പട്ടികജാതി/ പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ അംഗീകാരത്തോടെ 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾ ജില്ലാതലത്തിൽ നടപ്പിലാക്കും. അതിനുമുകളിലുള്ള പദ്ധതികൾ ഈ കമ്മിറ്റിയുടെ ശിപാർശയോടെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്. എന്നാൽ റോഡ്/പാലം നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ ജില്ലാതല കമ്മിറ്റിയുടെ ശിപാർശയോടെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പാണ് അനുമതി നൽകുന്നത്. ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ ടി കമ്മിറ്റി യഥാസമയം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

**തൊഴിൽതീരം പദ്ധതി**

8 (*368) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. പി. എസ്. സുപാൽ:

ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) വൈജ്ഞാനിക ലോകത്ത് സംസ്ഥാനം വളരെയേറെ മുന്നോട്ട് പോകുമ്പോഴും തീരദേശ ജനതയുടെ വൈജ്ഞാനിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

തീരദേശ ജനതയുടെ വൈജ്ഞാനിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായുള്ള പദ്ധതികൾ ആരംഭിക്കുന്നതിന്റെ ആവശ്യകത പരിശോധന വിധേയമാക്കിയിട്ടുണ്ട്.

തീരദേശ ജനതയുടെ വൈജ്ഞാനിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി സ്കൂൾതലത്തിലും കോളേജുതലത്തിലുമുള്ള

വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ പരിശീലനംകൂടി ഉറപ്പുവരുത്തുന്നതിനും വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ രംഗത്തെ ജെന്റർ വിവേചനം കുറയ്ക്കുന്നതിനും യുവാക്കളുടെ സംരംഭകത്വശീലങ്ങൾ വളർത്തിയെടുക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി 'കേരള നോളജ് ഇക്കോണമി മിഷന്റെ' സഹകരണത്തോടെ വകുപ്പുതലത്തിൽ ശിൽപശാല സംഘടിപ്പിക്കുകയും വകുപ്പ് നടപ്പാക്കുന്ന ക്ഷേമം, വികസന പദ്ധതികൾ എന്നിവയിൽ കേരള നോളജ് ഇക്കോണമി മിഷന്റെ സേവനം പ്രയോജനപ്പെടുത്തുന്നതുസംബന്ധിച്ച് 28-11-2022-ന് ചേർന്ന യോഗം തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ മേഖലാ ഓഫീസുകൾ മുഖേനയും സാഫ്, മത്സ്യഫെഡ് തുടങ്ങി വകുപ്പിന്റെ വിവിധ ഏജൻസികൾ മുഖേനയും നോളജ് ഇക്കോണമി മിഷൻവഴിയും ഇതിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിന്റെ

ഭാഗമായി സ്റ്റൈപ്പന്റോടുകൂടി 8 മാസം നീളുന്ന അക്വാകൾച്ചർ പരിശീലനം, മത്സ്യബന്ധന യാനങ്ങളിലെ ഡെക്ക് ഹാൻഡ്, എഞ്ചിൻ ഡ്രൈവർ, സ്രാങ്ക് എന്നിവർക്കായുള്ള സാങ്കേതിക പരിശീലന പരിപാടികളും എൻ.എഫ്.ഡി.ബി ഫണ്ട് ഉപയോഗിച്ച് മത്സ്യമേഖലയിലെ വനിതകൾക്കായി നൈപുണ്യ പരിശീലന പരിപാടികളും ഓരോ വർഷവും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആൻഡ് മാനേജ്മെന്റ് (NIFAM) ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ട്രെയിനിംഗ്) ഓഫീസ് മുഖേന നൽകിവരുന്നു.

(ബി) മത്സ്യത്തൊഴിലാളി സമൂഹത്തിലെ യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനവും തൊഴിലും ഉറപ്പാക്കുന്നതിനുവേണ്ടി തൊഴിൽതീരം പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

മത്സ്യത്തൊഴിലാളി സമൂഹത്തിലെ യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനവും തൊഴിലും ഉറപ്പാക്കുന്നതിന് 'തൊഴിൽ തീരം' പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ മത്സ്യഫെഡ്, സാഫ്, നിഫാം തുടങ്ങിയ ഏജൻസികൾവഴി മത്സ്യത്തൊഴിലാളി സമൂഹത്തിലെ യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനവും തൊഴിലും ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്.

**(സി) കേരള നോളജ് ഇക്കോണമി മിഷനുമായി സഹകരിച്ച് മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കുന്ന തൊഴിൽ തീരം പദ്ധതിയുടെ സമീപനരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?**

കേരള നോളജ് ഇക്കോണമി മിഷനുമായി സഹകരിച്ച് മത്സ്യബന്ധന വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 'തൊഴിൽ തീരം' പദ്ധതിയുടെ സമീപന രേഖ തയ്യാറാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമ വികസന പദ്ധതികളിൽ കേരള നോളജ് ഇക്കോണമി മിഷന്റെ സേവനം പ്രയോജനപ്പെടുത്തി കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിന് ഫിഷറീസ് വകുപ്പും സാഫ്, മത്സ്യഫെഡ് എന്നീ ഏജൻസികളുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയോടൊപ്പം തീരദേശ ജനതയുടെ സാമൂഹിക, വിദ്യാഭ്യാസ, തൊഴിൽ അവസ്ഥകളെ സംബന്ധിച്ച് സമഗ്ര സർവേ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

തീരദേശ ജനതയുടെ സാമൂഹികം, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, പാർപ്പിടം, അടിസ്ഥാന സൗകര്യം, വസ്തുവകകൾ തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുന്നതിന് സമഗ്ര സർവ്വേ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 2022-23 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ മറൈൻ, ഇൻലാന്റ് മേഖലകളിലായി അധിവസിക്കുന്ന 2.3 ലക്ഷം കുടുംബങ്ങളെയുൾപ്പെടുത്തി സർവ്വേ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

**പഠനത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കാൻ പദ്ധതി**

9 (*369) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും

ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടെയും കൊഴിഞ്ഞുപോക്കിന്റെയും നിരക്ക് കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടെയും കൊഴിഞ്ഞുപോക്കിന്റെയും നിരക്ക് കുറയ്ക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന പദ്ധതികൾ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായകരവുമായ രീതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. പ്രീ-മെട്രിക് സ്കോളർഷിപ്പ്

2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

3. ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

4. പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

5. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

6. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

7. റാങ്ക് ജേതാക്കൾക്ക് സ്വർണ്ണമെഡൽ

8. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷക്ക് പ്രത്യേക പരിശീലനം

9. ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം

10. സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളിൽ സൗജന്യ അംഗത്വം

11. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി

12. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമൂഹ്യപഠനമുറി

13. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെന്റർ പദ്ധതി

14. മോഡൽ പ്രീ സ്കൂൾ

15. വിദ്യാവാഹിനി പദ്ധതി (ഗോത്ര സാരഥി)

16. ബി.ടെക് കോഴ്സ് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് റെമഡിയൽ കോച്ചിംഗ്

17. ബിടെക് കോഴ്സ് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി.യുടെ മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി “സമുന്നതി" പദ്ധതി

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിവരുന്ന ധനസഹായങ്ങൾ ജീവിതച്ചെലവിനനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ലംപ്സംഗ്രാന്റ്, ഹോസ്റ്റൽ ഫീസ്, സ്റ്റൈപന്റ്, പോക്കറ്റ് മണി എന്നിവ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

10 (*370) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u>

ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

ഉണ്ട്. താൽക്കാലിക തടയണകൾ ആവശ്യം വരുന്നമുറയ്ക്ക് അതത് പദ്ധതിയുടെ ഉറവിടത്തിനുസമീപം താൽക്കാലിക തടയണ നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്താറുണ്ട്. സ്ഥിര തടയണകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് സ്ഥാപിക്കുന്നു. കടുത്ത വേനലിൽ ഉപഭോഗം വർദ്ധിക്കുന്ന സാഹചര്യത്തിൽ ഷിഫ്റ്റ് സമ്പ്രദായ വിതരണവും ഒന്നിടവിട്ട ദിനങ്ങളിലെ വിതരണവും ഏർപ്പെടുത്താറുണ്ട്. അതുപോലെ ലീക്കുകൾ പരിഹരിക്കുന്നതിനായി ബ്ലൂബ്രിഗേഡ് സംവിധാനം ഉപയോഗപ്പെടുത്തി ജലനഷ്ടം പരിഹരിക്കാനും അതിലൂടെ പൊതുജനങ്ങൾക്ക് ജലം ഉപയുക്തമാക്കാനും സാധിക്കുന്നുണ്ട്. ജലദുരുപയോഗം തടയുന്നതിനായി സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ

മോട്ടോർ പമ്പ്സെറ്റുകളുടെ കേടുപാടുകൾ തീർക്കുകയും സ്റ്റാന്റ് ബൈ മോട്ടോറുകൾ, വാൽവുകൾ എന്നിവ പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നതിനാവശ്യമായ വെള്ളം ടാങ്കറുകളിൽ നിറച്ച് നൽകുന്നതിനാവശ്യമായ ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കിയിട്ടുണ്ട്. വരൾച്ച ദുരിതാശ്വാസ പദ്ധതി, സംസ്ഥാന പദ്ധതി, നിക്ഷേപപ്രവൃത്തി, ജലജീവൻ മിഷൻ എന്നിവയിലുൾപ്പെടുത്തി കൂടുതൽ കാര്യക്ഷമമായ മോട്ടോർ പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിനും കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റുന്നതിനും കൂടുതൽ ശേഷിയുള്ള പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിനും ആവശ്യമുള്ള ഇടങ്ങളിൽ പൈപ്പ്ലൈനുകൾ നീട്ടി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി KRWSA വഴി നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള വിതരണ പദ്ധതികളിൽ ഭൂഗർഭ ജലപരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

വേനൽക്കാലത്തുൾപ്പെടെ കുടിവെള്ളക്ഷാമം നേരിടുന്നതിന് മഴവെള്ള സംഭരണികൾ സ്ഥാപിച്ചുനൽകുന്ന പദ്ധതിയും KRWSA നടപ്പിലാക്കിവരുന്നു.

മറ്റ് കുടിവെള്ള പദ്ധതികളൊന്നും നിലവിലില്ലാത്ത സ്ഥലങ്ങളിൽ കുടിവെള്ളം നൽകുന്നതിനായി കുഴൽക്കിണർ/ട്യൂബ് വെൽ ജലസ്രോതസ്സുകളായിട്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ട്. വിവിധ ജില്ലകളിലായി ഈ സാമ്പത്തിക വർഷം 26 പുതിയ കുടിവെള്ള പദ്ധതികളും 19 കുടിവെള്ള പദ്ധതി പുനരുദ്ധാരണവും 125 ഹാന്റ് പമ്പ് റിപ്പയറും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ അനുമതി നൽകിയിട്ടുള്ള കുടിവെള്ള പദ്ധതി പുനരുദ്ധാരണവും 14 പുതിയ കുടിവെള്ള പദ്ധതികളും മാർച്ച് 31-നുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കും. ഈ പദ്ധതികളും മുൻകാലങ്ങളിൽ ചെയ്ത പദ്ധതികളും കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ ഒരു പരിധിവരെ കുടിവെള്ളം ലഭിക്കുന്നതിന് സഹായകമാകുന്നതാണ്.

(ബി) കുടിവെള്ളക്ഷാമം രൂക്ഷമായ തീരദേശ മേഖലയിൽ തടസ്സരഹിതമായി കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം

പദ്ധതികളാണ് നിലവിലുള്ളതെന്നും അവ കാര്യക്ഷമമാണോയെന്നും വിശദമാക്കുമോ?

തീരദേശ മേഖലകളിലെ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

**ആനത്താരകളുടെ പുനർ നിർമ്മാണ പദ്ധതി**

11 (*371) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവാസ കേന്ദ്രങ്ങളിൽ കാട്ടാനകളുടെ ആക്രമണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആനത്താരകളുടെ പുനർനിർമ്മാണ പദ്ധതി വനം വകുപ്പിന്റെ പരിഗണനയിലുണ്ടോ?

പരിഗണനയിലുണ്ട്. കേരളത്തിൽ പ്രധാനമായും ഏഴ് ആനത്താരകളാണ് കണ്ടെത്തിയിട്ടുള്ളത്. ആയവ സംബന്ധിച്ചുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരുനെല്ലി-കുദ്രക്കോട്

തിരുനെല്ലി-കുദ്രക്കോട് ആനത്താര കേരളത്തിന്റേതുമാത്രമായ ഒരു ആനത്താരയാണ്. ഇതിന്റെ നീളം 6 കിലോമീറ്ററും വീതി ഒന്നു മുതൽ 1.5 കിലോമീറ്ററുമാണ്. ഈ ആനത്താര പൂർണ്ണമായി ഏറ്റെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ആനത്താര വയനാട് വന്യജീവി സങ്കേതത്തിനുകീഴിൽ വരുന്ന തിരുൾക്കുന്ന്, 15.08.2015-ലെ ജി.ഒ (പി) 56/2015/വനം പ്രകാരം വന്യജീവിസങ്കേതമായി പ്രഖ്യാപിച്ച് 3.53 ഏക്കർ, വലിയഎമ്മടി, 15.08.2015-ലെ ജി.ഒ (പി) 57/2015/വനം പ്രകാരം വന്യജീവി സങ്കേതമായി 6.1 ഏക്കർ, കോട്ടപ്പടി, 15.08.2015-ലെ ജി.ഒ (പി) 58/2015/വനം പ്രകാരം റിസർവ് ഫോറസ്റ്റായി 8.37 ഏക്കർ എന്നിങ്ങനെ ഏറ്റെടുത്തിട്ടുള്ളതാണ്. മേൽപ്പറഞ്ഞ ആനത്താരയിൽപ്പെട്ട സ്ഥലങ്ങൾ വനം വകുപ്പ് സംരക്ഷിച്ച് പരിപാലിച്ചുവരുന്നു.

2. നിലമ്പൂർ കോവിലകം-ന്യൂഅമരമ്പലം

നിലമ്പൂർ കോവിലകം-നൃഅമരമ്പലം ആനത്താര കേരളത്തിന്റേതുമാത്രമായ ഒരു ആനത്താരയാണ്. ഈ ആനത്താരയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമില്ല. ഇതിന്റെ നീളം ഒരു കിലോമീറ്ററും വീതി അര കിലോമീറ്ററുമാണ്. നിലമ്പൂർ കോവിലകം-നൃഅമരമ്പലം, ആനത്താരയിലൂടെ കടന്നുപോകുന്ന നിലമ്പൂർ, ഗൂഡല്ലൂർ അന്തർസംസ്ഥാന പാതയിൽ നവീകരണപ്രവർത്തനങ്ങൾ നടത്തിയപ്പോൾ ആന, റോഡ് മുറിച്ചുകടക്കുന്ന സ്ഥലങ്ങളിൽ താഴ്ന്നഭാഗങ്ങളിൽ റാമ്പുകൾ ഒരുക്കിയും ഉയർന്ന ഭാഗങ്ങളിൽ മൺതിട്ടകൾ നിരപ്പാക്കിയും റോഡിന്റെ പാർശ്വഭിത്തിയുടെ ഉയരം കുറച്ചും ആനകളുടെ സഞ്ചാരത്തിന് സൗകര്യമൊരുക്കിയിട്ടുണ്ട്. കൂടാതെ ആനകൾ റോഡ് മുറിച്ചുകടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി പൊതുജന അവബോധത്തിന് മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആനകളുൾപ്പടെയുള്ള വന്യജീവികളുടെ സഞ്ചാരം നിരീക്ഷിക്കുന്നതിന് നിശ്ചിത കാലയളവുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുവരുന്നുണ്ട്.

3. നിലമ്പൂർ-അപ്പൻകാപ്പ്

നിലമ്പൂർ നോർത്ത് ഡിവിഷനിൽ കാട്ടാനകൾ മനുഷ്യവാസ പ്രദേശത്ത് ഇറങ്ങുന്നത് ഒഴിവാക്കുന്നതിന് നിലമ്പൂർ-അപ്പൻകാപ്പ് ഇടനാഴി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഇടനാഴി നിലമ്പൂർ നോർത്ത് ഡിവിഷനിലെ നിലമ്പൂർ, വഴിക്കടവ് റെയിഞ്ചുകളെ ബന്ധിപ്പിക്കുന്നതാണ്. ഈ ഇടനാഴി കേരള-തമിഴ്നാട് അന്തർ-സംസ്ഥാന അതിർത്തിയിലാണ് സ്ഥിതിചെയ്യുന്നത്. ആനകൾ സൗത്ത് വയനാട് ഡിവിഷനിൽനിന്നും തമിഴ്നാട്ടിലെ ഗൂഡല്ലൂർ ഫോറസ്റ്റ് ഡിവിഷൻവഴി നിലമ്പൂർ സൗത്ത് ഡിവിഷനിലേയ്ക്കും ഈ ഇടനാഴിയിലൂടെ യാത്ര ചെയ്യുന്നുണ്ട്. ഈ ഇടനാഴിക്ക് 0.4 കിലോമീറ്റർ നീളവും 0.5 കിലോമീറ്റർ വീതിയുമുണ്ട്. ഈ പദ്ധതിക്ക് നിലമ്പൂർ നോർത്ത് ഡിവിഷനിലുൾപ്പെടുന്ന നിലമ്പൂർ താലൂക്കിലെ പോത്തുങ്കൽ വില്ലേജിൽ സ്വകാര്യവ്യക്തികളുടെ കൈവശമുള്ള 6 എസ്റ്റേറ്റുകളിൽ നിന്നായി 22.8271 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്.

4. മുതമല-നിലമ്പൂർ 'ഒ' വാലി

ഇത് ഒരു അന്തർ-സംസ്ഥാന ആനത്താരയാണ്. ഇതിൽ കേരള സംസ്ഥാനത്തിന്റെ ഭാഗം വരുന്ന സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമില്ലാത്തതുമാണ്. ഇത് നിലമ്പൂർ നോർത്ത് ഡിവിഷനും തമിഴ്നാട്ടിലെ മുതുമലൈ ടൈഗർ റിസർവ്വുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു ഇടനാഴിയാണ്. ഇതിന് 35 കിലോ മീറ്റർ നീളവും 0.1 കിലോ മീറ്റർ വീതിയുമുള്ളതാണ്.

5. പേരിയ-പക്രാന്താളം

ഇത് കേരളത്തിന്റെ ഒരു ആനത്താരയാണ്. ഇതിന്റെ നീളം 0.5 കിലോമീറ്ററും, വീതി 0.2 കിലോമീറ്ററുമാണ്. ഈ ആനത്താരയുടെ സ്ഥലം ഏറ്റെടുക്കാനുണ്ട്. ഇത് വയനാട് നോർത്ത് ഡിവിഷനിൽ സ്ഥിതിചെയ്യുന്ന ഒരു ആനത്താരയാണ്.

6. ബേഗൂർ-ബ്രഹ്മഗിരി

ഇത് ഒരു അന്തർ-സംസ്ഥാന ആനത്താരയാണ്. ഇതിന്റെ നീളം ഒരു കിലോമീറ്ററും വീതി 0.8 കിലോമീറ്ററുമാണ്. ഈ ആനത്താരയുടെ സ്ഥലം ഏറ്റെടുക്കാനുള്ളതാണ്. ഇത് കേരളത്തിലെ വയനാട് വന്യജീവി സങ്കേതവും

കർണ്ണാടകത്തിലെ ബ്രഹ്മഗിരി വന്യജീവി സങ്കേതവും നാഗർഹോള ടൈഗർ റിസർവ്വുമായും ബന്ധപ്പെട്ട് കിടക്കുന്നു.

7. കൊട്ടിയൂർ-പേരിയ

ഇത് കേരള സംസ്ഥാനത്തിന്റെ ഒരു ആനത്താരയാണ്. ഇതിന്റെ നീളം 3.0 കിലോമീറ്ററും വീതി 0.1 കിലോമീറ്ററുമാണ്. ഈ ആനത്താരയുടെ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇത് കണ്ണൂർ ഡിവിഷന്റെയും വയനാട് നോർത്ത് ഡിവിഷന്റെയും ഭാഗമായിട്ടുള്ള ഒരു ആനത്താരയാണ്.

(ബി) വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയിലെ വിദഗ്ധരായ ശാസ്ത്രജ്ഞർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പഠനം നടത്തി ആനത്താരകൾ നിർമ്മിച്ചാൽ കാട്ടാനകളുടെ ആക്രമണം തടയാമെന്ന റിപ്പോർട്ട് സമർപ്പിച്ചിട്ടും പദ്ധതി നടപ്പാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയിഞ്ചിൽപ്പെട്ട തിരുനെല്ലി- കുദ്രക്കോട് ആനത്താര പ്രദേശത്തെ 32 ഏക്കർ സ്ഥലം

വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ ഏറ്റെടുക്കുകയും നിലവിൽ വനഭൂമിയായി സംരക്ഷിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ കൊട്ടിയൂർ-പേരിയ ആനത്താരയിൽപ്പെട്ട സി.ആർ.പി കുന്ന് എന്ന സ്ഥലത്ത് 4.8 ഹെക്ടർ ഭൂമി, ഇതുവരെ വനംവകുപ്പ് ഏറ്റെടുത്തിട്ടുമുണ്ട്. കൊട്ടിയൂർ-പേര്യ ആനത്താരയിൽ ഉൾപ്പെട്ട റവന്യൂഭൂമി ഏറ്റെടുക്കുന്നതിന് വയനാട് ജില്ലാ കളക്ടറെ നിയോഗിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാകുന്നതിനായി വനം വകുപ്പ് റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ WTI യുടെ "Right of Passage " എന്ന പുസ്തകത്തിലുൾപ്പെടുത്തിയ നോർത്ത് വയനാട് ഡിവിഷനിലെ പേരിയ-കൊട്ടിയൂർ, പേരിയ-പക്രന്തളം എന്നീ ആനത്താരകളുടെ നിരീക്ഷണത്തിനുള്ള അനുമതിക്കായി WTI അപേക്ഷ സമർപ്പിക്കുകയും ആയതിൽ തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇതിനായി സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ?

വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ പഠനത്തിൽ കണ്ടെത്തിയ കേരളത്തിലെ ആനത്താരകളിൽ നാലെണ്ണം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 'ഗജ' റിപ്പോർട്ടിലെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ആയതിൽ തിരുനെല്ലി-കുദ്രക്കോട് ആനത്താര പൂർണ്ണമായി ഏറ്റെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. കൂടാതെ കൊട്ടിയൂർ-പേര്യ ആനത്താരയിൽപ്പെട്ട സി.ആർ.പി കുന്ന് എന്ന സ്ഥലത്ത് 4.8 ഹെക്ടർ ഭൂമി, ഇതുവരെ വനം വകുപ്പ് ഏറ്റെടുത്തിട്ടുമുണ്ട്. കൂടാതെ കൊട്ടിയൂർ-പേര്യ ആനത്താരയിലുൾപ്പെട്ട റവന്യൂ ഭൂമി ഏറ്റെടുക്കുന്നതിന് വയനാട് ജില്ലാ കളക്ടറെ നിയോഗിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാകുന്നതിനായി വനം വകുപ്പ് റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. കണ്ണൂർ ഡിവിഷനുകീഴിൽ കൊട്ടിയൂർ റെയിഞ്ചിൽ കൊട്ടിയൂർ ആനത്താര പദ്ധതിക്കുവേണ്ടി 63.7211 ഹെക്ടർ ഭൂമി, സെക്രട്ടറി, റവന്യൂ ബോർഡിന്റെ LRC 3600/95 തീയതി 24-01-1996 ഉത്തരവുപ്രകാരം ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ട്. ആയതിൽ ഉടമസ്ഥാവകാശ തർക്കമുള്ള പ്ലോട്ടൊഴികെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി കക്ഷികൾക്ക് പ്രതിഫലം

നൽകിയിട്ടുണ്ട്. ടി ഭൂമി സർവ്വേ നടപടികൾ പൂർത്തിയാക്കി കേരള വനനിയമത്തിലെ വ്യവസ്ഥകൾ പ്രകാരം റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സൗത്ത് വയനാട് ഡിവിഷനിൽ ആനത്താരയുടെ പുനഃസ്ഥാപനത്തിനായി, തരിയോട് ആനത്താര പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിനായി കൽപ്പറ്റ റെയിഞ്ചിൽ പടിഞ്ഞാറത്തറ സെക്ഷനിൽ വരുന്നതും വൈത്തിരി താലൂക്ക് തരിയോട് വില്ലേജിൽ റീസർവ്വേ ബ്ലോക്ക് 4-ൽ വരുന്ന 86.8762 ഹെക്ടർ സ്ഥലം റവന്യൂ വകുപ്പ് ഏറ്റെടുത്ത് വനം വകുപ്പിന് കൈമാറിയിരുന്നു. ടി ഭൂമി റവന്യൂ രേഖകളിൽ വനഭൂമിയായി തരംമാറ്റുന്നതിന് റവന്യൂ അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത നടപടി പൂർത്തിയായിട്ടില്ല. നോർത്ത് വയനാട് ഡിവിഷനിൽ പേരിയ റെയിഞ്ച് പരിധിയിലെ കൊട്ടിയൂർ-പേരിയ ആനത്താരയിൽപ്പെട്ട 95 ഹെക്ടർ ഭൂമിയും, പേരിയ-പക്രന്തളം ആനത്താരയിൽപ്പെട്ട 12.87 ഹെക്ടർ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന പരിധി പുനഃക്രമീകരിക്കാൻ നടപടി**

12 (*372) ശ്രീ. ജോബ് മൈക്കിൾ:

ഡോ. എൻ. ജയരാജ്:

ശ്രീ. പ്രമോദ് നാരായൺ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന പരിധി പുനഃക്രമീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളും അവയുടെ നിലവിലെ പുരോഗതിയും അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് മുഴുവൻ വീടുകളിലേയ്ക്കും വാട്ടർ അതോറിറ്റി മുഖേന കുടിവെള്ളമെത്തിക്കുന്ന നിലവിലെ സാഹചര്യം കണക്കിലെടുത്ത് റവന്യൂ ജില്ല, നിയമസഭാ മണ്ഡലം എന്നിവയുടെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി ഓഫീസുകളുടെ പ്രവർത്തനപരിധി പുനഃക്രമീകരിക്കുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമോ; എങ്കിൽ വിശദമാക്കുമോ?

(എ&ബി) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനപരിധി പുനഃക്രമീകരിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

കേരള വാട്ടർ അതോറിറ്റിയുടെ സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലയുടെ അടിസ്ഥാനത്തിലും ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും സെക്ഷൻ ഓഫീസുകൾ മൂന്നോനാലോ പഞ്ചായത്തടിസ്ഥാനത്തിലും കണക്ഷനുകളുടെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിലുമാണ് പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നത്.

ഇതിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത സമിതി തയ്യാറാക്കിയ കരട് ജീവനക്കാരുടെ സംഘടനകളുമായും ഉയർന്ന ഉദ്യോഗസ്ഥരുടെ വർക്ക്ഷോപ്പിലും ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചകളിലെ അഭിപ്രായങ്ങളും കരടും ക്രോഡീകരിച്ച് ബോർഡ് യോഗം മുമ്പാകെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

മേല്പറഞ്ഞ രീതിയിൽ വാട്ടർ അതോറിറ്റി ഓഫീസുകളുടെ

പ്രവർത്തനപരിധി പുനഃക്രമീകരിക്കാനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

**ജലഗുണനിലവാര പരിശോധനയ്ക്ക് എൻ.എ.ബി.എൽ. അംഗീകാരമുള്ള ലബോറട്ടറികൾ**

13 (*373) ശ്രീ. പി. വി. ശ്രീനിജിൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരിഭാഗം പൊതുജലാശയങ്ങളിലെ ജലത്തിലും കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യമുണ്ടെന്ന് കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തെ നദികളിലെ ജലത്തിന്റെ ഗുണനിലവാരം ദ്വൈമാസ അടിസ്ഥാനത്തിൽ പരിശോധിച്ചുവരുന്നുണ്ട്. ഭൂരിഭാഗം നദികളിലെ ജലത്തിലും കോളിഫോം

ബാക്ടീരിയയുടെ സാന്നിധ്യമുണ്ടെന്ന് ടി പരിശോധനാഫലം വ്യക്തമാക്കുന്നുണ്ട്.

കേരളത്തിലൂടെ ഒഴുകുന്ന 44 നദികളുടെയും ജലസാമ്പിളുകൾ എല്ലാ മാസവും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. നദികളുടെ വിവിധ സ്ഥലങ്ങളിലായി 365 സാമ്പിളിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. സാമ്പിളിംഗ് ഫലം Water and Air Quality Directory വഴി പ്രസിദ്ധീകരിക്കുന്നു. കൂടാതെ ബോർഡിന്റെ Website-ലും പ്രസിദ്ധീകരിക്കുന്നുണ്ട്. ഗുണനിലവാരം പാലിക്കാത്ത സാഹചര്യമുണ്ടായാൽ തുടർനടപടി സ്വീകരിക്കാറുണ്ട് .

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് കണ്ടെത്തിയ ഇന്ത്യയിലെ 351 പൊല്യൂട്ടഡ് റിവർ സ്ട്രച്ചകളിൽ 21 എണ്ണം കേരളത്തിൽ ഉൾപ്പെടുന്നു. ഇതിൽ Priority I-ൽ തിരുവനന്തപുരം ജില്ലയിലെ കരമന നദിയുടെ ഭാഗവും Priority IV -ൽ ഭാരതപ്പുഴ, കടമ്പ്രയാർ, കീച്ചേരി, മണിമല, പമ്പ എന്നീ 5 നദികളുടെ ഭാഗങ്ങളും Priority V-ൽ ഭവാനി,

ചിത്രപ്പുഴ, കടലുണ്ടി, കല്ലായി, കരുവണ്ണൂർ, കവ്വായി, കുപ്പം, കുറ്റിയാടി, മൊഗ്രാൽ, പെരിയാർ, പെരുവമ്പ, പുഴയ്ക്കൽ, രാമപുരം, തിരൂർ, ഉപ്പള എന്നീ 15 നദികളുടെ ഭാഗങ്ങളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ നദികളെ മാലിന്യമുക്തമാക്കുന്നതിനായും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാക്കുംവിധം ഗുണനിലവാരം മെച്ചപ്പെടുത്താനും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA No. 673/2018-ൽ 20-09-2018-ലെ ഉത്തരവിൻപ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടെയും കർമ്മപദ്ധതികൾ വിവിധ വകുപ്പുകൾ ചേർന്ന് സംയോജിതമായി നടപ്പിലാക്കിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 21 നദീഭാഗങ്ങളിൽ 10 എണ്ണം കുളിക്കുന്നതിന് അനുയോജ്യമാകുന്ന നിലവാരം കൈവരിച്ചിട്ടുണ്ട്. മറ്റ് ഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ കുളങ്ങളുടെ പുനരുദ്ധാരണത്തിനായി OA No.325/2015-ലെ ഉത്തരവുപ്രകാരം കർമ്മ പദ്ധതി തയ്യാറാക്കി വിവിധ വകുപ്പുകൾ സംയോജിതമായി നടപ്പിലാക്കിവരുന്നു.

ജല അതോറിറ്റി പൊതുജലാശയങ്ങളിൽനിന്നും ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന ജലത്തിൽ കോളിഫോം ബാക്ടീരിയ, ഇ-കോളി ബാക്ടീരിയ എന്നിവയുടെ സാന്നിധ്യമില്ലെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ജലസ്രോതസ്സുകളുടെ മലിനീകരണം ഒരു പരിധിവരെ തടയുന്നതിനുവേണ്ടി നഗരതദ്ദേശ സ്ഥാപനങ്ങളിൽ സ്വിവറേജ് സിസ്റ്റം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള DPR-കൾ തയ്യാറാക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതികൾ നടപ്പിലാകുമ്പോൾ ജലസ്രോതസ്സുകൾ മലിനമാകുന്നത് ഒരു പരിധിവരെ തടയാനാകും.

(ബി) ജല ഗുണനിലവാരം പരിശോധിക്കുന്നതിൽ സംസ്ഥാന വ്യാപകമായി എൻ.എ.ബി.എൽ. അംഗീകാരമുള്ള ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ടോ?

കേരളത്തിൽ ജല ഗുണനിലവാരം പരിശോധിക്കുന്നതിനായി ജലഅതോറിറ്റിയുടെ കീഴിൽ സ്ഥാപിച്ചിട്ടുള്ള എസ്.ആർ.ഐ സ്റ്റേറ്റ് ലാബിനും 14 ജില്ലാ ലാബുകൾക്കും എല്ലാ ജില്ലകളിലുമായി സ്ഥാപിച്ചിട്ടുള്ള 68 ഉപജില്ലാ ലാബുകൾക്കും എൻ.എ.ബി.എൽ അക്രിഡിറ്റേഷൻ

ലഭിച്ചിട്ടുള്ളതാണ്.

ജലഗുണനിലവാരം പരിശോധിക്കുന്നതിനായി എൻ.എ.ബി.എൽ അംഗീകാരമുള്ള ബോർഡിന്റെ കേന്ദ്ര ലബോറട്ടറി എറണാകുളത്ത് പ്രവർത്തിച്ച് വരുന്നു.

ജലസേചന വകുപ്പിലെ ഹൈഡ്രോളജി വിഭാഗത്തിനുകീഴിൽ തൃശ്ശൂർ ആസ്ഥാനമായ ഫീൽഡ് സ്റ്റഡീസ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അധീനതയിലുള്ള ലെവൽ 2 വിഭാഗത്തിൽപ്പെടുന്ന ജലഗുണനിലവാര പരിശോധനാ കേന്ദ്രത്തിന് നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ (NHP) ഫണ്ട് ഉപയോഗിച്ച് NABL അംഗീകാരം ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടപ്പുസാമ്പത്തിക വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകി അവരുടെ പങ്കാളിത്തത്തോടെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജലഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ?

വിദ്യാഭ്യാസ വകുപ്പിൽനിന്നും ആവശ്യപ്പെടുന്നമുറയ്ക്ക് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ജലഗുണ നിലവാര പരിശോധനയ്ക്കുള്ള പരിശീലനം നൽകുന്നതിനുള്ള സന്നദ്ധത ജലഅതോറിറ്റി അറിയിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെ പരിധിയിലുള്ള ഗ്രാമീണ മേഖലകളിലെ ജല സ്രോതസ്സുകളിലെ ജലം കുടുംബശ്രീ അംഗങ്ങളുടെ സഹകരണത്തോടെ ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് പരിശോധിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ സ്കൂൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ജല ഗുണനിലവാര ബോധവത്ക്കരണം നടത്തുന്നതിനാവശ്യമായ പരിപാടികൾ Kerala Rural Water Supply & Sanitation (KRWSA) യുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ നിലവിൽ രൂപീകരിച്ചിരിക്കുന്ന ജലശ്രീ ക്ലബുകളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിനും ജലശ്രീ ക്ലബുകളില്ലാത്ത സ്കൂളുകളിൽ അവ ആരംഭിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ KRWSA ഘട്ടംഘട്ടമായി നടപ്പിലാക്കുന്നുണ്ട്. ജല ഗുണനിലവാരത്തെപറ്റി ബോധവത്ക്കരണത്തിനായി ലഘുലേഖകൾ തയ്യാറാക്കുകയും കുട്ടികൾക്ക്

അവബോധം സൃഷ്ടിക്കുന്നതിനായി കലാപരിപാടികളും ചിത്രരചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ സാമ്പത്തിക സഹായത്തിനുവേണ്ടി സംസ്ഥാന സർക്കാരിന്റെ 2022-23 പ്ലാൻ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. തുക അനുവദിച്ച് ലഭിക്കുന്നമുറക്ക് പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

(ഡി) സംസ്ഥാനത്ത് സ്വീവറേജ് സംവിധാനം വിപുലീകരിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

പദ്ധതിയുണ്ട്. ഇപ്പോൾ സ്വിവറേജ് സംവിധാനം നിലവിലില്ലാത്തതും ജലമലിനീകരണം രൂക്ഷമായിട്ടുള്ളതുമായ നഗരപ്രദേശങ്ങളെ കേന്ദ്രീകരിച്ച് പുതിയ ഡ്രെയിനേജ് നെറ്റ്‌വർക്ക്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളത് വിപുലീകരിക്കുന്നതിനും പദ്ധതിയുണ്ട്. തിരുവനന്തപുരം നഗരസഭയിൽ ഇതുവരെ സ്വിവറേജ് സംവിധാനം നടപ്പിലാക്കാത്ത പ്രദേശങ്ങളെ ക്ലസ്റ്ററുകളായി തിരിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കിവരുന്നു. ഇതിൽ ക്ലസ്റ്റർ സോൺ I & II നുള്ള (ആറ്റുകാൽ, കാലടി,

അമ്പലത്തറ വാർഡുകൾ-ഭാഗികം) 99 കോടി രൂപയുടെ DPR "നാഷണൽ റിവർ കൺസർവ്വേഷൻ പ്ലാനിന്" കീഴിൽ ഫണ്ടിംഗിനായി സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ക്ലസ്റ്റർ3 സോൺ-1 (പുത്തൻപള്ളി, മുട്ടത്തറ (P) വാർഡ്) ഭരണാനുമതിക്കായി തിരുവനന്തപുരം കോർപ്പറേഷനിൽ സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷന്റെ സോൺ B1-ന്റെ DPR ഭരണാനുമതിക്കായി കോർപ്പറേഷനിൽ സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് സോൺ F-ന്റെ DPR തയ്യാറാക്കി ഭരണാനുമതിക്കായി ശുചിത്വമിഷന്റെ സിറ്റി സാനിട്ടേഷൻ പ്ലാൻ മുമ്പാകെ ഫണ്ടിംഗ് പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്.

ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ നിലവിലുള്ള ശേഷി 3 MLD യിൽനിന്നും 5 MLD യിലേയ്ക്ക് ഉയർത്തി സ്വിവറേജ് നെറ്റ്‌വർക്ക് വിപുലീകരിക്കുന്ന പ്രവൃത്തിയുടെ DPR ഗുരുവായൂർ മുനിസിപ്പാലിറ്റിയിലേയ്ക്ക് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൊച്ചി കോർപ്പറേഷന്റെ നിലവിലുള്ള 5 MLD മലിനജല ശുദ്ധീകരണശാലയുടെ നെറ്റ്‌വർക്ക് വിപുലീകരിക്കുന്ന (1.75 MLD) പ്രവൃത്തിക്ക് അമൃതിന്റെ കീഴിൽ ഭരണാനുമതി ലഭിക്കുകയുണ്ടായി.

ആയതിന് സാങ്കേതികാനുമതി നൽകുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ കൊച്ചി കോർപ്പറേഷന്റെ ഇളംകുളത്ത് 5 MLD മലിനജല ശുദ്ധീകരണശാലയ്ക്കും നെറ്റ്‌വർക്കിനുമായുള്ള DPR തയ്യാറാക്കി കൊച്ചി കോർപ്പറേഷനിൽ, അമൃത് 2.0 യിൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൊല്ലം കോർപ്പറേഷന്റെ പള്ളിത്തോട്ടം - താമരക്കുളം മേഖലയിൽ നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനായി DPR തയ്യാറാക്കി കൊല്ലം കോർപ്പറേഷനിൽ സമർപ്പിച്ചിട്ടുണ്ട്. കുരീപ്പുഴ - വള്ളിക്കീഴ് മേഖലയിൽ നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനുള്ള DPR തയ്യാറാക്കി വരുന്നു.

ഇതുകൂടാതെ പട്ടാമ്പി, ഹരിപ്പാട്, കട്ടപ്പന, മാനന്തവാടി, കാസർഗോഡ് I & II, ആലുവ മുനിസിപ്പാലിറ്റികളിൽ സ്വിവറേജ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള DPR തയ്യാറായിട്ടുണ്ട്. ഇതിന് ഭരണാനുമതി നൽകുന്നത് പരിശോധിച്ചുവരുന്നു.

സ്വിവറേജ് നെറ്റ്‌വർക്ക്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം എന്നിവ സാമ്പത്തിക ചെലവേറിയ പ്രവൃത്തികളാണ്. ട്രീറ്റ്മെന്റ് പ്ലാന്റുകളും പൈപ്പ് ശൃംഖലകളും സ്ഥാപിക്കുന്നതിന് ഗ്രാവിറ്റി ഫ്ലോ സാധ്യമായ

സൗജന്യ ഭൂമി/ സ്ഥലം ലഭ്യമാണെങ്കിൽ പദ്ധതികളുടെ ചെലവ് കുറയ്ക്കാൻ കഴിയുന്നതാണ്. കൂടാതെ സ്ഥലപരിമിതി കണക്കിലെടുത്ത് വികേന്ദ്രീകൃത ട്രീറ്റ്മെന്റ് പ്ലാന്റുകളും ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും നിർമ്മിക്കുന്നത് പരിഗണനയിലുണ്ട്.

## നബാർഡിന്റെ സഹായത്തോടെ ജലവിഭവ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ

14 (*374) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നബാർഡിന്റെ സഹായത്തോടെ ജലവിഭവ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നബാർഡ് RIDF-ന്റെ സഹായത്തോടെ ജലവിഭവ വകുപ്പിനുകീഴിലുള്ള പ്രവർത്തനങ്ങളുടെ പുരോഗതി ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്

സെക്രട്ടറി, ധനകാര്യവകുപ്പ് സെക്രട്ടറിതലങ്ങളിൽ യഥാസമയം വിലയിരുത്താറുണ്ട്.

(ബി) പ്രസ്തുത പ്രവർത്തനങ്ങളിൽ വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ?

നബാർഡ് ധനസഹായത്തോടെ TRANCHE XXII മുതൽ XXVII വരെ 20 പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ഇതിൽ 7 പ്രവൃത്തികൾ പൂർത്തിയാക്കുകയും ഒരു പ്രവൃത്തി ഷോർട് ക്ലോസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 12 പ്രവൃത്തികൾ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.+

(സി) നബാർഡ് ധനസഹായത്തോടെ അതിതീവ്ര പ്രളയ ബാധിത പ്രദേശങ്ങളിൽ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

നബാർഡ് സഹായത്തോടെ കാർഷികാഭിവൃദ്ധിക്കാവശ്യമായുള്ള വിവിധോദ്ദേശ്യ പദ്ധതികളാണ് ജല വിഭവവകുപ്പിനുകീഴിൽ പ്രധാനമായും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കുന്നത്. ഇതിൽ പ്രധാനമായും ജലസംരക്ഷണ പദ്ധതികളായ തടയണകൾ, വി.സി.ബി, ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രതിരോധ തടയണകൾ എന്നിവയുൾപ്പെടുന്നു. ഇതിനുപുറമെ, കുട്ടനാട് പ്രദേശത്തിൽ വിവിധ പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിവാരണത്തിനും അതിന്റെ അഭിവൃദ്ധിപ്പെടുത്തലിനും പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.+

**അനധികൃതമായി കയ്യേറിയ വനഭൂമിയും റിസോർട്ടുകളും ഏറ്റെടുക്കാൻ നടപടി**

15 (*375) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന വന്യമൃഗ സങ്കേതങ്ങളോടുചേർന്നുള്ള തോട്ടംഭൂമികളിൽ അനധികൃത റിസോർട്ടുകളുടെ നിർമ്മാണം വർദ്ധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) വന്യമൃഗ സങ്കേതങ്ങളോടുചേർന്ന് സ്വകാര്യ തോട്ടങ്ങൾക്കുവേണ്ടി പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാണോയെന്ന് അറിയിക്കുമോ?

പാലക്കാട് വന്യജീവി വിഭാഗത്തിന്റെ അധികാരപരിധിയിൽപ്പെട്ട പീച്ചി ഡിവിഷനിൽ പീച്ചി-വാഴാനി വന്യജീവി സങ്കേതത്തിന്റെ അതിർത്തിക്കുള്ളിൽ വാണിയംപാറ റബ്ബർ കമ്പനിക്ക് 356.1232 ഹെ. വനഭൂമി റബ്ബർ കൃഷിക്ക് പാട്ടത്തിന് 1917 കാലഘട്ടം മുതൽ നൽകിയിട്ടുണ്ട്. ചിമ്മിനി വന്യജീവി സങ്കേതത്തോടുചേർന്ന് ജൂംട്ടോളി, ഹാരിസൺ മലയാളം കമ്പനി ലിമിറ്റഡ് എന്നീ റബ്ബർതോട്ടങ്ങൾ പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുള്ള വനഭൂമിയിലാണുള്ളത്. ടി രണ്ട് തോട്ടങ്ങളും ഭാഗികമായി ചിമ്മിനി വന്യജീവി സങ്കേതത്തിനകത്തുവരുന്നു. ഭൂരിഭാഗം ഭാഗങ്ങളും ചാലക്കുടി ഡിവിഷന്റെ ഭാഗമായ പാലപ്പിള്ളി റെയിഞ്ചിനകത്തുവരുന്ന പാട്ടവനഭൂമിയാണ്.

(സി) പ്രസ്തുത മേഖലകളിലെ വനഭൂമിയും റവന്യൂ പുറമ്പോക്ക് ഭൂമിയും പ്രത്യേകം അളന്ന് തിരിച്ചിട്ടുണ്ടോ; ഈ പ്രദേശങ്ങളിലെ പാട്ടത്തിനെടുത്ത ഭൂമിയിലോ അതിനടുത്ത കയ്യേറ്റ ഭൂമിയിലോ റിസോർട്ട് നിർമ്മിച്ച് കൊമേഴ്സ്യൽ ബിസിനസ് നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വനഭൂമിയും സ്വകാര്യഭൂമിയും ചേർന്നുള്ള സ്ഥലങ്ങൾ ജണ്ട കെട്ടി വേർതിരിക്കുന്നതിനുള്ള സർവ്വേ നടപടികൾ നടന്നുവരുന്നു. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളിന്റെ അധികാരപരിധിയിൽ വരുന്ന വനഭൂമി അളന്നുതിരിച്ച് ജണ്ടകൾ കെട്ടി വേർതിരിച്ചിട്ടുണ്ട്. പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയിലോ കയ്യേറ്റഭൂമിയിലോ റിസോർട്ട് നിർമ്മിച്ച് കൊമേഴ്ഷ്യൽ ബിസിനസ് നടത്താൻ അനുമതി നൽകാൻ നിലവിലുള്ള നിയമപ്രകാരം വനം വകുപ്പിന് കഴിയില്ല. പാലക്കാട് വന്യജീവി വിഭാഗം സർക്കിളിന്റെ അധികാര പരിധിയിൽ വരുന്ന വനഭൂമിയും റവന്യൂ പുറമ്പോക്ക് ഭൂമിയും പ്രത്യേകം അളന്നുതിരിച്ചിട്ടില്ല.

(ഡി) ഇല്ലെങ്കിൽ അനധികൃതമായി കയ്യേറിയ വനഭൂമിയും നിയമലംഘനം നടത്തി അവിടെ നിർമ്മിച്ച റിസോർട്ടുകളും ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അനധികൃതമായി വനഭൂമി കയ്യേറി നിയമലംഘനം നടത്തുന്നവർക്കെതിരെ നിലവിലുള്ള വനനിയമ പ്രകാരം കർശന നടപടി സ്വീകരിക്കുന്നതാണ്.

**ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം**

16 (*376) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എച്ച്. സലാം:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽമത്സ്യ ലഭ്യതയിൽ മുൻവർഷത്തെ അപേക്ഷിച്ച് കഴിഞ്ഞ വർഷം ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടോ; അശാസ്ത്രീയ മത്സ്യബന്ധന രീതികൾ ഒഴിവാക്കാൻവേണ്ട ഇടപെടൽ നടത്തിയതും സാങ്കേതികവിദ്യാധിഷ്ഠിതമായ ശാസ്ത്രീയ മത്സ്യബന്ധന

മുറകളുടെ വ്യാപനവും കടൽ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് കാരണമായതായി വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

മുൻകാലങ്ങളെ അപേക്ഷിച്ച് കടൽമത്സ്യത്തിന്റെ ലഭ്യത 2021-22-ൽ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കെ.എം.എഫ്.ആർ. നിയമം ശക്തമായി നടപ്പിലാക്കുന്നതിന്റെയും നിയമം ലംഘിക്കുന്നവർക്കെതിരെ പിഴ ഉൾപ്പെടെയുള്ള കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന്റെയും ഫലമായി മത്സ്യലഭ്യത 2021-22-ൽ 6.01 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. 2022-23 മൂന്നാം പാദംവരെ മത്സ്യോല്പാദനം 5.44 ലക്ഷം മെട്രിക് ടണ്ണായിട്ടുണ്ട്.

കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്നതരത്തിൽ കെ.എം.എഫ്.ആർ ആക്ടും റൂളും കാലോചിതമായി പരിഷ്കരിക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തുവരുന്നു. വിവിധ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി.

പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.ക്ക് മുകളിൽ ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. നശീകരണ മൽസ്യബന്ധന രീതികളായ പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവ നിരോധിച്ചു. നിയമലംഘനങ്ങൾക്ക് വർദ്ധിച്ച പിഴ ഏർപ്പെടുത്തി. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നെന്ന് മനസ്സിലാക്കി കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി. കടൽമത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും

പരിപാലനത്തിനും വർദ്ധനവിനും ഉതകുന്നതരത്തിൽ വിവിധ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ മാനേജ്മെന്റ് വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി ചെറുമത്സ്യങ്ങളുടെയും മത്സ്യസമ്പത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് മത്സ്യത്തൊഴിലാളികളെ ബോധവത്കരിക്കാൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾക്ക് രൂപംനൽകിയിട്ടുണ്ട്.

അനധികൃത മത്സ്യബന്ധനരീതികൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനും ഫിഷറീസ് വകുപ്പ് മറൈൻ എൻഫോഴ്സ്മെന്റുമായി ചേർന്ന് ശക്തമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കെ.എം.എഫ്.ആർ ആക്ടിന്റെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കാനും കടൽ പട്രോളിംഗ് ശക്തമാക്കാനും കെ.എം.എഫ്.ആർ ആക്ട് ലംഘിച്ച് അനധികൃത മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നതടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കാനും എല്ലാ തീരദേശ ജില്ലാ ഓഫീസർമാർക്കും ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർമാർക്കും കർശന നിർദ്ദേശം

നൽകിയിട്ടുണ്ട്. കടൽ പെട്രോളിംഗ് ശക്തമാക്കുന്നതിന്റെ ഭാഗമായി 9 തീരദേശ ജില്ലകളിലും പെട്രോൾ ബോട്ടുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷൻ ഇല്ലാതിരുന്ന 4 ജില്ലകളായ ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നിവിടങ്ങളിൽ ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിച്ചു.

(ബി) സംസ്ഥാന, ജില്ല, ഗ്രാമതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ മത്സ്യസമ്പത്ത് സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

മത്സ്യസമ്പത്ത് സംരക്ഷിക്കേണ്ടത്തിന്റെ പ്രാധാന്യം സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിനുമായി 2021-22 സാമ്പത്തിക വർഷത്തിലെ “മറൈൻ ഫിഷിംഗ് പ്രാക്ടീസസ്" എന്ന പദ്ധതിയുടെ ഒരു ഘടകമായ “Training and Awareness Programme”-ൽ ഉൾപ്പെടുത്തി 9 തീരദേശ

ജില്ലകളിൽ 540 മത്സ്യത്തൊഴിലാളികൾ ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്.

(സി) സമുദ്ര മത്സ്യബന്ധനത്തിന്റെ നടത്തിപ്പിനും നിരീക്ഷണത്തിനും പുറമെ സമുദ്ര മത്സ്യകൃഷിയുടെ വ്യാപനത്തിനും ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം പ്രയോജനപ്രദമായിട്ടുണ്ടോ; വിശദമാക്കാമോ?

സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും നിരീക്ഷണത്തിനുമായി കെ.എം.എഫ്.ആർ. ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഒരു ത്രിതല സംവിധാനമായി ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. മാരികൾച്ചറിനും സംരക്ഷണ പ്രവർത്തങ്ങൾക്കുമായി അനുയോജ്യമായ സ്ഥലങ്ങൾ/പ്രദേശങ്ങൾ കണ്ടെത്തുക, സമുദ്ര മത്സ്യ സമ്പത്തിന്റെ സംരക്ഷണം, വിളവെടുപ്പിനുശേഷമുള്ള പ്രവർത്തനം എന്നീ മേഖലകളിൽ പരിശീലന പരിപാടികൾ നടത്തുക എന്നിവ സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ്

കൗൺസിൽ (SFMC)-ന്റെ ചുമതലയാണ്. ഇത്തരം പ്രവർത്തനങ്ങൾ സമുദ്ര മത്സ്യകൃഷിയുടെ വ്യാപനത്തിന് സഹായകരമാവും.

**പട്ടിക ഗോത്രവർഗ്ഗ ഊരുകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

17 (*377) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗ ഊരുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ദുഷ്കരമായ സാഹചര്യത്തിൽ താമസിക്കുന്നവരുടെ പുനരധിവാസം പ്രസ്തുത പദ്ധതിപ്രകാരം നടപ്പിലാക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ പ്രവർത്തനങ്ങൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവ ഊരുകൂട്ട ശിപാർശയനുസരിച്ച് ഈ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ടി പദ്ധതിയിൽ പൂർത്തീകരിക്കാൻ ബാക്കിയുണ്ടായിരുന്ന 72 കോളനികളിൽ, 54 കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ആയത് 31-03-2023

നകം പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പദ്ധതിയിൽ അനുവദിച്ച 64 കോളനികളിൽ, ഡി.പി.ആർ ലഭ്യമായ 25 കോളനികളിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന കോളനികളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ദുർഘട സാഹചര്യങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗവിഭാഗക്കാരുടെ പുനരധിവാസവും ടി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

(ബി) അടിസ്ഥാനസൗകര്യ വികസനത്തോടൊപ്പം പ്രസ്തുത ഊരുകൾ കേന്ദ്രീകരിച്ച് സാമ്പത്തിക വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുക്കുന്ന സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ഊരുകൂട്ട തീരുമാനമനുസരിച്ച് ക്ഷീര വികസനം, മൃഗ

സംരക്ഷണ പദ്ധതികൾ, കൃഷി, ഉദ്യാന കൃഷി, തയ്യൽ യൂണിറ്റ്, മറ്റ് സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങിയ സാമ്പത്തിക വികസന പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

(സി) ഊരുകളിലല്ലാതെ താമസിക്കുന്ന പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾക്കായുള്ള പി.കെ. കാളൻ പദ്ധതിയിൻകീഴിൽ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശം നൽകുമോ?

ഒറ്റപ്പെട്ട സ്ഥലങ്ങളിലെ വീടുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ആവിഷ്കരിച്ച പി.കെ കാളൻ കുടുംബസഹായ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കോളനികളിലല്ലാതെ ചിന്നിചിതറി കിടക്കുന്ന കുടുംബങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നേരിട്ട് മനസ്സിലാക്കി മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നു. ഓരോ കുടുംബത്തിനും ആവശ്യമായി വരുന്ന പ്രധാന ഘടകങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തീകരിച്ച് നൽകുന്ന രീതിയിലാണ് പദ്ധതി പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. പരമാവധി നിലവിലുള്ള സ്കീമുകളെ സംയോജിപ്പിക്കുന്ന രീതിയിൽ മൈക്രോ പ്ലാനുകൾ തയ്യാറാക്കി കുടുംബകേന്ദ്രീകൃത പദ്ധതികൾക്ക് മുൻതൂക്കം നൽകി

പദ്ധതി നടപ്പിലാക്കിവരുന്നു. കുടുംബശ്രീ, വിവിധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം ഉറപ്പാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

- പാർപ്പിടം, ശുദ്ധജലം, വൈദ്യുതി, ശുചിത്വ പരിപാടികൾ, അംഗൻവാടികൾ മുതലായവ ഏറ്റെടുക്കുന്നു.
- ആരോഗ്യ പ്രവർത്തനങ്ങൾ, പോഷകാഹാരം നൽകൽ എന്നിവ നടപ്പിലാക്കുന്നു.
- കുടുംബങ്ങൾക്ക് സ്ഥായിയായ വരുമാനവും സ്വസ്ഥമായ ജീവിതവും ഉറപ്പുവരുത്തിനുതകുന്ന ജീവനോപാധികളായ കൃഷി, മൃഗസംരക്ഷണം, സ്വയംതൊഴിൽ തുടങ്ങിയവ വികസിപ്പിച്ച് അവരുടെ സ്ഥിരതാമസം ഉറപ്പുവരുത്തുന്നു.
- വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.
- പാരമ്പര്യ അറിവുകളെയും പരമ്പരാഗത തൊഴിലുകളെയും പരിപോഷിപ്പിക്കൽ.

- വനവിഭവശേഖരണം, മൂല്യ വർദ്ധനവിനുള്ള പ്രവർത്തനങ്ങൾ, നൈപുണ്യ വികസന പദ്ധതികൾ എന്നിവ ഏറ്റെടുക്കുന്നു.

**പട്ടികജാതി, പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ്**

18 (*378) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. എം. മണി:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ സ്കോളർഷിപ്പുകൾക്കും ഫെലോഷിപ്പുകൾക്കുമുള്ള വകയിരുത്തലിൽ രണ്ടായിരം കോടിയോളം രൂപയുടെ കുറവുവരുത്തിയത് സാമ്പത്തികമായി ദുർബലരായ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കാനിടയുള്ളതിനാൽ

ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന സമീപനം വിശദമാക്കാമോ?

അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെരിറ്റിലോ/റിസർവേഷനിലോ പ്രവേശനം ലഭിച്ചതും രണ്ടര ലക്ഷം രൂപക്കുമുകളിൽ വാർഷിക വരുമാനമുള്ളതുമായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നിഷേധിച്ചപ്പോൾ, സംസ്ഥാന സർക്കാർ പ്രത്യേകമായി ബഡ്ജറ്റിൽ തുക വകയിരുത്തി വരുമാനപരിധി ബാധകമാക്കാതെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിനകത്തും പുറത്തും വിദേശത്തെ മികച്ച സ്ഥാപനങ്ങളിലും ഉന്നത പഠനം നടത്തുന്ന എല്ലാ പട്ടികജാതി, പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്കും സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് നൽകുന്നുണ്ടോ?

സംസ്ഥാനത്തിനകത്തും പുറത്തുമുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷൻ, മെറിറ്റോ, റിസർവേഷനോ പാലിച്ചിട്ടുള്ള സ്പോട്ട് അഡ്മിഷൻ എന്നിവ വഴി പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. കൂടാതെ ടൈംസ് വേൾഡ് റാങ്കിംഗിൽ 1 മുതൽ 500 വരെ റാങ്കുള്ള വിദേശ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രിക്ക് തത്തുല്യമായ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ, എം.ഫിൽ/തത്തുല്യം, പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാം എന്നിവയ്ക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു.

(സി) ഐ.ഐ.ടി. പോലുള്ള ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന എസ്.സി., എസ്.ടി. വിദ്യാർത്ഥികൾക്ക് ഫ്രീഷിപ്പ് കാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

കേന്ദ്ര/സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം സ്കോളർഷിപ്പിന് അർഹതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ ഫ്രീഷിപ്പ് കാർഡ് അനുവദിക്കുന്നതാണ്.

## കേരള ബ്രാന്റ് മത്സ്യോല്പന്നങ്ങൾ

19 (*379) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യോല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യത്തിന്റെ വിപണി ഉറപ്പാക്കുന്നതിനായി സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി ജലകൃഷി വികസന ഏജൻസി (ADAK) മുഖേന ഫിഷ് മാർക്കറ്റിംഗ് ഔട്ട്ലെറ്റ് പദ്ധതി

നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി മത്സ്യകൃഷിവഴി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങളെ മത്സ്യകർഷകരിൽനിന്നും നേരിട്ട് സംഭരിച്ച്, ഗുണമേന്മയിൽ കോട്ടംവരാതെ പച്ചയായും ശീതീകരിച്ചും വിപണനം നടത്തുന്നതിനുവേണ്ടി 30 ഫിഷ് മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ, അഡാക്ക് (ADAK) വഴി തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. മത്സ്യവിപണനം നടത്തുന്നതിനായി മത്സ്യഫെഡുവഴി ഫിഷ് മാർക്കറ്റുകൾ, ആധുനിക രീതിയിലുള്ള ഫിഷ്മാർട്ടുകൾ എന്നിവ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ മത്സ്യഫെഡ് മുഖേന മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസന പദ്ധതിയുടെ ഭാഗമായി ഉൾനാടൻ മത്സ്യോല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു.

(ബി) പ്രസ്തുത മത്സ്യോല്പന്നങ്ങളുടെ രുചിയും ഗുണനിലവാര പരിശോധനയും നടത്തി കേരള ബ്രാൻഡ് നെയിം ഏർപ്പെടുത്തി കൂടുതൽ ജനകീയമായ വിപണനം സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മത്സ്യകൃഷിയിലൂടെ ഓരുജല മത്സ്യങ്ങളായ കരിമീൻ, തിരുത, പൂമീൻ, കാളാഞ്ചി, വെള്ളോടിപറ്റ, ശുദ്ധജല മത്സ്യങ്ങളായ കാർപ്പുകൾ, തിലാപ്പിയ (GIFT), ആസ്സാംവാള (Pangassius)) അനബാസ്, വരാൽ, കാരി എന്നീ രണ്ട് തരത്തിലുള്ള മത്സ്യങ്ങളാണ് കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നത്. നമ്മുടെ സംസ്ഥാനത്ത് കടൽ മത്സ്യങ്ങൾക്കാണ് കൂടുതൽ പ്രിയം. ആയതുകൊണ്ടുതന്നെ ഉൾനാടൻ മത്സ്യങ്ങൾക്ക് താരതമ്യേന വിപണിയിൽ പ്രിയം കുറവാണ്. എന്നിരുന്നാലും ഓരുജല തദ്ദേശീയ മത്സ്യയിനങ്ങളായ കരിമീൻ, കാളാഞ്ചി, വരാൽ എന്നിവയ്ക്ക് മാർക്കറ്റിൽ വിപണന സാധ്യത കൂടുതലുണ്ട്. ശുദ്ധജല മത്സ്യങ്ങളായ കട്‌ല, രോഹു, മൃഗാൽ, ഗ്രാസ് കാർപ്പ് തുടങ്ങിയയിനം മത്സ്യങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനായി ടി മത്സ്യങ്ങൾ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നതിലൂടെ പരിഹരിക്കാവുന്നതാണ്. ആയതിന്റെ

ഭാഗമായി ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി മത്സ്യഫെഡ് മുഖേന പുത്തൻ സാങ്കേതികവിദ്യയുടെ സഹായത്താൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-യുടെയും കേന്ദ്ര കിഴങ്ങ് വർഗ്ഗവിള ഗവേഷണ കേന്ദ്ര (CTCRI)-ത്തിന്റെയും സാങ്കേതിക സഹായത്തോടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 5.2 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

പ്രസ്തുത മത്സ്യോല്പന്നങ്ങളുടെ രുചിയും ഗുണനിലവാര പരിശോധനയും ഉറപ്പുവരുത്തിക്കൊണ്ട് സാഫ് മുഖേന തീരമൈത്രി ബ്രാൻഡിൽ മത്സ്യ ഉൽപ്പന്നങ്ങൾ വിപണനം നടത്തിവരുന്നു. വിവിധ മേളകളിലും എക്സിബിഷനുകളിലും ഭാരത അന്താരാഷ്ട്രമേളയിലും വിപണനം നടത്തിയിട്ടുണ്ട്. മത്സ്യോല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഫിഷറീസ് വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന ഏജൻസികളുടെ വിവിധ

ബ്രാൻഡുകളിലുള്ള മത്സ്യോല്പന്നങ്ങൾ ഏകീകരിച്ച് കേരള ബ്രാൻഡ് എന്ന പേരിൽ വിപണനം ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

(സി) ആഴക്കടൽ മത്സ്യങ്ങളുടെ ലഭ്യത കുറഞ്ഞുവരുന്നതും പ്രസ്തുത മത്സ്യോല്പന്നങ്ങളിലെ രാസവസ്തുക്കളുടെ വ്യാപക ദോഷഫലങ്ങളും കണക്കിലെടുത്ത് കേരള ബ്രാൻഡ് മത്സ്യോല്പന്നങ്ങൾ വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ ഫിഷറീസ് വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സാഫ്, മത്സ്യഫെഡ്, തീരദേശ വികസന കോർപ്പറേഷൻ എന്നീ ഏജൻസികൾ മുഖേന ഗുണനിലവാരമുള്ള പച്ചമത്സ്യവും മത്സ്യ ഉൽപ്പന്നങ്ങളും വിവിധ ബ്രാൻഡുകളിൽ വിപണനം നടത്തിവരുന്നു. ഈ മത്സ്യത്തിനും മത്സ്യ ഉൽപ്പന്നങ്ങൾക്കും നല്ല രീതിയിൽ വിപണനമൂല്യവും പൊതുജനങ്ങളുടെയിടയിൽ മികച്ച സ്വീകാര്യതയുമാണുള്ളത്. ഇത്തരത്തിൽ ഉൾനാടൻ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന മത്സ്യം ഫിഷറീസ് വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾവഴി സംഭരിച്ച്

ഗുണനിലവാരം ഉറപ്പുവരുത്തി പച്ചയായും സംസ്കരിച്ചും പൊതുബ്രാൻഡിൽ വിപണനം ചെയ്യുന്നത് വ്യാപകമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കാർഷിക വനവൽക്കരണം**

20 (*380) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയ്ക്കുപുറത്ത് ജൈവ വൈവിധ്യ സംരക്ഷണത്തിന് വനം വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ജൈവവൈവിധ്യങ്ങളുടെ കലവറയായ കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണത്തിന് വിവിധ പ്രവർത്തനങ്ങൾ വനംവകുപ്പ് നടത്തിവരുന്നു. കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായുള്ള പദ്ധതി 2006-

07 വർഷം മുതൽ കേന്ദ്ര സഹായത്തോടെ വനം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. Conservation and management of Mangroves എന്ന പ്രസ്തുത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. ടി പദ്ധതിപ്രകാരം വനംവകുപ്പ് കണ്ടൽത്തൈകളും തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും കൂടാതെ പൊതുജനങ്ങൾക്ക് നട്ടുപിടിപ്പിക്കുന്നതിനായി വിതരണവും ചെയ്യുന്നു. സ്വകാര്യ വ്യക്തികൾക്ക് തങ്ങളുടെ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ മാനദണ്ഡങ്ങൾ അനുസരിച്ച് ധനസഹായം നൽകിവരുന്നു

കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി സംരക്ഷണ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 5 കാവുകൾക്ക് എല്ലാ വർഷവും ധനസഹായം നൽകിവരുന്നു.

കണ്ടൽക്കാടുകളെയും കാവുകളെയും സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും കുട്ടികളിലും എത്തിക്കുന്നതിലേയ്ക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്. കൂടാതെ വനംവകുപ്പിന്റെ പ്രസിദ്ധീകരണമായ അരണ്യം മുഖേന കണ്ടലിന്റെയും കാവിന്റെയും പ്രാധാന്യത്തെപ്പറ്റി ലേഖനങ്ങളും പ്രസിദ്ധീകരിച്ചുവരുന്നു. ജൈവവൈവിധ്യപരിപാലനത്തിൽ മാതൃകാപ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് എല്ലാവർഷവും ജില്ലാടിസ്ഥാനത്തിൽ വനമിത്ര പുരസ്ക്കാരം നൽകിവരുന്നു.

വംശനാശ ഭീഷണി നേരിടുന്ന ആമകളെയും വെയിൽ ഷാർക്ക് പോലുള്ള മത്സ്യങ്ങളെയും സംരക്ഷിക്കുന്നതിനും കടൽപക്ഷികളടക്കമുള്ള പക്ഷികളുടെ ആവാസവ്യവസ്ഥ പഠിക്കുന്നതിനും വംശനാശഭീഷണിയുള്ള പക്ഷികളെ നിരീക്ഷിക്കുന്നതിനും അവയുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) നല്ലയിനം തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്ത് കാർഷിക വനവൽക്കരണം സാധ്യമാക്കാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ?

കാർഷിക വനവൽക്കരണ പദ്ധതി വനംവകുപ്പ് നടപ്പിലാക്കുന്നില്ല.

(സി) നഗര വനവൽക്കരണത്തിനും പൊതുസ്ഥലങ്ങളിൽ വിവിധയിനം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും വിദ്യാലയങ്ങളും ഫോറസ്ട്രി ക്ലബ്ബുകളും മുഖേന വൃക്ഷവൽക്കരണത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനും വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

നഗര വനവൽക്കരണത്തിനും പൊതുസ്ഥലങ്ങളിൽ വിവിധയിനം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും വിദ്യാലയങ്ങളും ഫോറസ്ട്രി ക്ലബ്ബുകളും മുഖേന വൃക്ഷവൽക്കരണത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനും വിദ്യാവനം, നഗരവനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

വിദ്യാലയങ്ങളിൽ വളരെ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവിക വനങ്ങളുടെ സാദൃശ്യമുള്ള, അതിസാന്ദ്രതയിൽ നട്ടുവളർത്തിയെടുക്കുന്ന ചെറുവനങ്ങളാണ്

വിദ്യാവനങ്ങൾ. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെയും കോളേജുകളിലെയും ഫോറസ്ട്രി ക്ലബ്ബുകളിലൂടെ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പരിപാടിയുടെ ആസൂത്രണവും നടത്തിപ്പും തുടർന്നുള്ള പരിപാലനവും വിലയിരുത്തലും നിർവ്വഹിക്കുന്നത്. ഏറ്റവും കുറഞ്ഞത് 5 സെന്റ് സ്ഥലമെങ്കിലും ഈ പദ്ധതിക്കായി ആവശ്യമുണ്ട്. ഒരു വിദ്യാവനത്തിന് പരമാവധി 2 ലക്ഷം രൂപ വരെ ചെലവുകൾക്കായി നൽകുന്നു. പ്രസ്തുത ഫോറസ്ട്രി ക്ലബ്ബുകളുടെ ഉത്തരവാദിത്വത്തിലായിരിക്കും വിദ്യാവനങ്ങളുടെ തുടർന്നുള്ള പരിചരണവും മേൽനോട്ടവും. 14 ജില്ലകളിലായി നാളിതുവരെ 117 വിദ്യാവനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

നഗരങ്ങളിൽ ചെറുപച്ചത്തുരുത്തുകൾ കൃത്രിമമായി വളർത്തിയെടുക്കുന്ന ഒരു പദ്ധതിയാണ് നഗരവനം. എല്ലാ അർത്ഥത്തിലും വനത്തെ അനുസ്മരിപ്പിക്കുന്ന രീതിയിലായിരിക്കും ഇത്തരം നഗരവനങ്ങൾ വളർത്തിയെടുക്കുക. തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് വളർത്തിയെടുക്കുന്ന നഗരവനത്തിൽ സ്വാഭാവിക വനത്തിന്റെ വിവിധ

തലങ്ങളും ദർശിക്കാൻ സാധിക്കുന്നതാണ്. കേവലം 5 സെന്റ് വിസ്തീർണ്ണമുള്ള സ്ഥലം മുതൽ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. വിദ്യാർത്ഥികൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, നേച്ചർ ക്ലബ്ബുകൾ എന്നിവയുടെ സഹായത്തോടെ നടപ്പിൽവരുത്തുന്ന ഇത്തരം നഗരവനങ്ങൾ ഹരിത ഗൃഹപ്രഭാവ ലഘൂകരണം, ശുദ്ധവായു സമാഹരണം, പക്ഷികളുടെ ആവാസ കേന്ദ്രമൊരുക്കൽ, ഹരിതാഭ വർദ്ധനവ് എന്നിവയോടൊപ്പം ജനങ്ങളിൽ പ്രകൃതിയോട് സ്നേഹവും അനുഭാവവും സംരക്ഷണ ചിന്താമനോഭാവവും ഉണർത്താൻ സഹായിക്കുന്നു. നാളിതുവരെ 16 നഗരവനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

**ശാസ്ത്രീയ ജല മാനേജ്മെന്റ്**

21 (*381) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

കടുത്ത വേനലിനെ അതിജീവിക്കാൻ കഴിയത്തക്കനിലയിൽ സംസ്ഥാനത്ത് ശാസ്ത്രീയമായ ജല മാനേജ്മെന്റ് നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ജലവിഭവ ആസൂത്രണവും മാനേജ്മെന്റും കൂടുതൽ ശാസ്ത്രീയവും ജനപങ്കാളിത്തത്തോടുകൂടിയതുമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രധാന്യം നൽകികൊണ്ടുള്ള നടപടികൾ ജലവിഭവ വകുപ്പിൽ കൈക്കൊണ്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംയോജിത നീർത്തടപ്ലാനും ബ്ലോക്കുതലത്തിൽ സംയോജിത നീർത്തട മാസ്റ്റർപ്ലാനും തയ്യാറാക്കി, റിഡ്ജ്-ടു-വാലി സമീപനത്തോടെ മുൻഗണനാടിസ്ഥാനത്തിൽ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു.

"ജലസമൃദ്ധി" യുടെ ഭാഗമായി കുളങ്ങളുടെ സംരക്ഷണവും സംഭരണശേഷി വർദ്ധിപ്പിക്കലും തോടുകൾ/നദികളിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തനം, ഭൂജലപോഷണം സാധ്യമാകുംവിധമുള്ള ചെറുതടയണകൾ/ വെന്റഡ് ക്രോസ് ബാറുകൾ (VCB) നിർമ്മിക്കുക

എന്നതിനൊപ്പം നദികളെ ചെറുസംഭരണികളാക്കി പ്രാദേശിക ജലലഭ്യത വർദ്ധിപ്പിക്കാൻ സഹായിക്കുന്ന തടയണ/റെഗുലേറ്ററുകൾ എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വരൾച്ചയെ മുന്നിൽകണ്ടുകൊണ്ട് ഭൂജല ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ/ ഭൂജലനിരപ്പ് താഴ്ന്ന പ്രദേശങ്ങളിൽ മഴവെള്ളം പരമാവധി സംഭരിക്കുന്നതിനും ഭൂജലപോഷണം സാധ്യമാക്കുന്നതുമായ വിവിധ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം വർദ്ധിപ്പിക്കുന്നതിനായി കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കാനായി ചളി/എക്കൽ എന്നിവ മാറ്റുക, തോടുകളിൽ ചെറുതടയണകൾ നിർമ്മിക്കുക, നദികളുള്ള സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

ആവർത്തിക്കാൻ കഴിയുന്ന മാതൃകകളുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ "സ്ഥാപനങ്ങളിലെ വാട്ടർ ഓഡിറ്റിംഗ്" നടത്തി ജല ഉപയോഗനഷ്ടം കുറച്ച്, ജല ഉപയോഗകാര്യക്ഷമത വർദ്ധപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാട്ടാക്കട അസംബ്ലി നിയോജക മണ്ഡലത്തിലെ എട്ട് സ്ഥാപനങ്ങളിൽ നിർവ്വഹിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇത്തരം ശാസ്ത്രീയമായ പ്രവർത്തനങ്ങൾ

ഉൾപ്പെടെയുള്ളവ തുടർന്നുകൊണ്ടുപോകുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കി "നവകേരളം കർമ്മ പദ്ധതി II” പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ജലവിഭവശോഷണം, വർദ്ധിച്ചുവരുന്ന ജലചൂഷണം, ജലമലിനീകരണം എന്നിവ പരിഹരിക്കുന്നതിനും ജലസംരക്ഷണം, ജലഉപയോഗ നിയന്ത്രണം, ജലവിഭവവിനിയോഗം കാര്യക്ഷമമാക്കുക, ജലവിനിയോഗം സുസ്ഥിരവും തുല്യതയുമുള്ളതാക്കുക, വിവിധ ആവശ്യങ്ങൾക്ക് - കുടിവെള്ളം, വ്യവസായം, ഉൾനാടൻജലഗതാഗതം - തുടങ്ങിയവയ്ക്കാവശ്യമായ ജലവിനിയോഗ ക്രമം നടപ്പിലാക്കുക, ജലനിയന്ത്രണ സംവിധാനം കൊണ്ടുവരിക തുടങ്ങിയവ മുൻഗണന നിശ്ചയിച്ച് ജലം ലഭ്യമാക്കുന്നതിനും നദികളുടെ വൃഷ്ടിപ്രദേശത്തിന്റെയും സംക്ഷണത്തിനാവശ്യമായ പ്രവർത്തനങ്ങൾ നദിസംരക്ഷണ മാസ്റ്റർ പ്ലാൻ അനുസരിച്ച് നിർവ്വഹിക്കപ്പെടുന്നെന്ന് ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള റിവർ ബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി ബിൽ (RBCMA) 2020 കരട് രേഖ തയ്യാറാക്കിയിട്ടുണ്ട്.

ദീർഘകാലാടിസ്ഥാനത്തിൽ വേനലിനെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഭൂജല സംപോഷണ മാർഗ്ഗങ്ങൾ 'ഭൂജല സംരക്ഷണവും, സംപോഷണവും' എന്ന പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. തുറന്ന കിണർ/ കുഴൽക്കിണർ/റീചാർജ്ജ് പിറ്റ് വഴിയുള്ള റീചാർജ്ജ് പദ്ധതികൾ, ചെറിയ തടയണകൾ, അടിയണകൾ, എന്നിവയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിൻകീഴിൽ വിഭാവനം ചെയ്യുന്നു. കേരളത്തിലെ അമിതചൂഷിത, ഗുരുതര, അർദ്ധഗുരുതര ബ്ലോക്കുകളിൽ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിവരുന്നു.

കൂടാതെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിവരുന്ന 'ജൽ ശക്തി അഭിയാൻ' – Catch the rain programme –2022-ന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്.

ശാസ്ത്രീയമായ ജല മാനേജ്മെന്റ് നടപ്പാക്കുന്നതിന്റെ ഭാഗമായി ഭാരതപ്പുഴയുടെ റിവർബേസിൻ മാനേജ്മെന്റ് പ്ലാൻ വികസിപ്പിക്കുന്ന പദ്ധതി പാലക്കാട് ഐ.ഐ.ടി. (Indian Institute of Technology, Palakkad) യുമായി ചേർന്ന് നടപ്പിലാക്കിവരുന്നു.

എല്ലാ ജില്ലയിലെയും കുറഞ്ഞത് ഓരോ ബ്ലോക്കിൽവീതം ജലബഡ്ജറ്റ് തയ്യാറാക്കണമെന്ന് ഹരിതകേരളം കർമ്മ സമിതിയിൽ തീരുമാനമെടുക്കുകയും കേരളത്തിലെ 15 ബ്ലോക്ക് പഞ്ചായത്തുകളിലും അവയുടെ പരിധിയിൽവരുന്ന 94 ഗ്രാമപഞ്ചായത്തുകളിലും ജലബഡ്ജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. ജലബഡ്ജറ്റ് നടത്തുന്ന മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും അധ്യക്ഷരുടെ ഒരു ശിൽപ്പശാല സംഘടിപ്പിച്ച് പ്രവർത്തന പരിപാടി ചർച്ച ചെയ്ത് അന്തിമമാക്കിയിരുന്നു. ബ്ലോക്കുതല സാങ്കേതിക സമിതി യോഗങ്ങളും ബ്ലോക്ക് കൺവെൻഷനുകളും നടന്നുവരുന്നു. മാർച്ച് 22-ന് ജലബഡ്ജറ്റ് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താൻ കഴിയുന്ന രീതിയിലുള്ള ഒരു പ്രവർത്തന പരിപാടിക്ക് രൂപംകൊടുത്തിട്ടുണ്ട്.

ജലബഡ്ജറ്റ് തയ്യാറായശേഷം അതിനെ അടിസ്ഥാനപ്പെടുത്തി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ജലസുരക്ഷ ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ ഒരു കൃത്യമായ ജലപരിപാലന പരിപാടിയുൾപ്പെടുന്ന ഒരു ജലസുരക്ഷാ പ്ലാൻ തയ്യാറാക്കാനും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പ്രസ്തുത പ്ലാൻ നടപ്പിലാക്കാനുമാണ് ലക്ഷ്യമിടുന്നത്.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വൈമാനിക പഠനത്തിന് സഹായ പദ്ധതി**

22 (*382) ശ്രീ. വി. ജോയി:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക തൊഴിൽമേഖലയുടെ ആവശ്യത്തിനനുസൃതമായി പട്ടികജാതി, പട്ടികവർഗ്ഗ

വിഭാഗങ്ങളിൽപ്പെട്ടവരുടെ മാനവ വിഭവശേഷി വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്ത് ആധുനിക തൊഴിൽമേഖലയുടെ ആവശ്യത്തിനനുസൃതമായി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ മാനവ വിഭവശേഷി വികസനത്തിനായി അഭ്യസ്തവിദ്യരായ പട്ടികജാതി പട്ടികവർഗ്ഗ യുവജനങ്ങൾക്ക് തൊഴിലില്ലായ്മ പരിഹരിച്ച് സ്ഥിരവരുമാനമുള്ള തൊഴിൽ ഉറപ്പുവരുത്തി സാമൂഹിക സാമ്പത്തിക ഉന്നമനം കൈവരിക്കുന്നതിനായി ഐ.ടി, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം, എയർലൈൻ, എയർപോർട്ട് മേഖല, കാർഗോ മാനേജ്മെന്റ് തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളായ KASE (Kerala Academy for Skills Excellence), KELTRON (Kerala State Electronics Development Corporation Limited), CIPET (Central Institute of Petrochemicals Engineering & Technology), CDAC (Centre for Development

of Advanced Computing), ASAP (Additional Skill Acquisition Programme Kerala) മുഖേന നടപ്പിലാക്കുന്നു. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായിച്ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റ് ഉറപ്പാക്കുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിനുതകുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി കേരള Start-Up-Mission നുമായി ചേർന്ന് വകുപ്പ് നടപ്പിലാക്കിവരുന്നു

കൂടാതെ നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിനുപുറമെ പട്ടികജാതി പട്ടികവർഗ്ഗക്കാരായ 94 നിയമ ബിരുദധാരികളെ ഗവൺമെന്റ് പ്ലീഡർമാർ, സീനിയർ അഡ്വക്കേറ്റുമാർ എന്നിവർക്ക് കീഴിൽ ഹോണറേറിയത്തോടുകൂടി

രണ്ട് വർഷക്കാലയളവിലേയ്ക്ക് പരിശീലനത്തിനായി നിയമിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പിലാക്കാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്.

പട്ടികവർഗ്ഗസങ്കേതങ്ങളിലെ വിദ്യാഭ്യാസം ഇടയ്ക്കുവച്ച് നഷ്ടപ്പെട്ടവർക്ക് തുടർ വിദ്യാഭ്യാസ പരിപാടി എന്ന നിലയിലും സുസ്ഥിര വരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യംവച്ചും അവർക്കായി കെട്ടിട നിർമ്മാണ മേഖലയിൽ പരിശീലനം നൽകി അവരെ ചെറുസംഘങ്ങളായി രജിസ്റ്റർ ചെയ്ത് നിർമ്മാണ സാമഗ്രികൾ വാങ്ങുന്നതിന് ധനസഹായം അനുവദിച്ച് നിർമ്മാണ പ്രവർത്തികൾ ഏറ്റെടുക്കാൻ പ്രാപ്തരാക്കിയിട്ടുണ്ട്.

(ബി) ഇവർക്കായി വൈമാനിക പഠനത്തിന് പ്രത്യേക സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പഠനത്തിനായി ഒ.ബി.സി., ഒ.ഇ.സി. വിഭാഗങ്ങൾക്ക് സഹായ പദ്ധതിയുടെ ആനുകൂല്യം നൽകുന്നുണ്ടോ; വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാഡമിയിൽ കൊമേഴ്സ്യൽ പൈലറ്റ് കോഴ്സിന് ഓരോ വർഷവും പ്രവേശനം ലഭിക്കുന്ന 3 പട്ടികജാതി, 2 പട്ടികവർഗ്ഗ, 1 ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 'വിങ്സ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) വൈമാനിക പഠനത്തിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം സൗകര്യങ്ങളും സഹായങ്ങളുമാണ് ലഭ്യമാക്കുന്നത്; കോഴ്സിന്റെ മുഴുവൻ തുകയും വകുപ്പ് ഏറ്റെടുക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിയിനുകീഴിൽ വൈമാനിക പഠനം പൂർത്തീകരിച്ചവരുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ടി കോഴ്സിന് കോഷൻ ഡെപ്പോസിറ്റ്, പി.ടി.എ ഫണ്ട് ഒഴികെയുള്ള എല്ലാ ഫീസാനുകൂല്യങ്ങളും അനുവദിക്കുന്നതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 4 വിദ്യാർത്ഥികൾ വകുപ്പിന്റെ സഹായത്തോടെ പഠനം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റർഹ വിഭാഗത്തിൽ 2 പേർ നിലവിൽ പരിശീലനം നടത്തിവരുന്നു. വിങ്സ് പദ്ധതി ആവിഷ്കരിച്ചത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ്. ടി. പദ്ധതിപ്രകാരം സ്കോളർഷിപ്പ് ലഭിച്ചുവരുന്ന വിദ്യാർത്ഥികളുടെ പരിശീലനം നിലവിൽ അക്കാഡമിയിൽ നടന്നുവരികയാണ്.

**സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണി**

23 (*383) <u>ശ്രീ. പ്രമോദ് നാരായൺ:</u>
<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u>
<u>ശ്രീ. ജോബ് മൈക്കിൾ:</u>
<u>ഡോ. എൻ. ജയരാജ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണിക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

വനാതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജവേലികൾ പരിപാലിക്കുകയും അറ്റകുറ്റപണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്. ആയതിലേയ്ക്കായി താൽക്കാലിക വാച്ചർമാരുടെയും വനസംരക്ഷണ സമിതി/ഇക്കോഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളുടെയും ഫീൽഡുതല ജീവനക്കാരുടെയും സേവനം പ്രയോജനപ്പെടുത്തിവരുന്നു. സോളാർ ഫെൻസിംഗുകളുടെ അറ്റകുറ്റപ്പണികൾക്കായി 2021-22, 2022-23 വർഷങ്ങളിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) നിലവിൽ സ്ഥാപിച്ചിട്ടുള്ള ഫെൻസിംഗുകൾ പലയിടത്തും വള്ളിപടർപ്പ് കയറി ഉപയോഗശൂന്യമായിരിക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദിവസവേതന വാച്ചർമാർ/വനസംരക്ഷണസമിതി അംഗങ്ങൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയംഗങ്ങൾ എന്നിവരുടെ സേവനം ഉപയോഗിച്ച് ഫെൻസിംഗുകൾ പരിപാലിച്ചുവരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സോളാർ ഫെൻസിംഗുകൾ യഥാസമയം അറ്റകുറ്റപ്പണി നടത്തി സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം ഡിവിഷന്റെ പരിധിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സോളാർ ഫെൻസിംഗുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേയ്ക്ക് 13-01-2023-ൽ കൂടിയ ജില്ലാതല കോ-ഓഡിനേഷൻ കമ്മിറ്റിയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. തെന്മല ഡിവിഷൻ പരിധിയിൽ ഇതുസംബന്ധിച്ച ഒരു പദ്ധതി തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സോളാർ ഫെൻസിംഗുകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ പരിപാലിക്കുന്നതിന് കോട്ടയം, മറയൂർ, മാങ്കുളം ഡിവിഷനുകളിലും നടപടികൾ സ്വീകരിച്ചുവരുന്നു. നോർത്തേൺ സർക്കിൾ

കണ്ണൂരിൽ ഉൾപ്പെട്ടുവരുന്ന ഡിവിഷനുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

**പുഴകളെ ജലസംഭണികളാക്കി മാറ്റാൻ ശാസ്ത്രീയ പഠനം**

24 (*384) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുഴകളെ ജലസംഭരണികളാക്കി മാറ്റുന്നതിന് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ചെക്ക് ഡാമുകളും റെഗുലേറ്ററുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇത്തരത്തിലുള്ള നിർമ്മാണങ്ങൾ പ്രളയത്തെ തടയുന്നതിന് പര്യാപ്തമാണോയെന്ന് വ്യക്തമാക്കുമോ?

(എ-സി) നദികളെത്തന്നെ ചെറുജലസംഭരണികളാക്കുന്ന പ്രവർത്തനം നിലവിൽ ജലസേചന വകുപ്പുമുഖേന നിർവ്വഹിച്ചുവരുന്നു. നദികളുടെ കരപ്രദേശത്തിനാവശ്യമായ ഉയരം (bank height) ലഭ്യമാകുന്ന ഇടങ്ങളിലാണ് നദികളെ ചെറുസംഭരണികളാക്കാൻ കഴിയുന്ന റെഗുലേറ്ററുകൾ/തടയണകൾ നിർമ്മിക്കുന്നത്. നദിയുടെ അടിത്തട്ടിന്റെ ചെരിവ്, പ്രളയ സാധ്യത തുടങ്ങിയ ഘടകങ്ങൾകൂടി പരിഗണിച്ചാണ് ഇത്തരം സ്ട്രക്ച്ചറുകൾ നിർമ്മിക്കുന്നത്. നദികളിൽ പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യാനുസരണം ജലസംഭരണ പ്രവർത്തനങ്ങൾക്കുതകുന്ന വിവിധ ഘടനകളായ ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ എന്നിവ വിഭാവനം ചെയ്യുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിർമ്മിക്കുകയും ചെയ്യാറുണ്ട്. ഇതുവഴി നദികളെ ചെറുസംഭരണികളായി പരിണമിപ്പിക്കാൻ കഴിയുന്നതാണ്.

ഇതിന്റെ അടിസ്ഥാനത്തിൽ വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഓരുവെള്ള നിയന്ത്രണത്തിനും പരിസര പ്രദേശങ്ങളിൽ വേനൽക്കാലത്ത് കിണറുകളിൽ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും

വേണ്ടി റെഗുലേറ്റർ നിർമ്മാണ പദ്ധതി ആവിഷ്കരിക്കാൻവേണ്ടി ഷിറിയ, കുപ്പം, വളപട്ടണം, അഞ്ചരക്കണ്ടി, മാഹി, കുറ്റിയാടി, കടലുണ്ടി, മൂവാറ്റുപുഴ, അച്ചൻകോവിൽ, മണിമല, വാമനപുരം, കരമന തുടങ്ങിയ നദികളിൽ കിഫ്ബി ധനസഹായത്തോടെ റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിന് ₹600 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

തുടർന്ന് ജലസേചന വകുപ്പ് കുപ്പം, ഉത്തപ്പുഴ, അഞ്ചരക്കണ്ടി, മാഹി, കുറ്റിയാടി, കടലുണ്ടി, മൂവാറ്റുപുഴ, അച്ചൻകോവിൽ, മണിമല, വാമനപുരം, കരമന മുതലായ നദികളിൽ റെഗുലേറ്റർ/റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് അനുയോജ്യമായ പ്രദേശങ്ങളുടെ ഒരു പ്രാഥമിക പട്ടിക തയ്യാറാക്കി. അതിൽനിന്നും ഓരുവെള്ളക്കയറ്റ നിയന്ത്രണം, വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനുകളിലെ ജലലഭ്യത എന്നിവ കണക്കിലെടുത്ത് ഏകദേശം 19 റെഗുലേറ്ററുകളുടെ അന്തിമ പട്ടിക തയ്യാറാക്കി അവയുടെ ഡി.പി.ആർ.-ന് തത്വത്തിൽ അംഗീകാരം നൽകുകയും തുടർന്ന് ഡി.പി.ആർ. കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ കിഫ്ബിയിൽനിന്ന് ധനസഹായം ലഭ്യമാക്കി

കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു+.

പ്രസ്തുത റെഗുലേറ്ററുകൾ/റെഗുലേറ്റർ കം ബ്രിഡ്ജ് പൂർണ്ണമായി പ്രവർത്തന സജ്ജമാകുന്നതോടെ താഴെ പറയുന്ന പ്രയോജനങ്ങൾ ലഭിക്കും.

1. ഭൂഗർഭജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും അതുവഴി പരിസര പ്രദേശങ്ങളിൽ വേനൽകാലത്ത് കിണറുകളിൽ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സാധിക്കും.

2. നിലവിലുള്ള ആയക്കട്ടിന്റെ സ്ഥിരത നിലനിർത്താനും കൂടുതൽ ആയക്കട്ട് പ്രദേശം സൃഷ്ടിക്കാനും സാധിക്കും.

3. ഓരുവെള്ളക്കയറ്റ നിയന്ത്രണം.

4. കേരള വാട്ടർ അതോറിറ്റി പമ്പിംഗ് സ്റ്റേഷനുകളിലേയ്ക്ക് ജലലഭ്യത.

5. റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ജലസേചനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ലഘൂകരിക്കാനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നദിയുടെ ഇരുകരകളെയും റോഡ് മാർഗ്ഗം (റോഡ് കണക്റ്റിവിറ്റി) ബന്ധിപ്പിക്കുന്നതിനും സാധിക്കും.

**നാട്ടാന പരിപാലനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ**

25 (*385) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്സവ സീസണുകൾ ആരംഭിച്ച സാഹചര്യത്തിൽ നാട്ടാനകളുടെ പരിപാലനത്തിനും എഴുന്നള്ളത്തിനും പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉത്സവങ്ങളോടനുബന്ധിച്ച് എഴുന്നള്ളിക്കുന്ന ആനകൾ അക്രമാസക്തമാകുകയും ആൾനാശമുൾപ്പെടെയുള്ള നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് ഉത്സവങ്ങൾക്ക് ആനകളെ എഴുന്നള്ളിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മുൻവർഷങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളാ നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) ചട്ടം 2012, 21-01-2012-ലെ സർക്കാർ ഉത്തരവ് (പി) നം. 03/11/വനം, 20-03-2013-ലെ 2853/ഡി2/2013/വനം നമ്പർ സർക്കുലർ, 27-04-2022-ലെ ഡി2/312/2018/വനം നമ്പർ സർക്കുലർ എന്നിവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ഉത്സവങ്ങൾക്ക് ആനകളെ എഴുന്നള്ളിക്കുന്നതിന് അനുമതി നൽകുന്നത്. (ടി ഉത്തരവിന്റെയും സർക്കുലറുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+). കൂടാതെ കേരള നാട്ടാന പരിപാലന ചട്ടപ്രകാരം ഓരോ ജില്ലയിലും രൂപീകരിച്ചിട്ടുള്ള ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി മുമ്പാകെ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേത്രങ്ങളിൽ മാത്രമേ ആനകളെ എഴുന്നള്ളിക്കുന്നതിന് അനുമതി നൽകാറുള്ളൂ.

(സി) ഉത്സവ സീസണുകൾക്ക് മുൻപ് നാട്ടാനകളെ സൊസൈറ്റി ഫോർ ദി പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി റ്റു അനിമൽസ് പാനലിൽ ഉൾപ്പെട്ട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡോക്ടർമാർ പരിശോധിച്ച് ആരോഗ്യപരമായ കാര്യങ്ങൾ ഉറപ്പാക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്സവ സീസണുകൾക്കുമുൻപ് നാട്ടാനകളെ  സൊസൈറ്റി ഫോർ ദി പ്രിവൻഷൻ ഓഫ് ക്രുവൽറ്റി റ്റൂ അനിമൽസ് പാനലിൽ ഉൾപ്പെട്ട ഡോക്ടർമാർ പരിശോധിച്ച് ആരോഗ്യപരമായ കാര്യങ്ങൾ ഉറപ്പാക്കണമെന്ന് മേൽ പറഞ്ഞ ചട്ടങ്ങളിലോ, ഉത്തരവുകളിലോ ഒന്നുംതന്നെ നിഷ്കർഷിച്ചിട്ടില്ല. രജിസ്റ്റേർഡ് വെറ്ററിനറി ഡോക്ടർ നൽകുന്ന ഹെൽത്ത് & ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആനകളെ എഴുന്നള്ളിക്കുന്നതിന് അനുമതി നൽകാറുള്ളൂ.

## കാട്ടാന ശല്യം കുറയ്ക്കാൻ നടപടി

26 (*386) ഡോ. മാത്യൂ കുഴൽനാടൻ:

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) ഇടുക്കി, വയനാട്, ആറളം അടക്കമുള്ള മേഖലകളിൽ കാട്ടാന ശല്യം രൂക്ഷമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആനയുൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ആയതിൽ ടി പ്രദേശങ്ങളുമുൾപ്പെടുന്നു.

(ബി) പ്രസ്തുത മേഖലകളിൽ നിരന്തരം നാശനഷ്ടങ്ങളുണ്ടാക്കുന്ന കാട്ടാനകളെ കണ്ടെത്തിയിട്ടുണ്ടോ?

മൂന്നാർ ഡിവിഷനിലെ ദേവികുളം റെയ്ഞ്ചിലെ സിങ്കുകണ്ടം, ആനയിറങ്കൽ, ചിന്നക്കനാൽ, ശാന്തൻപാറ മേഖലകളിൽ നിരന്തരം നാശനഷ്ടങ്ങളുണ്ടാക്കുന്ന ഒരു കാട്ടാനയെ കണ്ടെത്തിയിട്ടുണ്ട്. സൗത്ത് വയനാട് ഡിവിഷനിലെ മേപ്പാടി റെയിഞ്ചിൽ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ സ്ഥിരം പ്രശ്നങ്ങൾ ഉണ്ടാക്കുന്ന ഒരാനയെ തിരിച്ചറിഞ്ഞിരുന്നു. ടി ആന ഉൾക്കാട്ടിലേയ്ക്ക് നീങ്ങിയതിനാൽ ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങിയുള്ള പ്രശ്നങ്ങൾ പിന്നീടുണ്ടായിട്ടില്ല. ആറളത്ത് കാട്ടാനക്കൂട്ടങ്ങളാണെത്തുന്നത്.

(സി) പ്രസ്തുത മേഖലകളിൽ നിരന്തരം നാശനഷ്ടങ്ങളുണ്ടാക്കുന്ന ആക്രമണകാരികളായ ആനകളെ നിരീക്ഷിക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനും നടത്തിയ ഇടപെടൽ വിശദമാക്കാമോ?

മൂന്നാർ ഡിവിഷനിൽ ദേവികുളം ആർ.ആർ.റ്റി, ചിന്നക്കനാൽ ഇന്റേണൽ ആർ.ആർ.റ്റി, ചിന്നക്കനാൽ ബോഡിമെട്ട് സെക്ഷനുകളിലായി രണ്ട് എലിഫന്റ് മോണിറ്ററിംഗ് സ്ക്വാഡുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. വനംവകുപ്പ് ഉദ്യോഗസ്ഥരെ കൂടാതെ ഇതിനായി 45-ഓളം വാച്ചർമാരും ജാഗ്രതയോടെ പ്രവർത്തിച്ചുവരുന്നുണ്ട്. മാങ്കുളം, മറയൂർ ഡിവിഷനുകളിൽ ജനവാസമേഖലയിലേക്ക് ഇറങ്ങുന്ന കാട്ടാനകളെ തിരികെ വനത്തിലേയ്ക്ക് കയറ്റി വിടുന്നതിന് സമീപവാസികളും വാച്ചർമാരും ഉൾപ്പെട്ട ടീം പ്രവർത്തിച്ചുവരുന്നു. ആധുനിക സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന ANIDERS അലാറം സിസ്റ്റം സംവിധാനം, എസ്.എം.എസ്. അലെർട്ട്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ എന്നിവ ഉപയോഗപ്പെടുത്തുകവഴി വന്യജീവികളുടെ കടന്നുവരവ് മുൻകൂട്ടി അറിയുന്നതിനും ജനങ്ങൾക്ക് ജാഗ്രതാ മുന്നറിയിപ്പ് നൽകുന്നതിനും മനുഷ്യ-

വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും സാധിക്കുന്നുണ്ട്. വയനാട് ജില്ലയിൽ നോർത്ത് വയനാട്, സൗത്ത് വയനാട് ഡിവിഷനുകളിൽ വന്യജീവിശല്യമുള്ള സ്ഥലങ്ങളിൽ നിരീക്ഷണം നടത്തുന്നതിനായി വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. ആനകൾ ജനവാസ മേഖലകളിലേയ്ക്കിറങ്ങിയാൽ വനംവകുപ്പും തദ്ദേശവാസികളും ചേർന്ന് ആനകളെ തിരികെ കാട്ടിലേയ്ക്ക് കടത്തിവിടുകയും ചെയ്യുന്നുണ്ട്. വയനാട് വന്യജീവി സങ്കേതത്തിനോടുചേർന്ന പ്രദേശങ്ങളിലിറങ്ങുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് അയക്കുന്നതിനായി ജീവനക്കാരുടെയും ദിവസക്കൂലി വാച്ചർമാരുടെയും സേവനം രാപ്പകൽ ഭേദമന്യേ ഉപയോഗിക്കുന്നു. ജനവാസ മേഖലകളിലിറങ്ങുന്ന ആനകളെ വനത്തിനുള്ളിലേക്ക് മടക്കി അയയ്ക്കുന്നതിനായി വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ ആർ.ആർ.ടി ടീം, എലിഫന്റ് സ്ക്വാഡ്, മുത്തങ്ങ ആന ക്യാമ്പിലെ കുങ്കി ആനകളുടെ സേവനം എന്നിവ ഉപയോഗിച്ചുവരുന്നു. ആറളം ഫാം പുനരധിവാസ മേഖലയിൽ ഇറങ്ങുന്ന കാട്ടാനകളെ തിരികെ വനത്തിലേയ്ക്ക് തിരിച്ചുവിടുന്നതിനുള്ള നടപടികൾ കൊട്ടിയൂർ റെയിഞ്ച് സംരക്ഷണ വിഭാഗം

ജീവനക്കാർ, ആർ.ആർ.ടി യൂണിറ്റ്, തദ്ദേശീയരായ വാച്ചർമാർ എന്നിവർ ചേർന്ന് ജാഗ്രതയോടെ ചെയ്തുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ ജനപങ്കാളിത്തത്തോടെയുള്ള ജനജാഗ്രതാ സമിതികൾ മുഖേനയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് രൂപീകരിച്ച ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി മുഖേനയും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും പരിപാലിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പരിപാലിച്ചു വരികയുംചെയ്യുന്നു. മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനായി സർക്കിൾതലത്തിൽ ഏകോപിപ്പിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിന് അതത് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.

(ഡി) കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട താൽകാലിക വാച്ചർ ശാന്തൻപാറ അയ്യപ്പൻകുടി സ്വദേശി ശക്തിവേലിന്റെ കുടുംബത്തിന് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട താൽക്കാലിക വാച്ചർ ശക്തിവേലിന്റെ കുടുംബത്തിന് അടിയന്തര ധനസഹായമായി 5 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ബാക്കി നഷ്ടപരിഹാര തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മത്സ്യവും മത്സ്യോല്പന്നങ്ങളും കേടുകൂടാതെ ലഭ്യമാക്കുന്നതിന് നടപടി**

27 (*387) <u>ശ്രീ. ടി. ഐ. മധുസൂദനൻ:</u>
<u>ശ്രീ കടകംപള്ളി സുരേന്ദ്രൻ:</u>
<u>ശ്രീ. എം. നൗഷാദ് :</u>
<u>ശ്രീമതി കാനത്തിൽ ജമീല:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>) സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും വൻതോതിൽ ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം സംസ്ഥാനത്തേയ്ക്കെത്തുന്നത് മത്സ്യത്തൊഴിലാളികളുടെയും ഉപഭോക്താക്കളുടെയും താല്പര്യത്തിന് ഹാനികരമായതിനാൽ ഗുണനിലവാരമില്ലാത്ത മത്സ്യവിപണനം സംസ്ഥാനത്ത് കുറ്റകരമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

അയൽസംസ്ഥാനങ്ങളിൽനിന്നും അതിർത്തികടന്ന് സംസ്ഥാനത്തെ മാർക്കറ്റുകളിലെത്തുന്ന മത്സ്യം പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത പരിശോധനകളിൽ മത്സ്യത്തിൽ ഫോർമാലിൻ ഉൾപ്പെടെയുള്ള രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തുകയോ കേടായ മത്സ്യം കണ്ടെത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 സെക്ഷൻ 38(4) പ്രകാരം ടി മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ച് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യവില്പന തടയാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും ഉദ്യോഗസ്ഥരെ

ഉൾപ്പെടുത്തി ജില്ലകൾതോറും ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പ്രസ്തുത ടാസ്ക് ഫോഴ്സിലെ അംഗങ്ങളാണ്. ടാസ്ക് ഫോഴ്സിലെ ഉദ്യോഗസ്ഥർ ചേർന്ന് വിവിധ മത്സ്യമാർക്കറ്റുകളിലും ഫിഷിംഗ് ഹാർബറുകളിലും ലാന്റിംഗ് സെന്ററുകളിലും അന്യസംസ്ഥാനങ്ങളിൽനിന്നും മത്സ്യം കൊണ്ടുവരുന്ന വാഹനങ്ങളിലും പരിശോധന നടത്തുന്നുണ്ട്. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) വികസിപ്പിച്ചെടുത്ത 'ക്വാളിറ്റി ടെസ്റ്റിംഗ് കിറ്റ്' ഉപയോഗിച്ച് മത്സ്യത്തിൽ ഫോർമാലിൻ/അമോണിയ എന്നിവയുടെ സാന്നിദ്ധ്യം തൽസമയം കണ്ടെത്താൻ കഴിയും.

(ബി) സംസ്ഥാനത്ത് മത്സ്യം പിടിക്കുന്നത് മുതൽ ഉപഭോക്താവിലെത്തുന്നതുവരെ ഗുണനിലവാരം നിലനിർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; മത്സ്യം കേടുകൂടാതെ കരയ്ക്കെത്തിക്കുന്നതിന് ഇൻസുലേറ്റഡ് ഐസ് ബോക്സ് നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് മത്സ്യം പിടിക്കുന്നത് മുതൽ ഉപഭോക്താവിലെത്തുന്നതു വരെ ഗുണനിലവാരം നിലനിർത്താൻ ഫിഷറീസ് വകുപ്പിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യം കേടുകൂടാതെ കരയ്ക്കെത്തിക്കുന്നതിന് ഇൻസുലേറ്റഡ് ഐസ് ബോക്സ് നൽകിവരുന്നു. കൂടാതെ മത്സ്യഫെഡ് മുഖേന മത്സ്യം സംഭരണകേന്ദ്രങ്ങളിലേയ്ക്ക് എത്തിക്കുന്നത് മുതൽ ഫിഷ്മാർട്ടുകൾ വഴി ഉപഭോക്താക്കളിൽ എത്തിക്കുന്നതുവരെ ഗുണനിലവാരം നിലനിർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് 2021 പ്രകാരം മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. പ്രസ്തുത ആക്ടിന്റെ ചട്ടങ്ങൾ രൂപീകരണ ഘട്ടത്തിലാണ്. 'സംസ്ഥാന മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി' രൂപീകരിച്ച ഉത്തരവാകുകയും, അതിൻപ്രകാരം ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) ഉപഭോക്താക്കൾക്ക് കേടുവരാത്ത മത്സ്യവും മത്സ്യോല്പന്നങ്ങളും ലഭ്യമാക്കുന്നതിന് ആരംഭിച്ചിട്ടുള്ള ഓൺലൈൻ മത്സ്യവിപണനം വിപുലീകരിക്കുന്നതിനും അന്തിപ്പച്ച ഫിഷ്മാർട്ടുകളും മൊബൈൽ ഫിഷ്മാർട്ടുകളും കൂടുതലായി ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് അന്നന്നുതന്നെ എത്തിക്കുന്നതിന് 2017-ൽ ആരംഭിച്ച പദ്ധതിയാണ് അന്തിപ്പച്ച മൊബൈൽ യൂണിറ്റ്. ഉപഭോക്താക്കൾക്ക് രാസപദാർത്ഥങ്ങൾ കലരാത്ത ശുദ്ധമായ മത്സ്യം ലഭ്യമാക്കുന്നതിന് ആരംഭിച്ച ഈ പദ്ധതിയിൽ ആദ്യം 5 മൊബൈൽ യൂണിറ്റുകളാണുണ്ടായിരുന്നത്. അത് വിപുലീകരിച്ച് നിലവിൽ 15 യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഓൺലൈൻ മത്സ്യവിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി മത്സ്യസംഭരണം മുതൽ വിതരണം വരെയുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ ആപ്ലിക്കേഷൻ മത്സ്യഫെഡ് രൂപകല്പന ചെയ്തിട്ടുണ്ട്.

**പട്ടികവിഭാഗ കോളനികളും ഊരുകളും മൈക്രോ ബിസിനസ് ഹബ്ബുകളാക്കി വികസിപ്പിക്കാൻ പദ്ധതി**

28 (*388) ശ്രീമതി ശാന്തകുമാരി കെ.:

ഡോ. കെ. ടി. ജലീൽ:

ശ്രീ. എം.വിജിൻ:

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മിതിയിൽ അർഹമായ പരിഗണന ലഭിക്കുംവിധം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്രമായ സാമൂഹിക, സാമ്പത്തിക വിവരം ശേഖരിച്ച് അപ്ഡേറ്റ് ചെയ്യാൻ കഴിയുന്നതരത്തിൽ ഒരു ഡാറ്റാ ബേസ് സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉണ്ട്. പട്ടികവർഗ്ഗ ജനതയുടെ സമഗ്ര വികസനം ഉദ്ദേശിച്ചുകൊണ്ട് മൈക്രോപ്ലാൻ തയ്യാറാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. പിന്നോക്കം നിൽക്കുന്ന ഊരുകളിലെ എല്ലാ മേഖലകളിലും ആവശ്യാധിഷ്ഠിത വികസനം സാധ്യമാക്കുകയാണ് ഈ പദ്ധതിയിലൂടെ

ലക്ഷ്യം വയ്ക്കുന്നത്. ഓരോ ഊരുകളുടെയും ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മതല ആസൂത്രണം മുഖേന പദ്ധതികൾ രൂപീകരിച്ച് വികസനം സാധ്യമാക്കുന്നതാണ് പദ്ധതി. ഇപ്രകാരം തയ്യാറാക്കുന്ന അപ്ഡേറ്റ് ചെയ്യാൻ സാധിക്കുന്നതരത്തിലുള്ള ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സാധിക്കുന്നതുവഴി അർഹരായ എല്ലാ പട്ടികവർഗക്കാർക്കും പരിഗണന ലഭിക്കുന്നതാണ്.

പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹിക വികസനത്തിനായുള്ള സമഗ്ര സർവ്വേ നടത്തി ഡാറ്റാബേസ് അപ്ഡേറ്റ് ചെയ്യാനാണ് ഡിജിറ്റൽ സർവ്വേയിലൂടെ ഉദ്ദേശിക്കുന്നത്.

ഡിജിറ്റൽ സർവ്വേയിൽ താഴെത്തട്ടുമുതൽ റിപ്പോർട്ടുകളും അനുബന്ധ വിവരങ്ങളും ലഭ്യമാവുന്ന രീതിയിലാണ് ഇതിലേയ്ക്കായുള്ള സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്യുന്നത്. എസ്.സി. പ്രൊമോട്ടർമാർക്ക് വിവര ശേഖരണത്തിനായി പരിശീലനം നൽകിക്കഴിഞ്ഞു.

(ബി) പ്രവർത്തനക്ഷമമല്ലാത്തതും കയ്യൊഴിയാൻ ഉദ്ദേശിക്കുന്നതുമായ എസ്റ്റേറ്റുകൾ, മറ്റ് ഭൂമികൾ എന്നിവ ഏറ്റെടുത്ത് കൂട്ടുടമസ്ഥതയിൽ സൊസൈറ്റികൾ രൂപീകരിച്ച് അവയ്ക്കാവശ്യമായ പ്രവർത്തന മൂലധനം നൽകി പ്രസ്തുത വിഭാഗങ്ങളുടെ ഭൂമിയുടെയും ജീവനോപാധികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നതരത്തിൽ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളതുമായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ആദിവാസി പുനരധിവാസ വികസന മിഷൻ പ്രവർത്തിച്ചുവരുന്നു.

ഇതുകൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവതീയുവാക്കൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശവും പരിശീലനവും സാമ്പത്തിക സഹായവും മികച്ച മാനേജ്മെന്റ് പിന്തുണയും നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനായി കേരള എംപവർമെന്റ് സൊസൈറ്റി എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(സി) കോളനികളും ഊരുകളും മൈക്രോ ബിസിനസ് ഹബ്ബുകളാക്കി വികസിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവതീയുവാക്കൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശവും പരിശീലനവും സാമ്പത്തിക സഹായവും മികച്ച മാനേജ്മെന്റ് പിന്തുണയും നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനായി കേരള എംപവർമെന്റ് സൊസൈറ്റി എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവതീയുവാക്കൾക്കിടയിൽ തൊഴിലവസരങ്ങളും വരുമാനവും സ്വാശ്രയബോധവും സൃഷ്ടിക്കുന്നതിനും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവിഭാഗങ്ങളിൽപ്പെട്ട യുവതീയുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരായും തൊഴിൽദാതാക്കളായും സജ്ജരാക്കുക എന്നതാണ് എംപവർമെന്റ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം.

(ഡി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തനതായ അറിവുകളെയും കഴിവുകളെയും അനുയോജ്യമായ ഉല്പന്നങ്ങളും സേവനങ്ങളുമാക്കി മാർക്കറ്റ് ചെയ്യാൻ പദ്ധതികൾ തയ്യാറാക്കുമോ?

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തനതായ അറിവുകളെയും കഴിവുകളെയും അനുയോജ്യമായ ഉല്പന്നങ്ങളും സേവനങ്ങളുമാക്കി മാർക്കറ്റ് ചെയ്യുന്നതിനു വേണ്ടി നൂതന വിപണന സാധ്യതകളായ ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകളെ പ്രയോജനപ്പെടുത്തുന്നതിന് പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അട്ടപ്പാടി സഹകരണ ഫാമിംഗ് സൊസൈറ്റിയുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ഓർഗാനിക് സർട്ടിഫിക്കേഷൻ ലഭ്യമാകുകയും എക്സ്പോർട്ട് ലൈസൻസിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തനതായ അറിവുകളെയും കലാപരമായ കഴിവുകളെയും പരിപോഷിപ്പിക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കലാമേളകൾ, വിവിധ ദിനാചരണങ്ങൾ എന്നീ അവസരങ്ങളിൽ

പട്ടികവിഭാഗക്കാരുടെ പാരമ്പര്യകലകൾ, ഉൽപ്പന്നങ്ങൾ എന്നിവ പൊതുസമൂഹത്തിലേക്ക് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യവൈദ്യം പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും കിർത്താഡ്സ് വഴി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി**

29 (*389) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ് :
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെട്രോൾ, ഡീസൽ, മണ്ണെണ്ണ എന്നിവയുടെ വിലവർദ്ധനവ് കാരണം മത്സ്യത്തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ

കാണുന്നുണ്ടോയെന്നും ഇത് പരിഹരിക്കാനായി സത്വര നടപടികൾ കൈക്കൊള്ളുമോയെന്നും വ്യക്തമാക്കാമോ?

മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്രസർക്കാർ വരുത്തുന്ന കുറവും മണ്ണെണ്ണയുടെ ക്രമാതീതമായ വില വർദ്ധനവും മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകുവരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ വെള്ള മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ സബ്സിഡി നൽകി മത്സ്യഫെഡിലൂടെ വില്പന നടത്തിവരുന്നുണ്ട്. ഈ ആവശ്യത്തിലേയ്ക്കായി നോൺ പ്ലാനായി 2022-23 ബഡ്ജറ്റിൽ 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യ ബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽഭാഗംപോലും കേന്ദ്രം സബ്സിഡിരഹിത മണ്ണെണ്ണ (നോൺ പി.ഡി.എസ്) ആയി അനുവദിക്കുന്നില്ല. നടപ്പ് വർഷത്തേയ്ക്കാവശ്യമായ പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ 2022

ഏപ്രിൽ മുതൽ നാളിതുവരെ 7160 കിലോ ലിറ്റർ മണ്ണെണ്ണ ലഭ്യമായിട്ടുണ്ട്. ആയത് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നു.

കൂടാതെ മണ്ണെണ്ണയുടെ ലഭ്യതക്കുറവും ഉയർന്ന വിലയും സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയാത്തതിനാൽ മത്സ്യബന്ധനയാനങ്ങളിലെ മണ്ണെണ്ണ എഞ്ചിനുകൾ എൽ.പി.ജി. എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിന് മുന്നോടിയായി ആലപ്പുഴ ജില്ലയിൽ 10 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ എൽ.പി.ജി. കിറ്റ് സ്ഥാപിച്ച് ട്രയൽ റൺ നടത്തിയിട്ടുണ്ട്. ആയതിന്റെ വിതരണോദ്ഘാടനം 22.01.2023-ന് നിർവഹിച്ചു. 04.02.2023 വരെയുള്ള പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ടിൽ എൽ.പി.ജി. ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടതായി പറഞ്ഞിട്ടുണ്ട്. ഇന്ധനച്ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21.01.2023-ന് എൽ.പി.ജി. കിറ്റ്

ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു. മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ എൽ.പി.ജി. എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുന്നകാര്യം പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ ഏർപ്പെടുത്തിയ പെട്രോൾ, ഡീസൽ രണ്ട് രൂപ സെസ്സ് പ്രതിസന്ധി നേരിടുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

കേരളത്തിൽ ആകെ 43711 മത്സ്യബന്ധന യാനങ്ങളാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നത്. ഇതിൽ 34047 ഒ.ബി.എം ഘടിപ്പിച്ച പരമ്പരാഗത മത്സ്യബന്ധന യാനങ്ങളാണുള്ളത്. ഇവയിൽ ഭൂരിഭാഗം യാനങ്ങളിലും മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന എഞ്ചിനുകളാണുള്ളത്. പരമ്പരാഗത മേഖലയിൽ വളരെ കുറച്ച് പെട്രോൾ എഞ്ചിനുകൾ മാത്രമാണുള്ളത്. അതിനാൽ ഡീസലിനും പെട്രോളിനും

സർക്കാർ ഏർപ്പെടുത്തിയ 2 രൂപ സെസ്സ് പരമ്പരാഗത മത്സ്യബന്ധന മേഖലയെ കാര്യമായി ബാധിക്കുന്നില്ല. ഇൻബോർഡ് വള്ളങ്ങളും ബോട്ടുകളും ഡീസൽ ഇന്ധനമായി ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവയാണ്. ഇങ്ങനെയുള്ള 6526 യാനങ്ങളാണ് കേരളത്തിൽ ആകെ പ്രവർത്തിച്ചുവരുന്നത്. ഇന്ധന സെസ്സ്, ഇത്തരം യാനങ്ങളുടെ ഇന്ധന ചെലവിൽ ആനുപാതികമായ വർദ്ധനയ്ക്ക് കാരണമാകും.

**കിഫ്ബിയിൽ എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് പ്രത്യേക ഫണ്ട്**

30 (*390) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീമതി കെ. കെ. രമ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കായി കിഫ്ബിയിൽ പ്രത്യേക ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ടോ?

ഏർപ്പെടുത്തിയിട്ടില്ല. പട്ടികജാതി- പട്ടികവർഗ വികസന വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റെസിഡെൻഷ്യൽ സ്കൂളുകൾ ഉൾപ്പെടെയുള്ളവയുടെ ആധുനിക വത്കരണത്തിനായി നാളിതുവരെ 162.61 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പട്ടിക അനുബന്ധം I ആയി ചേർക്കുന്നു+. ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെയാണ് നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത് .

(ബി) പദ്ധതിയിൽ വകയിരുത്തുന്ന തുകപോലും എസ്.സി., എസ്.ടി. വിഭാഗങ്ങളുടെ ഉന്നമനത്തിന് പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ കിഫ്ബിയിൽ പ്രസ്തുത വിഭാഗങ്ങൾക്ക് പ്രത്യേക ഫണ്ട് വകയിരുത്താത്തത് അനീതിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 9.1% വരുന്ന പട്ടികജാതി വിഭാഗത്തിന് മൊത്തം അടങ്കലിന്റെ 9.81%-വും ജനസംഖ്യയുടെ 1.45% വരുന്ന പട്ടികവർഗ വിഭാഗത്തിന് മൊത്തം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടങ്കലിന്റെ 2.83%-വും പദ്ധതി വിഹിതം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്നുണ്ട്. പട്ടികജാതി പട്ടികവർഗ വിഭാഗക്കാരുടെ വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുകയിൽ സർക്കാർ കുറവ് വരുത്തിയിട്ടില്ല. വർഷങ്ങളായി ജനസംഖ്യാനുപാതികത്തെക്കാൾ അധികം തുക അനുവദിച്ചുവരുന്നുണ്ട് .

പട്ടികജാതി പട്ടികവർഗ്ഗ മേഖലയിൽ കിഫ്ബി മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

(സി) എങ്കിൽ സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ, ട്രൈബൽ സബ് പ്ലാൻ എന്നീ മാതൃകയിൽ പ്രസ്തുത വിഭാഗങ്ങൾക്കായി കിഫ്ബിയിൽ പ്രത്യേക ഫണ്ട് വകയിരുത്താൻ മുൻകൈയെടുക്കുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 9.1% വരുന്ന പട്ടികജാതി വിഭാഗത്തിന് മൊത്തം അടങ്കലിന്റെ 9.81%-വും ജനസംഖ്യയുടെ 1.45% വരുന്ന പട്ടികവർഗ വിഭാഗത്തിന് മൊത്തം അടങ്കലിന്റെ 2.83%-വും പദ്ധതി വിഹിതം സംസ്ഥാന ബഡ്ജറ്റിൽ

വകയിരുത്തുന്നുണ്ട്. പട്ടികജാതി പട്ടികവർഗ വിഭാഗക്കാരുടെ വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുകയിൽ സർക്കാർ കുറവ് വരുത്തിയിട്ടില്ല. വർഷങ്ങളായി ജനസംഖ്യാനുപാതികത്തെക്കാൾ അധികം തുക അനുവദിച്ചുവരുന്നുണ്ട് .

പട്ടികജാതി പട്ടികവർഗ മേഖലയിൽ കിഫ്ബി മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

(ഡി) ആദിവാസി മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി വഴി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

പട്ടികവർഗ്ഗ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിന് കിഫ്ബിമുഖേന നടത്തിവരുന്ന 86.58 കോടി രൂപയുടെ പ്രവൃത്തികളെ സംബന്ധിച്ച വിവരം അനുബന്ധം I-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.+

**(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഉദുമ മണ്ഡലത്തിലെ ഭവന-ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ**

1 (4548) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജകമണ്ഡലത്തിൽ ഭവന-ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ലിസ്റ്റ് പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഭാഗക്കാർ ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ള വിവരം അറിയിക്കുമോ; വിശദമാക്കുമോ?

(എ&ബി) <u>**പട്ടികജാതി വികസന വകുപ്പ്**</u>

ഉദുമ നിയോജകമണ്ഡലത്തിലെ ഭവന-ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങളുടെ ലിസ്റ്റ് അനുബന്ധം 1+ ആയി ചേർക്കുന്നു. പ്രസ്തുത വിഭാഗക്കാർ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

<u>**പട്ടികവർഗ്ഗ വികസന വകുപ്പ്**</u>

പ്രസ്തുത നിയോജകമണ്ഡലത്തിലെ ഭവന-ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ലിസ്റ്റ് അനുബന്ധം 2+ ആയി ചേർക്കുന്നു. ഉദുമ മണ്ഡലത്തിലെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭവന-ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളും ലൈഫ് മിഷൻ പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. മുഴുവൻ പേരെയും പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഭൂമിയില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കുന്ന ലാന്റ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**കാസർഗോഡ് ജില്ലയിലെ ഭവന-ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർ**

2. (4549) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഭവന ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ലിസ്റ്റ് പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ഭവനരഹിതരായ 1807 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ആയതിൽ 637 കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരാണ്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വിഭാഗക്കാർക്ക് ഭൂമിയും വീടും നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ഭൂരഹിത-ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമിയും വീടും ലഭ്യമാക്കുന്നതിനും, കൂടാതെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്തവനഭൂമി വിതരണം എന്നിവ മുഖേന ഭൂമി ലഭ്യമാക്കി വീട് അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**വൈപ്പിൻ മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ സ്ഥിതി വിവരം**

3 (4550) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി

കുടുംബങ്ങളുടെ വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധം 1 ആയി ചേർക്കുന്നു.+

വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഭവന രഹിതരായ 30 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ആയതിൽ 25 പേർ ഭൂരഹിത-ഭവനരഹിതരാണ്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമിയും ഭവനവും ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരായ പട്ടികജാതി ഗുണഭോക്താക്കൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം/പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നു. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വകുപ്പ് നടപ്പിലാക്കിവരുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും മുനിസിപ്പാലിറ്റി പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000/- രൂപയും കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6,00,000/- രൂപയും അനുവദിക്കുന്നു. ഇത്തരത്തിൽ സ്വന്തമായോ വകുപ്പുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുഖേനയോ ഭൂമിയുള്ളതും ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടതുമായ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണത്തിനായി 4,00,000/- രൂപ ധനസഹായം നൽകിവരുന്നു.

വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഭൂരഹിത- ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമിയും വീടും ലഭ്യമാക്കുന്നതിനും കൂടാതെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതിയിലും ഉൾപ്പെടുത്തി ഭൂമി ലഭ്യമാക്കി വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ഭൂമി നൽകുന്ന പദ്ധതി**

4 (4551) **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ഭൂമി നൽകുന്ന പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; വകുപ്പ് മുഖേന ഭൂമി

വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>**പട്ടികജാതി വികസന വകുപ്പ്**</u>

2022-23 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി ബഡ്ജറ്റിൽ 180 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈയിനത്തിൽ 28-02-2023 വരെ 1,17,86,32,618/- രൂപ ചെലവഴിച്ചു. 28-02-2023 വരെ 3138 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

<u>**പട്ടിക വർഗ്ഗ വികസന വകുപ്പ്**</u>

പട്ടികവർഗ്ഗ വികസന വകുപ്പിൽ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതിക്കും, ടി പദ്ധതി പ്രകാരം ഭൂമി ലഭിച്ചവർക്ക് വീടടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കി പുനരധിവസിപ്പിക്കുന്നതിനും, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ഭൂമി ലഭിക്കുന്ന

പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 49 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 5,32,85,756/- രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനതല എംപവേർഡ് കമ്മറ്റി അംഗീകരിച്ച 23.61 ഏക്കർ ഭൂമി വാങ്ങുന്നതിനായാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. ആയതിൽ നാളിതുവരെ 3,01,91,670/- രൂപ ചെലവഴിച്ച് 12.66 ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ട്. ഇതിൽ ഇതുവരെ 1.35 ഏക്കർ ഭൂമി 9 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽനിന്നും ലൈഫ് പദ്ധതിയിലേക്ക് തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ കൈമാറിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത ശീർഷകത്തിൽ നിന്നും ലൈഫ് മിഷൻ പദ്ധതിക്ക് തുക കൈമാറിയിട്ടില്ല.

**മാവേലിക്കര മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ**

5 (4552) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഭൂരഹിതരും ഭവനരഹിതരുമായ എത്ര കുടുംബങ്ങൾ നിലവിൽ ഉണ്ടെന്ന് ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി അടിസ്ഥാനത്തിൽ അറിയിക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട 910 ഭവനരഹിതരും 401 ഭൂരഹിത ഭവനരഹിത കുടുംബങ്ങളുമാണുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.+

മാവേലിക്കര മണ്ഡലത്തിൽ 4 പട്ടികവർഗ്ഗ കുടുംബങ്ങൾ ഭവനരഹിതരാണ്. ഇതിൽ 3 കുടുംബങ്ങൾ ഭൂരഹിതരുമാണ്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ 2022 വരെയുള്ള കാലയളവിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവനം അനുവദിച്ചിട്ടുണ്ടെന്നും എത്ര കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ 2022 വരെയുള്ള കാലയളവിൽ വിവിധ പദ്ധതികൾ മുഖേന പട്ടികജാതി കുടുംബങ്ങൾക്ക് അനുവദിച്ച ഭവനങ്ങളുടേയും ഭൂമിയുടേയും തദ്ദേശ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം 3 ആയി ചേർക്കുന്നു.+

മാവേലിക്കര മണ്ഡലത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭൂമി, ഭവനം എന്നിവ അനുവദിച്ചതിന്റെ വിവരങ്ങൾ അനുബന്ധം 4 ആയി ചേർക്കുന്നു.+

**ഭവന നിർമ്മാണ പദ്ധതികൾ**

6 (4553) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതൊക്കെയാണെന്നും പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക വർഷങ്ങളിൽ നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ സമഗ്ര പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നത്. പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾക്കായി പ്രത്യേകം നടപ്പിലാക്കുന്ന ദുർബല പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ആദിവാസി പുനരധിവാസ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നിലവിൽ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നുണ്ട്. ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനായി ലൈഫ് മിഷന് തുക കൈമാറുകയാണ് നിലവിൽ വകുപ്പ് ചെയ്യുന്നത്.

ഇതിനു പുറമെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, ഭവന പൂർത്തീകരണം എന്നിവയുടെ സ്പിൽ ഓവർ പദ്ധതികൾക്കും പഠനമുറി, സേഫ് എന്നീ പദ്ധതികൾക്കുമായി നടപ്പു സാമ്പത്തിക

വർഷം 205 കോടി രൂപ പട്ടികജാതി വികസന വകുപ്പും 57.20 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പും വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്ന് അനുവദിച്ച നൽകിയ ഭവന നിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തതും സ്വന്തമായി ഭവന നിർമ്മാണം ആരംഭിച്ച് നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ ഭവന പൂർത്തീകരണത്തിനായുള്ള പദ്ധതി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ വഴി നടപ്പിലാക്കിയിരുന്നു. എന്നാൽ സാങ്കേതികമായി പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടെങ്കിലും പല വീടുകളും പൂർണ്ണതയിൽ എത്തുന്നില്ല എന്ന കണ്ടെത്തലിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം "സേഫ്" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. ഭവന പൂർത്തീകരണവും പുനരുദ്ധാരണവും മറ്റും ലക്ഷ്യമാക്കി ആരംഭിച്ച സേഫ് പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗകാർക്ക് രണ്ടര ലക്ഷം രൂപയും അനുവദിച്ചുവരുന്നു. വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിൽ

നീക്കി വച്ച തുകയും ചിലവഴിച്ച തുകയും സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

**എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കുള്ള അർഹമായ വിഹിതം ലഭ്യമാക്കാൻ നടപടി**

7(4554) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്ലാൻ ഫണ്ടിലെ അടങ്കൽ തുകയിലെ കുറവുമൂലം എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ പ്രതിസന്ധിയിലായ കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

സംസ്ഥാനത്തെ പട്ടികജാതി ജനസംഖ്യ 30,39,573 ആണ്. ഇത് സംസ്ഥാന ജനസംഖ്യയുടെ 9.1 ശതമാനമാണ്. എന്നാൽ സംസ്ഥാന ബജറ്റിൽ പട്ടികജാതി വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി വർഷങ്ങളായി 9.81 ശതമാനം തുക വകയിരുത്തി വരുന്നുണ്ട്. 2022-23 സാമ്പത്തിക വർഷവും

സംസ്ഥാന ബജറ്റ് അടങ്കലായ 30370 കോടിയിൽ 2979.40 കോടി രൂപ പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്.

2017-18 മുതൽ 2022-23 വരെ എസ്.സി.പി. ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | സംസ്ഥാന വിഹിതം | എസ്.സി.പി. പ്ലാൻ | ശതമാനം |
|---|---|---|---|
| 2017-18 | 26500 | 2599.65 | 9.81 |
| 2018-19 | 29150 | 2859.62 | 9.81 |
| 2019-20 | 30610 | 3002.84 | 9.81 |
| 2020-21 | 27610 | 2708.54 | 9.81 |
| 2021-22 | 27610 | 2708.54 | 9.81 |
| 2022-23 | 30370 | 2979.40 | 9.81 |

ആയതിനാൽ പട്ടികജാതി വിഭാഗങ്ങൾക്കായി വകയിരുത്തിയിട്ടുള്ള പ്ലാൻ ഫണ്ടിൽ കുറവ് വരുന്നില്ല.

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതി വിഹിതം കുറയുന്ന സാഹചര്യമില്ല. നിലവിലുള്ള സ്ഥിതി വിവര കണക്ക് പ്രകാരം കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ മൊത്തം ജനസംഖ്യയുടെ 1.45% ആണ്. അതേസമയം

ടി.എസ്.പി.-ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക മൊത്തം സംസ്ഥാന വിഹിതത്തിന്റെ 2.83% ആണ്. പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യാനുപാതത്തിനേക്കാൾ കൂടുതൽ തുകയാണ് ബജറ്റിൽ വകയിരുത്തുന്നത്.

(ബി) കിഫ്ബിയുടെ പ്രോജക്ടുകളിൽ എസ്.സി.പി., ടി.എസ്.പി. പദ്ധതിക്ക് സമാനമായി തുക നീക്കിവച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതിക്കായി ബജറ്റിൽ ഓരോ വകുപ്പിനും പ്രത്യേകം പ്രത്യേകം തുക വകയിരുത്തുന്ന സ്ഥിതി നിലവിലില്ല.

(സി) ഇല്ലെങ്കിൽ പ്ലാൻ ഫണ്ടിലെ അടങ്കൽ തുക കുറയ്ക്കുകയും കിഫ്ബി വഴി പദ്ധതികൾ നിർവ്വഹിക്കുകയും ചെയ്യുന്നത് മൂലം വികസന പ്രവർത്തനങ്ങളിൽ എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കായുള്ള അർഹമായ വിഹിതം ലഭിക്കാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ കൈക്കൊള്ളുമോയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള പദ്ധതി അടങ്കൽ തുകയിൽ കുറവുണ്ടായിട്ടില്ല.

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

8(4555) <u>ശ്രീ. മുരളി പെരുനെല്ലി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെട്ട പട്ടികജാതി കോളനികളുടെ പദ്ധതി നിർവ്വഹണം ഏറ്റെടുത്ത തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് എ.ജി.-യുടെ ഓഡിറ്റ് തടസ്സംമൂലം പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ മറ്റേതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

തൃശ്ശൂർ ജില്ലയിൽ 2020-21, 2021-22 വർഷത്തിൽ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്ത എല്ലാ കോളനികളിലും M.L.A.- മാരുടെ ശിപാർശ പ്രകാരം ഏജൻസി മാറ്റി നൽകിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ട്രൈബൽ സെറ്റിൽമെന്റ് കോളനികളിലേക്കുള്ള റോഡുകളുടെ നവീകരണം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

9(4556) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ കൊളപ്പ ട്രൈബൽ സെറ്റിൽമെന്റ് കോളനിയിലേക്കുള്ള മൂന്ന് റോഡുകളുടെ നവീകരണത്തിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പട്ടികജാതി വികസന വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പ്രസ്തുത നവീകരണ പദ്ധതിയുടെ പ്രൊപ്പോസൽ പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) മട്ടന്നൂർ മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ കൊളപ്പ ട്രൈബൽ സെറ്റിൽമെന്റ് കോളനിയിലേക്കുള്ള മൂന്ന് റോഡുകളുടെ നവീകരണത്തിന് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

എന്നാൽ മേൽ പരാമർശിച്ച റോഡ് ഉൾപ്പെടെ 12 റോഡുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നിർമ്മിക്കുന്നതിന് സാധന ഘടകങ്ങൾ വാങ്ങുന്നതിനുള്ള അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനുള്ള ശിപാർശ പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭിച്ചിരുന്നു. ടി പദ്ധതി തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ & ലേബർ കോസ്റ്റ് ചേർത്ത് നടപ്പാക്കാവുന്നതാണെന്നും അത്തരത്തിൽ നടപ്പാക്കുമ്പോൾ തുക തികയാതെ വരികയാണെങ്കിൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ അധിക തുക പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും കണ്ടെത്തുന്നതിനായി കണ്ണൂർ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ട്രൈബൽ സെറ്റിൽമെന്റ് കോളനികളിലേക്കുള്ള റോഡുകൾ നവീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഇല്ല. എന്നാൽ പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള റോഡുകൾ നവീകരിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലിന് സംസ്ഥാനതല

വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് വരുന്നുണ്ട്.

**പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടി**

10 (4557) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ കോളനികളെ ശാക്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി തെരഞ്ഞെടുക്കുന്ന ഓരോ കോളനിയിലും 1 കോടി രൂപ വീതം ചെലവഴിച്ച് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. ഇന്റേണൽ റോഡ്/ ഫുട്പാത്ത്, ആശയവിനിമയ സൗകര്യങ്ങൾ, കുടിവെള്ള സൗകര്യങ്ങൾ, വൈദ്യുതീകരണം/വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം, സോളാർ തെരുവ് വിളക്ക്, സാനിറ്റേഷൻ, ഭവനപുനരുദ്ധാരണം, മാലിന്യ നിർമ്മാർജ്ജനം, പൊതുവായ സൗകര്യം മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ), സംരക്ഷണ ഭിത്തി നിർമ്മാണം, ഇറിഗേഷൻ,

അടുക്കളത്തോട്ടം, വരുമാനദായക പദ്ധതികളായ മൃഗ സംരക്ഷണം, ഹോർട്ടീകൾച്ചർ, വീവിംഗ്, കരകൗശലം, (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി) മുതലായവ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയും കോളനിക്കുള്ളിലെ വൈദ്യുതീകരണം, കുടിവെള്ള വിതരണം എന്നിവയും റോഡുകൾ, സംരക്ഷണ ഭിത്തി, കലുങ്കുകൾ, എന്നിവയുടെ നിർമ്മാണവും, പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം, സംസ്കാരം, കായികം തുടങ്ങിയവ) ഉതകുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് ടി വിഭാഗങ്ങൾക്ക് അവബോധം നൽകുന്നതിനായി പട്ടികജാതി പ്രൊമോട്ടർമാരെയും, ക്ഷേമപദ്ധതികളുടെ ഫീൽഡ്തല പ്രയോജന ക്ഷമത പരിശോധിക്കുന്നതിനും, ദുർബല പുനരധിവാസ പദ്ധതിയുടെ മൈക്രോ പ്ലാനിംഗ് ഉൾപ്പെടെയുള്ള വികസന പദ്ധതികളുടെ പ്രവർത്തനത്തിനും മറ്റുമായി 60 കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരെയും നിയമിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്രവികസനത്തിനായി തെരഞ്ഞെടുത്ത ഓരോ കോളനികളിലും ഒരു കോടി രൂപ വീതം ചെലവഴിച്ച് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമപ്രവർത്തനങ്ങൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഊരു കൂട്ട ശിപാർശ അനുസരിച്ച് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കൂടാതെ കോർപ്പസ് ഫണ്ട് മുഖേന കോളനി വികസനത്തിനായി ആവശ്യാനുസരണം റോഡ്/പാലം നിർമ്മാണം, കുടിവെള്ള പദ്ധതി, വൈദ്യുതീകരണം തുടങ്ങിയവയും നടപ്പിലാക്കി വരുന്നു.

(ബി) കോളനികളിലെ കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസം നേടിയെന്ന് ഉറപ്പുവരുത്താൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി പട്ടികജാതി, പട്ടിക വർഗ്ഗ

പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ എന്നിവരുടെ സഹകരണത്തോടെ എല്ലാ കുട്ടികളെയും സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 'വിദ്യാവാഹിനി' (ഗോത്രസാരഥി) പദ്ധതിയിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പത്താം തരംവരെയുള്ള കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രീ പ്രൈമറി തലം മുതൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിനായി പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള നഴ്സറി സ്കൂളുകൾ, കിന്റർഗാർഡൻ, വികാസ് വാടി, ബാലവിജ്ഞാന കേന്ദ്രം, പെരിപ്പറ്റെറ്റിക് സ്കൂൾ എന്നീ പ്രീപ്രൈമറി സ്ഥാപനങ്ങൾ ഏകീകരിച്ച് 'മോഡൽ പ്രീ സ്കൂൾ' എന്നാക്കി നടപ്പ് വർഷം മുതൽ പ്രവർത്തിച്ചു വരുന്നു.

(സി) കോളനിവാസികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മറ്റ് വകുപ്പുകളുടെ സഹകരണം ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന വിഹിതത്തിന്റെ 55% പട്ടികജാതി വികസന വകുപ്പ് മുഖേനയും 45% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുമാണ് നിർവ്വഹണം

നടത്തുന്നത്. വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയിലൂടെ തദ്ദേശ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പട്ടികജാതി വികസന ഫണ്ട് പദ്ധതികളുടെ പുരോഗതി അവലോകനം ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയായുള്ള ജില്ലാ ആസൂത്രണ സമിതികളുടെ മേൽനോട്ടത്തിൽ നടന്നു വരുന്നുണ്ട്.

സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ, സന്നദ്ധ സംഘടനകൾ എന്നിവർ പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിന് വേണ്ടി തയ്യാറാക്കുന്ന പ്രോജക്ടുകൾ അവരുടെ ധനസഹായ വിഹിതം കൂടി ഉൾപ്പെടുത്തി സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും, അംഗീകാരം ലഭ്യമാകുന്നവയ്ക്ക് ആവശ്യമായ തുക വകുപ്പിന്റെ പൂൾഡ് ഫണ്ടിൽ നിന്നും അനുവദിക്കുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വകുപ്പിന്റെ പൂൾഡ് ഫണ്ട് മറ്റ് വകുപ്പുകൾ കോളനി നിവാസികളുടെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നുണ്ട്. ഇപ്രകാരം വനിതാ ശിശു വികസന വകുപ്പിന് കീഴിൽ അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണവും, വനിതാ ശിശുവികസന വകുപ്പ്,

കുടുംബശ്രീ എന്നിവയുമായി സഹകരിച്ച് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനായി സഹകരണവകുപ്പുമായി സംയോജിച്ചും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, പട്ടികവർഗ്ഗ കേന്ദ്രങ്ങളുടെ വൈദ്യുതീകരണത്തിന് കെ.എസ്.ഇ.ബി., അനർട്ട് എന്നിവയുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കൊല്ലം മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

11 (4558) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്തത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളുടെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഓരോ കോളനിയിലും നടപ്പാക്കിയ വികസന പ്രവർത്തനങ്ങളും അവ എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നതും സംബന്ധിച്ച വിശദാംശം നൽകുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചിറ്റുമല ബ്ലോക്ക് പരിധിയിൽ ഉൾപ്പെടുന്ന ലക്ഷംവീട് കോളനിയിലെയും പണയിൽ കോളനിയിലെയും പ്രവൃത്തികളിൽനിന്നും നിർവ്വഹണ ഏജൻസിയായ കൊല്ലം ജില്ലാ നിർമ്മിതി കേന്ദ്രം സാങ്കേതിക കാരണങ്ങളാൽ ഒഴിവായിട്ടുള്ള സാഹചര്യത്തിൽ മറ്റേതെങ്കിലും ഏജൻസിയെ നിർവ്വഹണ ചുമതല ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ ഏജൻസിയെ എം.എൽ.എ.-യുടെ ശിപാർശയോടെ നിശ്ചയിച്ച ശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മറ്റു നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**തിരുവമ്പാടി നിയോജക മണ്ഡലത്തിലെ ആദിവാസി കോളനികളുടെ സമഗ്ര വികസനം**

12 (4559) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവമ്പാടി നിയോജക മണ്ഡലത്തിൽ പിന്നാക്കാവസ്ഥയിലുള്ള ആദിവാസി കോളനികളുടെ സമഗ്ര വികസനത്തിന് മാസ്റ്റർ പ്ലാൻ

തയ്യാറാക്കുന്നതിനും പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തിരുവമ്പാടി നിയോജക മണ്ഡലത്തിലെ ചിപ്പിലിത്തോട് കോളനി, കരിമ്പിൽ കോളനി എന്നീ കോളനികളുടെ സമഗ്ര വികസനത്തിനായി 2021-22 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസി തയ്യാറാക്കിയ ഡി.പി.ആർ. 28-02-2023-ൽ ചേർന്ന ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ ബന്ധപ്പെട്ട എം.എൽ.എ. മാരുടെ സാന്നിദ്ധ്യത്തിൽ അന്തിമ മാറ്റങ്ങൾ വരുത്തി 15-03-2023-ൽ ചേരുന്ന ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**മലമ്പുഴ മണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

13 (4560) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ ആകെ എത്ര പട്ടികജാതി കോളനികൾ ആണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) മുപ്പതിൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ ഉള്ള കോളനികളുടെ പേരും കുടുംബങ്ങളുടെ എണ്ണവും സംബന്ധിച്ച വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) മലമ്പുഴ മണ്ഡലത്തിൽ ആകെ 344 പട്ടികജാതി കോളനികൾ ആണ് നിലവിലുള്ളത്. മുപ്പതിൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ ഉള്ള കോളനികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കുറ്റ്യാടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

14 (4561) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ഏതൊക്കെ പട്ടികജാതി കോളനികളുടെ പുനരുദ്ധാരണ പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ; ഈ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്നും അവ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത മണ്ഡലത്തിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത മൂഴിക്കൽ ഐ.എച്ച്.ഡി.പി. കോളനിയുടെ നവീകരണ പ്രവർത്തനങ്ങളാണ് നിലവിൽ നടന്നു വരുന്നത്. പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിരുന്ന പാലയാട് കോളനി, തുരുത്തി കോളനി, മീനത്തുകര കോളനി, വെള്ളൂർകര കോളനി എന്നീ കോളനികളിലെ നവീകരണ പ്രവർത്തനങ്ങൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) സേഫ് പദ്ധതി പ്രകാരം കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ കോളനികളിലെ എത്ര കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിയിൽ അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

സേഫ് പദ്ധതി പ്രകാരം മൂഴിക്കൽ ഐ.എച്ച്.ഡി.പി. കോളനിയിലെ 2 കുടുംബങ്ങൾക്കും കുളങ്ങരത്ത് ലക്ഷംവീട് കോളനിയിലെ ഒരു കുടുംബത്തിനും ചോയിമഠം കോളനിയിലെ ഒരു കുടുംബത്തിനും കുളിക്കുന്ന് കോളനിയിലെ രണ്ട് കുടുംബങ്ങൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. 27-09-2022-ലെ G.O.(Rt) No.990/2022/SCSTD, 30-12-2022-ലെ G.O.(Ms)No.59/2022/SCSTD എന്നിവ

പ്രകാരമാണ് സേഫ് പദ്ധതിയുടെ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

**ആദിവാസി ഊരുകളുടെ അടിസ്ഥാന സൗകര്യ വികസനം**

15 (4562) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്രവികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമപ്രവർത്തനങ്ങൾ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഊരുകൂട്ട ശിപാർശയനുസരിച്ച് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്.

2021-22 സാമ്പത്തിക വർഷം ടി പദ്ധതിക്കായി തെരഞ്ഞെടുത്ത 64 കോളനികളിൽ ഡി.പി.ആർ. ലഭ്യമായ 25 കോളനികളിൽ 19 കോളനികൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന കോളനികളുടെ ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ആദിവാസി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 32 പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ പൂർണ്ണമായും, 22 പട്ടികവർഗ്ഗ കോളനികളിലെ വികസന പ്രവർത്തനങ്ങൾ 90%വും പൂർത്തീകരിച്ചിട്ടുണ്ട് .

**തരൂർ മണ്ഡലത്തിലെ അംബേദ്കർ കോളനിയുടെ നിർമ്മാണം**

16 (4563) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ മണ്ഡലത്തിലെ കോളക്കോട് അംബേദ്കർ കോളനിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പ്രസ്തുത കോളനിയിലെ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തെ മാറ്റി പകരം KEL-നെ നിർവ്വഹണ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. KEL ലഭ്യമാക്കിയിട്ടുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**തരൂർ മണ്ഡലത്തിലെ അംബേദ്കർ കോളനി നിർമ്മാണം**

17 (4564) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കൊന്നഞ്ചേരി കിഴക്കുമുറി അംബേദ്കർ കോളനിയുടെ നിർമ്മാണം വൈകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രസ്തുത കോളനിയിലെ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തെ മാറ്റി പകരം KEL-നെ നിർവ്വഹണ ചുമതല ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടി വന്നതിനാലാണ് പ്രസ്തുത പദ്ധതി വൈകിയിട്ടുള്ളത്.

(ബി) പ്രസ്തുത അംബേദ്ക്കർ കോളനിയുടെ നിർമ്മാണം എന്ന് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

KEL ലഭ്യമാക്കിയിട്ടുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**മലമ്പുഴ മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികൾ**

18(4565) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ എണ്ണം എത്രയാണ്; പ്രസ്തുത കോളനികളുടെ പേര്, ഓരോ കോളനിയിലും ഉള്ള കുടുംബങ്ങളുടെ എണ്ണം എന്നീ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

മലമ്പുഴ നിയോജക മണ്ഡലത്തിൽ 64 പട്ടികവർഗ്ഗ കോളനികളുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ വൈദ്യുതി കണക്ഷൻ**

19 (4566) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ മുഴുവൻ വീടുകളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഓരോ കോളനിയിലും എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാനുണ്ടെന്ന് അറിയിക്കുമോ?

ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ വീട് പണി പൂർത്തിയാകാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തവർ ഒഴികെ 5 പട്ടികജാതി വീടുകളിലാണ് നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തത്.

(ബി) പ്രസ്തുത മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ഇനിയും ലഭിക്കാത്ത പട്ടികജാതി കോളനിയിലെ കുടുംബങ്ങൾക്ക് ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ഇനിയും ലഭിക്കാത്ത പട്ടികജാതി കോളനിയിലെ 5 കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് KSEB യുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു.

**ആദിവാസി സമൂഹത്തിൽപെട്ടവർക്കെതിരെയുള്ള കേസുകളിലെ വിചാരണ നടപടികൾ**

20 (4567) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി.ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി സമൂഹത്തോട് വിവേചനം കാട്ടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ആദിവാസി സമൂഹത്തോട് വിവേചനം കാട്ടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അരി മോഷ്ടിച്ചു എന്ന കുറ്റത്തിന് ആൾക്കൂട്ട ആക്രമണത്തിന് വിധേയനായി കൊല്ലപ്പെട്ട ആദിവാസി യുവാവിന്റെ കേസ് അടക്കം നിരവധി

കേസുകളിൽ വിചാരണ നടപടികൾ വൈകുന്നത് കുറ്റവാളികൾ രക്ഷപ്പെടാൻ കാരണമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

അരി മോഷ്ടിച്ച എന്ന ആരോപണത്തിന്റെ പേരിൽ ആക്രമണത്തിന് വിധേയനായി കൊല്ലപ്പെട്ട ആദിവാസി യുവാവ് മധുവിന്റെ കേസ്സടക്കം രജിസ്റ്റർ ചെയ്ത കേസ്സുകളിൽ വിചാരണ നടപടികൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്ടപ്പാടിയിലെ മധുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസ്സിലെ സാക്ഷികൾക്ക് Witness Protection നിയമ പ്രകാരമുള്ള എല്ലാവിധ സംരക്ഷണങ്ങളും നൽകുവാൻ പാലക്കാട് ജില്ലാ പോലീസ് മേധാവിയോട് സർക്കാർ നിർദ്ദേശിച്ചതിൻ പ്രകാരം അഗളി ഡി.വൈ.എസ്.പി.-യുടെ നേതൃത്വത്തിൽ അഗളി ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ എന്നിവരടങ്ങിയ ഒരു Witness Protection സെൽ രൂപീകരിക്കുകയും സാക്ഷികൾക്ക് സംരക്ഷണം നൽകുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ മധുവിന്റെ ബന്ധുക്കളുടെ ആവശ്യം പരിഗണിച്ച് അവർ നിർദ്ദേശിച്ച അഡ്വക്കേറ്റിനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി സർക്കാർ നിയമിച്ചിട്ടുണ്ട്.

(സി) ആദിവാസി സമൂഹത്തിനെതിരെയുള്ള കേസുകളിൽ ആഭ്യന്തര വകുപ്പുമായി ചേർന്ന് സമയബന്ധിതമായി വിചാരണ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ആഭ്യന്തര വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ആദിവാസി സമൂഹത്തിനെതിരെ സംസ്ഥാനത്ത് റിപ്പോർട്ടാകുന്ന എല്ലാ കേസുകളും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബന്ധപ്പെട്ട ബഹു.കോടതികളിൽ സമർപ്പിച്ച വരുന്നുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് എതിരായുള്ള അതിക്രമങ്ങൾ**

21 (4568) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എതിരായുള്ള അതിക്രമങ്ങൾ തടയൽ നിയമപ്രകാരം 2016-17 മുതൽ നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര തുക നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്; വർഷം തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ?

ആഭ്യന്തര വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ആദിവാസി സമൂഹത്തിനെതിരെ സംസ്ഥാനത്ത് റിപ്പോർട്ടാകുന്ന എല്ലാ കേസുകളും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബന്ധപ്പെട്ട ബഹു.കോടതികളിൽ സമർപ്പിച്ചു വരുന്നുണ്ട്.

**കോഴിക്കോട് ആദിവാസി യുവാവ് തൂങ്ങിമരിച്ച സംഭവം**

22 (4569) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി പരിസരത്ത് വിശ്വനാഥൻ എന്ന ആദിവാസി യുവാവ് തൂങ്ങിമരിച്ചതിന് പിന്നിൽ ജനമധ്യത്തിൽ അപമാനിതനായതിന്റെ മാനസിക വിഷമമാണെന്ന മെഡിക്കൽ കോളേജ് അസിസ്റ്റന്റ് കമ്മീഷണറുടെ റിപ്പോർട്ട് വകുപ്പ് പരിശോധിക്കുകയുണ്ടായോ; വിശദമാക്കുമോ;

(ബി) ആളുകൾ തടഞ്ഞു നിർത്തുകയും മോഷണക്കുറ്റം ആരോപിച്ച് സഞ്ചി പരിശോധിക്കുകയും ചെയ്തതിന്റെ വിഷമത്തിലാണ് വിശ്വനാഥൻ ആത്മഹത്യ ചെയ്തതെന്ന് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) മെഡിക്കൽ കോളേജ് പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ട്. വിശ്വനാഥൻ എന്നയാൾ 07-02-2023 മുതൽ ഭാര്യയുടെ പ്രസവവുമായി ബന്ധപ്പെട്ട് കോഴിക്കോട് ഐ.എം.സി.എച്ച്.-ൽ കൂട്ടിരിപ്പുകാരനായി നിൽക്കവെ 10-02-2023-ന് പുലർച്ചെ 2-നും 2.10-നുമിടയിൽ ടിയാൻ കിടന്നുറങ്ങിയ ഐ.എം.സി.എച്ച്.-ന്റെ മുറ്റത്ത് നിന്നും എങ്ങോട്ടോ ഇറങ്ങി പോയതിൽ പിന്നെ കാണാനില്ല എന്നകാര്യത്തിന് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ Cr. No. 156/23 U/S 57 of Act ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരവെ കാണാതായ വിശ്വനാഥൻ എന്ന ആളെ കോഴിക്കോട് ഐ.എം.സി.എച്ച്.-ന്റെ തെക്ക് ഭാഗത്തുള്ള കീരൻ കുഴിപ്പറമ്പ് എന്ന സ്ഥലത്ത് മരക്കൊമ്പിൽ തൂങ്ങി മരണപ്പെട്ടതായി കാണപ്പെടുകയുണ്ടായി. കേസിന്റെ വകുപ്പിൽ 57 of KP Act വകുപ്പ് മാറ്റി CrPC 174 കൂട്ടിച്ചേർത്ത് അന്വേഷണം നടത്തി വരവെ സി.സി.റ്റി.വി. ദൃശ്യങ്ങൾ ശേഖരിച്ച് വിശദമായി പരിശോധിച്ചതിൽ മരണപ്പെട്ട പട്ടികവർഗ്ഗ വിഭാഗക്കാരനായ വിശ്വനാഥൻ എന്നയാളെ മാതൃശിശു സംരക്ഷണ കേന്ദ്രത്തിലെ മെയിൻ ഗേറ്റിലും പരിസരത്തും വെച്ച് കുറച്ച് ആളുകൾ മോഷണ കുറ്റം ആരോപിച്ച് തടഞ്ഞ് നിർത്തി ചോദ്യം ചെയ്തതിലും ടിയാന്റെ കൈവശമുണ്ടായിരുന്ന സഞ്ചി

പരിശോധിക്കുകയും മറ്റും ചെയ്തതിലും ജനമദ്ധ്യത്തിൽ അപമാനിതനാകുകയും മാനസിക വിഷമം നേരിടുകയും ചെയ്തതിനാൽ വിശ്വനാഥൻ തൽസമയം സ്ഥലത്ത് നിന്നും ഇറങ്ങിപ്പോയി ആത്മഹത്യ ചെയ്തതാണെന്നു വെളിവായിട്ടുണ്ട്. നിലവിൽ കേസിന്റെ കുറ്റം വകുപ്പിൽ നിന്നും Sec.174 CrPC വകുപ്പ് മാറ്റി Sec.341, 306, r/w, 34 IPC & Sec 3(2) (V), 3(2) (Va), 3(i) (r) of SC/ST PA Act കൂട്ടി ചേർത്തിട്ടുള്ളതാണ്.

(സി) പ്രസ്തുത സംഭവത്തിൽ കുറ്റക്കാരായവർക്കെതിരെ ശിക്ഷാനടപടികൾ ഉറപ്പാക്കുന്നതിനായി വകുപ്പ് എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ആഭ്യന്തര വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) സാമൂഹികമായ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടാത്തതിന്റെ ഇരയായി തീർന്ന വിശ്വനാഥന്റെ കുടുംബത്തിന് സാമ്പത്തിക സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വിശ്വനാഥന്റെ കുടുംബത്തിന് 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) സാമ്പത്തിക സഹായം

അനുവദിക്കുകയും വകുപ്പുമന്ത്രി പ്രസ്തുത കുടുംബത്തെ സന്ദർശിച്ച് തുക കൈമാറുകയും ചെയ്തിട്ടുണ്ട്.

**ജ്വാല പദ്ധതി**

23 (4570) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ ആൾക്കൂട്ട ആക്രമണങ്ങൾക്കിരയാകുമ്പോൾ നിയമ സഹായവും പരിരക്ഷയും പുനരധിവാസവും ഉറപ്പാക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ ആക്രമണങ്ങൾക്ക് ഇരയാകുമ്പോൾ അടിയന്തര നിയമ സഹായത്തിനായി പട്ടികജാതി വികസന വകുപ്പ് രൂപീകരിച്ചിരിക്കുന്ന 'ജ്വാല' നിയമസഹായ സെല്ലുമായി ബന്ധപ്പെടാവുന്നതാണ്. അതിന്റെ ഭാഗമായി തിരുവനന്തപുരം

വെള്ളയമ്പലത്ത് അയ്യങ്കാളി ഭവനിൽ കാൾ സെന്റർ ആരംഭിക്കുകയും ഒരു ലീഗൽ അഡ്വൈസർ, മൂന്ന് കാൾ സെന്റർ അസിസ്റ്റന്റുമാർ എന്നിവരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ തലത്തിൽ നിയമിതരായിട്ടുള്ള ലീഗൽ കൗൺസിലർമാരുടെ സേവനവും തേടാവുന്നതാണ്. അതിക്രമങ്ങൾക്കിരയാകുന്നവരുടെ പരിരക്ഷയും പുനരധിവാസവും സാധ്യമാക്കുന്നതിനായി അതിക്രമം തടയൽ നിയമപ്രകാരമുള്ള സാമ്പത്തികാനുകൂല്യങ്ങൾ വകുപ്പ് മുഖേന അനുവദിച്ചുവരുന്നു. ഇത്തരം കേസുകൾ ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയും പുനരധിവാസം ആവശ്യമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്ന പക്ഷം ഭൂമി, വീട്, സർക്കാർ ജോലി തുടങ്ങിയ പുനരധിവാസ മാർഗ്ഗങ്ങളിൽ ആവശ്യമായവ അനുവദിച്ചുവരുന്നു.

പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളും, ചൂഷണങ്ങളും തടയുന്നതിന് വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ചൂഷണത്തിൽ നിന്നും തടയുക എന്ന ലക്ഷ്യത്തോടെ വകുപ്പ് വിദ്യാഭ്യാസ ഉന്നമന പദ്ധതികളും വിവിധ സാമൂഹിക സാമ്പത്തിക ഉന്നമന പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. കൂടാതെ

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമം തടയൽ നിയമത്തിലെ കർശന വ്യവസ്ഥകൾ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

(ബി) ഇത്തരം ആക്രമണങ്ങളിലെ ഇരകൾക്ക് കോടതികളിൽ നിന്ന് നീതി ഉറപ്പാക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവ അഭിഭാഷകർക്ക് പരിശീലനം നൽകുന്നതിനായി ജ്വാല പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഇത്തരം ആക്രമണങ്ങളിലെ ഇരകൾക്ക് കോടതികളിൽ നിന്ന് നീതി ഉറപ്പാക്കുന്നതിനായി പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട യുവ അഭിഭാഷകർക്ക് പരിശീലനം നൽകുക എന്നത് ജ്വാല പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്നാണ്. പ്രസ്തുത ലക്ഷ്യം മുൻനിർത്തി ജ്വാല നിയമസഹായ സെല്ലിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ നിയമിതനായിട്ടുള്ള ലീഗൽ അഡ്വൈസർ, ജില്ലകളിൽ നിയമിതരായിട്ടുള്ള ലീഗൽ കൗൺസിലർ എന്നിവരെ ഇത്തരത്തിലുള്ള കേസുകളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും കോടതികളിൽ ടി കേസുകളുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി നിയമ സഹായം ആവശ്യമായി

വരുന്ന സാഹചര്യങ്ങളിൽ സൗജന്യ നിയമ സഹായം ലഭ്യമാക്കുന്നതിനുമായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജ്വാല എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നില്ലെങ്കിലും പട്ടികവർഗ്ഗക്കാരായ നിയമബിരുദധാരികൾക്ക് സീനിയർ അഡ്വക്കേറ്റ്സിന് കീഴിൽ ഇന്റേൺഷിപ്പ് നൽകുന്ന പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നിയമ ബോധവൽക്കരണം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

ജ്വാല നിയമ സഹായ സെല്ലിന്റെ ആഭിമുഖ്യത്തിൽ വിവിധ ലോ കോളേജുകളുമായും ഇതര നിയമസഹായ സംവിധാനങ്ങളുമായും ബന്ധപ്പെട്ട് നിയമ ബോധവത്കരണ സെമിനാറുകളും പഠന ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനും കോളനികൾ കേന്ദ്രീകരിച്ച് നിയമ ക്ലിനിക്കുകൾ നടത്തുന്നതിനുമുള്ള പദ്ധതികൾ വകുപ്പുതലത്തിൽ ആവിഷ്കരിച്ച് വരുന്നു.

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് മെച്ചപ്പെട്ട തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് ഈ പദ്ധതി സഹായിക്കുമോ; വിശദമാക്കാമോ?

ജ്വാല നിയമ സഹായ സെല്ലിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ഒരു ലീഗൽ അഡ്വൈസർ, മൂന്ന് കാൾ സെന്റർ അസിസ്റ്റന്റ് എന്നിവർക്കും ജില്ലാ തലത്തിൽ 14 ലീഗൽ കൗൺസിലർമാർക്കും കരാറടിസ്ഥാനത്തിൽ 2 വർഷത്തേയ്ക്ക് താൽക്കാലിക നിയമനം നൽകുന്നു. ലീഗൽ അഡ്വൈസർക്ക് 25,000/-രൂപയും, ലീഗൽ കൗൺസിലർമാർക്ക് 20,000/-രൂപയും, കാൾ സെന്റർ അസിസ്റ്റന്റിന് 18,000/-രൂപയും പ്രതിമാസ ഓണറേറിയമായി നിശ്ചയിച്ചിട്ടുണ്ട്. അതിനാൽ പട്ടികജാതി വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് മെച്ചപ്പെട്ട തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് ഈ പദ്ധതി സഹായകമാണ്.

കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിലെ നിയമബിരുദധാരികൾക്ക് മെച്ചപ്പെട്ട തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് സീനിയർ അഡ്വക്കേറ്റ്സിന് കീഴിൽ ഇന്റേൺഷിപ്പ് നൽകുന്ന പദ്ധതി സഹായകരമാണ്.

**വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിക്കാനുള്ള അപേക്ഷകരുടെ വിവരങ്ങൾ**

24 (4571) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര നിയോജകമണ്ഡലത്തിൽ വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിക്കാനുള്ള അപേക്ഷകരെ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

മറുപടി അനുബന്ധം ആയി ചേർക്കുന്നു.+

**എസ്.സി., എസ്.ടി. വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ**

25 (4572) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി., എസ്.ടി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കായി സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷാപരിശീലനം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിങ് സൊസൈറ്റി (ICSETS) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിച്ച വരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻപ് ICSETS എന്ന സ്ഥാപനത്തിൽ വിദ്യാർത്ഥികൾക്ക് നേരിട്ടാണ് പരിശീലനം നൽകിയിരുന്നതെങ്കിലും നിലവിൽ സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷന്റെ കീഴിൽ കേരള സിവിൽ സർവ്വീസ് അക്കാദമിയുടെ സംസ്ഥാനത്തെ വിവിധ സെന്ററുകളിലാണ് സിവിൽ സർവ്വീസ് പരിശീലനം നൽകുന്നത്. പരിശീലനം നേടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ICSETS മുഖേന വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുകയാണ് ചെയ്യുന്നത്. കൂടാതെ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി പ്രകാരം 30 പട്ടികജാതി വിദ്യാർത്ഥികൾക്ക് അവരുടെ താല്പര്യാർത്ഥം തെരഞ്ഞെടുക്കുന്ന പ്രശസ്തമായ പരിശീലന സ്ഥാപനങ്ങളിൽ സിവിൽ സർവ്വീസ് പരിശീലനത്തിന് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തെരഞ്ഞെടുക്കപ്പെടുന്ന 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവർക്ക് താൽപര്യമുള്ള രാജ്യത്തെ പ്രശസ്തമായ പരിശീലന സ്ഥാപനങ്ങളിൽ സിവിൽ സർവ്വീസ് പരിശീലനത്തിന് സ്കോളർഷിപ്പ് നൽകി വരുന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത സെന്ററുകളിലേക്കുള്ള അപേക്ഷാ രീതിയും അഡ്മിഷന്റെ മാനദണ്ഡവും വ്യക്തമാക്കുമോ?

കേരള സിവിൽ സർവ്വീസ് അക്കാദമിയിൽ സിവിൽ സർവ്വീസ് പരിശീലനത്തിനായി അക്കാദമി വിദ്യാർത്ഥികളെ നേരിട്ടാണ് തെരഞ്ഞെടുക്കുന്നത്.

ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിലേയ്ക്ക് പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നത് എഴുത്തുപരീക്ഷ, അഭിമുഖം എന്നിവയ്ക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ്. അതാതുവർഷം ഏപ്രിൽ, മെയ് മാസങ്ങളിലാണ് അപേക്ഷ ക്ഷണിക്കുന്നത്. ഐ.സി.എസ്.ഇ.റ്റി.എസ്.-ന്റെ വെബ്സൈറ്റ് മുഖേന ഓൺലൈൻ ആയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 20-36 വയസ്സാണ് പ്രായപരിധി. അംഗീകൃത സർവ്വകലാശാലാ ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാന വർഷ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന സിവിൽ സർവ്വീസ് പരിശീലന പദ്ധതിയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വകുപ്പ് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(സി) പ്രസ്തുത കോച്ചിംഗ് സെന്ററുകളുടെ കാര്യക്ഷമത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോച്ചിംഗ് സെന്ററുകളുടെ കാര്യക്ഷമത വകുപ്പ് യഥാസമയം പരിശോധിച്ചു വരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന വിദ്യാഭ്യാസ പദ്ധതികൾ**

26 (4573) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രധാന വിദ്യാഭ്യാസ പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാന വിദ്യാഭ്യാസ പദ്ധതികൾ, പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിൽ നീക്കി വച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിവരങ്ങൾ അനുബന്ധം-1, അനുബന്ധം-2 ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പട്ടികജാതി വിദ്യാർത്ഥികൾക്കിടയിൽ സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് കുറയ്ക്കാൻ പദ്ധതി**

27 (4574) <u>ഡോ. കെ. ടി. ജലീൽ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിദ്യാർത്ഥികൾക്കിടയിലെ പരീക്ഷാ പരാജയത്തിന്റെയും സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്കിന്റെയും നിരക്ക് കുറയ്ക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പട്ടികജാതി വിദ്യാർത്ഥികൾക്കിടയിലെ പരീക്ഷാ പരാജയത്തിന്റെയും സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്കിന്റെയും നിരക്ക് കുറയ്ക്കുന്നതിന് പഠനത്തിന് പ്രോത്സാഹനവും സഹായകരവുമാകുന്ന തരത്തിൽ വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

1) പ്രീമെട്രിക് സ്കോളർഷിപ്പ്

2) മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

3) ശ്രീ അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

4) 9, 10 ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ്

5) പ്രത്യേക പ്രോത്സാഹന സമ്മാനം

6) അംഗീകൃത സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇമ്പേഴ്സ്മെന്റ്

7) റാങ്ക് ജേതാക്കൾക്ക് സ്വർണ്ണമെഡൽ

8) പട്ടികജാതി പ്രൊമോട്ടർമാരെ ഉപയോഗപ്പെടുത്തി ഏപ്രിൽ, മെയ് മാസങ്ങളിൽ പ്രത്യേക ഇടപെടൽ വകുപ്പിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നതാണ്.

**പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കാതെ പഠനം ഉപേക്ഷിച്ച പട്ടികജാതി വിദ്യാർത്ഥികൾ**

28 (4575) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ കോളേജുകളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പഠിച്ച പട്ടികജാതി വിദ്യാർത്ഥികളിൽ കഴിഞ്ഞ പത്ത് വർഷത്തിനിടയ്ക്ക് പഠനം പൂർത്തിയാക്കാതെ ഇടയ്ക്ക് വച്ച് പഠനം അവസാനിപ്പിച്ച വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ?

കേരളത്തിലെ കോളേജുകളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പഠിച്ച പട്ടികജാതി വിദ്യാർത്ഥികളിൽ കഴിഞ്ഞ പത്ത് വർഷത്തിനിടയ്ക്ക് പഠനം പൂർത്തിയാക്കാതെ ഇടയ്ക്ക് വച്ച് പഠനം അവസാനിപ്പിച്ച 3612 വിദ്യാർത്ഥികളുണ്ട്.

**അരുവിക്കര നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസം**

29 (4576) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) അരുവിക്കര നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസ മാനേജ്മെന്റ് സംബന്ധിച്ച് സീമാറ്റ്-ന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ നൽകാമോ?

(എ&ബി) സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾക്കായി പട്ടികവർഗ്ഗ വികസന

വകുപ്പ് ഒരു ഏജൻസിയെയും ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ശാക്തീകരിക്കുന്നതിനുമായി മേഖലയിലെ വിദ്യാഭ്യാസ ഓഫീസർമാരും സ്കൂൾ മേധാവികളുമടക്കമുള്ള വിദ്യാഭ്യാസ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകാൻ RAAP (Recalibration of Approach and Attitude Programme) എന്ന പദ്ധതിക്ക് സീമാറ്റ്-കേരള രൂപം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ച് സീമാറ്റ്-കേരള നടത്തിയ ദ്രുതപഠനത്തിന്റെ (Rapid Study) അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ പ്രവർത്തകർക്കുള്ള പ്രത്യേക പരിശീലന പരിപാടിയായ RAAP ആവിഷ്കരിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് സീമാറ്റ്-കേരള തിരുവനന്തപുരം, ഇടുക്കി, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ പട്ടികവർഗ്ഗ മേഖലകളിലായിരുന്നു പഠനം നടത്തിയത്. അരുവിക്കര മണ്ഡലത്തിൽപ്പെടുന്ന വിതുര, ഞാറനീലി, പെരിങ്ങമല, ഇടിഞ്ഞാർ തുടങ്ങിയ പ്രദേശങ്ങൾ കേന്ദ്രീകരിച്ചായിരുന്നു തിരുവനന്തപുരം ജില്ലയിൽ ഈ പഠനം നടത്തിയത്. 2023-24 മുതൽ RAAP പരിശീലനങ്ങൾ സംഘടിപ്പിച്ചു തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ള റസിഡൻഷ്യൽ ക്യാമ്പ്**

30 (4577) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ റസിഡൻഷ്യൽ ക്യാമ്പിനായി ഒരു കുട്ടിക്ക് എത്ര തുകയാണ് നല്കി വരുന്നതെന്നും പ്രസ്തുത തുക അവസാനമായി പുനർനിശ്ചയിച്ചത് ഏത് വർഷത്തിലാണെന്നും വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ റസിഡൻഷ്യൽ ക്യാമ്പിനായി ഒരു കുട്ടിക്ക് 3500/-രൂപ നിരക്കിലാണ് സ്ഥാപനങ്ങൾക്ക് നൽകി വരുന്നത്. 2011 ലാണ് പ്രസ്തുത തുക അവസാനമായി പുനർനിശ്ചയിച്ചത്.

(ബി) നിലവിൽ ഒരോ വിദ്യാർത്ഥിക്കും നൽകുന്ന തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിഷയം പരിശോധിക്കുന്നതാണ്.

(സി) 2019 മുതൽ 2022 വരെ എത്ര വിദ്യാർത്ഥികൾക്കാണ് ഇത്തരത്തിലുള്ള റസിഡൻഷ്യൽ ക്യാമ്പ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

| വർഷം | ജില്ല | കുട്ടികളുടെ എണ്ണം |
|---|---|---|
| 2019 | വയനാട് | 1995 |
| | കണ്ണൂർ | 61 |
| 2020 | വയനാട് | 1915 |
| | കണ്ണൂർ | 66 |
| 2021 | വയനാട് | 1940 |
| 2022 | വയനാട് | 2245 |
| | കണ്ണൂർ | 88 |

**വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ**

31 (4578) <u>ശ്രീ. എം. വിജിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

**സംസ്ഥാനത്തിനകത്തുള്ള പഠനം**

1. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, കേന്ദ്ര/സംസ്ഥാന യൂണിവേഴ്സിറ്റികൾ, കേന്ദ്ര/സംസ്ഥാന സർക്കാർ ഏജൻസികൾ, കേന്ദ്ര/സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡുകൾ തുടങ്ങിയവ സംസ്ഥാന തലത്തിലോ അഖിലേന്ത്യാ തലത്തിലോ നടത്തുന്ന പ്രവേശന പരീക്ഷകളിലൂടെ മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്നവർക്ക് മാത്രം സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

2. യൂണിവേഴ്സിറ്റികളുടെ ഏകജാലക സംവിധാനം വഴി മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും മെറിറ്റ്/ റിസർവേഷൻ പാലിച്ച് സ്പോട്ട് അഡ്മിഷൻ വഴി പ്രവേശനം നേടുന്നവർക്കും അലോട്ട്മെന്റ് മെമ്മോയുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

3. സ്പോർട്സ് ക്വാട്ടയിലും ഡിഫൻസ് ക്വാട്ടയിലും സംസ്ഥാനത്തിനകത്ത് പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗം വിദ്യാർഥികൾക്കും സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

## ഇതര സംസ്ഥാന പഠനം

സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാ തലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും, സുതാര്യവും, നീതിയുക്തവുമായ രീതിയിൽ മെറിറ്റ്/ റിസർവേഷനിൽ സ്പോട്ട് അഡ്മിഷൻ നേടുന്നവർക്കും മാത്രം സംസ്ഥാനത്തിനു പുറത്തുള്ള പഠനത്തിന് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

ഒ.ബി.സി./ഒ.ഇ.സി. വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു.+

(ബി) ഒ.ബി.സി./ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സ്കോളർഷിപ്പുകൾ യഥാസമയം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്കോളർഷിപ്പ് യഥാസമയം അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**ഹരിപ്പാട് മണ്ഡലത്തിലെ സൈബർശ്രീ പ്രോജക്റ്റ്**

32 (4579) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ സൈബർശ്രീ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഹരിപ്പാട് മണ്ഡലത്തിലെ സൈബർശ്രീ എന്ന സ്ഥാപനത്തിന് 4 ബാച്ചുകളിലായി 60 കുട്ടികളെ പരിശീലിപ്പിക്കുന്നതിന് 59,48,300/-രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും 39 പേർക്ക് മാത്രമേ പരിശീലനം നൽകിയിരുന്നുള്ളൂ. 21 വിദ്യാർത്ഥികൾക്ക് കൂടി പരിശീലനം നൽകുന്നതിനായി ടി ഉത്തരവ് റീവാലിഡേറ്റ് ചെയ്ത് നൽകുന്നതിനായി പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത കോഴ്സുകളുടെ ആവശ്യകത, പ്രയോജനം, പ്ലെയ്സ്മെന്റ് ഉറപ്പാക്കൽ എന്നിവ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) പുതിയ തൊഴിൽ സാഹചര്യങ്ങൾക്കും സാധ്യതകൾക്കും അനുസൃതമായി സൈബർശ്രീ പ്രോജക്ടുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പുതിയ തൊഴിൽ സാഹചര്യങ്ങൾക്കും സാധ്യതകൾക്കും അനുസൃതമായി സൈബർശ്രീ പ്രോജക്ടുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി, കോഴ്സുകളുടെ പ്രയോജനത്തെപ്പറ്റിയും ആവശ്യകതയെക്കുറിച്ചും വ്യക്തമായി പഠിച്ച്, കോഴ്സ് ഫീസ്, മറ്റ് ചെലവുകൾ എന്നിവയടങ്ങുന്ന പ്രോജക്ട് തുകയുടെ വിശദ വിവരങ്ങൾ സംബന്ധിച്ചും, പ്ലെയ്സ്മെന്റ് ഉറപ്പാക്കുന്നത് സംബന്ധിച്ചുമുള്ള വിവരങ്ങൾ വ്യക്തമാക്കിയിട്ടുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

33 (4580) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എ., സി.എസ്., ഐ.സി.ഡബ്ല്യു.എ. എന്നീ പ്രൊഫഷണൽ കോഴ്സുകൾക്കും ഐ.ഐ.എം., ഐ.ഐ.ടി., കൽപ്പിത സർവ്വകലാശാല എന്നിവിടങ്ങളിലെ കോഴ്സുകളിലും പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന വിഷയം പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ വിദ്യാർത്ഥികൾക്ക് അടുത്ത അദ്ധ്യയന വർഷം മുതൽ ഫീസ് അടയ്ക്കാതെ പ്രവേശനം ലഭിക്കുന്ന തരത്തിൽ ഫ്രീഷിപ്പ് കാർഡ് സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിവിധ കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വർഷംതോറും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിലുള്ള ബുദ്ധിമുട്ട് പരിഗണിച്ച് ഒരു കോഴ്സിന് ഒരിക്കൽ മാത്രം പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയെന്ന നിർദേശം പ്രാവർത്തികമാക്കുമോ; എങ്കിൽ വിശദമാക്കുമോ?

(എ-സി) സി.എ., സി.എസ്., ഐ.സി.ഡബ്ല്യു.എ. തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്കും, ഐ.ഐ.എം., ഐ.ഐ.ടി., കൽപ്പിത സർവ്വകലാശാല എന്നിവിടങ്ങളിലെ കോഴ്സുകളിലും മെറിറ്റ്/റിസർവേഷൻ

അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 05-01-2023-ലെ സ.ഉ. (പി) 1/2023/പജപവവിവ, സ.ഉ. (പി) 2/2023/പജപവവിവ എന്നീ ഉത്തരവുകൾ പ്രകാരം സ്കോളർഷിപ്പ് അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കേന്ദ്ര/സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ ഫ്രീ ഷിപ്പ് കാർഡ് നൽകുന്നതിനും ഇതിൻപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഒരു കോഴ്സിന് ഒറ്റത്തവണ മാത്രം വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതി.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ ഐ.ടി.ഐ.-യുടെ വികസന പ്രവൃത്തികൾ**

34 (4581) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മര്യാപുരത്ത് പട്ടികജാതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-യുടെ വികസന പ്രവൃത്തികൾക്കായി 2021-22, 2022-23 വർഷങ്ങളിൽ എത്ര തുകയാണ്

അനുവദിച്ചതെന്ന് വിശദമാക്കാമോ; ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ മര്യാപുരത്ത് പ്രവർത്തിക്കുന്ന ഐ.റ്റി.ഐ.-യുടെ നിർമ്മാണ പ്രവൃത്തികൾക്കായി (ഹോസ്റ്റൽ ചുറ്റുമതിൽ നിർമ്മാണം, മറ്റ് അറ്റകുറ്റപണികൾ) 2021-22 വർഷത്തിൽ 64,90,000/-രൂപ (അറുപത്തിനാല് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) അനുവദിക്കുകയും 2022 നവംബറിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തിൽ വികസന പ്രവൃത്തികൾക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല.

**പ്രീമെട്രിക് ഹോസ്റ്റലുകളെ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി**

35 (4582) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അയ്യപ്പൻ കാവ് നഗറിൽ സ്ഥിതി ചെയ്യുന്ന പ്രീമെട്രിക് ഹോസ്റ്റലിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആത്മഹത്യയ്ക്കായി പ്രേരിപ്പിച്ച കാരണങ്ങൾ എന്തെല്ലാമാണെന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ?

നടത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾ പരസ്പരമുള്ള പ്രശ്നങ്ങളിൽ വിഷമം തോന്നിയാണ് ടി വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ചതെന്ന് പ്രാഥമിക അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്.

(സി) മാതാപിതാക്കളിൽനിന്നും മാറി താമസിക്കേണ്ടിവരുന്ന വിദ്യാർത്ഥികളുടെ മാനസിക സംഘർഷം ഇല്ലാതാക്കുന്നതിനും അവരെ പഠനോത്സുകരാക്കുന്നതിനും സംസ്ഥാനത്തെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീമെട്രിക് ഹോസ്റ്റലകളിൽ അന്തേവാസികളായ വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിനായി എല്ലാ ഹോസ്റ്റലുകളിലും മേട്രൻ കം റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ട്യൂഷൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. ഹോസ്റ്റലുകളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഹോസ്റ്റൽ

വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് ആവശ്യമുള്ളപക്ഷം ആയതും നൽകി വരാറുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ കുട്ടികളുടെ മാനസികശേഷി വർദ്ധിപ്പിക്കുന്നതിനും വ്യക്തിത്വ വികസനത്തിനും, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുന്നതിന് സ്റ്റുഡൻസ് കൗൺസിലർമാരുടെ സേവനം നൽകുന്നുണ്ട്. പഠന നിലവാരം ഉയർത്തുന്നതിന് ഹോസ്റ്റലുകളിൽ പാർട്ട് ടൈം ട്യൂട്ടർമാരുടെയും റസിഡൻഷ്യൽ ട്യൂട്ടർമാരുടെയും സേവനവും നൽകുന്നുണ്ട്. കലാകായിക മികവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് പരിശീലനം നൽകി വകുപ്പ് നടത്തുന്ന കളിക്കളം, സർഗോത്സവം മുതലായ പരിപാടികളിൽ പങ്കെടുപ്പിച്ചുവരുന്നു. ഹോസ്റ്റലുകളിൽ മോട്ടിവേഷൻ ക്ലാസുകൾ, വ്യക്തിവികാസ പരിശീലനങ്ങൾ എന്നിവ നൽകി വരുന്നു. ടി.വി. ഉൾപ്പെടെയുള്ള വിനോദ ഉപാധികൾ ഹോസ്റ്റലുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത ഹോസ്റ്റലുകളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത മൂലം പല വിദ്യാർത്ഥികളും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ?

പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള ഹോസ്റ്റലുകൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. പ്രീമെട്രിക് ഹോസ്റ്റലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളവയാണ്. എന്നിരുന്നാലും പ്രീമെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യ വികസനം, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി വകുപ്പിൽ നിന്നും തുക അനുവദിച്ചു വരുന്നു. പ്രീമെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും, വിദ്യാർത്ഥികളുടെ മാനസിക ഉല്ലാസത്തിനായി കലാകായിക പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഹോസ്റ്റലുകളിൽ ഭക്ഷണം, പഠന സൗകര്യം, കട്ടിലുകൾ, കിടക്കകൾ, ടോയ്‌ലറ്റുകൾ മുതലായ അടിസ്ഥാന സൗകര്യങ്ങൾ പരമാവധി ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം ഹോസ്റ്റലുകൾ യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ഇ) എങ്കിൽ വിദ്യാർത്ഥികളുടെ ഭൗതികവും മാനസികവുമായ ഉന്നമനത്തിനും മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും ഉതകുന്ന തരത്തിൽ സംസ്ഥാനത്തെ പ്രീമെട്രിക് ഹോസ്റ്റലുകളിലെ ഭൗതിക

സൗകര്യങ്ങൾ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിൻ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ വകുപ്പ് വഴിയും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണസ്ഥാപനം വഴിയും നിലവിൽ ഒരുക്കി വരുന്നുണ്ട്. അതോടൊപ്പം വിദ്യാർത്ഥികളുടെ ഭൗതികവും മാനസികവുമായ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് വനിതാ ശിശുക്ഷേമ വകുപ്പിന്റെയും വകുപ്പിലെ കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരുടെയും നേതൃത്വത്തിൽ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനും മാനസിക ആരോഗ്യ പുരോഗതിക്കുമായി ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. പ്രീമെട്രിക് ഹോസ്റ്റലുകളുടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലുകൾ ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ, നവീകരണം എന്നിവ നടത്തുന്നതിനായി വകുപ്പിൽ നിന്നും അനുമതി നൽകി വരുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകൾ യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്

ഹോസ്റ്റലുകളിൽ സി.സി.ടി.വി., ഫയർ ആന്റ് സേഫ്റ്റി സിസ്റ്റം, മിനിമാസ്റ്റ് ലൈറ്റ് എന്നിവ സ്ഥാപിച്ചുവരുന്നു. ആഹാരത്തിലെ പോഷകാംശം നഷ്ടപ്പെടാതിരിക്കാനും ഗ്യാസിന്റെ ഉപയോഗത്തിൽ ഗണ്യമായ കുറവ് വരുത്തുന്നതിനും സ്റ്റീം ബേയ്സ്ഡ് കുക്കിംഗ് സിസ്റ്റം 65 ഹോസ്റ്റലുകളിൽ സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് ഹോസ്റ്റലുകളിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്.

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ പ്രൊഫഷണൽ മേഖലയിലെ തൊഴിലുകളിൽ എത്തിക്കുന്നതിന് പദ്ധതി**

36 (4583) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ മേഖലയിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ പ്രൊഫഷണൽ മേഖലയിലെ തൊഴിലുകളിൽ എത്തിക്കുന്നതിന് വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്/എഞ്ചിനീയറിംഗ്, മറ്റ് അനുബന്ധ പ്രൊഫഷണൽ പഠന മേഖലകളിൽ പ്രവേശനം ലഭിക്കുന്നതിനായി സംസ്ഥാനത്തെ മികച്ച പരിശീലന സ്ഥാപനങ്ങളിൽ എൻട്രൻസ് പരീക്ഷാ പരിശീലനം നൽകി വരുന്നുണ്ട്. നിയമ പഠന മേഖലകളിൽ പ്രവേശനം ലഭിക്കുന്നതിനായി ലീഗൽ സർവ്വീസുമായി ബന്ധപ്പെട്ട് പരീക്ഷാ പരിശീലനം നൽകിവരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ പ്രൊഫഷണൽ മേഖലയിലെ തൊഴിലുകളിൽ എത്തിക്കുന്നതിനായി വകുപ്പ് നൈപുണ്യ വികസന പരിശീലനങ്ങൾ നടത്തിവരുന്നുണ്ട്. പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ സാധ്യതയുള്ള ഹ്രസ്വകാല കോഴ്സുകളിൽ സർക്കാർ/കേന്ദ്ര സർക്കാർ അംഗീകാരമുള്ള പരിശീലന സ്ഥാപനങ്ങൾ മുഖേന നൈപുണ്യ വികസന പരിശീലനങ്ങൾ നടത്തുകയും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതികൾ വിജയപ്രദമാണോ; എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്രപേർക്ക് പ്രൊഫഷണൽ മേഖലയിൽ തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

വിജയപ്രദമാണ്. എം.ബി.ബി.എസ്., എഞ്ചിനീയറിംഗ് തുടങ്ങി പല പ്രൊഫഷണൽ കോഴ്സുകളിലായി 2920 പേർ പ്രവേശനം നേടിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന നൈപുണ്യ പരിശീലനങ്ങൾ പ്രൊഫഷണൽ മേഖലയിൽ പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നുണ്ട്.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ**

37 (4584) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ?

**പട്ടികജാതി വികസന വകുപ്പ്**

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന സ്വയം തൊഴിൽ പദ്ധതി പ്രകാരം ഏതു തരത്തിലുള്ള ചെറുകിട സംരംഭം ആരംഭിക്കുന്നതിനും ബാങ്കുകൾ അനുവദിക്കുന്ന മൂന്ന് ലക്ഷം രൂപ വരെയുള്ള സ്വയം തൊഴിൽ വായ്പകൾക്ക് 1/3 തുക സബ്സിഡിയായി നൽകുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

നടപ്പ് സാമ്പത്തികവർഷത്തിൽ പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് സർക്കാർ ധനസഹായത്തോടെ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുകയും പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സ്വയം തൊഴിൽ പദ്ധതിയ്ക്കായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ കഴിഞ്ഞ 5 വർഷങ്ങളിൽ നീക്കി വച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ശേഖരിച്ച് നൽകുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അഭ്യസ്തവിദ്യരായ പട്ടികജാതി-പട്ടികവർഗ്ഗ യുവതീയുവാക്കളെ ഒരേസമയം തൊഴിൽദാതാക്കളും തൊഴിൽ സംരംഭകരുമാക്കുന്നതിനുമായി എംപവർമെന്റ് സൊസൈറ്റി

ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

**കാട്ടാക്കട മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ**

38 (4585) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ടോയെന്നും ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന രണ്ട് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ച് വരുന്നു.

1. ആറാട്ട് കടവ് റോഡ് ടാറിംഗ് & സൈഡ് വാൾ (400 മീറ്റർ).

2. തെങ്ങുവിളാകം കല്ലംപൊറ്റ മിച്ചഭൂമി സൈഡ് വാൾ നിർമ്മാണം

**കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയ മലപ്പുറം ജില്ലയിലെ പ്രവൃത്തികൾ**

39 (4586) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവിഭാഗത്തിനുള്ള കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2022-23 വർഷത്തിൽ മലപ്പുറം ജില്ലയിൽ അനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങളും തുകയും പഞ്ചായത്തുകൾ തിരിച്ച് ലഭ്യമാക്കാമോ; ഏതെല്ലാം വിഭാഗം പ്രവൃത്തികൾക്കാണ് നടപ്പുവർഷം മുൻഗണന നൽകിയതെന്ന് അറിയിക്കാമോ?

2022-ൽ അനുമതി ലഭ്യമായ മലപ്പുറം ജില്ലയിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-1 ൽ ചേർത്തിട്ടുണ്ട്.+ സ്വയംതൊഴിൽ, നൈപുണ്യ വികസനം, ജീവനോപാധി, ശുദ്ധജല വിതരണം, ശുചിത്വം, വിദ്യാഭ്യാസ ആരോഗ്യ പരിപാടികൾ, വൈദ്യുതീകരണം, ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്തൽ, പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായ പദ്ധതിയുടെ കുറവ് പരിഹരിക്കൽ, ഇൻഫർമേഷൻ ടെക്നോളജിയുമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബന്ധപ്പെട്ട പ്രൊജക്ടുകൾ, വാർത്താ വിനിമയം, വിദ്യാഭ്യാസം തുടങ്ങിയ പ്രവർത്തനങ്ങൾ എന്നീ വിഭാഗങ്ങൾക്കാണ് നടപ്പ് വർഷം മുൻഗണന നൽകിയത്.

(ബി) മലപ്പുറം ജില്ലയിലെ പോത്തുകൽ ഗ്രാമപഞ്ചായത്തിലെ ഏതെങ്കിലും പ്രവൃത്തികൾ നടപ്പുവർഷം പട്ടികവർഗ്ഗവിഭാഗത്തിനുള്ള കോർപ്പസ് ഫണ്ടിലേക്ക് പരിഗണിച്ചിരുന്നോ എന്ന് അറിയിക്കാമോ; പോത്തുകൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള അപേക്ഷകൾ പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭിച്ചോ; ഏതെല്ലാം പ്രവൃത്തികളുടെ അപേക്ഷകളാണ് ലഭിച്ചതെന്നും ആവശ്യപ്പെട്ട തുക എത്രയെന്നും അറിയിക്കാമോ?

2022 ലെ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ അനുമതി ലഭ്യമായതും, സ്റ്റേറ്റ് വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കാൻ ശിപാർശ ചെയ്തതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.+

(സി) നിലമ്പൂർ എം.എൽ.എ.യുടെ ശിപാർശകളോടെ എത്ര പ്രവൃത്തികളാണ് നടപ്പുവർഷം പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കോർപ്പസ് ഫണ്ടിലേക്ക് ലഭിച്ചതെന്നും അവയുടെ വിശദാംശങ്ങളും എം.എൽ.എ.-യുടെ ശിപാർശ പരിഗണിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എം.എൽ.എ. ശിപാർശ ചെയ്ത പോത്തുകൽ ഗ്രാമപഞ്ചായത്ത് പട്ടികവർഗ്ഗ കോളനി വികസനം, വെല്ലാംപാടം കോളനി റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിച്ച് വരുന്നു.

**കുണ്ടറ നിയോജകമണ്ഡലത്തിൽ അനുവദിച്ച കോർപ്പസ് ഫണ്ട്.**

40 (4587) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിലേയ്ക്ക് 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച കോർപ്പസ് ഫണ്ട് ഏതൊക്കെ പദ്ധതികൾക്കാണ് ഉപയോഗിച്ചിട്ടുള്ളതെന്നും അതിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിലേയ്ക്ക് പട്ടികജാതിവികസന വകുപ്പ് 2021-22 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ടിൽ പദ്ധതികളൊന്നും തെരഞ്ഞെടുത്തിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ടിൽ

തൃക്കോവിൽവട്ടം പഞ്ചായത്തിൽ തലച്ചിറചേരിക്കോണം വാട്ടർടാങ്ക് മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതി തെരഞ്ഞെടുക്കുകയും 2,53,000/- (രണ്ടു ലക്ഷത്തി അമ്പത്തിമൂവായിരം രൂപ മാത്രം) രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കുണ്ടറ നിയോജകമണ്ഡലത്തിൽ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

**ചിറ്റാരി കണ്ടിവാതുക്കൾ റോഡ് നിർമ്മാണത്തിന് കോർപ്പസ് ഫണ്ടിൽ നിന്നും തുക വകയിരുത്താൻ നടപടി**

41 (4588) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ വളയം-ചെക്യാട് ഗ്രാമ പഞ്ചായത്തുകളിലെ ചിറ്റാരി കണ്ടിവാതുക്കൾ റോഡ് നിർമ്മാണത്തിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ;

(ബി) പദ്ധതി പൂർത്തീകരണത്തിന് കോർപ്പസ് ഫണ്ടിൽ നിന്നും തുക വകയിരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) നബാർഡ് RIDF 20 സ്കീമിൽ ഉൾപ്പെട്ടിരുന്ന ചിറ്റാരി കണ്ടിവാതുക്കൾ റോഡ് നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസിയായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 5-02-2016-ന് ക്ഷണിച്ച ടെണ്ടർ പ്രകാരം കരാർ ഏറ്റെടുത്ത കരാറുകാരൻ നിർമ്മാണം നടത്താത്തതിനാൽ 28-06-2016-ന് റീ ടെണ്ടർ നടത്തിയിരുന്നു. തുടർന്ന് 19-08-2016-ന് കരാർ ഏറ്റെടുത്തയാൾക്ക് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി വലിയ തുക ബാദ്ധ്യത ഉണ്ടായിരുന്നതിനാലും BDS സംവിധാനത്തിലെ സാങ്കേതിക പിഴവുമൂലവും 2018, 2019 എന്നീ വർഷങ്ങളിലെ മഹാപ്രളയംമൂലവും കരാറുകാരൻ റോഡ് നിർമ്മാണം പൂർത്തിയാക്കിയിരുന്നില്ല. തുടർന്ന് ടിയാൻ ഈ പ്രവൃത്തിയിൽനിന്നും പിൻവാങ്ങിയതിനാൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 08-12-2021-നും 21-12-2021-നും വീണ്ടും ടെണ്ടർ ക്ഷണിക്കുകയും പുതിയ കരാറുകാരനെ ചുമതലപ്പെടുത്തുകയുമായിരുന്നു. എന്നാൽ നബാർഡ് RIDF

20 പദ്ധതിയുടെ കാലാവധി 31-03-2022-ന് അവസാനിച്ചതിനാലും പദ്ധതി നിർവ്വഹണത്തിന് കാലാവധി നീട്ടി നൽകാത്തതിനാലും നബാർഡ് RIDF 20 പദ്ധതിയിൽ ചിറ്റാരി കണ്ടിവാതുക്കൽ റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുന്നതല്ല. ഈ റോഡിന്റെ ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കണ്ണൂർ ജില്ലയിൽ കോർപ്പസ് ഫണ്ട് മുഖേന നടപ്പാക്കിയ പദ്ധതികൾ**

42 (4589) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ പട്ടികജാതിവിഭാഗത്തിനുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ പട്ടികജാതി വിഭാഗത്തിനുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്താൻ പദ്ധതികൾ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി കുടിവെള്ള വിതരണം, വൈദ്യുതി വിതരണം, ഗതാഗത സൗകര്യ വികസനം, പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിയ്ക്ക് (വിദ്യാഭ്യാസം, സംസ്കാരം, കായികം) ഉതകുന്ന പ്രൊജക്ടുകൾ എന്നിവയാണ് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്താവുന്ന പദ്ധതികൾ. ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, എം.പി.-മാർ, എം.എൽ.എ.-മാർ എന്നിവർ ലഭ്യമാക്കുന്ന പ്രൊപ്പോസൽ ജില്ലാ പ്ലാനിംഗ് ഓഫീസറുടെയും ജില്ലാ പട്ടികജാതി വികസന ഓഫീസറുടെയും സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെയും പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി റിപ്പോർട്ടിന്റെയും, സോഷ്യൽ മാപ്പ്, ഗുണഭോക്തൃ ലിസ്റ്റ് എന്നിവയുടെയും അടിസ്ഥാനത്തിൽ പദ്ധതികൾ തെരഞ്ഞെടുക്കുന്നു.

**പാറശ്ശാല മണ്ഡലത്തിൽ സിദ്ധ ക്ലിനിക്ക്**

43 (4590) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ തൊട്ടുമല വാർഡിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സിദ്ധ ക്ലിനിക്ക് സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത ക്ലിനിക്കിൽ ജീവനക്കാരെ നിയമിക്കുന്നതിനും മറ്റ് ആവർത്തന ചെലവുകൾ നിർവഹിക്കുന്നതിനും കോർപ്പസ് ഫണ്ടിൽ നിന്ന് തുക വിനിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(എ&ബി) തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്ത് തൊട്ടുമല വാർഡിൽ സിദ്ധ സെന്റർ സ്ഥാപിക്കുന്നതിനായി ലഭിച്ച ശിപാർശ വകുപ്പുതലത്തിൽ പരിശോധിച്ചുവരികയാണ്.

**എസ്.സി. കോർപസ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷിച്ച പദ്ധതികൾ**

44 (4591) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ ഗുരുവായൂർ മണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ചെയ്ത പ്രവൃത്തികളുടെ വിശദാംശം അറിയിക്കുമോ?

2016 മുതൽ നാളിതുവരെ ഗുരുവായൂർ മണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ചെയ്ത പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റൈസേഷൻ പദ്ധതി.**

45 (4592) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പിലാക്കിയിട്ടുള്ള അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റൈസേഷൻ (എ.ബി.സി.ഡി.) പദ്ധതി സംസ്ഥാനം മുഴുവൻ വ്യാപിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പിലാക്കിയിട്ടുള്ള അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റൈസേഷൻ (എ.ബി.സി.ഡി.) എല്ലാ ജില്ലകളിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഇതിൽ വയനാട്, പാലക്കാട് ജില്ലകളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി പട്ടികജാതി വിഭാഗക്കാർക്കായി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റൈസേഷൻ (എ.ബി.സി.ഡി.) പദ്ധതി പട്ടികജാതി വിഭാഗക്കാർക്കായി നടപ്പാക്കുന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു.

**ചെറുപുഴ ഗ്രാമ പഞ്ചായത്തിലെ സാംസ്കാരിക നിലയം നിർമ്മാണം**

46 (4593) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുപുഴ ഗ്രാമ പഞ്ചായത്തിലെ കാനം വയൽ പട്ടികജാതി പട്ടികവർഗ്ഗ കോളനിയിലെ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണം പൂർത്തീകരിച്ച് സാംസ്കാരിക നിലയത്തിന്റെ ഉദ്ഘാടനം അടിയന്തരമായി നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) എസ്റ്റിമേറ്റ് പ്രകാരമുള്ള 37 ലക്ഷം രൂപയിൽ 35,42,580/-രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആദ്യം അനുവദിച്ച തുക തികയാതെ വന്നതിനാൽ ഫ്ലോർ ടൈലിംഗ്, വിൻഡോ ഷട്ടർ, ടോയ്ലറ്റ് പ്ലംബിംഗ് വർക്കുകൾ പൂർത്തീകരിക്കാനുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനായി ചെറുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി പട്ടിക വർഗ്ഗക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക**

47 (4594) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സാമ്പത്തിക വർഷം അനുവദിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ ?

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് മുഖേന 44,12,50,800/- രൂപയും, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 1,60,28,540/- രൂപയും ഉൾപ്പെടെ ആകെ 45,72,79,340/-രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത ഇനത്തിൽ ഈ സാമ്പത്തിക വർഷം കോട്ടയം ജില്ലയിൽ അനുവദിച്ച തുകയുടെ താലൂക്ക് അടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ; കടുത്തുരുത്തി, ഉഴവൂർ ബ്ലോക്കുകളിൽ ആർക്കൊക്കെ ധനസഹായം ലഭിച്ച എന്നതിന്റെ ലിസ്റ്റ് നൽകാമോ; പ്രസ്തുത ബ്ലോക്കുകളിൽ ഇനി എത്രപേർക്ക് ധനസഹായം നൽകാനുണ്ടെന്നും അവർ ആരെല്ലാമെന്നും അവർക്ക് ധനസഹായം എന്നത്തേക്ക് നൽകുവാൻ കഴിയുമെന്നും അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത ഇനത്തിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും 471 അപേക്ഷകർക്കായി 2,17,51,000/-രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 26 അപേക്ഷകർക്കായി 17,56,000/-രൂപയും അനുവദിച്ചിട്ടുണ്ട്. താലൂക്ക് തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു.

| താലൂക്ക് | പട്ടികജാതി വികസന വകുപ്പ് | | പട്ടികവർഗ്ഗ വികസന വകുപ്പ് | |
|---|---|---|---|---|
| | ധനസഹായം അനുവദിച്ചവരുടെ എണ്ണം | തുക | ധനസഹായം അനുവദിച്ചവരുടെ എണ്ണം | തുക |
| കോട്ടയം | 124 | 6386500 | - | - |
| ചങ്ങനാശ്ശേരി | 57 | 2763000 | - | - |
| വൈക്കം | 132 | 6224500 | - | - |
| മീനച്ചിൽ | 72 | 3132500 | 17 | 1152000 |
| കാഞ്ഞിരപ്പള്ളി | 86 | 3244500 | 9 | 604000 |

കടുത്തുരുത്തി, ഉഴവൂർ ബ്ലോക്കുകളിൽ ധനസഹായം നൽകിയവരുടെയും ധസഹായം നൽകാനുള്ളവരുടെയും വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.+ ധനസഹായം ഇനിയും നൽകാൻ അവശേഷിക്കുന്നവർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പട്ടികജാതി വികസന വകുപ്പിൽ നിന്നും കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കടുത്തുരുത്തി, ഉഴവൂർ ബ്ലോക്കുകളിലായി കഴിഞ്ഞ സാമ്പത്തിക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷം എത്ര പേർക്ക് ചികിൽസാ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്; ലിസ്റ്റ് നൽകാമോ; ഇനി എത്ര പേർക്ക് ധനസഹായം നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ; എം.എൽ.എ.യുടെ ശിപാർശ പ്രകാരം നൽകുന്ന അപേക്ഷകളിൽ എം.എൽ.എ.യ്ക്ക് മറുപടി നൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിൽ നിന്നും കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കടുത്തുരുത്തി ഉഴവൂർ ബ്ലോക്കുകളിലായി കഴിഞ്ഞ സാമ്പത്തിക വർഷം അപേക്ഷ സമർപ്പിച്ച 57 പേർക്കും ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം-3 ആയി ചേർക്കുന്നു+. എം.എൽ.എ.യുടെ ശിപാർശയോടെ ലഭ്യമാകുന്ന അപേക്ഷകളിൽ നടപടിവിവരം സഹിതം എം.എൽ.എ.യ്ക്ക് മറുപടി നൽകാറുണ്ട്.

**അരുവിക്കര നിയോജക മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം**

48 (4595) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അരുവിക്കര നിയോജക മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം പ്രകാരം നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളെയും അവയുടെ പ്രവർത്തന പുരോഗതിയെയും കുറിച്ച് വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ ലക്ഷ്യങ്ങളും പ്രവർത്തനവും**

49 (4596) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ (എം.ആർ.എസ്.) ഉണ്ടെന്ന് വെളിപ്പെടുത്താമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിൽ ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെ 11-ഉം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 22-ഉം മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എം.ആർ.എസ്.-കളുടെ ലക്ഷ്യങ്ങളും പ്രവർത്തനവും വിശദമാക്കാമോ?

അഞ്ചാം ക്ലാസ് മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പട്ടികജാതി വികസന വകുപ്പിന് കീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നത്. കായിക മേഖലയിൽ മികവ് പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം നൽകുകയെന്ന ലക്ഷ്യം കൂടി മുൻ നിർത്തിയാണ് അയ്യങ്കാളി സ്പോർട്സ് എം.ആർ.എസ്. പ്രവർത്തിക്കുന്നത്.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരെ അഡീഷൻ ടു കേഡർ വ്യവസ്ഥയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും, അനദ്ധ്യാപക ജീവനക്കാരെ വകുപ്പിൽനിന്നും നിയമിക്കുന്നു. വകുപ്പിന്റെ കീഴിലുള്ള എം.ആർ.എസ്.-കളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ, ലൈബ്രറി, ഇന്റർനെറ്റ് സൗകര്യമുള്ള ഐ.ടി. ലാബ്, സയൻസ് ലാബ്, ഭൂമിശാസ്ത്ര ലാബ്, ലാംഗ്വേജ് ലാബ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ക്ലാസ് റൂമുകൾ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ഹൈടെക് ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി എല്ലാ എം.ആർ.എസ്.കളിലും

നടപ്പിലാക്കിയിട്ടുണ്ട്. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി മേട്രൺ കം റസിഡന്റ് ട്യൂട്ടർമാരെ നിയമിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് സ്കൂൾ പഠന സമയത്തിന് ശേഷം സ്പെഷ്യൽ ക്ലാസുകൾ, മോട്ടിവേഷൻ ക്ലാസുകൾ, കൗൺസിലിംഗ് ക്ലാസുകൾ പേഴ്സണാലിറ്റി ഡെവലപ്മെന്റ് ക്ലാസുകൾ, യോഗ ക്ലാസുകൾ, ഫിസിക്കൽ ട്രെയിനിംഗ്, മ്യൂസിക് ക്ലാസുകൾ, ഭാഷാ പഠന ക്ലാസുകൾ എന്നിവ നടത്തിവരുന്നു. കൂടാതെ എം.ആർ.എസ്.-കളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചു വരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതോടൊപ്പം റസിഡൻഷ്യൽ വിദ്യാഭ്യാസ സമ്പ്രദായം പരിചയപ്പെടുത്തുകയും ചെയ്യുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചത്. പ്രസ്തുത സ്കൂളുകളുടെ അക്കാദമിക് പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പും ഭരണപരമായ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പുമാണ് നിർവഹിക്കുന്നത്. ജില്ലാതലത്തിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്

സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കുന്നത്. സംസ്ഥാനതലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ കൺവീനറായുമുള്ള സമിതി ഇതിന്റെ മേൽനോട്ടം നടത്തിവരുന്നു.

(സി) മുൻവർഷങ്ങളെ അപേക്ഷിച്ച് എം.ആർ.എസ്.-കളിൽ വിദ്യാർത്ഥികളുടെ കുറവ് അനുഭവപ്പെടുന്നുണ്ടോ; പ്രസ്തുത മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പട്ടികജാതി വകുപ്പിന് കീഴിലുള്ള എം.ആർ.എസ്.-കളിൽ പുതിയതായി പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ നേരിയ രീതിയിൽ കുറവുണ്ടായിട്ടുണ്ട്. വിദ്യാർത്ഥികളുടെ വീടിന് സമീപത്തുതന്നെ പൊതു വിദ്യാലയങ്ങളുടെ ലഭ്യത, അണു കുടുംബങ്ങളായതിനാൽ ഹോസ്റ്റലിൽ നിന്ന് പഠിക്കുന്നതിനോടുള്ള രക്ഷിതാക്കളുടെയും കുട്ടികളുടെയും താൽപര്യക്കുറവ് എന്നിവ കുട്ടികളുടെ എണ്ണത്തിൽ പരിമിതമായെങ്കിലും കുറവുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള എം.ആർ.എസ്.-കളിൽ കോവിഡ് വ്യാപനത്തിനുശേഷം എൽ.പി. ക്ലാസുകളിലുള്ള സ്കൂളുകളിൽ പ്രവേശനം തേടുന്നവരുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിലെ സൗകര്യങ്ങൾ

വർദ്ധിച്ചതും വിവിധ വകുപ്പുകൾ മുഖേന യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തിയതും കാരണം കുട്ടികൾ മാതാപിതാക്കളുടെ കൂടെ താമസിച്ച് സ്കൂളിൽ പോയി വരുന്നതിനുള്ള പ്രവണത വർദ്ധിച്ചുവരുന്നുണ്ട്. മെച്ചപ്പെട്ട സൗകര്യങ്ങൾ സമീപ സ്കൂളുകളിൽ തന്നെ ലഭ്യമാകുന്നതുകൊണ്ട് കുട്ടികൾക്ക് റസിഡൻഷ്യൽ സ്കൂളുകൾക്ക് പകരം സ്വന്തം പ്രദേശത്തുള്ള സ്കൂളുകളിൽ പ്രവേശനം തേടാൻ രക്ഷിതാക്കൾ താൽപര്യപ്പെടുന്നതായി കാണുന്നുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിൽ അനുവദിച്ച ചികിത്സാധനസഹായം**

50 (4597) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽ ഉൾപ്പെട്ടവരുടെ ചികിത്സാധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് ധനസഹായം ലഭ്യമായിട്ടുണ്ടെന്നും എത്ര രൂപ ഇതിനായി അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെട്ടവരുടെ ചികിത്സാധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ലഭ്യമായ അപേക്ഷകൾ | ധനസഹായം അനുവദിച്ച അപേക്ഷകൾ | അനുവദിച്ച ആകെ തുക |
|---|---|---|---|
| പട്ടികജാതി | 125 | 101 | 27,38,000/- |
| പട്ടികവർഗ്ഗം | 336 | 322 | 22,53,917/- |

**സേഫ് പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ**

51 (4598) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2010 ഏപ്രിൽ 1-നുശേഷം ഭവനപൂർത്തീകരണം നടത്തിയിട്ടുള്ളവരും കഴിഞ്ഞ 5 വർഷക്കാലയളവിനുള്ളിൽ ഭവന നിർമ്മാണത്തിനോ, ഭവന

പുനരുദ്ധാരണത്തിനോ ധനസഹായം ലഭിക്കാത്തതുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളുടെ ഭവനപൂർത്തീകരണവും, പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് SAFE (Secure Accommodation and Facility Enhancement) പദ്ധതി. ടി പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ലഭ്യമാകുന്ന അപേക്ഷകളിൽ നിന്നും അർഹരായവർക്ക് മുൻഗണനാടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വൈപ്പിൻ നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജക മണ്ഡലത്തിൽ നിന്നും സേഫ് പദ്ധതി പ്രകാരം ലഭ്യമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| **പഞ്ചായത്ത്** | **അപേക്ഷകളുടെ എണ്ണം** |
|---|---|
| എളങ്കുന്നപ്പുഴ | 38 |
| മുളവുകാട് | 13 |
| കടമക്കുടി | 25 |

| | |
|---|---|
| പള്ളിപ്പുറം | 65 |
| കുഴുപ്പിള്ളി | 46 |
| നായരമ്പലം | 47 |
| എടവനക്കാട് | 66 |
| ഞാറയ്ക്കൽ | 45 |

വൈപ്പിൻ നിയോജകമണ്ഡലത്തിൽനിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി എന്തെന്നും എത്ര പേർക്ക് നാളിതുവരെ തുക ലഭ്യമാക്കിയിട്ടുണ്ടെന്നും ബ്ലോക്ക്, പഞ്ചായത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ലഭ്യമായ അപേക്ഷകളുടെ മുൻഗണനാ ക്രമത്തിലുള്ള പട്ടിക തയ്യാറാക്കി ഫീൽഡുതല പരിശോധന നടത്തിയ ശേഷം 7 പഞ്ചായത്തുകളിൽ 23 പേർക്ക് ഒന്നാം ഗഡു അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബ്ലോക്ക് | പഞ്ചായത്ത് | എണ്ണം |
|---|---|---|
| ഇടപ്പിള്ളി | എളങ്കുന്നപ്പുഴ | 6 |
| | മുളവുകാട് | 3 |
| | കടമക്കുടി | 1 |
| വൈപ്പിൻ | പള്ളിപ്പുറം | 3 |
| | കുഴുപ്പിള്ളി | 5 |
| | നായരമ്പലം | 1 |
| | എടവനക്കാട് | 4 |

| | |
|---|---|
| **ആകെ** | **23** |

(ഡി) സ്ഥല ലഭ്യതക്കുറവുമൂലം മുകളിൽ പഠനമുറി നിർമ്മിച്ച വീട് ഇരുനില വീടായി കണക്കാക്കി പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഇരുനില വീടുകളുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട 25 പേരെ ഒഴിവാക്കിയിട്ടുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടി**

52 (4599) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ അധീനതയിലുള്ളതും നിയമവിരുദ്ധമായി കൈവശം വച്ചതിന് സർക്കാർ പിടിച്ചെടുത്തതുമായ ഭൂമിയിൽ നിന്നും ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒന്നു മുതൽ അഞ്ചേക്കർ വരെ സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) തരിശായി കിടക്കുന്ന ഭൂമിയും സർക്കാർ നിയന്ത്രണത്തിലുള്ള മറ്റു കൃഷിഭൂമിയും പട്ടികജാതി പട്ടികവർഗ്ഗ തൊഴിലാളി കുടുംബങ്ങൾക്ക് പാട്ട വ്യവസ്ഥയിൽ നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ?

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ പദ്ധതി**

53 (4600) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ രേഖകളില്ലാത്തതും രേഖകൾ നഷ്ടപ്പെട്ടതുമായ കാരണത്താൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്ന സാഹചര്യം ഒഴിവാക്കാനായി ആധുനിക രേഖകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കാൻ അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മതിയായ രേഖകളില്ലാത്തതും രേഖകൾ നഷ്ടപ്പെട്ടതുമായ കാരണത്താൽ ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്ന സാഹചര്യം ഒഴിവാക്കാനായി ആധുനിക രേഖകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കാൻ അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ

ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ (എബിസിഡി) പദ്ധതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സംസ്ഥാനത്തൊട്ടാകെ ആരംഭിച്ചിട്ടുണ്ട്. ആധാർ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ കാർഡ്, മരണ സർട്ടിഫിക്കറ്റ്, ആരോഗ്യ ജനന ഇൻഷ്വറൻസ് കാർഡ്, ബാങ്ക് അക്കൗണ്ട് തുടങ്ങി വിവിധ രേഖകൾ ഡിജിറ്റൽ ഡോക്യുമെന്റായി നൽകുന്ന ഈ പദ്ധതി ജില്ലാ ഭരണകൂടം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഐ.റ്റി. മിഷൻ, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്നു.

പട്ടികജാതി വിഭാഗക്കാർക്കായി പ്രസ്തുത പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ ജില്ലകളിലാണ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയതെന്നും മറ്റ് ജില്ലകളിൽ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കാമോ?

പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ് ബിരുദധാരികൾ**

54 (4601) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ് ബിരുദധാരികളായ യുവതീയുവാക്കളെ അക്രെഡിറ്റഡ് എഞ്ചിനീയർമാരായി നിയമിക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

29-06-2022-ലെ സ.ഉ(കൈ) നം.30/2022/പജപവവിവ ഉത്തരവ് പ്രകാരം അനുമതി നല്കിയതനുസരിച്ച്, എഞ്ചിനീയറിംഗ് വൈദഗ്ദ്ധ്യം ആവശ്യമുള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി സിവിൽ എഞ്ചിനീയറിംഗ് ബിരുദം/ ഡിപ്ലോമ/ഐ.ടി.ഐ. യോഗ്യതയുള്ള പട്ടികജാതി/ പട്ടിക വർഗ്ഗത്തിൽപ്പെട്ട മുപ്പത്തഞ്ച് വയസ്സ് പൂർത്തിയാകാത്ത യുവതീ യുവാക്കളെ അക്രെഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർമാരായി രണ്ട് വർഷക്കാലയളവിലേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പിൽ 300 അക്രെഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർമാരെയാണ് നിയമിച്ചിട്ടുള്ളത്. പത്രപരസ്യം മുഖേന ഓരോ ജില്ലയിലും സിവിൽ എഞ്ചിനീയറിംഗ് ബിരുദം/ഡിപ്ലോമ/ഐ.ടി.ഐ.

യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ച് അഭിമുഖം നടത്തി യോഗ്യരായവരെ തെരഞ്ഞെടുക്കുകയും 18,000/-(പതിനെണ്ണായിരം രൂപ മാത്രം) രൂപ ഓണറേറിയത്തിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്യുന്നു.

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാധനസഹായം**

55 (4602) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായമായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായമായി 137.6524 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ആതുരാലയങ്ങളിൽ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒ.പി. ക്ലീനിക്ക്, മൊബൈൽ മെഡിക്കൽ യൂണിറ്റ്, ആയുർവേദ

ഡിസ്പെൻസറികൾ എന്നീ സ്ഥാപനങ്ങളിൽ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയ്ക്കുള്ള പ്രവേശനം**

56 (4603) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡൽ റസിഡൻഷ്യൽ സക്കൂളുകളിൽ കഴിഞ്ഞ അഞ്ച് അദ്ധ്യയന വർഷങ്ങളിൽ പുതിയതായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിവരം, ക്ലാസ്സുകളിലെ അനുവദനീയമായ പരമാവധി വിദ്യാർത്ഥികളുടെ എണ്ണം, പ്രവേശനം നേടിയ ക്ലാസ്സ്, പ്രവേശനം നേടിയ വർഷം, പ്രവേശനം നേടിയ സ്കൂൾ എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

പട്ടിക ജാതി വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കഴിഞ്ഞ അഞ്ച് അദ്ധ്യയന വർഷങ്ങളിൽ പുതിയതായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം, ക്ലാസ്സുകളിലെ അനുവദനീയമായ പരമാവധി വിദ്യാർത്ഥികളുടെ എണ്ണം, പ്രവേശനം നേടിയ ക്ലാസ്സ്, പ്രവേശനം നേടിയ

വർഷം, പ്രവേശനം നേടിയ സ്കൂൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ഉം പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം II ഉം ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത വിദ്യാലയങ്ങളിൽ പുതിയതായി പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

എം.ആർ.എസ്.-കളിൽ പുതിയതായി പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ നേരിയ രീതിയിൽ കുറവുണ്ടായിട്ടുണ്ട്. വീടിന് സമീപത്ത് തന്നെ പൊതുവിദ്യാലയങ്ങളുടെ ലഭ്യത, അണു കുടുംബങ്ങളായതിനാൽ വീട്ടിൽ നിന്നും മാറ്റി ഹോസ്റ്റലിൽ താമസിപ്പിക്കുന്നതിനുള്ള താൽപര്യക്കുറവ് എന്നിവ കുട്ടികളുടെ എണ്ണത്തിൽ പരിമിതമായെങ്കിലും കുറവുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗവികസന വകുപ്പ് യാത്രാസൗകര്യം ഒരുക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കുന്നതിനാലും എം.ആർ.എസ്.-കളിലും ഹോസ്റ്റലുകളിലും കുട്ടികളുടെ എണ്ണത്തിൽ കുറവ് വരുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേക്ക് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ കൂടുതൽ ആകർഷിക്കുന്നതിന് വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യത്തെപ്പറ്റിയും പഠന നിലവാരത്തെപ്പറ്റിയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.റ്റി. പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവർ മുഖേന രക്ഷിതാക്കൾക്ക് അറിയിപ്പു നൽകുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഒഴിവുകൾ വ്യാപകമായ പ്രചാരണം നടത്തി നികത്താൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സോഷ്യൽ വർക്കർമാർ, എസ്.റ്റി. പ്രൊമോട്ടർമാർ എന്നിവരുടെയും സാമൂഹ്യ പഠനമുറി ഫെസിലിറ്റേറ്റർമാരുടെയും സഹകരണത്തോടെ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഭവന നിർമ്മാണത്തിന് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക**

57 (4604) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന രഹിതർക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വകുപ്പ് മുഖേനയുള്ള ഭവന നിർമ്മാണത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്ര ഭവനങ്ങൾ നിർമ്മിച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ ഭവനരഹിതർക്കായി ലൈഫ് മിഷൻ മുഖേയാണ് ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നത്.

പട്ടികജാതി വികസന വകുപ്പിൽ 2225-01-283-89 (പി) എന്ന ശീർഷകത്തിൽ ഭവന നിർമ്മാണം (സ്പിൽ ഓവർ), ഭവന പൂർത്തീകരണം/ പുനരുദ്ധാരണം (സ്പിൽ ഓവർ), സേഫ് എന്നീ പദ്ധതികൾക്കും, പഠനമുറി നിർമ്മാണത്തിനുമായി ബഡ്ജറ്റിൽ 205 കോടി രൂപ വകയിരുത്തിയിരുന്നു. മേൽ പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 127,01,69,962/- രൂപ ചെലവഴിച്ചിട്ടുണ്ട്. 155 സ്പിൽ ഓവർ വീടുകൾ ടി സാമ്പത്തിക വർഷം നിർമ്മാണം പൂർത്തീകരിക്കുകയും 2,49,09,200/- രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ഭവന നിർമ്മാണം (സ്പിൽ ഓവർ), ഭവന പൂർത്തീകരണം / പുനരുദ്ധാരണം (സ്പിൽ ഓവർ), സേഫ് എന്നീ പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 5720 ലക്ഷം രൂപ വകയിരുത്തിയതിൽ 22.02.2023 വരെ 3764.33 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ വകുപ്പ് മുഖേന നിർമ്മാണത്തിനായി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന വീടുകളിൽ നടപ്പ് വർഷം നാളിതുവരെ 113 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഭവന പുനരുദ്ധാരണത്തിനായി 2021-22 വർഷം അനുവദിച്ച വീടുകളിൽ 543 വീടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഫണ്ടിൽനിന്നും ലൈഫ് പദ്ധതിയിലേയ്ക്ക് തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ കൈമാറിയ തുക എത്രയാണ്; പ്രസ്തുത പദ്ധതി പ്രകാരം ഈ നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിച്ചുനൽകി; ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

2022-23 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് ലൈഫ് പദ്ധതിയിലേയ്ക്കായി ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വകുപ്പ് ലൈഫ് മിഷന് 300 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് പദ്ധതിയിലേയ്ക്കായി ബഡ്ജറ്റിൽ 140 കോടിരൂപ വകയിരുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷന് 140 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

**മിശ്രവിവാഹിതർക്കുള്ള വിവാഹ ധനസഹായം**

58 (4605) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായമായി നൽകുന്ന തുക വർദ്ധിപ്പിച്ചത് എത്രയെന്ന് അറിയിക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിവാഹ ധനസഹായ തുക 75,000/-രൂപയിൽ നിന്നും 1,25,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര മിശ്രവിവാഹിതർ ആനുകൂല്യത്തിനായി അപേക്ഷ നൽകിയെന്നും അപേക്ഷകർക്കായി എത്ര തുക വീതം നൽകിയെന്നും വെളിപ്പെടുത്തുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം 6086 അപേക്ഷകളാണ് മിശ്രവിവാഹാനുകൂല്യത്തിനായി ലഭിച്ചിട്ടുള്ളത്. ആയതിൽ 2238 അപേക്ഷകർക്കായി 75,000/-രൂപ നിരക്കിൽ 16,78,50,000/-രൂപ (പതിനാറ് കോടി എഴുപത്തിയെട്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് മിശ്രവിവാഹിതർക്കുള്ള വിവാഹ ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം മിശ്രവിവാഹിതർക്കുള്ള വിവാഹ ധനസഹായം വർദ്ധിപ്പിച്ചിട്ടില്ല.

(ഡി) മിശ്രവിവാഹിതർക്കുള്ള വിവാഹ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ; ആയതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

മിശ്രവിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടികയിതര സമുദായത്തിൽപ്പെട്ടതുമായിരിക്കണം) വിവാഹത്തെത്തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75,000/-രൂപ വരെ ധനസഹായമായി നൽകുന്നു. വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് മൂന്ന് വർഷത്തിനകം അപേക്ഷിക്കണം. ഭാര്യഭർത്താക്കന്മാരുടെ ജാതി സർട്ടിഫിക്കറ്റുകൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തിയുടെ പേരിലുള്ള വരുമാന സർട്ടിഫിക്കറ്റ്, സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. വിവാഹ ധനസഹായം ലഭിക്കുന്നതിനുള്ള പ്രതിവർഷ വരുമാനപരിധി 1,00,000/- (ഒരു ലക്ഷം) രൂപയാണ്.

(ഇ) 2020 വർഷം കൊല്ലം ജില്ലയിൽ എത്ര മിശ്രവിവാഹ അപേക്ഷകൾ ലഭിച്ചുവെന്നും അവയിൽ എത്രയെണ്ണത്തിന് ധനസഹായം നൽകിയെന്നും അറിയിക്കാമോ; ഇനി എത്ര അപേക്ഷകളിന്മേൽ

ധനസഹായം നൽകാനുണ്ട്; ബ്ലോക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ധനസഹായം ലഭിക്കാനുള്ളവർക്ക് എത്രയുംവേഗം ആയത് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

2020 വർഷം കൊല്ലം ജില്ലയിൽ ലഭിച്ച മിശ്രവിവാഹ ധനസഹായ അപേക്ഷകൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

ഫണ്ട് ലഭിക്കുന്നമുറയ്ക്ക് അർഹത ഉറപ്പാക്കി ആനുകൂല്യം അനുവദിക്കുന്നതാണ്.

**കരിന്തളം ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ**

59 (4606) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരിന്തളം ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസറഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ കരിന്തളം വില്ലേജിൽ സർവ്വേ നമ്പർ Rs.N. 89/1 ൽ ഉൾപ്പെട്ട 10 ഏക്കർ ഭൂമി സ്പോർട്സ് ഇം.എം.ആർ.എസ് സ്ഥാപിക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും വിട്ടു നല്കിയിട്ടുണ്ട്. അക്കാഡമിക് ബ്ലോക്ക്, ഹോസ്റ്റൽ ബ്ലോക്ക്, ട്രാക്ക്, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നതിനായി 40,05,35,658/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**തിരുനാരായണപുരം പട്ടികജാതി കോളനിയിലെ വിജ്ഞാൻ വാടി**

60 (4607) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലുള്ള തിരുനാരായണപുരം പട്ടികജാതി കോളനിയിലെ വിജ്ഞാൻ വാടി നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കാഞ്ഞൂർ പഞ്ചായത്തിലെ തിരുനാരായണപുരം പട്ടികജാതി കോളനി വിജ്ഞാൻവാടി നിലവിൽ പ്രവർത്തിച്ച വരുന്നുണ്ട്.

(ബി) പ്രസ്തുത വിജ്ഞാൻ വാടിയിലേക്കായി കഴിഞ്ഞ വർഷം അനുവദിച്ച പ്രിന്ററും കമ്പ്യൂട്ടറും സ്ഥാപിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കാമോ; എത്രയും വേഗം ഇത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത വിജ്ഞാൻവാടിയിലേക്കായി കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും കമ്പ്യൂട്ടർ വാങ്ങിയിരുന്നു. പ്രിന്റർ വാങ്ങുന്നതിനുള്ള നടപടി നടപ്പ് സാമ്പത്തിക വർഷത്തെ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത വിജ്ഞാൻവാടിയിലെ ഇന്റർനെറ്റ് കണക്ഷൻ പുന:സ്ഥാപിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് അടിയന്തരമായി പുനസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ആവർത്തന ചെലവിനത്തിലെ ഫണ്ട് ലഭ്യത അനുസരിച്ച് ഇന്റർനെറ്റ് കണക്ഷൻ പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് .

**ആലത്തൂർ മണ്ഡലത്തിൽ വിവിധ ഭവന പദ്ധതികളിലായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ വിശദാംശം**

61 (4608) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തുർ മണ്ഡലത്തിൽ വിവിധ ഭവന പദ്ധതി പ്രകാരം ധനസഹായം ലഭിച്ചിട്ടും വീട് നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്ത പട്ടികജാതി കുടുംബങ്ങളുടെ വിശദാംശം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ വിശദാംശം നൽകുമോ?

(എ & ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മഞ്ചേശ്വരം മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമം പദ്ധതി**

62 (4609) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) മഞ്ചേശ്വരം മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?**

**<u>പട്ടികജാതി വികസന വകുപ്പ്</u>**

2021-22 വർഷം മഞ്ചേശ്വരം മണ്ഡലത്തിൽ പുത്തിഗെ ഗ്രാമപഞ്ചായത്തിലെ ബാഡൂർ എസ്.സി കോളനി, മംഗൽപ്പാടി ഗ്രാമപഞ്ചായത്തിലെ പുളികുത്തി എസ്.സി കോളനി എന്നീ കോളനികളെ പദ്ധതി പ്രകാരം തെരെഞ്ഞെടുത്തിട്ടുണ്ട്.

**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**

2020-21 വർഷം പ്രസ്തുത മണ്ഡലത്തിൽനിന്നും പുത്തിഗെ ഗ്രാമപഞ്ചായത്തിലെ ബെരിക്കങ്ങെ പട്ടികവർഗ്ഗ കോളനിയെയാണ് അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഓരോ കോളനിയിലും വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

**<u>പട്ടികജാതി വികസന വകുപ്പ്</u>**

ബാഡൂർ എസ്.സി കോളനിയിൽ 59 വീടുകളുടെ പുനരുദ്ധാരണം, കമ്മ്യൂണിറ്റി ഹാൾ നവീകരണം, കോൺക്രീറ്റ് റോഡ്, ബോർവെൽ റിപ്പയർ, കോളനിക്കകത്ത് സോളാർ ലൈറ്റ് എന്നീ പ്രവർത്തികളും പുളികുത്തി എസ്.സി കോളനിയിൽ 32 വീടുകളുടെ പുനരുദ്ധാരണം, ഇന്റേണൽ കോൺക്രീറ്റ് റോഡ് & ഡ്രൈയ്നേജ്, ശ്മശാനത്തിൽ വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കൽ, സോളാർ ലൈറ്റ് എന്നീ പ്രവർത്തികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**

ബെരിക്കഞ്ചെ കോളനിയിൽ ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, റീ-ടാറിംഗ്, റോഡ് കോൺക്രീറ്റ്, കൾവെർട്ട്, കുടിവെള്ള വിതരണം, ഡ്രെയിനേജ്, ഹൈ മാസ് ലൈറ്റ്, ബോർവെൽ എന്നീ പ്രവർത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള രണ്ടു കോളനികളുടെയും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭരണാനുമതി നൽകി പരമാവധി പത്തു മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള കോളനി 2023-24 സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കുത്തുപറമ്പ് മണ്ഡലത്തിലെ ആദിവാസി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം**

63 (4610) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം ഗ്രാമപഞ്ചായത്തിലെ മുണ്ടയാട്, കടവ് എന്നീ ആദിവാസി കോളനികളുടെ

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം ഗ്രാമപഞ്ചായത്തിലെ കടവിൽ, മുണ്ടയോട് കോളനികൾ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കോളനികളിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ഊരുകൂട്ട നിർദ്ദേശങ്ങൾ പ്രകാരം 1.78 കോടി രൂപയുടെ ഡി.പി.ആർ കണ്ണൂർ ജില്ലാ നിർമ്മിതി കേന്ദ്ര ലഭ്യമാക്കിയിരുന്നു. ആയതിൽ മുൻഗണനാടിസ്ഥാനത്തിൽ ഒരു കോടി രൂപയുടെ പ്രവൃത്തികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്. അത് പ്രകാരം ഡി.പി.ആർ പുതുക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്ക് സമർപ്പിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോളനികളിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലെ പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ടിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുക്കുന്ന എല്ലാ കോളനികളുടെയും വികസന പ്രവർത്തനങ്ങൾക്ക് 1 കോടി രൂപ വീതമാണ് അനുവദിക്കുന്നത്.

(സി) പ്രസ്തുത മണ്ഡലത്തിലെ കാലപ്പഴക്കമുള്ള സാംസ്കാരിക നിലയം പൊളിച്ചുമാറ്റി ആധുനിക സൗകര്യത്തോടുകൂടിയ ഒരു വായനശാല ഉൾപ്പെടുന്ന സാംസ്കാരിക നിലയം പുനർനിർമ്മിക്കുന്നതിന് പട്ടികവർഗ്ഗ ക്ഷേമത്തിനുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

പ്രസ്തുത സാംസ്കാരിക നിലയം വകുപ്പിന്റെ മറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ സേഫ്, പഠനമുറി പദ്ധതികൾ**

64 (4611) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സേഫ്, പഠനമുറി എന്നീ പദ്ധതികൾ മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർ നിർമ്മാണം പൂർത്തീകരിച്ചു എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

പ്രസ്തുത നിയോജക മണ്ഡലത്തിൽ പഠനമുറി പദ്ധതി പ്രകാരം 35 പട്ടികജാതി വിഭാഗകാർക്ക് ധനസഹായം അനുവദിച്ചതിൽ 33 എണ്ണം പൂർത്തീകരിച്ചു. സേഫ് പദ്ധതി പ്രകാരം 54 പേർക്ക് ധനസഹായം അനുവദിച്ചതിൽ 15 എണ്ണം പൂർത്തീകരിച്ചു.

**പാലക്കാട് ജില്ലയിൽ പട്ടകജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിർമ്മിച്ച് നൽകിയ വീടുകൾ**

65 (4612) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016 മുതൽ 2022 വരെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി

നിർമ്മിച്ച് നൽകിയ വീടുകളുടെ എണ്ണവും ഇതിനായി ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

പാലക്കാട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പ് മുഖേന 2799 വീടുകൾ അനുവദിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് 111,96,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 1071 വീടുകൾ അനുവദിച്ചിട്ടുണ്ട്. ആയതിലേക്ക് 1878.88 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഭവനനിർമ്മാണം ലൈഫ് മിഷൻ മുഖേനയാണ് നടത്തുന്നത്.

(ബി) പ്രസ്തുത ജില്ലയിൽ മേൽപ്പറഞ്ഞ കാലയളവിൽ എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിനായി വായ്പ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ഇനത്തിൽ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പാലക്കാട് ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 838 കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണ ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിലേക്ക് 10,44,25,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

**വിവിധ ഭവന പദ്ധതികൾ**

66 (4613) **ശ്രീ. പി. വി. ശ്രീനിജിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ധനസഹായം ലഭിച്ചിട്ടും വീട് നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്ത പട്ടികജാതി കുടുംബങ്ങളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിൽ നിന്ന് സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**സാമ്പത്തിക ശാക്തീകരണം**

67 (4614) <u>ശ്രീ. കുറുക്കോളി മെയ്തീൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാമ്പത്തിക ശാക്തീകരണം ഉറപ്പാക്കി മുഖ്യധാരയിൽ എത്തിക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?**

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാമ്പത്തിക ശാക്തീകരണം ഉറപ്പാക്കി മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പ് മുഖേന 1 ലക്ഷം രൂപ വരെയും (1/3 സബ്സിഡി) സ്വയം സഹായ സംഘങ്ങൾക്ക് 10 ലക്ഷം രൂപ വരെയും

(പ്രോജക്ട് കോസ്റ്റിന്റെ 75%) തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

- പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ട് അപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളാക്കി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ട് അപ്പ് ഡ്രീംസ്.

- പർച്ചേസ്/വർക്ക് ഓർഡറുകൾക്ക് വിധേയമായി അതിവേഗ സീഡ് ഫണ്ട് വനിതാ സംരംഭകർക്കായി യുവസംരംഭകത്വ പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്. ഈ ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയിലെ വനിതാ സംരംഭകർക്ക് ലഭ്യമാണ്.

- പർച്ചേസ്/വർക്ക് ഓർഡറുകൾക്ക് വിധേയമായി അതിവേഗ സീഡ് ഫണ്ട് വനിതാ സംരംഭകർക്കായി യുവസംരഭകത്വ പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്. ഈ ആനുകൂല്യം സ്റ്റാർട്ട് അപ്പ് ഡ്രീംസ് പദ്ധതിയിലെ വനിതാ സംരംഭകർക്ക് ലഭ്യമാണ്.

- പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗം യുവതി യുവാക്കൾക്ക് ശരിയായ മാർഗ്ഗ നിർദ്ദേശവും പരിശീലനവും സാമ്പത്തിക സഹായവും മികച്ച മാനേജ്മെന്റ് പിന്തുണയും നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രാപ്തരാക്കാൻ വേണ്ടിയുള്ള പദ്ധതിയാണ് കേരള എംപവർമെന്റ് സൊസൈറ്റി. സംസ്ഥാനത്തെ പട്ടികജാതി യുവതി യുവാക്കൾക്കിടയിൽ തൊഴിലവസരങ്ങളും വരുമാനവും സ്വാശ്രയ ബോധവും സൃഷ്ടിക്കുന്നതിനും ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ള പട്ടികജാതി യുവതി യുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരായും തൊഴിൽ ദാതാക്കളായും സജ്ജരാക്കുക എന്നതാണ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം. പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

- പട്ടികവർഗ്ഗക്കാർക്ക് സ്ഥിരമായ വരുമാനം ഉറപ്പ് വരുത്തി സാമ്പത്തിക ശാക്തീകരണം ലക്ഷ്യം വെച്ച് സംരഭകത്വ വികസന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. വിദ്യാഭ്യാസ യോഗ്യത ഉള്ളവർക്കും വിദ്യാഭ്യാസം കുറഞ്ഞവർക്കും

വെവ്വേറെ നൈപുണ്യ പരിശീലനങ്ങൾ സംഘടിപ്പിച്ച് പ്ലേസ്മെന്റ് ഉറപ്പാക്കുന്നുണ്ട്.

- പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളതും അല്ലാത്തവരുമായ തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് വകുപ്പ് നൈപുണ്യ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്.

- മതിയായ വിദ്യാഭ്യാസ യോഗ്യത ഉണ്ടായിട്ടും തൊഴിൽ ലഭിക്കാത്ത പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഹോണറേറിയം വ്യവസ്ഥയിൽ തൊഴിൽ ലഭ്യമാക്കുന്നുണ്ട്.

- ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ട്രേസ് (TRACE – Training for Career Excellence) പദ്ധതി പ്രകാരം എഞ്ചിനീയറിംഗ്, നഴ്സിംഗ്, നിയമം, അദ്ധ്യാപനം, സോഷ്യൽ വർക്ക്, ക്ലറിക്കൽ തുടങ്ങിയ മേഖലകളിൽ യോഗ്യരായ പട്ടിക വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലനത്തിനായി ഹോണറേറിയത്തോടെ താല്ക്കാലികമായി നിയമിച്ചു വരുന്നു.

- ഇത്തരത്തിൽ 500 സിവിൽ എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികളെയും 114 സോഷ്യൽ വർക്കർമാരെയും 18 അഭിഭാഷകരെയും നിയമിച്ചു കഴിഞ്ഞു. നിയമ ബിരുദധാരികൾക്കായി ഈ സർക്കാർ ആരംഭിച്ച ജ്വാല പദ്ധതി പ്രകാരം നിയമപഠനം പൂർത്തിയാക്കി എൻറോൾ ചെയ്തിട്ടുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബാർ കൗൺസിലിൽ എൻലിസ്റ്റ് ചെയ്ത മുതിർന്ന അഭിഭാഷകരോടൊപ്പവും പട്ടികജാതി വിഭാഗക്കാർക്ക് ഗവ. പ്ലീഡർമാരുടെ ഓഫീസ്, സ്പെഷ്യൽ കോടതികൾ, ലീഗൽ സർവ്വീസ് അതോറിറ്റി എന്നിവിടങ്ങളിലും പ്രതിമാസം ഹോണറേറിയത്തോടെ ഇന്റേൺഷിപ്പ് വ്യവസ്ഥയിൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- ഐടി, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് , ഓട്ടോമൊബൈൽ, ഏവിയേഷൻ, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നൽകുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത വിഭാഗത്തിലെ ദുർബല കുടുംബങ്ങൾക്ക് കൃഷിഭൂമി വാങ്ങുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ധനസഹായം അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളായ നായാടി, കള്ളാടി, വേടൻ, അരുന്ധതിയാർ/ചക്ലിയൻ എന്നീ വിഭാഗങ്ങളുടെ ഉന്നമനത്തിനും പുനരധിവാസത്തിനുമായി വകുപ്പ് നടപ്പിലാക്കി വരുന്ന ദുർബല വിഭാഗ പുനരധിവാസ പദ്ധതിയിൽ കൃഷിഭൂമി വാങ്ങുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾക്കും ധനസഹായം അനുവദിച്ചു വരുന്നു.

ദുർബല വിഭാഗ പുനരധിവാസ പദ്ധതിയിലെ കൃഷിഭൂമി പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് കൃഷിഭൂമി (കുറഞ്ഞത് 25 സെന്റ്) വാങ്ങുന്നതിന് 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ചു വരുന്നു. നടപ്പു സാമ്പത്തിക വർഷം ദുർബല വിഭാഗ പുനരധിവാസ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 31.01.2023 വരെ 32

പേർക്ക് കൃഷിഭൂമി വാങ്ങുന്നതിനായി ആകെ 3,20,00,000/- രൂപ (മൂന്നു കോടി ഇരുപത് ലക്ഷം രൂപ മാത്രം ) അനുവദിച്ചിട്ടുണ്ട്.

ദുർബല വിഭാഗ പുനരധിവാസ പദ്ധതിയിലെ സ്വയംതൊഴിൽ പദ്ധതി പ്രകാരം 100% സബ്സിഡിയോടെ വ്യക്തിഗത സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പരമാവധി 3,00,000/- രൂപ (മൂന്നു ലക്ഷം രൂപ മാത്രം) വരെയും ഗ്രൂപ്പ് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പരമാവധി 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) വരെയും അനുവദിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷി യോഗ്യവുമായ ഭൂമി, ലാന്റ് ബാങ്ക് പദ്ധതിയിലുൾപ്പെടുത്തി വാങ്ങി നൽകുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഊരുകൂട്ട തീരുമാനപ്രകാരം ക്ഷീരവികസനം/മൃഗസംരക്ഷണ പദ്ധതികൾ കൃഷി/ഉദ്യാന കൃഷി, തയ്യൽ യൂണിറ്റ് തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

## ജപ്തി നടപടി നേരിടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം

68 (4615) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കാൻ സാധിക്കാതെ ജപ്തി നടപടി നേരിടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട താഴ്ന്ന വരുമാനക്കാരായ കുടുംബങ്ങൾക്ക് പലിശ ഒഴിവാക്കി വായ്പ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ജപ്തി നടപടി നേരിടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട താഴ്ന്ന വരുമാനക്കാരായ കുടുംബങ്ങൾക്ക് പലിശ ഒഴിവാക്കി വായ്പ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് പരിശോധിക്കുന്നതാണ്.

കേരള സംസ്ഥാന സഹകരണ ബാങ്ക് നടപ്പിലാക്കുന്ന നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ കേരള

ബാങ്കിൽ നിന്നും എടുത്ത വായ്പകൾ തിരിച്ചടയ്ക്കാൻ സാധിക്കാതെ ജപ്തി നടപടി നേരിടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഒരു ലക്ഷം രൂപവരെയുള്ള വായപകളിൽ പലിശ പൂർണ്ണമായും ഒഴിവാക്കി മുതൽ മാത്രം അടച്ച് വായ്പാകണക്ക് അവസാനിപ്പിക്കുന്നതിന് നിലവിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. 31/03/2023 വരെയാണ് ടി കുടിശ്ശിക നിവാരണ പദ്ധതി നിലവിലുള്ളത്. എന്നാൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നടപ്പാക്കുന്ന കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനായി പ്രത്യേക പദ്ധതികളൊന്നും പ്രഖ്യാപിച്ചിട്ടില്ല.

**ചികിത്സാ ധനസഹായം**

69 (4616) <u>ശ്രീ. എ. പി. അനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) പട്ടികജാതി വിഭാഗക്കാർക്ക്, അപേക്ഷ സമർപ്പിച്ച് എത്ര ദിവസത്തിനുള്ളിലാണ് ചികിത്സ ധനസഹായം അനുവദിക്കുന്നതെന്ന്**

വ്യക്തമാക്കുമോ; പ്രസ്തുത വിഭാഗക്കാർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതിന്റെ വ്യവസ്ഥകൾ അടങ്ങിയ സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

പട്ടികജാതി വിഭാഗക്കാർക്ക്, അപേക്ഷ സമർപ്പിച്ച് 14 ദിവസത്തിനുള്ളിലാണ് ചികിത്സ ധനസഹായം അനുവദിക്കുന്നത്. ചില അടിയന്തിര സാഹചര്യങ്ങളിൽ അപേക്ഷ സമർപ്പിച്ച് അടുത്ത ദിവസം തന്നെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത വിഭാഗക്കാർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതിന്റെ വ്യവസ്ഥകൾ അടങ്ങിയ സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+.

(ബി) ടി-ഗ്രാന്റ്സ് പദ്ധതി മുഖേന ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള എത്ര അപേക്ഷകർക്ക് ധനസഹായം അനുവദിക്കാൻ അവശേഷിക്കുന്നുണ്ട്; പ്രസ്തുത അപേക്ഷകരുടെ ജില്ല തിരിച്ചുള്ള എണ്ണം, ആവശ്യമായ തുക എന്നീ വിവരങ്ങൾ അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ല തിരിച്ചുള്ള വിവരം **<u>അനുബന്ധമായി</u>** ചേർക്കുന്നു+. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കാലതാമസം കൂടാതെ ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

**(സി) വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിലുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും/വകുപ്പിൽ നിന്നും യഥാസമയം ധനസഹായം ലഭിക്കാത്തതിനാൽ പട്ടികജാതി വിഭാഗക്കാരുടെ തുടർ ചികിത്സ മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?**

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കാലതാമസം കൂടാതെ ചികിത്സാ ധനസഹായം വിതരണം ചെയ്ത് വരുന്നു.

**(ഡി) നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെ ലഭിച്ച എത്ര അപേക്ഷകർക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് നൽകാനുണ്ട്; വിവിധ ഓഫീസുകളിൽ തീർപ്പിനായി അവശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം അറിയിക്കാമോ?**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെ ലഭിച്ച 3984 അപേക്ഷകർക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് നൽകാനുണ്ട്. വിവിധ ഓഫീസുകളിൽ തീർപ്പിനായി 4137 അപേക്ഷകൾ അവശേഷിക്കുന്നുണ്ട്.

(ഇ) ധനസഹായ വിതരണത്തിന് കാലതാമസം നേരിടുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; അർഹരായ മുഴുവൻ അപേക്ഷകർക്കും എന്ന് ധനസഹായം പൂർണ്ണമായും വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്കായി നടപ്പു സാമ്പത്തിക വർഷം ലഭ്യമായ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. അധിക തുക റീ-അപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അടിയന്തിരമായി വിതരണം ചെയ്യുന്നതാണ്.

**പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് ആരോഗ്യ പരിരക്ഷാ പദ്ധതി**

70 (4617) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ;</u>

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ;</u>

<u>ശ്രീമതി ദെലീമ;</u>

**ശ്രീ. കെ. കെ. രാമചന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപെട്ട രോഗികൾക്കും പ്രായമായവർക്കും അർഹമായ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനായി ആരോഗ്യ പരിരക്ഷാ പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതിയനുസരിച്ച് പട്ടികജാതി കുടുംബത്തിലെ വരുമാനദായകന്റെ മരണത്തോടനുബന്ധിച്ച് ആശ്വാസ ധനസഹായം നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപെട്ട രോഗികൾക്കും പ്രായമായവർക്കും അർഹമായ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനായി ആരോഗ്യ സുരക്ഷാ പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നു. മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ **1,00,000/-** രൂപയിൽ താഴെ വാർഷികവരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം **50,000/-**രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി **1,00,000/-**രൂപ

വരെ ആശുപത്രി മുഖാന്തിരം നൽകുന്നു. നിശ്ചിത ഫാറത്തിലുള്ള ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന പ്രിന്റ് സഹിതം ടി അപേക്ഷ, ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. കൂടാതെ, വകുപ്പ് മന്ത്രിക്ക് നേരിട്ടും അപേക്ഷ നൽകാവുന്നതാണ്.

പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബത്തിന് നിലവിൽ **2,00,000/-**രൂപ ധനസഹായം നൽകുന്നു. അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട വ്യക്തി കുടുംബത്തിലെ ഏകവരുമാനദായകനായിരുന്നുവെന്ന തഹസിൽദാരുടെ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് രേഖകൾ തുടങ്ങിയവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി

വികസന ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്. മരണം സംഭവിച്ച് രണ്ട് വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും കഴിഞ്ഞ സർക്കാരിന്റെ കാലത്തും പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക, ചെലവായ തുക എന്നിവയുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതി മുഖേന പട്ടികജാതി വിഭാഗത്തിൽപെട്ടവരുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും കഴിഞ്ഞ സർക്കാരിന്റെ കാലത്തും പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക, ചെലവായ തുക എന്നിവയുടെ വിശദാംശം **അനുബന്ധമായി** ചേർക്കുന്നു+.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വരുമാനം കുറവുള്ളവർക്ക് അടിയന്തിര ചികിത്സാ സഹായം ലഭ്യമാക്കുന്നതിനും, അവർക്ക് തുടർ ചികിത്സയുടെ ആവശ്യത്തിനായും ചികിത്സാ ധനസഹായ പദ്ധതി വളരെയേറെ പ്രയോജനപ്രദമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## പിറവം നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി

71 (4618) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്തതെന്ന് അറിയിക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്താനാകാത്തതും വാട്ടർ ടാങ്കുകളെക്കാൾ ഉയർന്ന പ്രദേശമായതിനാൽ സാങ്കേതിക ബുദ്ധിമുട്ടുകൾ നിമിത്തം പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കില്ല എന്ന് വാട്ടർ അതോറിറ്റി അറിയിച്ചതുമായ പട്ടികജാതി കോളനികൾ മണ്ഡലത്തിലുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിലവിൽ വാട്ടർ അതോറിറ്റിയിൽ നിന്നും ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്താനാകാത്ത കോളനികളുടെ വിവരം ഒന്നും തന്നെ റിപ്പോർട്ട് ചെയ്യിട്ടില്ല.

(സി) പ്രസ്തുത മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വകുപ്പുതലത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വകുപ്പിന്റെ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ ഉൾപ്പെടുത്തിയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിശോധിക്കുന്നതാണ്.

**പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾക്ക് അനുവദിച്ചിരുന്ന ബജറ്റ് വിഹിതം**

72 (4619) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾക്ക് അനുവദിച്ചിരുന്ന ബജറ്റ് വിഹിതം എത്രയെന്ന് അറിയിക്കുമോ; ഇതിൽ ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ;

(ബി) ചെലവഴിച്ച തുക ഏതെല്ലാം പദ്ധതികൾക്കുവേണ്ടി എത്ര വീതമെന്നത് തുക സഹിതം വിശദാംശം നൽകുമോ?

(എ & ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**അഭിഭാഷകരംഗത്തുനിന്നും മറ്റ് തൊഴിൽമേഖല തേടി പോകുന്ന പട്ടികവിഭാഗക്കാർ**

73 (4620) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ;

ശ്രീ. പി. ഉബൈദുള്ള;

ശ്രീ. അബ്ദുൽ ഹമീദ് പി;

ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വിദ്യാഭ്യാസം നേടിയ പട്ടിക വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടത്ര പിന്തുണ കിട്ടാത്തതിനാൽ അഭിഭാഷകരംഗത്തുനിന്നും മറ്റ് തൊഴിൽമേഖല തേടി പോകുന്ന സ്ഥിതി പരിശോധിച്ചിട്ടുണ്ടോ?

അഭിഭാഷകരംഗത്ത് നിന്നും ചെറിയ തോതിലെങ്കിലും പട്ടികജാതി - പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ മറ്റ് തൊഴിൽമേഖല തേടി പോകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിയമ ബിരുദധാരികൾക്കായി ഈ സർക്കാർ ജ്വാല എന്ന പേരിൽ പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിയമപഠനം പൂർത്തിയാക്കി എൻറോൾ ചെയ്തിട്ടുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബാർ കൗൺസിലിൽ എൻലിസ്റ്റ് ചെയ്ത മുതിർന്ന അഭിഭാഷകരോടൊപ്പവും പട്ടികജാതി വിഭാഗക്കാർക്ക് ഗവ. പ്ലീഡർമാരുടെ ഓഫീസ്, സ്പെഷ്യൽ കോടതികൾ, ലീഗൽ സർവ്വീസ് അതോറിറ്റി എന്നിവിടങ്ങളിലും പ്രതിമാസം ഹോണറേറിയത്തോടെ ഇന്റേൺഷിപ്പ് വ്യവസ്ഥയിൽ പരിശീലനം നൽകുന്നതിനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

കൂടാതെ, പട്ടികജാതി-പട്ടികവർഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിർവ്വഹണം നടത്തുന്നതിനും, അത്തരം കേസുകളിൽ ഇരകൾക്ക് ആവശ്യമായ നിയമസഹായം ലഭ്യമാക്കുന്നതിനും, പുനരധിവാസം ഉറപ്പാക്കുന്നതിനും, നിയമം സംബന്ധിച്ച് സമൂഹത്തിൽ ബോധവത്ക്കരണം നടത്തുന്നതിനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ജ്വാല സെൽ രൂപീകരിച്ചിട്ടുണ്ട്. ആയതിലേക്കായി ജില്ലകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 14 ലീഗൽ കൗൺസിലർമാരെയും, ജ്വാല സെല്ലിലേയ്ക്ക് ഒരു ലീഗൽ അഡ്വൈസറേയും 3 ലീഗൽ സെൽ കോർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്.

നിയമ ബിരുദം നേടി അഭിഭാഷകരായി എൻറോൾ ചെയ്ത് പ്രാക്ടീസ് ആരംഭിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് ആദ്യ മൂന്ന് വർഷങ്ങളിൽ ധനസഹായം അനുവദിക്കുന്ന അഭിഭാഷക ധനസഹായ പദ്ധതി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം പരിശീലനത്തിന്റെ ആദ്യ

വർഷത്തിൽ 25,600/- രൂപയും രണ്ടും മൂന്നും വർഷങ്ങളിൽ 22,000/- രൂപ വീതവും പരിശീലനാർത്ഥിയ്ക്ക് ധനസഹായമായി അനുവദിച്ചുവരുന്നു.

(ബി) ഇവർക്ക് മികച്ച രീതിയിൽ അഭിഭാഷകവൃത്തി ചെയ്യുന്നതിന് എന്തെല്ലാം സഹായങ്ങളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

അഭിഭാഷകരംഗത്ത് നിന്നും ചെറിയ തോതിലെങ്കിലും പട്ടികജാതി - പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ മറ്റ് തൊഴിൽമേഖല തേടി പോകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിയമ ബിരുദധാരികൾക്കായി ഈ സർക്കാർ ജ്വാല എന്ന പേരിൽ പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിയമപഠനം പൂർത്തിയാക്കി എൻറോൾ ചെയ്തിട്ടുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബാർ കൗൺസിലിൽ എൻലിസ്റ്റ് ചെയ്ത മുതിർന്ന അഭിഭാഷകരോടൊപ്പവും പട്ടികജാതി വിഭാഗക്കാർക്ക് ഗവ. പ്ലീഡർമാരുടെ ഓഫീസ്, സ്പെഷ്യൽ കോടതികൾ, ലീഗൽ സർവ്വീസ് അതോറിറ്റി എന്നിവിടങ്ങളിലും പ്രതിമാസം ഹോണറേറിയത്തോടെ ഇന്റേൺഷിപ്പ് വ്യവസ്ഥയിൽ പരിശീലനം നൽകുന്നതിനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

കൂടാതെ, പട്ടികജാതി-പട്ടികവർഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിർവ്വഹണം നടത്തുന്നതിനും, അത്തരം കേസുകളിൽ ഇരകൾക്ക് ആവശ്യമായ നിയമസഹായം ലഭ്യമാക്കുന്നതിനും, പുനരധിവാസം ഉറപ്പാക്കുന്നതിനും, നിയമം സംബന്ധിച്ച് സമൂഹത്തിൽ ബോധവത്ക്കരണം നടത്തുന്നതിനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ജ്വാല സെൽ രൂപീകരിച്ചിട്ടുണ്ട്. ആയതിലേക്കായി ജില്ലകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 14 ലീഗൽ കൗൺസിലർമാരെയും, ജ്വാല സെല്ലിലേക്ക് ഒരു ലീഗൽ അഡ്വൈസറേയും 3 ലീഗൽ സെൽ കോർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്.

നിയമ ബിരുദം നേടി അഭിഭാഷകരായി എൻറോൾ ചെയ്ത് പ്രാക്ടീസ് ആരംഭിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് ആദ്യ മൂന്ന് വർഷങ്ങളിൽ ധനസഹായം അനുവദിക്കുന്ന അഭിഭാഷക ധനസഹായ പദ്ധതി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം പരിശീലനത്തിന്റെ ആദ്യ

വർഷത്തിൽ 25,600/- രൂപയും രണ്ടും മൂന്നും വർഷങ്ങളിൽ 22,000/- രൂപ വീതവും പരിശീലനാർത്ഥിയ്ക്ക് ധനസഹായമായി അനുവദിച്ചുവരുന്നു.

**പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ നടത്തിയ അദാലത്തുകളുടെ**

**വിശദാംശം**

74 (4621) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ ഓരോ വർഷവും നടത്തിയ അദാലത്തുകളുടെ വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ അദാലത്തിലും എത്ര കേസുകൾ തീർപ്പാക്കിയെന്നും എത്ര പുതിയ പരാതികൾ ലഭിച്ചുവെന്നും നിലവിൽ എത്ര പരാതികൾ കമ്മീഷന്റെ പരിഗണനയിലുണ്ടെന്നും അറിയിക്കുമോ; കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി പ്രസ്തുത കാലയളവിൽ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ വിജ്ഞാൻവാടികൾ**

75 (4622) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ എത്ര വിജ്ഞാൻവാടികൾ പ്രവർത്തിച്ചു വരുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

പ്രസ്തുത നിയോജക മണ്ഡലത്തിലെ മാമ്പഴത്ത് കോളനി (ആദിച്ചനല്ലൂർ പഞ്ചായത്ത്), പാറവിള കോളനി (പൂതക്കുളം പഞ്ചായത്ത്), ജയന്തി കോളനി (ചാത്തന്നൂർ പഞ്ചായത്ത്) എന്നീ കോളനികളിൽ വിജ്ഞാൻവാടികൾ പ്രവർത്തിച്ചുവരുന്നു.

(ബി) 2017-18 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലോരോന്നിലും പ്രസ്തുത വിജ്ഞാൻവാടികൾക്ക് സർക്കാർ അനുവദിച്ച തുക എത്രയെന്നും ഓരോ വർഷങ്ങളിലും ചെലവാക്കിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുകയെത്രയെന്നും എന്തെല്ലാം ആവശ്യങ്ങൾക്ക് എത്ര തുക ചെലവഴിച്ചു എന്നും ഇനം തിരിച്ച് വിശദമാക്കാമോ?

വിജ്ഞാൻവാടികളുടെ പ്രവർത്തനങ്ങൾക്കായി ആവർത്തന ചെലവിനത്തിൽ ഒരു തുക പട്ടികജാതി വികസന ഓഫീസർമാർക്ക് അനുവദിച്ച് നൽകുകയും വിജ്ഞാൻവാടികളുടെ പ്രവർത്തനത്തിനാവശ്യമായ തുക വിവിധ ഇനങ്ങളിൽ ചെലവാകുന്നതിനനുസരിച്ച് വിവിധ ഏജൻസികൾക്ക് മാറി നൽകുകയും ബാക്കി വരുന്ന തുക സറണ്ടർ ചെയ്യുകയുമാണ് ചെയ്തുവരുന്നത്.

ചാത്തന്നൂർ മണ്ഡലത്തിലെ വിജ്ഞാൻവാടികൾക്കായി 2017-18 ൽഅനുവദിച്ച 3,00,000/- രൂപയിൽ ഫർണിച്ചർ, ബുക്ക്, ലൈബ്രറി ഐറ്റം, കമ്പ്യൂട്ടർ പ്രിന്റർ, സ്കാനർ, നെയിം ബോർഡ് എന്നിവയ്ക്കായി 2,42,940/- രൂപ ചെലവഴിക്കുകയും ബാക്കി വന്ന 57,060/- രൂപ സറണ്ടർ ചെയ്തിട്ടുമുണ്ട്.

2018-19-ൽ അനുവദിച്ച 30,000/- രൂപയിൽ പാറവിള വിജ്ഞാൻവാടിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 2,875/- രൂപയും പത്രം വാങ്ങിയ ഇനത്തിൽ 5,660/- രൂപയും, മാമ്പഴത്ത് കോളനിയിൽ

ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 2,413/- രൂപയും പത്രം, മാസിക വാങ്ങിയ ഇനത്തിൽ 7,350/- രൂപയും കമ്പ്യൂട്ടർ റിപ്പയർ ഇനത്തിൽ 500/- രൂപയും ജയന്തി കോളനിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 1,155/- രൂപയും ചെലവഴിച്ചു. ആകെ 3 വിജ്ഞാൻവാടികളിലേക്കായി 19,953/- രൂപയാണ് ചെലവഴിച്ചത്. ബാക്കി 10,047/- രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

കോവിഡ് സാഹചര്യത്തിൽ 2019-20-ൽ ആവർത്തന ചെലവിനായി തുക ചെലവഴിച്ചിട്ടില്ല.

2020-21-ൽ ആകെ 33,792/- രൂപ അനുവദിച്ചു. പാറവിള വിജ്ഞാൻ വാടിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 1,246/- രൂപയും പത്രം, മാസിക വാങ്ങിയ ഇനത്തിൽ 5,870/- രൂപയും മാമ്പഴത്ത് കോളനിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 1,357/- രൂപയും പത്രം, മാസിക വാങ്ങിയ ഇനത്തിൽ 5,868/- രൂപയും ജയന്തി കോളനിയിൽ ഇലക്ട്രസിറ്റി ചാർജ്ജ്ഇനത്തിൽ 3,551/- രൂപയും പത്രം, മാസിക വാങ്ങിയ ഇനത്തിൽ 6,750/- രൂപയും ചെലവഴിച്ചു. ആകെ 3 വിജ്ഞാൻവാടികളിലേക്കായി 24,672/- രൂപയാണ് ചെലവഴിച്ചത്. ബാക്കി 9,120/- രൂപ സറണ്ടർ ചെയ്തു.

2021-22 വർഷം 27,000/- രൂപ അനുവദിച്ചതിൽ 11,844/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി 15,156/- രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിലോരോന്നിലും ചാത്തന്നൂർ മണ്ഡലത്തിലെ വിജ്ഞാൻവാടികൾക്ക് സർക്കാർ അനുവദിച്ച ധനസഹായത്തിൽ ചെലവഴിക്കാത്ത തുകയുണ്ടെങ്കിൽ ആയതെത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; തുക ചെലവഴിക്കാനാകാത്തതിന്റെ കാരണം അറിയിക്കാമോ?

വിജ്ഞാൻവാടികളുടെ പ്രവർത്തനങ്ങൾക്കായി ആവർത്തന ചെലവിനത്തിൽ ഒരു തുക പട്ടികജാതി വികസന ഓഫീസർമാർക്ക് അനുവദിച്ച് നൽകുകയും വിജ്ഞാൻവാടികളുടെ പ്രവർത്തനത്തിനാവശ്യമായ തുക വിവിധ ഇനങ്ങളിൽ ചെലവാകുന്നതിനനുസരിച്ച് വിവിധ ഏജൻസികൾക്ക് മാറി നൽകുകയും ബാക്കി വരുന്ന തുക സറണ്ടർ ചെയ്യുകയുമാണ് ചെയ്തുവരുന്നത്.

ചാത്തന്നൂർ മണ്ഡലത്തിലെ വിജ്ഞാൻവാടികൾക്കായി 2017-18-ൽ അനുവദിച്ച 3,00,000/- രൂപയിൽ ഫർണിച്ചർ, ബുക്ക്, ലൈബ്രറി ഐറ്റം,

കമ്പ്യൂട്ടർ പ്രിന്റർ, സ്കാനർ, നെയിം ബോർഡ് എന്നിവയ്ക്കായി 2,42,940/- രൂപ ചെലവഴിക്കുകയും ബാക്കി വന്ന 57,060/- രൂപ സറണ്ടർ ചെയ്തിട്ടുമുണ്ട്.

2018-19-ൽ അനുവദിച്ച 30,000/- രൂപയിൽ പാറവിള വിജ്ഞാൻവാടിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 2,875/- രൂപയും പത്രം വാങ്ങിയ ഇനത്തിൽ 5,660/- രൂപയും, മാമ്പഴത്ത് കോളനിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 2,413/- രൂപയും പത്രം, മാസിക വാങ്ങിയ ഇനത്തിൽ 7,350/- രൂപയും കമ്പ്യൂട്ടർ റിപ്പയർ ഇനത്തിൽ 500/- രൂപയും ജയന്തി കോളനിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 1,155/- രൂപയും ചെലവഴിച്ചു. ആകെ 3 വിജ്ഞാൻവാടികളിലേക്കായി 19,953/- രൂപയാണ് ചെലവഴിച്ചത്. ബാക്കി 10,047/- രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

കോവിഡ് സാഹചര്യത്തിൽ 2019-20-ൽ ആവർത്തന ചെലവിനായി തുക ചെലവഴിച്ചിട്ടില്ല.

2020-21-ൽ ആകെ 33,792/- രൂപ അനുവദിച്ചു. പാറവിള വിജ്ഞാൻ വാടിയിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 1,246/- രൂപയും പത്രം, മാസിക വാങ്ങിയ ഇനത്തിൽ 5,870/- രൂപയും മാമ്പഴത്ത് കോളനിയിൽ

ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 1,357/- രൂപയും പത്രം, മാസിക വാങ്ങിയ ഇനത്തിൽ 5,868/- രൂപയും ജയന്തി കോളനിയിൽ ഇലക്ട്രസിറ്റി ചാർജ്ജ് ഇനത്തിൽ 3,551/- രൂപയും പത്രം, മാസിക വാങ്ങിയ ഇനത്തിൽ 6,750/- രൂപയും ചെലവഴിച്ചു. ആകെ 3 വിജ്ഞാൻവാടികളിലേക്കായി 24,672/- രൂപയാണ് ചെലവഴിച്ചത്. ബാക്കി 9,120/- രൂപ സറണ്ടർ ചെയ്തു.

2021-22 വർഷം 27,000/- രൂപ അനുവദിച്ചതിൽ 11,844/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി 15,156/- രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

(ഡി) ചാത്തന്നൂർ മണ്ഡലത്തിലെ വിജ്ഞാൻവാടികളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വിജ്ഞാൻവാടികളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനായി വിജ്ഞാൻവാടി കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. കോർപ്പസ് ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് അടിയന്തിര ചെലവുകൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പൂതക്കുളം ഗ്രാമപഞ്ചായത്ത് അടിയന്തിര റീവയറിംഗിന് 10,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആദിച്ചനല്ലൂർ

മാമ്പഴത്ത് കോളനിയിലെ വിജ്ഞാൻവാടി ഒരു സ്വകാര്യ ക്ലബിന്റെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വിജ്ഞാൻവാടി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്ക് മാറ്റി പ്രവർത്തിപ്പിക്കാമെന്ന കമ്മിറ്റി തീരുമാനം ലഭ്യമായിട്ടുണ്ട്.

**അതിദരിദ്രരുടെ ഉന്നമനത്തിനായി കുടുംബ കേന്ദ്രീകൃത പദ്ധതി**

76 (4623) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ;

ശ്രീ. കെ. ആൻസലൻ;

ശ്രീ. കെ. പ്രേംകുമാർ;

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതികളിലും പട്ടികഗോത്രവർഗങ്ങളിലുംപെട്ട അതിദരിദ്രരുടെ ഉന്നമനത്തിനായി കുടുംബ കേന്ദ്രീകൃത പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുവേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതു ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് "HOME" (Household Oriented Micro planning for Empowerment). നിലവിൽ പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ സർവ്വേയ്ക്കും കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിനുമായി 19.08.2022-ലെ സ.ഉ(കൈ)നം.40/2022/പജ.പവ.വി.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്+.

(ബി) ഹൗസ്ഹോൾഡ് ഓറിയന്റഡ് മൈക്രോപ്ലാനിങ് ഫോർ എംപവർമെന്റ് (ഹോം) പദ്ധതിയിൽ പട്ടികജാതി വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളിൽപെട്ടവരുടെ ദാരിദ്ര്യനിർമ്മാർജനത്തിന് ഊന്നൽ നൽകുന്നുണ്ടോ?

ഉണ്ട്. പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസവും, സാമ്പത്തിക ശാക്തീകരണവും ഉറപ്പാക്കി സ്വയം പര്യാപ്തമാക്കുന്നതിനായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പട്ടികജാതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ നിന്നും അനുയോജ്യമായ പദ്ധതികൾ തിരഞ്ഞെടുത്ത് നൽകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്+.

(സി) പ്രസ്തുത പദ്ധതിയിൽ അതിദരിദ്രരെ സ്വയംപര്യാപ്തരാക്കുന്നതിനായി അവർക്ക് സുസ്ഥിര വരുമാനം ഉറപ്പുവരുത്തുന്നതിന് പ്രാധാന്യം നൽകുന്നുണ്ടോ? പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പ്രാധാന്യം നൽകുന്നുണ്ട്. നിലവിൽ അതിദാരിദ്ര്യ സർവ്വേയിൽ ഉൾപ്പെട്ട പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾക്കായി ടി പദ്ധതി നടപ്പിലാക്കിവരുന്നു. ടി കുടുംബങ്ങളുടെ പുനരധിവാസവും, സാമ്പത്തിക ശാക്തീകരണവും ഉറപ്പാക്കി സ്വയംപര്യാപ്തമാക്കുന്നതിനായി നിലവിൽ പട്ടികജാതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ നിന്നും അനുയോജ്യമായ പദ്ധതികൾ തിരഞ്ഞെടുത്ത് നൽകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കൃഷിഭൂമി വാങ്ങുന്നതിനും ധനസഹായം അനുവദിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൃഷിഭൂമി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വാങ്ങുന്നതിനായി 10 ലക്ഷം രൂപയും ഗ്രൂപ്പ് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 5 ലക്ഷം രൂപയും വ്യക്തിഗത സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 3 ലക്ഷം രൂപയും നൽകിയും നൈപുണ്യ പരിശീലന പരിപാടിയിലൂടെയും സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്+.

**പട്ടികജാതി, പട്ടികവർഗ വിഭാഗക്കാരുടെ ഉന്നമനത്തിനുള്ള പ്രത്യേക പദ്ധതികൾ**

77 (4624)ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ;

ശ്രീ. ആന്റണി ജോൺ;

ശ്രീമതി ഒ. എസ്. അംബിക;

ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക വികസന രംഗത്ത് ഏറ്റവും പിന്നാക്കം നിൽക്കുന്ന പ്രാക്തന ഗോത്രങ്ങളിൽപെട്ടവരുടെയും സമാന അവസ്ഥയിലുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പട്ടികജാതിയിലെ ദുർബല വിഭാഗക്കാരുടെയും ഉന്നമനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ എന്തെല്ലാമാണ്?

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതു ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് "HOME" (Household Oriented Micro planning for Empowerment), ഇതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങളെയും പ്രാക്തന ഗോത്ര വിഭാഗങ്ങളെയും രണ്ടാം ഘട്ടത്തിൽ ശേഷിക്കുന്ന പട്ടികജാതി ദുർബല വിഭാഗങ്ങളെയും മൂന്നാം ഘട്ടത്തിൽ മറ്റു പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വിവര ശേഖരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്. സാമൂഹിക

വികസന രംഗത്ത് പിന്നാക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗങ്ങളുടേയും, പിന്നാക്ക അവസ്ഥയിലുള്ള മറ്റ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടേയും വിദ്യാഭ്യാസം, ആരോഗ്യം അടിസ്ഥാന സൗകര്യവികസനം എന്നിവയ്ക്ക് പുറമേ പ്രാക്തന ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന പ്രദേശങ്ങളിലെ പ്രധാന പ്രശ്നങ്ങളായ ഗതാഗത സൗകര്യം, വൈദ്യുതി, കുടിവെള്ളം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

നിലവിൽ പട്ടികജാതി വികസന വകുപ്പ് ദുർബല വിഭാഗ പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഭൂമി, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, പഠനമുറി, ടോയ്‌ലെറ്റ്, കൃഷിഭൂമി, സ്വയംതൊഴിൽ സബ്സിഡി, കോളനി നവീകരണം എന്നീ പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നു.

(ബി) പട്ടികജാതിയിലെ അതിദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് വീടിനും തൊഴിലിനും നൽകുന്ന പ്രത്യേക ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ?

ഭവന നിർമ്മാണ ധനസഹായ തുക വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ വീടിന്റെ അറ്റകുറ്റപണികൾക്കുള്ള വ്യക്തിഗത ധനസഹായ തുക 2,50,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 100% സബ്സിഡിയോടെ വ്യക്തിഗത സ്വയംതൊഴിൽ സംരംഭകർക്ക് പരമാവധി 3,00,000/- രൂപയും ഗ്രൂപ്പ് സ്വയം തൊഴിൽ സംരംഭകർക്ക് പരമാവധി 5,00,000/- രൂപയും അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(സി) ഇത്തരക്കാർക്ക് വീടും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി ഇവരെ വിദ്യാഭ്യാസപരമായും തൊഴിൽപരമായും മുഖ്യധാരയിലേക്കെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രത്യേകം പ്രാധാന്യം നൽകുന്നുണ്ടോയെന്ന് വിശദമാക്കുമോ?

പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, പഠനമുറി, ടോയ്ലെറ്റ്, കൃഷിഭൂമി, സ്വയംതൊഴിൽ സബ്സിഡി എന്നിവയ്ക്ക് ധനസഹായം അനുവദിക്കുന്നു. H O M E (Household Oriented Microplanning for Empowerment) പദ്ധതി പ്രകാരം

ഒരോ കുടുംബത്തിനും ആവശ്യമുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ കണ്ടെത്തി നടപ്പിലാക്കുന്നു.

**പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായ കുടിശ്ശിക**

78 (4625) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ധനസഹായങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സമയബന്ധിതമായി ധനസഹായങ്ങൾ അനുവദിച്ച് നൽകുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഓൺലൈൻ സംവിധാനം ഇല്ലാത്ത പദ്ധതികൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിൽ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിന് പ്ലാൻ സ്പേയ്സ് എന്ന സോഫ്റ്റ്

വെയർ മുഖേന കൃത്യമായി മോണിറ്റർ ചെയ്യുന്നുണ്ട്. വകുപ്പുകളുടെ പദ്ധതി പുരോഗതി ജില്ലാ വികസന സമിതിയും ജില്ലാതല വർക്കിങ് ഗ്രൂപ്പും വകുപ്പ് ഡയറക്ടറും യഥാസമയം മോണിറ്റർ ചെയ്തുവരുന്നു. കൂടാതെ മന്ത്രി തലത്തിൽ കൃത്യമായ ഇടവേളകളിലും പദ്ധതി പുരോഗതി സംബന്ധിച്ച് അവലോകനം നടത്തി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എം.എൽ.എ-മാരുടെ അദ്ധ്യക്ഷതയിൽ നിയോജകമണ്ഡല അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റികളും പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ അനുവദിച്ച ചികിത്സാധനസഹായം നൽകാതെ കുടിശ്ശികയായത് എത്ര പേർക്കാണെന്നും പ്രസ്തുത കുടിശ്ശിക എത്ര രൂപയാണെന്നും വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിൽ 234 പേർക്ക് 65,71,500/- രൂപ (അറുപത്തിയഞ്ച് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചികിത്സാ ധനസഹായമായി വിതരണം ചെയ്യുന്നതിന് കുടിശ്ശികയുണ്ട്.

മലപ്പുറം ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നിലവിൽ ചികിത്സാധനസഹായം കുടിശ്ശികയില്ല.

(സി) മലപ്പുറം ജില്ലയിൽ ഏകവരുമാനദായകൻ മരണപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ കുടുംബത്തിന് നൽകുന്ന ധനസഹായത്തിൽ എത്ര കുടിശ്ശികയുണ്ട്; അവയുടെ ബ്ലോക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിൽ ഏകവരുമാനദായകന്റെ മരണം മൂലം കഷ്ടതയനുഭവിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അനുവദിക്കുന്ന ധനസഹായത്തിനു അപേക്ഷ സമർപ്പിച്ചവർക്ക് ആനുകൂല്യം നിലവിൽ കുടിശ്ശിക ഇല്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) പ്രസ്തുത വിഭാഗത്തിന് അനുവദിക്കാൻ ഉത്തരവായ ചികിത്സാധനസഹായം, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബത്തിന് നൽകുന്ന ധനസഹായം, ഭൂരഹിത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് വയ്ക്കുന്നതിന് ഭൂമി രജിസ്റ്റർ ചെയ്ത് നൽകിയവർക്ക്

നൽകേണ്ട തുക എന്നിവയെല്ലാം കുടിശ്ശികയില്ലാതെ അടിയന്തരമായി അനുവദിക്കുന്നതിനും അവ നൽകുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിൽ ചികിത്സാ ധനസഹായം, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബത്തിന് നൽകുന്ന ധനസഹായം എന്നീ പദ്ധതികൾക്ക് നടപ്പു സാമ്പത്തിക വർഷം ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. കൂടുതൽ തുക റീ അപ്രോപ്രിയേഷൻ മുഖേന ലഭിക്കുന്നതിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. തുക ലഭ്യമായാൽ ഉടൻ നിലവിൽ ധനസഹായം അനുവദിച്ച് ഉത്തരവായ അപേക്ഷകർക്ക് അടിയന്തിരമായി ധനസഹായം വിതരണം ചെയ്യുന്നതാണ്. ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഭൂമി രജിസ്റ്റർ ചെയ്ത് നൽകിയിട്ടുള്ളവർക്ക് പദ്ധതി പ്രകാരമുള്ള ധനസഹായ തുക അനുവദിക്കുന്നതിലേയ്ക്കായി ജില്ല പട്ടികജാതി വികസന ഓഫീസർമാർക്ക് 23.02.2023-ന് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച് ഉത്തരവായ എല്ലാ ധനസഹായങ്ങളും ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി നൽകിവരുന്നുണ്ട്.

**ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം**

79 (4626) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകവരുമാനദായകൻ മരണപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ വിശദമാക്കുമോ; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം നിലവിൽ 2,00,000/-രൂപയാണ് അനുവദിക്കുന്നത്. അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട വ്യക്തി കുടുംബത്തിലെ ഏകവരുമാനദായകനായിരുന്നുവെന്ന തഹസിൽദാരുടെ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് രേഖകൾ

തുടങ്ങിയവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നൽകുക. അപേക്ഷകന്റെ വരുമാന പരിധി 1 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. മരണം നടന്ന് രണ്ട് വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം യഥാസമയം വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാലതാമസം കൂടാതെ ധനസഹായം വിതരണം ചെയ്ത് വരുന്നു. ആരോഗ്യ സുരക്ഷാ പദ്ധതിയിൽ നടപ്പ സാമ്പത്തിക വർഷം ലഭ്യമായ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. റീ അപ്രോപ്രിയേഷൻ മുഖേന കൂടുതൽ തുക ലഭ്യമാക്കുന്നതിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. അധിക തുക ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം ലഭിക്കാനുള്ള അപേക്ഷകർക്ക് ധനസഹായം അടിയന്തിരമായി വിതരണം ചെയ്യുന്നതാണ്.

(സി) ഏത് സാമ്പത്തിക വർഷം മുതൽ അപേക്ഷ സമർപ്പിച്ചവർക്കാണ് നിലവിൽ ധനസഹായം നൽകാനുള്ളത്; ഓരോ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സാമ്പത്തിക വർഷത്തിലും ലഭിച്ച അപേക്ഷകളുടെ എണ്ണം, അനുവദിച്ച തുക, ധനസഹായം നൽകാൻ അവശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം, ധനസഹായ വിതരണത്തിന് ഇനി ആവശ്യമായ തുക എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഓരോ സാമ്പത്തിക വർഷത്തിലും ലഭിച്ച അപേക്ഷകളുടെ എണ്ണം, അനുവദിച്ച തുക, ധനസഹായം നൽകാൻ അവശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം, ധനസഹായ വിതരണത്തിന് ഇനി ആവശ്യമായ തുക എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി സമർപ്പിച്ച അപേക്ഷകളിൽ എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്നും നിരസിക്കാനുണ്ടായ കാരണങ്ങളും വിശദമാക്കാമോ?

പദ്ധതി മാനദണ്ഡ പ്രകാരം അർഹതയില്ലാത്ത 342 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. കുടുംബത്തിൽ മറ്റു വരുമാനദായകർ ഉള്ളതും അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം വന്ന അപേക്ഷകളുമാണ് നിരസിച്ചിട്ടുള്ളത്.

(ഇ) നാളിതുവരെ ലഭ്യമായ അപേക്ഷകളിലെ അർഹരായ മുഴുവൻ പേർക്കും നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ ധനസഹായം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ആരോഗ്യ സുരക്ഷാ പദ്ധതിയിൽ നടപ്പു സാമ്പത്തിക വർഷം ലഭ്യമായ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. റീ അപ്രോപ്രിയേഷൻ മുഖേന കൂടുതൽ തുക ലഭ്യമാക്കുന്നതിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. അധിക തുക ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അടിയന്തിരമായി വിതരണം ചെയ്യുന്നതാണ്.

**വാത്സല്യനിധി പദ്ധതി**

80 (4627) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാത്സല്യനിധി പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് ധനസഹായം ലഭിക്കുന്നതിനായി എൽ.ഐ.സി.-യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്; ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള എണ്ണം, നിക്ഷേപിച്ച തുക എന്നിവ വിശദമാക്കാമോ?

വാത്സല്യനിധി പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള 14259 പട്ടികജാതി പെൺകുട്ടികളുടെ ഒന്നാം ഗഡു തുകയായി ആകെ 55,61,01,000/- രൂപ (അമ്പത്തിയഞ്ച് കോടി അറുപത്തിയൊന്ന് ലക്ഷത്തി ആയിരം രൂപ മാത്രം) എൽ.ഐ.സി.-യിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

വാത്സല്യനിധി പദ്ധതി പ്രകാരം അപേക്ഷകരായ പെൺകുട്ടികളുടെ ആദ്യ രക്ഷിതാവിന് മരണമോ അംഗവൈകല്യമോ സംഭവിക്കുന്ന സാഹചര്യത്തിൽ അനുവദിക്കുന്ന ഇൻഷുറൻസ് തുകയും പെൺകുട്ടിക്കും സഹോദരനോ സഹോദരിക്കോ 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ അനുവദിക്കുന്ന സ്കോളർഷിപ്പും കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കി വന്നിരുന്ന പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന (PMJJBY) പോളിസി മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് LIC യിൽ നിന്നും അനുവദിക്കുന്നതിന് നിബന്ധന ചെയ്തിരുന്നത്. അപേക്ഷ സമർപ്പിച്ചിട്ടുള്ള 14259 പട്ടികജാതി പെൺകുട്ടികളുടെ ഒന്നാം ഗഡു തുക 55,61,01,000/- രൂപ

(അമ്പത്തിയഞ്ച് കോടി അറുപത്തിയൊന്ന് ലക്ഷത്തി ആയിരം രൂപ മാത്രം) എൽ.ഐ.സി.യിൽ നിക്ഷേപിച്ചിട്ടുണ്ട്.

എന്നാൽ 01-06-2020 മുതൽ PMJJBY പോളിസി കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുള്ള സാഹചര്യത്തിൽ പദ്ധതി മാനദണ്ഡപ്രകാരം ആദ്യ രക്ഷകർത്താവിന് മരണമോ അംഗവൈകല്യമോ സംഭവിക്കുമ്പോൾ ലഭിക്കേണ്ട ഇൻഷുറൻസ് തുകയും കുട്ടികൾക്ക് പ്രഖ്യാപിച്ചിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിക്കുവാൻ നിലവിൽ LIC തയ്യാറല്ല. ഇതോടെ പദ്ധതിയുടെ പ്രധാന ആകർഷണീയത നഷ്ടമായി. PMJJBY പോളിസി നിലവില്ലാത്ത സാഹചര്യത്തിൽ ടി പോളിസി പ്രകാരം നിശ്ചയിച്ചിരുന്ന ഇൻഷുറൻസ് ആനുകൂല്യങ്ങൾ പുനസ്ഥാപിയ്ക്കുന്നതിനായി പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ച് വാത്സല്യനിധി പദ്ധതി പുനഃക്രമീകരിക്കുന്നതിനു LIC യുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടത്തി വരുന്നു.

**പട്ടിക വർഗ്ഗ വിഭാഗത്തിലുൾപ്പെട്ടവർക്ക് ലൈഫ് പദ്ധതിയിൽ അനുവദിച്ച പുതിയ വീടുകളുടെ എണ്ണം**

81 (4628) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ);

ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വിഭാഗത്തിലുൾപ്പെട്ടവർക്ക് 2010-ന് മുൻപ് അനുവദിച്ച വീടുകളിൽ വാസയോഗ്യമല്ലാത്ത വീടുകളുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത്തരം വീടുകളുടെ എണ്ണം ട്രൈബൽ എക്സ്റ്റെൻഷൻ ആഫീസ് തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) പട്ടിക വർഗ്ഗ വിഭാഗത്തിലുൾപ്പെട്ടവർക്ക് 2010-ന് മുമ്പ് അനുവദിച്ചതും എന്നാൽ വാസയോഗ്യമല്ലായെന്ന് കണ്ടെത്തിയിട്ടുള്ളതുമായ വീടുകൾ വാസയോഗ്യമാക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

വാസയോഗ്യമല്ലായെന്ന് കണ്ടെത്തുന്ന വീടുകൾക്ക് പകരം പുതിയ വീട് ലഭ്യമാക്കുന്നതിന് ലൈഫ് മിഷൻ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസം**

82 (4629) **ശ്രീ. ടി. സിദ്ദിഖ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ അണ്ടർ ഗ്രാജ്വറ്റ്, പി.ജി., പി.എച്ച്.ഡി. തലത്തിലേയ്ക്ക് എത്ര പേർ എത്തുന്നുവെന്ന് എണ്ണം തിരിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സഹായകരമാകുന്ന സർക്കാർ പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സഹായകരമാകുന്ന സർക്കാർ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി

പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പത്താം ക്ലാസിന് മുകളിൽ പഠിക്കുന്നവർക്ക് "പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തുവരുന്നു.

2. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം

അക്കാഡമിക് - കലാ - കായിക മൽസരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.എൽ.സി, പ്ലസ് 2 പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000/- രൂപയും, ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസ്സിൽ പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/-, 6000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകിവരുന്നു.

3. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള പ്രാരംഭ ചെലവിനുള്ള ധനസഹായം

മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000/- രൂപയ്ക്ക് താഴെ) പ്രാരംഭ ചെലവിനത്തിൽ 5,000/- രൂപ ധനസഹായം നൽകിവരുന്നു.

4. സിവിൽ സർവ്വീസസ് പരിശീലനം

പട്ടികവർഗ്ഗ യുവതീയുവാക്കളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി നിർദ്ദിഷ്ട യോഗ്യതയുള്ള 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും സിവിൽ സർവ്വീസ് പരീക്ഷയ്ക്കാവശ്യമായ പരിശീലനം നൽകുന്നു.

5. വിദേശത്ത് ഉപരിപഠനം

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനം നടത്തുന്നതിന് 25 ലക്ഷം രൂപ വരെ ധനസഹായം വകുപ്പ് മുഖേന നൽകി വരുന്നു. സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ

ധനസഹായം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

6. NEET/JEE പ്രവേശന പരീക്ഷകൾക്ക് പരിശീലനം

NEET/JEE പോലുള്ള പ്രൊഫഷണൽ കോഴ്സുകളിലേക്കും പ്രവേശന പരീക്ഷകൾക്ക് ഉന്നത നിലവാരമുള്ള സ്ഥാപനങ്ങളിൽ സൗജന്യ പരിശീലനം നൽകിവരുന്നുണ്ട്.

7. ലാപ്ടോപ്പ് വിതരണ പദ്ധതി

തെരഞ്ഞെടുത്ത 32 കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി ലാപ്ടോപ്പ് വാങ്ങി നൽകുന്നു.

**പട്ടികജാതി പെൺകുട്ടികളുടെ ആരോഗ്യ, വിദ്യാഭ്യാസ, സാമ്പത്തിക ഉന്നമനത്തിനുള്ള പദ്ധതി**

83 (4630) ശ്രീമതി ഉമ തോമസ്;

ശ്രീമതി കെ. കെ. രമ;

ശ്രീ. അൻവർ സാദത്ത്;

**ശ്രീ. സജീവ് ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ വികസനം ലക്ഷ്യമിട്ട് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ വികസനം ലക്ഷ്യമിട്ട് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത പദ്ധതി വകുപ്പിൽ നടപ്പിലാക്കി വരുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും LIC OF INDIA-യും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതി പ്രകാരം അപേക്ഷകയായ പെൺകുട്ടിയുടെ പേരിൽ നാല് ഗഡുക്കളായി ആകെ 1,38,000/- (ഒരു ലക്ഷത്തി മുപ്പത്തി എണ്ണായിരം രൂപ മാത്രം) രൂപ വകുപ്പിൽ നിന്നും LIC-യിൽ നിക്ഷേപിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പെൺകുട്ടിയ്ക്ക് 18 വയസ്സ്

പൂർത്തിയാകുമ്പോൾ 3,00,000/- (മൂന്ന് ലക്ഷം രൂപ മാത്രം) രൂപ LIC-യിൽ നിന്നും തിരികെ ലഭ്യമാകുന്നു.

ഇതിനുപുറമെ 8 വയസ്സിനുശേഷം പെൺകുട്ടിക്ക് മരണം സംഭവിയ്ക്കുക, രക്ഷകർത്താക്കൾക്ക് മരണമോ അംഗവൈകല്യമോ സംഭവിക്കുക തുടങ്ങിയ സാഹചര്യങ്ങളിൽ ഇൻഷ്വറൻസ് തുകയും പെൺകുട്ടിക്കും സഹോദരനോ സഹോദരിക്കോ 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ സ്കോളർഷിപ്പ് എന്നിവയും അനുവദിയ്ക്കുന്നതിന് നിബന്ധന ചെയ്തിരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ?

01.04.2017 മുതൽ ജനിച്ചിട്ടുള്ള പട്ടികജാതി പെൺകുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികൾക്കാണ് അപേക്ഷിയ്ക്കാൻ അർഹതയുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക് മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം.

(സി) പ്രസ്തുത പദ്ധതി കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വാത്സല്യനിധി പദ്ധതിയിൽ അംഗങ്ങളായ പട്ടികജാതി പെൺകുട്ടികളുടെ രക്ഷിതാക്കളിൽ ആദ്യ രക്ഷിതാവിന് മരണം/അംഗവൈകല്യം സംഭവിച്ചാൽ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരമുള്ള ഇൻഷ്വറൻസ് തുകയും വിദ്യാഭ്യാസാനുകൂല്യങ്ങളും പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന (PMJJBY) പോളിസി പ്രകാരമാണ് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ (LIC) നിന്നും അനുവദിക്കേണ്ടിയിരുന്നത്. 01/06/2020 മുതൽ പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന (PMJJBY) പദ്ധതി കേന്ദ്രസർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ പദ്ധതി മാനദണ്ഡ പ്രകാരം ആദ്യരക്ഷിതാവിന് മരണമോ അംഗവൈകല്യമോ സംഭവിയ്ക്കുമ്പോൾ ലഭിക്കേണ്ട ഇൻഷ്വറൻസ് തുകയും കുട്ടികൾക്ക് പ്രഖ്യാപിച്ചിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിയ്ക്കുന്നതിൽ നിന്നും LIC ഏകപക്ഷീയമായി പിന്മാറുകയുണ്ടായി. ഇത് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയുണ്ടായി. PMJJBY പോളിസി നിലവില്ലാത്ത

സാഹചര്യത്തിൽ ടി പോളിസി പ്രകാരം നിശ്ചയിച്ചിരുന്ന ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ പുനസ്ഥാപിയ്ക്കുന്നതിനായി പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ച് വാത്സല്യനിധി പദ്ധതി പുനഃക്രമീകരിക്കുന്നതിനു LIC യുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടത്തിരുന്നു.

**സേഫ് പദ്ധതിയുടെ വിശദാംശം**

84 (4631) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നടപ്പിലാക്കി വരുന്ന സേഫ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതിക്കായുള്ള അപേക്ഷകൾ എപ്പോഴാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ; അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസരം നൽകാമോ?

2010 ഏപ്രിൽ 1-ന് ശേഷം ഭവനപൂർത്തീകരണം നടത്തിയിട്ടുള്ളവരും, കഴിഞ്ഞ 5 വർഷക്കാലയളവിൽ ഭവന നിർമ്മാണത്തിനോ, ഭവന

പുനരുദ്ധാരണത്തിനോ ധനസഹായം ലഭിക്കാത്തതുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളുടെ ഭവനപൂർത്തീകരണവും, പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് SAFE (Secure Accommodation and Facility Enhancement) പദ്ധതി.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 11/11/2022 ആയിരുന്നു. നിശ്ചിത തീയതിക്കകം അപേക്ഷ സമർപ്പിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കെല്ലാം ധനസഹായം അനുവദിച്ച ശേഷമേ പുതിയ അപേക്ഷ ക്ഷണിക്കുകയുള്ളൂ.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല.

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ നിന്നും നാളിതുവരെ സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും എത്ര പേർക്ക് ആനുകൂല്യം ലഭിച്ചുവെന്നും അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽ നിന്നും സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 859 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ബാലുശ്ശേരി ബ്ലോക്കിൽ 61 അപേക്ഷകൾക്ക് അപ്രൂവൽ നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 81 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ടി അപേക്ഷകർക്ക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### സമഗ്ര ആരോഗ്യ പരിരക്ഷാ പദ്ധതി

85 (4632) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി സമഗ്ര ആരോഗ്യ പരിരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയാണ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ പട്ടിക വർഗ്ഗക്കാർക്കും 10,000/- രൂപ വരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജ്, ഇതുമായി ബന്ധപ്പെട്ട ആശുപ്രതികൾ, കണ്ണൂരിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരത്തെ ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, റീജിയണൽ കാൻസർ സെന്റർ, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സ നൽകി വരുന്നു. ചെലവ് 50,000/- രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി

ഉത്തരവിലൂടെ ചികിത്സാചെലവ് അനുവദിക്കുന്നു. ആശുപത്രിയിൽ സൗജന്യമായി ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രിയോട് അനുബന്ധിച്ചുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രി വികസന സമിതിയുടെ അധീനതയിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭ്യമല്ലാത്ത മരുന്നുകൾ പുറത്ത് മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപ്രതികളിൽ നിന്നുള്ള ലാബ് ടെസ്റ്റിന്റെ ചെലവുകൾ, സർക്കാർ ആശുപത്രികൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്ത് നിന്നുള്ള സ്ഥാപനങ്ങളിൽ നിന്നും ചെയ്യുന്നതിനുള്ള ചെലവ്, രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടിവരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ പുറത്തുനിന്നും ലഭ്യമാക്കുന്നതിനുള്ള ചെലവ്, രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനും അർഹരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീടുകളിൽ എത്തിക്കുന്നതിനും, മരണമടഞ്ഞവരുടെ മൃതദേഹം വീടുകളിൽ എത്തിക്കുന്നതിനും വേണ്ടി വരുന്ന യഥാർത്ഥ ആംബുലൻസ്/വാഹന വാടക,

ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150/- രൂപ വരെയുള്ള ചെലവ്, ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200/- രൂപ വരെയുള്ള ചെലവ് എന്നിവ അനുവദിച്ചു നൽകുന്നു.

സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ അർഹരായ എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാർക്കും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ച് വരികയാണ്.

(ബി) നടപ്പിലാക്കിയിട്ടില്ലെങ്കിൽ ഒരു സമഗ്ര ആരോഗ്യ പരിരക്ഷ പദ്ധതി തയ്യാറാക്കുന്നതിന് വകുപ്പ് മുൻകൈയെടുക്കുമോ; വിശദാംശം നൽകുമോ?

ബാധകമല്ല.

**ഭവന നിർമ്മാണ പദ്ധതി വിഹിതം ഉയർത്താൻ നടപടി**

86 (4633) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ എത്ര തുകയാണ് ഭവന നിർമ്മാണത്തിനായി അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിഹിതം ഉയർത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾക്കായി പ്രത്യേകം നടപ്പിലാക്കുന്ന ദുർബല പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയും പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി ആദിവാസി പുനരധിവാസ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും മാത്രമാണ് പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പുകൾ മുഖേന നിലവിൽ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ സമഗ്ര പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ

മുഖേനയാണ് നിലവിൽ സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നത്. ഭവന രഹിതരായ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനായി ലൈഫ് മിഷന് തുക കൈമാറുകയാണ് നിലവിൽ വകുപ്പ് ചെയ്യുന്നത്.

**പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കുന്ന പൊതുസേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

87 (4634) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കുന്ന പൊതുസേവനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് ലഭിക്കുന്ന പൊതുസേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഒരു കർമ്മപദ്ധതി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സർക്കാർ നടത്തുന്ന വിവിധ ക്ഷേമ-വികസന പ്രവർത്തനങ്ങൾ അവരുടെ സാമൂഹിക സാമ്പത്തിക മേഖലകളിലുളവാക്കുന്ന മാറ്റങ്ങൾ കൃത്യമായി പരിശോധിക്കപ്പെടുന്നുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കുന്ന പൊതുസേവനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പിന് വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളുണ്ട്. അക്കൗണ്ടന്റ് ജനറൽ, ധനകാര്യ വകുപ്പ്, ആഭ്യന്തര പരിശോധന സംവിധാനം എന്നിവയുടെ വിവിധതലത്തിലുള്ള പരിശോധനകൾ മുഖേന സേവനങ്ങളുടെ ഫലപ്രാപ്തി പരിശോധിക്കുന്നുണ്ട്.

ഓരോ സങ്കേതങ്ങളിലുള്ള ഊരുകൂട്ടങ്ങൾ അതത് പ്രദേശത്തെ വികസന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നിർവഹണത്തിലും

മേൽനോട്ടത്തിലും ഇടപെടലുകൾ നടത്തുന്ന രീതിയിൽ ശാക്തീകരിക്കപ്പെട്ടിട്ടുണ്ട്.

ഇവ കൂടാതെ നിയോജകമണ്ഡലത്തിൽ എം.എൽ.എ.മാരുടെ അധ്യക്ഷതയിലുള്ള സമിതികൾ, പട്ടികജാതി-പട്ടികവർഗ്ഗ ജില്ലാതല മോണിറ്ററിംഗ് സമിതി എന്നിവയും പദ്ധതികൾ പരിശോധിക്കുന്നുണ്ട്.

പദ്ധതികളുടെ ധനവ്യയം സംബന്ധിച്ച് പ്ലാൻ സ്പേസ് സംവിധാനം വഴി സംസ്ഥാനതലം വരെ അവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്. ഇതുകൂടാതെ ഓരോ ജില്ലകളിലും വികസന പ്രവർത്തനങ്ങൾ വിലയിരുത്താൻ ഡയറക്ടറേറ്റിലെ നിയന്ത്രണ ഉദ്യോഗസ്ഥർക്ക് ഓരോ ജില്ലയുടെയും ചുമതല നൽകി ആയത് അവലോകനം ചെയ്തുവരുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വനം വന്യജീവി വകുപ്പിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ അർഹരായവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി വിവിധ തലങ്ങളിൽ നടക്കുന്ന ഉദ്യോഗസ്ഥതല അവലോകന യോഗങ്ങളിൽ വകുപ്പ് വിലയിരുത്തൽ നടത്താറുണ്ട്. കൂടാതെ വന സംരക്ഷണ സമിതികളുടെയും ഇക്കോ-ഡവലപ്മെന്റ് കമ്മിറ്റികളുടെയും

പദ്ധതി പ്രവർത്തനങ്ങൾ VSS/EDC എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗുകളിൽ അവലോകനം ചെയ്യാറുണ്ട്. ഇതോടൊപ്പം ഇക്കാര്യങ്ങൾ FDA തലത്തിലും അന്തിമമായി സംസ്ഥാന വന വികസന ഏജൻസി തലത്തിലും വിലയിരുത്തുന്നു.

**പട്ടികവർഗ്ഗ വിഭാഗത്തിലെ ഭിന്നശേഷിക്കാർക്കായി കാറ്റാടി പദ്ധതി**

88 (4635) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന കാറ്റാടി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരുടെ ശാരീരികവും സാമൂഹികവുമായ പുനരധിവാസം ലക്ഷ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പും, Composite Regional Centre for Skill Development, Rehabilitation &

Empowerment of Person with Disabilities Kozhikode (CRC-K)-യും സംയോജിതമായി ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് Kerala Accelerated Tribal Ability Development & Inclusion Initiative (KATADI) ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാർക്ക് അവരുടെ വൈകല്യങ്ങൾ/വെല്ലുവിളികൾ തരണം ചെയ്യുന്നതിനായി ആധുനിക നിലവാരമുള്ള സഹായക ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ വൈകല്യങ്ങളെക്കുറിച്ചുള്ള അവബോധം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സൃഷ്ടിക്കുന്നതിനും വൈകല്യങ്ങൾ നേരത്തേ തിരിച്ചറിഞ്ഞ് നേരത്തേയുള്ള ഇടപെടൽ നടത്തുന്നതിന് സഹായകമായ ബോധവത്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ഏകദേശം 1000 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 75 ലക്ഷം രൂപ വിലവരുന്ന സഹായക ഉപകരണങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ഉപപദ്ധതികൾ**

89 (4636) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ഉപപദ്ധതികൾ തയ്യാറാക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ?

ആറാം സംസ്ഥാന ധനകാര്യ കമ്മിഷൻ ശിപാർശ ചെയ്ത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പട്ടികജാതി ഉപപദ്ധതി തയ്യാറാക്കുന്നത്. പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബജറ്റിൽ ജനസംഖ്യാനുപാതികമായി തുക വകയിരുത്തുന്നുണ്ട്. 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ പട്ടികജാതി ജനസംഖ്യ 30,39,573 ആണ്. ഇത് സംസ്ഥാന ജനസംഖ്യയുടെ 9.1 ശതമാനമാണ്. സംസ്ഥാന ബജറ്റിൽ പട്ടികജാതി വികസന ക്ഷേമപ്രവർത്തനങ്ങൾക്കായി നിലവിൽ 9.81 ശതമാനം വിഹിതം വകയിരുത്തി വരുന്നുണ്ട്.

2011-ലെ സെൻസസ് പ്രകാരം ജനസംഖ്യാനുപാതികമായി തുക വിഭജിക്കുന്നത് 83.25:16.75 എന്ന അനുപാതത്തിലാണ്, പഞ്ചായത്തുകൾക്കും നഗര തദ്ദേശ സ്ഥാപനങ്ങൾക്കും ഫണ്ട് വിതരണം ചെയ്യുന്നത്. പഞ്ചായത്തുകൾക്ക് ലഭ്യമായ ഫണ്ട് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയ്ക്കിടയിൽ 60:20:20 എന്ന അനുപാതത്തിലും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 58.06:41.94 എന്ന അനുപാതത്തിലും വിഭജിക്കുന്നു.

പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നത് പട്ടികവർഗ്ഗ വികസന വകുപ്പാണ്. വിദ്യാഭ്യാസം, ഭവനം, ആരോഗ്യം, സാമ്പത്തിക വികസനം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. വകുപ്പിനെ കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പും മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന ഉപപദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. പ്രധാനമായും അടിസ്ഥാന സൗകര്യ വികസനങ്ങളായ റോഡ്, കുടിവെള്ളം,

വൈദ്യുതി, മണ്ണ് സംരക്ഷണം എന്നീ മേഖലകൾക്കാണ് ഊന്നൽ നൽകുന്നത്. അതോടൊപ്പം വിദ്യാഭ്യാസം, കല, കായികം എന്നിവക്കും പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത ഉപപദ്ധതികൾ പ്രകാരം ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

സംസ്ഥാന ബജറ്റിൽ പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തങ്ങൾക്കായി വകയിരുത്തുന്ന വിഹിതത്തിന്റെ 55% പട്ടികജാതി വികസന വകുപ്പ് മുഖേനയും 45% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുമാണ് നിർവ്വഹണം നടത്തുന്നത്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം-I** ആയി ചേർക്കുന്നു+.

പട്ടിക വർഗ്ഗ വികസന വകുപ്പ് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത ഉപപദ്ധതികൾ പ്രകാരം ഓരോ സാമ്പത്തിക വർഷവും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം – II** ആയി ചേർക്കുന്നു+.

**പട്ടികജാതി, പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്ക് കേന്ദ്രവിഹിതമായി ലഭിച്ച തുക**

90 (4637) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉപപദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്രസഹായ വിഹിതമായി ലഭിച്ച തുകയും അതിൽ ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ?

2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉപപദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്രസഹായ വിഹിതമായി ലഭിച്ച തുകയും ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | കേന്ദ്ര സഹായമായി | ചെലവഴിച്ച തുക |
|---|---|---|

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

| | ലഭ്യമായ തുക (ലക്ഷത്തിൽ) | (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 808.09 | 808.09 |
| 2017-18 | 808.43 | 808.43 |
| 2018-19 | 335 | 335 |
| 2019-20 | NIL | NIL |
| 2020-21 | 459.15 | 459.15 |
| 2021-22 | NIL | NIL |
| 2022-23 | NIL | NIL |

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് വിവരം ശേഖരിച്ചു വരുന്നു.

**സമഗ്ര കോളനി വികസന പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടാകുന്ന കാലതാമസം**

91 (4638) ശ്രീമതി ഒ എസ് അംബിക: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ പട്ടികജാതി കോളനികളിൽ നടപ്പാക്കി വരുന്ന സമഗ്ര കോളനി വികസന പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി വേഗത്തിൽ

പൂർത്തീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ ഉന്നതതല അവലോകന യോഗങ്ങളിൽ നൽകിയ കർശന നിർദ്ദേശത്തെ തുടർന്ന് മുൻ സർക്കാരുകളുടെ കാലത്ത് അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും പൂർത്തിയാകാതെ അവശേഷിച്ചിരുന്നതുമായ ഭൂരിഭാഗം കോളനികളിലെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ

92 (4639) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ;

ശ്രീ. പി. പി. സുമോദ്;

ശ്രീ എം എസ് അരുൺ കുമാർ;

ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക ഉന്നമനത്തിനായി നടത്തി വന്നിരുന്ന പല പദ്ധതികളിൽ നിന്നും കേന്ദ്രം പിൻവാങ്ങുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി തുടർന്നുവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനായി നടത്തുന്ന ഇടപെടലുകളെക്കുറിച്ച് വിശദമാക്കുമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വന്നിരുന്ന ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ സഹായം 1 മുതൽ 8 വരെയുള്ള ക്ലാസ്സുകാരെ ഒഴിവാക്കി കൊണ്ട് 9, 10 ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് മാത്രമായി കേന്ദ്ര സർക്കാർ ചുരുക്കുകയുണ്ടായി. ആയതിനാൽ അർഹരായ ധാരാളം വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കാത്ത സാഹചര്യം ഉണ്ടായി. 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിൽ നിന്നും കേന്ദ്ര സർക്കാർ പിൻമാറിയ സാഹചര്യത്തിൽ ഈ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക എന്ന ലക്ഷ്യത്തോടെ പുതിയ

പദ്ധതി വകുപ്പ് ആരംഭിക്കുകയും നടപ്പ് സാമ്പത്തിക വർഷം 25 കോടി രൂപ ഈ ഇനത്തിൽ വകയിരുത്തിയിരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പിന്നാക്ക വിഭാഗങ്ങൾക്ക് സ്ഥിരവരുമാനം കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും ധനസഹായം ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കുന്ന മൈക്രോ ക്രെഡിറ്റ് പദ്ധതി സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പിന്നാക്ക വിഭാഗങ്ങൾക്ക് സ്ഥിര വരുമാനം കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രധാന വായ്പാ പദ്ധതികളിലൊന്നാണ് മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി. കോർപ്പറേഷൻ പ്രാമുഖ്യം നൽകി വരുന്ന ടി വായ്പാ പദ്ധതിയിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് കുടുംബശ്രീ സി.ഡി.എസ്/തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ മുഖേന പരമാവധി 3 കോടി രൂപ 4% മുതൽ 5% വരെ പലിശ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചുവരുന്നു.

ടി പദ്ധതി പ്രകാരം വായ്പ ലഭ്യമാക്കുന്നതിന് ഓരോ വർഷവും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. നാളിതുവരെ 31,935 അയൽക്കൂട്ടങ്ങൾക്ക് 1151.82 കോടി രൂപ, 3,41,366 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ മതന്യൂനപക്ഷങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുപുറമെ സമൂഹത്തിന്റെയാകെ ഉന്നമനം ലക്ഷ്യമിട്ട് എൻ.ജി.ഒ.-കൾ, കുടുംബശ്രീ സി.ഡി.എസുകൾ എന്നിവ മുഖാന്തിരം വരുമാന പരിധിയോ സാമുദായിക പരിഗണനയോ കണക്കാക്കാതെ ധനസഹായം നൽകി വരുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC)-ന്റെ ഫണ്ട് വിനിയോഗിച്ചാണ് മതന്യൂനപക്ഷ വിഭാഗങ്ങൾക്കായി വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. NGO-കൾ കുടുംബശ്രീ സി.ഡി.എസ്സുകൾ എന്നിവർക്ക് കോർപ്പറേഷൻ ധനസഹായം നൽകി വരുന്നില്ല. എന്നാൽ

കുറഞ്ഞ പലിശ നിരക്കിൽ മൈക്രോ ക്രെഡിറ്റ് വായ്പ അനുവദിച്ചു വരുന്നുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ഡി) ഇത്തരത്തിൽ എൻ.ജി.ഒ.-കൾ, കുടുംബശ്രീ സി.ഡി.എസുകൾ എന്നിവയ്ക്ക് നൽകുന്ന ലിങ്കേജ് വായ്പയിന്മേൽ പൊതുമേഖലാ ബാങ്കുകൾ ഈടാക്കുന്ന പലിശയും സർവീസ് ചാർജ്ജും പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഈടാക്കുന്ന തുകയും തമ്മിൽ സാരമായ വ്യത്യാസം ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

NGO-കൾ കുടുംബശ്രീ സി.ഡി.എസ്സുകൾ എന്നിവർക്ക് പൊതുമേഖലാ ബാങ്കുകൾ ലിങ്കേജ് വായ്പയിന്മേൽ ഈടാക്കുന്ന പലിശയും സർവ്വീസ് ചാർജ്ജും കോർപ്പറേഷൻ ഈടാക്കുന്ന തുകയും തമ്മിൽ വ്യത്യാസങ്ങൾ ഉണ്ട്. കോർപ്പറേഷൻ അനുവദിച്ചുവരുന്ന മൈക്രോ ക്രെഡിറ്റ്/മഹിളാ സമൃദ്ധി യോജന പദ്ധതി പ്രകാരം വായ്പയായി പരമാവധി 3 കോടി രൂപ 3% മുതൽ 5% വരെ പലിശ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചുവരുന്നു. കൂടാതെ സി.ഡി.എസ്സുകളിൽ നിന്നും വായ്പാ തുകയുടെ 0.25%, പരമാവധി 5,000/- രൂപയും, NGO-കളിൽ നിന്നും വായ്പാ തുകയുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

0.25%, പരമാവധി 10,000/- രൂപയുമാണ് പ്രോസസ്സിംഗ് ഫീസ് ആയി കോർപ്പറേഷൻ ഈടാക്കുന്നത്.

**ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് ലഭ്യമാക്കാൻ നടപടി**

93 (4641) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി;

ശ്രീ. കെ ബി ഗണേഷ് കുമാർ;

ശ്രീ. തോമസ് കെ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് കാലതാമസം കൂടാതെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2022-23 വർഷ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 227 കോടി രൂപ അപര്യാപ്തമായതിനാൽ ധനവകുപ്പിനോട് 100 കോടി രൂപ കൂടി അനുവദിക്കുന്നതിന് അഭ്യർത്ഥിക്കുകയും അവസാന ബാച്ച് SDG-യിൽ 60 കോടി രൂപ കൂടി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിയന്ത്രണങ്ങൾ ഒഴിവാക്കിക്കൊണ്ട് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് അനുവദിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണയിലാണ്.

(സി) വിദ്യാർത്ഥികൾക്ക് അടിയന്തരമായി ഇ-ഗ്രാന്റ് ലഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

2022-23 വർഷ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 227 കോടി രൂപ അപര്യാപ്തമായതിനാൽ ധനവകുപ്പിനോട് 100 കോടി രൂപ കൂടി അനുവദിക്കുന്നതിന് അഭ്യർത്ഥിക്കുകയും അവസാന ബാച്ച് SDG-യിൽ 60 കോടി രൂപ കൂടി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിയന്ത്രണങ്ങൾ ഒഴിവാക്കി

ക്കൊണ്ട് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് അനുവദിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ

94 (4642) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

കോർപ്പറേഷൻ മുഖേന നൽകിവരുന്ന വായ്പാ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത സ്ഥാപനത്തിന് ലഭിക്കാനുള്ള വായ്പാ കുടിശ്ശിക തീർക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പോലുള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കോർപ്പറേഷനിൽ നിന്നും വായ്പ കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കൾക്ക് നിലവിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു. കാലാകാലങ്ങളിൽ ഡയറക്ടർ ബോർഡ് തീരുമാനം അനുസരിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ പലിശ/പിഴപ്പലിശ എന്നിവയിൽ ഇളവുകൾ നൽകി വരുന്നു.

**മലപ്പുറം ജില്ലയിൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന**

**കോർപ്പറേഷൻ വഴി നൽകിയ വായ്പകൾ**

95 (4644) <u>ശ്രീ. പി. ഉബൈദുള്ള:</u> താഴെ കാണുന്ന ചോദ്യത്തിന് താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി ഈ സാമ്പത്തിക വർഷം നൽകിയ വായ്പകളുടെ വിശദാംശം ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

മലപ്പുറം ജില്ലയിൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി ഈ സാമ്പത്തിക വർഷം നൽകിയ വായ്പകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പല പദ്ധതികളിലും ഫണ്ടിന്റെ അപര്യാപ്തത മൂലം അപേക്ഷകർക്ക് കൃത്യ സമയത്ത് വായ്പ ലഭിക്കാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്ര ഏജൻസികളുടെ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികളിൽ, ഏജൻസികളിൽ നിന്നും ഫണ്ട് ലഭ്യമാകാൻ കാലവിളംബം നേരിട്ടാൽ ഫണ്ട് അലോട്ട്മെന്റ് നൽകി പ്രസ്തുത വായ്പകൾ വിതരണം ചെയ്യുവാൻ കോർപ്പറേഷൻ പരമാവധി ശ്രമിക്കാറുണ്ട്.

(സി) എങ്കിൽ ഫണ്ട് അലോട്ട്മെന്റ് നൽകി പ്രസ്തുത വായ്പകൾ കൃത്യമായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

കേന്ദ്ര ഏജൻസികളുടെ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികളിൽ, ഏജൻസികളിൽ നിന്നും ഫണ്ട് ലഭ്യമാകാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാലവിളംബം നേരിട്ടാൽ ഫണ്ട് അലോട്ട്മെന്റ് നൽകി പ്രസ്തുത വായ്പകൾ വിതരണം ചെയ്യുവാൻ കോർപ്പറേഷൻ പരമാവധി ശ്രമിക്കാറുണ്ട്.

**അയൽക്കൂട്ടങ്ങൾക്ക് മൈക്രോ ക്രെഡിറ്റ് വായ്പ**

96 (4645) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന അയൽക്കൂട്ടങ്ങൾക്ക് മൈക്രോ ക്രെഡിറ്റ് വായ്പ നൽകിയിട്ടുണ്ടോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന അയൽക്കൂട്ടങ്ങൾക്ക് മൈക്രോ ക്രെഡിറ്റ് വായ്പ അനുവദിച്ചുവരുന്നുണ്ട്.

(ബി) എങ്കിൽ പ്രസ്തുത വായ്പ എത്ര അയൽക്കൂട്ടങ്ങൾക്കാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പ്രസ്തുത വായ്പ നാളിതുവരെ 31,935 അയൽക്കൂട്ടങ്ങൾക്കാണ് നൽകിയിട്ടുള്ളത്.

(സി) ഈ ഇനത്തിൽ എത്ര കോടി രൂപ എത്ര ഗുണഭോക്താക്കൾക്ക് നൽകിയെന്നും വ്യക്തമാക്കാമോ?

ഈ ഇനത്തിൽ 3,41,366 ഗുണഭോക്താക്കൾക്കായി 1151.82 കോടി രൂപ നൽകിയിട്ടുണ്ട്.

**ശബരിമല സീസണിൽ ഡി.റ്റി.പി.സി-യ്ക്ക് നൽകിയ സുരക്ഷാ ചുമതല**

97 (4646) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സീസണിൽ ഇടത്താവളമായ കുറ്റിപ്പുറം മിനി പമ്പയിൽ സുരക്ഷാ ക്രമീകരണങ്ങളുടെ ചുമതല ഡി.റ്റി.പി.സി-യെയാണ് ഏൽപ്പിച്ചുവരുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഏത് വർഷം മുതലാണ് ഡി.റ്റി.പി.സി.-യ്ക്ക് ഈ ചുമതല നൽകിയതെന്ന് വ്യക്തമാക്കാമോ?

2012-2013 കാലയളവ് മുതൽ

(സി) ഈ ഇനത്തിൽ ഡി.റ്റി.പി.സി-യ്ക്ക് സർക്കാർ തുക അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

2012-2013 മുതൽ 2017-2018 കാലയളവ് വരെ ആകെ 52,54,676/- രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ഇല്ലെങ്കിൽ എത്ര രൂപയാണ് നൽകാനുള്ളതെന്നും എന്നത്തേക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

49,70,199/- രൂപ കൂടി അനുവദിക്കുന്നതിനായി ജില്ലാ കളക്ടർ സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരുന്നു.

**ശബരിമല വനഭൂമി**

98 (4647) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വകുപ്പിന് കീഴിലുള്ള ശബരിമല വനഭൂമിയുടെ വിസ്തീർണ്ണം തീരുമാനിക്കുന്നതിനായി നടത്തിയ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഭൂമി സംബന്ധമായി നിലനിന്നിരുന്ന പൊരുത്തക്കേടുകൾ പരിഹരിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശബരിമല ക്ഷേത്രം ഉൾപ്പെട്ടുവരുന്ന 94.50 ഏക്കർ വസ്തുവിലെ തർക്കം പരിഹരിക്കപ്പെട്ടിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. പമ്പ, ചെറിയാനവട്ടം, നിലക്കൽ എന്നിവിടങ്ങളിലെ സർവ്വേ റിപ്പോർട്ടുകൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**തിരുവിതാംകൂർ ദേവസ്വം ബോർഡ്**

99 (4648) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഭിന്നശേഷിക്കാരായ താഴ്ന്ന വിഭാഗം ജീവനക്കാരെ നിരന്തരം ട്രാൻസ്ഫർ ചെയ്ത് ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല.

(ബി) പ്രസ്തുത ജീവനക്കാരെ പ്രത്യേക ഡ്യൂട്ടി വ്യവസ്ഥയിൽ ദേവസ്വം ബോർഡ് ഹെഡ് ക്വാർട്ടേഴ്സിൽ നിയമിക്കാൻ നിലവിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ?

ഭിന്നശേഷിക്കാരായ താഴ്ന്നവിഭാഗം ജീവനക്കാരെ പ്രത്യേക ഡ്യൂട്ടി വ്യവസ്ഥയിൽ ഹെഡ്ക്വോർട്ടേഴ്സിൽ നിയമിക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. ജീവനക്കാരെ ഡ്യൂട്ടി വ്യവസ്ഥയിൽ ചുമതല നൽകി നിയോഗിക്കുന്നത് അടിയന്തര ഘട്ടങ്ങളിൽ മാത്രമാണ്. ഇപ്രകാരം തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം ദേവസ്വം ബോർഡിൽ നിക്ഷിപ്തമാണ്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സ്പെഷ്യൽ റൂൾ**

**100 (4649)** **ശ്രീ. സി. ആർ. മഹേഷ്** **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അധികാരം വിഭജിച്ചുനൽകുന്ന 1950-ലെ ട്രാവൻകൂർ കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻ ആക്ട് സെക്ഷൻ 15 ഡി ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ?

1950-ലെ തിരുവിതാംകൂർ കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻ നിയമത്തിൽ 15 ഡി എന്ന വകുപ്പില്ല. എന്നാൽ ദേവസ്വം ബോർഡിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ രൂപീകരണം സംബന്ധിച്ച് 15 ബി എന്ന വകുപ്പ് 2007-ലെ നിയമഭേദഗതിപ്രകാരം കൂട്ടിച്ചേർക്കപ്പെടുകയും പിന്നീട് 2013-ലെ നിയമഭേദഗതിയെ തുടർന്ന് നീക്കംചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ദേവസ്വം ബോർഡ് കേവലം മൂന്ന് അംഗങ്ങൾ മാത്രമുള്ള ഭരണസമിതിയാകയാൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ആവശ്യകതയില്ലെന്ന് കണ്ടതിനാലാണ് 15 ബി എന്ന വകുപ്പ് ഒഴിവാക്കപ്പെട്ടിട്ടുള്ളത്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സ്പെഷ്യൽ റൂൾ പ്രകാരമാണോ പ്രമോഷൻ നൽകുന്നതെന്ന് വ്യക്തമാക്കുമോ?

സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് പ്രൊമോഷൻ നൽകിവരുന്നത്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ദേവസ്വം പ്രവൃത്തികൾ**

101 (4650) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ദേവസ്വം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് അനുമതി ലഭ്യമായിട്ടുള്ള പ്രവൃത്തികൾ, അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ദേവസ്വം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പ്രവൃത്തികളൊന്നും നടന്നിട്ടില്ല.

**ആചാര സ്ഥാനികർക്ക് നൽകുന്ന വേതനം വർദ്ധിപ്പിക്കാൻ നടപടി**

102 (4651) **<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തര മലബാർ തീയ്യ സമുദായ ക്ഷേത്ര സംരക്ഷണ സമിതിയിലെയും മറ്റ് സമുദായങ്ങളിലെയും ആചാരസ്ഥാനികർക്കും കോലധാരികൾക്കും നിലവിൽ നൽകിവരുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ?

പ്രതിമാസം 1400/- രൂപ വിതം നൽകി വരുന്നു.

(ബി) പ്രസ്തുത വേതനം മുടങ്ങിക്കിടക്കുകയാണോയെന്നും എങ്കിൽ എത്ര മാസത്തെ കുടിശിക ഉണ്ടെന്നും വ്യക്തമാക്കാമോ?

നിലവൽ 9 മാസത്തെ വേതനം കൊടുത്ത് തീർക്കാനുണ്ട്.

(സി) കുടിശിക നിവാരണത്തിനുള്ള തടസ്സം എന്താണെന്നും എപ്പോൾ കൊടുത്ത് തീർക്കുമെന്നും നിലവിൽ നൽകിവരുന്ന വേതനം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോയെന്നും വ്യക്തമാക്കാമോ?

പ്രതിവർഷ ബഡ്ജറ്റ് അലോട്ട്മെന്റ് തുകയായ 1,25,00,000/- രൂപ തികച്ചും അപര്യപ്തമാണ്. എന്നാൽ 2023-2024-ലെ ബഡ്ജറ്റ് വിഹിതം 2,50,00,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ കുടിശ്ശികയടക്കം വിതരണം ചെയ്യുന്നതിന് അധികമായി 5.5 കോടി രൂപ സബ്ജക്ട് കമ്മിറ്റി മുമ്പാകെ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ നൽകിവരുന്ന വേതനം 2000/- രൂപയായി വർദ്ധിപ്പിക്കുന്ന കാര്യവും പരിശോധനയിലാണ്.

(ഡി) വേതനം ലഭിച്ചുകൊണ്ടിരിക്കെ ആചാരസ്ഥാനികർ മരണപ്പെട്ടാൽ ആ സ്ഥാനത്ത് പുതിയതായി കലശം കുളിച്ച ആചാരം വഹിച്ച സ്ഥാനികന്മാരുടെ അപേക്ഷ സ്വീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള അപേക്ഷ സ്വീകരിക്കാത്തതെന്ത് മുതലാണെന്നും ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

പുതിയ ഗുണഭോക്താക്കളെ ചേർക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ഗുരുവായൂർ ദേവസ്വം ഭൂമി തരംമാറ്റുന്നതിനായി സ്വീകരിച്ച നടപടി**

103 (4652) **ശ്രീ. എൻ. കെ. അക്ബർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ഫയർസ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി ദേവസ്വം ഭൂമി സൗജന്യമായി തരംമാറ്റുന്നതിന് സ്വീകരിച്ച നടപടിയുടെ നിജസ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത ഭൂമി തരംമാറ്റുന്നതുമായി ബന്ധപ്പെട്ട് ദേവസ്വം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളും അവ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നുള്ള വിവരങ്ങളും വിശദമാക്കാമോ?

(എ & ബി) തൃശ്ശൂർ ജില്ലയിലെ ചാവക്കാട് വില്ലേജിൽ സർവ്വേ നം. 129/14-ൽപ്പെട്ടതും ഗുരുവായൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽപ്പെട്ടതുമായ 0.2012 ഹെക്ടർ ഭൂമി പൊതുആവശ്യമെന്ന രീതിയിൽ ഗുരുവായൂർ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി സൗജന്യമായി തരംമാറ്റം ലഭിക്കുന്നതിനായി റവന്യൂ ഡിവിഷണൽ

ഓഫീസർക്ക് 13-12-2020-ന് ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നു. ആയത് പൊതുആവശ്യത്തിന്റെ പരിധിയിൽ വരുന്നതാണോയെന്ന് പരിശോധിച്ച് അഭിപ്രായം അറിയിക്കാൻ റവന്യൂവകുപ്പ്, ദേവസ്വം വകപ്പിന് ഫയൽ നൽകുകയും ആയതു പരിശോധിച്ച് ടി ഭൂമി പൊതുആവശ്യത്തിന്റെ പരിധിയിൽ വരുന്നതാണെന്ന് കണക്കാക്കാവുന്നതാണെന്ന അഭിപ്രായം രേഖപ്പെടുത്തി ടി വകുപ്പിന് ഫയൽ തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ആയത് നിലവിൽ റവന്യൂ വകുപ്പിന്റെ പരിശോധനയിലാണ്.

**കാസർഗോഡ് ജില്ലയിൽ ദേവസ്വം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് അനുമതി നൽകിയ പ്രവൃത്തികൾ**

104 (4653) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കാസർഗോഡ് ജില്ലയിൽ ദേവസ്വം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ & ബി) ഈ സർക്കാരിന്റെ കാലയളവിൽ കാസർഗോഡ് ജില്ലയിൽ ദേവസ്വം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങളും പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു+.

**ഗുരുവായൂർ ദേവസ്വം ആശുപത്രി നവീകരണത്തിനുള്ള പദ്ധതി**

105 (4654) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം ആശുപത്രി നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. ആശുപത്രി നവികരണത്തിന്റെ പ്ലാൻ ഡിസ്ട്രിക്ട് ടൗൺ പ്ലാനിംഗ് ഓഫീസിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ നൽകിവരുന്ന സേവനങ്ങൾ വിശദമാക്കാമോ?

ക്ഷേത്രത്തിലെത്തുന്ന ഭക്തർക്ക് വൈദ്യസഹായം നൽകാനായി ഗുരുവായൂർ ദേവസ്വം മെഡിക്കൽ സെന്റർ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. അത്യാഹിത വിഭാഗം, ശിശു രോഗ വിഭാഗം, ഇ എൻ ടി, ത്വക്ക് രോഗ വിഭാഗം എന്നിവയും 24x7 വ്യവസ്ഥയിൽ ആംബുലൻസ് സേവനങ്ങളും സദാസന്നദ്ധമാണ്. കിടത്തി ചികിത്സയ്ക്കായി 60 കട്ടിലുകളുണ്ട്. കുഞ്ഞുങ്ങൾക്കായുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ എല്ലാ ആഴ്ചയും നൽകി വരുന്നുണ്ട്. ചികിത്സാ സേവനങ്ങൾക്ക് വളരെ കുറഞ്ഞ നിരക്കുകളാണ് ആശുപത്രിയിലുള്ളത്. ദരിദ്രരായ രോഗികൾക്കും ദേവസ്വം ജീവനക്കാർക്കും ചികിത്സ സൗജന്യമാണ്. 10 ഡോക്ടർമാരും 15 നഴ്സുമാരുമുൾപ്പടെ വിവിധ തസ്തികകളിലായി ഏകദേശം 70 ജീവനക്കാർ ആശുപത്രിയിൽ പ്രവൃത്തി ചെയ്യുന്നുണ്ട്.

## തിരുവിതാംകൂർ ദേവസ്വം ബോർഡ് വക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം

106 (4655) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് വക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ച് നിയമനം നടത്തുന്നത് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയാണോയെന്ന് വിശദമാക്കാമോ?

അല്ല.

(ബി) റിക്രൂട്ട്മെന്റ് ബോർഡ് വഴിയല്ലാതെ നിയമനം നടത്തുന്നതിന് ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ 2021 മുതൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. 2021 മുതൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാൻ എത്ര ദിവസമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 2021 മുതൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ഡി) വിവിധ ദേവസ്വം ബോർഡുകളുടെ കീഴിൽവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ എത്ര അദ്ധ്യാപക ഒഴിവുകളുണ്ടെന്ന് വിദ്യാഭ്യാസ സ്ഥാപനം, വിഷയം, തസ്തിക എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**ജീവനക്കാർക്ക് ഭരണഘടനയുടെ അവബോധം വർദ്ധിപ്പിക്കാൻ പദ്ധതി**

107 (4656) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കിടയിലും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കിടയിലും ഭരണഘടനയുടെ അവബോധം

+ നിയമസഭയുടെ ഔദ്യോഗിക വെബസൈറ്റിൽ ലഭ്യമാണ്.

വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ പാർലമെന്ററികാര്യ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സാമൂഹ്യനീതിയിലധിഷ്ഠിതമായ ഇന്ത്യൻ ഭരണഘടനയെയും പാർലമെന്ററി ജനാധിപത്യ സംവിധാനത്തെയും കുറിച്ച് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനായി, പാർലമെന്ററികാര്യ വകുപ്പിനുകീഴിലുള്ള പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളിലും കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസ് (FDSJ) അഥവാ ജനാധിപത്യത്തിനും സാമൂഹ്യനീതിക്കുമായുള്ള വേദി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിവരം എല്ലാ നിയമസഭാ സാമാജികരെയും അറിയിച്ചിട്ടുണ്ട്. ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസിന്റെ ഭാഗമാകാൻ 155 സ്കൂളുകളും 45 കോളേജുകളും ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ സ്കൂൾ/കോളേജ്തല യൂത്ത്/മോഡൽ പാർലമെന്റ് മത്സരങ്ങൾ,

ഏകദിന/ദ്വിദിന സെമിനാറുകൾ, പ്രഭാഷണങ്ങൾ, ശില്പശാലകൾ, ക്വിസ്, ഉപന്യാസ, പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു. ഇതിനായി സ്കൂൾ/കോളേജ് അധ്യാപക കോ-ഓർഡിനേറ്റർമാർക്ക് വിവിധ തലങ്ങളിലുള്ള പരിശീലനപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഭരണഘടനയെയും ജനാധിപത്യ മൂല്യങ്ങളെയും പൊതുസമൂഹത്തിനുമുന്നിൽ പരിചയപ്പെടുത്തുന്നതിലേയ്ക്കായി വിവിധ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പരിപാടികൾക്ക് പുറമെ ജനപ്രതിനിധികളെയും ഭരണഘടനാ വിദഗ്ദ്ധരെയും ഉൾപ്പെടുത്തിക്കൊണ്ട് 2022 നവംബർ 26-ന് സംസ്ഥാനതല ഭരണഘടനാ ദിനാഘോഷവും ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ചിട്ടുണ്ട്. 2023 ഫെബ്രുവരി 15, 16, 17 തീയതികളിൽ യൂത്ത്/മോഡൽ പാർലമെന്റ് റിപ്പീറ്റ് പെർഫോമൻസ്, മികച്ച പാർലമെന്റേറിയന്മാർക്കുള്ള ക്യാമ്പ്, സ്കൂൾ/കോളേജ് തലത്തിൽ വിജയികളായ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള സമ്മാനദാനം എന്നിവ തിരുവനന്തപുരത്തുവച്ച് സംഘടിപ്പിച്ചു. അതോടൊപ്പം സ്വാതന്ത്ര്യദിനം, മനുഷ്യാവകാശ ദിനം, റിപ്പബ്ലിക് ദിനം, പ്രധാന വ്യക്തികളുടെ അനുസ്മരണങ്ങൾ എന്നിവ വിവിധ സ്ഥാപനങ്ങളുമായി

സഹകരിച്ചുകൊണ്ട് നടപ്പിലാക്കിവരുന്നു. പരിപാടികളുടെ കൃത്യമായ നടത്തിപ്പിലേയ്ക്കായി ജില്ലാ- കോ-ഓർഡിനേറ്റർമാരെയും സ്കൂൾ-കോളേജ് തലത്തിൽ അധ്യാപക-വിദ്യാർത്ഥി കോ-ഓർഡിനേറ്റർമാരെയും തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ സർക്കാർ ജീവനക്കാർക്കായി അവബോധപരിപാടി നടപ്പിലാക്കുന്നില്ല.

(ബി) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലും ഭരണഘടനാ സ്ഥാപനങ്ങളിലും ഭരണഘടനാ ശില്പിയായ അംബേദ്കറിന്റെ ചിത്രം സ്ഥാപിക്കാൻ നിർദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ചിത്രം സ്ഥാപിക്കുന്നത് വകുപ്പിന്റെ പരിധിയിൽവരുന്ന വിഷയമല്ലാത്തതിനാൽ പാർലമെന്ററികാര്യ വകുപ്പ് ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

(സി) സംസ്ഥാനത്തെ കോളേജുകളിലും സ്കൂളുകളിലുമുള്ള കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബുകൾക്ക് ഏത് വിധത്തിലുള്ള സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഭരണഘടനയുടെ പ്രാധാന്യം യുവതലമുറയിലേയ്ക്കെത്തിക്കുന്നതിനായി പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ FDSJ-യുടെ കീഴിൽ കോൺസ്റ്റിറ്റ്യൂഷൻ ക്ലബുകൾ രൂപീകരിക്കാൻ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നിലവിൽ കോൺസ്റ്റിറ്റ്യൂഷൻ ക്ലബുകൾ രൂപീകരിച്ചിട്ടില്ല.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വള്ളിക്കുന്ന് മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ**

108 (4657) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 അധ്യയന വർഷത്തിൽ സ്കൂൾ/കോളേജ് തല പരിപാടികളുടെ ഭാഗമായി വള്ളിക്കുന്ന് മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ?

2022-23 അധ്യയന വർഷത്തിൽ വള്ളിക്കുന്ന് മണ്ഡലത്തിലെ VPKMHSS പുത്തൂർ, പള്ളിക്കൽ, CBHSS അത്താണിക്കൽ, വള്ളിക്കുന്ന് NNMHSS ചെലേമ്പ്ര, MVHSS അരിയല്ലൂർ, GMHSS കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ് എന്നീ സ്കൂളുകളിൽ FDSJ രൂപീകരിച്ചിട്ടുണ്ട്. VPKMHSS പുത്തൂർ, പള്ളിക്കൽ, CBHSS അത്താണിക്കൽ, വള്ളിക്കുന്ന് എന്നീ രണ്ട് സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം സംഘടിപ്പിച്ചിട്ടുണ്ട്.

NNMHSS ചെലേമ്പ്രയിൽ FDSJ യുടെ കീഴിൽ റിപ്പബ്ലിക്ക് ദിനവുമായി ബന്ധപ്പെട്ട് ഉപന്യാസ മത്സരവും, ദേശഭക്തിഗാനവും, മനുഷ്യാവകാശ ദിനവുമായി ബന്ധപ്പെട്ട് സെമിനാറും, ഭരണഘടനാ ദിനാചരണവുമായി ബന്ധപ്പെട്ട് ക്വിസ് മത്സരവും പ്രസംഗ മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്, കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ ആഭിമുഖ്യത്തിൽ ഏകദിന സെമിനാർ EMEA ആർട്സ് & സയൻസ് കോളേജിൽ നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പരിപാടികളുടെ ഭാഗമായി വിദ്യാർത്ഥികളിൽനിന്ന് ലഭിച്ച ആശയങ്ങൾ ക്രോഡീകരിച്ചിട്ടുണ്ടോ?

പരിപാടികളുടെ അന്തിമ റിപ്പോർട്ട് ജില്ലാ കോ-ഓർഡിനേറ്റർമാരിൽ നിന്നും അധ്യയന വർഷം അവസാനിച്ചതിനുശേഷം മാത്രമേ ലഭ്യമാക്കുകയുള്ളൂ. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സെമിനാറുകളിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആശയങ്ങൾ ക്രോഡീകരിക്കുന്നതാണ്.

(സി) ഓരോ നിയോജകമണ്ഡലങ്ങളിലും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തിയ പ്രവർത്തനങ്ങളുടെ അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കുമോ?

ഒരു അധ്യയന വർഷം അവസാനിച്ചതിനുശേഷം, ആ വർഷം സംസ്ഥാനടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയാണ് ചെയ്യുന്നത്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ പ്രവർത്തന റിപ്പോർട്ട് പ്രസിദ്ധീകരിക്കാറില്ല.

**ആലത്തൂർ മണ്ഡലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തിയ വിവിധ പരിപാടി**

109 (4658) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തിയ വിവിധ പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആലത്തൂർ എം.എൽ.എ. നിർദേശിച്ച ഏതൊക്കെ വിദ്യാലയങ്ങളിലാണ് പ്രസ്തുത പ്രോഗ്രാം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ & ബി) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കുന്ന പരിപാടികൾ FDSJ മുഖേന ആയിരിക്കണമെന്ന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബോർഡ് ഓഫ് ഗവർണേഴ്സ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളിലും കോളേജുകളിലും

FDSJ രൂപീകരിക്കുന്നത് സംബന്ധിച്ച് അറിയിപ്പ് എല്ലാ നിയമസഭാ സാമാജികർക്കും നൽകുകയുണ്ടായി.

ആലത്തൂർ മണ്ഡലത്തിൽനിന്നും സെമിനാർ, ചർച്ചകൾ, ദിനാചരണങ്ങൾ എന്നിവ നടത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ബഹു. എം.എൽ.എ. നിർദ്ദേശിച്ചിട്ടുണ്ട്.

1. LMHS മംഗലംഡാം
2. CVMHSS വണ്ടാഴി
3. MNKMHS ചിറ്റിലഞ്ചേരി
4. ASMMHS ആലത്തൂർ
5. GGHSS ആലത്തൂർ
6. GHSS തേങ്കുറുശ്ശി.
7. CAHS കുഴൽമന്ദം
8. GHSS എരിമയൂർ
9. GHSS കിഴക്കഞ്ചേരി

10. കോ-ഓപ്പറേറ്റീവ് കോളേജ്, ആലത്തൂർ

11. എൻ.എസ്.എസ് കോളേജ്, നെന്മാറ

12. മോഡൽ റസിഡൻഷ്യൽ പോളിടെക്നിക് കോളേജ്, കുഴൽമന്ദം.

ടി പട്ടികയിലുള്ള സർക്കാർ/എയ്ഡഡ് സ്കൂൾ /കോളേജുകളിൽ FDSJ രൂപീകരിക്കാനുള്ള അറിയിപ്പ് നൽകിയിരുന്നു. MNKMHS ചിറ്റിലഞ്ചേരി, GGHSS ആലത്തൂർ, GHSS കിഴക്കഞ്ചേരി എന്നീ മൂന്ന് സ്കൂളുകളിൽ FDSJ രൂപീകരിച്ചിട്ടുണ്ട്. അതിൽ GHSS കിഴക്കഞ്ചേരി ക്വിസ് മത്സരം, സംവാദം, ഡ്രോയിംഗ് മത്സരം എന്നിവ നടത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

**കണ്ടൽക്കാടുകളുടെ സംരക്ഷണം**

110 (4659) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി സ്വകാര്യ കണ്ടൽക്കാടുകൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ

നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ വ്യക്തമാക്കുമോ?

റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി സ്വകാര്യ കണ്ടൽക്കാടുകൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ബി) സ്വകാര്യ കണ്ടൽക്കാടുകൾ ഏറ്റെടുത്ത് സംരക്ഷിക്കുന്ന പദ്ധതിയിൽനിന്നും പിന്മാറാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

28-04-2022-ലെ ജി.ഒ(ആർ.റ്റി)നം.189/2022/വനം നമ്പർ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്ത് സ്വകാര്യ കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടരാൻ സർക്കാർ ഉദ്ദേശിക്കുന്നു.

**വനമേഖലയിലെ ജൈവ സമ്പത്ത്**

111 (4660) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനമേഖലയിലെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനായി വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വനമേഖലയും അതിലുൾപ്പെടുന്ന ജൈവസമ്പത്തും സംരക്ഷിക്കുന്നതിനായി വനംവകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി പദ്ധതിയിൽ ജൈവവൈവിധ്യ സമ്പത്തിന്റെ സംരക്ഷണമാണ് പ്രധാന ലക്ഷ്യം. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷസസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനുവേണ്ടിയുള്ള പ്രത്യേക പരിപാടികൾ, ബോധവത്ക്കരണം, പങ്കാളിത്താധിഷ്ഠിതമായ സ്വാഭാവിക പ്രകൃതിവിഭവ പരിപാലനം, രക്ഷാ കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണി, ജലവിഭവ പരിപാലനം, പരിസ്ഥിതി വികസന പ്രവൃത്തികൾ, ബോധവത്ക്കരണ ക്യാമ്പുകൾ,

വന്യജീവി വനവത്ക്കരണ ആഘോഷങ്ങൾ, സംരക്ഷിത പ്രദേശങ്ങളായ കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണം എന്നിവയും ഇതിൽ ഉൾപ്പെടുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇൻറഗ്രേറ്റഡ് ഡെവലപ്മെൻറ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് സ്കീമിൽ വന്യജീവി ആവാസവ്യവസ്ഥകളുടെയും വന്യജീവികളുടെയും പരിപാലനം, മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ ലഘൂകരണം, ജീവനക്കാരുടെ കപ്പാസിറ്റി ബിൽഡിംഗ്, വിദ്യാഭ്യാസവും ബോധവത്ക്കരണവും, സംരക്ഷിത മേഖലയ്ക്ക് പുറത്തുള്ള വന്യജീവികളുടെ സംരക്ഷണം തുടങ്ങി വിവിധങ്ങളായ പ്രവർത്തികൾ ചെയ്തുവരുന്നു.

പ്രോജക്ട് ടൈഗർ സ്കീമിൽ സംസ്ഥാനത്തെ രണ്ട് കടുവാ സംരക്ഷണ കേന്ദ്രങ്ങളുടെ സംരക്ഷണവും പരിപാലനവുമാണ് പ്രധാന ലക്ഷ്യം. കടുവകളുടെ ആവാസ വ്യവസ്ഥയുടെ പരിപാലനം, നിരീക്ഷണം, ഇക്കോടൂറിസം, കാര്യശേഷി വികസനം, വേട്ടയാടൽ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

പ്രോജക്ട് എലിഫൻറ് സ്കീമിൽ ആനകളുടെ സംരക്ഷണം, ആവാസ വ്യവസ്ഥകളുടെ മെച്ചപ്പെടുത്തൽ എന്നിവയാണ് പ്രധാനപ്പെട്ട ലക്ഷ്യം. ആനകളുടെ സങ്കേതം മെച്ചപ്പെടുത്തുന്നതിനും വനവാസികളെയും അവരുടെ കൃഷിയിടങ്ങളെയും ആനയുടെ ആക്രമണത്തിൽനിന്നും സംരക്ഷണം നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

പരിസ്ഥിതി സന്തുലിതാവസ്ഥ വീണ്ടെടുക്കുന്നതിനായി സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനനയം 17-12-2021-ലെ സർക്കാർ ഉത്തരവ് (കൈ) നം.29/2021/വനം പ്രകാരം സർക്കാർ അംഗീകരിച്ച് നടപ്പിലാക്കിവരുന്നു. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി വനഭൂമിയിൽ വച്ചുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യപോലുള്ള വിദേശയിനം മരങ്ങൾ മുറിച്ചുമാറ്റി അനുയോജ്യമായ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി നബാർഡ് സ്കീം വഴി അംഗീകരിച്ച് നടപ്പിലാക്കിവരുന്നു.

ശുഷ്കവനപ്രദേശങ്ങൾ ഉത്തമവനമാക്കുന്നതിനും പൂർവ്വസ്ഥിതിയി-ലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തേക്കുതോട്ടങ്ങളിൽ ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ

സ്വാഭാവികമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ CAMPA പദ്ധതി മുഖേന സ്വീകരിച്ചുവരുന്നു. കൂടാതെ ഗ്രീൻ ഇൻഡ്യ മിഷൻ പോലുള്ള പദ്ധതികൾ പ്രകാരം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചുവരുന്നു.

വനം കൈയ്യേറ്റം തടയുന്നതിനായി സർവ്വേ ടീമിന്റെ സഹായത്തോടെ വനാതിർത്തി പുനർനിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കൽ, പുതിയ കൈയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ആയത് ഒഴിപ്പിക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുക തുടങ്ങിയ പ്രവർത്തികൾ സ്വീകരിച്ചുവരുന്നുണ്ട്.

വനസംരക്ഷണത്തിനായി കാട്ടുതീപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കിയും ആൻറി പോച്ചിംഗ് ക്യാമ്പ് ഷെഡുകൾ നിർമ്മിച്ചും, പട്രോളിംഗിനായി ഗതാഗത സൗകര്യം സുഗമമാക്കുന്നതിന്റെ ഭാഗമായി ട്രക്ക്പാത്തുകൾ യഥാസമയം നവീകരിക്കുകയും, ജല സംരക്ഷണത്തിനായി വനത്തിനകത്ത് ചെക്ക് ഡാമുകൾ, കുളങ്ങൾ എന്നിവ നിർമ്മിച്ചും, മണ്ണൊലിപ്പ് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്തുവരുന്നു.

കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ പ്രവർത്തനങ്ങൾ, പ്ലാൻറേഷൻ പ്രവർത്തനങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്നതിനും, വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഇ-ഗ്രീൻ വാച്ച് പോർട്ടൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്ക് ലഭ്യമാക്കുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് കേന്ദ്രാനുമതി ലഭ്യമാക്കുന്നതിന് പരിവേഷ് എന്ന ഓൺലൈൻ പോർട്ടലിലൂടെ അപേക്ഷിക്കുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സംരക്ഷിത വനമേഖല**

112 (4661) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ സംരക്ഷിത വനമേഖലയിൽപ്പെടുന്ന പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കാഞ്ഞങ്ങാട് റെയിഞ്ചിനു കീഴിൽ കാഞ്ഞങ്ങാട് നിയമസഭാ മണ്ഡല പരിധിയിൽ വരുന്ന സംരക്ഷിത വനമേഖലയിൽപ്പെടുന്ന പ്രദേശങ്ങളുടെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു+.

(ബി) പ്രസ്തുത മേഖലയിൽ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേയ്ക്ക് കയറുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

വനത്തിനോട് ചേർന്നുള്ള കൃഷിയിടങ്ങളിലേയ്ക്ക് ആന, കാട്ടുപോത്ത് തുടങ്ങിയ വന്യമൃഗങ്ങൾ കയറുന്നത് തടയാൻ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ സ്വീകരിച്ച നടപടികൾ അനുബന്ധം-2 ആയി ചേർക്കുന്നു+.

**കാട്ടുതീ തടയാൻ നടപടി**

113 (4662) ഡോ. എം. കെ. മുനീർ:
ശ്രീ. അബ്ദുൽ ഹമീദ് പി.:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ വർഷം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉണ്ടായ കാട്ടുതീമൂലം വനസമ്പത്തിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഈ വർഷം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 06-03-2023 വരെ 133 സംഭവങ്ങളിലായി 309.3 ഹെക്ടർ സ്ഥലത്ത് കാട്ടുതീ ഉണ്ടായി. വേനൽകാലത്തുണ്ടാകുന്ന കാട്ടുതീ കൂടുതലായും ഉണങ്ങിയ പുൽമേടുകളെയും അടിക്കാടുകളെയുമാണ് ബാധിക്കുന്നത്. തുടർന്നുവരുന്ന കാലവർഷത്തിൽ പുൽമേടുകളും അടിക്കാടുകളും പൂർവ്വസ്ഥിതി പ്രാപിക്കുന്നതിനാൽ വനസമ്പത്തിന് ഗുരുതരമായ നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കിയിട്ടില്ല.

(ബി) സംസ്ഥാനത്ത് നിലവിൽ അനുഭവപ്പെടുന്ന അതിതീവ്രമായ വരൾച്ച കാരണം കാട്ടുതീ പടർന്ന് പിടിക്കാനുള്ള സാധ്യത ഏറെയാണെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ അനുഭവപ്പെടുന്ന അതിതീവ്രമായ വരൾച്ച കാരണം കാട്ടുതീ പടർന്ന് പിടിക്കാനുള്ള സാധ്യത ഏറെയാണ്. വേനൽ കാലത്ത് കാട്ടുതീ ഉണ്ടാകാനുള്ള സാധ്യത കൂടുതലായതിനാൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ച് നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ബ്ലോക്ക് തലം മുതൽ സർക്കിൾ തലം വരെ ഫയർ മോണിറ്ററിങ് സെല്ലുകൾ രൂപീകരിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വനം ഹെഡ്ക്വാർട്ടേഴ്സിൽ FMC (Fire Monitoring Cell) പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. കാട്ടുതീ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി ടോൾ ഫ്രീ നമ്പറും ലാൻഡ് ഫോണും വനം വകുപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടുതീ പ്രതിരോധ നീരീക്ഷണത്തിനായി തദ്ദേശവാസികളായ വനാശ്രിതരെ ഫീൽഡ് തല ജീവനക്കാരോടൊപ്പം നിയോഗിച്ചിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങൾക്കനുസരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കത്തക്ക വിധത്തിൽ ജീവനക്കാർക്ക് പരിശീലനവും പൊതുജനങ്ങളിൽ അവബോധവും നൽകിയിട്ടുണ്ട്.

(സി) കാട്ടുതീ പടർന്ന് പിടിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന വനം വകുപ്പിന് കീഴിലുള്ള എല്ലാ സർക്കിളുകളിലും റെയിഞ്ച് തലം മുതൽ ഫയർ സീസ്സണുകളിൽ നടപ്പാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച ഫയർ മാനേജ്മെൻറ് പ്ലാൻ മുൻകൂറായി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. മുൻകാല ഫയർ ഇൻസിഡന്റുകളുടെ അടിസ്ഥാനത്തിൽ വനമേഖലയെ തീ കത്തുന്നതിന് കൂടുതൽ സാധ്യതയുള്ള മേഖല, മിതമായ സാധ്യതയുള്ള മേഖല, സാധ്യത കുറവായ മേഖല എന്നിങ്ങനെ തരം തിരിച്ച് ഫയർ ബ്ലോക്കുകൾ തയ്യാറാക്കുന്നു. ഓരോ മേഖലകളിലെയും സാദ്ധ്യതയ്ക്കനുസരിച്ച് ബന്ധപ്പെട്ട ഫയർപ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ (ടി പ്രദേശത്തെ ഇന്ധന ശേഷി കുറയ്ക്കുന്നതിനുള്ള നടപടികൾ, ഫയർ ബ്രേക്ക് നിർമ്മാണം, ഫയർലൈൻ നിർമ്മാണം, ഫയർ ഗ്യാങ്ങുകളെ നിയോഗിക്കുക തുടങ്ങിയവ) നടപ്പിലാക്കുകയും ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിക്കുകയും ചെയ്തുവരുന്നു. ഇക്കോ ഡെവലപ്പ്മെൻറ് കമ്മിറ്റി

(EDC)/വന സംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി രൂപപ്പെടുത്തുന്ന ഫയർ ഗ്യാങ്ങുകളെ ആവശ്യമനുസരിച്ച് കാട്ടുതീ മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്യുന്നു. ട്രക്ക് പാത്തുകളും കൂപ്പുറോഡുകളും നവീകരിച്ച് ഉൾക്കാടുകളിൽ വേഗത്തിൽ എത്തി കാട്ടുതീ കണ്ടെത്തി തടയുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാകുകയാണെങ്കിൽ ആയത് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ.) ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. എഫ്.എസ്.ഐ. മുഖേന ലഭിക്കുന്ന കാട്ടുതീ സാദ്ധ്യതാ അലർട്ടുകളും, തീയുണ്ടാകുന്ന പക്ഷം അവയുടെ അലർട്ടുകളും അതത് ഡിവിഷൻ കൺട്രോൾ റൂമിൽ അറിയിച്ച് കാട്ടുതീ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ 2016 മുതൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു. ജനുവരി മുതൽ മെയ് വരെയുള്ള ഫയർ സീസണിൽ ഹെഡ്ക്വാർട്ടേഴ്സ്/സർക്കിൾ/ഡിവിഷൻ/ റെയിഞ്ച്/സ്റ്റേഷൻ തലത്തിൽ 24 മണിക്കൂറും ഫയർ കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നുണ്ട്.

### വന പുനഃസ്ഥാപന പദ്ധതികൾ

114 (4663) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന പുനഃസ്ഥാപനം അടിസ്ഥാനമാക്കിയുള്ള സുസ്ഥിര വികസനത്തിന് അനുയോജ്യമായ എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

സ.ഉ.(കൈ) നം. 29/2021/വനം തീയതി 17-12-2021 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപന നയരേഖ പ്രകാരം കേരളത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമാക്കി ചുവടെ പറയുന്ന പദ്ധതികൾ മുൻഗണനാക്രമത്തിൽ ഏറ്റെടുക്കുവാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

1) സ്വാഭാവികതയും ജൈവവൈവിദ്ധ്യവും നഷ്ടപ്പെട്ട ശുഷ്കിച്ച വനപ്രദേശങ്ങളിൽ പാരിസ്ഥിതിക ഭദ്രത, ജലസുരക്ഷ എന്നിവ മെച്ചപ്പെടുത്തുന്നതിനോടൊപ്പം തദ്ദേശിയർക്ക് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പുന:സ്ഥാപന പ്രവർത്തനങ്ങൾ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കൽ.

2) പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് അവ സ്വാഭാവിക വനങ്ങളായി പുന:സ്ഥാപനം നടത്തൽ.

3) അനുയോജ്യമല്ലാത്ത കാലാവസ്ഥയും മണ്ണിന്റെ ഫലഭൂയിഷ്ടിക്കുറവുംമൂലം പാടെ പരാജയപ്പെട്ടതോ, വളർച്ച മുരടിച്ചതോ, വന്യജീവി വഴിത്താരകളിലുള്ളതോ, പ്രകൃതിദുരന്ത സാദ്ധ്യതാ പ്രദേശങ്ങളിലുള്ളതോ, നദീതടങ്ങളിലുള്ളതോ ആയ സർക്കാർ ഉടമസ്ഥതയിലുള്ള തേക്ക് തോട്ടങ്ങൾ, മണ്ണ്-ജല സംരക്ഷണം ലക്ഷ്യമാക്കി സ്വാഭാവിക വനങ്ങളാക്കി മാറ്റൽ. ഇവിടങ്ങളിലെ ആവാസവ്യവസ്ഥയും അതിൽ നിലവിലുള്ള താമസക്കാരുടെയും പ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ടായിരിക്കും ഈ പരിപാടി നടപ്പിലാക്കുക.

4) ജൈവവൈവിദ്ധ്യത്തിന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന ലന്റാന, മൈക്കീനിയ, സെന്ന തുടങ്ങിയ നമ്മുടെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമല്ലാത്ത സസ്യങ്ങളെയും ആഫ്രിക്കൻ ഒച്ച്, ആഫ്രിക്കൻ മുഷി തുടങ്ങിയ ജീവികളെയും വനങ്ങളിൽനിന്നും മറ്റ് ആവാസവ്യവസ്ഥകളിൽനിന്നും ഒഴിവാക്കുന്നതിനും തദ്ദേശീയ ജീവജാലങ്ങളുടെ നിലനിൽപ്പ് ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ.

5) വനനശീകരണത്തിനും മൂല്യശോഷണത്തിനും കാരണമായ കാട്ടുതീയിൽനിന്നും വനപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി പൊതുജന പങ്കാളിത്തത്തോടുകൂടിയും ആധുനിക രീതികൾ അവലംബിച്ചും അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ.

6) ഉൾവനങ്ങളിൽ ഉണ്ടായേക്കാവുന്ന പ്രകൃതിദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിനും പ്രതിരോധിക്കുന്നതിനും ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടി വനം വകുപ്പിനെ സജ്ജമാക്കുന്നതിനുള്ള മുൻഗണനാടിസ്ഥാനത്തിലുള്ള നടപടികൾ.

7) വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസി വിഭാഗങ്ങളുടെ ഉന്നമനത്തിനായും ഉപജീവനമാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനായും വനസംരക്ഷണ/വനവത്കരണ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും ആധുനിക വിദ്യാഭ്യാസവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുകയും ചെയ്യൽ. കൂടാതെ, വനങ്ങളുടെ പാരിസ്ഥിതിക സേവനം കണക്കിലെടുത്തും വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനും പ്രകൃതിദുരന്ത സാധ്യത കുറയ്ക്കുന്നതിന്റെ ഭാഗമായും അവർക്ക്

താല്പര്യമുള്ളപക്ഷം മറ്റിടങ്ങളിലേക്ക് അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിന് നിയമാനുസരണം നടപടി സ്വീകരിക്കൽ.

8) പങ്കാളിത്ത വനപരിപാലനത്തിന്റെയും വനാവകാശ നിയമത്തിന്റെയും സാധ്യതകൾ ഉപയോഗിച്ചുകൊണ്ടും വനാശ്രിത ആദിവാസി സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ, തടിയിതര വനവിഭവങ്ങളുടെ സുസ്ഥിരമായ ശേഖരണവും മൂല്യവർദ്ധനവും വിപണനവും ആദിവാസി വിഭാഗങ്ങളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കൽ.

9) ജൈവ സമ്പന്നത നിലനിർത്തുന്നതിനും മെച്ചപ്പെട്ട പാരിസ്ഥിതിക സേവനങ്ങൾ ഭാവിയിൽ ഉറപ്പാക്കുന്നതിനുംവേണ്ടി അമിത ചൂഷണവും ആവാസവ്യവസ്ഥയുടെ നാശവും നിമിത്തം അന്യം നിന്നുകൊണ്ടിരിക്കുന്ന സസ്യ-ജന്തുജാലങ്ങളെ കണ്ടെത്തി അവയുടെ പുനരുൽപാദനവും സംരക്ഷണവും ഉറപ്പുവരുത്തൽ.

10) വനതുരുത്തുകളെ ബന്ധിപ്പിക്കുന്നതിനും വന്യജീവികളുടെ സുഗമമായ സഞ്ചാരം ഉറപ്പുവരുത്തുന്നതിനും തദ്വാര മനുഷ്യ-വന്യജീവി

സംഘർഷം ലഘൂകരിക്കുന്നതിനുംവേണ്ടി വനത്തിന്റെ പാരിസ്ഥിതിക സേവനം കണക്കിലെടുത്തും വന്യജീവി സംരക്ഷണം ഉറപ്പാക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുമായി വനത്താൽ ചുറ്റപ്പെട്ടതോ വനത്തോട് ചേർന്നുകിടക്കുന്നതോ ആയ പ്രദേശങ്ങളിലെ സ്വകാര്യ സ്ഥലങ്ങൾ/എസ്റ്റേറ്റുകൾ എന്നിവ ഉടമസ്ഥരുടെ സമ്മതത്തോടുകൂടി അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് പുന:സ്ഥാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.

11) വന്യജീവികൾക്ക് മികച്ച ആവാസവ്യവസ്ഥ, ഭക്ഷ്യസുരക്ഷ തുടങ്ങിയവ ഉറപ്പുവരുത്തുന്നതിനായി അനുയോജ്യമായ തദ്ദേശീയ സസ്യങ്ങൾ (ഉദാ: കാട്ടുമാവ്, കാട്ടുനെല്ലി, കാട്ടുപ്ലാവ് തുടങ്ങിയവ) നട്ടുപിടിപ്പിക്കും. ഇതോടൊപ്പംതന്നെ വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കൽ.

12) പാരിസ്ഥിതിക പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് പുന:സ്ഥാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ഇതോടൊപ്പംതന്നെ വനേതര പ്രദേശങ്ങളിലെ സവിശേഷമായ ആവാസവ്യവസ്ഥകളായ കാവുകൾ, നീർത്തടങ്ങൾ, നദീതീരവനങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജനപങ്കാളിത്തത്തോടുകൂടി സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കൽ.

13) തീരദേശ വാസികളുടെ ജീവിതസന്ധാരണം മെച്ചപ്പെടുത്തുന്നതിനും പുഴയോര പ്രദേശങ്ങളിലെ കാർഷിക അഭിവൃദ്ധിക്കുംവേണ്ടി, കടൽ/പുഴ തീരസംരക്ഷണത്തിനും സമുദ്ര-ജല ആവാസവ്യവസ്ഥയിലുള്ള ജൈവസമ്പത്തിന്റെ സംരക്ഷണത്തിനും തദ്ദേശീയവാസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ അനുയോജ്യമായ നടപടികൾ സ്വീകരിക്കൽ.

14) വനത്തിന് വെളിയിലുള്ള വൃക്ഷാവരണം വർദ്ധിപ്പിച്ച് കാർബൺ ആഗീകരണം വർദ്ധിപ്പിക്കുന്നതിനും വനാശ്രിതത്വം കുറയ്ക്കുന്നതിനും സ്വകാര്യ ഭൂമിയിൽ വൃക്ഷം വളർത്തുന്നത് പ്രോത്സാഹിപ്പിക്കൽ.

15) ആധുനിക ശാസ്ത്രസാങ്കേതികവിദ്യ ഇതിനായി പ്രയോജനപ്പെടുത്തി തടിക്കും മറ്റുദ്ദേശത്തോടുകൂടിയും വളർത്തുന്ന തേക്ക്, ഈട്ടി, ചന്ദനം തുടങ്ങിയ

വൃക്ഷങ്ങളുടെ ശാസ്ത്രീയമായ പരിപാലനവും പുനരുൽപാദനവും ഉറപ്പുവരുത്തുകയും അവയുടെ ഉൽപാദനക്ഷമത കൂട്ടുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യൽ.

16) വനവൽക്കരണ പ്രവർത്തനങ്ങൾക്കും തോട്ട നിർമ്മാണ പരിപാലന പ്രവർത്തനങ്ങൾക്കും കാലാനുസൃതവും ഫലപ്രദവുമായ നവീന ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുകയും ആയത് സുഗമമായി നടപ്പിലാക്കാനുതകുന്ന സാഹചര്യം സൃഷ്ടിക്കൽ. സ്വാഭാവിക വനപുനഃസ്ഥാപന പദ്ധതിയുടെ ഭാഗമായി ഇതുവരെ ഉദ്ദേശം 965 ഹെക്ടർ വനഭൂമിയിൽ സ്വാഭാവിക വനപുനഃസ്ഥാപന പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ഉദ്ദേശം 2872 ഹെക്ടർ സ്ഥലത്ത് സ്വാഭാവിക വനപുനഃസ്ഥാപന പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതുമാണ്. കൂടാതെ പുഴകളുടെ തീരങ്ങളിൽ ഉദ്ദേശം 28600 എണ്ണം വിവിധ ഇനത്തിൽപ്പെട്ട തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന് വാച്ചർമാരെയും നിയോഗിച്ചുവരുന്നുണ്ട്.

## മലപ്പുറം ജില്ലയിലെ ബഫർ സോൺ മേഖല

115 (4664) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളാണ് ബഫർ സോൺ മേഖലയായി നിർണ്ണയിച്ചിരിക്കുന്നത്; അറിയിക്കുമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവ് പ്രകാരം വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കി.മീ. ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോണായി നിശ്ചയിച്ചാൽ മലപ്പുറം ജില്ലയിലെ അമരമ്പലം, ചൊക്കാട്, കാളികാവ്, കരുവാരക്കുണ്ട്, കരുളായി, വഴിക്കടവ് എന്നീ 6 പഞ്ചായത്തുകളിൽ ഉൾപ്പെട്ട പ്രദേശങ്ങൾ ആയതിൽ ഉൾപ്പെടുന്നതാണ്.

(ബി) ബഫർ സോൺ മേഖലയിൽ നിന്ന് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തായി ഒരു കിലോമീറ്റർ ദൂരത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവിലെ നിർദ്ദേശത്തിൽ നിന്ന് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ജനവാസമേഖലകളെയും കൃഷിയിടങ്ങളെയും ഒഴിവാക്കിക്കൊണ്ട് ഇളവ് ലഭിക്കുന്നതിനുള്ള ഭരണപരവും നിയമപരവുമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**മലപ്പുറം ജില്ലയിലെ വനഭൂമി**

**116 (4665) ശ്രീ. പി. വി. അൻവർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) ഇന്ത്യൻ ഫോറസ്റ്റ് ആക്ട് പ്രകാരം 1927-ൽ റിസർവ് ഫോറസ്റ്റായി നോട്ടിഫൈ ചെയ്ത നിലവിലെ മലപ്പുറം ജില്ലയിലെ പ്രദേശങ്ങളും അവയുടെ വിസ്തൃതിയും എത്രയെന്ന് വിശദമാക്കാമോ?**

മലപ്പുറം ജില്ലയിൽ ഇന്ത്യൻ ഫോറസ്റ്റ് ആക്ട് പ്രകാരം 1927-ൽ റിസർവ് ഫോറസ്റ്റുകൾ നോട്ടിഫൈ ചെയ്തിട്ടില്ല.

(ബി) 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് പ്രകാരം മലപ്പുറം ജില്ലയിലെ എത്ര സ്വകാര്യ ഭൂമിയാണ് വനം വകുപ്പ് പിടിച്ചെടുത്തതെന്നും എത്ര ഭൂമിയാണ് ഭൂരഹിതരായ ആളുകൾക്ക് പതിച്ചുകൊടുത്തതെന്നും പ്രദേശങ്ങൾ തിരിച്ച് വിസ്തീർണ്ണമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് പ്രകാരം മലപ്പുറം ജില്ലയിൽ വനം വകുപ്പ് ഏറ്റെടുത്ത വനഭൂമിയുടെ ഡിവിഷൻ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു+. ആയതിൽ ഭൂരഹിതരായ ആളുകൾക്ക് പതിച്ച് കൊടുക്കുന്നതിനുവേണ്ടി നിലമ്പൂർ നോർത്ത് ഡിവിഷനിൽ 1895.4190 ഹെക്ടർ ഭൂമിയും നിലമ്പൂർ സൗത്ത് ഡിവിഷനിൽ 149.8930 ഹെക്ടർ ഭൂമിയും ചേർത്ത് 2045.312 ഹെക്ടർ ഭൂമി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

നിലമ്പൂർ നോർത്ത് ഡിവിഷനിലെ ഭൂരഹിതരായ ആദിവാസികൾക്ക് പതിച്ച് നൽകുന്നതിനായി തൃക്കൈക്കുത്തിൽ 06.5964 ഹെക്ടർ, നെല്ലിപൊയിൽ-പൊടിയിരിയിൽ 89.00 ഹെക്ടർ, അത്തിക്കലിൽ 11.73

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹെക്ടർ എന്നിങ്ങനെ 107.3264 ഹെക്ടർ ഭൂമി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നത് റവന്യൂ വകുപ്പാണ്.

(സി) 2003-ലെ ഇ.എഫ്.എൽ. നിയമപ്രകാരം മലപ്പുറം ജില്ലയിലെ എത്ര സ്വകാര്യ ഭൂമിയാണ് വനം വകുപ്പ് ഏറ്റെടുത്തതെന്ന് പ്രദേശങ്ങൾ തിരിച്ച് വിസ്തീർണ്ണമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

2003-ലെ ഇ.എഫ്.എൽ. നിയമപ്രകാരം മലപ്പുറം ജില്ലയിൽ വനം വകുപ്പ് ഏറ്റെടുത്ത പ്രദേശങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു+.

(ഡി) 2000 വരെ മലപ്പുറം ജില്ലയിൽ എത്ര ഹെക്ടർ വനഭൂമിയാണ് ഉണ്ടായിരുന്നതെന്നും ഇപ്പോൾ വനം വകുപ്പിന്റെ കൈവശം എത്ര വനഭൂമിയുണ്ടെന്നും വനവിസ്തൃതി കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷത്തിനിടയിൽ എത്ര വർദ്ധിച്ചുവെന്നും പ്രദേശങ്ങൾ തിരിച്ച് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2000 വരെയുള്ള മലപ്പുറം ജില്ലയിലെ വനഭൂമിയുടെ വിസ്തൃതി, നിലവിൽ വനം വകുപ്പിന്റെ കൈവശമുള്ള വനഭൂമിയുടെ വിസ്തൃതി എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു+.

കഴിഞ്ഞ 25 വർഷത്തിനിടയിൽ മലപ്പുറം ജില്ലയിൽ വനവിസ്തൃതിയിൽ 1319.5415 ഹെക്ടറിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-4 ആയി ചേർക്കുന്നു+.

**പാറശ്ശാല മണ്ഡലത്തിൽ ബഫർസോൺ മേഖലയിൽ ഉൾപ്പെടുന്ന പഞ്ചായത്തുകൾ**

117 (4666) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളാണ് ബഫർസോൺ പരിധിയിൽ വരുന്നതെന്നും പ്രസ്തുത പഞ്ചായത്തുകളിലെ ഏതൊക്കെ വാർഡുകളെ ബഫർസോൺ വിധി ബാധിക്കുമെന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലെ ഏതൊക്കെ സർവേ നമ്പർ ഭൂമികളാണ് ബഫർസോൺ മേഖലയിൽ ഉൾപ്പെടുന്നതെന്ന് വിശദമാക്കാമോ?

(എ&സി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവ് പ്രകാരം വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കി.മീ. ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോണായി നിശ്ചയിച്ചാൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെട്ട പ്രദേശങ്ങൾ ആയതിൽ ഉൾപ്പെടുന്നുണ്ട്. ടി പഞ്ചായത്തുകളിലെ വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കിയിട്ടില്ല.

(ബി) മണ്ഡലത്തിൽനിന്ന് ബഫർസോണുമായി ബന്ധപ്പെട്ട് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പരാതികൾക്ക് പരിഹാരം കാണുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് പാറശ്ശാല നിയോജക മണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട് എന്നീ

പഞ്ചായത്തുകളിൽ നിന്നായി 3450 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും KSREC-ന്റെ അസറ്റ് മാപ്പർ ആപ്പ് പ്രകാരം അപ് ലോഡ് ചെയ്തിട്ടുള്ളതാണ്.

(ഡി) ബഫർസോൺ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് മണ്ഡലത്തിലെ വനാതിർത്തിയിലും മറ്റും താമസിക്കുന്നവരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ ആശങ്ക അകറ്റുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തായി ഒരു കിലോമീറ്റർ ദൂരത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവിലെ നിർദ്ദേശം പൊതുജനങ്ങളിലുണ്ടാക്കിയ ആശങ്ക കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ഇക്കോ സെൻസിറ്റീവ് സോണിൽനിന്നും ജനസാന്ദ്രതകൂടിയ മേഖലകളെയും കൃഷിയിടങ്ങളെയും ഒഴിവാക്കി ലഭിക്കുന്നതിനുള്ള ഭരണപരവും നിയമപരവുമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

ആയതിന്റെ ഭാഗമായി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിലെ ഖണ്ഡിക 44(സി)-യിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള വിവരശേഖരണത്തിനായി ഇക്കോസെൻസിറ്റീവ് സോണിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെൻറ് സെന്റർ (KSREC)-നെ ചുമതലപ്പെടുത്തി.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ഈ വിഷയം സംബന്ധിച്ച് ചേർന്ന ഓൺലൈൻ യോഗത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെൻറ് സെൻറർ (KSREC) ലഭ്യമാക്കിയ കരട് പഠന റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും തുടർന്ന് പൊതുജനാഭിപ്രായംകൂടി കണക്കിലെടുത്തുകൊണ്ട് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്കുപുറമെ ഭൗതിക സ്ഥലപരിശോധനകൂടി

നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിച്ചു.

പൊതുജന പങ്കാളിത്തത്തോടെ ജനവാസമേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള വിദഗ്ദ്ധ പരിശോധനാ സമിതിയുടെ നടപടികൾ അവസാനഘട്ടത്തിലാണ്. ആയതിനായി കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെൻറ് സെൻറർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് പൊതുജനാഭിപ്രായം കണക്കിലെടുത്തുകൊണ്ട് ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ

പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളിലെ ഭൂപടങ്ങൾ സർവ്വേ നമ്പർ ഉൾപ്പെടുത്തിക്കൊണ്ട് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച് പരാതികൾ/നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ചുള്ള പരാതികൾ നിർദ്ദിഷ്ട പ്രൊഫോർമയിൽ പഞ്ചായത്ത്/നഗരസഭാതലത്തിൽ ആരംഭിച്ച ഹെൽപ്പ് ഡെസ്കുകളിൽ ജനുവരി 7-നകം അറിയിക്കുന്നതിനാണ് അവസരം നൽകിയിരുന്നത്. ഫീൽഡുതല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വനംവകുപ്പിൽനിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരം തിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ധ സമിതി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച 63615 പരാതികൾക്ക് പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട്

സെൻസിങ് ആൻഡ് എൻവയോൺമെൻറ് സെന്ററിന്റെ അസ്സറ്റ് മാപ്പർ ആപ്പ് മുഖേന 81258 അസ്സറ്റുകൾ അപ് ലോഡ് ചെയ്തിട്ടുമുണ്ട്. വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് 01-03-2023-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**തൃശ്ശൂർ ജില്ലയിൽ ബഫർസോൺ പരിധിയിൽ വരുന്ന പഞ്ചായത്തുകൾ**

118 (4667) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളാണ് ബഫർസോൺ പരിധിയിൽ വരുന്നതെന്ന് വിശദമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവ് പ്രകാരം വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കി.മീ. ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോണായി നിശ്ചയിച്ചാൽ തൃശ്ശൂർ ജില്ലയിലെ 12 പഞ്ചായത്തുകളിലും ഒരു മുൻസിപ്പാലിറ്റിയിലും ഉൾപ്പെട്ട പ്രദേശങ്ങൾ ആയതിൽ ഉൾപ്പെടുന്നതാണ്. ഇവയുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | തിരുവില്വാമല |
| 2 | ചേലക്കര |
| 3 | മുള്ളൂർക്കര |
| 4 | പാണഞ്ചേരി |
| 5 | പാഞ്ഞാൾ |
| 6 | പഴയന്നൂർ |
| 7 | പുത്തൂർ |
| 8 | തെക്കുംകര |
| 9 | വരന്തരപ്പിള്ളി |
| 10 | അതിരപ്പിള്ളി |
| 11 | കോടശ്ശേരി |
| 12 | മറ്റത്തൂർ |
| 13 | വടക്കാഞ്ചേരി (മുൻസിപ്പാലിറ്റി) |

(ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നിന്ന് ബഫർസോണുമായി ബന്ധപ്പെട്ട് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പരാതികൾക്ക് പരിഹാരം കാണുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി മുൻസിപ്പാലിറ്റി, തെക്കുംകര പഞ്ചായത്ത് എന്നിവിടങ്ങിൽ നിന്നായി 1247 പരാതികൾ ലഭിച്ചിട്ടുണ്ട്. അയത് സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും KSREC-ന്റെ അസറ്റ് മാപ്പർ ആപ്പ് പ്രകാരം അപ്‌ലോഡ് ചെയ്തിട്ടുള്ളതാണ്.

**സീനിയറേജ് തുക ഒഴിവാക്കിയ നടപടി**

119 (4668) ശ്രീ. സജീവ് ജോസഫ്:

ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ ഭൂമിയിൽനിന്നും മരങ്ങൾ മുറിക്കുമ്പോൾ ഈടാക്കിയിരുന്ന സീനിയറേജ് തുക ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്ന് അറിയിക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്ലാന്റേഷൻ ഭൂമിയിൽനിന്നും മരങ്ങൾ മുറിക്കുമ്പോൾ ഈടാക്കിയിരുന്ന സീനിയറേജ് തുക ഒഴിവാക്കിക്കൊണ്ട് പൊതുവായ ഉത്തരവില്ല. എന്നാൽ നിലവിൽ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ ഈടാക്കുന്ന സീനിയറേജ് തുക

പൂർണ്ണമായും ഒഴിവാക്കി സ.ഉ.(കൈ)നം.24/2018/വനം തീയതി 27.06.2018 പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച സമിതി സീനിയറേജ് തുക കുറയ്ക്കണമെന്ന ശിപാർശയാണോ നൽകിയിട്ടുള്ളത്; എങ്കിൽ ഇതിൽനിന്ന് വ്യത്യസ്തമായി സീനിയറേജ് തുക പൂർണമായും ഒഴിവാക്കി നൽകുവാനുള്ള കാരണം വ്യക്തമാക്കുമോ?

തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ നിയോഗിച്ച റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ, തോട്ടം മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങൾ ടി റിപ്പോർട്ടിന്റെ അദ്ധ്യായം 7-ൽ നൽകിയിട്ടുണ്ട്. അതിൽ സൂചിക-5-ൽ തോട്ടങ്ങളിൽനിന്നും റബ്ബർ മരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചുമാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് നിരക്ക് ഈടാക്കുന്നത് നിർത്തലാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അദ്ധ്യക്ഷനായി ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിക്കുകയും മേൽ കമ്മിറ്റിയുടെ 27-09-2017-ന് കൂടിയ യോഗത്തിൽ റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ, റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് നിലവിലുണ്ടായിരുന്ന ഒരു ക്യൂബിക് മീറ്ററിന് 2500/-രൂപ എന്ന നിരക്കിൽനിന്നും 1000/-രൂപയായി കുറയ്ക്കുവാൻ ശുപാർശ ചെയ്യുകയുമുണ്ടായി. അതിനുശേഷം 26-02-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിൽ വകുപ്പ് മന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെയും തൊഴിലാളി യൂണിയൻ നേതാക്കളുടെയും യോഗം ചേരുകയും, ടി യോഗത്തിൽ റബ്ബർ മരങ്ങൾ മുറിച്ച് മാറ്റാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്ന സാഹചര്യത്തിൽ റീപ്ലാന്റിംഗ് അവസരം സൃഷ്ടിക്കുന്നതിനായി സീനിയറേജ് ഒഴിവാക്കുന്നത് പരിഗണിക്കുന്നതാണെന്ന് തീരുമാനിച്ചിരുന്നു. റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ നിർദ്ദേശത്തിന്റെയും 26-02-2018-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന തൊഴിലാളി യൂണിയൻ നേതാക്കളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗത്തിലെ

തീരുമാനത്തിന്റെയും റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിലാണ് റബ്ബറിന്റെ സീനിയറേജ് ഒഴിവാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത്.

(സി) പ്ലാന്റേഷൻ ഭൂമിയിൽനിന്നും മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നിലവിലുണ്ടായിരുന്ന സീനിയറേജ് നിരക്ക് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

പ്ലാൻറേഷൻ ഭൂമിയിൽനിന്നും മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നിലവിൽ പൊതുവായി 08-03-2022-ലെ GO(MS)No. 11/2022/FWLD നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള സീനിയറേജ് നിരക്കുകളാണ് നിലവിലുള്ളത്. ഇവയിൽപ്പെടാത്ത Kerala Forest Produce (Fixation of Selling Price) Act, 1978-ൽ വരുന്ന 18 ഇനം മരങ്ങൾക്ക് ജി.ഒ.(എം.എസ്)നം.18/22-വനം തീയതി 19.04.22 പ്രകാരമുള്ള നിരക്കുമാണ് നിലവിലുള്ളത്. എന്നാൽ റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നിലവിലുണ്ടായിരുന്ന സീനിയറേജ് നിരക്ക് ജി.ഒ.(എം.എസ്)നം.122/2012/വനം തീയതി 31-12-2012 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തടിക്ക് 2500/-രൂപയും, വിറകിന് 900/-രൂപയുമാണ്.

(ഡി) പ്ലാന്റേഷൻ ഭൂമിയിൽനിന്നും മുറിച്ചുമാറ്റുന്ന മരങ്ങളുടെ കണക്ക് സർക്കാർ സൂക്ഷിക്കുന്നുണ്ടോ; എങ്കിൽ സീനിയറേജ് തുക ഒഴിവാക്കിയതിനുശേഷം ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഭൂമിയിൽനിന്നും എത്ര മരങ്ങൾ മുറിച്ച് മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്ലാൻറേഷൻ ഭൂമിയിൽനിന്നും മുറിച്ച് മാറ്റുന്ന മരങ്ങളുടെ കണക്ക് അതത് ഡിവിഷൻതലത്തിൽ സൂക്ഷിക്കുന്നുണ്ട്. സീനിയറേജ് തുക ഒഴിവാക്കിയതിനുശേഷം ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഭൂമിയിൽനിന്നും മുറിച്ച് മാറ്റിയ മരങ്ങളുടെ വിവരം താഴെ നൽകുന്നു.

1. <u>സതേൺ സർക്കിൾ</u>

കോന്നി ഡിവിഷൻ-46635

പുനലൂർ ഡിവിഷൻ-17625

തെന്മല ഡിവിഷൻ-75335

റാന്നി ഡിവിഷൻ-61980

2. <u>ഹൈറേഞ്ച് സർക്കിൾ</u>

മൂന്നാർ ഡിവിഷൻ-2369 (യൂക്കാലി)

കോതമംഗലം ഡിവിഷൻ-48121 (റബ്ബർ)

3. സെൻട്രൽ സർക്കിൾ

ചാലക്കുടി ഡിവിഷൻ-72125

ആകെ-324190

(ഇ) സീനിയറേജ് തുക ഒഴിവാക്കിയതുമൂലം സംസ്ഥാന ഖജനാവിന് എത്ര രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശയ്ക്കനുസൃതമായും റബ്ബറിന്റെ വില താഴ്ന്നിരുന്ന സാഹചര്യത്തിലുമാണ് സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കികൊണ്ട് സർക്കാർ ഉത്തരവായിരുന്നത്. എന്നാൽ സീനിയറേജ് തുക ഈടാക്കുന്നത് നിർത്തലാക്കിയതിനെതിരെ കിഴക്കൻ മേഖലാ പ്ലാന്റേഷൻ വർക്കേഴ്സ് യൂണിയൻ ഫയൽ ചെയ്ത WP(C)40726/18, 42622/18 എന്നീ നമ്പർ കേസുകളിലെ ഇടക്കാലവിധിയുടെ അടിസ്ഥാനത്തിൽ കോടതിയുടെ അന്തിമ

വിധിക്ക് വിധേയമായി കോടതി വിധിക്കുന്ന തരത്തിൽ സീനിയറേജ് അടച്ചുകൊള്ളാമെന്ന് രേഖാമൂലമുള്ള ഉറപ്പ് (ബോണ്ട്) സംസ്ഥാന സർക്കാരിന് നൽകിക്കൊണ്ട് റബ്ബർ മരങ്ങൾ നീക്കം ചെയ്യുന്നതിന് സർക്കാർ ഉത്തരവ് (സാധാ)നം.213/2019/വനം തീയതി 11-06-19 നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. മേൽകേസുകളുടെ അന്തിമ വിധി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സർക്കാർ നഷ്ടമുണ്ടായിട്ടുണ്ടോയെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

**സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്ന പദ്ധതി**

120 (4669) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള ഡെവലപ്മെൻറ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകി സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്ന പദ്ധതിയിൽ നാളിതുവരെ എത്ര എസ്റ്റേറ്റുകൾ ഏറ്റെടുത്തിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ എസ്റ്റേറ്റും ഏറ്റെടുക്കുന്നതിന് എത്ര തുക നൽകിയെന്നും നാളിതുവരെ പ്രസ്തുത ഇനത്തിൽ ആകെ ചെലവഴിച്ച തുക എത്രയെന്നുമുള്ള വിവരങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

(എ&ബി) റീ-ബിൽഡ് കേരള ഡെവലപ്മെൻറ് പദ്ധതിയുടെ ഭാഗമായി വനം വകുപ്പിന്റെ കീഴിൽ നടപ്പാക്കി വരുന്ന ഒരു ഉപപദ്ധതിയായിരുന്നു സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. നിലവിൽ ഈ പദ്ധതിപ്രകാരം സ്വകാര്യ എസ്റ്റേറ്റുകൾ ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല. 11-07-2022-ലെ 18-ാ മത്തെ ഹൈലെവൽ എംപവേർഡ് കമ്മിറ്റിയിൽ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്ന നടപടി നിർത്തി വയ്ക്കുവാൻ തീരുമാനമായിട്ടുള്ളതാണ്.

### വനവിസ്തൃതി

121 (4670) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ ഭരണ റിപ്പോർട്ട് പ്രകാരം 2017, 2021, 2022 എന്നീ വർഷങ്ങളിലെ വനവിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ?

വനംവകുപ്പിന്റെ ഭരണ റിപ്പോർട്ട് പ്രകാരം 2016-17 മുതൽ 2020-21 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ വനവിസ്തൃതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 2021-22 വർഷത്തെ ഭരണ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

| വർഷം | വനവിസ്തൃതി(km2) |
|---|---|
| 2016-17 | 11524.411 |
| 2017-18 | 11521.812 |
| 2018-19 | 11520.058 |
| 2019-20 | 11521.993 |
| 2020-21 | 11524.913 |

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനിടയിൽ കാട്ടുതീമൂലം എത്ര ഹെക്ടർ വനം കത്തി നശിച്ചതായി കണക്കാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിനിടയിൽ 4541.58 ഹെക്ടർ വനഭൂമിയിൽ കാട്ടുതീ ബാധിച്ചതായി ഇക്കോ ഡവലപ്മെന്റ് & ട്രൈബൽ വെൽഫെയർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ എത്ര ഹെക്ടർ വനഭൂമിയിൽ കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ വനഭൂമി കയ്യേറ്റം ഒഴിപ്പിച്ചതിന്റെ വിശദാംശങ്ങൾ വനം സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| വനം സർക്കിൾ | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ കയ്യേറ്റം ഒഴിപ്പിച്ച വനഭൂമിയുടെ വിസ്തൃതി (ഹെക്ടർ) |
|---|---|
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 160.0246 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 0.1698 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 18.9859 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 19.423 |
| എ.ബി.പി. സർക്കിൾ, തിരുവനന്തപുരം | 0.6273 |
| ആകെ | 199.23 ഹെക്ടർ |

(ഡി) വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിൽ തീർപ്പ് കൽപ്പിക്കാത്തതായ ആകെ 158 കേസ്സുകളുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**കോഴിക്കോട് ജില്ലയിൽ വിദ്യാവനം പദ്ധതി**

122 (4671) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ ഏതൊക്കെ സ്കൂളുകളിലാണ് 'വിദ്യാവനം' പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ ജി.വി.എച്ച്.എസ്.എസ്., പയ്യോളി, ജി.എം.യു.പി.എസ്., പുന്നൂർ, എച്ച്.എസ്.എസ്. ചക്കാലക്കൽ എന്നീ 3 വിദ്യാലയങ്ങളിൽ 'വിദ്യാവനം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി ജില്ലയിലെ കൂടുതൽ സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് ജില്ലയിൽ കൂടുതൽ സ്കൂളുകളിൽ 'വിദ്യാവനം' പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ അധികൃതരുമായി ചർച്ച നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നുള്ള എത്ര അപേക്ഷകളാണ് 'വിദ്യാവനം' പദ്ധതി നടപ്പിലാക്കുന്നതിനായി പരിഗണനയിലുള്ളത്; വിശദാംശം അറിയിക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ 'വിദ്യാവനം' പദ്ധതി നടപ്പിലാക്കുന്നതിനായി എച്ച്.എസ്.എസ്. വാകയാട് പരിഗണനയിലാണ്.

**സാമൂഹ്യ വനവത്ക്കരണം ശക്തിപ്പെടുത്താൻ നടപടി**

123 (4672) <u>ശ്രീ. തോമസ് കെ. തോമസ്:</u>

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u>

<u>ശ്രീ. കെ. പി. മോഹനൻ:</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെട്രോപൊളിറ്റൻ നഗരങ്ങളിലെ ലഭ്യമായ സ്ഥലങ്ങളിൽ സാമൂഹ്യ വനവത്ക്കരണത്തിന്റെ ഭാഗമായി നല്ലയിനം മരങ്ങൾ

വച്ചുപിടിപ്പിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം നഗരത്തിൽ വനം വകുപ്പുമന്ത്രിയുടെ ഔദ്യോഗിക വസതി, തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ ഔദ്യോഗിക വസതി, വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഔദ്യോഗിക വസതി, ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, കാര്യവട്ടം, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ; കൊല്ലം നഗരത്തിൽ എസ്.എൻ.കോളേജ്, കൊല്ലം എന്നിവിടങ്ങളിൽ 'നഗരവനം' പദ്ധതിയിൽ ഉൾപ്പെടുത്തി നല്ലയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(ബി) സാമൂഹ്യ വനവത്ക്കരണ പദ്ധതി മെച്ചപ്പെട്ട നിലയിൽ നടപ്പാക്കുന്നതിന് കൂടുതൽ ഫണ്ട് ലഭ്യമാക്കുമോയെന്ന് അറിയിക്കുമോ?

ലഭ്യമായ ഫണ്ട് ഉപയോഗിച്ച് സാമൂഹ്യവനവത്ക്കരണപദ്ധതി കാര്യക്ഷമമായ രീതിയിൽ വനംവകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ബഹുജന പങ്കാളിത്തത്തോടുകൂടിയും നിലവിൽ പദ്ധതികൾ നടപ്പിലാക്കുന്നു.

(സി) കാർബൺ ബഹിർഗമിക്കുന്ന എല്ലാ വ്യവസായ സ്ഥാപനങ്ങളുടെ ചുറ്റിലും ഫലവൃക്ഷങ്ങൾ ഉൾപ്പടെ നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അന്തരീക്ഷത്തിലേയ്ക്ക് ബഹിർഗമിക്കപ്പെടുന്ന കാർബൺ സ്വാംശീകരിക്കുന്ന, 'കാർബൺ ന്യൂട്രൽ' ആശയത്തിലൂന്നി വൻതോതിൽ വൃക്ഷവൽക്കരണം നടത്തുന്നതിനായുള്ള 'വൃക്ഷസമൃദ്ധി' പദ്ധതിയിലൂടെ ഈ വർഷം 23 ലക്ഷം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച്, നട്ടുപിടിപ്പിച്ച് പരിപാലനം ചെയ്യുന്നതിന് ലക്ഷ്യമിടുന്നുണ്ട്.

**സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം ലക്ഷ്യമിട്ടുള്ള ഇടപെടലുകൾ**

124 (4673) <u>ശ്രീ. ഒ. ആർ. കേളു</u>:
<u>ശ്രീ. കെ. ബാബു (നെന്മാറ)</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>:
<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല-പരിസ്ഥിതി സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം ലക്ഷ്യമിട്ട് നടത്തിയിട്ടുള്ള ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

സ.ഉ. (കൈ) നം. 29/2021/വനം തീയതി 17-12-2021 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖയിൽ വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി കേരളത്തിലെ സ്വാഭാവിക വനങ്ങൾ വെട്ടിതെളിച്ച് വെച്ചുപിടിപ്പിച്ചതും പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും ദോഷകരമാണെന്ന് പിന്നീട് കണ്ടെത്തിയതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപനം നടത്താനും വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലെൻറാന, മൈക്കേനിയ തുടങ്ങിയ കളസസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കംചെയ്ത് സ്വാഭാവികമായി കാണപ്പെടുന്ന തദ്ദേശയിനം സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. കേരളം തുടർച്ചയായി നേരിടുന്ന പ്രകൃതി ദുരന്തങ്ങളുടെയും വർദ്ധിച്ചുവരുന്ന മനുഷ്യ വന്യജീവി സംഘർഷത്തിന്റെയും പശ്ചാത്തലത്തിൽ

ഇത് പ്രാധാന്യം അർഹിക്കുന്നു. ഉദ്ദേശം 27,000 ഹെക്ടർ സ്ഥലത്ത് നടത്തേണ്ട ഈ ബൃഹദ് പദ്ധതി രണ്ട് പതിറ്റാണ്ടുകൊണ്ട് പൂർത്തീകരിക്കാനാണ് നയരേഖയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ഭാഗമായി ഇതുവരെ ഉദ്ദേശം 965 ഹെക്ടർ വനഭൂമിയിൽ സ്വാഭാവിക വനപുനഃസ്ഥാപന പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ഉദ്ദേശം 2872 ഹെക്ടർ സ്ഥലത്ത് സ്വാഭാവിക വനപുനഃസ്ഥാപന പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതാണ്. കൂടാതെ പുഴകളുടെ തീരങ്ങളിൽ ഉദ്ദേശം 28600 എണ്ണം വിവിധ ഇനത്തിൽപ്പെട്ട തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന് വാച്ചർമാരെയും നിയോഗിച്ചുവരുന്നുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് 'കാർബൺ ന്യൂട്രൽ കേരളം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പിലാക്കിയ 'വൃക്ഷ സമൃദ്ധി' പദ്ധതി സംബന്ധിച്ച് വിശദമാക്കുമോ?

വനം വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് 'വൃക്ഷസമൃദ്ധി'. വനങ്ങൾക്ക് പുറത്ത്

പ്രത്യേകിച്ച് സ്വകാര്യഭൂമിയിലും പൊതുസ്ഥലങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 'മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്' പദ്ധതി എന്നിവയുടെ സജീവ പങ്കാളിത്തം വഴി വൃക്ഷാവരണം വിപുലപ്പെടുത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 'വൃക്ഷസമൃദ്ധി' പദ്ധതിക്ക് കീഴിലുള്ള ഈ ഏകോപിത സ്ഥാപന ക്രമീകരണത്തിൽ തൈകൾ ഉത്പാദിപ്പിച്ച് പരിപാലിക്കുന്നത് 'ദേശീയ ഗ്രാമീണ തൊഴിലുറപ്പ്' പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പാണ്. പദ്ധതിയ്ക്കുവേണ്ടി വരുന്ന എല്ലാ സങ്കേതിക സഹായങ്ങളും സോഷ്യൽ ഫോറസ്ട്രി വിഭാഗം നൽകും. മൂന്ന് മുതൽ അഞ്ച് വർഷം വരെ തൈകൾക്ക് തുടർ പരിചരണം MGNREGS മാർഗ്ഗനിർദ്ദേശ പ്രകാരം നടത്തുക വഴി അഞ്ച് കൊല്ലം കൊണ്ട് ചുരുങ്ങിയത് 80% തൈകളെങ്കിലും മരമായി വളരുമെന്നതാണ് പദ്ധതിയുടെ നേട്ടം. സംസ്ഥാനത്ത് ഒട്ടാകെയുള്ള പഞ്ചായത്തുകളുടെ 832 നഴ്സറി സൈറ്റുകളിലായി 43 ലക്ഷം വൃക്ഷ തൈകൾ 2022 വർഷത്തിൽ ഈ പദ്ധതിയിലൂടെ സജ്ജമാക്കിയിരുന്നു. പദ്ധതിയുടെ പ്രാരംഭ വർഷത്തിൽ (2022 നടീൽ വർഷം) മാത്രം മതർബെഡ് നഴ്സറിക്ക് അവശ്യമായ യോജിച്ചതും

ഗുണമേന്മയുള്ളതുമായ വിത്തുകൾ വനം വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളെ തൈ ഉത്പാദിപ്പിക്കുന്നതിനും ആയത് നട്ട് പരിപാലിക്കുന്നതിനും സ്വയം പര്യാപ്തമാക്കുകയാണ് അന്തിമ ലക്ഷ്യം.

പഞ്ചായത്തുകളിൽനിന്നും ലഭിച്ച കണക്കനുസരിച്ച് 35.93 ലക്ഷം തൈകൾ ടി പദ്ധതിപ്രകാരം ഇതിനോടകം നട്ടുപിടിപ്പിച്ചിട്ടുണ്ട്. ആയത് വഴി ഏകദേശം 40 ലക്ഷത്തിൽപരം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

(സി) വനാതിർത്തി പ്രദേശങ്ങളിലെ തർക്കങ്ങൾ ഒഴിവാക്കുന്നതിനും വന സംരക്ഷണം ഉറപ്പാക്കുന്നതിനുമായി അതിർത്തി നിർണ്ണയം നടത്തുന്നതിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വനം കൈയ്യേറ്റം പൂർണ്ണമായി തടയുന്നതിന് സ്ഥിരം ജണ്ട കെട്ടി വനാതിർത്തി വേർതിരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വനാതിർത്തികളിൽ നിലവിൽ നിർമ്മിച്ച ജണ്ടകളുടെ ജി.പി.എസ്. റീഡിംഗ് ശേഖരിച്ച് ഡിജിറ്റലൈസേഷൻ ചെയ്യുന്ന നടപടികളും നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. വനാതിർത്തികളിൽ 2021-22 സാമ്പത്തിക

വർഷത്തിന്റെ തുടക്കത്തിൽ ഉദ്ദേശം 21200 ജണ്ടകൾ കൂടി ഇനി നിർമ്മിക്കുവാനുണ്ടെന്നാണ് കണക്കാക്കിയിരുന്നത്. ആയതിൽ 2021-22 സാമ്പത്തിക വർഷത്തിൽ 5934 ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 274.070 കിലോമീറ്ററിലായി 1379 ജണ്ടകൾ നിർമ്മിച്ചിട്ടുള്ളതായി നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ഉദ്ദേശം 1284.434 കിലോമീറ്ററിലായി 6000 ജണ്ടകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## വൃക്ഷ സമൃദ്ധി പദ്ധതി

125 (4674) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'വൃക്ഷ സമൃദ്ധി' പദ്ധതി നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് 'വൃക്ഷസമൃദ്ധി'. വനങ്ങൾക്ക് പുറത്ത് പ്രത്യേകിച്ച് സ്വകാര്യഭൂമിയിലും പൊതുസ്ഥലങ്ങളിലും; തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി 'ദേശീയ ഗ്രാമീണ തൊഴിലുറപ്പ്' പദ്ധതി എന്നിവയുടെ സജീവ പങ്കാളിത്തം വഴി വൃക്ഷാവരണം വിപുലപ്പെടുത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 'വൃക്ഷസമൃദ്ധി' പദ്ധതിയ്ക്ക് കീഴിലുള്ള ഈ ഏകോപിത സ്ഥാപന ക്രമീകരണത്തിൽ വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് പരിപാലിക്കുന്നത് 'ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പാണ്. പദ്ധതിയ്ക്ക് വേണ്ടി വരുന്ന എല്ലാ സാങ്കേതിക സഹായങ്ങളും വനംവകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം നൽകുന്നു. തൈകൾക്ക് 3 മുതൽ 5 വർഷം വരെ തുടർപരിചരണം MGNREGS മാർഗ്ഗനിർദ്ദേശ പ്രകാരം നടത്തുകവഴി 5 വർഷംകൊണ്ട് ചുരുങ്ങിയത് 80% തൈകളെങ്കിലും മരമായി വളരുമെന്നതാണ് പദ്ധതിയുടെ നേട്ടം. പദ്ധതിയുടെ പ്രാരംഭ വർഷത്തിൽ (2022-നടീൽ വർഷം) മാത്രം മദർബെഡ് നഴ്സറിക്കാവശ്യമായ യോജിച്ചതും ഗുണമേന്മയുള്ളതുമായ വിത്തുകൾ വനം വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തുകളിൽനിന്നും ലഭിച്ച കണക്കനുസരിച്ച് 35.93 ലക്ഷം തൈകൾ ടി പദ്ധതി പ്രകാരം ഇതിനോടകം നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം തൈകൾ

നട്ടുപിടിപ്പിക്കുന്നതിനായി ഏകദേശം 40 ലക്ഷത്തിൽപ്പരം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം മുതൽ വൃക്ഷത്തൈകൾ ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക സഹായം മാത്രമാണ് വനം വകുപ്പ് നൽകുന്നത്.

**സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം**

126 (4675) ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനും പുന:സ്ഥാപനത്തിനും പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സ.ഉ. (കൈ) നം. 29/2021/വനം തീയതി 17-12-2021 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖയിൽ വിഭാവനം ചെയ്തിട്ടുള്ള

പദ്ധതികൾ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

സ്വാഭാവികതയും ജൈവവൈവിദ്ധ്യവും നഷ്ടപ്പെട്ട ശുഷ്കിച്ച വനപ്രദേശങ്ങളിൽ പരിസ്ഥിതി പുന:സ്ഥാപന പ്രവർത്തനങ്ങൾ വനാശ്രിതസമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ഇത് പാരിസ്ഥിതിക ഭദ്രത, ജലസുരക്ഷ എന്നിവ മെച്ചപ്പെടുത്തുന്നതിനോടൊപ്പം തദ്ദേശിയർക്ക് ധാരാളം തൊഴിലവസരങ്ങളും സൃഷ്ടിക്കുകയും ചെയ്യും.

തടിയിതര വനവിഭവങ്ങളുടെ സുസ്ഥിരമായ ശേഖരണവും മൂല്യവർദ്ധനവും വിപണനവും ആദിവാസി വിഭാഗങ്ങളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കും. പങ്കാളിത്ത വനപരിപാലനത്തിന്റെയും വനാവകാശ നിയമത്തിന്റെയും സാധ്യതകൾ ഇതിനായി ഉപയോഗിക്കുകയും ഇത് വനാശ്രിത ആദിവാസി സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

വനനശീകരണത്തിനും മൂല്യശോഷണത്തിനും കാരണമായ കാട്ടുതീയിൽനിന്നും വനപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി പൊതുജന

പങ്കാളിത്തത്തോടുകൂടിയും ആധുനിക രീതികൾ അവലംബിച്ചും അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും.

കൂടാതെ വനം വകുപ്പിൽ GIM (Green India Mission), NAP (National Afforestation Programme), CAMPA (Compensatory Afforestation Fund Management and Planning Authority) പദ്ധതികൾ മുഖേന നടപ്പിലാക്കി വരുന്ന വനസംരക്ഷണ പ്രവർത്തനങ്ങളും മണ്ണ്-ജല സംരക്ഷണ പ്രവർത്തികളും വനാശ്രിതരായ ആദിവാസി വിഭാഗത്തിൽപ്പെടുന്ന ജനങ്ങളും തദ്ദേശീയരായ മറ്റ് ജനവിഭാഗങ്ങളും ഉൾപ്പെട്ട വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെൻറ് കമ്മിറ്റികൾ എന്നിവ മുഖാന്തരമാണ് നടപ്പിലാക്കുന്നത്.

(ബി) സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിനായി നയരേഖ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി മാറുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി നയരേഖ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന രാജ്യത്തെ ആദ്യ

സംസ്ഥാനമാണ് കേരളം. സ.ഉ. (കൈ) നം. 29/2021/വനം തീയതി 17-12-2021 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രസ്തുത നയരേഖയിൽ വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി കേരളത്തിലെ സ്വാഭാവിക വനങ്ങൾ വെട്ടിതെളിച്ച് വച്ചുപിടിപ്പിച്ചതും പിന്നീട് പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും ദോഷകരമാണെന്ന് കണ്ടെത്തിയതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപനം നടത്തുവാനും വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലെൻറാന, മൈക്കേനിയ തുടങ്ങിയ കളസസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്ത് സ്വാഭാവികമായി കാണപ്പെടുന്ന തദ്ദേശ ഇനം സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്.

## വിദ്യാവനം പദ്ധതി

127 (4676) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 'വിദ്യാവനം' പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിദ്യാലയങ്ങളിൽ വളരെ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവികവനങ്ങളുടെ സാദൃശ്യമുള്ള ചെറുവനങ്ങൾ, അതിസാന്ദ്രതയിൽ നട്ടുവളർത്തിയെടുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നാളിതുവരെ 117 വിദ്യാവനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നട്ടുപിടിപ്പിച്ച തൈകളുടെ വളർച്ചയും അതിജീവനവും പ്രാരംഭകാലം മുതൽതന്നെ പരിശോധിച്ചിട്ടുള്ളതും നല്ലരീതിയിൽ വളരുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുള്ളതുമാണ്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും അറിയിക്കാമോ?

'വിദ്യാവനം' പദ്ധതിയ്ക്കുമാത്രമായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. സാമൂഹ്യവനവൽക്കരണ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി വനംവകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി പ്ലാൻ ബഡ്ജറ്റ് ശീർഷകമായ 2406-01-800-55-01-Extension Forestry എന്ന ശീർഷകത്തിൽ അനുവദിക്കുന്ന തുകയിൽ നിന്നുമാണ് ഇതിനുള്ള തുക വിനിയോഗിക്കുന്നത്. നാളിതുവരെ 'വിദ്യാവനം' പദ്ധതിക്കായി 77.93 ലക്ഷംരൂപ (എഴുപത്തി ഏഴായിരത്തി തൊണ്ണൂറ്റി മൂവായിരം രൂപ) ചെലവായിട്ടുണ്ട്.

(സി) പിറവം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പിറവം നിയോജക മണ്ഡലത്തിൽ സെൻറ് ജോൺസ് സിറിയൻ എച്ച്.എസ്.എസ്., വടകര, കുത്താട്ടുകുളം, എം.കെ.എം.എച്ച്.എസ്.എസ്. പിറവം എന്നീ സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ വിതരണം ചെയ്ത വൃക്ഷത്തൈകളുടെ തുടർപരിപാലനത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയിലൂടെ നട്ടുപിടിപ്പിച്ച വൃക്ഷത്തൈകൾ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫോറസ്ട്രി ക്ലബ് അംഗങ്ങളും വിദ്യാർത്ഥികളുമാണ് പരിപാലിക്കുന്നത്. വനംവകുപ്പ് ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ വിലയിരുത്തുകയും ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകിവരികയും ചെയ്യുന്നു.

**വന വികസന ഏജൻസികൾ മുഖേന ശേഖരിക്കുന്ന വനവിഭവങ്ങളുടെ വിപണനം**

128 (4677) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന വികസന ഏജൻസികൾ മുഖേന ശേഖരിക്കുന്ന വനവിഭവങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് ഇടനിലക്കാരെ ഒഴിവാക്കി വനവിഭവങ്ങൾ ശേഖരിക്കുന്ന വനാശ്രിത വിഭാഗങ്ങൾക്ക് കൂടുതൽ വില ലഭ്യമാക്കുന്നതിനും

ഈ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വനപരിപാലന തത്വത്തിൻകീഴിൽ ചുവടെ പരാമർശിക്കുന്ന പദ്ധതികളുടെ നടത്തിപ്പിലൂടെ വനവിഭവ ശേഖരണ വിപണനവുമായി ബന്ധപ്പെട്ട് വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങളും അതുവഴി അവർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതിനും അങ്ങനെ ജീവിത നിലവാര ഉയർച്ചയ്ക്കും സഹായകരമാകുന്നു.

ആദിവാസികൾ വനത്തിൽനിന്നും ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് ന്യായവില ലഭ്യമാക്കുക, അവരെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ വനം വകുപ്പ് "വനശ്രീ" പദ്ധതി നടപ്പാക്കി വരുന്നു. ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയാണ് വനശ്രീയുടെ മുഖ്യകർമ്മ പരിപാടി. ഇത്തരത്തിൽ 69 വനശ്രീ യൂണിറ്റുകൾ (രണ്ട് മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ) വഴി വിപണനം നടത്തുന്നതിലൂടെ വനവിഭവങ്ങൾക്ക്

മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും അതിലൂടെ വനാശ്രിതരായ ആദിവാസികളുടെ ജീവിത നിലവാരം ഉയർത്തുവാനും സാധിക്കുന്നു.

കേന്ദ്ര പട്ടികവർഗ്ഗകാര്യ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന Tribal Co-operative Marketing Development Federation of India Ltd: (TRIFED)-ന്റെ ധനസഹായത്തോടുകൂടി വനം വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കുന്ന MSP for MFP പദ്ധതി വഴി കേരളത്തിലെ വനങ്ങളിൽ ലഭ്യമായ കാട്ടുതേൻ ഉൾപ്പടെ 26 ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി പദ്ധതി വഴി വനവിഭവങ്ങളുടെ ശേഖരണ-വിപണന സംവിധാനത്തിനായി HAAT ബസാറുകളുടെ നിർമ്മാണം, നിലവിലുള്ള HAAT ബസാറുകളുടെ ആധുനികവൽക്കരണം, ശേഖരണ കേന്ദ്രങ്ങളുടെ നിർമ്മാണം എന്നിവയും നടത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ കീഴിൽ തേൻ ശേഖരണത്തിനായി വനവികസന ഏജൻസി തലത്തിൽ Revolving Fund രൂപീകരിയ്ക്കുന്നതിനുള്ള ധനസഹായവും നൽകി വരുന്നുണ്ട്.

ചെറുകിട വനവിഭവങ്ങളുടെ മൂല്യവർദ്ധനയിലൂടെയും വിപണനത്തിലൂടെയും വനാശ്രിത സമൂഹങ്ങളുടെ ശാക്തീകരണത്തിനായി

കേന്ദ്രസർക്കാർ സഹായത്തോടെ 'വൻ ധൻ വികാസ് യോജന'-യ്ക്ക് കീഴിൽ വൻ ധൻ വികാസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ട്രൈഫെഡിന്റെ സാമ്പത്തിക സഹായത്തോടെ ഇത്തരത്തിൽ 44 വൻ ധൻ വികാസ് കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

നിലവിൽ www.vanasree.in വഴി വനവിഭവങ്ങൾ ഓൺലൈൻ മുഖേന വിപണനം നടത്തി വരുന്നു. ഇത് വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഒരു സമഗ്രമായ ഓൺലൈൻ സംവിധാനം വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ എല്ലാവർഷവും വന വിഭവ ശേഖരണത്തിനായി കേരള സംസ്ഥാന പട്ടിക ജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വനവിഭവ ശേഖരണത്തിനായി വനം വകുപ്പ് അതത് സംഘങ്ങളുടെ പ്രവർത്തന മേഖല ഉൾപ്പെടുന്ന വനം റേഞ്ചുകൾ അനുവദിച്ചുവരുന്നുണ്ട്. ടി സംഘങ്ങൾ ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ ഫെഡറേഷൻ വഴി വിപണനം നടത്തി വരുന്നു.

**ആലത്തൂർ നിയോജക മണ്ഡലത്തിലെ വൃക്ഷസമൃദ്ധി പദ്ധതി**

129 (4678) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജക മണ്ഡലത്തിൽ 'വൃക്ഷസമൃദ്ധി' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആലത്തൂർ നിയോജക മണ്ഡലത്തിലെ ആലത്തൂർ, കണ്ണമ്പ്ര, കാവശ്ശേരി, പുതുക്കോട്, കിഴക്കഞ്ചേരി, വടക്കഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് 'വൃക്ഷസമൃദ്ധി' പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

**സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി**

130 (4679) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി നടപ്പാക്കുന്നതുകൊണ്ട് സംസ്ഥാനത്തെ വിവിധ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് ഉണ്ടാകുന്ന പ്രയോജനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേരളത്തിലെ വനങ്ങളിൽ ധാരാളം മനുഷ്യവാസ കേന്ദ്രങ്ങൾ നിലവിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസന പ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽനിന്നും പുനരധിവാസത്തിനായുള്ള ആവശ്യം ഉയരുന്നുണ്ട്. റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയ്ക്ക് 14-11-2019-ലെ ജി.ഒ. (ആർ.റ്റി) 483/2018/പി&ഇ.എ നമ്പർ ഉത്തരവ് പ്രകാരവും കിഫ്ബി Phase II പദ്ധതിയ്ക്ക് 23-01-2020-ലെ ജി.ഒ (എം.എസ്) 2/2020/വനം വന്യജീവി, 02-08-2021-ലെ ജി. ഒ (എം.എസ്) 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ പ്രകാരവും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+. കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന സ്വയം സന്നദ്ധമാകുന്ന ആദിവാസി-ഇതര കുടുംബങ്ങൾക്ക് അംഗീകൃത മാർഗ്ഗരേഖപ്രകാരം ടി പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്.

കേരള വനം-വന്യജീവി വകുപ്പ് റീബിൽഡ് കേരള ഡെവലപ്മെന്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വയംസന്നദ്ധ പുനരധിവാസ/കിഫ്ബി ഫേസ് II എന്നീ സർക്കാർ പദ്ധതികൾ വിനിയോഗിച്ച് വനാന്തരങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന ആദിവാസി ഇതര ജനവിഭാഗങ്ങളെ മാറി താമസിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതി പരിശോധിച്ചാൽ ഭൂമിയുടെ വിസ്തൃതിക്ക് ഉപരിയായി ഇപ്രകാരമുള്ള പ്രദേശത്ത് താമസിക്കുന്നവരുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ സാമ്പത്തിക സഹായം നൽകി (അർഹതപ്പെട്ട ഓരോ കുടുംബത്തിനും 15 ലക്ഷം രൂപാ വീതം) ഏറ്റെടുക്കുന്നത് വഴി മെച്ചപ്പെട്ട ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ ജീവിതസാഹചര്യങ്ങൾ ഒരുക്കുക എന്നതാണ് മേൽപദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്.

**വനാശ്രിത സമൂഹങ്ങൾക്കായി ക്ഷേമ പദ്ധതികൾ**

131 (4680) ശ്രീ. എം. വി.ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എ. പ്രഭാകരൻ:

<u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാശ്രിത സമൂഹങ്ങളുടെ ക്ഷേമത്തിനായി നടത്തുന്ന പരിപാടികൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വനാശ്രിത സമൂഹത്തിന്റെ ക്ഷേമത്തിനായി ജനപങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ പങ്കാളിത്ത വനപരിപാലനത്തിന് കീഴിൽ വനം വകുപ്പ് നടപ്പാക്കുന്നുണ്ട്. ടി പങ്കാളിത്ത വനപരിപാലന പദ്ധതികളുടെ നടത്തിപ്പിനായി വനം ഡിവിഷൻ തലത്തിൽ ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത 50 വന വികസന ഏജൻസികൾ രൂപീകരിച്ചിട്ടുണ്ട്. മേൽ വന വികസന ഏജൻസികൾക്കകീഴിൽ 417 വന സംരക്ഷണ സമിതികളും 213 ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികളും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. വന സംരക്ഷണ സമിതികളുടെയും ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികളുടെയും പദ്ധതി പ്രവർത്തനങ്ങൾ അതത് എക്സിക്യൂട്ടീവ് കമ്മിറ്റികൾ അവയുടെ പ്രവർത്തന നിയമാവലിപ്രകാരം

യോഗങ്ങൾക്കൂടി അവലോകനം നടത്തുന്നു. കൂടാതെ ഓരോ സമിതിയുടെയും പ്രവർത്തനങ്ങൾ ബന്ധപ്പെട്ട വനവികസന ഏജൻസി തലത്തിലും അവലോകനം ചെയ്യുന്നു. അന്തിമമായി സംസ്ഥാന വന വികസന ഏജൻസി തലത്തിൽ വന വികസന ഏജൻസികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തുവരുന്നു.

(ബി) വനാശ്രിത സമൂഹങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഔഷധ സസ്യ കൃഷി പ്രോത്സാഹന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹങ്ങളുടെ വരുമാന വർദ്ധനവും ജീവിത നിലവാര ഉയർച്ചയും ലക്ഷ്യമിട്ട് സംസ്ഥാനത്ത് സുലഭമായി ലഭിക്കുന്നതും വിവിധ ആവശ്യങ്ങൾക്കായി ഉപയുക്തമായതുമായ വിവിധ ഇനം ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ദേശീയ-സംസ്ഥാന ഔഷധ സസ്യബോർഡുകളുടെ ധനസഹായം ഉപയോഗപ്പെടുത്തി വിവിധ പദ്ധതികൾ വന സംരക്ഷണ സമിതികൾ/ഇക്കോ-ഡെവലപ്പ്മെന്റ്

കമ്മിറ്റികൾ മുഖേന വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ദേശീയ വനവത്ക്കരണ പരിപാടി, 'ഗ്രീൻ ഇന്ത്യാ മിഷൻ' പദ്ധതി എന്നിവയുടെ ഭാഗമായി ഈറ്റയും മുളയും മറ്റ് ഔഷധ സസ്യങ്ങളും വച്ചുപിടിപ്പിക്കുന്നതിനുള്ള കർമ്മ പരിപാടികളും വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്.

വനാതിർത്തികളിൽ താമസിക്കുന്നവർക്ക് ഔഷധസസ്യ കൃഷിയിലൂടെ സുസ്ഥിരമായ ഉപജീവനമാർഗ്ഗം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വനം വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'വന ഔഷധ സമൃദ്ധി'. VSS/ EDC-കൾ വഴി ഔഷധ സസ്യങ്ങൾ, പ്രത്യേകിച്ച് മഞ്ഞൾ കൃഷി പ്രോത്സാഹിപ്പിക്കുക വഴി, അവർക്ക് മികച്ച വരുമാനം പ്രദാനം ചെയ്യാൻ സാധിക്കുന്നു. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ ഘടക സ്ഥാപനമായ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് മഞ്ഞൾ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന VSS/EDC അംഗങ്ങൾക്ക് ആവശ്യമായ പരിശീലനവും സാങ്കേതിക പിന്തുണയും നൽകുന്നു. 'വന ഔഷധ സമൃദ്ധി'

പദ്ധതിയിലൂടെ VSS/EDC-യുമായി ബന്ധപ്പെട്ട ജനങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു.

(സി) വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ഉറപ്പാക്കുന്നതിനായി ചന്ദനവെള്ള മൂല്യവർദ്ധിത ഉല്പന്നമാക്കി വിപണനം ചെയ്യുന്നതിന് തീരുമാനമെടുത്തിരുന്നോ; എങ്കിൽ വിശദമാക്കുമോ?

വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ഉറപ്പാക്കുന്നതിനായി ചന്ദനവെള്ള മൂല്യവർദ്ധിത ഉല്പന്നമാക്കി വിപണനം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മറയൂർ ചന്ദന ഡിവിഷനിലെ മറയൂർ ചന്ദന ഡിപ്പോ മുഖാന്തരം നടത്തപ്പെടുന്ന ഓരോ ചന്ദന ലേലങ്ങളോടും അനുബന്ധിച്ച് ഏകദേശം 50 ടണ്ണോളം ചന്ദന ചിപ്സ് ലഭ്യമായി വരുന്നതാണ്. എന്നാൽ ടി ഇനത്തിന് പൊതുവെ വിപണന സാദ്ധ്യത കുറവായതിനാൽ അതിനെ മൂല്യവർദ്ധിത ഉത്പന്നമാക്കി മാറ്റുന്നതിന് 03-11-2022-ലെ സ.ഉ.(കൈ) നം.52/2022/വനം പ്രകാരം ഉത്തരവായിട്ടുള്ളതാണ്. തൻമൂലം തൊഴിൽരഹിതരായ വനാശ്രിത സമൂഹങ്ങൾക്ക് തൊഴിലവസരം

സൃഷ്ടിക്കുന്നതിനും അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സഹായകരമാണ്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറയൂർ ഡിപ്പോയിൽ സ്റ്റോക്കിലുള്ള ചന്ദന വെള്ള ചിപ്സിൽനിന്നും 500 കി.ഗ്രാം ചിപ്സ് പൊടിയാക്കി ബ്രിക്കറ്റ് ആക്കി പരിവർത്തനം ചെയ്ത് സ്റ്റോക്ക് ചെയ്തിട്ടുണ്ട്. ഇതിന്റെ വിപണനം പ്രൊമോട്ട് ചെയ്യുന്നതിനും വിപണിയിൽ എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപനം നടത്തുന്നതിന് പദ്ധതികൾ**

132 (4681) ശ്രീ. എം. എം. മണി:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിയ്ക്കും ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ മരങ്ങൾ ഘട്ടം ഘട്ടമായി

നീക്കം ചെയ്ത് അത്തരം പ്രദേശങ്ങൾ സ്വാഭാവിക വനങ്ങളായി പുന:സ്ഥാപിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

സ.ഉ. (കൈ) നം. 29/2021/വനം തീയതി 17-12-2021 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖയിൽ വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി കേരളത്തിലെ സ്വാഭാവിക വനങ്ങൾ വെട്ടിതെളിച്ച് വച്ചുപിടിപ്പിച്ചതും പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും ദോഷകരമാണെന്ന് പിന്നീട് കണ്ടെത്തിയതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപനം നടത്തുവാനും വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലെൻറാന, മൈക്കേനിയ തുടങ്ങിയ കളസസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്ത് സ്വാഭാവികമായി കാണപ്പെടുന്ന തദ്ദേശ ഇനം സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. കേരള

തുടർച്ചയായി നേരിടുന്ന പ്രകൃതി ദുരന്തങ്ങളുടെയും വർദ്ധിച്ചുവരുന്ന മനുഷ്യ വന്യജീവി സംഘർഷത്തിന്റെയും പശ്ചാത്തലത്തിൽ ഇത് പ്രാധാന്യം അർഹിക്കുന്നു. ഉദ്ദേശം 27,000 ഹെക്ടർ സ്ഥലത്ത് നടത്തേണ്ട ഈ ബൃഹദ് പദ്ധതി രണ്ട് പതിറ്റാണ്ടുകൊണ്ട് പൂർത്തീകരിക്കാനാണ് നയരേഖയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ഭാഗമായി ഇതുവരെ ഉദ്ദേശം 965 ഹെക്ടർ വനഭൂമിയിൽ സ്വാഭാവിക വനപുനഃസ്ഥാപന പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ഉദ്ദേശം 2872 ഹെക്ടർ സ്ഥലത്ത് സ്വാഭാവിക വനപുനഃസ്ഥാപന പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതുമാണ്. കൂടാതെ പുഴകളുടെ തീരങ്ങളിൽ ഉദ്ദേശം 28600 എണ്ണം വിവിധ ഇനത്തിൽപ്പെട്ട തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള പരാജയപ്പെട്ട തേക്ക് തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

അനുയോജ്യമല്ലാത്ത കാലാവസ്ഥയിൽ മണ്ണിന്റെ ഫലഭൂയിഷ്ടിക്കുറവുമൂലം പാടെ പരാജയപ്പെട്ടതോ, വളർച്ച മുരടിച്ചതോ, വന്യജീവി വഴിത്താരകളിലുള്ളതോ, പ്രകൃതി ദുരന്ത സാധ്യത

പ്രദേശങ്ങളിലുള്ളതോ, നദീതടങ്ങളിലുള്ളതോ ആയ സർക്കാർ ഉടമസ്ഥതയിലുള്ള തേക്ക് തോട്ടങ്ങൾ മണ്ണ്-ജല സംരക്ഷണം ലക്ഷ്യമാക്കി സ്വാഭാവിക വനങ്ങളാക്കി മാറ്റുമെന്ന് സ.ഉ. (കൈ) നം. 29/2021/വനം തീയതി 17-12-2021 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനപുനഃസ്ഥാപന നയരേഖയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(സി) ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമല്ലാത്തതും ജൈവവൈവിധ്യത്തിന് ഭീക്ഷണിയായി മാറിക്കൊണ്ടിരിക്കുന്നതുമായ സസ്യങ്ങളെയും ആഫ്രിക്കൻ ഒച്ച്, ആഫ്രിക്കൻ മുഷി തുടങ്ങിയ ജീവികളെയും വനങ്ങളിൽനിന്നും മറ്റ് ആവാസ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ജൈവവൈവിദ്ധ്യത്തിന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന ലാൻറാന, മൈക്കീനിയ, സെന്ന തുടങ്ങിയ നമ്മുടെ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമല്ലാത്ത സസ്യങ്ങളെയും ആഫ്രിക്കൻ ഒച്ച്, ആഫ്രിക്കൻ മുഷി തുടങ്ങിയ ജീവികളെയും വനങ്ങളിൽനിന്നും മറ്റ് ആവാസ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കുന്നതിന് തദ്ദേശീയ ജീവജാലങ്ങളുടെ

നിലനിൽപ്പ് ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമെന്ന് സ.ഉ. (കൈ) നം. 29/2021/വനം തീയതി 17-12-2021 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനപുനഃസ്ഥാപന നയരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) പങ്കാളിത്ത വനപരിപാലനത്തിന്റെയും വനാവകാശ നിയമത്തിന്റെയും സാധ്യതകൾ ഉപയോഗിച്ച് തടിയിതര വനവിഭവങ്ങളുടെ സുസ്ഥിരമായ ശേഖരണവും മൂല്യവർദ്ധനവും വിപണനവും ഗോത്ര വിഭാഗങ്ങളിൽപ്പെട്ടവരുടെ സഹകരണത്തോടെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസി വിഭാഗങ്ങളുടെ ഉന്നമനത്തിനായും ഉപജീവനമാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനായും വനസംരക്ഷണ/വനവൽക്കരണ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും തടിയിതര വനവിഭവങ്ങളുടെ സുസ്ഥിരമായ ശേഖരണവും മൂല്യവർദ്ധനവും വിപണനവും ആദിവാസി വിഭാഗങ്ങളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുകയും പങ്കാളിത്ത

വനപരിപാലനത്തിന്റെയും വനാവകാശ നിയമത്തിന്റെയും സാദ്ധ്യതകൾ ഇതിനായി ഉപയോഗപ്പെടുത്തി വനാശ്രിത ആദിവാസി സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും സ.ഉ. (കൈ) നം. 29/2021/വനം തീയതി 17-12-2021 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനപുനഃസ്ഥാപന നയരേഖയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

**ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ നിയമനം**

133 (4682) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാശ്രിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിന് എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വനാശ്രിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് നിയമനം

നൽകുന്നതിന് 500 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള ഒഴിവുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

യോഗ്യതാ പരീക്ഷയുടെയും കായികക്ഷമതാ പരീക്ഷയുടെയും അടിസ്ഥാനത്തിൽ ടി തസ്തികയിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. കണ്ണൂർ, വയനാട്, മലപ്പുറം, തൃശ്ശൂർ, കോട്ടയം, ജില്ലകളിൽ നിയമനശിപാർശ അയയ്ക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷൻ പൂർത്തിയാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും നിയമന നടപടികൾ പൂർത്തീകരിച്ച് ഉദ്യോഗാർത്ഥികൾക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

### ബീറ്റ് ഫോറസ്റ്റ് ഓഫീസർ നിയമനം

134 (4683) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് 2022-ൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് പി.എസ്.സി. മുഖേന ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

2022-ൽ വനാശ്രിതരായ ആദിവാസി വിഭാഗത്തിൽപ്പെട്ടവരിൽനിന്ന് പി.എസ്.സി. മുഖേന ബീറ്റ് ഫോറസ്റ്റ് ഓഫിസർമാരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ട്. 500 പേർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന വനം വകുപ്പിൽ നിയമനം നൽകുന്നതിന് സ.ഉ.(കൈ) നം. 03/2021/വനം തീയതി 12-02-2021, സ.ഉ.(കൈ) നം. 08/2022/വനം തീയതി 10-02-2022 എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു, ഇപ്രകാരം സൃഷ്ടിച്ച 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, 16-04-2022-ൽ 92/2022, 93/2022 എന്നീ നമ്പരുകളിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും യോഗ്യതാ പരീക്ഷയുടേയും കായികക്ഷമതാ പരീക്ഷയുടേയും അടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ, വയനാട്, മലപ്പുറം, തൃശ്ശൂർ, കോട്ടയം ജില്ലകളിൽ നിയമനശിപാർശ

അയയ്ക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഇതുൾപ്പെടെ എല്ലാ ജില്ലകളിലും നിയമന നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) പ്രസ്തുത തസ്തികയിൽ നാളിതുവരെയുള്ള ഒഴിവുകൾ ജില്ല തിരിച്ച് എത്രയാണെന്നും നിലവിലെ ഒഴിവുകളിലേയ്ക്ക് ആവശ്യമായ ഉദ്യോഗാർത്ഥികളെ ലഭിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ?

വനാശ്രിതരായ ആദിവാസി സമൂഹത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്നും ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിച്ച 500 പുതിയ ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 20 |
| കൊല്ലം | 10 |
| പത്തനംതിട്ട | 10 |
| കോട്ടയം | 20 |
| ഇടുക്കി | 40 |
| എറണാകുളം | 20 |

| | |
|---|---|
| തൃശ്ശൂർ | 10 |
| പാലക്കാട് | 60 |
| മലപ്പുറം | 30 |
| കോഴിക്കോട് | 20 |
| വയനാട് | 170 |
| കണ്ണൂർ | 45 |
| കാസർഗോഡ് | 45 |

എല്ലാ ജില്ലകളിലുമുള്ള നിയമന ശിപാർശ നടപടികൾ പുരോഗമിച്ച് വരുന്നു.

(സി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾ എന്തെങ്കിലും പരാതി മുഖ്യമന്ത്രിയ്ക്ക് നൽകിയിരുന്നോയെന്നും എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പരാതി സമർപ്പിച്ചിട്ടുള്ളതായി വനം വന്യജീവി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിയമനം സംബന്ധിച്ച് പി.എസ്.സി. ഉദ്യോഗസ്ഥർ തർക്കങ്ങൾ ഉന്നയിച്ചിരുന്നോയെന്നും എങ്കിൽ ആയത് പരിഹരിക്കപെട്ടോയെന്നും വ്യക്തമാക്കാമോ?

നിയമനം സംബന്ധിച്ച് പി.എസ്.സി ഉദ്യോഗസ്ഥർ തർക്കങ്ങൾ ഉന്നയിച്ചിട്ടില്ല.

**വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സുരക്ഷ സംവിധാനങ്ങൾ**

135 (4684) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്ത വനം വകുപ്പ് ഉദ്യോഗസ്ഥരുടെ വിശദാംശം വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനം വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിൽ വന്യജീവി ആക്രമണത്തിൽ 4 വനം വകുപ്പ് ഉദ്യോഗസ്ഥർ കൊല്ലപ്പെടുകയും 18 വനം വകുപ്പ് ഉദ്യോഗസ്ഥർക്ക്

പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) അപകട സാധ്യതയേറിയ ദൗത്യങ്ങളിൽ ഏർപ്പെടുന്ന വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

അപകട സാധ്യതയേറിയ ദൗത്യങ്ങളിൽ ഏർപ്പെടുന്ന വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഷീൽഡ്, ഹെൽമറ്റ്, അസ്കലൈറ്റ്, സെർച്ച് ലൈറ്റ്, പമ്പ് ആക്ഷൻ ഗൺ, എലിഫന്റ് റെപ്പല്ലർ, ജാക്കറ്റ്, പാമ്പ് പിടുത്ത ഉപകരണങ്ങൾ, ഗംബൂട്ട്, പ്രൊട്ടക്ഷൻ ഗ്ലാസ്, വാക്കിടോക്കി, ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ ഉപയോഗിച്ചുവരുന്നു. കൂടാതെ എല്ലാ സർക്കാർ ജീവനക്കാർക്കും നിലവിൽ ലഭ്യമായിട്ടുള്ള ഇൻഷ്വറൻസ് പരിരക്ഷകൾക്ക് പുറമേ വനം വകുപ്പിലെ സംരക്ഷണ വിഭാഗത്തിലെ സ്ഥിരം, താൽക്കാലിക ജീവനക്കാർക്ക് അപകടമരണം സംഭവിക്കുകയാണെങ്കിൽ 5 ലക്ഷം രൂപയും, അപകടംമൂലം സ്ഥിരം അംഗവൈകല്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഭവിക്കുകയാണെങ്കിൽ 2.5 ലക്ഷം രൂപയും, അപകടവുമായി ബന്ധപ്പെട്ട ചികിത്സാർത്ഥം പരമാവധി 50,000/- രൂപയും അനുവദിക്കുന്നതിന് വനം വകുപ്പിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത സംവിധാനങ്ങൾ പര്യാപ്തമാണോയെന്ന് അറിയിക്കാമോ; വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് കൂടുതൽ കാര്യക്ഷമമായ സുരക്ഷ സംവിധാനങ്ങൾ ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

ജീവനക്കാർക്ക് മെച്ചപ്പെട്ട ആധുനിക സുരക്ഷാസംവിധാനങ്ങൾ ലഭ്യമാക്കുന്നതിനും അവ ഫലപ്രദമായി ഉപയോഗിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തർക്കം പരിഹരിക്കാൻ സംയുക്ത പരിശോധന**

136 (4685) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരും വനം വകുപ്പും തമ്മിൽ തർക്കമുള്ള പ്രദേശങ്ങളിൽ റവന്യൂ, വനം വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്തുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനവും സ്വകാര്യ പട്ടയ ഭൂമിയുമായി വരുന്ന പ്രദേശങ്ങളിൽ തർക്കം ഉണ്ടെങ്കിൽ നിലവിലുള്ള നിയമങ്ങളും സർവ്വേ റിക്കാർഡുകളും സർക്കാർ ഉത്തരവുകൾ പ്രകാരവും സംയുക്ത പരിശോധന നടത്തുന്നതിന് തടസ്സങ്ങൾ ഇല്ല. എന്നാൽ സംയുക്ത പരിശോധന 01-01-1977-ന് മുൻപുള്ള കൈയ്യേറ്റങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ഒരിക്കൽ മാത്രം നടത്തിയ ഒരു പ്രവർത്തിയാണ്. കേന്ദ്ര സർക്കാർ എഫ്.സി. ആക്ട്, 1980 പ്രകാരം പരിശോധിച്ച് സാധൂകരണം നൽകിയിട്ടുള്ള വനഭൂമിയല്ലാതെ യാതൊരുവിധ കൈയ്യേറ്റങ്ങളും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും കേരള ഹൈക്കോടതിയുടെയും ഉത്തരവുപ്രകാരം അല്ലാതെ സാധ്യമല്ലാത്തതും മറ്റ് കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടതുമാണ്. തർക്കമുണ്ടായിരുന്ന പ്രദേശങ്ങളിലെല്ലാം വീണ്ടും സംയുക്ത പരിശോധനയെന്ന ആവശ്യം കൂടുതൽ വനം കൈയ്യേറ്റത്തെ പ്രോത്സാഹിപ്പിക്കും എന്നതിനാലും ആയത് ബഹുമാനപ്പെട്ട കോടതികൾ തടഞ്ഞിട്ടുള്ളതുകൊണ്ടും നിയമപരമായി നിലനിൽക്കുന്നതല്ല.

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ സംയുക്ത പരിശോധന നടത്തുന്നതിനും വിഷയം ശാശ്വതമായി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

### വനം വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ

137 (4686) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി നടത്തിയ പരിശോധന സംബന്ധിച്ചുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനം വന്യജീവി വകുപ്പിൽ ധനകാര്യ പരിശോധനാ വിഭാഗം 02-02-2023, 20-02-2023 എന്നീ തീയതികളിൽ മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ആണ് അവസാനമായി പരിശോധന നടത്തിയത്.

പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ധനകാര്യ വകുപ്പിൽനിന്നും ലഭ്യമായിട്ടില്ല.

**വന്യജീവി വേട്ട നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി**

138 (4687) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം വകുപ്പ് ജീവനക്കാർ വന്യജീവി വേട്ട നടത്തിയത് സംബന്ധിച്ച് എത്ര കേസുകൾ മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അതിൽ എത്ര കേസുകളിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനം വകുപ്പ് ജീവനക്കാർ വന്യജീവി വേട്ട നടത്തിയത് സംബന്ധിച്ച് തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയിഞ്ചിലും വയനാട് വൈൽഡ് ലൈഫ് ഡിവിഷന് കീഴിലെ മുത്തങ്ങ റെയിഞ്ചിലും ആയി ആകെ 2 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇതിൽ തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ പച്ചമല സെക്ഷനിൽ ആനപ്പെട്ടി ഭാഗത്ത് 10-05-2022-ൽ മരണപ്പെട്ട കേഴമാനിന്റെ ജഡം നടപടിക്രമങ്ങൾ പാലിച്ച് മറവ് ചെയ്യാതെ ദിവസക്കൂലി വാച്ചറുമൊത്ത് എടുത്തുകൊണ്ട് പോയി ഭക്ഷണത്തിന് ഉപയോഗിച്ച കുറ്റത്തിന് ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. എസ്. ഷജീദ്, ദിവസക്കൂലി വാച്ചറായിരുന്ന ശ്രീ. സനൽരാജ് എന്നിവരെ ഉൾപ്പെടെ പ്രതികളാക്കി വന്യജീവി സംരക്ഷണ നിയമപ്രകാരം ഒ.ആർ.14/2022-ആയി 17-06-2022-ൽ പാലോട് റെയിഞ്ചിൽ ഒഫൻസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഈ വിഷയത്തിൽ നിയമാനുസൃതം ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാത്തതിന് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. റ്റി. അജികുമാറിനെതിരെ 06-03-2023 തീയതിയായി കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി സർക്കാർതലത്തിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു. മറ്റ് ഉദ്യോഗസ്ഥരായ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. അരുൺ ലാൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. എസ്. ഷജീദ്, ശ്രീ. പി. രാജേഷ് കുമാർ, ശ്രീമതി യു. രമ്യ

എന്നിവർക്കെതിരെ സർക്കിൾ, ഡിവിഷൻ തലങ്ങളിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

വയനാട് വൈൽഡ് ലൈഫ് ഡിവിഷനുകീഴിലെ മുത്തങ്ങ റെയിഞ്ചിൽ മരഗദ ആന്റി പോച്ചിംഗ് ക്യാമ്പ് ഷെഡിന് മുമ്പിൽ ചെറുമൃഗങ്ങളെ വാച്ചർമാർ കുരുക്കുവച്ച് പിടികൂടുന്നത് പട്രോളിംഗ് വേളയിൽ റെയിഞ്ച് ഓഫീസറുടെ ശ്രദ്ധയിൽപ്പെടുകയും ആയതിന് ഒ.ആർ.1/21 (എം.എഫ്.എസ്.) നമ്പരായി കേസ് ബുക്ക് ചെയ്യുകയും ആയത് ബഹുമാനപ്പെട്ട കോടതിയിൽ സി.സി.611/22 നമ്പരായി വിചാരണ നടന്നുവരുന്നതുമാണ്. ടി കേസിലെ പ്രതികളായിട്ടുള്ള ഫോറസ്റ്റ് വാച്ചർമാരായ ശ്രീ. കെ. കൃഷ്ണൻ, ശ്രീ. രാഗേഷ് വി. എന്നിവർക്കെതിരെ ഡിവിഷൻ തലത്തിൽ അച്ചടക്ക നടപടിയും സ്വീകരിച്ചുവരുന്നു.

**വനസംരക്ഷണ സമിതികൾ**

139 (4688) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡി.എഫ്.ഒ.-യുടെ കീഴിൽ വരുന്ന ഫോറസ്റ്റ് റേഞ്ചുകളിൽ നിലവിൽ എത്ര വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെ സ്ഥലങ്ങളിലാണെന്നും അറിയിക്കാമോ?

തിരുവനന്തപുരം ഡിവിഷനുകീഴിൽ നിലവിൽ 19 വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നു. അവയുടെ വിശദവിവരങ്ങൾ അനുബന്ധം- I ആയി ചേർക്കുന്നു+.

(ബി) പ്രസ്തുത ഫോറസ്റ്റ് റേഞ്ചുകളിൽ 2016 മുതൽ നാളിതുവരെ വനസംരക്ഷണ സമിതികൾ മുഖാന്തരം നടത്തിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

പ്രസ്തുത ഫോറസ്റ്റ് റേഞ്ചുകളിൽ 2016 മുതൽ നാളിതുവരെ വനസംരക്ഷണ സമിതികൾ മുഖാന്തരം നടത്തിയിട്ടുള്ള പദ്ധതികൾ അനുബന്ധം- II ആയി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സി. ആൻഡ് എ.ജി. ഓഡിറ്റ്

140 (4689) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ അവസാനമായി ഓഡിറ്റ് നടത്തിയത് എന്നാണെന്ന് അറിയിക്കാമോ?

കേരള വനം വകുപ്പിന് കീഴിലുള്ള കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ 2018-22 കാലയളവിലാണ് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ അവസാനമായി ഓഡിറ്റ് നടത്തിയത്. പ്രസ്തുത ഓഡിറ്റ് 2023 ജനുവരി മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

## പരിസ്ഥിതി സംരക്ഷണ സംഘടനകൾ

141 (4690) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പരിസ്ഥിതി സംരക്ഷണ സംഘടനകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പരിസ്ഥിതി സംഘടനകളുടെ ഔദ്യോഗിക പട്ടിക വനം വകുപ്പിൽ ലഭ്യമല്ല. എന്നാൽ വനം വകുപ്പിന്റെ പരിപാടികളിൽ പങ്കാളികളാകുന്ന പരിസ്ഥിതി സംഘടനകളുടെ ലിസ്റ്റ് അനുബന്ധം - 1 ആയി ഉള്ളടക്കം ചെയ്യുന്നു+.

(ബി) പ്രസ്തുത സംഘടനകളുടെ മുഖ്യമായ പ്രവർത്തനം എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

വനം വകുപ്പുമായി ചേർന്ന് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും വനം വന്യജീവി സംരക്ഷണത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുക, തൈ നടീൽ, പക്ഷി സംരക്ഷണം, കടൽത്തീരസംരക്ഷണം, കണ്ടൽക്കാട് സംരക്ഷണം, കടലാമ സംരക്ഷണം, പക്ഷി നിരീക്ഷണം, സെമിനാറുകൾ എന്നിവ കൂടാതെ വന്യജീവികളുടെ കണക്കെടുപ്പ്, ഫീൽഡ് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും നൽകുന്ന അവബോധ ക്ലാസ്സുകളുടെ നടത്തിപ്പ്, സ്പീഷീസുകളെ തിരിച്ചറിയുന്നതുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ, ജീവിവർഗ്ഗങ്ങളുടെ ചെക്ക് ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ, വനം-പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവിധങ്ങളായ ദിനാചരണങ്ങളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാഗമായുള്ള പ്രവർത്തനങ്ങൾ, മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ, 'ആനത്താര' പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഫീൽഡ് ഗൈഡുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ, സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ പരിസ്ഥിതി സംഘടനകളുടെ സജീവ പങ്കാളിത്തം ഉണ്ടാകാറുണ്ട്.

(സി) വനം വകുപ്പുമായി ചേർന്ന് ഈ സംഘടനകൾ വർഷംതോറും സംസ്ഥാനത്ത് എന്തെല്ലാം പരിപാടികൾ നടത്തിവരുന്നുവെന്ന് വിശദമാക്കാമോ; ഇതിനായി വകുപ്പ് എന്തെങ്കിലും ഗ്രാന്റ് സംഘടനകൾക്ക് നൽകിവരുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

വനംവകുപ്പുമായി ചേർന്ന് ഈ സംഘടനകൾ വർഷംതോറും സംസ്ഥാനത്ത് വനം-വന്യജീവി വാരാഘോഷം, പരിസ്ഥിതി ദിനാഘോഷം, ഗജദിനം എന്നിവ നടത്തി വരുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജനം, വിദേശ കളകളുടെ നിർമ്മാർജ്ജനം, പരിസ്ഥിതി അവബോധ സെമിനാറുകൾ/ ജാഥകൾ, തൈനടീൽ, കാട്ടുതീ തടയുന്നതിനുള്ള ക്ലാസ്സുകൾ, ബീച്ച് ക്ലീനിംഗ്,

കണ്ടൽക്കാട് സംരക്ഷണ പ്രവർത്തനങ്ങൾ, പ്രകൃതി പഠന ക്യാമ്പുകൾ, നദീ തീരങ്ങളിലെ മുളയുടെയും മറ്റ് ചെറുമരങ്ങളുടെയും സംരക്ഷണം, തോടുകളും നദികളും വൃത്തിയാക്കൽ തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ വന്യജീവികളുടെ കണക്കെടുപ്പ്, ഫീൽഡ് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും നൽകുന്ന അവബോധ ക്ലാസ്സുകളുടെ നടത്തിപ്പ്, സ്പീഷീസുകളെ തിരിച്ചറിയുന്നതുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ, ജീവി വർഗ്ഗങ്ങളുടെ ചെക്ക് ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ, വനം-പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവിധങ്ങളായ ദിനാചരണങ്ങളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ, മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ, 'ആനത്താര' പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഫീൽഡ് ഗൈഡുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ, സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി വനം വകുപ്പിൽനിന്നും ഒരു സംഘടനയ്ക്കും ഗ്രാന്റ് അനുവദിക്കുന്നില്ല.

**വനം വകുപ്പിന്റെ പ്ലാൻ ഫണ്ട്**

142 (4691) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽനിന്ന് കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽനിന്ന് കാസർഗോഡ് ജില്ലയിൽ തുക അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു+.

(ബി) 2023-24 സാമ്പത്തിക വർഷത്തിൽ വനം വകുപ്പിന് പ്ലാൻ ഫണ്ടിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു+.

**കാട്ടുതീ തടയുന്നതിനും വന സംരക്ഷണത്തിനുമായി പദ്ധതി**

143 (4692) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കാട്ടുതീ തടയുന്നതിനും വന സംരക്ഷണത്തിനുമായുള്ള പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കാമോ; ഇതിൽ കേന്ദ്ര വിഹിതം എത്രയാണെന്നും സംസ്ഥാന വിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചെന്ന വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തിൽ കാട്ടുതീ തടയലും സംരക്ഷണവും എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ജനറൽ, ട്രൈബൽ സബ് പ്ലാൻ എന്നിങ്ങനെ 802.420 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ കേന്ദ്രവിഹിതം 481.45 ലക്ഷം രൂപയും സംസ്ഥാനവിഹിതം 320.97 ലക്ഷം രൂപയുമാണ്. നാളിതുവരെ റിലീസ് ചെയ്ത തുകയായ 547.839 ലക്ഷം രൂപയിൽ 484.33 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

(ബി) 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ പ്രസ്തുത ഇനത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രവിഹിതം എത്രയെന്നും സംസ്ഥാനവിഹിതം എത്രയെന്നും വ്യക്തമാക്കുമോ?

കാട്ടുതീ തടയലും സംരക്ഷണവും എന്ന പദ്ധതിക്കായി 600 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ കേന്ദ്രവിഹിതം 360 ലക്ഷം രൂപയും സംസ്ഥാനവിഹിതം 240 ലക്ഷം രൂപയുമാണ്.

**അതിർത്തി സംബന്ധിച്ച അവ്യക്തത**

144 (4693) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നായാടംപൊഴിൽ കുരിശുമലയ്ക്ക് സമീപം വനം റേഞ്ചുകൾ തമ്മിൽ അതിർത്തി സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി വില്ലേജിൽ ഉൾപ്പെട്ടതും കോഴിക്കോട് ഡിവിഷനുകീഴിലെ താമരശ്ശേരി റെയിഞ്ചിലെ പീടികപ്പാറ

സെക്ഷൻ പരിധിയിലെ വനവും മലപ്പുറം ജില്ലയിലെ അകമ്പാടം വില്ലേജിൽ ഉൾപ്പെട്ടതും നിലമ്പൂർ നോർത്ത് ഡിവിഷനിലെ എടവണ്ണ റെയിഞ്ചിലെ അകമ്പാടം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ വനവുമാണ് നായാടാംപൊയിൽ കുരിശുമല ഭാഗത്ത് അതിർത്തി പങ്കിടുന്നത്. ഈ വനാതിർത്തികൾ ഇരുജില്ലകളുടെയും അതിർത്തിയുമാണ്. ഈ ഭാഗത്തെ വനഭൂമിയുടെ സ്കെച്ചുകൾ ഉപയോഗിച്ച് പരിശോധന നടത്തിയതിൽ ഈ ഭാഗങ്ങളിലെ റെയിഞ്ചുകളുടെ വനാതിർത്തികൾ തമ്മിൽ അവ്യക്തതയില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്.

**കാവുകൾ, നീർത്തടങ്ങൾ, നദീതീര വനങ്ങൾ എന്നിവ സംരക്ഷിക്കാൻ നടപടി**

**145 (4694)** **<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>:** താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനേതര പ്രദേശങ്ങളിലെ സവിശേഷ ആവാസ വ്യവസ്ഥകളായ കാവുകൾ, നീർത്തടങ്ങൾ, നദീതീര വനങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

കാവുകളെയും അതിലുൾപ്പെട്ട കുളങ്ങൾ, ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിക്കുന്നതിന് ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 5 കാവുകൾക്ക് എല്ലാ വർഷവും ധനസഹായം നൽകി വരുന്നു. നദീതീരങ്ങളുടെ സംരക്ഷണത്തിനായി മുളം തൈകൾ വച്ചുപിടിപ്പിക്കാറുണ്ട്. പത്തനംതിട്ട ജില്ലയിൽ പമ്പാനദിയുടെയും പോഷക നദികളായ കക്കാട്ടാർ, കല്ലാർ, വരട്ടാർ എന്നിവയുടെ തീരങ്ങളിൽ MGNREGS മുഖേന ഒരു ലക്ഷത്തിൽപ്പരം മുളം തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2023-24-ൽ 2100 മുളം തൈകളും നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ കുട്ടംപേരൂരിൽ നദീതീരത്ത് 2022-23 വർഷത്തിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

**ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫോറസ്റ്റേഴ്സ് കേരള**

146 (4695) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥർ ചേർന്ന് 'ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫോറസ്റ്റേഴ്സ് കേരള' എന്ന സംഘടന രൂപീകരിച്ചത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സംഘടന സർക്കാരിന്റെ അംഗികാരത്തോടെയാണോ പ്രവർത്തിക്കുന്നത്; എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വിരമിച്ച ഉദ്യോഗസ്ഥർ ചേർന്ന് 'ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫോറസ്റ്റേഴ്സ് കേരള' എന്ന സംഘടന രൂപീകരിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഘടന സമർപ്പിച്ച രേഖകൾ പ്രകാരം 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് എന്ന നിയമമനുസരിച്ച് 811/1987 നമ്പരായി 1987-ൽ രജിസ്റ്റർ ചെയ്ത ഒരു സംഘടനയാണ്.

(ബി) പ്രസ്തുത സംഘടനയുടെ ഭാരവാഹികളുടെയും അംഗങ്ങളുടെയും പേര് വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത വ്യക്തികൾ വനം വകുപ്പിൽ ഏതൊക്കെ തസ്തികകളിലാണ് ജോലി ചെയ്തിരുന്നതെന്ന് അറിയിക്കാമോ?

പ്രസ്തുത സംഘടനയുടെ ഭാരവാഹികളുടെ ലഭ്യമായ പേര് വിവരങ്ങൾ ചുവടെ നൽകുന്നു. അംഗങ്ങളുടെ പേര് വിവരങ്ങൾ ലഭ്യമല്ല.

1. പ്രസിഡന്റ് - ഡോ. കെ. പി. ഔസേപ്പ് (ഐ.എഫ്.എസ്.) (റിട്ട)), മുൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്.

2. വൈസ് പ്രസിഡന്റ് - ശ്രീ. ബി.ആർ. വിജയകുമാർ, (ഐ.എഫ്.എസ്.) (റിട്ട) മുൻ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്.

3. സെക്രട്ടറി - ശ്രീ. പാട്രിക് ഗോമസ്, (ഐ.എഫ്.എസ്.) (റിട്ട) മുൻ ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്.

4. ട്രഷറർ - ശ്രീ. സി. രാജേന്ദ്രൻ (ഐ.എഫ്.എസ്) (റിട്ട) - മുൻ ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്.

(സി) പ്രസ്തുത സംഘടനയ്ക്ക് ഏതെങ്കിലും തരത്തിലുള്ള സർക്കാർ ഫണ്ടുകൾ അനുവദിക്കുന്നുണ്ടോ; എങ്കിൽ സംഘടനയുടെ രൂപീകരണം മുതൽ നാളിതുവരെ ആകെ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക അനുവദിച്ചത് സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഏതൊക്കെ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത തുകകൾ അനുവദിച്ചിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത സംഘടനയ്ക്ക് Kerala Forest Development Fund-ൽനിന്നും വിവിധ പ്രോജക്ടുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

1989-ലെ Kerala Forest Development Fund Rule-ലെ സെക്ഷൻ 4-ലെ സബ് സെക്ഷൻ 3(i)-ൽ പ്രതിപാദിച്ചിരിക്കുന്ന വിധത്തിൽ രൂപീകരിക്കപ്പെട്ട Kerala Forest Development Fund Committee-ആണ് വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ വിവിധ പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നത്. അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) പ്രസ്തുത സംഘടനയിലെ ആരുടെ പേരിലാണ് തുക അനുവദിക്കുന്നത്; ഏത് ബഡ്ജറ്റ് ഹെഡിൽ നിന്നുമാണ് തുക അനുവദിക്കുന്നതെന്നും ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് ഈ തുക അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും അറിയിക്കാമോ; പ്രസ്തുത തുക ഉപയോഗിച്ച് സംഘടന നാളിതുവരെ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത സംഘടനയിലെ പ്രസിഡന്റിന്റെ പേരിലാണ് തുക അനുവദിക്കുന്നത്. 'ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫോറസ്റ്റേഴ്സ് കേരള' നടത്തിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

കേരളത്തിലെ 14 ജില്ലകളിലേയും കാവുകളുടെ പഠനത്തെക്കുറിച്ചുള്ള 2 പ്രോജക്ടുകളുണ്ട്.

(1) Comprehensive Study of Sacred Groves in Kerala എന്ന പ്രോജക്ട്

(2) Comprehensive Study on the Socio-economic and Cultural aspects of sacred groves in kerala remaining eight districts.

'ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫോറസ്റ്റേഴ്സ് കേരള'-യുടെ മറ്റൊരു പ്രോജക്ടാണ് Total Evaluation of FDA. ഇതിൽ പ്രധാനമായും പങ്കാളിത്ത വനപരിപാലന പദ്ധതികളെക്കുറിച്ചും എൻട്രി പോയിന്റ് ആക്ടിവിറ്റീസ്, വന പരിപാലനത്തിൽ തദ്ദേശവാസികളുടെ പങ്ക് എന്നിവയെക്കുറിച്ചുള്ള പഠനവും ഉൾപ്പെട്ടിട്ടുണ്ട്.

'ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫോറസ്റ്റേഴ്സ് കേരള' നടത്തുന്ന മറ്റൊരു പ്രോജക്ടാണ്, A Study to review the performance of teak plantation raised

during the last 15 years and suggest remedial Silvicultural measures. ടി പ്രോജക്ടിൽ പ്രധാനമായും പഠനം നടത്തുന്നത് കേരളത്തിൽ കഴിഞ്ഞ 15 വർഷത്തിൽ നിർമ്മിച്ച തേക്ക് തോട്ടങ്ങളുടെ വളർച്ചയും അതിജീവനവുമാണ്. അതിന്റെ അടിസ്ഥാനത്തിൽ തേക്ക് തോട്ടങ്ങളിൽ നിന്നുള്ള തടി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ നൽകുക എന്നത് പഠനത്തിന്റെ പ്രധാന ഉദ്ദേശ്യമാണ്.

Kerala Forest Development Fund-ൽനിന്നും ഗവേഷണ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്ന തുകയാണ് 2406-01-004-95-payment out of the Kerala Forest Development Fund for Research (NP) എന്ന ശീർഷകത്തിൽ ടി സംഘടനയ്ക്ക് അനുവദിച്ചിട്ടുള്ളത്.

(ഇ) വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള തുകയാണോ പ്രസ്തുത സംഘടനയ്ക്ക് നൽകിയതെന്ന് അറിയിക്കാമോ; എങ്കിൽ വനം-വന്യജീവി സംരക്ഷണത്തിൽ വനം വകുപ്പിന് സഹായകരമായ എന്തൊക്കെ പ്രവർത്തനങ്ങളാണ് സംഘടന നാളിതുവരെ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വനം-വന്യജീവി സംരക്ഷണത്തിനായി നീക്കിവച്ച തുകയല്ല ടി സംഘടനയ്ക്ക് അനുവദിച്ചത്. വനം വകുപ്പ്, കാവുകൾപോലെ വനത്തിന് പുറത്തുള്ള ജൈവവൈവിധ്യ പ്രാധാന്യമുള്ള ആവാസവ്യവസ്ഥകളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി സഹായം അനുവദിക്കുന്നുണ്ട്. കേരളത്തിലെ കാവുകളുടെ കൃത്യമായ എണ്ണവും ജൈവവൈവിധ്യം സംബന്ധിച്ച വിവരങ്ങളും സംരക്ഷണ പ്രാധാന്യവും കാവുകളുടെ പഠനം വഴി ലഭ്യമായിട്ടുണ്ട്. പങ്കാളിത്ത വനപരിപാലനം വഴിയുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ വനവികസന ഏജൻസികൾ വഴിയാണ് ഏകോപിപ്പിക്കുന്നത്. ഇതിന്റെ ഫലപ്രാപ്തി വിശകലനം ചെയ്യുന്നതിനാണ് തൃശ്ശൂർ, തിരുവനന്തപുരം വനവികസന ഏജൻസികളുടെ (FDA) മൂല്യ നിർണ്ണയം പ്രസ്തുത സംഘടനയെ ഏൽപിച്ചത്. രണ്ടുംമൂന്നും റൊട്ടേഷനിൽ വരുന്ന തേക്ക് തോട്ടങ്ങളിൽനിന്നുള്ള തടി ഉൽപാദനം വിവിധ കാരണങ്ങളാൽ കുറയുന്നതായി പൊതുവെ വിലയിരുത്തിയിട്ടുണ്ട്. ഇത് പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനാണ് തേക്ക് തോട്ടങ്ങളുടെ പഠനത്തിനായി ഫണ്ട് അനുവദിച്ചത്.

(എഫ്) നാളിതുവരെ പ്രസ്തുത സംഘടനയ്ക്ക് സർക്കാരിൽനിന്നും അനുവദിച്ച തുക ചെലവഴിച്ചത് സംബന്ധിച്ച് വനം വകുപ്പോ മറ്റ് സർക്കാർ ഏജൻസികളോ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനയുടെ വിശദാംശം ലഭ്യമാക്കാമോ?

സംഘടനയ്ക്ക് അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് ആഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റാണ് ലഭ്യമാക്കുന്നത്. വനം വകുപ്പ് നേരിട്ട് പരിശോധന നടത്തിയിട്ടില്ല.

**ആനകളുടെ എണ്ണം**

147 (4696) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക കണക്കുകൾപ്രകാരം സംസ്ഥാനത്തെ വനമേഖലയിലുള്ള ആനകളുടെ എണ്ണം അറിയിക്കാമോ; അതിനായി ഏത് രീതിയിലുള്ള വിവരശേഖരണമാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ?

2017-ൽ സംസ്ഥാനത്തെ വനമേഖലയിൽ ആനകളുടെ കണക്കെടുത്തതിൽ Block Count (Direct Method) രീതിയുപയോഗിച്ചുള്ള കണക്കെടുപ്പിൽ ഏകദേശം 3322 ആനകളും Dung Count (Indirect Method) രീതിയുപയോഗിച്ചുള്ള കണക്കെടുപ്പിൽ ഏകദേശം 5706 ആനകളും ഉള്ളതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്.

(ബി) കേന്ദ്ര ഏജൻസികളുടെ കണക്കുകൾപ്രകാരം സംസ്ഥാനത്തെ വനമേഖലയിലുള്ള ആനകളുടെ എണ്ണം അറിയിക്കാമോ; കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കണക്കിൽ വ്യത്യാസം ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് സംസ്ഥാനത്തെ വനമേഖലയിലുള്ള ആനകളുടെ കണക്കെടുപ്പ് നടത്തുന്നത്. അതിനാൽ കേന്ദ്ര സർക്കാരിൽനിന്നും വ്യത്യസ്തമായ ഒരു കണക്ക് സംസ്ഥാന സർക്കാരിനില്ല.

**വന്യജീവി സെൻസസ്**

148 (4697) **ശ്രീ. ഡി. കെ. മുരളി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനമായി വന്യജീവി സെൻസസ് നടന്നത് എന്നാണെന്ന് വിശദമാക്കാമോ?

കാട്ടുപോത്ത്, മ്ലാവ്, കാട്ടുപന്നി, പുള്ളിമാൻ എന്നിവയുടെ 2011-ലും, വരയാടുകളുടെ 2022-ലും, ആനകളുടെ 2017-ലും കടുവകളുടെ 2018-ലുമാണ് അവസാനമായി കണക്കെടുപ്പ് നടത്തി പ്രസിദ്ധീകരിച്ചിട്ടുള്ളത്. 2022-ൽ കടുവകളുടെ പോപ്പുലേഷൻ എസ്റ്റിമേറ്റ് നടത്തിയിരുന്നുവെങ്കിലും റിപ്പോർട്ട് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതാണ്.

(ബി) പ്രസ്തുത സെൻസസിനുശേഷം സംസ്ഥാനത്തെ വന്യമൃഗങ്ങളുടെ എണ്ണത്തിലുണ്ടായിട്ടുള്ള ഏറ്റക്കുറച്ചിലുകൾ ശാസ്ത്രീയമായ രീതിയിൽ തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ ഏറ്റക്കുറച്ചിലുകൾക്കുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(ബി&സി) വനം-പരിസ്ഥിതി മന്ത്രാലയവും, വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും അംഗീകരിച്ച രീതികൾ അവലംബിച്ചാണ് വന്യജീവികളുടെ എണ്ണം തിട്ടപ്പെടുത്തുന്നത്. വ്യത്യസ്ത വർഗ്ഗങ്ങളിൽപ്പെട്ട

ജീവികൾക്ക് വ്യത്യസ്ത രീതികളാണ് കണക്കെടുപ്പിനായി അവലംബിച്ചുവരുന്നത്. ഒരു ഇനത്തിൽപ്പെട്ട വന്യമൃഗത്തിന്റെ ഏകദേശ എണ്ണമാണ് ഈ രീതിയിലൂടെ കണ്ടെത്താൻ സാധിക്കുന്നത്. കണക്കെടുപ്പ് നടത്തുന്ന സീസൺ, കണക്കെടുപ്പിന് അവലംബിച്ച രീതി (Direct count/Indirect Method) കാലാവസ്ഥാ വ്യതിയാനം, ആവാസവ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ച് ഓരോ മേഖലയിലും കാണപ്പെടുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. ആയതിനാൽ വനമേഖലയിൽ വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതായി പറയാൻ കഴിയില്ല.

(ഡി) ശാസ്ത്രീയമായ രീതിയിൽ പുതുതായി വന്യജീവി സെൻസസ് നടത്താൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ആനകളുടെ ശാസ്ത്രീയമായ കണക്കെടുപ്പ് 2023 ഏപ്രിൽ മാസത്തിൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് നേതൃത്വം നൽകുന്നത് പെരിയാർ/ പറമ്പിക്കുളം ഫീൽഡ് ഡയറക്ടർമാരാണ്. അതുപോലെ വയനാട് ലാന്റ്സ്കേപ്പിലെ

കടുവകളുടെ കണക്കെടുപ്പ് 2023 ഏപ്രിൽ മാസത്തിൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പറമ്പികുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

**വനം വകുപ്പിന് കീഴിലെ ആശുപത്രികൾ**

**149 (4698) ശ്രീ. എ. സി. മൊയ്തീൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ അപകടങ്ങളിലും മറ്റും പരിക്ക് ഏൽക്കുന്ന വന്യജീവികളെ സംരക്ഷിക്കുന്നതിന് വനം വകുപ്പിനുകീഴിൽ എത്ര ആശുപത്രികളാണുള്ളത്?

കിഫ്ബി ധനസഹായത്തോടെ നിർമ്മാണം പുരോഗമിച്ചുവരുന്ന കോട്ടൂർ ആന പുന:രധിവാസ കേന്ദ്രത്തിന്റെ ഭാഗമായി ആനകൾക്കുള്ള ഒരു സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ കപ്രിക്കാടുള്ള അഭയാരണ്യത്തോടനുബന്ധിച്ച് വെറ്ററിനറി ഹോസ്പിറ്റലും ആയതിന്റെ ചാർജ് വഹിക്കുന്ന അസിസ്റ്റന്റ്

ഫോറസ്റ്റ് വെറ്ററിനറി ഓഫീസറും നിലവിലുണ്ട്. കൂടാതെ കോഴിക്കോട്, കോട്ടയം, തേക്കടി, മുത്തങ്ങ ആനപരിപാനകേന്ദ്രം, കോട്ടൂർ, പുനലൂർ, കോന്നി, മൂന്നാർ, തൃശ്ശൂർ, പാലക്കാട് എന്നീ സ്ഥലങ്ങളിൽ നിയോഗിക്കപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാരുടെ നേതൃത്വത്തിൽ, പരിക്ക് പറ്റുന്ന വന്യമൃഗങ്ങൾക്ക് മതിയായ ചികിൽസ നൽകി കാട്ടിലേക്ക് തിരികെ വിട്ടയച്ച് വരുന്നു. വയനാട് ഡിവിഷനിൽ കുപ്പാടിയിൽ ഒരു ആനിമൽ ഹോസ്പൈസ് സെന്റർ പ്രവർത്തിച്ചുവരുന്നു.

(ബി) വകുപ്പിന്റെകീഴിൽ പുതിയവ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; അറിയിക്കാമോ?

പുനലൂർ ഡിവിഷനിലെ അഞ്ചൽ റെയിഞ്ചിന്റെ പരിധിയിലുള്ള ഭാരതീപുരം കേന്ദ്രമാക്കി നബാർഡിന്റെ സഹായത്തോടെ ഒരു വെറ്ററിനറി ആശുപത്രിയുടെ നിർമ്മാണം നടന്നുവരുന്നു. നബാർഡ് RIDF Tranche-XXVII സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കപ്പെടുന്ന 'Developing Rapid Response Team (RRT) & VET for mitigating Human-Wildlife Conflict' എന്ന പദ്ധതിയുടെ ഭാഗമായി, മൂന്നാർ ഡിവിഷനിലെ ദേവികുളം റെയിഞ്ചിൽ കേജ് ഷെഡ്,

പോസ്റ്റുമോർട്ടം റൂം, സർജിക്കൽ മെഡിക്കൽ സൗകര്യങ്ങളോടുകൂടിയ വെറ്ററിനറി ഓഫീസ്, ആർ.ആർ.റ്റി. & വെറ്ററിനറി സെന്റർ, ജി.ഐ.എസ് ലാബ്, ബാച്ചിലേഴ്സ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നിലമ്പൂർ നോർത്ത്, പാലക്കാട് ഡിവിഷനുകളിൽ നബാർഡ് Tranche XXVII സ്കീമിൽ ഉൾപ്പെടുത്തി പുതിയ ആർ.ആർ.റ്റി. വെറ്ററിനറി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ വനം ഡിവിഷനിലെ കൊട്ടിയൂർ റെയിഞ്ചിന്റെ പരിധിയിൽ വരുന്ന ആറളം ഫാം ബ്ളോക്ക് 13-ൽപ്പെട്ട സ്ഥലത്ത് വെറ്ററിനറി സെന്റർ സ്ഥാപിക്കുന്നതിന് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം പുരോഗമിച്ചുവരുന്നുണ്ട്.

### വന്യമൃഗ ഇടനാഴി

150 (4699) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾക്ക് ഒരു വനമേഖലയിൽ നിന്ന് മറ്റൊരു വനമേഖലയിലേയ്ക്ക് തടസ്സമില്ലാതെ സഞ്ചരിക്കുന്നതിന് വന്യമൃഗ ഇടനാഴി ആവശ്യമാണെന്ന നിർദ്ദേശം ഉയർന്ന് വന്നിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതെല്ലാം വനമേഖലകളെ പരസ്പരം ബന്ധിപ്പിക്കാനാണ് വന്യമൃഗ ഇടനാഴി കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) വിശാലമായ വനമേഖലയിലേക്ക്/ഇടങ്ങളിലേക്ക് ഭക്ഷണത്തിനും വെള്ളത്തിനുമായി സഞ്ചരിക്കുന്ന ആനയടക്കമുള്ള വന്യജീവികളുടെ നിലനിൽപ്പിനെ സാദ്ധ്യമാക്കുന്ന തരത്തിൽ അവരുടെ ആവാസമേഖലകളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട്, കാലാന്തരത്തിൽ മുറിഞ്ഞുപോയ ഇടനാഴികൾ പുന:സൃഷ്ടിക്കുന്നതിനായി പഠനങ്ങൾ നടത്തുകയും ആനത്താരകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ പ്രധാനമായും ഏഴ് ആനത്താരകളാണ് കണ്ടെത്തിയിട്ടുള്ളത്. ഇവയുടെ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടിവിവരം ചുവടെ ചേർക്കുന്നു.

1. <u>തിരുനെല്ലി-കുദ്രക്കോട്</u>

തിരുനെല്ലി-കുദ്രക്കോട് ആനത്താര കേരളത്തിന്റേത് മാത്രമായ ഒരു ആനത്താരയാണ്. ഇതിന്റെ നീളം 6 കി.മീറ്ററും വീതി ഒന്ന് മുതൽ 1.5 കി.മീറ്ററും ആണ്. ഈ ആനത്താര പൂർണ്ണമായി ഏറ്റെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ആനത്താര വയനാട് വന്യജീവി സങ്കേതത്തിനുകീഴിൽ വരുന്ന തിരുൾക്കുന്ന് (ജി.ഒ(പി)നം.56/2015/വനം, തീയതി 15-08-2015 പ്രകാരം വന്യജീവി സങ്കേതമായി പ്രഖ്യാപിച്ച് 3.53 ഏക്കർ ഏറ്റെടുത്തിട്ടുള്ളതാണ്), വലിയ എമ്മടി (ജി.ഒ (പി) ന.57/2015/വനം, തീയതി 15-08-2015 പ്രകാരം വന്യജീവി സങ്കേതമായി 6.1 ഏക്കർ ഏറ്റെടുത്തിട്ടുള്ളതാണ്), കോട്ടപ്പടി (ജി.ഒ (പി)ന.58/2015/വനം, തീയതി 15-08-2015 പ്രകാരം റിസർവ് ഫോറസ്റ്റ് ആയി 8.37 ഏക്കർ ഏറ്റെടുത്തിട്ടുള്ളതാണ്) മേൽപ്പറഞ്ഞ ആനത്താരയിൽപ്പെട്ട സ്ഥലങ്ങൾ വനം വകുപ്പ് സംരക്ഷിച്ച് പരിപാലിച്ച് വരുന്നു.

2. <u>നിലമ്പൂർ കോവിലകം-ന്യൂഅമരമ്പലം</u>

നിലമ്പൂർ കോവിലകം-നൃൂഅമരമ്പലം ആനത്താരകേരളത്തിന്റേത് മാത്രമായ ഒരു ആനത്താരയാണ്. ഈ ആനത്താരയ്ക്ക് വേണ്ടിസ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമില്ല. ഇതിന്റെ നീളം ഒരു കി.മീറ്ററും വീതി അര കി.മീറ്ററും ആണ്. നിലമ്പൂർ കോവിലകം-നൃൂഅമരമ്പലം ആനത്താരയിലൂടെ കടന്നുപോകുന്ന നിലമ്പൂർ, ഗൂഡല്ലൂർ അന്തർസംസ്ഥാന പാതയിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയപ്പോൾ ആന, റോഡ് മുറിച്ചുകടക്കുന്ന സ്ഥലങ്ങളിൽ താഴ്ന്ന ഭാഗങ്ങളിൽ റാമ്പുകൾ ഒരുക്കിയും ഉയർന്ന ഭാഗങ്ങളിൽ മൺതിട്ടകൾ നിരപ്പാക്കിയും റോഡിന്റെ പാർശ്വഭിത്തിയുടെ ഉയരം കുറച്ചും ആനകളുടെ സഞ്ചാരത്തിന് സൗകര്യമൊരുക്കിയിട്ടുണ്ട്. കൂടാതെ ആനകൾ റോഡ് മുറിച്ച് കടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി പൊതുജന അവബോധത്തിന് മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആനകൾ ഉൾപ്പടെയുള്ള വന്യജീവികളുടെ സഞ്ചാരം നിരീക്ഷിക്കുന്നതിന് നിശ്ചിത കാലയളവുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വരുന്നുണ്ട്.

3.<u>നിലമ്പൂർ-അപ്പൻകാപ്പ്</u>

നിലമ്പൂർ നോർത്ത് ഡിവിഷനിൽ കാട്ടാനകൾ മനുഷ്യവാസ

പ്രദേശത്ത് ഇറങ്ങുന്നത് ഒഴിവാക്കുന്നതിന് നിലമ്പൂർ-അപ്പൻകാപ്പ് ഇടനാഴി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഇടനാഴി നിലമ്പൂർ നോർത്ത് ഡിവിഷനിലെ നിലമ്പൂർ, വഴിക്കടവ് റെയിഞ്ചുകളെ ബന്ധിപ്പിക്കുന്നതാണ്. ഈ ഇടനാഴി കേരള-തമിഴ്നാട് അന്തർ-സംസ്ഥാന അതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നത്. ആനകൾ സൗത്ത് വയനാട് ഡിവിഷനിൽനിന്നും തമിഴ്നാട്ടിലെ ഗൂഡല്ലൂർ ഫോറസ്റ്റ് ഡിവിഷൻ വഴി നിലമ്പൂർ സൗത്ത് ഡിവിഷനിലേയ്ക്കും ഈ ഇടനാഴിയിലൂടെ യാത്ര ചെയ്യുന്നുണ്ട്. ഈ ഇടനാഴിയ്ക്ക് 0.4 കി.മീ. നീളവും 0.5 കി.മീ. വീതിയുമുണ്ട്. ഈ പദ്ധതിയ്ക്ക് നിലമ്പൂർ നോർത്ത് ഡിവിഷനിൽ ഉൾപ്പെടുന്ന നിലമ്പൂർ താലൂക്കിലെ പോത്തുങ്കൽ വില്ലേജിൽ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള 6 എസ്റ്റേറ്റുകളിൽ നിന്നായി 22.8271 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്.

4.<u>മുതുമലൈ-നിലമ്പൂർ'ഒ'വാലി</u>

ഇത് ഒരു അന്തർ-സംസ്ഥാന ആനത്താരയാണ്. ഇതിൽ കേരള സംസ്ഥാനത്തിന്റെ ഭാഗം വരുന്ന സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമില്ലാത്തതുമാണ്. ഇത് നിലമ്പൂർ നോർത്ത് ഡിവിഷനും തമിഴ്നാട്ടിലെ

മുതുമലൈ ടൈഗർ റിസർവ്വുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു ഇടനാഴിയാണ്. ഇതിന് 35 കി.മീ. നീളവും 0.1 കി.മീ. വീതിയും ഉള്ളതാണ്.

5.പേര്യ-പക്രാന്തളം

ഇത് കേരളത്തിന്റെ ഒരു ആനത്താരയാണ്. ഇതിന്റെ നീളം 0.5 കി.മീറ്ററും വീതി 0.2 കി.മീറ്ററും ആണ്. ഈ ആനത്താരയുടെ സ്ഥലം ഏറ്റെടുക്കുവാനുണ്ട്. ഇത് വയനാട് നോർത്ത് ഡിവിഷനിൽ സ്ഥിതി ചെയ്യുന്ന ഒരു ആനത്താരയാണ്.

6.ബേഗുർ-ബ്രഹ്മഗിരി

ഇത് ഒരു അന്തർ-സംസ്ഥാന ആനത്താരയാണ്. ഇതിന്റെ നീളം 1 കി.മീറ്ററും വീതി 0.8 കി.മീറ്ററും ആണ്. ഈ ആനത്താരയുടെ സ്ഥലം ഏറ്റെടുക്കാനുള്ളതാണ്. ഇത് കേരളത്തിലെ വയനാട് വന്യജീവി സങ്കേതവും കർണ്ണാടകത്തിലെ ബ്രഹ്മഗിരി വന്യജീവി സങ്കേതവും നാഗർഹോള ടൈഗർ റിസർവ്വുമായും ബന്ധപ്പെട്ട് കിടക്കുന്നു.

7.കൊട്ടിയൂർ-പേരിയ

ഇത് കേരള സംസ്ഥാനത്തിന്റെ ഒരു ആനത്താരയാണ്. ഇതിന്റെ നീളം

3.0 കി.മീറ്ററും വീതി 0.1 കി.മീറ്ററും ആണ്. ഈ ആനത്താരയുടെ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇത് കണ്ണൂർ ഡിവിഷന്റെയും വയനാട് നോർത്ത് ഡിവിഷന്റെയും ഭാഗമായിട്ടുള്ള ഒരു ആനത്താരയാണ്.

## പെരിയാർ ടൈഗർ റിസർവ് പ്രോജക്ട്

151 (4700) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ ടൈഗർ റിസർവ് പ്രോജക്ടിൽ കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; ഇതിനായി എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

പെരിയാർ ടൈഗർ റിസർവ്വിനുകീഴിൽ പ്രോജക്ട് ടൈഗർ സ്കീമിൽ കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതികളെക്കുറിച്ചും ഇതിനായി ചെലവഴിച്ച തുകയെക്കുറിച്ചുമുള്ള വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിയത്; ഇതിനായി വകയിരുത്തിയ തുകയും നാളിതുവരെ ചെലവഴിച്ച തുകയും എത്രയാണ്; ഏതൊക്കെ ഇനങ്ങളിലാണ് ചെലവഴിച്ചതെന്ന് വിശദമാക്കുമോ?

പ്രസ്തുത പദ്ധതിയിൽ ഈ സാമ്പത്തിക വർഷം 872.57 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും 20-02-2023 വരെ 215.09 ലക്ഷം രൂപ ചെലവാക്കിയിട്ടുള്ളതുമാണ്. നടപ്പ് സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു+.

(സി) പ്രസ്തുത പദ്ധതിയ്ക്ക് 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പെരിയാർ ടൈഗർ റിസർവിന്റെ പ്രോജക്റ്റ് ടൈഗർ സ്കീമിൽ 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 380.00 ലക്ഷം രൂപയും കേന്ദ്ര വിഹിതമായി 570.00 ലക്ഷം രൂപയും ചേർത്ത് ആകെ 950.00 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം

152 (4701) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

2023-24 സാമ്പത്തിക വർഷത്തിൽ 2406-01-800-92- വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് ആശ്വാസം എന്ന പദ്ധതിയേതര ബഡ്ജറ്റ് ശീർഷകത്തിൽ 70.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതുകൂടാതെ 2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ '2406-02-110-99- മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ' എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം നൽകുന്നതിനുൾപ്പെടെ വന്യജീവി രക്ഷാ പ്രവർത്തനങ്ങൾ/ ആദിവാസികൾക്കും രക്ഷാ പ്രവർത്തനം കൈകാര്യം ചെയ്യുന്ന

വാച്ചർമാർക്കും ഇൻഷുറൻസ്/വാഹന പരിപാലനം/ഇ.ഡി.സി.-ക്കുള്ള സഹായം എന്നിവയ്ക്കും കൂടി ആകെ 863.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ഈ ഇനത്തിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു+.

വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതടക്കം മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനുള്ള വിവിധങ്ങളായ പ്രവർത്തികൾക്ക് ആകെയാണ് പ്രസ്തുത പദ്ധതിയിൽ തുക ഉൾപ്പെടുത്തിയിട്ടുള്ളത്. വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നന്നതിന് മാത്രമായി നിശ്ചിത വിഹിതം വകയിരുത്തിയിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വിഷപാമ്പുകളെ കുറിച്ച് അവബോധം സൃഷ്ടിക്കാൻ ബോധവൽക്കരണ പരിപാടി**

153 (4702) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷപ്പാമ്പുകളുടെ കടി ഏൽക്കാതിരിക്കാനും വിഷപ്പാമ്പുകളെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാനും വനംവകുപ്പ് പ്രത്യേക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

വിഷപാമ്പുകളുടെ കടിയേറ്റ് അപകടം ഉണ്ടാകുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി പാമ്പുകളെയും പാമ്പുകടിയേൽക്കുന്ന സാഹചര്യത്തെയും പാമ്പുകടിയേറ്റാൽ ചെയ്യേണ്ട പ്രാഥമിക ചികൽസയെയും സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ സ്കൂൾ, കോളേജ്, റസിഡൻസ് അസോസിയേഷൻ, ഗ്രന്ഥശാല മുതലായ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി നടത്തിവരുന്നു. വനം വകുപ്പിന്റെ പരിശീലനം ലഭിച്ച അംഗീകൃത വോളന്റിയർമാരാണ് ക്ലാസുകൾ നയിക്കുന്നത്. NCC, NSS യൂണിറ്റുകൾ, മെഡിക്കൽ വിദ്യാർത്ഥികൾ, ഡോക്ടർമാർ എന്നിങ്ങനെ വിവിധ മേഖലയിലുള്ളവർക്ക് അനുയോജ്യരായ പരിശീലകർ നേരിട്ടും

ഓൺലൈനായും ക്ലാസുകൾ എടുക്കുന്നുണ്ട്. ഇത്തരത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ ഏകദേശം നൂറിലധികം ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. ഇതോടൊപ്പം സമൂഹമാധ്യമങ്ങൾ വഴിയും ആവശ്യമായ ബോധവൽക്കരണം ജനങ്ങൾക്കിടയിൽ ലഭ്യമാക്കുന്നുണ്ട്.

(ബി) ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്ന വിഷപ്പാമ്പുകളെ പിടികൂടുന്നതിനും സംരക്ഷിക്കുന്നതിനും കേരളത്തിൽ ഉടനീളം സംവിധാനം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ജനവാസ മേഖലകളിൽ എത്തിപ്പെടുന്ന പാമ്പുകളെ സുരക്ഷിതമായി പിടികൂടി അനുയോജ്യമായ ആവാസ വ്യവസ്ഥയിൽ തുറന്നുവിടുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വനം വകുപ്പിന്റെ പരിശീലനം ലഭിച്ച അംഗീകൃത വോളന്റിയർമാരുണ്ട്. വനം വകുപ്പിന്റെ 'സർപ്പ' എന്ന മൊബൈൽ ആപ്പ് മുഖേനയോ നേരിട്ടോ അവരെ ബന്ധപ്പെടാവുന്നതാണ്. വോളന്റിയർമാരുടെ മൊബൈൽ നമ്പർ അടങ്ങിയ ലിസ്റ്റ് 'സർപ്പ' മൊബൈൽ ആപ്പിലും വനംവകുപ്പിന്റെ വെബ്സൈറ്റിലും ലഭ്യമാണ്. എല്ലാ ജില്ലകളിലും 'സർപ്പ' ജില്ലാ കോർഡിനേറ്റർമാരുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പുറമെ

പോലീസ്, ഫയർഫോഴ്സ് തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ഡോക്ടർ, അഡ്വക്കേറ്റ്, ഐ.ടി, ബിസിനസ്, കൃഷി തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരും ഈ സേവനരംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

**കാസർഗോഡ് ജില്ലയിൽ കാട്ടാനകളെ തുരത്താൻ രൂപം നൽകിയ ദൗത്യസേന**

154 (4703) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാട്ടാനകളെ തുരത്താൻ രൂപം നൽകിയ ദൗത്യസേനയുടെ ദൗത്യം അവസാനിപ്പിച്ചിട്ടുണ്ടോ?

കാസർഗോഡ് ജില്ലയിൽ കാട്ടാനകളെ തുരത്തുന്നതിന് രൂപം നൽകിയ ദൗത്യസേനയുടെ ദൗത്യം നിലവിൽ അവസാനിച്ചിട്ടില്ല.

(ബി) ജില്ലയിൽ ഇപ്പോഴും കാട്ടാനകൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാസർഗോഡ് ഡിവിഷന്റെ കാറഡുക്ക സെക്ഷന്റെ ഭാഗങ്ങളിൽ കാട്ടാനക്കൂട്ടം ഒരുമിച്ചിറങ്ങി കൃഷി നശിപ്പിക്കുന്ന വിവരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി കാട്ടാനമൂലമുള്ള കൃഷിനാശത്തിന് 13 ഓളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) എല്ലാ കാട്ടാനകളെയും ഉൾവനത്തിലേയ്ക്ക് തുരത്തി മനുഷ്യരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ജനവാസമേഖലകളിലിറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിന് തദ്ദേശീയരായ ആളുകളെ ഉൾപ്പെടുത്തി ആർ.ആർ.ടി.-യുടെ സേവനം വിപുലപ്പെടുത്തി അവയെ തിരികെ കാട്ടിലേക്ക് കയറ്റിവിടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അരുവിക്കര നിയോജക മണ്ഡലത്തിൽ വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം**

155 (4704) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവി ആക്രമണംമൂലമുള്ള നഷ്ടപരിഹാര തുകയ്ക്കായി അരുവിക്കര നിയോജക മണ്ഡലത്തിൽനിന്നും 2020 ഏപ്രിൽ 1 മുതൽ നാളിതുവരെ ലഭിച്ച അപേക്ഷകൾ നഷ്ടപരിഹാരം അനുവദിച്ച അപേക്ഷകൾ,

നഷ്ടപരിഹാരം അനുവദിക്കാൻ ബാക്കിയുള്ള അപേക്ഷകൾ എന്നിവയുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

വന്യജീവി ആക്രമണംമൂലമുള്ള നഷ്ടപരിഹാര തുകയ്ക്കായി അരുവിക്കര നിയോജക മണ്ഡലത്തിൽനിന്നും 2020 ഏപ്രിൽ 1 മുതൽ നാളിതുവരെ ലഭിച്ച അപേക്ഷകൾ, നഷ്ടപരിഹാരം അനുവദിച്ച അപേക്ഷകൾ, നഷ്ടപരിഹാരം അനുവദിക്കാൻ ബാക്കിയുള്ള അപേക്ഷകൾ എന്നിവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

### റാപ്പിഡ് റെസ്പോൺസ് ടീം

156 (4705) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വനം ഡിവിഷനുകളിലും റാപ്പിഡ് റെസ്പോൺസ് ടീമും വെറ്ററിനറി ഡോക്ടറും സംഘവും വേണമെന്ന് വകുപ്പുതല ശിപാർശ നിലവിലുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ വനം ഡിവിഷനുകളിലും റാപ്പിഡ് റെസ്പോൺസ് ടീമും വെറ്ററിനറി ഡോക്ടറും സംഘവും വേണമെന്ന് വകുപ്പുതല ശിപാർശ നിലവിലില്ല. എന്നാൽ വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുന്ന അടിയന്തര സാഹചര്യം ഉണ്ടാകുമ്പോൾ സമയോചിതമായി പ്രവർത്തിച്ച് വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ തുരത്തുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി.) സേവനം വിനിയോഗിച്ച് വരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് രൂപീകരിച്ച സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിൽ 7 ആർ.ആർ.റ്റി-കൾ താത്ക്കാലികമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്ത് ജനവാസമേഖലയിൽ ഇറങ്ങുന്നവയിൽ പിടികൂടുന്നതും പരിക്കും മറ്റ് ആരോഗ്യപ്രശ്നങ്ങളുമുള്ള വന്യമൃഗങ്ങളെ പരിപാലിക്കുന്നതിനായി വിവിധ ഡിവിഷനുകളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കീഴിലായി 15 അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാരുടെ തസ്തിക നിലവിലുണ്ട്. പരിക്കും മറ്റ് ആരോഗ്യപ്രശ്നങ്ങളാലും തിരികെ കാട്ടിലേക്ക് അയയ്ക്കാൻ കഴിയാത്ത കടുവ, പുള്ളിപ്പുലി, എന്നിവയ്ക്കായി വയനാട് കുപ്പാടിയിൽ ഹോസ്പൈസ് സെന്റർ പ്രവർത്തിച്ചുവരുന്നു. നിലവിൽ രൂപീകരിച്ചിട്ടുള്ള ആർ.ആർ.റ്റി.-കൾക്ക് പുറമെ കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി എന്നിവിടങ്ങളിൽ ആർ.ആർ.റ്റി. അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്.

(ബി) വന്യമൃഗ ആക്രമങ്ങൾ തടയുന്നതിനുള്ള ടീമിലെ താൽക്കാലിക ജീവനക്കാരുടെ വേതനം പരിഷ്കരിക്കുന്നതിനോടോപ്പം ഇൻഷ്വറൻസ് അടക്കമുള്ള മറ്റാനുകൂല്യങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുമോ?

വന്യമൃഗ സംഘർഷം തടയുന്നതിനുള്ള ടീമിലെ താത്ക്കാലിക ജീവനക്കാരുടെ വേതനം പരിഷ്കരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ഫീൽഡിൽ ജോലി ചെയ്യുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നുണ്ട്.

## നാദാപുരം മണ്ഡലത്തിൽ വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം

157 (4706) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാദാപുരം മണ്ഡലത്തിലെ വനാതിർത്തിയിൽ ആനകൾ കൃഷി നശിപ്പിച്ചതിൽ കർഷകർക്ക് എത്ര രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാദാപുരം മണ്ഡലത്തിലെ വനാതിർത്തിയിൽ ആനകൾ കൃഷി നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 42 അപേക്ഷകളിലായി 3,85,549/- രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. (ഇതിൽ 30 അപേക്ഷകൾ മുൻസർക്കാരിന്റെ കാലഘട്ടത്തിൽ സമർപ്പിച്ചിട്ടുള്ളതും 12 അപേക്ഷകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഭിച്ചിട്ടുള്ളതുമാണ്).

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിലെ വനാതിർത്തിയിൽ ആനകൾ കൃഷി നശിപ്പിച്ചതിൽ പരാതിക്കാരായ കർഷകരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഭിച്ച അപേക്ഷകരുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ഇടുക്കി ജില്ലയിൽ വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം**

158 (4707) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് 2016 മുതൽ ഓരോ വർഷവും ഇടുക്കി ജില്ലയിൽ നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ വീതം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ഓരോ വർഷത്തേയും എത്ര വീതം അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ഓരോ വർഷവും എത്ര തുക വീതം നഷ്ടപരിഹാരവിതരണം ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് 2016 മുതൽ ഓരോ വർഷവും ഇടുക്കി ജില്ലയിൽ നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം, ടി അപേക്ഷകളിൽ തീർപ്പാക്കിയവയുടെ എണ്ണം, അനുവദിച്ച തുക എന്നീ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത അപേക്ഷകളിൽ എന്ന് മുതലുള്ളതിനാണ് ഇനി നഷ്ടപരിഹാരം വിതരണം ചെയ്യാനുള്ളതെന്ന് അറിയിക്കാമോ?

പ്രസ്തുത അപേക്ഷകളിൽ ഹൈറേഞ്ച് സർക്കിളിൽ 2021 മാർച്ച് മുതലുള്ള അപേക്ഷകൾക്കും കോട്ടയം വൈൽഡ് ലൈഫ് സർക്കിളിൽ 2022-ലെ 2 അപേക്ഷകർക്കും 2023-ലെ 2 അപേക്ഷകർക്കും നഷ്ടപരിഹാരം വിതരണം ചെയ്യാനുണ്ട്.

**വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേക്കിറങ്ങുന്നത് തടയാൻ നൂതന സാങ്കേതിക വിദ്യ**

159 (4708) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങുന്നത് തടയുന്നതിന് നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ആധുനിക സാങ്കേതിക മാർഗ്ഗങ്ങളായ Drone, Camera trap, GIS ലാബിന്റെ സേവനം, വന്യജീവി ശല്യം രൂക്ഷമായ ഭാഗങ്ങളിൽ ശബ്ദവും വെളിച്ചവും സൃഷ്ടിച്ച് വന്യജീവികളെ തിരികെ കാട്ടിലേക്ക് വിടുന്ന വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന മെഷിൻ (ANTDERS PIR) എന്നിവ നിലവിൽ ഉപയോഗിക്കുന്നുണ്ട്. മാങ്കുളം ഡിവിഷനിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സെൻസിംഗ് ഉപകരണങ്ങളും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തി സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കുന്നതിലൂടെ അവരെ ജാഗരൂഗരാക്കി ജനവാസമേഖലകളിൽ വന്യജീവി ആക്രമണങ്ങളും അതുമൂലമുണ്ടാകുന്ന അപകടങ്ങളും ഒരു പരിധിവരെ കുറക്കുവാൻ സഹായകമാകുന്ന വിദ്യയിലൂന്നിയുള്ള സംവിധാനം പരീക്ഷണ ഘട്ടത്തിലാണ്.

**വന്യമൃഗങ്ങളെ തുരത്താൻ ആനിഡേഴ്സ് മെഷീൻ**

160 (4709) <u>ശ്രീ. ഡി. കെ മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ തുരത്താൻ വനം വകുപ്പ് പുതുതായി സ്ഥാപിക്കുന്ന ആനിഡേഴ്സ് (ആനിമൽ ഇൻട്രൂഷൻ ഡിറ്റക്ഷൻ ആന്റ് റിപ്പലന്റ് സിസ്റ്റം) മെഷിന്റെ പ്രവർത്തനം വിശദമാക്കാമോ?

ANIDERS PIR (ആനിമൽ ഇൻട്രൂഷൻ ഡിറ്റക്ഷന് ആന്റ് റിപ്പലന്റ് സിസ്റ്റം) സംവിധാനം ഇൻഫ്രാറെഡ് രശ്മികളുടെ സഹായത്താൽ പ്രവർത്തിക്കുന്ന ഉപകരണമാണ്. മൂന്ന് വശങ്ങളിലേക്കും 15 മീറ്റർ ചുറ്റളവിൽ മൃഗങ്ങളുടെ ചലനമുണ്ടായാലുടൻ മൂന്ന് വ്യത്യസ്ത അലാറം മുഴങ്ങുകയും വെളിച്ചം പുറപ്പെടുവിക്കുകയും ചെയ്യും. ആംബുലൻസിന്റേതിന് സമാനമായ ശബ്ദം തുടർച്ചയായി മിനിറ്റുകളോളം നീണ്ടുനിൽക്കും. ഈ ശബ്ദം കേട്ടാൽ അര കിലോമീറ്റർ ചുറ്റുപാടിലുള്ള താമസക്കാർക്ക് ആനയുടെ സാന്നിദ്ധ്യം അറിയാൻ സാധിക്കും. ടി ഉപകരണം പൂർണമായും സോളാർ ഊർജ്ജം ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. ടി ഉപകരണത്തിന്റെ ഉയരം

വന്യമൃഗത്തിന്റെ ഉയരം അനുസരിച്ച് ക്രമീകരിക്കാവുന്നതും ആവശ്യാനുസരണം മാറ്റി സ്ഥാപിക്കാവുന്നതുമാണ്.

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇവ സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഈ ഉപകരണം പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) കൂടുതൽ സ്ഥലങ്ങളിൽ മെഷീൻ സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ സ്ഥാപിച്ചിട്ടുള്ളവയുടെ പ്രവർത്തനം വിലയിരുത്തിയശേഷം കൂടുതൽ മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ജനവാസമേഖലയേയും വനമേഖലയേയും തമ്മിൽ വേർതിരിക്കുന്ന വേലികൾ**

161 (4710) <u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. സജീവ് ജോസഫ്:</u>
<u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u>
<u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് ജനവാസ മേഖലയെയും വന മേഖലയെയും തമ്മിൽ വേർതിരിച്ച് റെയിൽ വേലിയടക്കമുള്ളവ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ജനവാസമേഖലയോട് ചേർന്നുള്ള വനാതിർത്തികളിൽ 2023 ജനുവരി വരെ വനം വകുപ്പ് നടത്തിയിട്ടുള്ള പ്രതിരോധ പ്രവൃത്തികളുടെ (റെയിൽ ഫെൻസിംഗ് ഉൾപ്പെടെയുള്ള) വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) ജനവാസ മേഖലയെയും വനമേഖലയെയും തമ്മിൽ വേർതിരിക്കുന്ന വേലികളുടെ കാര്യക്ഷമമായ അറ്റകുറ്റപ്പണികൾ നടത്താത്തതുകാരണം അവ ഉപയോഗശൂന്യമാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ജനവാസ മേഖലയോട് ചേർന്നുള്ള വനാതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള വേലികളുടെ അറ്റകുറ്റപ്പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ നടത്തിവരുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**നദികളെ ജലസംഭരണികളാക്കി മാറ്റാൻ പദ്ധതി**

162 (4711) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ജെ. മാക്സി:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് കുടിവെള്ളത്തിനും കൃഷിക്കും ആവശ്യമുള്ള വെള്ളത്തിന് നേരിടുന്ന ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിന് നദികളെ ജലസംഭരണികളാക്കി മാറ്റുന്ന പദ്ധതിക്ക് ശാസ്ത്രീയ പരിശോധനയുടെ അടിസ്ഥാനത്തിൽ രൂപം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നദികളെത്തന്നെ ചെറുജലസംഭരണികളാക്കുന്ന പ്രവർത്തനം നിലവിൽ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. നദികളുടെ കരപ്രദേശത്തിന് ആവശ്യമായ ഉയരം (bank height) ലഭ്യമാകുന്ന ഇടങ്ങളിലാണ് നദികളെ ചെറുസംഭരണികളാക്കാൻ കഴിയുന്ന റെഗുലേറ്ററുകൾ/തടയണകൾ എന്നിവ നിർമ്മിക്കുന്നത്. നദിയുടെ അടിത്തട്ടിന്റെ ചരിവ്, പ്രളയ സാധ്യത തുടങ്ങിയ ഘടകങ്ങൾകൂടി പരിഗണിച്ചാണ് ഇത്തരം സ്ട്രക്ച്ചറുകൾ നിർമ്മിക്കുന്നത്.

(ബി) നദികളിലും തോടുകളിലും ചെക്ക് ഡാമുകൾ നിർമ്മിച്ച് പ്രദേശത്തുള്ള ഭൂഗർഭ ജല ലഭ്യത വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നദികളിൽ പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യാനുസരണം ജലസംഭരണ പ്രവർത്തനങ്ങൾക്കുതകുന്ന വിവിധ ഘടനകളായ ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ എന്നിവ വിഭാവനം ചെയ്യുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിർമ്മിക്കുകയും ചെയ്യാറുണ്ട്. ഇതുവഴി നദികളെ ചെറുസംഭരണികളായി പരിണമിപ്പിക്കാൻ കഴിയുന്നതാണ്. ഇതുവഴി ജലലഭ്യത വർദ്ധിപ്പിക്കാനും ഭൂജല പോഷണത്തിനും സാധ്യമാകുന്നതാണ്. കൂടാതെ നദീജലപോഷണം സാധ്യമാകണമെങ്കിൽ നദീതടത്തെയും സംരക്ഷിക്കേണ്ടതുണ്ട്. ഇതിനായി നദീതടത്തിനകത്തുവരുന്ന ചെറുനീർത്തടങ്ങളെ ആധാരമാക്കി നീർത്തടപ്ലാനുകൾ (തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ) തയ്യാറാക്കുകയും റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നദികളിലും അണക്കെട്ടുകളിലും അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് ജലവാഹകശേഷിയും സംഭരണ ശേഷിയും വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2018, 2019 വർഷങ്ങളിലെ പ്രളയാനന്തരം നദികളുടെ അടിത്തട്ടിലും കരകളിലും നീരൊഴുക്കിലും മാറ്റം സംഭവിച്ചിട്ടുണ്ട്. ഇതിനൊപ്പം എക്കൽ, മണ്ണ്, മണൽ, മറ്റ് പാഴ് വസ്തുക്കൾ എന്നിവ അടിഞ്ഞ് ഒഴുക്ക് തടസ്സപ്പെടുന്ന സ്ഥിതിയും നിലനിന്നിരുന്നു. ഇത് കണക്കിലെടുത്ത് നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്ത് നദികളുടെയും കൈവഴികളുടെയും വാഹകശേഷിയും സംഭരണശേഷിയും വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും മണ്ണും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി മംഗലം ഡാമിൽ പൂർത്തീകരിച്ചിട്ടുണ്ട്. ചുള്ളിയാർ, വാളയാർ, മീങ്കര ഡാമുകളിൽ മേൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

നദികളിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളിൽ/തോടുകളിൽ; ചെറുതടയണകൾ/വെന്റഡ് ക്രോസ്ബാറുകൾ നിർമ്മിച്ച് നീരൊഴുക്ക്

സ്ഥായിയാക്കി ജലസംഭരണവും അതേസമയം ഭൂജലപോഷണവും സാധ്യമാക്കുന്നു. "സംയോജിത നീർത്തടപ്ലാനുകളിൽ" നിർദ്ദേശിച്ചിട്ടുള്ള പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/തോടുകൾ എന്നിവ "റിഡ്ജ്- ടു- വാലി" സമീപനത്തോടെ പുനഃരുദ്ധരിച്ച് സംഭരണശേഷി വർദ്ധിപ്പിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കാനും ഭൂജലപോഷണം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ പരിസ്ഥിതി സൗഹൃദവസ്തുക്കൾ ഉപയോഗിച്ച് ചെറുതടയണകൾ നിർമ്മിക്കുക വലിയ തോടുകളിൽ ചെരിവ് കണക്കാക്കി അടുത്തടുത്തായി തടയണകൾ നിർമ്മിക്കുക, കയർഭൂവസ്ത്രം ഉപയോഗിച്ച് ബണ്ടുകൾ ബലപ്പെടുത്തി പുല്ലുവച്ച് പിടിപ്പിച്ച് മണ്ണൊലിപ്പ് തടയുക തുടങ്ങിയ പ്രവർത്തനങ്ങൾ മുഖേന ജലസംരക്ഷണം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**കടൽത്തീര ശോഷണം തടയുന്നതിന് നടപടി**

163 (4712) ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽത്തീര ശോഷണം തടയുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ പര്യാപ്തമല്ലെന്നത് പരിശോധിച്ചിട്ടുണ്ടോ?

ഇന്ത്യയിലെ ഇതര തീരദേശ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളതീരത്തെ തിരമാലകളുടെ ശക്തി (high energy dissipating wave) കൂടുതലാണ്. ഇതുകൊണ്ടുതന്നെ തീരശോഷണം തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ തീരപ്രദേശങ്ങൾ സംരക്ഷിത പ്രദേശമാണ് എന്നതിലുപരി, ജനസാന്ദ്രത കൂടുതലുള്ള പ്രദേശവുമാണ്. ആയതുകൊണ്ടുതന്നെ പ്രകൃതിദത്തമായ കാരണങ്ങളാലും മനുഷ്യ ഇടപെടലുകളാലും തീരപ്രദേശങ്ങൾക്ക് തുടർച്ചയായി മാറ്റം സംഭവിക്കുന്നുണ്ട്. തീരസംരക്ഷണം മാത്രമല്ല, ജനജീവിതത്തിന്റെ സുരക്ഷയുംകൂടി കണക്കിലെടുത്തുകൊണ്ട്, site specific ആയി മാത്രമേ കേരളത്തിലെ തീരസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുവാനാകൂ. കടൽഭിത്തി നിർമ്മാണം, പുലിമുട്ട് (ഗ്രോയിൻ) നിർമ്മാണം, കടൽഭിത്തിയും പുലിമുട്ടുകളുടെ ശൃംഖലയും ചേർന്ന സംരക്ഷണഭിത്തി നിർമ്മാണം, പരീക്ഷണാടിസ്ഥാനത്തിൽ ജിയോബാഗുകൾ അടുക്കിയുള്ള

തീരസംരക്ഷണം തുടങ്ങിയവയാണ് നിലവിൽ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ. എന്നാൽ കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളുംമൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കുവാൻ സുസ്ഥിരമായ നൂതന പരിഹാരമാർഗങ്ങൾ അവലംബിക്കേണ്ടതായിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഇന്നത്തെ പരിതസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈന് വേണ്ടി NCCR (National Centre for Coastal Research) എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ കടലാക്രമണം രൂക്ഷമായി ബാധിക്കുന്ന കേരളത്തിലെ പത്തുപ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തെരഞ്ഞെടുക്കുകയുണ്ടായി. ഇതിൽ ഒരു പ്രദേശമായ ചെല്ലാനത്ത് പുരോഗമിക്കുന്ന ടെട്രാപോഡ് ഉപയോഗിച്ചുള്ള ആദ്യഘട്ട പ്രവൃത്തികൾ വളരെ ഫലപ്രദമാണെന്ന് സമീപവാസികളിൽനിന്നും വിവിധ മാധ്യമ റിപ്പോർട്ടുകളിൽനിന്നും അറിയാനിടയായിട്ടുണ്ട്.

(ബി) കടൽത്തീര സംരക്ഷണത്തിനായി നൂതന പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

വിശദപഠനത്തിന് വിധേയമാകുന്ന കടൽത്തീരത്തിന്റെ ഘടനയുടെയും സ്വഭാവത്തിന്റെയും അടിസ്ഥാനത്തിലാണ് വിവിധ തീരസംരക്ഷണ പ്രവൃത്തികൾ നിർദ്ദേശിക്കുന്നത്. ഇതുപ്രകാരം ആവശ്യമനുസരിച്ചാണ് കഠിനമായ/മൃദുവായ ഇടപെടലുകളോ (Hard/Soft solutions) അവയുടെ സമ്മിശ്രമായ ഇടപെടലുകളോ ഡിസൈൻപ്രകാരം നടപ്പിലാക്കുന്നത്. ടെട്രാപോഡ്, കരിങ്കൽ എന്നിവ ഉപയോഗിച്ചുള്ള കഠിനമായ തീരസംരക്ഷണ പ്രവൃത്തികളോടൊപ്പം തീരപോഷണം (beach nourishment), കണ്ടൽകാടുകൾപോലെ പ്രകൃതിദത്തമായ തീരസംരക്ഷണ പ്രവൃത്തികൾ എന്നിവ പഠനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ ഇടങ്ങളിൽ നടപ്പിലാക്കാവുന്നതാണ്. ഇതോടൊപ്പം തീരസംരക്ഷണത്തിൽ താൽപര്യമുള്ള വിവിധ ഏജൻസികൾ/ വ്യക്തികൾ എന്നിവരുടെ നൂതന ആശയങ്ങളും വകുപ്പ് പരിശോധിക്കാറുണ്ട്.

(സി) ആയതിനായി കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഹോട്ട്സ്പോട്ടിൽ ഉൾപ്പെടാത്ത രൂക്ഷമായ കടലാക്രമണം നേരിടുന്ന കേരളത്തിന്റെ മറ്റ് പ്രദേശങ്ങളിൽ WORLD BANK-ൽ നിന്നും മറ്റും തീരസംരക്ഷണത്തിന് ധനസഹായം ലഭ്യമാക്കുവാനുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

**കുണ്ടറ മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ**

164 (4713) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ജലവിഭവ വകുപ്പിന്റെ കീഴിൽ നടത്തിവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

കുണ്ടറ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ജലവിഭവ വകുപ്പിന്റെ കീഴിൽ നടത്തിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധ മായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തിരൂർ പുഴയിൽ ഇറിഗേഷൻ ടൂറിസം പദ്ധതി**

165 (4714) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

തിരൂർ നഗരത്തിനോട് ചേർന്ന് കിടക്കുന്ന തിരൂർ പുഴയുമായി ബന്ധപ്പെടുത്തി ഇറിഗേഷൻ ടൂറിസം പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വെട്ടം മുതൽ തിരൂർ വരെയുള്ള തിരൂർ പുഴയുടെ ഭാഗം നിർദ്ദിഷ്ട ദേശീയ ജലപാത-3-യുടെ ഫീഡർ റൂട്ട് ആയി വികസിപ്പിക്കാവുന്നതാണ്. അനുയോജ്യമായ സ്ഥലങ്ങളിൽ ബോട്ട് ജെട്ടികൾ നിർമ്മിച്ച് ബോട്ട് സർവ്വീസ് നടപ്പിലാക്കി ചെലവ് കുറഞ്ഞ ഗതാഗത സൗകര്യവും വിനോദ സഞ്ചാര സൗകര്യവും സാധ്യമാക്കുവാൻ കഴിയുന്നതാണ്.

തിരൂർ പൊന്നാനി പുഴയുമായി ബന്ധപ്പെടുത്തിയുള്ള ഇറിഗേഷൻ ടൂറിസം പദ്ധതികൾ വിശദമായ സാധ്യതാ പഠനങ്ങൾക്കുശേഷം നടപടി സ്വീകരിക്കാവുന്നതാണ്.

**ഒറ്റപ്പാലം മണ്ഡലത്തിലെ ജലസേചന വകുപ്പിന്റെ പ്രവൃത്തികൾ**

166 (4715) <u>ശ്രീ. കെ. പ്രേം കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ 2011-12 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ ബജറ്റിൽ 20% തുക വകയിരുത്തിയ ജലസേചന വകുപ്പിന് നിർവ്വഹണ ചുമതലയുള്ള പ്രവൃത്തികൾ ഉണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാമെന്നും അവയുടെ നിലവിലെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

(എ&ബി) ഒറ്റപ്പാലം മണ്ഡലത്തിൽ 2011-12 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ ബജറ്റിൽ 20% തുക വകയിരുത്തിയ ജലസേചന വകുപ്പിന് നിർവഹണ ചുമതലയുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**കോന്നി മണ്ഡലത്തിലെ ജലസേചന പദ്ധതി**

167 (4716) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോന്നി മണ്ഡലത്തിലെ കലഞ്ഞൂർ, ഏനാദിമംഗലം, പ്രമാടം, വള്ളിക്കോട്, കോന്നി പഞ്ചായത്തുകളിൽകൂടി കടന്നുപോകുന്ന കല്ലട ജലസേചന പദ്ധതിയുടെ കനാലുകളുടെയും ഉപകനാലുകളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് പദ്ധതി ഉണ്ടോ; എങ്കിൽ ആയതിനായി തുക അനുവദിച്ചിട്ടുണ്ടോ; നടപടികൾ വിശദമാക്കാമോ?

കോന്നി മണ്ഡലത്തിലെ കലഞ്ഞൂർ, ഏനാദിമംഗലം, പ്രമാടം, വള്ളിക്കോട്, കോന്നി പഞ്ചായത്തുകളിൽകൂടി കടന്നുപോകുന്ന കല്ലട ജലസേചന പദ്ധതിയുടെ കനാലുകളുടെയും ഉപകനാലുകളുടെയും പുനഃരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി നിലവിൽ പദ്ധതികൾ ഇല്ല. കനാലുകളുടെ പുനഃരുദ്ധാരണത്തിനായി 427 കോടി രൂപയുടെ ഡി.പി.ആർ. ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

### കടൽത്തീരങ്ങളുടെ സംരക്ഷണം

168 (4717) <u>ശ്രീ. എ. കെ. എം. അഷ്റഫ്:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>
<u>ശ്രീ. കെ. പി. എ. മജീദ്:</u>

<u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽത്തീര ശോഷണവും തീരങ്ങൾ മലിനമാക്കപ്പെടുന്നതും തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

കേരളത്തിന്റെ തീരപ്രദേശം മുൻകാലങ്ങളെ അപേക്ഷിച്ച് അതിരൂക്ഷമായ കടലാക്രമണം-തീരശോഷണം, ഭൗതികവസ്തുവകകളുടെ നാശം എന്നിവ നേരിടുന്നുണ്ട്. അറബിക്കടലിൽ ആവർത്തിച്ച് രൂപംകൊള്ളുന്ന ചുഴലിക്കാറ്റുകൾ തീരശോഷണത്തിന്റെ ആഘാതം വർദ്ധിപ്പിച്ചിട്ടുണ്ട്. തീരപ്രദേശങ്ങൾ സംരക്ഷിത പ്രദേശമാണ് എന്നതിനുപരി ജനസാന്ദ്രത കൂടുതലുള്ള പ്രദേശവുമാണെന്നത് കണക്കിലെടുത്ത് വിവിധതരത്തിലുള്ള തീരസംരക്ഷണ പ്രവൃത്തികളാണ് നിലവിൽ നിർവ്വഹിച്ചുവരുന്നത്. കടൽഭിത്തി നിർമ്മാണം, പുലിമുട്ട് (ഗ്രോയിൻ) നിർമ്മാണം, കടൽഭിത്തിയും പുലിമുട്ടുകളുടെ ശൃംഖലയും ചേർന്ന സംരക്ഷണഭിത്തി നിർമ്മാണം, പരീക്ഷണാടിസ്ഥാനത്തിൽ ജിയോ

ബാഗുകൾ അടുക്കിയുള്ള തീരസംരക്ഷണം തുടങ്ങിയവയാണ് നിലവിലുള്ള പദ്ധതികൾ. എന്നാൽ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ആഗോളതലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ കേരളതീരത്തും സ്വാധീനം ചെലുത്തുന്നുണ്ട്. ആവർത്തിച്ച് രൂപപ്പെടുന്ന ചുഴലിക്കാറ്റുകളും ശക്തമായ തിരമാലകളും കാറ്റും തീരമേഖലയിൽ കൂടുതൽ നാശനഷ്ടങ്ങൾക്ക് കാരണമാകുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ ശക്തമായ തീരശോഷണം സംഭവിക്കുന്ന കേരളതീരത്തെ 10 പ്രദേശങ്ങളെക്കുറിച്ച് പഠിച്ച് തീരസംരക്ഷണത്തിനുള്ള ശാസ്ത്രീയമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് സെൻട്രൽ മിനിസ്ട്രി ഓഫ് എർത്ത് സയൻസ്സസിന് കീഴിലുള്ള ചെന്നൈ ആസ്ഥാനമായ "നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്" എന്ന സ്ഥാപനവുമായി മൂന്നുവർഷം നീണ്ടുനിൽക്കുന്ന പഠനപ്രവർത്തനത്തിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. മൂന്നുപ്രദേശങ്ങളിൽ രൂപരേഖ തയ്യാറാക്കി കഴിഞ്ഞു.

കടലിൽ എത്തിച്ചേരുന്ന പ്ലാസ്റ്റിക് മാലിന്യം മലിനീകരണത്തിന്റെ ഒരു പ്രധാന കാരണമാണ്. വിവിധ സ്രോതസ്സുകളിൽ നിന്ന്, വിവിധതരത്തിലുള്ള

പ്ലാസ്റ്റിക് മാലിന്യമാണ് കടലിൽ എത്തിച്ചേരുന്നത്. തീരപ്രദേശത്ത് നേരിട്ട് നിക്ഷേപിക്കുന്നതിൽ കൂടുതൽ അളവിൽ പ്ലാസ്റ്റിക് മാലിന്യം പുഴകളിൽക്കൂടെയും മറ്റുവിധത്തിലും കടലിൽ എത്തുന്നതായി ഐക്യരാഷ്ട്രസഭയുടെ ഭാഗമായി പ്രവർത്തിക്കുന്ന "യുണൈറ്റഡ് നേഷൻസ് എൻവയൊൺമെന്റ് പ്രോഗ്രാം" (UNEP) ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഖരമാലിന്യത്തോടൊപ്പം, കടലിൽ എത്തിച്ചേരുന്ന ദ്രവമാലിന്യവും ഒരു പ്രധാന പ്രശ്നമാണ്. വ്യവസായശാലകൾ, പോർട്ടുകൾ/ഹാർബറുകൾ, മത്സ്യ സംസ്കരണ-ശാലകൾ, ടൂറിസ്റ്റ് സെന്ററുകൾ/റിസോർട്ടുകൾ കാർഷിക പ്രവർത്തനം, ഉൾനാടൻ മത്സ്യകൃഷി, തുടങ്ങിയ മേഖലകളോടൊപ്പം മത്സ്യബന്ധനം, കപ്പലുകളിൽനിന്നുള്ള മാലിന്യം, പെട്രോളിയം ഇന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയവമൂലവും കടൽ മലിനീകരിക്കപ്പെടുന്നുണ്ട്. ഇന്ത്യയിലെ തീരദേശ മലിനീകരണം കുറയ്ക്കുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടലുകൾ 1986-മുതൽ ആരംഭിച്ചിട്ടുണ്ട്. കടലിലേക്ക് 5 കി.മീറ്റർ ഉള്ളിലേക്കുവരെ എത്തിച്ചേരുന്ന മാലിന്യങ്ങളെക്കുറിച്ചുള്ള വിവരശേഖരണം/പഠനമാണ് "മോണിറ്ററിംഗ്

ഓഫ് ഇന്ത്യൻ കോസ്റ്റൽ വാട്ടേഴ്സ്" എന്ന പ്രോജക്ടിന്റെ ഭാഗമായി "ഡിപ്പാർട്ട്മെന്റ് ഓഫ് ഓഷ്യൻ ഡെവലപ്മെന്റും കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡും" സംയുക്തമായി നിർവ്വഹിച്ചിരുന്നത്. തുടർന്ന് 1992 മുതൽ "കോസ്റ്റൽ ഓഷ്യൻ മോണിറ്ററിംഗ് ആന്റ് പ്രഡിക്ഷൻ സിസ്റ്റം (COMPAS)' എന്ന പ്രോജക്ടിന്റെ ഭാഗമായി ഇന്ത്യയിലെ 82 തീരകേന്ദ്രങ്ങൾ ഉൾപ്പെടുന്ന തീരമലിനീകരണ പഠനം നടത്തിവരുന്നു. കേരളത്തിലെ കൊച്ചി തീരം ഇതിൽ ഉൾപ്പെടുന്നു. തീരത്തുനിന്ന് 25 കി.മീറ്റർ ഉള്ളിൽ വരെയുള്ള വിവിധമാലിന്യങ്ങളെക്കുറിച്ചാണ് വിവരശേഖരണം നടത്തുന്നത്. ഇത്തരം പഠനങ്ങളിൽനിന്ന് ലഭ്യമാകുന്ന വിവരങ്ങൾ വിവിധ മാധ്യമങ്ങൾ ഉപയോഗിച്ച് പൊതുജനങ്ങളിൽ എത്തിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, സൗന്ദര്യവർദ്ധക വസ്തുക്കളിൽ ഉപയോഗിക്കുന്ന മൈക്രോ ബീഡ്സ്, പ്ലാസ്റ്റിക് ബോട്ടിലുകൾ എന്നിവ കൂടുതലായി കടലിൽ എത്തിച്ചേരുകയും കടൽജലത്തിലെ നാനോപ്ലാസ്റ്റിക്/ മൈക്രോ പ്ലാസ്റ്റിക് അളവ് വർദ്ധിക്കുകയും ചെയ്യുന്നതായി പഠനറിപ്പോർട്ടുകളുണ്ട്. ഇതുകൂടി

കണക്കിലെടുത്ത് "പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്- 2016" കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 2018-ൽ അവശ്യമായ ചില മാറ്റങ്ങളും ഈ ചട്ടത്തിൽ കൊണ്ടുവന്നിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഇക്കാര്യത്തിൽ പ്രധാന ചുമതല നൽകിയിട്ടുള്ളത്.

തീരദേശ പ്ലാസ്റ്റിക് മലിനീകരണം സംബന്ധിച്ച് ഒരു കേന്ദ്രനയം നിലവിലില്ല. എന്നാൽ, തീരദേശ നിയന്ത്രണ ചട്ടത്തിന്റെ ഭാഗമായി തയ്യാറാക്കുന്ന "സമഗ്ര തീരദേശ പരിപാലനവും മാനേജ്മെന്റ് പ്ലാനിൽ" ഇത്തരം ഘടകങ്ങൾകൂടി പരിഗണിക്കാറുണ്ട്. തീരമലിനീകരണം കുറയ്ക്കുന്നതിനുള്ള നിർദ്ദേശവും ഉൾപ്പെടുത്താറുണ്ട്. കൂടാതെ "ഇന്റർനാഷണൽ കോസ്റ്റൽ ക്ലീൻഅപ്പ് ഡേ - സെപ്തംബർ 18"-ന്റെ ഭാഗമായി ജനപങ്കാളിത്തത്തോടെ തീരപ്രദേശങ്ങൾ ശുചിയാക്കുന്ന പ്രവർത്തനം നിർവ്വഹിച്ചുവരുന്നു. സംസ്ഥാനത്ത്, കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലാണ് ഇക്കാര്യത്തിന് നേതൃത്വം നൽകുന്നത്.

(ബി) തീരം സംരക്ഷിക്കാത്തത് കടലിലെ ആവാസ വ്യവസ്ഥയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കടൽത്തീരങ്ങൾ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഐക്യരാഷ്ട്രസംഘടനയുടെ നേതൃത്വത്തിലുള്ള ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (IPCC)-ന്റെ വിവിധ റിപ്പോർട്ടുകൾ സമുദ്രജലനിരപ്പ് ഉയരുന്നതിനുള്ള കാരണങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കൂടാതെ, ഓരോ രാജ്യത്തെയും/പ്രദേശത്തെയും അതെങ്ങനെ സ്വാധീനിക്കും എന്നതും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കൂടാതെ, ചുഴലിക്കാറ്റുകളുടെ എണ്ണത്തിലും/ സ്വാധീനത്തിലും വർദ്ധനവുണ്ടാകാമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇതോടൊപ്പം, ഇന്ത്യൻ ഗവേഷണ സ്ഥാപനങ്ങളും ഇത്തരം മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. ഇത് കണക്കിലെടുത്ത് തീരദേശവുമായി ബന്ധപ്പെട്ട വിവരശേഖരണം ശക്തിപ്പെടുത്തി, തീരസംരക്ഷണ മാർഗ്ഗങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ചുമായി ധാരണാപത്രം ഒപ്പിടുകയും, NCCR തീരങ്ങളുടെ preliminary study നടത്തുകയും

ചെയ്തിട്ടുണ്ട്. കേരളത്തിലെ തെരഞ്ഞെടുത്ത 10 ഹോട്സ്പോട്ടുകളിൽ പഠനം നടത്തി വരുന്നുണ്ട്. ഒപ്പം പരിസ്ഥിതിക്കിണങ്ങുന്ന തീരസംരക്ഷണ മാർഗ്ഗമായ കണ്ടൽചെടി വച്ചുപിടിപ്പിക്കാൻ സാധിക്കുന്നിടത്ത്, തീരഭിത്തിയോടൊപ്പം അവയും വളർത്തി തീരം സംരക്ഷിക്കുന്നതിനുള്ള പരീക്ഷണപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്, മാത്രവുമല്ല തീരസംരക്ഷണത്തിൽ താല്പര്യമുള്ള വിവിധ ഏജൻസികൾ/വ്യക്തികൾ എന്നിവരുടെ നൂതന ആശയങ്ങളും വകുപ്പ് പരിശോധിക്കാറുണ്ട്.

**മണ്ണാർക്കാട് മണ്ഡലത്തിലെ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ**

169 (4718) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികളും അവയ്ക്കനുവദിച്ചിരിക്കുന്ന തുകയും വെളിപ്പെടുത്തുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

(എ&ബി) മണ്ണാർക്കാട് മണ്ഡലത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ളതും നടന്നുവരുന്നതുമായ പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം അറിയിക്കുമോ?

സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം ചുവടെ ചേർക്കുന്നു.

1. മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അട്ടപ്പാടി മേഖലയിൽ ചെറുകിട ജലസേചന പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ വിമുഖത കാണിക്കുന്നതുമൂലം നിരവധി തവണ പ്രവൃത്തികൾ ടെണ്ടർ ചെയ്യേണ്ടി വരാറുണ്ട്. അതുമൂലം പദ്ധതികൾ വൈകുന്നു.

2. പ്രതികൂല കാലാവസ്ഥമൂലം ഉണ്ടാകുന്ന തടസ്സങ്ങൾ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. അനിയന്ത്രിതമായ രീതിയിലുള്ള വെള്ളപ്പാച്ചിൽമൂലം അട്ടപ്പാടി മേഖലയിലെ പുഴയിൽ വെള്ളം ക്രമാതീതമായി ഉയരുന്നതും പ്രവർത്തന പുരോഗതിയെ സാരമായി ബാധിക്കാറുണ്ട്.

### ജലാശയങ്ങളുടെ സംരക്ഷണം

170 (4719) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ; ഓരോ വർഷവും പിഴയിനത്തിൽ ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ജലാശയങ്ങളുടെ സംരക്ഷണത്തിനായി മേൽപ്പറഞ്ഞ നിയമം ശക്തമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും പിഴ ഈടാക്കാനും കഴിയും. ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനും ശിക്ഷ/പിഴ വർദ്ധിപ്പിക്കുന്നതിനുമായി 2018-ൽ നിയമം ഭേദഗതി വരുത്തുകയും [2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി)നിയമം] ശിക്ഷ/പിഴ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം പോലീസ് അധികൃതർക്ക് നൽകുന്ന പരാതിയിന്മേൽ അന്വേഷണം നടത്തി ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്യേണ്ടതാണ്. മൂന്ന് വർഷം വരെ തടവും പരമാവധി രണ്ട് ലക്ഷം രൂപ പിഴയുമാണ് കുറ്റം തെളിഞ്ഞാൽ ലഭിക്കുന്നത്. പ്രസ്തുത നിയമഭേദഗതിക്കുശേഷം ഇത്തരമൊരു നിയമം നിലവിലുണ്ടെന്ന് പൊതുജനാവബോധം വളർത്താനാവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും മാലിന്യനിക്ഷേപം ശ്രദ്ധയിൽവരികയാണെങ്കിൽ പോലീസ് സ്റ്റേഷനിൽ പരാതി നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ

നേരിട്ട് നടപടിയെടുക്കുന്നതിനും പിഴ ചുമത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് എന്നിവർക്ക് അധികാരമുണ്ട്.

**ശ്രീഭൂതപുരം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ മോട്ടോർ സ്ഥാപിക്കൽ**

171 (4720) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീഭൂതപുരം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ പുതുതായി രണ്ട് നൂറ് എച്ച്.പി. മോട്ടോർ വീതം സ്ഥാപിച്ച് ജലക്ഷാമം പരിഹരിക്കണമെന്ന 17-03-2022-ലെ അപേക്ഷയിൽ (6784/VIP/M(WR)/2022) എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയർ (എം.ഐ) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (എം.ഐ.) നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

ശ്രീഭൂതപുരം പ്രധാന പമ്പ് ഹൗസിൽ സ്റ്റാന്റ് ബൈ മോട്ടോർ ഉൾപ്പെടെ 160 എച്ച്.പി.-യുടെ 3 മോട്ടോറുകളും റീലിഫ്റ്റ് പമ്പ് ഹൗസിൽ സ്റ്റാന്റ് ബൈ മോട്ടോർ ഉൾപ്പെടെ 160 എച്ച്.പി.-യുടെ 2 മോട്ടോറുകളുമാണുള്ളത്. ടി മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്നതിനായി എച്ച്.ടി. ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട ആവശ്യകത ഉണ്ടായിരുന്നു. ടി പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് രണ്ട് മോട്ടോറുകൾ ഒരേ സമയം പ്രവർത്തിപ്പിച്ച് ശ്രീമൂലനഗരം പഞ്ചായത്തിലെ ജലക്ഷാമം പരിഹരിക്കാൻ സാധിക്കുമെന്നുള്ള വിവരം ബഹു.ആലുവ എം.എൽ.എ. ശ്രീ.അൻവർ സാദത്തിനെയും ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. സി. മാർട്ടിനെയും എറണാകുളം മൈനർ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിൽനിന്നും അറിയിച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്നു. നിലവിൽ എച്ച്.ടി. ട്രാൻസ്ഫോർമർ സ്ഥാപിച്ച് ഈ മോട്ടോറുകളെല്ലാം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (എം.ഐ.), ഇറിഗേഷൻ ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) ശ്രീഭൂതപുരം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ പുതുതായി രണ്ട് നൂറ് എച്ച്.പി. മോട്ടോർ വീതം സ്ഥാപിച്ച് ജലക്ഷാമം അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

100 എച്ച്.പി.-യുടെ 2 മോട്ടോറുകൾ സ്ഥാപിക്കുക വഴി ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായ പ്രദേശങ്ങളായ ശ്രീമൂലനഗരം ടൗൺ, കിഴക്കേ ശ്രീഭൂതപുരം എന്നിവിടങ്ങളിലേയ്ക്കാവശ്യമുള്ള ജലം ലഭ്യമാക്കുവാൻ സാധിക്കും. ആയതിലേയ്ക്ക് ഒരു പുതിയ പമ്പ് ഹൗസ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള സ്ഥലം പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കാവുന്നതാണ്. നിലവിൽ രണ്ട് പമ്പ്ഹൗസുകളിലും പമ്പിംഗ് പൂർണ്ണതോതിൽ നടക്കുന്നുണ്ട്.

**ബിയ്യംകായൽ-ചമ്രവട്ടം ഭാരതപ്പുഴ ലിങ്ക് കനാൽ പദ്ധതി.**

172(4721) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി കോൾ കൃഷി മേഖലയിൽ കൃഷിക്കാവശ്യമായ ജലം എത്തിക്കുന്നതിനായുള്ള ഭാരതപ്പുഴ ബിയ്യം കായൽ ലിങ്ക് കനാൽ പദ്ധതി റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയാണോ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

പൊന്നാനി കോൾ മേഖലയിലെ 4000 ഹെക്ടറോളം വരുന്ന കൃഷിസ്ഥലത്ത് ജലം ലഭ്യമാക്കുന്നതിനുള്ള ചമ്രവട്ടം ഭാരതപ്പുഴ മുതൽ ബീയ്യം റെഗുലേറ്റർ വരെയുള്ള ലിങ്ക് കനാൽ പദ്ധതി Rebuild Kerala Initiative (RKI) പദ്ധതിയിലുൾപ്പെടുത്തി പരിഗണിക്കുന്നതിനായി പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് (EIA Study Report) തയ്യാറാക്കുന്നതിനായി Centre for Water Resources Development and Management (CWRDM)

കോഴിക്കോടിനെ ചുമതലപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നദികളും ജലസ്രോതസ്സുകളും മാലിന്യമുക്തമാക്കാൻ നടപടി**

173(4722) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികളും ജലസ്രോതസ്സുകളും മലിനമാക്കുന്നത് തടയാൻ കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കേരളത്തിലെ 44 നദികളുടെയും ചുമതല ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും നിലവിലെ സ്ഥിതി വിവരിക്കുന്ന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെയും ജലസേചന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം

ഉപയോഗിച്ചും പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. "മാലിന്യ ത്രുക്ഷതാ ലഘൂകരണം" ലക്ഷ്യമിട്ട് നദികളിലെ ജലലഭ്യത വർദ്ധിപ്പിച്ച് സ്ഥായിയായി നിലനിർത്തുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി തടയണകൾ/ റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ച് വേനൽക്കാലത്തും നീരൊഴുക്ക് നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. സംസ്ഥാന ബജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. ജലസേചനവകുപ്പ് ഫണ്ടിന്റെ ലഭ്യതയും മുൻഗണനാക്രമമനുസരിച്ച് നദീസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നുണ്ട്.

കേരളത്തിലൂടെ ഒഴുകുന്ന 44 നദികളുടെയും ജല സാമ്പിളുകൾ എല്ലാ മാസവും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ശേഖരിച്ച് ഗുണനിലവാര പരിശോധന ദേശീയ സംസ്ഥാന പദ്ധതികളുടെ ഭാഗമായി നടത്തിവരുന്നു. നദികളുടെ വിവിധ സ്ഥലങ്ങളിലായി 365 സാമ്പിളിംഗ് സ്റ്റേഷനുകൾ

സ്ഥാപിച്ചിട്ടുണ്ട്. സാമ്പിളിംഗ് ഫലം Water and Air Quality Directory ആയി പ്രസിദ്ധീകരിക്കുന്നു. ആയത് ബോർഡിന്റെ Website-ലും ലഭ്യമാണ്. ഗുണനിലവാരം പാലിക്കാത്ത സാഹചര്യമുണ്ടായാൽ തുടർ നടപടി സ്വീകരിക്കാറുണ്ട്.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് കണ്ടെത്തിയ ഇന്ത്യയിലെ 351 പൊല്യൂട്ടഡ് റിവർ സ്ട്രെച്ചുകളിൽ 21 എണ്ണം കേരളത്തിൽ ഉൾപ്പെടുന്നു. ഈ നദികളെ മാലിന്യമുക്തമാക്കുന്നതിനായും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാക്കുംവിധം ഗുണനിലവാരം മെച്ചപ്പെടുത്തുവാനും ബഹു.ദേശീയ ഹരിത ട്രൈബ്യൂണൽ OA No. 673/2018-ൽ 20-09-2018-ലെ ഉത്തരവിൻ പ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടേയും കർമ്മ പദ്ധതികൾ വിവിധ വകുപ്പുകൾ ചേർന്ന് സംയോജിതമായി നടപ്പിലാക്കി വരുന്നു. ടി പദ്ധതികൾ നടപ്പിലാക്കി വരുന്നതിന്റെ അടിസ്ഥാനത്തിൽ 21 നദീഭാഗങ്ങളിൽ 10 എണ്ണം കുളിക്കുന്നതിന് അനുയോജ്യമാകുന്ന നിലവാരം കൈവരിച്ചിട്ടുണ്ട്. മറ്റ് ഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ കുളങ്ങളുടെ

പുനരുദ്ധാരണത്തിനായി OA No.325/2015-ലെ ഉത്തരവ് പ്രകാരം കർമ്മ പദ്ധതി തയ്യാറാക്കി വിവിധ വകുപ്പുകൾ സംയോജിതമായി നടപ്പിലാക്കി വരുന്നു.

(ബി) നദികളിലും ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ, ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ കേസ് കൊടുക്കുകയും ഇവയിൽ പോലീസ് ഉദ്യോഗസ്ഥർ തുടർ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുമുണ്ട്.

ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന് ശാസ്ത്രീയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷമാണ്

മലിനീകരണ നിയന്ത്രണ ബോർഡ് വ്യവസായശാലകൾക്കും സ്ഥാപനങ്ങൾക്കും പ്രവർത്തനാനുമതി നൽകുന്നത്. ആയത് ഉറപ്പുവരുത്തുന്നതിനായി തുടർ പരിശോധനകളും നടത്താറുണ്ട്. നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തുടർ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) നദികളെയും ജലസ്രോതസ്സുകളെയും പൂർണ്ണമായും മാലിന്യമുക്തമാക്കി ജലസംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

നിലവിൽ ജലസ്രോതസ്സുകളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി നദികൾക്ക് കുറുകെ നിർമ്മിച്ചിട്ടിട്ടുള്ള പാലങ്ങളിൽ കമ്പിവേലി നിർമ്മാണം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പിലാക്കാറുണ്ട്. സംസ്ഥാനത്തിലെ നദികൾ പുനരുജ്ജീവിപ്പിക്കുന്നതിനും മാലിന്യമുക്തമാക്കുന്നതിനും 2 കോടി രൂപ ജലസേചന വകുപ്പിന്റെ വാർഷിക പ്ലാൻ 2022-2023-ൽ വകയിരുത്തിയിട്ടുണ്ട്. ഇത് ഉപയോഗിച്ച് ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനും സുഗമമായ ഒഴുക്ക് സാധ്യമാക്കുന്നതിനുമായി

തയ്യാറാക്കിയ അംഗീകൃത ആക്ഷൻപ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരളത്തിലെ നദികളുടെ സംരക്ഷണവും സുസ്ഥിര പരിപാലനവും ലക്ഷ്യമിട്ട് "റിവർബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി (ആർ.ബി.സി.എം.എ.) രൂപീകരിക്കുന്നതിനുള്ള നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ശുദ്ധീകരിക്കാത്ത പാഴ്ജലം ഒഴുക്കിവിടുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നിയമലംഘകർക്കെതിരെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും ആവശ്യമായ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

**കീഴ്മാട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം കനാലിന്റെ കരിങ്കൽ ഭിത്തി നിർമ്മാണം**

174(4723) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ -പെരുമ്പാവൂർ ട്രാൻസ്പോർട്ട് റോഡിൽ തോട്ടുമുഖം ഭാഗത്തെ കീഴ്മാട് എൽ.ഐ. സ്കീം കനാലിന്റെ കരിങ്കൽഭിത്തി

പുനർനിർമ്മിക്കുന്നത് സംബന്ധിച്ച് നൽകിയ 23-02-2022, 30-03-2022 തീയതികളിലെ അപേക്ഷകളിൽ (6362/VIP/M(WR)/2022, 7215/VIP/M(WR)/2022) ചീഫ് എഞ്ചിനീയർ (ഐ&എ) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ വിഷയത്തിൽ ചീഫ് എഞ്ചിനീയർ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ഈ പ്രവൃത്തി എത്രയും വേഗം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ആലുവ - പെരുമ്പാവൂർ ട്രാൻസ്പോർട്ട് റോഡിൽ തോട്ടുമുഖം ഭാഗത്തെ കീഴ്മാട് ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ കരിങ്കൽഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച് ശ്രീ. അൻവർ സാദത്ത് എം.എൽ.എ. നൽകിയ 6363/വി.ഐ.പി/എം (ഡബ്ല്യൂ.ആർ) 2022, തീയതി 21-02-2022, 7215/വി.ഐ.പി/എം (ഡബ്ല്യൂ.ആർ)2022, തീയതി 30-03-2022 എന്നീ രണ്ട് കത്തുകളും 26-05-2022-ൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ

സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു. കീഴ്മാട് ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ കരിങ്കൽ ഭിത്തി പുനർനിർമ്മിക്കുന്നതിനായി “Renovation work Keezhamad LIS-rectification works to the main canal of Keezhmad LIS near Ch:300m”എന്ന പ്രവൃത്തിക്ക് 46 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പൈങ്കണ്ണൂർ തോടിന്റെ നവീകരണ പ്രവൃത്തി**

175(4724) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിൽ പൈങ്കണ്ണൂർ പാടശേഖരത്തിലൂടെ കടന്നുപോകുന്ന തോടിന്റെ നവീകരണ പ്രവൃത്തിയുടെ പ്രൊപ്പോസലും എസ്റ്റിമേറ്റും ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയറുടെയും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെയും ഓഫീസുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ-സി) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിൽ പൈങ്കണ്ണൂർ പാടശേഖരത്തിലൂടെ കടന്നുപോകുന്ന തോടിന്റെ നവീകരണ പ്രവൃത്തിയുടെ പ്രൊപ്പോസൽ, എസ്റ്റിമേറ്റ് എന്നിവ സർക്കാരിൽ ലഭ്യമായിട്ടില്ല. ടി പ്രവൃത്തിയുടെ 10.60 കോടി രൂപയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കാട്ടിപ്പരുത്തി പറമ്പൻ തോട് വി.സി.ബി. നിർമ്മാണം**

176(4725) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ കാട്ടിപ്പരുത്തിയിൽ പറമ്പൻ തോട് വി.സി.ബി. നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ച നടപടികളുടെ ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ കാട്ടിപ്പരുത്തിയിൽ പറമ്പൻ തോട് വി.സി.ബി. നിർമ്മാണ പ്രവൃത്തിയുടെ 54.00 ലക്ഷം രൂപ എസ്റ്റിമേറ്റ് തുക വരുന്ന പ്രൊപ്പോസൽ 2023-24 വർഷത്തേയ്ക്കുള്ള വാല്യം-II ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്നതിനായി പേജ് നമ്പർ 18-ൽ SL No. 315 ആയി MI Class-II പദ്ധതിയിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ

കാര്യാലയത്തിലെ F6/64087/2022 ഫയൽ നമ്പർ പ്രകാരം 30-12-2022-ൽ സർക്കാരിൽ ലഭ്യമായിരുന്നു. എന്നാൽ 2023-24 Budget volume-II ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തിൽ അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**പുഴകൾ ജലാശയങ്ങൾ എന്നിവയുടെ പാർശ്വഭിത്തി കെട്ടുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ**

177(4726) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകൾ, കനാലുകൾ, തോടുകൾ, കുളം, കായലുകൾ പോലുള്ള ജലാശയങ്ങൾക്ക് പാർശ്വഭിത്തികെട്ടി സംരക്ഷിക്കുന്നതിന് തുക വകയിരുത്താറുണ്ടോ എന്നത് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിനുവേണ്ടി ഇറിഗേഷന് കീഴിലുള്ള ഏതെല്ലാം ഉപവകുപ്പുകളിൽനിന്നുള്ള ഫണ്ടുകളാണ് വകയിരുത്താറുള്ളതെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ & ബി) സംസ്ഥാനത്തെ പുഴകൾ, തോടുകൾ, കായലുകൾ ഇവയുടെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി പ്രധാനമായും Flood control/Flood damage എന്നീ ശീർഷകങ്ങളിൽ തുക വകയിരുത്തി വരുന്നു.

കൂടാതെ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി തോടുകളുടെയും കുളങ്ങളുടെയും നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി അവശ്യസ്ഥലങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മാണവും LI (Lift Irrigation) scheme-കളുടെ നവീകരണത്തിന്റെ ഭാഗമായി LI കനാലുകളുടെ സംരക്ഷണ ഭിത്തി നിർമ്മാണവും നടത്തിവരാറുണ്ട്.

(സി) 2021 മെയ് മുതൽ നാളിതുവരെ ഈ ഇനത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ, അനുവദിച്ച തുകയടക്കം ജില്ലകൾ തിരിച്ച് ലഭ്യമാക്കുമോ?

2021 മെയ് മുതൽ നാളിതുവരെ ഈ ഇനത്തിൽ മേജർ/മൈനർ വകുപ്പ് മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ, അനുവദിച്ച തുകയടക്കം ജില്ലകൾ തിരിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു+.

**കണ്ണൂർ മണ്ഡലത്തിലെ കുളം നവീകരണം**

178(4727) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിലെ എത്ര കുളങ്ങൾ നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്; വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വോള്യം 2-ൽ 2298 ക്രമ നമ്പറായി കുളങ്ങളുടെ നവീകരണം - കണ്ണൂർ എന്ന പേരിൽ 40 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയത് പ്രകാരം കണ്ണൂർ ജില്ലയിലെ കുളങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ചാക്യാരത്ത് കുളം, കുറുവകുളം എന്നീ കുളങ്ങൾ നവീകരിക്കുന്നതിനുവേണ്ടിയുള്ള ഡി.പി.ആർ. (രണ്ട് പ്രവൃത്തികളുടെയും കൂടി എസ്റ്റിമേറ്റ് തുകയായ 97 ലക്ഷം രൂപ) 4702-00-101-87-01 (റെനൊവേഷൻ ഓഫ് പോണ്ട്സ്) എന്ന ശീർഷകത്തിലേയ്ക്ക് തുക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകയിരുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ഇതിൽ എളയാവൂർ സോണിൽ ചാക്യാരത്ത് കുളം നവീകരണം എന്ന പ്രവൃത്തിക്ക് 4702-00-101-87 എന്ന ശീർഷകത്തിൽ 33 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കുളങ്ങളുടെ നവീകരണ പ്രവൃത്തി വേനൽക്കാലത്ത് മാത്രമേ നടത്താൻ സാധിക്കൂ എന്നതിനാൽ അനുമതി വൈകുന്നത് പ്രവൃത്തി വൈകിപ്പിക്കാൻ കാരണമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**കമ്പാലത്തറ, കുന്നംപിടരി, വെങ്കലക്കയം ഏരികളുടെ ആഴം കൂട്ടുന്നതിന് നടപടി**

179(4728) <u>ശ്രീ മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കമ്പാലത്തറ, കുന്നംപിടരി, വെങ്കലക്കയം ഏരികളുടെ ആഴം കൂട്ടുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ഏരികൾ ആഴം കൂട്ടുന്നതിലൂടെ ജലസംഭരണ ശേഷിയിലുണ്ടാകുന്ന നേട്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) <u>കമ്പാലത്തറ ഏരി :-</u> 327652 $M^3$ ചെളി നീക്കം ചെയ്യുന്നതിനായുള്ള പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും ആയതിന്മേൽ നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നു.

<u>വെങ്കലക്കയം ഏരി :-</u> 452791.97 $M^3$ ചെളി നീക്കം ചെയ്യുന്നതിനായുള്ള പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും ആയതിന്മേൽ നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നു.

<u>കുന്നംപിടാരി ഏരി :-</u> റിസർവോയറുകളുടെയും ഏരികളുടെയും ഡിസിൽറ്റേഷൻ പ്രവൃത്തികൾ Departmental Execution മുഖേന ചെയ്യുന്നതിലേയ്ക്കായി ഒരു Programme Implementation Unit (PIU) രൂപീകരിക്കുകയും ആയതിന്റെ ചുമതല എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.ഐ.

ഡിവിഷൻ, പാലക്കാടിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**ജലാശയങ്ങളുടെ സംരക്ഷണം**

180(4729) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുളങ്ങൾ, ചെറുകിട ജലാശയങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും കയ്യേറ്റങ്ങൾ തടയുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കുളങ്ങൾ, ചെറുകിട ജലാശയങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിച്ച് പുനരുജ്ജീവിപ്പിച്ച് ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങൾ ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. കുളങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും, ചളിയും നീക്കംചെയ്ത് ജലനിർഗ്ഗമനചാലുകൾ പ്രവർത്തന സജ്ജമാക്കുക, തോടുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചളി/എക്കൽ

നീക്കംചെയ്ത് ആവശ്യമുള്ള ഇടങ്ങളിൽ പാർശ്വസംരക്ഷണം നിർവ്വഹിക്കുക, പുഴകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/ചളി/മണൽ എന്നിവ നീക്കം ചെയ്യുക, പുഴകളിലും വലിയ തോടുകളിലുമുള്ള തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം അടിഞ്ഞുകൂടിയിട്ടുള്ള ചളി/എക്കൽ/മണൽ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിച്ച് ജലസംരക്ഷണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികളാണ് നിർവ്വഹിച്ചുവരുന്നത്. ഇത്തരത്തിൽ നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികൾ കൂടുതൽ സമഗ്രവും ശാസ്ത്രീയവുമാക്കി മാറ്റുന്നതിനായി ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'യുടെ ഭാഗമായി തയ്യാറാക്കിയ നീർത്തടപ്ലാനുകളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ കൂടി ഏറ്റെടുക്കുവാൻ ലക്ഷ്യമിടുന്നു.

ജലാശയങ്ങളിലെ കയ്യേറ്റ നടപടികൾ റവന്യൂ വകുപ്പിൽ അറിയിക്കുകയും ആയത് സർവ്വേ ചെയ്തു കയ്യേറ്റമുണ്ടെന്ന് തെളിയുന്നപക്ഷം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഒപ്പം പൊതുജനങ്ങൾക്ക് കൈയ്യേറ്റം പരാതിപ്പെടുന്നതിനായി ജലസേചന വകുപ്പിന്റെ വെബ്സൈറ്റിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇത്തരം ജലാശയങ്ങൾ മാലിന്യമുക്തമാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ നേരിട്ട് നടപടി എടുക്കുന്നതിനും പിഴചുമത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് എന്നിവർക്ക് അധികാരമുണ്ട്. 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും പിഴ ഈടാക്കാനും കഴിയും. ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനും ശിക്ഷ/പിഴ വർദ്ധിപ്പിക്കുന്നതിനുമായി 2018-ൽ നിയമം ഭേദഗതിവരുത്തുകയും (2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം) ശിക്ഷ/പിഴ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം പോലീസ് അധികൃതർക്ക് നൽകുന്ന പരാതിയിന്മേൽ അന്വേഷണം നടത്തി ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ കേസ്സ് ഫയൽ ചെയ്യേണ്ടതാണ്. മൂന്ന് വർഷം വരെ തടവും പരമാവധി രണ്ടു ലക്ഷംരൂപ പിഴയുമാണ് കുറ്റം തെളിഞ്ഞാൽ ലഭിക്കുന്നത്.

പ്രസ്തുത നിയമഭേദഗതിക്കുശേഷം ഇത്തരമൊരു നിയമം നിലവിലുണ്ടെന്ന് പൊതുജന അവബോധം വളർത്താനാവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും മാലിന്യനിക്ഷേപം ശ്രദ്ധയിൽപ്പെട്ടാൽ പോലീസ് സ്റ്റേഷനിൽ പരാതി നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ബഹു:ദേശീയ ഹരിതട്രൈബ്യൂണലിന്റെ 20-09-2019-ലെ ഉത്തരവനുസരിച്ച് 30-04-2019-ലെ സർക്കാർ ഉത്തരവ് (കൈ) 12/2019/ജവിവ നമ്പർ പ്രകാരം 'റിവർ റിജ്യൂവനേഷൻ കമ്മിറ്റി' (RRC) രൂപീകരിച്ചിട്ടുണ്ട്. വലിയതോതിലുള്ള മലിനീകരണത്തിന് വിധേയമായെന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണബോർഡ് കണ്ടെത്തിയ കേരളത്തിലെ 21 നദീഭാഗങ്ങളുടെ മലിനീകരണ ലഘൂകരണ നിയന്ത്രണ പദ്ധതിരേഖ ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാക്കുകയും നടപ്പിലാക്കിവരുകയും ചെയ്യുന്നുണ്ട്.

**ഡാം റിഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ്**

181(4730) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും നാളിതുവരെ എത്ര ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

2021-ൽ ആരംഭിച്ച ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) ഘട്ടം-2-നായി നടപ്പ് സാമ്പത്തിക വർഷത്തിൽ (2022-23) ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ (2022-23) നാളിതുവരെ 12.88 കോടി രൂപയാണ് ചെലവാക്കിയത്. 4 ഘടകങ്ങളിലായിട്ടാണ് ഡ്രിപ്പ് ഘട്ടം-2 നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ എത്ര ഡാമുകൾ ഉൾപ്പെടുത്തിയിരുന്നുവെന്നും രണ്ടാംഘട്ടത്തിൽ എത്ര ഡാമുകളിലെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ജലസേചനവകുപ്പിന്റെ 16 ഡാമുകൾ (പഴശ്ശി, കുറ്റിയാടി, കാഞ്ഞിരപ്പുഴ, മലമ്പുഴ, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാളയാർ, മൂലത്തറ റെഗുലേറ്റർ, ചിമ്മിനി, വാഴാനി, പീച്ചി, മലങ്കര, ഭൂതത്താൻകെട്ട് ബാരേജ്,കല്ലട, നെയ്യാർ) ഉൾപ്പെടുത്തിയിരുന്നു.

രണ്ടാം ഘട്ടത്തിൽ ജലസേചന വകുപ്പിന്റെ 15 അണക്കെട്ടുകളുടെ (മലമ്പുഴ, നെയ്യാർ, വാളയാർ, കുറ്റിയാടി, കാഞ്ഞിരപ്പുഴ, മലങ്കര, കല്ലട, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, പഴശ്ശി, ഭൂതത്താൻകെട്ട് ബാരേജ്, മണിയാർ ബാരേജ്, കാരാപ്പുഴ, മംഗലം) പുനരുദ്ധാരണ പ്രവൃത്തികളാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. ഇതിൽ ഉൾപ്പെട്ടിട്ടുള്ളതിൽ 5 ഡാമുകളായ കുറ്റിയാടി, കാരാപ്പുഴ, മണിയാർ ബാരേജ്, കല്ലട, മലങ്കര എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ നിലവിൽ ഏറ്റെടുത്ത് നടത്തിവരുന്നു.

**പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണ പ്രവൃത്തി**

182(4731) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് മൈനർ ഇറിഗേഷൻ വകുപ്പിൽനിന്നും

റവന്യൂ വകുപ്പിലേയ്ക്ക് നൽകിയ എല്ലാ കത്തുകളുടെയും അവയ്ക്ക് റവന്യൂ വകുപ്പിൽനിന്ന് ലഭിച്ച മറുപടികളുടെയും പകർപ്പ് ലഭ്യമാക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് മൈനർ ഇറിഗേഷൻ വകുപ്പിൽനിന്നും റവന്യൂ വകുപ്പിന് നൽകിയ എല്ലാകത്തുകളുടെയും അവയ്ക്ക് റവന്യൂ വകുപ്പിൽനിന്നും ലഭിച്ച മറുപടികളുടെയും പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു+.

**റൂൾ കർവ്**

183 (4732) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള കാരാപ്പുഴ, മലങ്കര, ശിരുവാണി ഡാമുകളുടെ റൂൾ കർവ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇല്ലെങ്കിൽ മേൽപ്പറഞ്ഞ ഡാമുകളിൽ ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള നിലവിലെ സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

ഡാമുകളിൽ പ്രളയസാധ്യത മുൻനിർത്തി ജലനിരപ്പ് ക്രമീകരിക്കുന്നതിനായി Blue, Orange, Red എന്നീ മൂന്ന് തലത്തിലായി അലേർട്ട് ലെവൽ നിശ്ചയിച്ചിട്ടുള്ളതും ആയത് പാലിച്ചുകൊണ്ടും മൺസൂൺ കാലാവസ്ഥയിൽ മഴയുടെ മുന്നറിയിപ്പും ഡാമുകളിലെ നീരൊഴുക്കും കൃത്യമായി നിരീക്ഷിച്ച് Operation and Maintenance Manual നിർദ്ദേശങ്ങൾ പാലിച്ച് മുന്നറിയിപ്പുകൾ നൽകിയശേഷം സ്പിൽവേ ഷട്ടറുകൾ ആവശ്യാനുസരണം പ്രവർത്തിപ്പിച്ച് ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

കാരാപ്പുഴ ഡാമിന്റെ ഷട്ടറുകൾ കാലവർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ ഉയർത്തുകയും മഴയ്ക്കനുസൃതമായുണ്ടാകുന്ന ജലനിരപ്പിന് ആനുപാതികമായി വ്യതിയാനം വരുത്തി റിസർവോയറിലെ ജലവിതാനം ക്രമീകരിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. ശിരുവാണി ഡാമിലെ

ജലനിരപ്പ് സ്ലൂയിസ് വഴിയാണ് നിയന്ത്രിച്ചുവരുന്നത്. മലങ്കര ഡാമിന്റെ സ്പിൽവേ crest level +36.900 മീറ്ററും FRL+42.000 മീറ്ററും ആണ്. ടി. ലെവലിൽ ഉൾക്കൊള്ളാവുന്ന പരമാവധി ജലത്തിന്റെ അളവ് ഉദ്ദേശം 14.5Mm3 മാത്രമാണ്. പ്രസ്തുത അളവിൽ കൂടുതൽ ജലം ഉൾക്കൊള്ളാനുള്ള സ്റ്റോറേജ് കപ്പാസിറ്റി ടി ജലസംഭരണിക്കില്ലാത്തതിനാൽ കൂടുതൽ വരുന്ന ജലം ഡാമിന്റെ സ്പിൽവേയിൽക്കൂടി നിയന്ത്രിതമായ അളവിൽ മൂവാറ്റുപുഴയാറിലേയ്ക്ക് ഒഴുക്കി വിടുകയാണ് ചെയ്യുന്നത്.

(സി) അടിയന്തരമായി റൂൾ കർവ് തയ്യാറാക്കുന്ന നടപടികൾ പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ജലസംഭരണശേഷി 200 MCM ന് മുകളിലുള്ള ഡാമുകൾക്കാണ് കേന്ദ്ര ജല കമ്മീഷൻ റൂൾ കർവ് നിഷ്കർഷിച്ചിട്ടുള്ളത്. പരാമർശിച്ചിട്ടുള്ള മൂന്ന് ഡാമുകളായ കാരാപ്പുഴ, മലങ്കര, ശിരുവാണി എന്നിവയുടെ സംഭരണശേഷി 200 MCM-ൽ താഴെ ആയതിനാൽ അവയ്ക്ക് റൂൾ കർവ് ബാധകമല്ല.

**ചിറ്റാർ പുഴയിൽ ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മാണം**

184 (4733) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിൽ തിടനാട് പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ ചിറ്റാർ പുഴയിൽ പള്ളി ചപ്പാത്ത് ഭാഗത്ത് ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിൽ തിടനാട് പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ ചിറ്റാർ പുഴയിൽ പള്ളി ചപ്പാത്ത് ഭാഗത്ത് ചെക്ക്ഡാം കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി 210 ലക്ഷം രൂപയുടെ Rough Cost എസ്റ്റിമേറ്റ് PRICE 1-ൽ തയ്യാറാക്കിയിരുന്നു. എന്നാൽ ടി. നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭമായി പര്യവേഷണ പ്രവൃത്തി നടത്തേണ്ടതായിട്ടുള്ളതിനാൽ ആയതിനുള്ള 5.39 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് PRICE ID IRR/IA/EST/1341/ 2022 _3 _1_1 പ്രകാരം തയ്യാറാക്കി സാമ്പത്തികാനുമതിക്കായി ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക്

നൽകിയിട്ടുണ്ട്. അനുമതി ലഭ്യമാകുന്നതനുസരിച്ച് പര്യവേഷണം നടത്തി design പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**മണിമലയാറ്റിൽ ചെക്ക് ഡാം കം കോസ്‌വേ നിർമ്മാണം**

185 (4734) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ഒന്നാം വാർഡിലെ ചെങ്ങാംകുന്ന് പ്രദേശവും കാഞ്ഞിരപ്പിള്ളി മണ്ഡലത്തിലെ ചിറക്കടവ് പത്താം വാർഡിലെ വാളക്കയം പ്രദേശവും തമ്മിൽ ബന്ധിപ്പിച്ച് മണിമലയാറ്റിൽ ഒരു ചെക്ക് ഡാം കം കോസ്‌വേ നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ഒന്നാം വാർഡിലെ ചെങ്ങാംകുന്ന് പ്രദേശവും കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ചിറക്കടവ് പത്താം വാർഡിലെ വാളക്കയം പ്രദേശവും തമ്മിൽ ബന്ധിപ്പിച്ച് മണിമലയാറ്റിൽ ഒരു ചെക്ക് ഡാം കം കോസ് വേ നിർമ്മിക്കുന്നതിനായുള്ള പര്യവേഷണ പ്രവൃത്തികൾ

നടന്നുവരുന്നു. പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ചശേഷം ആയതിന്മേലുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

**തേജസ്വിനി പുഴയിലെ ഐക്കാട് ചെക്ക് ഡാം നിർമ്മാണം**

186 (4735) **ശ്രീ. ടി. ഐ. മധുസൂദനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പഞ്ചായത്തിലെ തേജസ്വിനി പുഴയിൽ ഐക്കാട് ചെക്ക് ഡാം നിർമ്മാണത്തിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പഞ്ചായത്തിലെ തേജസ്വിനി പുഴയിലെ ഐക്കാട് ചെക്ക് ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പുഴയിലെ ജലനിരപ്പ് കുറയുന്ന സാഹചര്യത്തിൽ സാങ്കേതിക വിവരങ്ങളും അളവുകളും ശേഖരിക്കേണ്ടതുണ്ട്.

സാങ്കേതിക വിവരങ്ങൾ ശേഖരിച്ച് കഴിഞ്ഞാൽ മാത്രമേ പദ്ധതിയുടെ ഉപയുക്തത നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത ചെക്ക് ഡാം നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഏത് വരെയായെന്ന് അറിയിക്കാമോ?

പദ്ധതിയുടെ ഉപയുക്തത നിർണ്ണയിച്ചതിനുശേഷം ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ചുണങ്ങ് തോട്ടിൽ വി.സി.ബി. നിർമ്മാണം**

187 (4736) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ ചുണങ്ങ് തോട്ടിൽ വി.സി.ബി. നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന് അനുമതി നൽകുന്ന കാര്യം പരിഗണനയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്റെ ഫയൽ നിലവിൽ ഏത് ഓഫീസിലാണെന്നും എത്ര നാളായി പെൻഡിംഗിലാണെന്നും

അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ-സി) തിരൂരങ്ങാടി മണ്ഡലത്തിലെ ചുണങ്ങ് തോട്ടിൽ വെള്ളിലക്കാട് വി.സി.ബി. നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 35.00 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നല്കിയിട്ടുണ്ട്.

(ഡി) തിരൂരങ്ങാടി പ്രദേശത്തെ വീടുകളിലേയ്ക്കും മറ്റും വെള്ളം കയറുന്നത് ചെറുക്കാൻ സാധിക്കുന്ന പ്രസ്തുത പ്രവൃത്തിയുടെ പ്രാധാന്യം മനസ്സിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രദേശത്തെ കാർഷികാഭിവൃദ്ധി സാധ്യമാക്കുന്നതിനാണ് പ്രസ്തുത വി.സി.ബി. വിഭാവനം ചെയ്തിട്ടുള്ളത്.

**ചാലിയാർ പുഴയുടെ സംരക്ഷണഭിത്തി നിർമ്മാണം**

188 (4737) **ശ്രീ. പി. കെ. ബഷീർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ചാലിയാർ പുഴയുടെ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തിൽ ചാലിയാറിന്റെ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികളുടെ വിവരം അനുബന്ധം-1 ആയി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർ തലത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പ്രവൃത്തികൾക്ക് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ഭരണാനുമതി നൽകിയിട്ടില്ല.

(സി) ഭരണാനുമതി ലഭിക്കുന്നതിനായി എത്ര പ്രൊപ്പോസലുകൾ ചീഫ് എഞ്ചിനീയർ ഓഫീസിൽ നിലവിലുണ്ടെന്നും അവ ഏതെല്ലാമാണെന്നും ഫയൽ നമ്പർ സഹിതം വിശദമാക്കുമോ?

ഭരണാനുമതി നൽകുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിൽ നിലവിലുള്ള പ്രൊപ്പോസലുകളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു+.

**വെട്ടിയാർ ബ്രിഡ്ജിന്റെ സംരക്ഷണഭിത്തി നിർമ്മാണം**

189 (4738) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള മാവേലിക്കര മണ്ഡലത്തിലെ തഴക്കര, നൂറനാട് പഞ്ചായത്തിലെ വെട്ടിയാർ തോടിന് കുറുകെയുള്ള വെട്ടിയാർ ബ്രിഡ്ജിന്റെ സംരക്ഷണഭിത്തിയുടെയും വി.സി.ബി.യുടെയും മെക്കാനിക്കൽ പ്രവൃത്തികളുടെയും നിർമ്മാണത്തിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതി ലഭ്യമാക്കുന്നതിനായി മൈനർ ഇറിഗേഷൻ മുഖേന അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ബജറ്റിൽ 20 ലക്ഷം രൂപ (Token provision 20%) വകയിരുത്തി ഉൾപ്പെടുത്തിയ മാവേലിക്കര മണ്ഡലത്തിലെ തഴക്കര, നൂറനാട് പഞ്ചായത്തിലെ വെട്ടിയാർ തോടിന് കുറുകെയുള്ള വെട്ടിയാർ ബ്രിഡ്ജിന്റെ സംരക്ഷണഭിത്തിയുടെയും വി.സി.ബി-യുടെയും മെക്കാനിക്കൽ പ്രവൃത്തികളുടെയും നിർമ്മാണം എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പര്യവേഷണ പ്രവൃത്തി നടപ്പിലാക്കി feasibility യ്ക്കനുസരിച്ച് design- ഉം ലഭ്യമാക്കി ആയത് പ്രകാരം Detailed Project Report തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കുറ്റ്യാടി പുഴയോരം സംരക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടി**

190(4739) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ കുറ്റ്യാടി പുഴയോരം ഇടിയുന്നത് കാരണം ജീവനും സ്വത്തിനും നേരിടുന്ന ഭീഷണി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുറ്റ്യാടി, വേളം, മണിയൂർ ഗ്രാമപഞ്ചായത്തുകളിൽ കുറ്റ്യാടി പുഴയോരം സംരക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ?

(സി) ആയതിനായി മേജർ ഇറിഗേഷൻ വിഭാഗം മുഖേന സമർപ്പിച്ച പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി & സി) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മണ്ഡലത്തിൽ കുറ്റ്യാടി പുഴ സംരക്ഷണത്തിനായി 34 പ്രവൃത്തികൾക്കുള്ള 23.96 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ കുറ്റ്യാടി പഞ്ചായത്തിലെ 4 പ്രവൃത്തികളും മണിയൂർ പഞ്ചായത്തിലെ 16 പ്രവൃത്തികളും വേളം പഞ്ചായത്തിലെ 12 പ്രവൃത്തികളും ഉൾപ്പെടെ 23.11 കോടി രൂപയുടെ 32 പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്.

2021-22 സാമ്പത്തിക വർഷത്തിൽ വേളം പഞ്ചായത്തിൽ കുറ്റ്യാടി പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനായി FC- Protecting the right bank of

Kuttiadi River at Choyimadam Kakkadavath – in Velom Panchayth/ Kuttiady LA എന്ന പ്രവൃത്തിക്ക് 2711-01-103-99-FC (N/P) എന്ന ശീർഷക ത്തിൽ 40.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നിലവിൽ 63% പുരോഗതി കൈവരിച്ചിട്ടുണ്ട്.

(ഡി) അടുത്ത കാലവർഷത്തിന് മുമ്പ് കുറ്റ്യാടി പുഴയോരത്തെ അപകട ഭീഷണി ഒഴിവാക്കുന്നതിന് സ്വീകരിക്കാനിരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? മണ്ഡലത്തിലെ വാഴാനി ഇറിഗേഷൻ പ്രോജക്ടിന് ബഡ്ജറ്റ് പ്രൊവിഷനിൽ നോൺപ്ലാൻ ഇനത്തിൽ അനുവദിക്കുന്ന തുകയുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുറ്റ്യാടി നിയോജക മണ്ഡലത്തിൽ പുഴയോരസംരക്ഷണത്തിനുവേണ്ടി കുറ്റ്യാടി, തിരുവള്ളൂർ, മണിയൂർ, വേളം പഞ്ചായത്തുകളിൽ പുഴയോര സംരക്ഷണത്തിന് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 34 പ്രവൃത്തികളുടെ 23.96 കോടി രൂപയുടെ DPR തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പരാതികൾ ലഭിക്കുന്ന മുറയ്ക്ക് പുഴയോരം സംരക്ഷിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവൃത്തി

നടപ്പിലാക്കാവുന്നതാണ്. വാഴാനി ഇറിഗേഷൻ പ്രോജക്ടിന് 2023-24 സാമ്പത്തിക വർഷത്തിൽ നോൺപ്ലാൻ ഇനത്തിൽ ആകെ 57.02 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടി തുക അപര്യാപ്തമാണ്. പ്രസ്തുത പദ്ധതിക്കായി 1012.26 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനായി സബ്ജക്ട് കമ്മിറ്റി (III)-യിൽ ധനാഭ്യർത്ഥനകളുടെ പരിശോധനയിൽ സമിതി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**മയ്യഴിപ്പുഴയോരം ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടി**

191 (4740) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ നഗരസഭയിൽ കോഴിക്കോട് ജില്ലയുമായി അതിർത്തി പങ്കിടുന്ന മയ്യഴിപ്പുഴയുടെ പുഴയോര ഭിത്തി നിർമ്മിക്കാത്തത് കാരണം കരയിടിച്ചിലും അപകട ഭീഷണിയും നിലനിൽക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലുണ്ടായ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും മാഹി പുഴയിൽ വെള്ളം കയറിയതിനെത്തുടർന്ന് കരയിടിച്ചിൽ ഭീഷണി നിലനിൽക്കുന്നുണ്ട്.

(ബി) പുല്ലൂക്കര വരപ്രത്ത് ഭാഗത്ത് കഴിഞ്ഞ കാലവർഷക്കെടുതിയിലുണ്ടായ കരയിടിച്ചിൽ കാരണം വീട്ടുകാരെ മാറ്റിപ്പാർപ്പിക്കേണ്ട സാഹചര്യമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലുണ്ടായ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും മാഹി പുഴയിൽ വെള്ളം കയറിയതിനെത്തുടർന്ന് കരയിടിച്ചിൽ ഭീഷണി നിലനിൽക്കുന്നുണ്ട്. ഏകദേശം 272 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതായുണ്ട്.

(സി) പെരിങ്ങത്തൂർ മുതൽ നാല് തെങ്ങ് വരെ തീരദേശ റോഡ് നിർമ്മിച്ചെങ്കിലും പുഴയോര ഭിത്തി നിർമ്മാണം പൂർത്തിയാവാത്തതിനാൽ

റോഡ് തന്നെ ഇല്ലാതാകുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

പെരിങ്ങത്തൂർ മുതൽ നാല് തെങ്ങ് വരെ തീരദേശ റോഡിന് ചേർന്ന് പുഴയോര സംരക്ഷണ ഭിത്തി നിർമ്മിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിങ്ങത്തൂർ പാലം മുതൽ നാലുതെങ്ങ് വരെ ഏകദേശം 1600 മീറ്റർ നീളത്തിൽ തീരദേശ റോഡിന് സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതായുണ്ട്.

(ഡി) പ്രസ്തുത പ്രദേശങ്ങളിൽ പുഴയോര ഭിത്തി നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പ് മുൻകൈയ്യെടുക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

മേൽ പ്രദേശങ്ങളിൽ പുഴയോര ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

വരപ്രത്ത് ഭാഗത്ത് മാഹി പുഴയുടെ 100 മീറ്റർ നീളത്തിൽ തീരസംരക്ഷണത്തിനായി 20 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിച്ചെങ്കിലും കരാറുകാർ ആരുംതന്നെ പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ

സാധിച്ചില്ല. തുടർന്ന് മേൽ പ്രവൃത്തിക്ക് 42.7 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2023-24 ബഡ്ജറ്റ് പ്രൊപ്പോസലിലും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചെറുപുല്ലക്കര എന്ന സ്ഥലത്ത് 172 മീറ്റർ തീരസംരക്ഷണത്തിനായി 70.6 ലക്ഷം രൂപയുടെ പ്രവൃത്തി 2023-24 ബഡ്ജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. പെരിങ്ങത്തൂർ മുതൽ നാല് തെങ്ങ് വരെ നിർമ്മിച്ച തീരദേശ റോഡിന്റെ ഭാഗത്ത് പെരിങ്ങത്തൂർ പാലത്തിന് താഴെ ഭാഗം മുതൽ നാല് തെങ്ങ് വരെ ഏകദേശം 1600 മീറ്റർ തീരസംരക്ഷണത്തിനായി 600 ലക്ഷം രൂപയുടെ പ്രവൃത്തി 2023-24 ബഡ്ജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിൽ വിവിധ ഇടങ്ങളിലായി മയ്യഴിപ്പുഴയുടെ തീരസംരക്ഷണത്തിനായി ആകെ 430 ലക്ഷം രൂപയുടെ പ്രവൃത്തികൾ 2023-24 ബഡ്ജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. നിർദ്ദേശിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കാരേറ്റ് തടയണ നിർമ്മാണം**

192 (4741) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നദിയിലെ കാരേറ്റ് തടയണ നിർമ്മിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

വാമനപുരം നദിയിൽ കാരേറ്റ് പാലത്തിന് സമീപം തടയണ നിർമ്മിക്കുന്നതിന്റെ പ്രാരംഭ നടപടിയായി പ്രസ്തുത സ്ഥലത്ത് 4.78 ലക്ഷം രൂപയുടെ Soil investigation പ്രവൃത്തി നടത്തുകയുണ്ടായി. ആയതിൻപ്രകാരം ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ IDRB-യുടെ Design വിംഗിൽനിന്നും ഡിസൈൻ ലഭിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം "Construction of Check Dam across Vamanapuram River near Karette bridge in Attingal Constituency" എന്ന 2.6 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**തിരുനെല്ലി 16-ാം ഡിവിഷനിൽ തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം**

193 (4742) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി നഗരസഭയിലെ തിരുനെല്ലി 16-ാം ഡിവിഷനിൽ ടെക്നിക്കൽ ഹൈസ്കൂളിന് സമീപം എൻ.എച്ച്. 766-നോടും 3.5 സെന്റ് കോളനിയോടും ചേർന്നുള്ള നടവഴിയും കൾവർട്ടും തകർന്നതിനെ തുടർന്ന് തോടിന്റെ സംരക്ഷണഭിത്തികൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; ആയതിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

(എ-സി) പ്രസ്തുത പ്രവൃത്തിയുടെ പ്രൊപ്പോസൽ നോൺ പ്ലാനിൽ ഉൾപ്പെടുത്തി അനുമതിക്കായി കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും സമർപ്പിച്ചിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം അനുമതി നൽകാൻ സാധിച്ചില്ല. മേൽ പ്രവൃത്തിയുടെ ആവശ്യകത, സ്വഭാവം, ഫണ്ടിന്റെ ലഭ്യത, പൊതു ഉപയോഗം എന്നിവ പരിഗണിച്ച് ഉചിതമായ ശീർഷകത്തിൽ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**തീരദേശ വികസന പാക്കേജ്**

194 (4743) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസനത്തിന് അയ്യായിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് സംസ്ഥാന സർക്കാർ നാളിതുവരെ

എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

2021-2022 സംസ്ഥാന ബഡ്ജറ്റിൽ തീരദേശ വികസനത്തിന് 5300 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. ആയതിന്റെ ഭാഗമായി ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി NCCR എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്താൻ കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ഒറ്റമശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തെരഞ്ഞെടുക്കുകയുണ്ടായി. കടലാക്രമണം ഏറ്റവും രൂക്ഷമായ എറണാകുളം ജില്ലയിലെ ചെല്ലാനം പ്രദേശത്ത് 344.20 കോടി രൂപയുടെ ടെട്രാപോഡ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംയോജിത കടൽഭിത്തിയുടെയും

പുലിമുട്ടുകളുടെയും നിർമ്മാണം ജലസേചന വകുപ്പിന്റെ SPV-യായ KIIDC മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു.

മറ്റൊരു ഹോട്ട്സ്പോട്ടായ ശംഖുമുഖം പ്രദേശത്ത് NCCR പഠനം നടത്തി ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുവാൻ തീരുമാനിക്കുകയും ആയതിന്റെ ഡിസൈൻ പുരോഗമിച്ചുവരുന്നു. NCCR-ന്റെ ഡിസൈൻ പ്രകാരം കൊല്ലംകോട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 51 കോടി രൂപയുടെ എസ്റ്റിമേറ്റിന് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ആലപ്പാട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് NCCR-ന്റെ ഡിസൈൻ പ്രകാരമുള്ള 172.27 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്.

4711-01-103-81 Kerala Sustainable Coastal Protection and Climate Resilience Planning Project എന്ന ശീർഷകത്തിൽ 100 കോടി രൂപ

വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ 79.27 കോടി രൂപയുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്.

(ബി) കടലാക്രമണമുള്ള മുഴവൻ തീരങ്ങളും പുലിമുട്ട്, തീരസംരക്ഷണ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കി തീരസംരക്ഷണം ഉറപ്പുവരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ എത്ര കിലോമീറ്ററിൽ പുലിമുട്ടുകളും മറ്റ് തീരസംരക്ഷണ പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ടെന്നും ഇനി അവശേഷിക്കുന്നവ എത്രയെന്നും ഇതിനായി എത്ര തുക ഈ സർക്കാരിന്റെ കാലത്ത് വകയിരുത്തിയിട്ടുണ്ടെന്നും ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

കടലാക്രമണം രൂക്ഷമായി ബാധിക്കുന്ന പ്രദേശങ്ങളിൽ പ്രസ്തുത തീരപ്രദേശത്തിന് അനുയോജ്യമായ സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI), പീച്ചിയുടെ 2021-ലെ റിപ്പോർട്ട് അനുസരിച്ച് 576.241 കി.മീ. ദൈർഘ്യമുള്ള കേരള തീരദേശത്തിന്റെ ഏകദേശം 63.42% (365.464 കി.മീ.) തീരസംരക്ഷണം നടപ്പിലാക്കിയിട്ടുണ്ട്. 31.78% (183.158 കി.മീ.)

തീരസംരക്ഷണം നടത്തിയിട്ടില്ല. ബാക്കി 4.8% (16.396 കി.മീ.) അഴി/പൊഴി, (8.26 കി.മീ.) ഫിഷിംഗ് ഗാപ്പ് എന്നിവയാണ് തീര സംരക്ഷണം നടപ്പാക്കിയ പ്രദേശങ്ങളിൽ 32% (118.060 കി.മീ.) സാരമായി കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 33% (120.026 കി.മീ.) ഭാഗികമായി കേടുപാടുകൾ സംഭവിച്ചവയാണ്. ബാക്കി 35% (127.378 കി.മീ.) മാത്രമാണ് തൃപ്തികരമായി സംരക്ഷിക്കപ്പെട്ടിട്ടുള്ളതും സ്ഥിരതയുള്ള കടൽഭിത്തിയായി കണക്കാക്കപ്പെട്ടിട്ടുള്ളതുമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാൻ ഹെഡ്ഡിൽ 2970.76 ലക്ഷം രൂപയും നോൺ പ്ലാൻ ഹെഡ്ഡിൽ 2433.25 ലക്ഷം രൂപയും മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി 239.50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ പ്ലാൻ ഹെഡിൽ 606.61 ലക്ഷം രൂപയും നോൺ പ്ലാൻ ഹെഡ്ഡിൽ 1,732.14 ലക്ഷം രൂപയും മറ്റു പദ്ധതികളിൽപ്പെടുത്തി 130.46 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ ചെല്ലാനം പ്രദേശത്ത് കിഫ്ബി ധനസഹായത്തോടെ തീരസംരക്ഷണ പ്രവൃത്തിക്ക് 344.20 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

തീരസംരക്ഷണത്തിനായി കിഫ്ബി ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ KIIDC ആലപ്പുഴ ജില്ലയിലും, എറണാകുളം ജില്ലയിലും തീരസംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇരുജില്ലകളിലുമായി ഏകദേശം 23.05 കിലോമീറ്റർ തീരദേശസംരക്ഷണമാണ് പ്രസ്തുത പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതികളുടെ വിശദാംശം ചുവടെ നൽകുന്നു.

<u>ആലപ്പുഴ ജില്ല</u>

1. ആലപ്പുഴ നിയോജക മണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ (Ch.168.465 km to Ch.171.627 km) 3.16 കി. മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹49.859 കോടി രൂപ). പ്രസ്തുത പദ്ധതിയുടെ ഇതുവരെയുള്ള ബിൽ തുക: ₹44.27 കോടി രൂപ.

2. അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുന്നപ്ര തെക്ക് അമ്പലപ്പുഴ വടക്ക് അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കാക്കാഴം മുതൽ പുന്നപ്ര വരെ (Ch.77.34 km to Ch.82.74 km) 3.24 കി. മീറ്റർ നീളത്തിലുള്ള തീരദേശ

സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹53.358 കോടി രൂപ). പ്രസ്തുത പദ്ധതിയുടെ ഇതുവരെയുള്ള ബിൽ തുക: ₹45.87 കോടി രൂപ.

3. ഹരിപ്പാട് നിയോജക മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ (Ch.60.1 km to Ch.61.6 km) 1.50 കി. മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹21.635 കോടി രൂപ). പ്രസ്തുത പദ്ധതിയുടെ ഇതുവരെയുള്ള ബിൽ തുക: ₹16.97 കോടി രൂപ.

4. ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴയിൽ (Ch.56.6 km to 57.8 km) 1.20 കി. മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹28.519 കോടി രൂപ). പ്രസ്തുത പദ്ധതിയുടെ ഇതുവരെയുള്ള ബിൽ തുക: ₹19.57 കോടി രൂപ.

5. ഹരിപ്പാട് നിയോജക മണ്ഡലത്തിലെ വട്ടച്ചാലിൽ (Ch.53.4 km to Ch.55.2 km) 1.80 കി. മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹30.67 കോടി രൂപ). പ്രസ്തുത പദ്ധതിയുടെ ഇതുവരെയുള്ള ബിൽ തുക: ₹26.04 കോടി രൂപ.

6. ചേർത്തല നിയോജകമണ്ഡലത്തിലെ ഒറ്റമശ്ശേരി, ആലപ്പുഴയിലെ കാട്ടൂർ-പൊള്ളേത്തായ്, അമ്പലപ്പുഴയിലെ കാക്കാഴം, ഹരിപ്പാട് മണ്ഡലത്തിലെ വട്ടച്ചാൽ-നെല്ലാനിക്കൽ തുടങ്ങിയ ഇടങ്ങളിൽ പുലിമുട്ടുകൾ ഉപയോഗിച്ചുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹78.34 കോടി രൂപ).

<u>എറണാകുളം ജില്ല</u>

എറണാകുളം ജില്ലയിലെ ചെല്ലാനത്ത് CP 976-നും CP 1052-നും ഇടയിൽ 10 കി.മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ നവീകരണം – ഘട്ടം I – CP 986-നും CP 1026-നും ഇടയിൽ 7.35 കി.മീറ്റർ നീളത്തിലെ കടൽഭിത്തിയുടെ നവീകരണം. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടമായ CP 986 നും CP 1026 നും ഇടയിൽ 7.35 കിലോമീറ്റർ നീളത്തിൽ തീരദേശസംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹344.20 കോടി രൂപ). ഒന്നാം ഘട്ട പദ്ധതിയുടെ കരാർ തുക ₹256.89 കോടി രൂപയാണ്. ഒന്നാം ഘട്ട പദ്ധതിയുടെ ഇതുവരെയുള്ള ബിൽ തുക: ₹200.34 കോടി രൂപ.

## പൊന്നാനിയിലെ ഹോട്ട്സ്പോട്ട് മേഖലയിലെ കടൽഭിത്തി നിർമ്മാണം

195 (4744) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഏറ്റവും രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ഉൾപ്പെട്ട പൊന്നാനിയിലെ ഹോട്ട്സ്പോട്ട് മേഖലയിൽ ടെട്രാപോഡ് പോലെയുള്ള ആധുനികരീതി ഉപയോഗിച്ച് ശാസ്ത്രീയമായ രീതിയിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായെന്ന് വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ വെളിയങ്കോട്, പെരുമ്പടപ്പ് എന്നീ പഞ്ചായത്തുകളും പൊന്നാനി മുനിസിപ്പാലിറ്റി പ്രദേശവുമുൾപ്പെടുന്ന മേഖല കേരളത്തിന്റെ പത്ത് ഹോട്ട്സ്പോട്ടുകളിൽ ഉൾപ്പെടുന്ന ഒരു തീരദേശ മേഖലയാണ്. കേരളത്തിലെ പത്ത് ഹോട്ട്സ്പോട്ടുകളിൽ പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് കടൽഭിത്തി നിർമ്മിച്ച് തീരദേശം സംരക്ഷിക്കുന്നതിനായി National Centre for Coastal Research (NCCR) എന്ന ഏജൻസിയുമായി MoU

ഒപ്പുവച്ചതിന്റെ തുടർച്ചയായി, NCCR വിദഗ്ധർ, ജലസേചന വകുപ്പിലെ കോസ്റ്റൽ വിഭാഗം ഉദ്യോഗസ്ഥരോടൊപ്പം പൊന്നാനി ഹോട്സ്പോട്ട് പ്രദേശം സന്ദർശിക്കുകയും പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊന്നാനി തീരദേശ ഹോട്ട്സ്പോട്ടിൽ Central Water Commission (CWC) മുഖേനയും വിവരശേഖരണം നടത്തി, ആയത് design ചെയ്യുന്നതിനായി NCCR-ന് നൽകിയിട്ടുണ്ട്. പ്രസ്തുത Design ലഭിക്കുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**പരപ്പനങ്ങാടിയിൽ കടൽഭിത്തി നിർമ്മാണത്തിന് ഭരണാനുമതി**

196 (4745) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ അഞ്ച് കോടി രൂപ സംസ്ഥാന ബജറ്റിൽ അനുവദിച്ച പരപ്പനങ്ങാടി നഗരസഭയിലെ തീരപ്രദേശത്ത് കടൽഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലിൽ വരുന്ന കാലതാമസത്തിന്റെ കാരണങ്ങൾ വിശദമാക്കാമോ?

(എ&ബി) പരപ്പനങ്ങാടി നഗരസഭയിലെ തീരപ്രദേശത്ത് കടൽഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിക്കായി 5 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നെങ്കിലും കരിങ്കല്ലിന്റെ നിരക്ക് പുതുക്കിയതിനാൽ ആയത് പ്രകാരം പുതിയ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഡി.പി.ആർ. ലഭ്യമാവുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണെന്നും ആയതിന്റെ വിശദാംശവും ലഭ്യമാക്കാമോ?

Price 3 പ്രകാരം പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ IRR/IA/EST/8274/2022 നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലാണ്.

(ഡി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഡി.പി.ആർ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഇ) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഡി.പി.ആർ. സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**വാഴാനി ഇറിഗേഷൻ പ്രോജക്ട്**

197 (4746) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനി ഇറിഗേഷൻ പ്രോജക്ടിന് 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ നോൺപ്ലാൻ ഇനത്തിൽ അനുവദിച്ച തുകയുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് കൂടുതൽ തുക വകയിരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

(എ&ബി) വാഴാനി ഇറിഗേഷൻ പ്രോജക്ടിനായി (വടക്കാഞ്ചേരി പദ്ധതി) 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആകെ 57.02 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടി തുക അപര്യാപ്തമാണ്. പ്രസ്തുത പദ്ധതിക്കായി 1012.26 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനായി കേരള നിയമസഭയുടെ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി (III)-ക്ക് മുമ്പാകെ പ്രൊപ്പോസൽ/കുറിപ്പ് സമർപ്പിക്കുകയും ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-യുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ (2023-24) 63-ാം നമ്പർ ശിപാർശ പ്രകാരം പ്രസ്തുത ശീർഷകത്തിൽ 10.1226 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തുന്നതിനായി സമിതി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം- ബ്രിഡ്ജ്**

198 (4747) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.)-ന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അപ്രൈസൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന് സി.എം.ഡി.-യെയാണ് ഏൽപ്പിച്ചിരിക്കുന്നത്. കിഫ്ബിയിൽനിന്ന് സാമ്പത്തികാനുമതി ലഭിക്കാനുണ്ട്.

(ബി) 2018-ൽ അംഗീകരിച്ച ഈ പദ്ധതി നാളിതുവരെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; നിർദിഷ്ട പദ്ധതി സ്ഥലത്ത്

പാലത്തിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

നിർദിഷ്ട പദ്ധതി സ്ഥലത്ത് പാലത്തിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത റെഗുലേറ്റർ നിർമ്മാണ പദ്ധതി പ്രദേശത്തിന്റെ നിലവിലെ സ്ഥിതി അനുസരിച്ച് അവിടെ പാലത്തിന് പകരം ഫൂട്ട് ബ്രിഡ്ജ് നിർമ്മിക്കാൻ മാത്രമേ സാധിക്കുകയുള്ളൂ.

(സി) ഭൂഗർഭ ജലത്തിന്റെ ലഭ്യതയും വിഭവങ്ങളുടെ പുരോഗതിയും ലക്ഷ്യമിട്ടാണോ പദ്ധതി പ്രദേശത്ത് ജലസേചന വകുപ്പ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റെഗുലേറ്റർ കം ബ്രിഡ്ജ് പൂർണ്ണമായി പ്രവർത്തന സജ്ജമാകുന്നതോടെ ഭൂഗർഭജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും അതുവഴി പരിസര പ്രദേശങ്ങളിൽ വേനൽ കാലത്ത് കിണറുകളിൽ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സാധിക്കും.

(ഡി) ഈ കിഫ്ബി പദ്ധതിയിൽ ജലസേചന വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;അടിയന്തരമായി

പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിക്കാൻ നടപടി സ്വീകരിക്കുമോ; പദ്ധതി തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സ. ഉ. (സാധാ) നമ്പർ. 859/2017/WRD തീയതി 17-10-2017 പ്രകാരം പ്രസ്തുത പദ്ധതിക്ക് ₹10.10 കോടി രൂപയുടെ തത്വത്തിൽ അംഗീകാരമാണ് നൽകിയത്. കെ.ഐ.ഐ.ഡി.സി. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയുടെ പി.എഫ്.എം.എസ്. പോർട്ടൽ വഴി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അപ്രൈസൽ വിംഗായ സി.എം.ഡി.യാണ് ഡി.പി.ആർ. വിശകലനം ചെയ്യുന്നത്. 23-03-2022-ൽ കെ.ഐ.ഐ.ഡി.സി., ജലസേചന വകുപ്പ്, കിഫ്ബി, സി.എം.ഡി. ഉദ്യോഗസ്ഥർ പ്രസ്തുത പദ്ധതി സ്ഥലത്ത് സംയുക്ത പരിശോധന നടത്തി നടപ്പാതയ്ക്ക് പകരം ഒറ്റവരി പാലത്തിന്റെ സാധ്യത കൂടി പരിശോധിച്ച് പുതുക്കിയ ഡി.എസ്.ആർ. നിരക്കിൽ ഡി.പി.ആർ. സമർപ്പിക്കുന്നതിന് തീരുമാനിച്ചു. തുടർന്ന് കെ.ഐ.ഐ.ഡി.സി.- യുടെയും കിഫ്ബിയുടെയും സി.എം.ഡി. ഉദ്യോഗസ്ഥരുടെ യോഗങ്ങൾ ചേരുകയും അപ്രൈസൽ വിംഗ് പുതുക്കിയ ഡി.എസ്.ആർ. നിരക്കിലും രൂപകൽപ്പനയും പ്രകാരം പരിഷ്കരിച്ച

ഡി.പി.ആർ. പ്രസ്തുത ഏജൻസികളുടെ മേൽനോട്ടത്തിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്ന് സാമ്പത്തിക അനുമതി ലഭ്യമാകാനുണ്ട്.

**ഉടുമ്പനാശ്ശേരി പാലം നവീകരണം വി.സി.ബി കം ബ്രിഡ്ജ് നിർമ്മാണം**

199 (4748) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ 2022-23-ലെ ബജറ്റിൽ ഉൾപ്പെടുത്തിയ പുഴക്കാട്ടിരി പഞ്ചായത്തിലെ ചെറുപുഴയ്ക്ക് കുറുകെ രാമപുരം-38 പുഴക്കാട്ടിരി പുത്തനങ്ങാടി ചെറുകര പി.ഡബ്ല്യൂ.ഡി. റോഡിൽ ഉടുമ്പനാശ്ശേരി പാലം നവീകരണം വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) മങ്കട മണ്ഡലത്തിൽ 2022-23- ലെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ ഉടുമ്പനാശ്ശേരി പാലം നവീകരണം വി.സി.ബി. കം

ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തിയുടെ 300 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയത് 03-08-2022-ന് ചേർന്ന അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷൻ കമ്മിറ്റി മീറ്റിംഗിൽ പരിശോധിക്കുകയും മേൽപ്രവൃത്തിയിൽ ചില മാറ്റങ്ങൾ വേണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ആവശ്യമായ മാറ്റങ്ങൾ വരുത്തിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കാൻ കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ചാലിയാർ പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ഹൈ ലെവൽ ബാരേജ് നിർമ്മാണം**

**200** (4749) **ശ്രീ. പി. വി. അൻവർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ കളത്തിൻകടവിൽ ചാലിയാർ പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ഹൈ ലെവൽ ബാരേജ് നിർമ്മാണവുമായി ബന്ധപ്പെട്ട്

ഏതെങ്കിലും ഉദ്യോഗസ്ഥർ സ്ഥലസന്ദർശനം നടത്തിയിരുന്നോയെന്നുള്ള വിശദാംശം ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂർ കളത്തിൻകടവിൽ ചാലിയാർ പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ഹൈ ലെവൽ ബാരേജ് നിർമ്മാണവുമായി ബന്ധപ്പെട്ട് KIIDC-ലെ ഉദ്യോഗസ്ഥർ 09-02-2023-ന് പ്രസ്തുത പദ്ധതി പ്രദേശം സന്ദർശിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ സാധ്യതാപഠനത്തിനായി നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും മണ്ണ് പരിശോധനയും സർവ്വേയും നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും ഈ നടപടികൾക്ക് അനുവദിച്ച സമയപരിധിയും അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വേയും തുടർന്ന് മണ്ണ് പരിശോധനയും കെ.ഐ.ഐ.ഡി.സി. മുഖേനയാണ് നടപ്പിലാക്കുന്നത്. സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു. മണ്ണ് പരിശോധനയും സർവ്വേ നടപടികളും പൂർത്തിയാക്കിയതിനുശേഷം അതനുസരിച്ച് റെഗുലേറ്ററിന്റെ

രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. ആയതിനുശേഷം ഡി.പി.ആർ. തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതി കിഫ്ബിയുടെ പരിഗണനയിലുള്ളതാണോയെന്നും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

നിലമ്പൂർ മണ്ഡലത്തിൽ ചാലിയാറിന് കുറുകെ കളത്തിൽ കടവിൽ റെഗുലേറ്റർ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി സമർപ്പിച്ച ഡി.പി.ആർ.-ന് 30-10-2018-ലെ സർക്കാർ ഉത്തരവ് നമ്പർ 780/2018/WRD തീയതി പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ജലസേചന വകുപ്പിന്റെ എസ്.പി.വി.ആയ KIIDC-നെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഡി) സംസ്ഥാനത്ത് വേറെ ഏതെങ്കിലും സ്ഥലങ്ങളിൽ ഹൈലെവൽ ബാരേജുകൾ നിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ ഉദ്യോഗസ്ഥരെ വിവിധ സംസ്ഥാനങ്ങളിലേയ്ക്ക് പഠനത്തിനയച്ച് ഹൈലെവൽ ബാരേജുകളുടെ

ഡിസൈനും സാങ്കേതിക വിദ്യകളും പഠനവിധേയമാക്കാൻ സന്നദ്ധമാകുമോ?

സംസ്ഥാനത്ത് നിലവിൽ ഹൈലെവൽ ബാരേജുകൾ ഒന്നുംതന്നെ നിർമ്മിച്ചിട്ടില്ല.

**മലപ്പുറം പുഴങ്കാവിൽ റെഗുലേറ്റർ നിർമ്മാണം**

201 (4750) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ പുഴങ്കാവിൽ 12.80 കോടി രൂപ ചെലവിൽ കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കി വരുന്ന റെഗുലേറ്ററിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് റെഗുലേറ്റർ നിർമ്മാണത്തിൽ പൂർത്തീകരിക്കാനുള്ളത്; പദ്ധതി പ്രദേശത്ത് പുഴയുടെ ഇരു കരകളിലെയും സംരക്ഷണഭിത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) റെഗുലേറ്റർ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

(എ-സി) മലപ്പുറം നിയോജകമണ്ഡലത്തിൽ കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കി വരുന്ന 'മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുഴംകാവിൽ കടലുണ്ടി നദിക്ക് കുറുകെ റെഗുലേറ്ററിന്റെ നിർമ്മാണം' എന്ന പദ്ധതി 99 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. റെഗുലേറ്റർ നിർമ്മാണം, മെക്കാനിക്കൽ പ്രവൃത്തികൾ, പെയിന്റിംഗ്, ഫിനിഷിംഗ് പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇരുകരകളിലെയും സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. സംരക്ഷണ ഭിത്തിയുടെ മുകളിൽ വെള്ളം കയറുന്നത് തടയാനായുള്ള സ്റ്റോപ്പർ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി 31 മാർച്ച് 2023-നുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

**തിരൂരങ്ങാടി മണ്ഡലത്തിലെ ന്യൂക്കട്ട് റെഗുലേറ്റർ നിർമ്മാണം**

202 (4751) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി നഗരസഭയിൽ വരുന്ന ന്യൂ കട്ട് റെഗുലേറ്റർ പുതുക്കിപ്പണിയുന്ന പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ന്യൂ കട്ട് റെഗുലേറ്റർ പുതുക്കിപ്പണിയുന്നതിന് 2016-ൽ പര്യവേഷണ പ്രവൃത്തി നടത്തി ഡിസൈൻ ലഭ്യമാക്കുന്നതിനായി ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB)-ലേയ്ക്ക് ഇൻഡന്റ് ചീഫ് എഞ്ചിനീയർ നൽകിയിരുന്നുവെങ്കിലും നിലവിൽ വീണ്ടും പര്യവേഷണ പ്രവൃത്തി നടത്തി പുതിയ ഇൻഡന്റ് ലഭ്യമാക്കുവാൻ IDRB ആവശ്യപ്പെട്ടിരിക്കുകയാണ്. പര്യവേഷണ പ്രവൃത്തി നടത്തുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ന്യൂ കട്ട് റെഗുലേറ്റർ കാര്യക്ഷമമല്ലാത്തതിനാൽ കുടിക്കുന്നതിനും കാർഷിക ആവശ്യത്തിനുമായി ഉപയോഗിക്കുന്ന ജലം കടലിലേയ്ക്ക് ഒഴുകിപ്പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ന്യൂ കട്ട് റെഗുലേറ്റർ കാര്യക്ഷമമല്ലാത്തതിനാൽ കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നതിനായി മരപ്പലക ഉപയോഗിച്ച് മണ്ണിട്ട് നിറച്ച് കുറഞ്ഞ

അളവിൽ മാത്രമാണ് നിലവിൽ ജലസംഭരണം സാധ്യമാകുന്നത്. അതിന് സംഭരണശേഷി കുറവാണെന്നതിനാൽ കൃഷിക്കുപയോഗിക്കാവുന്ന ജലം വലിയൊരളവിൽ കടലിലേയ്ക്ക് ഒഴുകിപ്പോകുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്.

(സി) ന്യൂ കട്ട് റെഗുലേറ്റർ കാര്യക്ഷമമല്ലാത്തതിനാൽ കടലിൽനിന്നും ഉപ്പുവെള്ളം ഈ പുഴ വഴി പ്രദേശത്തെ പാടശേഖരങ്ങളിലേയ്ക്ക് വന്ന് കൃഷി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ന്യൂ കട്ടിനോടനുബന്ധിച്ചുള്ള ഓൾഡ് കട്ട് വഴി പല സന്ദർഭങ്ങളിലും ഉപ്പുവെള്ളം കയറുന്നതായും കാർഷിക പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം മൈനർ ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ നിർമ്മിച്ചുവരുന്ന VCB-യുടെ നിർമ്മാണം പൂർത്തിയാകുന്നതോടെ ഓൾഡ്കട്ട് വഴി ഉപ്പുവെള്ളം കയറുന്നത് തടയാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആറും ഡിസൈനും പ്ലാനും തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഇല്ല. പുതിയ പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ തീരുമാനിച്ചതിനുശേഷം മാത്രമേ DPR തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

(ഇ) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകി പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

പുതിയ പര്യവേഷണ പ്രവൃത്തി നടത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കി DPR തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമെ ഭരണാനുമതി നൽകാൻ കഴിയുകയുള്ളൂ.

**കഞ്ചികട്ട റെഗുലേറ്റർ കം ബ്രിഡ്ജ്**

203 (4752) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള പുഴയ്ക്ക് കുറുകെ നിലവിലുള്ള വെന്റഡ് ക്രോസ്സ് ബാർ (വിസിബി) കം ബ്രിഡ്ജ് കാലപ്പഴക്കത്താൽ ജീർണ്ണിച്ച് അപകടാവസ്ഥയിലായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൈവരികൾപോലും തകർന്ന ഇതിലൂടെ വാഹനങ്ങൾ കടന്നുപോകുന്നതിൽ

അപകട സാധ്യതയുള്ളതിനാൽ എന്തെങ്കിലും മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ?

അപകടാവസ്ഥ കണക്കിലെടുത്ത് മുൻകരുതൽ ബോർഡുകൾ ഇരുകരകളിലും സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഇവിടെ പുതിയ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

പുതിയ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി നബാർഡിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭിച്ചിരുന്നില്ല. കൂടാതെ കാസർഗോഡ് ഡെവലപ്പ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തുന്നതിനായി ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) നബാർഡ് - ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (ആർ.ഐ.ഡി.എഫ്)-ൽ ഈ പ്രവൃത്തിയെ ഉൾപ്പെടുത്തുന്നതിനുവേണ്ട പുതിയ ഭരണാനുമതി വകുപ്പ് നൽകിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; നിലവിൽ ഇത് സംബന്ധിച്ചുള്ള ഫയൽ ഏത് ഓഫീസിൽ ഏത് നമ്പരിലാണ് നിലവിലുള്ളതെന്ന വിവരം ലഭ്യമാക്കുമോ?

പുതിയ ഭരണാനുമതി നൽകിയിട്ടില്ല. നിലവിൽ ഇത് സംബന്ധിച്ചുള്ള ഫയൽ ചെറുകിട ജലസേചനവിഭാഗം, കുമ്പള കാര്യാലയത്തിലെ ഫയൽ നമ്പർ IRR/IA/FL/5507/2022-ൽ ആണുള്ളത്.

(ഡി) പ്രസ്തുത പദ്ധതിയെ നബാർഡിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പ് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടതെന്നും അത് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

പ്രസ്തുത പദ്ധതി നബാർഡിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി കുമ്പള, ബംമ്പ്രാണ എന്നീ വില്ലേജുകളിൽ വരുന്ന കഞ്ചിക്കട്ട വി.സി.ബി. കം ബ്രിഡ്ജിന്റെ മുഴവൻ ആയക്കട്ട് ഏരിയയും ഉൾപ്പെടുത്തി DPR-ന്റെ ന്യൂനതകൾ പരിഹരിച്ച് അടുത്ത നബാർഡ് ട്രാഞ്ചെയിൽ (ട്രാഞ്ചെ XXIX) അനുമതിക്കായി പുനർസമർപ്പിക്കാവുന്നതാണ്.

**ഉളിയത്ത് കടവ് റഗുലേറ്റർ കം ബ്രിഡ്ജിന് ഭരണാനുമതി**

204 (4753) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ കരിവെള്ളൂർ-പെരളം, തൃക്കരിപ്പൂർ, ചെറുവത്തൂർ ഗ്രാമപഞ്ചായത്തുകളിലെ നെൽകൃഷിയെ സഹായിക്കാനുതകുന്ന വിധത്തിൽ ഉപ്പുവെള്ളം പ്രതിരോധിക്കാൻ വിഭാവനംചെയ്ത ഉളിയത്ത് കടവ് റഗുലേറ്റർ കം ബ്രിഡ്ജിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ?

കണ്ണൂർ - കാസർകോഡ് ജില്ലകളിലെ കരിവെള്ളൂർ - പെരളം, തൃക്കരിപ്പൂർ, ചെറുവത്തൂർ ഗ്രാമപഞ്ചായത്തുകളിലെ നെൽകൃഷിയെ സഹായിക്കാനുതകുന്ന വിധത്തിൽ ഉപ്പുവെള്ളം പ്രതിരോധിക്കാൻ വിഭാവനം ചെയ്ത ഉളിയത്ത് കടവ് റഗുലേറ്റർ കം ബ്രിഡ്ജിന് (Construction of salt water extrusion regulator cum bridge across Kavayiriver at Oliyam kadavu in Thrikkarippur grama panchayath in Kasargod district) ഐ.ഡി.ആർ.ബി. തയ്യാറാക്കിയ ഡിസൈൻ പ്രകാരം ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

(ബി) ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് റഗുലേറ്റർ കം ബ്രിഡ്ജിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വിശദമാക്കാമോ?

നിലവിൽ ഈ പ്രവൃത്തി ഒരു പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടില്ല. വിശദമായ ഡി.പി.ആർ. തയ്യാറാക്കിയതിനുശേഷം മാത്രമേ എസ്റ്റിമേറ്റ് തുക വിശദമാക്കാൻ സാധിക്കുകയുള്ളൂ.

**പാലായിവളവിലെ റെഗുലേറ്റർ കംബ്രിഡ്ജ്**

205 (4754) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ പാലായിവളവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് പൂർത്തീകരിച്ചശേഷം സമീപപ്രദേശങ്ങളിൽ വ്യാപകമായ തോതിൽ ഉപ്പുവെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻവർഷങ്ങളിൽ വേലിയേറ്റ സമയത്ത് 16 കിലോമീറ്ററോളം ഉപ്പ് വെള്ളം കയറുന്ന പ്രതിഭാസത്തിന് തടയിടാൻ കഴിഞ്ഞു. ആർ.സി.ബി. വന്നതോടുകൂടി റഗുലേറ്ററിന് മുകൾഭാഗത്തേയ്ക്ക് ഉപ്പുവെള്ളം കയറാറില്ല. എന്നാൽ കുറേ വർഷങ്ങളായി കാലവസ്ഥാ

വ്യതിയാനംമൂലം കണ്ടുവരുന്ന അതിതീവ്ര വേലിയേറ്റവും വേലിയിറക്കവും കാരണം താഴ്ന്ന പ്രദേശങ്ങളിലും റഗുലേറ്ററിന്റെ താഴ്ഭാഗങ്ങളിൽ കായൽ വരെയുള്ള പ്രദേശങ്ങളിലും ഉപ്പുവെള്ളം കയറി ശുദ്ധജല സ്രോതസ്സുകൾ മലിനമായി കാണപ്പെടുന്നുണ്ട്. ഇതിന് ശാശ്വത പരിഹാരമായി 25 പ്രദേശങ്ങളിലായി സംരക്ഷണ പ്രവർത്തനങ്ങൾ നടത്താനും താഴ്ന്നഭാഗങ്ങളിൽ ബണ്ടുകൾ നിർമ്മിക്കാനുമായി 45 കോടി അടങ്കൽ വരുന്ന ഒരു പദ്ധതി രേഖ തയ്യാറാക്കുകയും ആയതുൾപ്പെടെ 54.21 കോടി രൂപയുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

മേൽ പ്രദേശങ്ങളിൽ ഓരു ജലം കയറുന്നത് തടയുന്നതിന് പാർശ്വഭിത്തി നിർമ്മിച്ച് മാർജിനൽ ബണ്ടുകളും റോഡുകളും അതത് പ്രദേശത്തിന് യോഗ്യമായ രീതിയിൽ നിർമ്മിക്കുന്നതിന് തയ്യാറാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**സിവിൽ ഓവർസിയർമാരുടെ ഇൻകമ്പൻസി രജിസ്റ്ററും**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സീനിയോരിറ്റി ലിസ്റ്റം

206 (4755) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിലെ I, II ഗ്രേഡ് സിവിൽ ഓവർസിയർമാരുടെ ഇൻകമ്പൻസി രജിസ്റ്റർ, സീനിയോറിറ്റി ലിസ്റ്റ് എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഇറിഗേഷൻ വകുപ്പിലെ I, II ഗ്രേഡ് സിവിൽ ഓവർസിയർമാരുടെ ഇൻകമ്പൻസി രജിസ്റ്റർ, സീനിയോറിറ്റി ലിസ്റ്റ് എന്നിവയുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം I, II എന്നിവയായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത I, II ഗ്രേഡ് ഓവർസിയർ തസ്തികകളിൽ 2021 ജനുവരിക്കുശേഷം നടന്ന പ്രൊമോഷൻ ഓർഡറുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രൊമോഷൻ ഓർഡറുകളുടെ പകർപ്പുകൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കുണ്ടറ മണ്ഡലത്തിൽ കല്ലട ജലസേചന പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾ**

207 (4756) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിൽ കല്ലട ജലസേചന പദ്ധതിയുടെ കീഴിൽ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പൂർത്തിയാക്കിയിട്ടുള്ളതും നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

കുണ്ടറ മണ്ഡലത്തിൽ കല്ലട ജലസേചന പദ്ധതിയുടെ കീഴിൽ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പൂർത്തിയാക്കിയിട്ടുള്ളതും നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ കടൽഭിത്തി നിർമ്മാണം**

208 (4757) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കടലാക്രമണം രൂക്ഷമായ അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ മുതൽ പിയാനി വരെയും പുന്നപ്ര മുതൽ ആലപ്പുഴ വിജയ് പാർക്ക് വരെയുമുള്ള ഭാഗങ്ങളിൽ പുലിമുട്ടോടുകൂടിയ കടൽഭിത്തി നിർമ്മിക്കാൻ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; നിർമ്മാണത്തിന്റെ നിലവിലെ വിശദാംശം ലഭ്യമാക്കാമോ?

കടലാക്രമണം രൂക്ഷമായ അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ മുതൽ വിയാനി വരെയും പുന്നപ്ര മുതൽ ആലപ്പുഴ വിജയ് പാർക്ക് വരെയുമുള്ള ഭാഗങ്ങളിൽ Bathymetric investigation പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് രൂപകല്പനയ്ക്കുവേണ്ടി ഐ.ഐ.റ്റി, ചെന്നൈയ്ക്ക് സമർപ്പിച്ച് ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) എത്ര കിലോമീറ്റർ ദൂരപരിധിയിലാണ് ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്; ഇതിന്റെ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.) പൂർത്തീകരിച്ചിട്ടുണ്ടോ; ആർക്കാണ് ഡി.പി.ആർ.

തയ്യാറാക്കുന്നതിനുള്ള ചുമതല നൽകിയിട്ടുള്ളത്; ഇതിനുള്ള ഫണ്ട് ലഭ്യമാക്കുന്നത് എവിടെ നിന്നാണ്; വ്യക്തമാക്കുമോ?

11.19 കി.മീ. കടൽത്തീരത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഐ.ഐ.ടി, ചെന്നൈയുടെ രൂപകല്പനയുടെ അടിസ്ഥാനത്തിലാണ് ഡി.പി.ആർ. തയ്യാറാക്കേണ്ടത്. ബാത്തിമെട്രിക് സ്റ്റഡി അടക്കമുള്ള റിപ്പോർട്ട് ഐ.ഐ.ടി. ചെന്നൈക്ക് ഉടൻ സമർപ്പിക്കാവുന്നതും രൂപകല്പനയ്ക്കുള്ള ഫണ്ട് ലഭ്യമാകുന്നതിനുള്ള റിപ്പോർട്ട് ലഭ്യമാവുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

(സി) നാളിതുവരെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിക്കാത്ത മേഖലകളിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഇൻവെസ്റ്റിഗേഷൻ ആരംഭിക്കാത്ത മേഖലകളിൽ ആവശ്യകത അനുസരിച്ച് പര്യവേഷണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

**വാമനപുരം മണ്ഡലത്തിലെ ജലസേചന വകുപ്പ് പദ്ധതികൾ**

209 (4758) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പ് മുഖാന്തരം വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കേണ്ട ഏതെല്ലാം പദ്ധതികളുടെ ഡി.പി.ആറുകളാണ് പ്രൈസ് സോഫ്റ്റ്‌വെയർ വഴി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ജലസേചന വകുപ്പ് മുഖാന്തരം വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പ്രവൃത്തിയുടെ ആവശ്യകതയും പൊതുപയോഗവും അനുസരിച്ച് ലഭ്യമാകുന്ന മുൻഗണനാലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തികൾക്ക് അനുമതി നൽകാവുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പട്ടാമ്പി മണ്ഡലത്തിലെ ജലസേചന വകുപ്പ് പദ്ധതികൾ**

210 (4759) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

പട്ടാമ്പി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു+.

(ബി) എതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന വിവരം ആയതിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ?

ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ പകർപ്പ് അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു+.

(സി) ഭരണാനുമതി ലഭിക്കാൻ ബാക്കിയുള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതി ലഭിക്കാൻ ബാക്കിയുള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു+.

**നടുവണ്ണൂർ ഫീൽഡ് ബോത്തിക്ക് സമീപം ഓപ്പൺ ഓഡിറ്റോറിയം**

211 (4760) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷന്റെ കീഴിൽ വരുന്ന നടുവണ്ണൂർ ഫീൽഡ് ബോത്തിക്ക് സമീപം ഓപ്പൺ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) 2022-23 വർഷത്തെ ബജറ്റിൽ നടുവണ്ണൂരിൽ ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനായി 1 കോടി രൂപ അനുവദിച്ചിട്ടും ഇറിഗേഷൻ വകുപ്പിന്റെ അനുമതിക്ക് കാലതാമസം നേരിടുന്നതിനാൽ പദ്ധതി നടപ്പിലാക്കാനാകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നടുവണ്ണൂരിൽ ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള അനുമതി വേഗത്തിൽ നല്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(എ-സി) കുറ്റ്യാടി ഇറിഗേഷന്റെ കീഴിൽ വരുന്ന നടുവണ്ണൂർ ഫീൽഡ് ബോത്തിക്ക് സമീപം ഓപ്പൺ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ**

212 (4761) <u>ശ്രീ മാത്യൂ ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ പമ്പും മോട്ടോറും മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്കായി 288 ലക്ഷം രൂപയ്ക്ക് സർക്കാർ ഉത്തരവ്

(സാധാ) നം.233/2022/WRD തീയതി 24-03-2022 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ PRICE 3-യിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നിവ ഉൾപ്പെടുത്തി composite estimate തയ്യാറാക്കാനും സാങ്കേതികാനുമതി നൽകാനും ബുദ്ധിമുട്ട് വരികയുണ്ടായി. ആയതിനാൽ price-3 software-ൽ ഉളവായ ന്യൂനതകൾ പരിഹരിക്കേണ്ടതുണ്ട്. ഭരണാനുമതി തുകയിൽ പ്രവൃത്തികൾക്കുള്ള തുകയോടൊപ്പം 12% GST ആണ് ഉൾക്കൊള്ളിച്ചിരുന്നത്. എന്നാൽ GST 18% ആയി ഉയർന്ന സാഹചര്യത്തിൽ പ്രസ്തുത തുക കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കേണ്ടി വരികയും തൽഫലമായി അടങ്കൽ തുക 288 ലക്ഷം രൂപയിൽനിന്ന് 307 ലക്ഷം രൂപയായി വർദ്ധിക്കുകയും ചെയ്തിരുന്നു. അപ്രകാരം ചീഫ് എഞ്ചിനീയർ പ്രോജക്ട്-I ൽനിന്നും ലഭ്യമായ പുതുക്കിയ ഭരണാനുമതിക്കുള്ള 307 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ?

പുതുക്കിയ ഭരണാനുമതി നല്കുകയും Price-3-യിലെ ന്യൂനതകൾ പരിഹരിക്കുകയും ചെയ്യുന്ന മുറയ്ക്ക് ടി പ്രവൃത്തിക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് വേഗത്തിൽ പൂർത്തീകരിക്കാവുന്നതാണ്.

**വലിയപറമ്പ് പ്രദേശത്തെ കടൽ ക്ഷോഭം തടയുന്നതിനുള്ള പദ്ധതികൾ**

213 (4762) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് പ്രദേശത്തെ രൂക്ഷമായ കടൽക്ഷോഭം തടയുന്നതിനുള്ള പദ്ധതികൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കാസറഗോഡ് ജില്ലയിലെ 86 കി മീറ്റർ നീളം വരുന്ന തീരപ്രദേശത്തിൽ ഏറ്റവും തെക്കുഭാഗത്ത് സ്ഥിതി ചെയ്യുന്നതും ദ്വീപ് പ്രദേശവുമായ ഒരു പഞ്ചായത്താണ് വലിയപറമ്പ ഗ്രാമ പഞ്ചായത്ത്. പ്രസ്തുത ദ്വീപിന്റെ പടിഞ്ഞാറ് വശം കടലും കിഴക്കുഭാഗത്ത് ഉൾനാടൻ ജലാശയവും നിലകൊള്ളുന്നു. അനേകം വരി തെങ്ങുകളും പൂർണ്ണമായും കടലെടുത്ത് അപ്രത്യക്ഷമായിട്ടുണ്ട്. സ്ഥിരമായി കടലാക്രമണം നേരിടുന്ന ഈ

പ്രദേശങ്ങളിൽ നാളിതുവരെയായി തീര സംരക്ഷണ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല. 19.50 കി മീറ്റർ നീളം വരുന്ന കടൽത്തീരം പൂർണ്ണമായും ഒരേ സ്വഭാവം നിലനിർത്തുന്നതിനാൽ തീരപ്രദേശത്ത് ചെറിയൊരു ഭാഗത്ത് സംരക്ഷണ പ്രവൃത്തി നടപ്പിലാക്കിയാൽ പ്രയോജനം ലഭിക്കില്ല എന്നതുകൊണ്ട് ചെറിയ പദ്ധതികളൊന്നുംതന്നെ തയ്യാറാക്കിയിട്ടില്ല. എന്നാൽ ജിയോ ടെക്സ്റ്റൈൽ ട്യൂബ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മാണത്തിനായി 167.70 കോടി രൂപയുള്ള പ്രൊപ്പോസലും അത് കൂടാതെ 19.5 km ആകെ നീളത്തിൽ 4.75km നീളത്തിൽ വടക്കുഭാഗത്തും 2.3 km നീളത്തിൽ തെക്കുഭാഗത്തും മരങ്ങൾ വച്ചുവിടിപ്പിച്ച് ബയോ ഷീൽഡ്പ്രൊട്ടക്ഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലും തയ്യാറാക്കിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം മുൻകാലങ്ങളെ അപേക്ഷിച്ച് കേരളത്തിലെ തീരപ്രദേശങ്ങൾ കടലാക്രമണത്തിന് വിധേയമാകുന്നുണ്ട്, എന്നതിനുപുറമെ അതിന്റെ രൂക്ഷതയും കാലം ചെല്ലുംതോറും വർദ്ധിക്കുന്നതായും കാണുന്നു. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ആവർത്തിച്ചുണ്ടാകുന്ന കടൽക്ഷോഭത്തെക്കുറിച്ച്

പഠിക്കുന്നതിനായി കേന്ദ്ര ജലകമ്മീഷൻ, ഐ.ഐ.ടി. ചെന്നൈ, ജലസേചനവകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ വിശദമായ വിവരശേഖരണം നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തീരസംരക്ഷണം അത്യാവശ്യമായ പത്ത് hotspot പ്രദേശങ്ങൾ കണ്ടെത്തുകയുണ്ടായി. അതിൽ ഒന്നാണ് കാസർഗോഡ് ജില്ലയിലെ വലിയപറമ്പ പ്രദേശം.

25-11-2021-ൽ ജലസേചനവകുപ്പ് കേരളതീരത്തെ നിർദ്ദിഷ്ടമേഖലകളിൽ ശാസ്ത്രീയ പഠനം നടത്തുന്നതിനായി ചെന്നൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന NCCR (National Centre for Coasal Research) എന്ന സ്ഥാപനവുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിനെ തുടർന്ന് തീര സംരക്ഷണത്തിനായി വിശദമായ പഠനങ്ങൾ ആവശ്യമായതിനാൽ NCCR- ന്റെ നേതൃത്വത്തിൽ ഹോട്സ്പോട്ടുകളിൽ പ്രാഥമിക വിവരശേഖരണം നടത്തുകയുണ്ടായി. ഇതിൽ മൂന്ന് ഹോട്സ്പോട്ടുകൾക്കുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കാപ്പാട് ഭാഗത്തെ ഹോട്ട്സ്പോട്ടുകളിൽ NCCR ഇൻവെസ്റ്റിഗേഷൻ

പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. അടുത്തഘട്ടമായി കാസർഗോഡ് ജില്ലയിലെ വലിയപറമ്പ കണ്ണൂർ, തൃശ്ശൂർ എന്നിവിടങ്ങളിൽ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ നടത്താൻ NCCR തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കി തീര സംരക്ഷണത്തിനുള്ള പരിഹാരമാർഗ്ഗം സ്വീകരിക്കാവുന്നതാണെന്ന് കണക്കാക്കുന്നു.

**ആളിയാർ കരാർ**

214 (4763) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആളിയാർ കരാർ പ്രകാരം ഈ വർഷം ലഭിക്കേണ്ട വെള്ളം തമിഴ്നാട് കേരളത്തിന് നൽകിയിട്ടുണ്ടോ?

പറമ്പിക്കുളം - ആളിയാർ പദ്ധതി കരാറിന്റെ ഷെഡ്യൂൾ II ഖണ്ഡിക 4 (എ) പ്രകാരം കേരള സംസ്ഥാന അതിർത്തിയിൽ മണക്കടവ് വിയറിൽ ഒരു ജലവർഷം 7.25 TMCft ജലം (ഉപയോഗയോഗ്യമല്ലാത്ത പ്രളയ ജലം ഒഴികെ) ചിറ്റൂർപുഴ പ്രദേശത്തെ 20,000 ഏക്കറിലെ കൃഷി ആവശ്യങ്ങൾക്കായി കേരളത്തിന് അർഹതപ്പെട്ടതാണ്.

പി.എ.പി. കരാറിന്റെ ഷെഡ്യൂൾ-II ഖണ്ഡിക 2 പ്രകാരം കേരളാ ഷോളയാറിൽ ഒരു ജലവർഷം (ജൂലൈ 1 മുതൽ ജൂൺ 30 വരെ) 12300 എം.സി.എഫ്.റ്റി. ജലത്തിനാണ് കേരളത്തിന് അർഹതയുള്ളത്. ഈ ജലം കേരളാ ഷോളയാർ പവർഹൗസിലാണ് അളന്ന് പുറത്തുവിടേണ്ടത്.

നിരാർ നദിയിൽനിന്ന് അപ്പർ നീരാർ വിയറിൽ ഒക്ടോബർ 1-നും ജനുവരി 31-നുമിടയിലുള്ള കാലയളവിൽ ലഭ്യമാകുന്ന എല്ലാ ജലവും കേരളത്തിന് അർഹതപ്പെട്ടതാണ്.

ഇതുകൂടാതെ പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകൾ; പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളിൽനിന്നും ലോവർ നീരാറിൽനിന്നുമുള്ള മൊത്തം ജലലഭ്യത 16.5 TMCft-യിൽ കൂടുതൽ വരുന്ന ജല വർഷങ്ങളിൽ 16.5 TMCft-യിൽ മുകളിലുള്ള ആദ്യത്തെ 2.50 TMCft വരെയുള്ള ജലം കേരളത്തിലെ ചിറ്റൂർ താലൂക്കിലെ കൃഷിക്കായും അതിന് മുകളിൽ അധിക ജലം ലഭ്യമാണെങ്കിൽ ആ ജലം ചാലക്കുടി നദീതടത്തിലേയ്ക്ക് പറമ്പിക്കുളം ഗ്രൂപ്പിലെ ഡാമുകളുടെ സ്പിൽവേ, ഔട്ട്ലെറ്റ് സംവിധാനങ്ങളിലൂടെയോ ലഭ്യമാക്കണമെന്നും കരാറിൽ പറഞ്ഞിരിക്കുന്നു.

നടപ്പ് ജലവർഷത്തിൽ (2022-23) ഫെബ്രുവരി രണ്ടാം ദ്വൈവാരം വരെ 5870 MCft ജലമാണ് കരാർ പ്രകാരം മണക്കടവിൽ ലഭിക്കേണ്ടത്. നിലവിൽ 6331 MCft ജലം കേരളം ഈ കാലയളവിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. കേരള ഷോളയാറിൽ ഫെബ്രുവരി രണ്ടാം ദ്വൈവാരം വരെ 7895.66 MCft ജലം വൈദ്യുതോല്പാദനത്തിനുശേഷം അളന്ന് പുറത്തേയ്ക്ക് വിട്ടിട്ടുണ്ട്.

കൂടാതെ 4762MCft ഉപയോഗയോഗ്യമായ ജലം കേരള ഷോളയാറിൽ നിലവിലുണ്ട്. കൂടാതെ അപ്പർ നീരാറിൽനിന്നും 2022 ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ 839.18 MCft ജലം കേരളത്തിന് ലഭ്യമായിട്ടുണ്ട്.

നടപ്പ് ജലവർഷത്തിൽ ഇതുവരെ പി.എ.പി-യിൽനിന്നും കേരളത്തിന്റെ ആവശ്യപ്രകാരമുള്ള ജലം ഏറെക്കുറെ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കരാർ പ്രകാരം ഫെബ്രുവരി ഒന്നിന് ഷോളയാർ നിറയ്ക്കുന്നതിനാവശ്യമായ വെള്ളം കേരളത്തിന് തമിഴ്നാട് വിട്ടു നൽകിയിട്ടുണ്ടോ?

2023 ഫെബ്രുവരി ഒന്നിന് പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം കേരള ഷോളയാറിലെ ജലനിരപ്പ് +2663 അടിയിൽ എത്തിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ ജലനിരപ്പ് +2662.40 അടിയിൽ എത്തിക്കാനേ തമിഴ്നാടിന് സാധിച്ചിട്ടുള്ളൂ. കേരള ഷോളയാറിൽ 28-02-2023 വരെ 7895.66 MCft ജലം വൈദ്യുതോല്പാദനത്തിനുശേഷം പുറത്തേയ്ക്ക് വിട്ടിട്ടുണ്ട്. കൂടാതെ കേരളാ ഷോളയാർ റിസർവോയറിൽ ഉപയോഗയോഗ്യമായ 4762 MCft ജലം നിലവിലുണ്ട്. ഇത് രണ്ടും കൂടി നോക്കുമ്പോൾ കരാറിൽ പറഞ്ഞിരിക്കുന്നതുപോലെ 12300 MCft ജലം കേരളത്തിന് ഉപയോഗിക്കാവുന്നതാണ്.

(സി) ചാലക്കുടിപ്പുഴയിലെ നീരൊഴുക്ക് ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട വെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. നടപ്പ് ജലവർഷത്തിൽ (2022-23), കേരളാ ഷോളയാറിൽ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ 12300 MCft ഉപയോഗിക്കാവുന്ന സാഹചര്യമാണ് നിലവിലുള്ളത്. കേരള ഷോളയാർ,

പൊരിങ്ങൽകുത്ത് എന്നീ ഡാമുകളിലെ വൈദ്യുതോല്പാദനത്തിനുശേഷമാണ് ജലം ചാലക്കുടി പുഴയിലേയ്ക്ക് ഒഴുക്കി വിടുന്നത്.

കേരള ഷോളയാർ പവർഹൗസിൽ നിലവിൽ ഒരു ജനറേറ്റർ മാത്രമാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ പ്രതിദിനം 22.82 MCft ജലം മാത്രമാണ് വൈദ്യുതോൽപ്പാദനത്തിനുശേഷം പൊരിങ്ങൽകുത്ത് ജലസംഭരണിയിലേയ്ക്ക് ഒഴുക്കുന്നത്. ചാലക്കുടി പുഴയിലെ വേനൽക്കാല ജലദൗർലഭ്യം കണക്കിലെടുത്ത് 28-02-2023 മുതൽ പത്തു ദിവസത്തേയ്ക്ക് പ്രതിദിനം ശരാശരി 0.6 എം.സി.എം. ജലം (21.19 MCft) കൂടി അധികമായി സ്പിൽവേ/വാൽവ് വഴി പൊരിങ്ങൽകുത്തിലേയ്ക്ക് നിലവിൽ തുറന്നുവിടുന്നുണ്ട്.

**പൊന്നാനിയിലെ നിള സംഗ്രഹാലയം പദ്ധതിക്ക് ഭൂമി വിട്ടുനല്കൽ**

215 (4764) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനിയുടെ ആകെ വികസനത്തിനുള്ള പദ്ധതിയായ നിള സംഗ്രഹാലയം പദ്ധതി പൂർത്തീകരിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ ഭാഗത്തുനിന്ന് ചമ്രവട്ടം ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ ഭൂമി

വിട്ടുനൽകുന്നതിന് കാലതാമസം വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി സാങ്കേതിക കുരുക്ക് തീർക്കാനെടുത്ത നടപടികൾ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊന്നാനി മണ്ഡലത്തിലെ 'കൺസ്ട്രക്ഷൻ ഓഫ് നിള ഹെറിറ്റേജ് മ്യൂസിയം അറ്റ് ചമ്രവട്ടം' എന്ന ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് 05-12-2022-ൽ ടൂറിസം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I) മായി ചർച്ച ചെയ്ത് തീരുമാനം എടുക്കേണ്ടതിലേയ്ക്കായി ടൂറിസം വകുപ്പിന്റെ സഹായത്തോടെ വീഡിയോ പ്രസന്റേഷൻ നടത്താൻ തീരുമാനിച്ചു. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം പദ്ധതിയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 10% ഇറിഗേഷൻ വകുപ്പിന് നൽകണമെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ യോഗത്തിൽ ആവശ്യപ്പെടുകയും ആയത് പരിശോധിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**എ 3/225/2021/ജ.വി.വ. നമ്പർ കത്തിന്മേൽ ജലസേചന വകുപ്പ് സ്വീകരിച്ച നടപടി**

216 (4765) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽനിന്നുള്ള 13-02-2023-ലെ എ 3/225/2021/ജ.വി.വ. നമ്പർ കത്തിന്മേൽ നാളിതുവരെ ജലസേചന വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത കത്തുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്ന ജലസേചന വകുപ്പിലെ ഫയൽ ഏതാണെന്ന് അറിയിക്കുമോ?

(എ&ബി) 13-02-2023-ലെ എ 3/225/2021/ജ.വി.വ. നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ CEIA/101/21-A6 നമ്പർ ഫയലിൽ പരിശോധിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.

**ജലസേചന വകുപ്പിലെ ഫയലുകൾ തീർപ്പാക്കുന്നതിന് നടപടി**

217 (4766) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിലെ ഫയലുകൾ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

ജലസേചന വകുപ്പിൽ തീർപ്പാകാതെ കിടന്നിരുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് 2022 ജൂൺ 15 മുതൽ സെപ്റ്റംബർ 30 വരെ ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടി നടപ്പിലാക്കിയിരുന്നു. ആയതിലേയ്ക്ക് വകുപ്പുതലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും എല്ലാ കാര്യാലയങ്ങളിലും ഫയൽ തീർപ്പാക്കലിന്റെ മേൽനോട്ടത്തിന് നോഡൽ ഓഫീസറെ നിയമിച്ച് അവലോകനം നടത്തി പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി ഒരു ഉദ്യോഗസ്ഥ ടീമിനെ നിയോഗിക്കുകയും ചെയ്തു. ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞപരിപാടിയിൽ തീർപ്പാക്കാൻ കഴിയാത്ത ഫയലുകൾ തീർപ്പാക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട കാര്യാലയങ്ങൾക്ക് നൽകിയിട്ടുമുണ്ടായിരുന്നു.

(ബി) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഫയൽ അദാലത്തുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഫയലുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും തീർപ്പാക്കാനുള്ള ഫയലുകൾ എത്രയെന്നും അറിയിക്കുമോ?

ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഫയൽ അദാലത്തുകൾ നടത്തിയിരുന്നു. 342 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്.

128 ഫയലുകൾ തീർപ്പാക്കാനുണ്ട്. ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യുടെ കീഴിൽ 136 ഫയലുകൾ തീർപ്പാക്കാനുണ്ടായിരുന്നത് 10 ഫയലുകളായി ചുരുക്കാൻ സാധിച്ചു. കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഫയൽ അദാലത്തുകൾ നടത്തിയിരുന്നു. ആകെ 113 ഫയലുകളിൽ 105 ചീഫ് എഞ്ചിനീയർ പ്രോജക്ട് 2-ന്റെ കാര്യാലയത്തിന് കീഴിൽ 952 ഫയലുകൾ തീർപ്പാക്കാനുണ്ടായിരുന്നതിൽ 939 ഫയലുകൾ തീർപ്പാക്കി.

**കുന്നത്തുനാട് മണ്ഡലത്തിൽ ഭൂജല വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ**

218 (4767) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഭൂജല വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീയാക്കാൻ കഴിയുമെന്നും അറിയിക്കാമോ?

(എ &ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഭൂഗർഭജല ലഭ്യത പരിശോധിക്കുന്നതിനുള്ള പദ്ധതികൾ**

219 (4768) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജല ലഭ്യത പരിശോധിക്കുന്നതിനും കണ്ടെത്തുന്നതിനും പൊതുജനങ്ങൾക്ക് സഹായകരമായ പദ്ധതി ജലവിഭവ വകുപ്പിന് കീഴിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഭൂഗർഭജല ലഭ്യത പരിശോധിക്കുന്നതിനും കണ്ടെത്തുന്നതിനും പൊതുജനങ്ങൾക്ക് സഹായകരമായ പദ്ധതി ഭൂജലവകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്നു. ഹൈഡ്രോജിയോളജിക്കൽ, ജിയോഫിസിക്കൽ പഠനങ്ങളെ അടിസ്ഥാനപ്പെടുത്തിയും spatial സാങ്കേതിക വിദ്യ (GIS mapping) ഉപയുക്തമാക്കിയും ഭൂജലപര്യവേഷണം നടത്തി പ്രദേശത്തിന് അനുയോജ്യമായ ഭൂജല നിർമ്മിതികൾ നൽകി വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് സഹായകരമായ രീതിയിൽ ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത പരിശോധന വീടുകളിൽ നടത്തുന്നതിന് പൊതുജനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

സർക്കാർ നിശ്ചയിച്ച് നിജപ്പെടുത്തിയ ഭൂജല പര്യവേഷണ ഫീസ് (സ്ഥാപനങ്ങൾക്ക് - 1935/- രൂപ, ഇൻഫ്രാസ്ട്രക്ച്ചർ പ്രൊജക്ടുകൾക്ക് - 3860/- രൂപ, പൊതുജനങ്ങൾക്ക് - 585/- രൂപ) വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ ഭൂഗർഭ ജലലഭ്യത കണ്ടെത്തേണ്ട സ്ഥലത്തിന്റെ കരം തീർത്ത രസീതിനൊപ്പം നിർദ്ദിഷ്ട അപേക്ഷ ഫോമിൽ നൽകുന്ന മുറയ്ക്ക് സർവ്വേ നടത്തി ജലലഭ്യതയുള്ള സ്ഥലം കണ്ടെത്തി സ്ഥാനനിർണ്ണയം നടത്തി വരുന്നു.

**പാറശ്ശാല മണ്ഡലത്തിലെ ജലസ്രോതസ്സുകൾ.**

220 (4769) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ആകെ എത്ര കുളങ്ങളുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത കുളങ്ങളുടെ വിസ്തൃതി,

നിലവിലെ അവസ്ഥ ഉൾപ്പെടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) പഞ്ചായത്തുകളിലെ പ്രധാന ജലസ്രോതസ്സുകളും കുളങ്ങളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

ഹരിതകേരളം മിഷന്റെ ഉപദൗത്യമായ 'ജലസമൃദ്ധി'-യുടെ ഭാഗമായി സംയോജിത നീർത്തടാടിസ്ഥാനത്തിൽ മണ്ണ്-ജല സംരക്ഷണം എന്നിവ ശാസ്ത്രീയമായി നിർവ്വഹിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കപ്പെടുകയുണ്ടായി. ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തടപ്ലാനും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നീർത്തട മാസ്റ്റർപ്ലാനും തയ്യാറാക്കപ്പെട്ടു. ഈ പ്ലാനിൽ റിഡ്ജ്-ടു-വാലി (മുകളിൽ നിന്ന് താഴേയ്ക്ക്) സമീപനത്തോടുകൂടി ശുചിയാക്കി സംഭരണശേഷി വർദ്ധിപ്പിക്കേണ്ട ജലാശയങ്ങളുടെ മുൻഗണനാപ്പട്ടിക തയ്യാറാക്കുകയും ഇതിൻ പ്രകാരം സർക്കാർ വകുപ്പുകൾ/ഇതര ഏജൻസികൾ മുഖേനയും

ജനപങ്കാളിത്തത്തോടുകൂടിയുമുള്ള രണ്ട് മാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ട് പ്രവൃത്തികൾ നിർവ്വഹിക്കുകയുമാണുണ്ടായത്. സംസ്ഥാനത്തെ കുളങ്ങളും, പുഴകളും മറ്റ് ജല സ്രോതസ്സുകളും സംരക്ഷിച്ച് പുനരുജ്ജീവിപ്പിച്ച് ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. ഇത്തരത്തിൽ നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികൾ കൂടുതൽ സമഗ്രവും ശാസ്ത്രീയവുമാക്കി മാറ്റുന്നതിനായി ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'-യുടെ ഭാഗമായി തയ്യാറാക്കിയ നീർത്തടപ്ലാനുകളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ കൂടി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ജലസേചനവകുപ്പ് ഏറ്റെടുക്കുന്നുണ്ട്. കുളങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചളിയും നീക്കം ചെയ്ത് ജലനിർഗ്ഗമന ചാലുകൾ പ്രവർത്തന സജ്ജമാക്കുക, തോടുകൾ, കുളങ്ങൾ എന്നിവയിൽ അടിഞ്ഞുകൂടിയിട്ടുള്ള ചളി/എക്കൽ നീക്കം ചെയ്ത് ആവശ്യമുള്ള ഇടങ്ങളിൽ പാർശ്വസംരക്ഷണം നിർവ്വഹിക്കുക, പുഴകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/ചളി/മണൽ എന്നിവ നീക്കം ചെയ്യുക, പുഴകളിലും വലിയ തോടുകളിലുമുള്ള തടയണകൾ/ റെഗുലേറ്ററുകൾ

എന്നിവയ്ക്ക് സമീപം അടിഞ്ഞുകൂടിയിട്ടുള്ള ചളി/എക്കൽ/മണൽ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിച്ച് ജലസംരക്ഷണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികളാണ് നിർവ്വഹിച്ചുവരുന്നത്. നവകേരളം കർമ്മ പദ്ധതി-II-ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ജനകീയമായി ഇത്തരം പ്രവൃത്തികൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നീർത്തടാധിഷ്ഠിത സമഗ്ര വികസന പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലെയും നീർച്ചാൽ ശൃംഖലകൾ കണ്ടെത്തി ഓരോ നീർച്ചാലുകളിലും അവയുടെ വൃഷ്ടിപ്രദേശങ്ങളിലും അനുയോജ്യമായ പരിപാലനപ്രവൃത്തികൾ ഉൾപ്പെടുന്ന സമഗ്രമായ പദ്ധതിരേഖ തയ്യാറാക്കി നിർവ്വഹണം നടത്തുന്നതിനാണ് ലക്ഷ്യം വയ്ക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്കിൽ ഉൾപ്പെട്ട പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ ചുള്ളാളം നീർത്തട പ്രദേശത്ത്

പൈലറ്റ് അടിസ്ഥാനത്തിൽ സമഗ്ര നീർത്തട പരിപാലനത്തിനായുള്ള പദ്ധതി തയ്യാറാക്കുകയുണ്ടായി. സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും ഇതേ മാതൃകയിൽ "നീരുറവ്" എന്ന പേരിൽ ക്യാമ്പയിൻ സംഘടിപ്പിച്ച് ഓരോ ചെറുനീർത്തടങ്ങൾ കേന്ദ്രീകരിച്ച് ബഹുജന പങ്കാളിത്തത്തോടെ സമഗ്ര നീർത്തട പദ്ധതി തയ്യാറാക്കി പരിപാലന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും ഉദ്ദേശിക്കുന്നു.

ഇതുകൂടാതെ 2018-19 ലെ പ്രളയത്തിലും കാലാകാലങ്ങളായും പുഴകളിൽ അടിഞ്ഞുകൂടിയ ചളിയും മാലിന്യങ്ങളും നീക്കി പുഴയിലെ നീരൊഴുക്ക് സുഗമമാക്കാനും പുഴയുടെ വാഹകശേഷി പുനഃസ്ഥാപിക്കാനും അതുവഴി ഭാവിയിലെ വെള്ളപ്പൊക്ക സാധ്യത ഒരു പരിധിവരെ ലഘൂകരിക്കുവാനുള്ള പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്.

**ഭൂജല വിഭവശേഷിയുടെ അളവെടുപ്പ്**

221 (4770) ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തി അവസാനമായി റിപ്പോർട്ട് പ്രസിദ്ധീകരിച്ചത് എന്നാണ്; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്?

സംസ്ഥാന ഭൂജലവകുപ്പും കേന്ദ്ര ഭൂജലബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തി വരുന്നു. മാർച്ച് 2022 വരെ ഉള്ള ഭൂജലവിഭവശേഷി പൂർത്തീകരിച്ച് ദേശീയതലത്തിൽ ഒക്ടോബർ 2022-ന് പ്രസ്തുത പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; മേൽപ്പറഞ്ഞ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങൾക്ക് മുൻതൂക്കം നൽകി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

വ്യവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികളുള്ള ഭൂജല ഉപഭോഗം പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് നിരാക്ഷേപപത്രം വകുപ്പിൽനിന്ന് നൽകി വരുന്നു. ഈ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ ഭൂജല ഉപഭോഗം കൂടുതലുള്ള പ്രദേശങ്ങളെ കണ്ടെത്തി വിശദമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുകയും സർക്കാർ ആയതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്കുകളെ വിജ്ഞാപനം ചെയ്ത് ഭൂജല ഉപഭോഗത്തിനുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തി വരുന്നു. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

**വെള്ളക്കരം കുടിശിക**

222 (4771) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്വകാര്യ കമ്പനികളാണ് വെള്ളക്കര കുടിശിക നൽകാനുള്ളത്; ജലവിഭവ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ കുടിശിക നൽകാനുണ്ടോ; എങ്കിൽ എന്ന് മുതലുള്ള കുടിശികയാണ് നൽകാനുള്ളത്; ഓരോന്നും തരം തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

1956-ലെ കമ്പനി നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത കമ്പനികളെ ബില്ലിംഗ് സോഫ്റ്റ്‌വെയറിൽ പ്രത്യേകമായി രേഖപ്പെടുത്താറില്ല

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയതിനാൽ ടി വിവരം ലഭ്യമല്ല. സ്വകാര്യ കമ്പനികൾക്കും മറ്റ് സ്വകാര്യ സ്ഥാപനങ്ങൾക്കും ജല അതോറിറ്റി നൽകുന്ന കുടിവെള്ള കണക്ഷനുകൾ ഗാർഹികേതര വ്യാവസായിക കാറ്റഗറിയിലാണ് തരംതിരിച്ചിട്ടുള്ളത്.

ഗാർഹികേതര വ്യാവസായിക വിഭാഗത്തിലെ ഉപഭോക്താക്കളിലെ കുടിശ്ശിക (സർക്കാർ ഇതര കുടിശ്ശിക) 31-01-2023-ലെ ഡി.സി.ബി പ്രകാരം 118.79 കോടി രൂപയാണ്. ആയതിൽ അഞ്ച് ലക്ഷം രൂപയിൽ കൂടുതൽ കുടിശ്ശികയുള്ള 314 ഉപഭോക്താക്കളാണുള്ളത്. ആയതിന്റെ വിശദാംശം അനുബന്ധം -1 ആയി ചേർക്കുന്നു+.

ജലവിഭവ വകുപ്പിന് കീഴിൽ വാട്ടർ ചാർജ്ജ് കുടിശ്ശിക 500 രൂപയ്ക്ക് മുകളിലുള്ള ഉപഭോക്താക്കളുടെ (03-03-2023 വരെയുള്ള) വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു+.

(ബി) സ്വകാര്യ കമ്പനികളിലെ ദീർഘകാലമായുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാട്ടർ ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശക്തമായ പല നടപടികളും വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൃത്യമായി ബില്ല് അടയ്ക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും അടയ്ക്കാത്തപക്ഷം ഡിസ്കണക്ഷൻ നടത്തുകയും ചെയ്യുന്നു. ഉപഭോക്താവ് ആവശ്യപ്പെടുന്ന മുറയ്ക്ക് തവണകൾ ആയി കുടിശ്ശിക അടയ്ക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള തീവ്രശ്രമം നടത്തി വരുന്നു. യുദ്ധകാല അടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുവേണ്ടി എല്ലാ ഓഫീസുകളിലും 01-01-2023 മുതൽ 31-03-2023 വരെ വാർ റൂമുകൾ പ്രവർത്തിച്ചുവരുന്നു. ഈ കാലയളവിലും കുടിശ്ശിക തുക അടയ്ക്കാത്ത കണക്ഷനുകൾ വിച്ഛേദിക്കുന്നതാണ്.

**ജലവിഭവ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം**

223 (4772) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ ജീവനക്കാരുടെ സ്ഥലംമാറ്റം ഓൺലൈൻ മുഖേനയാണോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഓൺലൈൻ സമ്പ്രദായത്തിലാണ് ട്രാൻസ്ഫർ നടപ്പിലാക്കുന്നതെങ്കിൽ ഏത് സോഫ്റ്റ്‌വെയറാണ് ഇതിനായി ഉപയോഗിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ജീവനക്കാർ അപേക്ഷ സമർപ്പിക്കുന്നത് മുതൽ ട്രാൻസ്ഫർ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് വരെയുള്ള നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനിൽ തന്നെയാണോ പൂർത്തീകരിക്കുന്നത്; എങ്കിൽ വിശദമാക്കുമോ?

(എ-സി) ജലസേചനവകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം നടപ്പിലാക്കുന്നത് ഓൺലൈൻ മുഖേനയല്ല.

ഭൂജലവകുപ്പിൽ സ്പാർക്ക് സോഫ്റ്റ്‌വെയർ മുഖേനയും കേരള ജല അതോറിറ്റിയിൽ എൻ.ഐ.സി. തയ്യാറാക്കിയ ജി.സ്പാർക്ക് സോഫ്റ്റ്‌വെയർ മുഖേനയും 25-02-2017-ലെ സ.ഉ(പി) നം.3/2017/ഉ.ഭ.പ.വ. ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ഓൺലൈൻ വഴിയാണ് ജീവനക്കാരുടെ

സ്ഥലംമാറ്റം നടപ്പിലാക്കുന്നത്. ജീവനക്കാർ ഓൺലൈൻ വഴി സോഫ്റ്റ്‌വെയറിൽ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുകയും യോഗ്യതയുടെ അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ടി ലിസ്റ്റിൻമേൽ പരാതി ബോധിപ്പിക്കാൻ സാവകാശം അനുവദിച്ചതിനുശേഷം ആക്ഷേപങ്ങൾ പരിശോധിച്ച് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഈ നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനിൽ തന്നെയാണ് പൂർത്തീകരിക്കുന്നത്.

(ഡി) നിലവിൽ ജലവിഭവ വകുപ്പിൽ എത്ര സ്ഥിരം, താൽകാലിക, കരാർ ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ജലവിഭവ വകുപ്പിലെ സ്ഥിരം, താൽക്കാലിക, കരാർ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

**കുടിവെള്ള വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി**

224 (4773) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീമതി കെ. കെ. രമ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാനത്ത് കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് ജലജീവൻ മിഷൻ പദ്ധതികൾ സംസ്ഥാനത്തുടനീളം പുരോഗമിച്ചുവരുന്നു. കൂടാതെ കിഫ്ബി, അമൃത്, RKI, NABARD, State Plan, മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളും കുടിവെള്ള സംവിധാനം മെച്ചപ്പെടുത്താൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) തീരദേശ മേഖലയിൽ തടസ്സരഹിതമായി കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്നും പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാണോയെന്നും വിശദമാക്കുമോ?

തീരദേശ മേഖലകളിലെ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) കടൽജലം ശുദ്ധീകരിച്ച് കുടിവെള്ളമാക്കി വിതരണം ചെയ്യുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരപ്രദേശങ്ങളിൽ പൈലറ്റ് ഡീസാലിനേഷൻ പ്ലാന്റുകൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ KWA ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ മുനമ്പം ഹാർബറിനോട് ചേർന്നുള്ള സ്ഥലത്ത് ഡീസലിനാഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള DER (NIOT, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയുമായി സഹകരിച്ച്) തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ ഭൂമി ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ നടന്നുവരുന്നു.

**എറണാകുളം ജില്ലയിലെ ജലസംരക്ഷണ പ്രവൃത്തികൾ**

225 (4774) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിൽ നടപ്പാക്കിയിട്ടുള്ള ജലസംരക്ഷണ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്; ബാക്കിയുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) ജലസേചന വകുപ്പിനു കീഴിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 564 ലക്ഷം രൂപയുടെ RKI – Restoration and protection works to be breached right bund of LBC between Ch.0/200km and 0/500km under Chalakudy River Diversion Scheme എന്ന പ്രവൃത്തി എറണാകുളം ജില്ലയിലെ അയ്യമ്പുഴ പഞ്ചായത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ടി പ്രവൃത്തി ജല സംരക്ഷണവുമായി നേരിട്ട് ബന്ധപ്പെട്ടതല്ല. 2018-ാം ആണ്ടിലെ മഹാപ്രളയത്തിൽ സി.ആർ.ഡി.എസ്. ഇടതുകര മെയിൻ കനാലിലെ ആരംഭ ഭാഗത്ത് കനാലിനുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് ടി പ്രവൃത്തി. അങ്കമാലി, ചാലക്കുടി നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ജലലഭ്യത ഉറപ്പാക്കാനാണ് ഈ കനാൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നത്. മേൽ പ്രവൃത്തി 92.5% പൂർത്തീകരിച്ചിട്ടുണ്ട്.

**ജലവിതരണത്തിലെ ജലനഷ്ടം കുറയ്ക്കുന്നതിന് നടപടി**

226 (4775) ശ്രീ. എം. വിൻസെന്റ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി  സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിതരണത്തിലെ ജലനഷ്ടം കുറയ്ക്കാൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

പൈപ്പുകൾ പൊട്ടി ലീക്കുകൾ ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് അവയെല്ലാം വാർഷിക അറ്റകുറ്റപ്പണികളിലുൾപ്പെടുത്തി യുദ്ധകാലാടിസ്ഥാനത്തിൽ പുനഃസ്ഥാപിക്കാറുണ്ട്. ഒപ്പം കാലപ്പഴക്കം ചെന്ന പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി വിവിധ പദ്ധതികളിലുൾപ്പെടുത്തി (State Plan, MLA SDF, MLA ADF, KIIFB etc.) നടപ്പിലാക്കാറുണ്ട്. കൂടാതെ അടിയന്തരഘട്ടങ്ങളിൽ പൈപ്പുകൾ പൊട്ടിയുണ്ടാകുന്ന ലീക്കുകൾ Blue brigade സംവിധാനം വഴി പരിഹരിക്കാറുണ്ട്. ജലമോഷണം കണ്ടെത്തുന്നതിനും തടയുന്നതിനും സ്ക്വാഡുകൾ പ്രവർത്തിക്കുന്നു.

(ബി) പൈപ്പുകൾ പൊട്ടുന്നത് മൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിനായി കേടായ പൈപ്പുകൾ യഥാസമയം മാറ്റി സ്ഥാപിക്കുന്നതിന് കർശന നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

പൊട്ടുന്ന പൈപ്പുകൾ അടിയന്തര അറ്റകുറ്റപ്പണി നടത്തി കുടിവെള്ള നഷ്ടം തടയുന്നു. ആയതിലേയ്ക്കായി റണ്ണിങ് കോൺട്രാക്ട്, ബ്ലൂ ബ്രിഗേഡ് സംവിധാനം പ്രയോജനപ്പെടുത്തുന്നു. പുതിയ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനും കേടായ പൈപ്പുകൾ മാറ്റുന്നതിനും ജലജീവൻ മിഷൻ, കിഫ്ബി, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നിക്ഷേപപ്രവൃത്തി, സംസ്ഥാന പദ്ധതി, അമൃത് എന്നിവയിലുൾപ്പെടുത്തി ഘട്ടംഘട്ടമായി ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് ജലവിതരണത്തിലെ ജലനഷ്ടം കുറയ്ക്കുന്നതിന് വിദേശ ഏജൻസികളുടെ സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ: വിശദമാക്കാമോ?

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ പദ്ധതിപൂർത്തീകരണത്തോടുകൂടി കണക്കിൽപ്പെടാതെ പോകുന്ന

കുടിവെള്ളം (Non Revenue Water-NRW) ദേശീയ അളവുകോലിനുതുല്യമായ 20 ശതമാനത്തിലെത്തിക്കുക, മെച്ചപ്പെട്ട ഉപഭോക്തൃ സേവനവും ശുദ്ധജലവിതരണത്തിലെ ഗുണനിലവാരവും ഉറപ്പാക്കുക, വിവിധ തലങ്ങളിലെ ജീവനക്കാർക്കുള്ള പരിശീലനപരിപാടികൾ ഉൾപ്പെടെയുള്ള സ്ഥാപന ശാക്തീകരണനടപടികൾ നടപ്പിലാക്കി ഉയർന്ന കാര്യക്ഷമത കൈവരിച്ചുകൊണ്ട് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളും ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നു.

ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതിയാണ് 07-02-2020-ൽ നൽകിയിട്ടുള്ളത്. ADB-യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. പദ്ധതിയുടെ നിർവ്വഹണ ഏജൻസി കേരള ജല അതോറിറ്റിയാണ്. 250 മില്യൺ ഡോളറാണ് ടി പദ്ധതിക്കായി ADB വായ്പയായി നൽകുന്നത്.

ഈ പദ്ധതിയുടെ കാലാവധി 10 വർഷമാണ്. ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ

ജലശുദ്ധീകരണശാലകളുടെ നവീകരണവുമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. തിരുവനന്തപുരം നഗരത്തിലെ ജലവിതരണശൃംഖലയുടെ നവീകരണവും ജീവനക്കാർക്കുള്ള പരിശീലനം, സ്ഥാപനശാക്തീകരണ നടപടികൾ തുടങ്ങിയ പ്രവൃത്തികൾ രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.

ADB മാനദണ്ഡങ്ങൾക്കനുസൃതമായി Loan Implementation Support Unit (LISU) കൺസൾട്ടന്റ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതാണ്. ഈ കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിനായി ക്ഷണിച്ച ദർഘാസ് തുറക്കുകയും തുടർനടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

കൊച്ചി കോർപ്പറേഷനിൽ ആദ്യഘട്ടമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചിനഗരത്തിലെ ജലവിതരണശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും പത്ത് വർഷത്തേയ്ക്കുള്ള Operation & Maintenance (O&M) കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി ഈ

പ്രവൃത്തിക്കായുള്ള ദർഘാസ് 26-04-2023-ൽ തുറക്കുന്ന രീതിയിൽ ക്ഷണിച്ചിട്ടുള്ളതാണ്.

**കുറ്റ്യാടി മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

227 (4776) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; എത്ര കുടുംബങ്ങൾക്കാണ് പ്രസ്തുത പദ്ധതിവഴി കുടിവെള്ളം നൽകാനുദ്ദേശിക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത മണ്ഡലത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി ടാങ്കും കിണറും സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ പഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ രണ്ട് പ്രധാന ശുദ്ധജലവിതരണ പദ്ധതി മുഖേനയാണ് കുടിവെള്ള കണക്ഷനുകൾ നൽകാനുദ്ദേശിക്കുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(i) ഏറാമലയും സമീപ പഞ്ചായത്തുകൾക്കും കൂടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി.

പദ്ധതിയുടെ കിണർ, ശുദ്ധീകരണശാല എന്നിവ നിർമ്മിക്കുന്നത് കേരള വാട്ടർ അതോറിറ്റിയുടെ സ്ഥലത്താണ്. പ്രവൃത്തി ടെണ്ടർ ചെയ്തുകഴിഞ്ഞു.

പ്രസ്തുത പദ്ധതിയിൻകീഴിൽ പുറമേരി, വേളം, വില്ല്യാപ്പള്ളി പഞ്ചായത്തുകളാണ് വരുന്നത്. പുറമേരി പഞ്ചായത്തിൽ ടാങ്ക്, ബൂസ്റ്റർ സ്റ്റേഷൻ എന്നിവ നിർമ്മിക്കാനാവശ്യമായ സ്ഥലങ്ങൾ കണ്ടെത്തിയെങ്കിലും സ്ഥലം കൈമാറിയിട്ടില്ല.

വേളം പഞ്ചായത്തിൽ നിലവിൽ വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള സ്ഥലത്താണ് ടാങ്ക് നിർമ്മിക്കുന്നത്. വില്ല്യാപ്പള്ളി പഞ്ചായത്തിൽ ടാങ്ക് നിർമ്മിക്കുന്ന സ്ഥലം ഇതേവരെ കൈമാറിയിട്ടില്ല.

(ii) തിരുവള്ളൂർ, ആയഞ്ചേരി, മണിയൂർ ശുദ്ധജലവിതരണ പദ്ധതി.

പദ്ധതിയുടെ കിണർ, ശുദ്ധീകരണശാല എന്നിവ കേരള വാട്ടർ അതോറിറ്റിയുടെ സ്ഥലത്താണ് നിർമ്മിക്കുന്നത്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു.

മേൽപദ്ധതിയിൻകീഴിൽ മണിയൂർ പഞ്ചായത്തിലേയ്ക്കുള്ള ടാങ്ക് നിർമ്മിക്കാനാവശ്യമായ സ്ഥലം ഇതേവരെ കൈമാറിയിട്ടില്ല. എന്നാൽ പഞ്ചായത്ത് സ്ഥലം നൽകാമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. അതുപ്രകാരം പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ കരാർ വച്ച് പ്രവൃത്തി നടന്നുവരുന്ന പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ പൈപ്പ്ലൈൻ ഇടുന്നത് സംബന്ധിച്ച് കൈക്കൊണ്ട തീരുമാനങ്ങൾ അറിയിക്കുമോ?

കുറ്റ്യാടി മണ്ഡലത്തിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പൊതുമരാമത്ത് റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 30-12-2022, 10-02-2023 എന്നീ തീയതികളിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ താഴെ ചേർക്കുന്നു.

1) നമ്പം വയൽ - കാക്കുനി റോഡ്

റോഡ് പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. ടാറിംഗ് ഒഴികെയുള്ള എല്ലാപ്രവൃത്തികളും പൂർത്തിയായതിനാൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ റോഡിൽ താല്ക്കാലികമായി മാറ്റിവയ്ക്കാൻ തീരുമാനിച്ചു.

2) പൊക്ലാറത്ത് താഴമാണിക്കോത്ത് താഴ- പള്ളിയത്ത് റോഡ്

പ്രസ്തുത റോഡിൽക്കൂടി തിരുവള്ളൂർ, ആയഞ്ചേരി, മണിയൂർ ശുദ്ധജല വിതരണ പദ്ധതിയുടെ പമ്പിംഗ് മെയിൻ, വിതരണ ശൃംഖല എന്നിവ സ്ഥാപിക്കേണ്ടതുണ്ട്. റോഡ് പ്രവൃത്തികൾ ഒരു റീച്ച് പൂർത്തിയാക്കിയതാണെന്നും തുടർന്നുവരുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വരുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ബദൽ റോഡുകൾ കണ്ടെത്തി പൈപ്പ് ലൈൻ സ്ഥാപിക്കണം.

3) കുറ്റ്യാടി - വലകെട്ട് - കൈപ്രം കടവ് റോഡ്

പ്രസ്തുത റോഡിൽ ആവശ്യമായ പൈപ്പ് ലൈൻ ഇടുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി തന്നെ ചെയ്യാൻ തീരുമാനിച്ചു.

4) തിരുവള്ളൂർ- ആയഞ്ചേരി റോഡ്

റോഡ് നിർമ്മാണപ്രവൃത്തി തത്സമയം പൂർത്തീകരിക്കാനും അതിനുശേഷം പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിക്കാനും തീരുമാനിച്ചു.

5) വില്ല്യാപ്പള്ളി - ആയഞ്ചേരി റോഡ്

റോഡിന്റെ പ്രവൃത്തി കരാറുകാരൻ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ പൈപ്പ്ലൈൻ സ്ഥാപിക്കാൻ അനുമതി നൽകേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു.

6) കാവിൽ - തീക്കുനി റോഡ്

കാവിൽ തീക്കുനി റോഡിൽ CH 1/170 മുതൽ 9/400 വരെയുള്ള ഭാഗത്ത് പൈപ്പ് സ്ഥാപിക്കാനുള്ള അപേക്ഷ പിന്നീട് പരിഗണിക്കാമെന്നും CH

9/400 മുതൽ CH 525 വരെയുള്ള പൈപ്പ്ലൈൻ പ്രവൃത്തികൾ നടത്തുന്നതിന് തടസ്സമില്ലെന്നും പൊതുമരാമത്ത് വകുപ്പ് അറിയിച്ചു.

കുന്നമ്മൽ പഞ്ചായത്തിൽ പി.ഡബ്ല്യൂ.ഡി. റോഡുകളിലൂടെയുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

**കുണ്ടറ മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

228 (4777) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ജലജീവൻ പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും എത്ര കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടാണ് അംഗീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ജലജീവൻ മിഷൻ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന കുണ്ടറ മണ്ഡലത്തിലെ വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം (1) ആയി ചേർക്കുന്നു+. ഓരോ പഞ്ചായത്തിലെ പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അനുബന്ധം (2) ആയി ചേർക്കുന്നു+.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ആലത്തൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

229 (4778) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ആലത്തൂർ മണ്ഡലത്തിൽ എത്ര ഗാർഹിക കണക്ഷൻ നൽകുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും എത്ര കണക്ഷൻ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(എ&ബി) ജലജീവൻ മിഷൻ പദ്ധതിപ്രകാരം ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ഞാങ്കടവ് കുടിവെള്ള പദ്ധതി**

230 (4779) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കൊല്ലം ജില്ലയിലെ ഞാങ്കടവ് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ എപ്രകാരമാണ് പുരോഗമിക്കുന്നത്; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ നിലവിൽ തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പിലാക്കിവരുന്ന ഞാങ്കടവ് കുടിവെള്ള പദ്ധതിക്കായി കിഫ്ബി ഫണ്ടിൽ നിർമ്മാണഘടകങ്ങളായ 1219 mm റാ വാട്ടർ പമ്പിംഗ് മെയിൻ, 20 LL ശേഷിയുള്ള ഉന്നതതല ജലസംഭരണി, 1016 mm & 914 mm വ്യാസമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 54 LL ശേഷിയുള്ള ഉന്നത തല ജലസംഭരണി, ട്രാൻസ്ഫോർമർ ബിൽഡിംഗ്, പമ്പ് സെറ്റ്, റോഡ് റെസ്റ്റൊറേഷൻ എന്നിവയായിരിക്കും. 235 കോടി രൂപ ഫണ്ടിംഗ് അനുമതി 08-05-2017-ൽ നൽകുകയുണ്ടായി. കൂടാതെ അമൃത് ഫണ്ടിൽ 12m വ്യാസമുള്ള കിണർ, തടയണ, 100 MLD ജല ശുദ്ധീകരണശാല, 500 mm ക്ലിയർ വാട്ടർ

പമ്പിംഗ് മെയിൻ എന്നിവയ്ക്കായി 104.423 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ഈ പദ്ധതിയിലെ വിവിധ ഘടകങ്ങളുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

1. <u>12m വ്യാസമുള്ള ഞാങ്കടവിലെ കിണറിന്റെ നിർമ്മാണം: (AMRUT)</u>

15-02-2020 -ൽ പൂർത്തീകരിച്ചിട്ടുണ്ട്.

2. <u>തടയണ നിർമ്മാണം:- (AMRUT)</u>

ഞാങ്കടവിൽ നിർമ്മിക്കേണ്ട തടയണയുടെ എസ്റ്റിമേറ്റ് Irrigation (Civil & Mechanical), PWD (Electrical)എന്നീ വകുപ്പുകളിൽനിന്നും recast ചെയ്ത് ലഭിച്ചത് Price 3.0 - യിൽ തയ്യാറാക്കിവരുന്നു.

3. <u>Raw Water and Clear Water Pump set (KIIFB)</u>

Raw Water and Clear Water Pump set -ന്റെ ദർഘാസ് പലതവണ ക്ഷണിച്ചിരുന്നുവെങ്കിലും offers ഒന്നുംതന്നെ ലഭ്യമായിരുന്നില്ല. അതിനാൽ എസ്റ്റിമേറ്റ് Recast ചെയ്ത് Verification-നുവേണ്ടി External ഏജൻസിയായ M/s. DTS -ന് സമർപ്പിക്കുകയും 28-02-2023-ന് vet ചെയ്ത് ലഭിക്കുകയും

ചെയ്തിട്ടുണ്ട്. Price 3.0 എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി 30-04-2023-ഓടുകൂടി Tender notice ഇടാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

4. Transformer Building (KIIFB)

Transformer Building-ന്റെ നിർമ്മാണം, നദിയുടെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം, എന്നീ പ്രവൃത്തികളുടെ നിർമ്മാണത്തിന്റെ Selection notice 11-11-2022- തീയതിയിൽ കോൺട്രാക്ടർക്ക് നൽകിയിരുന്നുവെങ്കിലും Award ചെയ്ത തുകയ്ക്ക് പ്രവൃത്തി ചെയ്യുവാൻ കരാറുകാരൻ വിസ്സമ്മതം അറിയിച്ചതിനെത്തുടർന്ന് Price 3-യിൽ എസ്റ്റിമേറ്റ് revise ചെയ്ത് സാങ്കേതികാനുമതി നൽകുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

5. Raw Water Pumping Main – (KIIFB)

ഞാങ്കടവിൽനിന്നും വസൂരിച്ചിറ വരെ സ്ഥാപിക്കേണ്ട 28 Km, 1219 mm MS Pipe, നിലവിൽ 27 Km സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത വർക്കിന്റെ 98% പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള 1.052Km Pipe സ്ഥാപിക്കുന്ന പ്രവൃത്തി MORTH-ന്റെ അനുമതി ലഭ്യമാകുന്നമുറയ്ക്ക് ചെയ്യാവുന്നതാണ്.

6. 100 MLD, ജലശുദ്ധീകരണശാല – (AMRUT).

ജലശുദ്ധീകരണശാലയുടെ നിർമ്മാണം 84% പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധപ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

7. CW Transmission Main-(KIIFB)

വസൂരിച്ചിറയിലുള്ള ജലശുദ്ധീകരണശാലയിൽനിന്നും മണിച്ചിത്തോട്ടുള്ള പുതുതായി നിർമ്മിച്ച 54 ലക്ഷം സംഭരണശേഷിയുള്ള ഉപരിതല സംഭരണിയിലേയ്ക്കുള്ള 3.7 km, 1016 mm MS Pipe സ്ഥാപിക്കേണ്ട പ്രവൃത്തിയിൽ 3.65 km സ്ഥാപിച്ചുകഴിഞ്ഞു. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മണിച്ചിത്തോട് ഉപരിതലസംഭരണിയിൽനിന്നും ആനന്ദവല്ലീശ്വരം ബൂസ്റ്റർ പമ്പ് ഹൗസിലേയ്ക്കുള്ള 914 mm MS Pipe 5.6 km ദൈർഘ്യത്തിൽ സ്ഥാപിക്കേണ്ടതുണ്ട്. ഇതിൽ 5.5 km പൈപ്പ് സ്ഥാപിച്ചുകഴിഞ്ഞു. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. 98% പൈപ്പ്ലൈൻ സ്ഥാപിച്ചുകഴിഞ്ഞു.

8. CW Pumping Main – (AMRUT)

വസൂരിച്ചിറയിലുള്ള ജലശുദ്ധീകരണശാലയിൽനിന്നും വടക്കേവിളയിൽ നിലവിലുള്ള ഉപരിതല ജലസംഭരണിയിലേയ്ക്കുള്ള 3.52 km, 500 mm DI K9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

9. <u>54 ലക്ഷം ലിറ്റർ ഉപരിതല സംഭരണി (KIIFB)</u>

മണിച്ചിത്തോട്ടുള്ള 54 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല സംഭരണിയുടെ നിർമ്മാണം 95% പൂർത്തീകരിച്ചുകഴിഞ്ഞു. അനുബന്ധ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

പമ്പ് സെറ്റുകളുടെ പ്രവൃത്തി, Transformer Building -ന്റെ പ്രവൃത്തി, PWD (MORTH)-ൽ നിന്നും അനുമതി ലഭിക്കേണ്ടതായ ഇളമ്പള്ളൂർ മുതൽ നന്തിരിക്കൽ വരെയുള്ള 1.052 km, 1219 mm MS Pipe സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചാൽ മാത്രമേ ഞാങ്കടവ് പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

ഇളമ്പള്ളൂർ മുതൽ നന്തിരിക്കൽ വരെയുള്ള 1.052km റാ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള അനുമതി MORTH –ൽനിന്ന് ലഭിക്കാത്തതുമൂലം പ്രവൃത്തി തടസ്സപ്പെട്ടിട്ടുണ്ട്.

ഞാങ്കടവ് കുടിവെള്ള പദ്ധതി 2024 മാർച്ച് 31-ഓടുകൂടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**കാസർഗോഡ് ജില്ലയിലെ ജലജീവൻ പദ്ധതി**

231 (4780) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ജലജീവൻ പദ്ധതി പ്രകാരം ആരംഭിച്ച പദ്ധതികൾ വ്യക്തമാക്കാമോ; ടെണ്ടർ നടപടികൾ പൂർത്തീകരിക്കേണ്ട എത്ര പദ്ധതികളുണ്ടെന്ന് അറിയിക്കുമോ?

കാസർഗോഡ് ജില്ലയിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കാസർഗോഡ് ജില്ലയിൽ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുത്ത പദ്ധതികളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനുള്ളത് ചുവടെ ചേർക്കുന്ന 7 പദ്ധതികൾക്കാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. കുമ്പള, മംഗൽപ്പാടി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി.
2. ബളാൽ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി - ബാലൻസ് വർക്ക്.
3. അജാനൂർ, പള്ളിക്കര, ഉദുമ, പുല്ലൂർ പെരിയ എന്നീ പഞ്ചായത്തുകൾക്കും, ബേഡഡുക്ക പഞ്ചായത്തിലെ കൊളത്തൂർ വില്ലേജിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി.
4. തൃക്കരിപ്പൂർ, ചെറുവത്തൂർ, പീലിക്കോട്, വലിയപറമ്പ, പടന്ന പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി.
5. കുറ്റിക്കോൽ പഞ്ചായത്തിലെ കരിവേടകം വില്ലേജ്, കല്ലാർ, പനത്തടി എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി.
6. കാറഡുക്ക, കുമ്പഡജെ, ദേലംപാടി എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി.
7. കിനാനൂർ-കരിന്തളം പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി.

**അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതി**

232 (4781) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര മണ്ഡലത്തിലെ അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

കിഫ്ബി ധനസഹായത്തോടെയുള്ള അതിയന്നൂർ, കോട്ടുകാൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായ കിണറിന്റെയും സംപും, പമ്പ് ഹൗസിന്റെയും പ്രവൃത്തികൾ പൂർത്തിയായി. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. ഓരോഘടകങ്ങളിലും ഇനി പൂർത്തീകരിക്കേണ്ടവ ശതമാനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

<u>പോങ്ങിൽ ജലശുദ്ധീകരണശാലയും അനുബന്ധഘടകങ്ങളും.</u>

1. സബ്സ്റ്റേഷൻ കെട്ടിടം - 10%
2. ക്ലോറിൻ റൂം - 10%
3. ക്ലോറിനേറ്റർ - 20%

4. ട്രാൻസ്ഫോർമർ, പമ്പ് സെറ്റുകൾ തുടങ്ങിയവ വിതരണം ചെയ്ത് സ്ഥാപിക്കൽ– 20%

5. പ്രധാന കെട്ടിടം - 20%

6. ഓഫീസ് റൂം, ലാബ്, സൊല്യൂഷൻ ടാങ്ക് റൂം - 20%

7. ഫിൽട്ടർഹൗസ് - 30%

8. പൈപ്പ് ഗ്യാലറി - 50%

9. ലാമെല്ലാ ക്ലാരിഫൈയർ - 10%

10. ഫ്ളോക്കുലേറ്റർ - 10%

11. റീസൈക്ലിംഗ് യൂണിറ്റ് - 100%

12. എയ്റേറ്റർ - 80%

13. ഉപരിതല ജലസംഭരണിയുടെ നിർമ്മാണം - 65%

പിരായുംമൂട് കിണറും പമ്പ്ഹൗസും

1. റാ വാട്ടർ പമ്പ് ഹൗസ് - 10%

2. സബ്സ്റ്റേഷൻ - 75%

3. നടവഴിപ്പാലം - 20%

4. ചുറ്റുമതിൽ - 85%

5. ട്രാൻസ്ഫോർമർ, പമ്പ് സെറ്റുകൾ തുടങ്ങിയവ വിതരണം ചെയ്ത് സ്ഥാപിക്കൽ - 20%

500 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പമ്പിംഗ് മെയിൻ പൈപ്പ്‌ലൈൻ സ്ഥാപിക്കൽ- 15%

റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ - 60%

പദ്ധതി 2023 മേയ് മാസത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

ജലജീവൻ മിഷനിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതിയിൽ അതിയന്നൂർ പഞ്ചായത്തിൽ ജലവിതരണശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയുടെ 60% പൂർത്തീകരിക്കേണ്ടതുണ്ട്. കൂടാതെ കമുകിൻകോട്, തൊങ്ങൽ സ്കൂളിനടുത്ത് എന്നിവിടങ്ങളിൽ ജലസംഭരണികൾ നിർമ്മിക്കേണ്ടതുണ്ട്. കോട്ടുകാൽ പഞ്ചായത്തിൽ നൽകുന്ന ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയുടെ 63% പൂർത്തീകരിക്കേണ്ടതുണ്ട്.

കൂടാതെ കട്ടച്ചൽകുഴി തെങ്ങുഗവേഷണ കേന്ദ്രത്തിനുസമീപം ജലസംഭരണി നിർമ്മിക്കേണ്ടതുണ്ട്.

**കാരോട് കുടിവെള്ള പദ്ധതി**

233 (4782) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കാരോട് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് 86 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബി വഴി 89.189 കോടി രൂപയുടെ ഫണ്ടിംഗ് അനുമതിയും നൽകിയിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കേണ്ട വിവിധ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

1. പൊൻവിളയിൽ 16.എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല.
2. മാവിളക്കടവിൽ 9.0 മീ. വ്യാസമുള്ള കിണറും പമ്പ് ഹൗസും.

3. പൊൻവിള, ചെങ്കൽ, കുളത്തൂർ, കാരോട് എന്നിവിടങ്ങളിൽ 30, 17, 15, 10 ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികൾ.
4. റാ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈനുകൾ.
5. പൊൻവിളയിൽ ജലശുദ്ധീകരണശാലയ്ക്കടുത്തായി സബ്സ്റ്റേഷൻ കെട്ടിടം.
6. ട്രാൻസ്ഫോർമറുകളും പമ്പ് സെറ്റുകളും സ്ഥാപിക്കൽ.
7. മാവിളക്കടവിൽ നെയ്യാറിനുകുറുകെ തടയണയുടെ നിർമ്മാണം.

പദ്ധതിയുമായി ബന്ധപ്പെട്ട വിവിധഘടകങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലങ്ങൾ ലഭ്യമായതിനുശേഷം തടയണ ഒഴികെയുള്ള എല്ലാ ഘടകങ്ങളുടേയും ദർഘാസുകൾ 23-12-2021 അവസാന തീയതിയായി ക്ഷണിക്കുകയും കരാറുകാരുടെ അഭ്യർത്ഥന പരിഗണിച്ച് ദർഘാസുകൾ സമർപ്പിക്കുന്ന അവസാന തീയതി 03-01-2022- ആയി ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. 54.85 കോടി രൂപയായിരുന്നു അടങ്കൽത്തുക. പ്രസ്തുത ദർഘാസിൽ 3 കരാറുകാർ പങ്കെടുത്തു. എന്നാൽ സാങ്കേതികവും

സാമ്പത്തികവുമായ ദർഘാസ് വ്യവസ്ഥകൾ അനുസരിച്ച് യോഗ്യത ഒരു കരാറുകാരന് മാത്രമാണുണ്ടായിരുന്നത് എന്നതിനാൽ ആദ്യ ദർഘാസ് റദ്ദാക്കുകയാണുണ്ടായത്. തുടർന്ന് 22-03-2022 അവസാനതീയതിയായി അതേ അടങ്കൽതുകയ്ക്ക് പുനർദർഘാസ് ക്ഷണിക്കുകയും 24-03-2022-ന് ദർഘാസ് തുറക്കുകയും ചെയ്തു. ആദ്യ ദർഘാസിൽ യോഗ്യത നേടിയ കരാറുകാരൻ മാത്രം പുനർദർഘാസിൽ പങ്കെടുക്കുകയും അടങ്കൽ തുകയെക്കാളും 27.63% കൂടുതൽ തുക ക്വാട്ട് ചെയ്യുകയും ചെയ്തു. എന്നാൽ നിലവിലെ നിയമമനുസരിച്ച് ക്വാട്ട് ചെയ്ത തുക അല്ലെങ്കിൽ മാർക്കറ്റ് നിരക്ക് അല്ലെങ്കിൽ എസ്റ്റിമേറ്റ് നിരക്കിനെക്കാളും 10% കൂടിയ തുക ഇതിൽ ഏതാണോ കുറവ് അതിനുമാത്രമേ കരാർ അനുമതി നൽകാൻ കഴിയൂ എന്നുള്ളതിനാൽ മാർക്കറ്റ് നിരക്കിന് കരാർ നൽകുന്നതിന് തീരുമാനിക്കുകയും മാർക്കറ്റ് നിരക്കിന് പ്രസ്തുത പ്രവൃത്തി 27-04-2022-ൽ കരാറുകാരന് നൽകുകയും ചെയ്തു. വർക്ക് ഓർഡർ നൽകിയ തുക എസ്റ്റിമേറ്റ് തുകയേക്കാളും 9.76% കൂടുതലായിരുന്നു. എന്നാൽ കരാറുകാരൻ പ്രസ്തുത വർക്ക് ഓർഡർ നിരസിക്കുകയും ക്വാട്ട് ചെയ്ത തുകയ്ക്കുതന്നെ പ്രവൃത്തി

നൽകുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രൈസ്-3 സോഫ്റ്റ് വെയറിൽ പുതുക്കി നിർണ്ണയിച്ച് പുതിയ ദർഘാസ് ക്ഷണിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

മൂന്ന് മാസത്തിനുള്ളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**പുതുക്കാട് മണ്ഡലത്തിലെ ജലദൗർലഭ്യം പരിഹരിക്കാൻ നടപടി**

234 (4783) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽക്കൂടി ഒഴുകുന്ന കുറുമാലി, മണലിപ്പുഴകളിലെ നീരൊഴുക്ക് വലിയതോതിൽ കുറഞ്ഞിട്ടുള്ളതുമൂലം കടുത്ത കുടിവെള്ളക്ഷാമവും ജലസേചന അപര്യാപ്തതയും മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പുതുക്കാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളെ നിലവിൽ ബാധിച്ചിട്ടില്ല.

(ബി) ഈ ഗുരുതരമായ ജലദൗർലഭ്യം പരിഹരിക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ജലക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തുകളും കർഷക സമിതികളും ബണ്ട് നിർമ്മിക്കുന്നതുമൂലം ജലസേചനത്തിനാവശ്യമായ ജലം ലഭിക്കാറുണ്ട്. പുതുക്കാട് നിയോജകമണ്ഡലത്തിലെ പാടശേഖരങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും കർഷകരുടെ ആവശ്യാനുസരണം മൈനർ ഇറിഗേഷൻ മുഖേന വിവിധ പമ്പ് ഹൗസുകളിലൂടെ യഥാസമയം വെള്ളം പമ്പ് ചെയ്തുനൽകുന്നുണ്ട്. ഈ പമ്പിംഗ് മൺസൂൺ ആരംഭിക്കുന്നതുവരെ തുടരാറുണ്ട്. ഇതുവഴി പ്രദേശത്തെ ഭൂഗർഭ ജലവിതാനം ഉറപ്പുവരുത്തുന്നതിന് സാധിക്കും.

കൂടാതെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി മണലിപ്പുഴയ്ക്ക് കുറുകെയുള്ള പീച്ചി ഡാമിൽനിന്നും കുറുമാലിപ്പുഴയ്ക്ക് കുറുകെയുള്ള ചിമ്മിണി ഡാമിൽനിന്നും ആവശ്യാനുസരണം വെള്ളം തുറന്നുവിടുന്നുണ്ട്.

കുറുമാലിപ്പുഴയിലെ ജലലഭ്യത ഉറപ്പുവരുന്നതിന് സ്നേഹപുരം കാക്കക്കടവിൽ പുഴയ്ക്കുകുറുകെ ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വരന്തരപ്പള്ളി, മുപ്ലിയം, പാറക്കടവ്, വാരക്കാര എന്നീ കുടിവെള്ള പദ്ധതികൾക്കാവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് വരന്തരപ്പള്ളി പഞ്ചായത്തിന്റെ സഹകരണത്തോടെ താത്കാലിക തടയണ നിർമ്മിക്കുവാൻ തയ്യാറെടുക്കുന്നുണ്ട്. പുതുക്കാട്, പറപ്പൂക്കര, തൊട്ടിപ്പാൽ എന്നീ പ്രദേശങ്ങളിലെ കുടിവെള്ളസ്രോതസ്സിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് റെഗുലേറ്റർ നിലവിലുണ്ട്. ആയതിനാൽ പുതുക്കാട് മണ്ഡലത്തിൽ കുടിവെള്ള വിതരണം തടസ്സം കൂടാതെ നടത്താൻ കഴിയുമെന്ന് കരുതുന്നു.

**സുരക്ഷിതമായ കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് നടപടി**

235 (4784) ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിതമായ കുടിവെള്ളത്തിന്റെ സാർവത്രികലഭ്യത എന്നത് ജനതയുടെ അടിസ്ഥാന ആവശ്യവും മനുഷ്യാവകാശവുമാണെന്ന

യുനിസെഫിന്റെ പ്രഖ്യാപിതനയത്തോടൊപ്പം ചേർന്ന് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ?

സുരക്ഷിതമായ കുടിവെള്ളത്തിന്റെ സാർവത്രിക ലഭ്യതയ്ക്കായി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) ജല ശുദ്ധീകരണ സംവിധാനങ്ങളുടെയും വിതരണശൃംഖലയുടെയും മെച്ചപ്പെട്ട നിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ജലശുദ്ധീകരണ സംവിധാനങ്ങളുടെ മെച്ചപ്പെട്ട നിലവാരം ഉറപ്പാക്കുന്നതിനുവേണ്ടി ജല അതോറിറ്റിയുടെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളിൽനിന്നും ജലശുദ്ധീകരണശാലകളിൽനിന്നും പമ്പിംങ് സ്റ്റേഷനുകളിൽനിന്നും വിതരണ ശൃംഖലകളിൽനിന്നും നിശ്ചിത ഇടവേളകളിൽ ജല സാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ ഗുണനിലവാരം പരിശോധിച്ചുറപ്പ്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരുത്തുന്നുണ്ട്. ഇതിനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മൺസൂണിന് മുമ്പും ശേഷവും ജല ശുദ്ധീകരണശാലയുമായി ബന്ധപ്പെട്ടിട്ടുള്ള 'ഇൻടേക്ക് പോയിന്റിൽനിന്നും ജലം ശേഖരിച്ച് നെട്ടൂരിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പെസ്റ്റിസൈഡ് വിഭാഗത്തിൽ 7 ഘടകങ്ങളും ഹെവി മെറ്റൽ വിഭാഗത്തിൽ 11 ഘടകങ്ങളും മറ്റു വിഭാഗങ്ങളിലായി 25 ഘടകങ്ങളും കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം അറിയുന്നതിന് മൈക്രോബയോളജി ടെസ്റ്റുകളും നടത്തിവരുന്നുണ്ട്. ഭൗതിക/രാസ/ജൈവഘടകങ്ങൾ അനുവദനീയമായ പരിധിക്കപ്പുറം വരികയാണെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ജല ശുദ്ധീകരണശാലയുമായി ബന്ധപ്പെട്ട ഓഫീസുകളിൽ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്.

കൂടാതെ വിതരണ ശൃംഖലയിൽവരുന്ന ലീക്കുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിച്ചും പഴയ പൈപ്പുകൾ മാറ്റി സ്ഥാപിച്ചും കുടിവെള്ള വിതരണം മെച്ചപ്പെട്ടരീതിയിൽ കാര്യക്ഷമമായി നൽകിവരുന്നു.

(സി) സംസ്ഥാനത്തെ ജലവിതരണ ശൃംഖലയിലേയ്ക്ക് മലിനജലം കടക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തി ആയത് തടയുന്നതിനുവേണ്ട ആധുനിക സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ?

കുടിവെള്ള വിതരണശൃഖല ഒരു മർദ്ദാടിസ്ഥിത സിസ്റ്റത്തിലൂടെയാണ് എപ്പോഴും പ്രവർത്തിക്കുന്നത്. ആയതിനാൽ മലിനജലം അതിലേയ്ക്ക് എത്തിപ്പെടാനുള്ള സാധ്യത വിരളമാണ്. കൂടാതെ ഉത്പാദന പ്രക്രിയയിലും വിതരണ പൈപ്പിലും ഗുണനിലവാര പരിശോധന നടത്താറുണ്ട്. പൈപ്പ് ജോയിന്റ് ലീക്ക്, പൈപ്പ് പൊട്ടൽ തുടങ്ങിയ അവസ്ഥകൾ കണ്ടെത്തി അറിയിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ ഓൺലൈൻ ഗുണനിലവാര പരിശോധന സെൻസറുകളും ലഭ്യമാണ്. ഫണ്ട് ലഭ്യതയുടെ പരിധിക്കുള്ളിൽനിന്ന് ഇത്തരത്തിലുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പരീക്ഷണ/പൈലറ്റ്

അടിസ്ഥാനത്തിൽ ഇവയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

**ജലവിതരണ സംവിധാനത്തിന്റെ കാര്യക്ഷമത ഉയർത്താൻ നടപടി**

236 (4785) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ശുദ്ധജലവിതരണ സംവിധാനം നിയന്ത്രിക്കുന്നതിന് നിലവിലുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

എറണാകുളം ജില്ലയിലെ വിവിധ ജലശുദ്ധീകരണശാലകളിൽനിന്നുള്ള ശുദ്ധജലം അതത് പ്ലാന്റിനുകീഴിലെ ജലവിതരണ പ്രദേശങ്ങൾ വിവിധ സോണുകളാക്കി തിരിച്ച് വാൽവ് ക്രമീകരണത്തിലൂടെയാണ് ജലവിതരണം നിയന്ത്രിക്കുന്നത്. ജലവിതരണത്തിലുള്ള ഏറ്റക്കുറച്ചിലുകളനുസരിച്ച് പമ്പിംഗ് സമയം ക്രമീകരിച്ച് ജലം എത്തിക്കാനുള്ള ക്രമീകരണങ്ങളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ആധുനിക സാങ്കേതികവിദ്യയുപയോഗിച്ച് ജലവിതരണ സംവിധാനത്തിന്റെ കാര്യക്ഷമത ഉയർത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ആധുനിക സാങ്കേതിക സംവിധാനങ്ങളായ സ്മാർട്ട് മീറ്ററുകൾ, SCADA, leak detection unit ഓട്ടോമേഷൻ എന്നിവ ഉപയോഗിക്കുന്നതിനുള്ള നടപടികൾ വിവിധഘട്ടത്തിലാണ്.

**കുടിവെള്ള ക്ഷാമം**

237 (4786) ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിലും സമീപ പഞ്ചായത്തുകളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത കുടിവെള്ളക്ഷാമം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പശ്ചിമ കൊച്ചിയിലെ ജലവിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മുടങ്ങാതെ കുടിവെള്ളം ലഭ്യമാക്കുന്നതിനും സത്വരനടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) പശ്ചിമ കൊച്ചിയിലും സമീപ പഞ്ചായത്തുകളിലും ജലവിതരണം നടത്തുന്ന ശുദ്ധീകരണശാലയുടെ റാ വാട്ടർ പമ്പ് ഹൗസായ പാഴൂർ പമ്പ് ഹൗസിലെ കേടായ മോട്ടോർ പമ്പ് സെറ്റുകൾ രണ്ടെണ്ണത്തിന്റെയും കേടുപാടുകൾ പരിഹരിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. മൂന്നാമത്തെ മോട്ടോർ പമ്പ് സെറ്റിന്റെ കേടുപാടുകൾ ദ്രുതഗതിയിൽ പൂർത്തിയാക്കി പ്രവർത്തനം പുനഃസ്ഥാപിക്കുന്നതിനാവശ്യമായിട്ടുള്ള പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ ജില്ലാ ഭരണകൂടം, കേരള ജല അതോറിറ്റി, PWD, LSGD, പോലീസ്, MVD, ടാങ്കർ ലോറി അസോസിയേഷൻ എന്നിവ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾവഴി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫോർട്ട് കൊച്ചി വെളി, ചെല്ലാനം സെന്റ് മേരീസ് സ്കൂൾ

എന്നീ പ്രദേശത്ത് കുടിവെള്ള വിതരണത്തിന്റെ ഏകോപനത്തിനുവേണ്ടി കൺട്രോൾ റൂം സ്ഥാപിച്ചിട്ടുണ്ട്.

**കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി**

238 (4787) ശ്രീമതി ഉമ തോമസ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളമില്ലാത്ത പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നതിനാവശ്യമായ വെള്ളം ടാങ്കറുകളിൽ നിറച്ച് നൽകുന്നതിനാവശ്യമായ ഫില്ലിങ്ങ് സ്റ്റേഷനുകൾ സജ്ജമാക്കിയിട്ടുണ്ട്. പുതിയ കുടിവെള്ളപദ്ധതികൾ നടപ്പിലാക്കിയും നിലവിലുള്ള കുടിവെള്ള പൈപ്പ്ലൈനുകൾ നീട്ടിയും കുടിവെള്ളമെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. JJM, AMRUT എന്നീ പദ്ധതികളിലൂടെ ഗ്രാമീണ നഗര മേഖലകളിലെ എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കാനുള്ള

നടപടികളും പുരോഗമിക്കുന്നു. വേനൽ അതികഠിനമായി വരുന്ന സാഹചര്യത്തിൽ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ പമ്പിംഗിന്റെ സമയം വർദ്ധിപ്പിച്ചും വിതരണ പൈപ്പുകളിലെ വാൽവുകൾ ക്രമീകരിച്ചും ലീക്കുകൾ അടിയന്തരമായി പരിഹരിച്ചും ജലമോഷണവും ജലദുരുപയോഗവും കണ്ടെത്തുന്നതിന് സ്ക്വാഡ് പ്രവർത്തനം കാര്യക്ഷമമാക്കിയും വെള്ളം കുറവുള്ള പൈപ്പ്ലൈനുകൾ വെള്ളം കൂടുതലുള്ള ലൈനുകളുമായി ബന്ധിപ്പിച്ചും കുഴൽക്കിണർ വികസിപ്പിച്ച് ഈൽഡ് വർദ്ധിപ്പിച്ചും ഇൻടേക്ക് വെല്ലിനടുത്തുള്ള ചെളി നീക്കിയും താൽക്കാലിക തടയണ നിർമ്മിച്ച് പുഴയിലെ വെള്ളത്തിന്റെ അളവ് നിയന്ത്രിച്ചുമാണ് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുന്നത്.

കുടിവെള്ളമെത്തിക്കുന്നതിന്റെ ഭാഗമായി മഴവെള്ളസംഭരണം ഭൂജല പരിപോഷണം പദ്ധതിയിലുൾപ്പെടുത്തി 54 ഗ്രാമപഞ്ചായത്തുകളിലും 840 സർക്കാർ വിദ്യാലയങ്ങളിലുമായി 10699 എണ്ണം വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ സംഭരണശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. കൂടാതെ നടപ്പ് സാമ്പത്തികവർഷം 21

ഗ്രാമപഞ്ചായത്തുകളിലായി 783 മഴവെള്ള സംഭരണികളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നുണ്ട്. മഴക്കാലത്ത് പുരമുകളിൽ പെയ്തിറങ്ങുന്ന മഴവെള്ളം ശാസ്ത്രീയമായി സംഭരിച്ച് വേനൽ മാസങ്ങളിൽ ചിട്ടയോടെ ഉപയോഗിക്കുന്നതിലൂടെ അത്തരം കുടുംബങ്ങൾക്ക് കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നതിന് ഈ പദ്ധതി സഹായകരമാകുന്നുണ്ട്.

ജലനിധി പദ്ധതിയിലും മറ്റു പദ്ധതികളിലുമുൾപ്പെടുത്തി പൂർത്തീകരിച്ചതും സാമൂഹ്യ ഉടമസ്ഥതയിൽ ഗുണഭോക്താക്കൾ തന്നെ തുടർനടത്തിപ്പും പരിപാലനവും നടത്തുന്നതുമായ കുടിവെള്ള സ്കീമുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും വേണ്ടി സംസ്ഥാന സർക്കാർ കെ.ആർ.ഡബ്ല്യു.എസ്സ്.എ. മുഖേന Sustainability support to community managed water supply scheme എന്ന പേരിലുള്ള ഒരു പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

ഭൂജലവകുപ്പ് പ്ലാൻ ഫണ്ടിലുൾപ്പെടുത്തി മറ്റ് കുടിവെള്ള പദ്ധതികളൊന്നും നിലവിലില്ലാത്ത സ്ഥലങ്ങളിൽ കുടിവെള്ളം

നൽകുന്നതിനായി കുഴൽക്കിണർ/ ട്യൂബ് വെൽ ജലസ്രോതസ്സുകളായിട്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിവിധ ജില്ലകളിലായി ഈ സാമ്പത്തികവർഷം 26 പുതിയ കുടിവെള്ള പദ്ധതികളും 19 കുടിവെള്ള പദ്ധതി പുനരുദ്ധാരണവും 125 ഹാന്റ് പമ്പ് റിപ്പയറും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ അനുമതി നൽകിയിട്ടുള്ള കുടിവെള്ള പദ്ധതി പുനരുദ്ധാരണവും, 14 പുതിയ കുടിവെള്ള പദ്ധതികളും മാർച്ച് 31 നുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കും. ഈ പദ്ധതികളും മുൻകാലങ്ങളിൽ ചെയ്ത പദ്ധതികളും കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ ഒരു പരിധിവരെ കുടിവെള്ളം ലഭിക്കുന്നതിന് സഹായമാകുന്നു.

(ബി) എറണാകുളം, ആലപ്പുഴ അടക്കമുള്ള ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനം നേരിടുന്ന കുടിവെള്ളക്ഷാമത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കുടിവെള്ളക്ഷാമത്തിന് ശാശ്വതപരിഹാരം കണ്ടെത്തുന്നതിനായി ഏറ്റവും ലഭ്യതയുള്ള ജലസ്രോതസ്സുകൾ കണ്ടെത്തി പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ലീക്കുകൾ യഥാസമയം പരിഹരിച്ചും പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നടത്തിയും ആവശ്യമെങ്കിൽ പമ്പിംഗ് സമയം ദീർഘിപ്പിച്ചും കുടിവെള്ളക്ഷാമം പരിഹരിച്ചുവരുന്നു. പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയും നിലവിലുള്ളവ പുനഃരുദ്ധാരണം ചെയ്തും കുടിവെള്ളക്ഷാമത്തിന് പരിഹാരം കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂജലത്തിന്റെ അളവ് കൂട്ടുന്നതിനായി ഭൂജല സംപോഷണവും പരിപോഷണവും പദ്ധതി ജലനിധിയുടേയും ഭൂജലവകുപ്പിന്റെയും ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്.

**എറണാകുളം ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി**

239 (4788) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലെ ജലവിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തലിനായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നും വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലെ ജലവിതരണപദ്ധതികളുടെ മെച്ചപ്പെടുത്തലിനായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെയും ഇതിൽ നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുകയുടെയും ഇനം തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) എറണാകുളം ജില്ലയിലെ നഗരപ്രദേശങ്ങളിലുള്ള കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

എറണാകുളം ജില്ലയിലെ നഗരപ്രദേശങ്ങളുൾപ്പെടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി AMRUT 2.0-ൽ 226 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിലെ കുടിവെള്ള മേഖലയ്ക്കായി AMRUT-1-ൽ 130.08 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൊച്ചി കോർപ്പറേഷനിലെ വിവിധയിടങ്ങളിലെ ടാങ്കുകളുടെ നിർമ്മാണം, പൈപ്പ് മാറ്റിയിടൽ, കേടായ സർവ്വീസ് കണക്ഷൻ മാറ്റി സ്ഥാപിക്കൽ എന്നിവയുൾപ്പെടുന്നു. ഇതിൽ ഏകദേശം 80% പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവ പുരോഗമിച്ചുവരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപപ്രവൃത്തി മുഖേന കുടിവെള്ള വിതരണലൈനുകൾ സ്ഥാപിക്കുകയും കൂടാതെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നമുറയ്ക്ക് കാലപ്പഴക്കം ചെന്ന പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികളും നടപ്പിലാക്കിവരുന്നു.

കൊച്ചി കോർപ്പറേഷനിലെ കുവപ്പാടം ഉന്നതതല സംഭരണിയിലേയ്ക്ക് (18.22 LL), 600 എം.എം. വ്യാസമുള്ള പ്രത്യേക പമ്പിംഗ് മെയിൻ കരുവേലിപ്പടി പമ്പ് ഹൗസിൽനിന്നും സ്ഥാപിച്ചിട്ടുണ്ട്. കരുവേലിപ്പടി പമ്പ് ഹൗസിൽ 90 HP, 30 HP ശേഷിയുള്ള പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ കൊച്ചി കോർപ്പറേഷൻ, ആലുവ, കളമശ്ശേരി, തൃക്കാക്കര, ഏലൂർ എന്നീ 4 മുനിസിപ്പാലിറ്റികൾ കുമ്പളം, കുമ്പളങ്ങി, ചെല്ലാനം, എടത്തല, കീഴ്മാട്, ചൂർണ്ണിക്കര, വരാപ്പുഴ, ചേരാനല്ലൂർ, മുളവുകാട്, കടമക്കുടി, എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം എന്നീ 13 പഞ്ചായത്തുകൾക്കും വേണ്ടി 190 MLD കുടിവെള്ള പ്ലാന്റ് ആലുവയിൽ സ്ഥാപിക്കാനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കായുള്ള കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവുപ്രകാരം 07-02-2020-ൽ നൽകിയിട്ടുണ്ട്. ADB-യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. കൊച്ചി കോർപ്പറേഷനിൽ ആദ്യഘട്ടമായി

നടപ്പിലാക്കാനുദ്ദേശിയ്ക്കുന്ന കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിയ്ക്കലും വിപുലപ്പെടുത്തലും പത്ത് വർഷത്തേയ്ക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി ഈ പ്രവൃത്തിക്കായുള്ള ദർഘാസ് 26-04-2023-ൽ തുറക്കുന്ന രീതിയിൽ ക്ഷണിച്ചിട്ടുള്ളതാണ്. പദ്ധതിയുടെ കാലാവധി 10 വർഷമാണ്.

**കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താൻ നടപടി**

240 (4789) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൈപ്പിലൂടെയും ടാങ്കറിലൂടെയും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ പരിശോധനാസംവിധാനങ്ങളാണ് നിലവിലുള്ളതെന്ന വിശദവിവരം ലഭ്യമാക്കാമോ?

ശുദ്ധീകരിച്ച് അണുവിമുക്തമാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയ ജലമാണ് പൈപ്പിലൂടെയും ജല അതോറിറ്റിയുടെ അംഗീകൃത വെൻഡിങ് പോയിന്റുകളിൽനിന്നും ടാങ്കർ ലോറികളിലൂടെയും വിതരണത്തിനായി

നൽകുന്നത്. ജല അതോറിറ്റിയുടെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം, കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളിൽനിന്നും ജലശുദ്ധീകരണശാലകളിൽനിന്നും പമ്പിംഗ് സ്റ്റേഷനുകളിൽനിന്നും വിതരണശൃംഖലകളിൽനിന്നും നിശ്ചിത ഇടവേളകളിൽ ജല സാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ ഗുണനിലവാരം പരിശോധിച്ചുറപ്പ് വരുത്തുന്നുണ്ട്. ഇതിനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മൺസൂണിന് മുമ്പും ശേഷവും ജലശുദ്ധീകരണശാലയുമായി ബന്ധപ്പെട്ടിട്ടുള്ള 'ഇൻടേക്ക്' പോയിന്റിൽനിന്നും ജലം ശേഖരിച്ച് നെട്ടൂരിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പെസ്റ്റിസൈഡ് വിഭാഗത്തിൽ 7 ഘടകങ്ങളും ഹെവി മെറ്റൽ വിഭാഗത്തിൽ 11 ഘടകങ്ങളും മറ്റു വിഭാഗങ്ങളിലായി 25 ഘടകങ്ങളും കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം അറിയുന്നതിന് മൈക്രോബയോളജി ടെസ്റ്റുകളും നടത്തിവരുന്നുണ്ട്.

ഭൗതിക/രാസ/ജൈവഘടകങ്ങൾ അനുവദനീയമായ പരിധിക്കപ്പുറം വരികയാണെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ജലശുദ്ധീകരണശാലയുമായി ബന്ധപ്പെട്ട ഓഫീസുകളിൽ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്.

**വേനൽക്കാലത്ത് കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് നടപടി**

241 (4790) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വേനൽക്കാലത്ത് കുടിവെള്ള ലഭ്യതയില്ലാത്ത സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റി കുടിവെള്ളം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വേനൽക്കാലത്ത് കുടിവെള്ള ലഭ്യതയില്ലാത്ത സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റി കുടിവെള്ളം ലഭ്യമാക്കാൻ താഴെപ്പറയുന്ന നടപടികൾ അടിയന്തരമായി ചെയ്തുവരുന്നു.

നഗരപ്രദേശങ്ങളിലെ ലീക്കുകൾ പരിഹരിക്കുന്നതിനായി ബ്ലൂ ബ്രിഗേഡ് സംവിധാനം കാര്യക്ഷമമായി ഉപയോഗപ്പെടുത്തി ലീക്കുകൾ

പരിഹരിക്കാനും അതിലൂടെ പൊതുജനങ്ങൾക്ക് നേരിടേണ്ടിവരുന്ന ജലക്ഷാമം കുറയ്ക്കാനും നടപടി സ്വീകരിച്ചുവരുന്നു.

ഉറവിടസ്രോതസ്സുകളിലെ ജലലഭ്യത ഉയർത്തുന്നതിനായി അവയുടെ ശുചീകരണവും അറ്റകുറ്റപ്പണികളും വേനൽക്കാലത്തിന് മുന്നോടിയായി ചെയ്യുന്നു. നിലവിലെ കിണറുകളിലെ മാലിന്യങ്ങൾ നീക്കി പമ്പിംഗ് സുഗമമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു.

പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തിവരുന്നു. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിനാവശ്യമായ പുനരുദ്ധാരണപ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജലലഭ്യത ഉറപ്പാക്കുന്നുണ്ട്.

കൂടാതെ സ്രോതസ്സുകളിൽ പുതിയ തടയണ കെട്ടിയും നിലവിലെ തടയണകൾ, നീർച്ചാലുകൾ എന്നിവയിൽ അറ്റകുറ്റപ്പണി ചെയ്തും ജലലഭ്യത ഉറപ്പുവരുത്തുന്നു.

ഇറിഗേഷൻ, വൈദ്യുതി വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വൈദ്യുതി തടസ്സപ്പെടുമ്പോൾ ജലവിതരണം മുടങ്ങാതിരിക്കാൻ KSEB അധികാരികളുമായി നിരന്തരം ബന്ധപ്പെട്ടുവരുന്നു. അടിക്കടി ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു. ജലലഭ്യതയില്ലാത്ത സ്ഥലങ്ങളിൽ നിലവിലുള്ള പദ്ധതിയിൽ വേണ്ടത്ര കുടിവെള്ളം ലഭ്യമെങ്കിൽ പൈപ്പ്ലൈൻ ദീർഘിപ്പിച്ച് ജലമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വേനൽക്കാലത്തെ ജലദൗർലഭ്യം കണക്കിലെടുത്ത് വിതരണശൃംഖലകളെ പല സോണുകളായി തിരിച്ച് വാൽവുകളുൾപ്പെടെയുള്ള നിയന്ത്രണസംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വിതരണം ക്രമപ്പെടുത്തി ജലലഭ്യത എല്ലായിടത്തും ഉറപ്പാക്കുന്നു. ഇതോടൊപ്പം തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ ചുമതലയിൽ ടാങ്കറുകളിലുള്ള ജലവിതരണം സാധ്യമാക്കുന്നതിലേയ്ക്കായി ഫില്ലിംഗ് പോയിന്റുകൾ വിവിധയിടങ്ങളിൽ സജ്ജീകരിക്കുവാൻ ശ്രമിക്കുന്നതാണ്.

ജലമോഷണം, ജലദുരുപയോഗം എന്നിവ തടയാൻ പ്രത്യേക പരിശോധനകൾ നടത്തുന്നു. കൂടാതെ, പൈപ്പിലെ ചോർച്ച, കുടിവെള്ളക്ഷാമം തുടങ്ങിയ പ്രവൃത്തികൾ നിരീക്ഷിക്കുന്നതിന് സർക്കിൾ ഓഫീസ് തലത്തിൽ കൺട്രോൾ റൂം സ്ഥാപിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ ഹെഡ് ഓഫീസ് തലത്തിൽ നിരന്തരം വിലയിരുത്തി വേണ്ട പരിഹാരനടപടികൾ സ്വീകരിക്കുന്നുണ്ട്.

**ജലനിധി കുടിവെള്ള പദ്ധതി**

242 (4791) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതികളുടെ പരിപാലനവും നടത്തിപ്പും നിർവഹിക്കുന്ന ഗുണഭോക്തൃസമിതികൾ കുടിവെള്ളം പരിശോധിച്ച്

ഗുണനിലവാരം ഉറപ്പുവരുത്താറുണ്ടോ; എങ്കിൽ ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

ജലനിധി പദ്ധതികളുടെ പരിപാലനവും നടത്തിപ്പും നിർവ്വഹിക്കുന്ന ഗുണഭോക്തൃസമിതികൾ 6 മാസം കൂടുമ്പോൾ കുടിവെള്ളം പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇങ്ങനെ പരിശോധിക്കുമ്പോൾ ഗുണനിലവാര പ്രശ്നങ്ങളുണ്ടെങ്കിൽ അവ ഗുണഭോക്തൃസമിതികൾ KRWSA-യുടെ ശ്രദ്ധയിൽക്കൊണ്ടുവരാറുണ്ട്. KRWSA ഗുണഭോക്തൃസമിതി വഴി ഗുണനിലവാരപ്രശ്നങ്ങൾ വീണ്ടും പരിശോധിപ്പിച്ച് ഉറപ്പുവരുത്തി സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതിയായ Sustainability Support to Community Managed Water Supply Scheme എന്ന സുസ്ഥിരതാ പദ്ധതിയിലുൾപ്പെടുത്തി ജലഗുണനിലവാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ജലനിധി കുടിവെള്ള പദ്ധതികളുടെ ഉറവിടവും പരിസരവും മാലിന്യമുക്തമായും ഉറവിടത്തിൽ മാലിന്യം കലർന്ന ജലം

എത്തിച്ചേരാതെയും സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ മാത്രമാണ് ലോകബാങ്ക് ധനസഹായത്തോടുകൂടിയുള്ള ജലനിധി പദ്ധതികൾ KRWSA നടപ്പിലാക്കിയത്. KRWSA ഉറവിടം തെരഞ്ഞെടുക്കുന്നതിനുമുന്നോടിയായി ടി സ്രോതസ്സിലെ ജലം ഭൗതികരാസസൂക്ഷ്മാണു ജീവി ഘടകങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് സ്രോതസ്സ് നിശ്ചയിക്കുന്നത്. ഓരോ സ്രോതസ്സിൽനിന്നും ലഭിക്കുന്ന ജലത്തിന്റെ ഗുണനിലവാരമനുസരിച്ച് ആവശ്യമായ ശുദ്ധീകരണപ്രക്രിയകളും ക്ലോറിനേഷനും നടത്തി അണുവിമുക്തമാക്കിയാണ് വിതരണത്തിന് തയ്യാറാക്കുന്നത്. ജലനിധി പദ്ധതിയുടെ പരിപാലനവും തുടർനടത്തിപ്പും അതത് ഗുണഭോക്തൃ സമിതികൾക്കായതിനാൽ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാതെ സംരക്ഷണം നല്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഗുണഭോക്തൃ സമിതികൾക്ക് നൽകിയിട്ടുണ്ട്. ഓടകൾ, വീടുകൾ എന്നിവിടങ്ങളിൽനിന്നും ഒഴുകിവരുന്ന ജൈവ-അജൈവ മാലിന്യങ്ങൾ

കുടിവെള്ളസ്രോതസ്സിലെത്തിച്ചേരാതെ സംരക്ഷിക്കപ്പെടുന്നതിനാവശ്യമായ ബോധവത്ക്കരണം നടത്തിയിട്ടുണ്ട്. പദ്ധതിനിർവ്വഹണ സമയത്തുതന്നെ ഇത്തരം ജൈവ അജൈവ മാലിന്യങ്ങൾ ജലസ്രോതസ്സിൽ എത്തിച്ചേരുന്നത് തടയുന്നതിനുള്ള പ്രവൃത്തികളും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ തുടർനടത്തിപ്പും പരിപാലനവും അതത് ജനകീയ സമിതികൾതന്നെ നടത്തുന്നതിനാൽ കുടിവെള്ള സ്രോതസ്സ് വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സമിതികൾ തന്നെയാണ് നിർവ്വഹിക്കുന്നത്.

**നഗരങ്ങളിലെ കുടിവെള്ള പദ്ധതിക്ക് എ.ഡി.ബി. വായ്പ**

243 (4792) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡെവലപ്പ്മെൻറ് ബാങ്ക് വായ്പയുപയോഗിച്ച് കേരളത്തിലെ നഗരപ്രദേശങ്ങളിൽ കുടിവെള്ളപദ്ധതി നടപ്പാക്കുന്നതിന് 2017-ൽ സർക്കാർ ധാരണയിൽ എത്തിയിരുന്നോ;

(ബി) ഈ പദ്ധതിക്ക് 2018-ൽ കേന്ദ്രാനുമതിയും 2020-ൽ സംസ്ഥാന സർക്കാരിന്റെ ഭരണാനുമതിയും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ

പദ്ധതിക്കായി കൺസൾട്ടൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

(എ&ബി) ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്താനുദ്ദേശിച്ചിട്ടുള്ളതാണ്.

19-12-2017-ന് നടന്ന Department of Economic Affairs, GoI (DEA) യുടെ 78-ാമത് സ്ക്രീനിംഗ് കമ്മിറ്റി മീറ്റിംഗിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്ന് രണ്ട് ഘട്ടങ്ങളിലായി 125 ദശലക്ഷം യു.എസ്. ഡോളർ വീതമുള്ള 250 ദശലക്ഷം യു.എസ്. ഡോളറിന്റെ സാമ്പത്തിക സഹായത്തിനുള്ള മേൽപ്പറഞ്ഞ പദ്ധതി നിർദ്ദേശം DEA അംഗീകരിച്ചു.

ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവുപ്രകാരം 07-02-2020-ൽ നൽകിയിട്ടുണ്ട്. ADB യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ്

പങ്കിടുന്നത്. വിശദാംശം ഉൾപ്പെടുന്ന പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർക്കുന്നു+.

ADB മാനദണ്ഡങ്ങൾക്കനുസൃതമായി ലോൺ ഇംപ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൾട്ടന്റ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതാണ്. ഈ കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിനായി ക്ഷണിച്ച ദർഘാസ് തുറക്കുകയും തുടർനടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

(സി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഈ പദ്ധതിയുടെ കാലാവധി 10 വർഷമാണ്. ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജലവിതരണശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ജല ശുദ്ധീകരണശാലകളുടെ നവീകരണവുമാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

തിരുവനന്തപുരം നഗരത്തിലെ ജലവിതരണശൃംഖലയുടെ നവീകരണവും ജീവനക്കാർക്കുള്ള പരിശീലനം, സ്ഥാപനശാക്തീകരണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ തുടങ്ങിയ പ്രവൃത്തികൾ രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.

ADB മാനദണ്ഡങ്ങൾക്കനുസൃതമായി ലോൺ ഇംപ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൾട്ടന്റ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതാണ്. ഈ കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിനായി ക്ഷണിച്ച ദർഘാസ് തുറക്കുകയും തുടർനടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

കൊച്ചി കോർപ്പറേഷനിൽ ആദ്യഘട്ടമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജല വിതരണശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും പത്ത് വർഷത്തേയ്ക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കൂടിയുൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി ഈ പ്രവൃത്തിക്കായുള്ള ദർഘാസ് 26-04-2023-ൽ തുറക്കുന്ന രീതിയിൽ ക്ഷണിച്ചിട്ടുള്ളതാണ്.

(ഡി) പദ്ധതിക്ക് വായ്പ അനുവദിക്കുന്നതിനായി എ.ഡി.ബി. മുന്നോട്ടുവച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണ്; നിബന്ധനകൾ സംബന്ധിച്ച് രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഈ നിബന്ധനകളിൽ കുടിവെള്ള വിതരണത്തിന്റെയും വെള്ളക്കരം പിരിക്കുന്നതിന്റെയും വെള്ളക്കരം വർദ്ധിപ്പിക്കുന്നതിന്റെയും പൂർണ്ണചുമതല സ്വകാര്യകമ്പനിക്ക് കൈമാറണമെന്ന് വ്യവസ്ഥചെയ്തിട്ടുണ്ടോ?

(ഡി&ഇ) വായ്പാവ്യവസ്ഥകളനുസരിച്ച് കുറഞ്ഞത് 30% പ്രവൃത്തികളെങ്കിലും ദർഘാസ് നടപടികൾ പൂർത്തിയാക്കി അവാർഡ് ചെയ്യുന്ന ഘട്ടമെത്തിയാൽ മാത്രമേ കേരള സർക്കാരിനും കേന്ദ്ര സർക്കാരിനും ADB- യുമായി വായ്പാചർച്ചകളിലേയ്ക്ക് കടക്കാൻ കഴിയൂ.

ഡിസൈൻ, ബിൽഡ്, ഓപ്പറേറ്റ് & മെയിന്റനൻസ് (DBO&M) വ്യവസ്ഥയിൽ പത്ത് വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ആദ്യത്തെ 7 വർഷംകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രവൃത്തി കരാറുകാരൻ

ഏറ്റെടുക്കുന്നത് മുതൽ പത്ത് വർഷം പദ്ധതി പ്രദേശത്തെ ഓപ്പറേഷൻ & മെയിന്റനൻസ് പൂർണമായും ഈ പ്രവൃത്തിയേറ്റെടുക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.

ഈ പദ്ധതിയിൽ കുടിവെള്ളവിതരണത്തിന്റെ ചുമതല കരാറെടുക്കുന്ന കമ്പനിക്ക് ആയിരിക്കുമെങ്കിൽ തന്നെയും മീറ്റർ റീഡിങ് എടുക്കൽ, റവന്യൂ പിരിക്കൽ, ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകൽ എന്നിവ കേരള ജല അതോറിറ്റി നിർവഹിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) പദ്ധതിക്കായി ലഭിക്കുന്ന വായ്പാതുകയും സർക്കാർ വിഹിതവും എത്ര രൂപ വീതം ആയിരിക്കുമെന്ന് അറിയിക്കുമോ; എത്ര ശതമാനം പലിശനിരക്കിലാണ് വായ്പ ലഭ്യമാകുകയെന്നും വ്യക്തമാക്കുമോ?

ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവുപ്രകാരം 07-02-2020-ൽ ലഭ്യമാക്കിയിട്ടുണ്ട്. ADB-യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് ഈ പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. ഇതിനനുസരിച്ച് 1757.70 കോടി രൂപ ADB

വായ്പയായും 753.30 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായും ഉൾപ്പെടുത്തിയിരിക്കുന്നു.

വായ്പാവ്യവസ്ഥകളനുസരിച്ച് കുറഞ്ഞത് 30% പ്രവൃത്തികളെങ്കിലും ദർഘാസ് നടപടികൾ പൂർത്തിയാക്കി അവാർഡ് ചെയ്യുന്ന ഘട്ടമെത്തിയാൽ മാത്രമേ കേരള സർക്കാരിനും കേന്ദ്ര സർക്കാരിനും (DEA), ADB-യുമായി വായ്പാ ചർച്ചകളിലേയ്ക്ക് (ലോൺ നെഗോസിയേഷൻ) കടക്കാൻ കഴിയൂ. കേന്ദ്ര സർക്കാരും കേരള സർക്കാരും ADB-യുമായി ലോൺ നെഗോസിയേഷൻ ചർച്ചകളിലേയ്ക്ക് കടന്നാൽ മാത്രമേ അന്തിമമായി പലിശനിരക്ക് തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

**കടമ്പ്രയാറിൽനിന്ന് ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തി**

244 (4793) **ശ്രീ. പി. വി. ശ്രീനിജിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ കടമ്പ്രയാറിൽനിന്ന് ചെളിയും മണലും നീക്കംചെയ്യുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ?

കടമ്പ്രയാറിൽനിന്ന് ചെളിയും എക്കലും നീക്കംചെയ്യുന്ന പ്രവൃത്തി ഓപ്പറേഷൻ വാഹിനിയിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. Operation Vahini - Desilting and removal of water hyacinth in Kadambrayar from Brahmapuram bridge to Mancherykuzhy bridge. Rs.10,24,475/-

2. Operation Vahini- Desilting and removal of water hyacinth in Kadambrayar from Macherykuzhy bridge to Manakkakadavu bridge Rs.11,99,250/-

3. Operation Vahini- Desilting & removal of water hyacinth of Padathikkara- Kadambrayar thodu in Puthen cruze and Kunnathunadu Panchayath. Rs.6,80,000/-

(ബി) പ്രസ്തുത പ്രവൃത്തിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിക്കായി 29,03,725/- രൂപ വകയിരുത്തിയിട്ടുണ്ട്.

**നദികളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിന് നടപടി**

245 (4794) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെത്തുടർന്ന് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുകയും ഗതിമാറി ഒഴുകുകയും ചെയ്ത നദികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത നദികളിലെ നീരൊഴുക്ക് സ്വാഭാവികവും സുഗമവുമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇപ്രകാരം പൂർവ്വസ്ഥിതിയിലാക്കാൻ സാധിക്കാത്ത നദികൾ ഇനിയുമുണ്ടോയെന്നും വിശദമാക്കുമോ?

(എ&ബി) പ്രളയാനന്തരം കേരളത്തിലെ 43 നദികളിലും (കല്ലായി ഒഴികെ) അവയുടെ കൈവഴികളിലും അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കംചെയ്ത് നദികളുടെ സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിന്റെ ഭാഗമായി പ്രാരംഭഘട്ടമെന്ന നിലയിൽ

നാളിതുവരെ 98,35,939.41 $m^3$ ചെളിയും എക്കലും നീക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ആകെ 63.28 കോടി രൂപ ചെലവ് കണക്കാക്കുന്നു.

**കേരള വാട്ടർ അതോറിറ്റിയിൽ തീർപ്പാക്കാനവശേഷിക്കുന്ന ഫയലുകൾ**

246 (4795) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ വിവിധ തസ്തികകൾ കാലാനുസൃതമായി പരിവർത്തനം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്. ഇതിനുള്ള ചർച്ചകൾ നടന്നുവരുന്നു.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ തീർപ്പാക്കാനവശേഷിക്കുന്ന ഫയലുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

നിലവിൽ 8897 ഫയലുകൾ തീർപ്പാക്കാനുണ്ട്.

**വാട്ടർ അതോറിറ്റിയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ**

247 (4796) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലും അനുവദനീയമായ എത്ര തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലും 52 വീതം അനുവദനീയമായ തസ്തികകളാണുള്ളത്.

(ബി) വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ; അവയിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്നും എത്രയെണ്ണം റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കുമോ?

നിലവിലുള്ള ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞു.

(സി) വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ എത്രപേർ താൽക്കാലിക/ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ?

വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ താൽക്കാലിക/ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ആരും ജോലി ചെയ്യുന്നില്ല.

(ഡി) വാട്ടർ അതോറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് ഒടുവിലായി പ്രൊമോഷൻ നടപടികൾ പൂർത്തിയാക്കിയത് എന്നാണെന്ന് വ്യക്തമാക്കുമോ; എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് 2023-ൽ നടത്തേണ്ട പ്രൊമോഷൻ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

വാട്ടർ അതോറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് ഒടുവിലായി പ്രൊമോഷൻ നടപടികൾ പൂർത്തിയാക്കിയത് 20-09-2022-ലാണ്.

യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് യോഗ്യരായ എൽ.ഡി. ടൈപ്പിസ്റ്റുകൾ ആരും നിലവിലില്ല. നിലവിലെ എൽ.ഡി. ടൈപ്പിസ്റ്റ്

തസ്തികയിലുള്ളവരുടെ നിരീക്ഷണകാലം പൂർത്തിയാക്കുന്നമുറയ്ക്ക് പ്രൊമോഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിലുള്ള ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞു.

**കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

248 (4797) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-07-2019 മുതൽ മുൻകാല പ്രാബല്യത്തോടെയുള്ള പതിനൊന്നാം ശമ്പളപരിഷ്കരണം കേരള വാട്ടർ അതോറിറ്റി ജീവനക്കാർക്കും അനുവദിക്കുന്നതിന് മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്ന് കൂടിയ മന്ത്രിസഭാ യോഗത്തിലാണ് പ്രസ്തുത തീരുമാനമെടുത്തതെന്ന് വ്യക്തമാക്കുമോ?

01-07-2019 മുതൽ മുൻകാല പ്രാബല്യത്തോടെയുള്ള പതിനൊന്നാം ശമ്പളപരിഷ്കരണം കേരള വാട്ടർ അതോറിറ്റി ജീവനക്കാർക്ക് നിലവിൽ വന്നിട്ടുണ്ട്. 24-08-2022-ൽ കൂടിയ മന്ത്രിസഭായോഗത്തിലാണ് തീരുമാനമെടുത്തത്.

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകിയതുപോലെ 01-07-2019-ലെ അടിസ്ഥാന ശമ്പളത്തെ 1.38 കൊണ്ട് ഗുണിച്ച് പുതിയ സ്കെയിലിലെ അടുത്ത സ്റ്റേജിൽ ശമ്പളം നിർണ്ണയിക്കുന്നതിനാണോ അനുമതി നൽകിയിരുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെ 11-ാം ശമ്പളപരിഷ്കരണത്തിന് അനുവദിച്ച മാസ്റ്റർ സ്കെയിലിന്റെ പരിധിയിൽ നിർത്തിക്കൊണ്ടുള്ള ശമ്പളസ്കെയിലുകൾ ഉൾപ്പെടുന്ന ശമ്പളപരിഷ്കരണമാണ് കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചുനൽകിയത്.

(സി) ഇതുസംബന്ധിച്ച സർക്കാർ ഉത്തരവ് എന്നാണ് പുറത്തിറക്കിയതെന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

25-10-2022-ലെ ജി.ഒ.(പി)നം.23/2022/WRD സർക്കാർ ഉത്തരവുപ്രകാരമാണ് പുറത്തിറങ്ങിയത്. ഇതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ഡി) ഉത്തരവിൽ ക്രമനമ്പർ 19 മുതലുള്ള സ്കെയിലുകൾക്ക് 1.38-ന് പകരം 1.33 എന്ന നിലയിൽ ശമ്പളം പുതുക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത് എന്ത് കാരണത്താലാണെന്ന് വ്യക്തമാക്കുമോ; ഇത്തരത്തിൽ ചില സ്കെയിലുകൾക്ക് മാത്രം കുറഞ്ഞനിരക്കിൽ ശമ്പളം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശം ആരുടേതാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെ 11-ാം ശമ്പളപരിഷ്കരണത്തിന് അനുവദിച്ച മാസ്റ്റർ സ്കെയിലിന്റെ പരിധിയിൽ നിർത്തിക്കൊണ്ടുള്ള ശമ്പളസ്കെയിലുകൾ ഉൾപ്പെടുന്ന ശമ്പളപരിഷ്കരണമാണ് കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചുനൽകിയത്.

(ഇ) ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശയനുസരിച്ച് എല്ലാ ജീവനക്കാർക്കും 1.38 എന്ന തത്വത്തിൽ ശമ്പളപരിഷ്കരണം

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിക്കപ്പെടുന്നതിനായി പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പരിഷ്കരണ നിവേദനങ്ങൾ പരിശോധിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ ഒരു അനോമലി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(എഫ്) ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന് സംസ്ഥാന ധനവകുപ്പ് എന്തെങ്കിലും നിബന്ധനകൾ വച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന് സംസ്ഥാന ധനവകുപ്പ് ശിപാർശ ചെയ്ത നിബന്ധനകൾക്കനുസൃതമായാണ് കേരള വാട്ടർ അതോറിറ്റിയിലെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായത്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്+.

**കേരള വാട്ടർ അതോറിറ്റി നൽകിയ വാട്ടർ കണക്ഷനുകൾ**

249 (4798) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ കേരള വാട്ടർ അതോറിറ്റി നൽകിയ ഗാർഹികേതര കണക്ഷനുകളുടെ ആകെ എണ്ണവും വ്യാവസായിക

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവശ്യങ്ങൾക്കായുള്ള കണക്ഷനുകളുടെ എണ്ണവും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

2016 മുതൽ നാളിതുവരെ കേരള വാട്ടർ അതോറിറ്റി നൽകിയ ഗാർഹികേതര കണക്ഷനുകളുടെയും വ്യാവസായികാവശ്യങ്ങൾക്കായുള്ള കണക്ഷനുകളുടെയും സാമ്പത്തികവർഷം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**കേരള വാട്ടർ അതോറിറ്റി കുടിശികയിനത്തിൽ നൽകാനുള്ള തുക**

250 (4799) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം വർദ്ധിപ്പിച്ചതിലൂടെ പ്രതിവർഷം എത്ര രൂപയാണ് അധികം സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്?

വെള്ളക്കരം ലിറ്ററിന് ഒരു പൈസ നിരക്കിൽ വർദ്ധിപ്പിച്ചതിലൂടെ 401.61 കോടി രൂപയുടെ അധിക വാർഷികവരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി ചാർജ്ജിനത്തിൽ നൽകാനുള്ള കുടിശ്ശികയും കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികയും ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള ആനുകൂല്യവുമുൾപ്പെടെ കേരള വാട്ടർ അതോറിറ്റിക്ക് എത്ര തുകയാണ് കുടിശ്ശികയുള്ളത്?

കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി ചാർജ്ജിനത്തിൽ നൽകാനുള്ള കുടിശ്ശികയും ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള ആനുകൂല്യവുമുൾപ്പെടെ കേരള വാട്ടർ അതോറിറ്റി 31-01-2023 വരെ 2,613.12 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക 31-01-2023 വരെ 145.09 കോടി രൂപയാണ്.

(സി) കേരള വാട്ടർ അതോറിറ്റിക്ക് നിലവിലുള്ള കുടിശിക തീർപ്പാക്കിയതിനുശേഷം വെള്ളക്കരം വർദ്ധിപ്പിച്ചതുവഴി അടുത്ത മൂന്ന് വർഷം കൊണ്ട് സമാഹരിക്കാൻ കഴിയുന്ന തുകയെത്രയാണ്; പ്രസ്തുത തുകയിൽ എത്ര നീക്കിയിരിപ്പുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ് വർദ്ധിപ്പിച്ചതിലൂടെ ലഭിക്കുന്ന അധികതുക നോൺ പ്ലാൻ ഗ്രാന്റിനത്തിൽ സർക്കാർ നൽകേണ്ടിയിരുന്ന തുകയായ 644.91 കോടി രൂപ (2023-2024 സാമ്പത്തിക വർഷത്തേയ്ക്ക് ആവശ്യപ്പെട്ട തുക 998.07 കോടി അനുവദിച്ച തുക 353.16 കോടി) യേക്കാൾ കുറവാണ്. ആയതിനാൽ പ്രസ്തുത അധികവരുമാനത്തിൽ നീക്കിയിരുപ്പ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല. ആയിരം ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് 22.85 രൂപ ചെലവാകുന്നുണ്ട്. എന്നാൽ ലഭിക്കുന്ന ശരാശരി വരുമാനം 10.92 രൂപയാണ്. (ചാർജ് വർദ്ധനവിനുമുമ്പ്) അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ 11.93 രൂപയുടെ നഷ്ടം വരുന്നു. 03-02-2023-ലെ വർദ്ധനവനുസരിച്ച് ആയിരം ലിറ്ററിന് പത്ത് രൂപയാണ് വർദ്ധിക്കുന്നത് അപ്പോഴും ചെലവിനേക്കാൾ കുറഞ്ഞതുകയാണ് ലഭിക്കാൻ പോകുന്നത്. ജലശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞനിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി വാട്ടർ അതോറിറ്റിക്ക് നഷ്ടമാണ് പ്രതിവർഷം ഉണ്ടാകുന്നത്. ഒരു വർഷം

അധികമായി പ്രതീക്ഷിക്കുന്ന വരുമാനം ആ വർഷത്തെ ചെലവുകൾക്കുതന്നെ തികയാത്ത സാഹചര്യത്തിൽ സർപ്ലസ് തുക പ്രതീക്ഷിക്കുന്നില്ല.

**കേരളാ വാട്ടർ അതോറിറ്റിയിലെ എച്ച്.ആർ. ജീവനക്കാരുടെ വേതനം**

251 (4800) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ എച്ച്.ആർ. വിഭാഗം കരാർ ജീവനക്കാർ ഏതൊക്കെ വിഭാഗങ്ങളിലാണ് ജോലി ചെയ്യുന്നതെന്നും ഇവരുടെ ദിവസവേതനം എത്രയാണെന്നും അറിയിക്കാമോ?

കേരള വാട്ടർ അതോറിറ്റിയിൽ കരാറുകാർ നൽകുന്ന തൊഴിലാളികൾ ജോലിനോക്കുന്ന വിഭാഗങ്ങളും നൽകിവരുന്ന ദിവസവേതനവും അനുബന്ധമായി ചേർത്തിട്ടുണ്ട്+. മീറ്റർ റീഡർമാർക്ക് എടുക്കുന്ന റീഡിംഗിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകിവരുന്നത്. (വേതനത്തിൽ കരാറനുസരിച്ച് വ്യത്യാസങ്ങളുണ്ടാകാറുണ്ട്).

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ജീവനക്കാരുടെ ദിവസവേതനം നിശ്ചയിക്കുന്നത് സർക്കാർ നൽകുന്ന ദിവസവേതനാടിസ്ഥാനത്തിലാണോ; അല്ലെങ്കിൽ പി.ഡബ്ല്യു.ഡി. കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന എസ്.ഒ.ആർ. പ്രകാരമാണോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത ജീവനക്കാർക്ക് ഏത് വർഷത്തെ നിരക്കുപ്രകാരമാണ് വേതനം നൽകുന്നതെന്ന് വ്യക്തമാക്കാമോ; ഇവർക്ക് വേതനം നൽകുന്ന സംവിധാനം എങ്ങനെയാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) 2020 ഏപ്രിൽ മാസം മുതൽ വാട്ടർ അതോറിറ്റി ബോർഡ് തീരുമാനപ്രകാരം PWD SOR 2012 പ്രകാരമുള്ള തുകയിൽ 25% ഇടക്കാലവർദ്ധന വരുത്തിയാണ് ദിവസവേതനം നൽകിവരുന്നത്.

MARCH (Monitoring Accounting and Reporting by Centralized HR system) സോഫ്റ്റ്‌വെയറിൽ ഡ്യൂട്ടി രേഖപ്പെടുത്തി ബന്ധപ്പെട്ട ഓഫീസുകളിൽ അംഗീകരിച്ച് ഹെഡ് ഓഫീസിലേയ്ക്ക് സമർപ്പിക്കുന്നു. ഹെഡ് ഓഫീസിൽ MARCH സോഫ്റ്റ്‌വെയറിലെ എൻട്രികൾ പരിശോധിച്ച് HR വേതനം അനുവദിക്കുന്നു.

(ഡി) വാട്ടർ അതോറിറ്റിയിൽ മറ്റേതെങ്കിലും കരാർ ജീവനക്കാർക്ക്/ദിവസവേതനക്കാർക്ക് എച്ച്.ആർ. കരാർ ജീവനക്കാരെക്കാൾ ഉയർന്ന ദിവസവേതനം നൽകുന്നുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗക്കാർക്ക് എത്ര തുക വീതമാണെന്നും ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത വേതനം നൽകുന്നതെന്നും അറിയിക്കാമോ?

കരാറുകാരുടെ ജീവനക്കാർക്ക് കരാറനുസരിച്ചുള്ള തുകയാണ് നൽകുന്നത്.

(ഇ) പ്രസ്തുത ജീവനക്കാരുടെ വേതനം ബാങ്ക് അക്കൗണ്ടിലൂടെ നൽകാൻ നടപടി സ്വീകരിക്കുമോ; എല്ലാ മാസവും ഹെഡ് ഓഫീസിൽ നിന്നും അനുവദിക്കുന്ന ഫണ്ട് അടുത്ത 5 പ്രവൃത്തിദിവസങ്ങൾക്കുള്ളിൽ എല്ലാ സബ് ഡിവിഷനുകളിലും വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്?

എച്ച്.ആർ. ശമ്പളം, അതോറിറ്റിയുമായി കരാറിലേർപ്പെട്ട കരാറുകാരനാണ് നൽകുന്നത്. എല്ലാ മാസവും ഹെഡ്ഓഫീസിൽനിന്നും അനുവദിക്കുന്ന ഫണ്ട് പരിശോധനകൾക്കുശേഷം താമസംവിനാ

നൽകുന്നുണ്ട്. എന്നിരുന്നാലും ടി തുക കരാറുകാരന് എത്രയുംവേഗം നൽകുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

(എഫ്) എച്ച്.ആർ. ജീവനക്കാരുടെ വേതനത്തിൽനിന്നും ജി.എസ്.ടി. ടാക്സുകൾ കോൺട്രാക്ടർമാർ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ടാക്സ് ഈടാക്കേണ്ട സാഹചര്യം വ്യക്തമാക്കാമോ; ഇത് ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കരാറുകാർ മുഖേന ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കരാർ അനുസൃതമായുള്ള വേതനമാണ് കരാറുകാരന് വാട്ടർ അതോറിറ്റി നൽകുന്നത്. അതിൽ കരാറുകാരൻ എത്ര രൂപയാണ് തൊഴിലാളികൾക്ക് നൽകുന്നത് എന്നത് സംബന്ധിച്ച് കൂടുതൽ വിവരം വ്യക്തമല്ല.

**വാട്ടർ അതോറിറ്റി ജീവനക്കാരുടെ വേതനവ്യവസ്ഥകൾ**

252 (4801) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളപരിഷ്കരണ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം 25-10-2022-ലെ സ.ഉ.(പി) നം.23/2022/ജവിവ പ്രകാരം നടപ്പാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. പരിഷ്കരണ അപാകതകൾ പരിശോധിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ ഒരു അനോമലി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണം ജവി/സി2/197/2021-ജവിവ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

**പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് വർദ്ധനവ്**

253 (4802) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി   സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ ചാർജ്ജ് വർദ്ധനവ് പൊതുടാപ്പുകൾക്ക് ഏത് രീതിയിലാണ് ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പഞ്ചായത്തുപ്രദേശത്ത് ഒരു ടാപ്പിൽ കൂടി ഒരു ദിവസം ഒരു മിനിട്ടിൽ 5 ലിറ്റർ ജലം എന്ന കണക്കിൽ 8 മണിക്കൂർ വച്ച് ജലം വിതരണം ചെയ്യുന്നതായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. അപ്രകാരം ഒരു ദിവസം 2400 ലിറ്റർ (2.4 കിലോ ലിറ്റർ) ജലം വിതരണം ചെയ്യുന്നുവെന്ന കണക്ക് പ്രകാരമാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശത്തെ ഒരു ടാപ്പിൽ കൂടി ഒരു മിനിട്ടിൽ 5 ലിറ്റർ ജലമെന്ന കണക്കിൽ ഒരു ദിവസം 12 മണിക്കൂർ ജലം വിതരണം ചെയ്യുന്നുവെന്ന രീതിയിലാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. അപ്രകാരം ഒരു ദിവസം 3600 ലിറ്റർ (3.6 കിലോ ലിറ്റർ) വിതരണം ചെയ്യുന്നുവെന്ന കണക്കുപ്രകാരമാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.

അപ്രകാരം ഒരു ലിറ്ററിന് ഒരു പൈസ വീതം വർദ്ധിപ്പിച്ചപ്പോൾ പ്രതിവർഷം കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പൊതുടാപ്പുകളുടെ വാട്ടർ

ചാർജ്ജ് ഒരു ടാപ്പിന് 21,838.68 രൂപയും പഞ്ചായത്തുകളുടെ പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഒരു ടാപ്പിന് 14,559.12 രൂപയും എന്ന രീതിയിലാണ് ഈടാക്കുന്നത്.

(ബി) പ്രസ്തുത ചാർജ്ജ് വർദ്ധനവിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുടാപ്പുകളുടെ എണ്ണം വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വാട്ടർ അതോറിറ്റിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്നുനടത്തുന്ന സംയുക്ത പരിശോധനയ്ക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നമുറയ്ക്കോ ഡിസ്കണക്ഷൻ ഫീസ് ജല അതോറിറ്റിക്ക് ഒടുക്കിയാണ് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുവാനുള്ള നടപടികളിലേയ്ക്ക് കടക്കുന്നത്.

**വാട്ടർ അതോറിട്ടി ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം**

254 (4803) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റി ജീവനക്കാർക്ക് 01-07-2019 മുതൽ മുൻകാലപ്രാബല്യത്തോടെ നടപ്പിലാക്കിയ ശമ്പളപരിഷ്കരണത്തിൽ ശമ്പളസ്കെയിലുകളിൽ ഘടനാപരമായ പിശക് സംഭവിച്ചിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഘടനാപരമായ പിശക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജല അതോറിറ്റിയിൽ പത്താം ശമ്പളപരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ ശമ്പള ഘടനയനുസരിച്ച് സമാന സർക്കാർ മേഖലയിലെ ജീവനക്കാരെക്കാൾ അധികരിച്ച സ്കെയിലുകൾ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. പൊതുമരാമത്ത്, ജലസേചനം പോലുള്ള വകുപ്പുകളിലെ പത്താം ശമ്പളപരിഷ്കരണവുമായി താരതമ്യം ചെയ്യുമ്പോൾ ഏതാനും ചില തസ്തികകളിൽ മാത്രമാണ് അധികരിച്ച സ്കെയിലുകൾ നൽകിയിട്ടുള്ളത്.

(സി) എങ്കിൽ പതിനൊന്നാമത് ശമ്പളപരിഷ്കരണ ഉത്തരവിൽ പ്രസ്തുത സ്കെയിലുകൾ സമാനമായ സർക്കാർ മേഖലയിലെ സ്കെയിലുകളെക്കാൾ

കുറവുവരുത്തിയത് എന്തെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇതൊരു വിവേചനമായി കരുതുന്നുണ്ടോ?

സമാനമേഖലകളിലെ തസ്തികകളുമായി വിവിധ ശമ്പളപരിഷ്കരണ ഉത്തരവുകളിൽ ഏറ്റക്കുറച്ചിലുകളുണ്ടാകുന്നത് സ്വാഭാവികം മാത്രമാണ്. ഇതൊരു വിവേചനമല്ല.

(ഡി) 24-08-2022-ലെ മന്ത്രിസഭാ തീരുമാനത്തിൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ച നിബന്ധനകൾക്ക് വിധേയമായി എന്ന പ്രയോഗത്തിലെ നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ധനകാര്യ വകുപ്പ് നിർദ്ദേശിച്ച നിബന്ധനകൾക്കനുസൃതമായും ഭരണവകുപ്പ് സൂക്ഷ്മമായ പരിശോധന നടത്തിയുമാണ് കേരളാ വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് 25-10-2022-ലെ സ.ഉ.(പി)നം. 23/2022/ജ.വി.വ. പ്രകാരം ഉത്തരവായിട്ടുള്ളത്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ഇ) പ്രസ്തുത തീരുമാനത്തിൽ സാമ്പത്തിക ആനുകൂല്യങ്ങൾ എന്ന പ്രയോഗത്തിലൂടെ എന്താണ് സർക്കാർ ഉദ്ദേശിച്ചതെന്ന് വിശദമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

25-10-2022-ലെ സ.ഉ.(പി)നം.23/2022/ ജ.വി.വ. പ്രകാരം കേരളാ വാട്ടർ അതോറിറ്റി ജീവനക്കാർക്ക് 01-07-2019 പ്രാബല്യത്തിൽ പതിനൊന്നാം ശമ്പളപരിഷ്കരണം നടപ്പാക്കിയിട്ടുണ്ട്. പണമായി സെപ്തംബർ 2022 മുതൽ നൽകാനും 01-07-2019 മുതൽ 31-08-2022 വരെയുള്ള ശമ്പളപരിഷ്കരണ കുടിശ്ശിക നാലു തുല്യഗഡുക്കളായി (01-04-2023, 01-10-2023, 01-04-2024, 01-10-2024) പി.എഫ്. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുവാനും ഉത്തരവായിട്ടുണ്ട്.

(എഫ്) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്കരണ കമ്മീഷൻ ശിപാർശ (പാർട്ട്-4) എന്തെങ്കിലും ഭേദഗതി വരുത്തിയാണോ മന്ത്രിസഭ അംഗീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ജി) പൊതുഭരണം, ജലവിഭവം, ധനകാര്യം എന്നീ വകുപ്പുകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ നൽകിയ ശിപാർശ പ്രകാരം ശമ്പളഘടനയിൽ ഭേദഗതി വരുത്തിയത് എവിടെയാണെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

(എഫ്&ജി) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളപരിഷ്കരണ ശിപാർശയിന്മേൽ സൂക്ഷ്മമായും വിദഗ്ധമായും പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ ഭേദഗതികളോടുകൂടിയാണ് കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളപരിഷ്കരണം അനുവദിച്ചുനൽകിയത്.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിലെ മാസ്റ്റർ സ്കെയിലിലെ പരിധിയിൽ നിർത്തിക്കൊണ്ടുള്ള ശമ്പളസ്കെയിലുകൾ ഉൾപ്പെടുന്ന ശമ്പളപരിഷ്കരണമാണ് കേരളാ വാട്ടർ അതോറിറ്റി ജീവനക്കാർക്ക് അനുവദിച്ചിരിക്കുന്നത്.

**ജലജീവൻ മിഷൻ**

255 (4804) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലജീവൻ മിഷന്റെ ഭാഗമായി പൊതുമരാമത്ത് റോഡ് കട്ടിംഗിന് ശേഷമുള്ള പുനർനിർമ്മാണ പ്രവൃത്തികൾക്ക് കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി റോഡ് ഗതാഗത

യോഗ്യമാക്കി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലജീവൻ മിഷന്റെ ഭാഗമായി റോഡ് കട്ടിംഗിനായി ബന്ധപ്പെട്ട വകുപ്പിൽനിന്നും അനുമതി ലഭിച്ചതിനുശേഷം മാത്രമാണ് പൈപ്പിടുന്നതിനായി റോഡ് കുഴിക്കുന്നത്. കേരളാ വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും സംയുക്തമായി കോ-ഓർഡിനേഷൻ കമ്മിറ്റി (DICC) നിലവിലുണ്ട്. ഈ കമ്മിറ്റി എല്ലാ മാസവും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരാറുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പും ജല അതോറിറ്റിയും സംയുക്തമായി കൈകാര്യം ചെയ്യുന്ന റോപോർട്ടലും സുഗമപോർട്ടലും നിലവിലുണ്ട്. വാട്ടർ അതോറിറ്റി പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിതരണകുഴലുകൾ സ്ഥാപിക്കേണ്ട റോഡുകളുടെ വിശദാംശങ്ങൾ റോപോർട്ടൽ വഴി പൊതുമരാമത്ത് വകുപ്പിനെ അറിയിക്കുന്നുണ്ട്. തുടർന്ന് പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന തുക വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും അനുമതി ലഭ്യമാക്കുകയും ചെയ്യുന്നു. ഇപ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അനുമതി

ലഭിച്ചതിനുശേഷമാണ് പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡ് കുഴിക്കുന്നത്. എന്നാൽ 24-02-2022-ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(MS) No.8/2022/PWD പ്രകാരം പൊതുമരാമത്ത് റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന അറ്റകുറ്റപണികൾ നടത്തി പുനരുദ്ധാരണം നടത്തേണ്ടത് കേരള വാട്ടർ അതോറിറ്റിയാണ്. ആയതിനാൽ പ്രസ്തുത തീയതിക്കുശേഷം നടപ്പിലാക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ടുള്ള പുനരുദ്ധാരണപ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ കേരളാ വാട്ടർ അതോറിറ്റി നേരിട്ടുചെയ്യുന്ന വിധത്തിലാണ് നടപ്പിലാക്കുന്നത്. നിലവിൽ 14-02-2023-ലെ സർക്കാർ ഉത്തരവ് നം. G.O.(MS) No.11/2022/PWD പ്രകാരം പുതുക്കി വിശദമായ മാർഗ്ഗനിർദ്ദേശം ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. ഇതുപ്രകാരവും പൈപ്പുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന അറ്റകുറ്റപണികൾ നടത്തി പുനരുദ്ധാരണം നടത്തേണ്ടത് കേരളാ വാട്ടർ അതോറിറ്റിയാണ്.

കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള റോഡ്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുനരുദ്ധാരണ പ്രവൃത്തികൾ കാലതാമസമില്ലാതെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പും കേരളാ വാട്ടർ അതോറിറ്റിയും സംയുക്തമായി സ്വീകരിക്കുന്നതാണ്. ഇതിനായി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലും സർക്കാർതലത്തിലും ആവശ്യമായ അവലോകനയോഗങ്ങൾ നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ഭൂമിയുടെ വാല്യൂവേഷൻ തുക വർദ്ധിപ്പിക്കുന്നതിന് നടപടി**

256 (4805) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷന്റെ ഭാഗമായി കുളങ്ങൾ, ടാങ്കുകൾ എന്നിവ നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുമ്പോൾ വാല്യൂവേഷൻ കുറവായതിനാൽ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാല്യുവേഷൻ തുക 100 ശതമാനം വരെ വർദ്ധിപ്പിക്കുന്നതിന് കളക്ടർമാർക്ക് പ്രത്യേക അധികാരം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ വിശദാംശവും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

(ബി&സി) വാല്യുവേഷൻ തുക 100 ശതമാനം വരെ വർദ്ധിപ്പിക്കുന്നതിന് കളക്ടർമാർക്ക് പ്രത്യേക അധികാരം നൽകുന്നത് സംബന്ധിച്ച ശിപാർശയൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ജലജീവൻ പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കൽ വേഗത്തിലാക്കുന്നതിനായി ജില്ലാ കളക്ടർ അംഗമായ DLFC (District Level Fair Compensation Committee)-ൽ വച്ച് പരിശോധിച്ച് SLEC (State Level Empowered Committee)-യുടെ അംഗീകാരത്തോടെ ഭൂമിയേറ്റെടുക്കുന്നത് സംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

**ചേലേമ്പ്ര കുടിവെള്ള പദ്ധതി**

257 (4806) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേലേമ്പ്ര പഞ്ചായത്തിലെ ചേലേമ്പ്ര കുടിവെള്ള പദ്ധതിക്കായി കിൻഫ്ര നൽകുന്ന ജലത്തിന് ഈടാക്കുന്ന സെസ്സ് ഒഴിവാക്കി സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന് മുൻകാലപ്രാബല്യം വേണമെന്ന പഞ്ചായത്തിന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ലഭിച്ചിട്ടുണ്ട്. അപേക്ഷ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്.

**വാട്ടർ അതോറിറ്റി വടകര ഓഫീസിലെ ഒഴിവുകൾ**

258 (4807) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ വടകര ഓഫീസിൽ നിലവിൽ എത്ര തസ്തികകളിൽ ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ?

| ക്രമ നമ്പർ | തസ്തികയുടെ പേര് | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 | 3 |
| 2 | ഓവർസിയർ ഗ്രേഡ് 3 | 2 |
| 3 | പ്ലംബർ | 2 |

| | | |
|---|---|---|
| 4 | ഓഫീസ് അറ്റൻഡന്റ് | 3 |
| 5 | വർക്കർ | 2 |
| 6 | ക്ലീനർ | 2 |

(ബി) പ്രസ്തുത ഓഫീസിൽ ഒഴിവുകളുള്ള തസ്തികകളിലെ അധിക ചുമതല മറ്റാർക്കെങ്കിലും നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(സി) ഡബ്ല്യു.എസ്.പി. സബ് ഡിവിഷൻ വടകര ഓഫീസിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധിക ചുമതല ദീർഘകാലമായി മറ്റേതെങ്കിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡബ്ല്യു.എസ്.പി. സബ് ഡിവിഷന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതിരിക്കാൻ കൊയിലാണ്ടി പി.എച്ച്. സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്.

(ഡി) എങ്കിൽ പ്രസ്തുത തസ്തികയിൽ സ്ഥിരനിയമനം നടത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ?

പ്രസ്തുത തസ്തികയിൽ സ്ഥിരനിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വനിതാ വ്യവസായകേന്ദ്രത്തിന് കുടിവെള്ള കണക്ഷൻ**

259 (4808) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ വാർഡ് പതിനൊന്നിൽ പുതിയതായി പണിതീർത്ത പട്ടികജാതി വനിതകൾക്ക് തൊഴിൽ നൽകുന്നതിനായുള്ള വനിതാ വ്യവസായകേന്ദ്രത്തിന് കുടിവെള്ള കണക്ഷൻ നൽകുന്നതിന് സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ടതും ജല അതോറിറ്റിയുടെ വാടാനപ്പള്ളി പി.എച്ച്. സെക്ഷൻ ഓഫീസിന്റെ പരിധിയിലുള്ളതുമായ വനിതാ വ്യവസായകേന്ദ്രത്തിന് തൃശ്ശൂർ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം വാടാനപ്പള്ളി പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 26-06-2022 തീയതിയിൽ കുടിവെള്ള കണക്ഷൻ നൽകുകയും ടി

കണക്ഷനിൽ ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. (കൺസ്യൂമർ നമ്പർ VTY/3842/N)

**ആലപ്പുഴ മണ്ഡലത്തിലെ കുടിവെള്ള പൊതുടാപ്പുകൾ**

260 (4809) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ എത്ര കുടിവെള്ള പൊതുടാപ്പുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

1. ആലപ്പുഴ മുനിസിപ്പാലിറ്റി - 1275 എണ്ണം (ആലപ്പുഴ മണ്ഡലത്തിൽ)
2. ആര്യാട് പഞ്ചായത്ത് - 346 എണ്ണം
3. മാരാരിക്കുളം തെക്ക് പഞ്ചായത്ത് - 1270 എണ്ണം
4. മണ്ണഞ്ചേരി പഞ്ചായത്ത് - 439 എണ്ണം
5. മാരാരിക്കുളം നോർത്ത് - 331 എണ്ണം

(ബി) പ്രസ്തുത പൊതുടാപ്പുകളിൽ എത്രയെണ്ണമാണ് പ്രവർത്തനരഹിതമായിട്ടുള്ളതെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ?

മേൽപ്പറഞ്ഞ ടാപ്പുകളെല്ലാം പ്രവർത്തിക്കുന്നുണ്ട്.

(സി) പ്രവർത്തനരഹിതമാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുള്ള പൊതുടാപ്പുകൾക്ക് കുടിവെള്ളക്കരം ഈടാക്കുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ വകുപ്പ് സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉന്നയിക്കുന്ന പരാതികളിന്മേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും കൂടി സംയുക്തപരിശോധന നടത്തി പ്രവർത്തനരഹിതമായ ടാപ്പുകൾ എത്രയാണെന്ന് കണ്ടെത്തി പ്രസ്തുത ടാപ്പുകൾ വിച്ഛേദിക്കുന്നതിനാവശ്യമായ തുക വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നമുറയ്ക്ക് വിച്ഛേദിക്കുന്നതാണ്. നിലനിർത്തുന്ന ടാപ്പുകൾക്കുമാത്രമാണ് ബില്ല് ചെയ്യപ്പെടുന്നത്.

**കോങ്കയം കുടിവെള്ള പദ്ധതി**

261 (4810) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ കോഡൂർ പഞ്ചായത്തിലെ കോങ്കയം കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ജലജീവൻ മിഷൻ ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഒന്നാംഘട്ടത്തിലെ പദ്ധതിയിൽ കോഡൂർ ഗ്രാമപഞ്ചായത്തിനായി 407 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. 1380 FHTC-കളും വിതരണശൃംഖലയുമാണ് ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്നത്. 31-03-2022-ന് പ്രവൃത്തി പൂർത്തിയാക്കി.

(ബി) എത്ര തുക ചെലവഴിച്ചിട്ടുള്ള പദ്ധതിയാണ് നടപ്പിലാക്കി വരുന്നതെന്നും പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പുതുതായി ജല ശുദ്ധീകരണശാല നിർമ്മിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഒന്നാംഘട്ടത്തിൽ 407 ലക്ഷം രൂപയും രണ്ടാംഘട്ടത്തിൽ 6445.26 ലക്ഷം രൂപയുമുള്ള പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. രണ്ടാംഘട്ട പ്രവൃത്തിയിൽ 8 MLD-യുടെ ശുദ്ധീകരണശാലയാണുള്ളത്. ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട വികസനപദ്ധതികളിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി സമർപ്പിച്ച 54 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കുമോ?

രണ്ടാംഘട്ടത്തിൽ ജൽ ജീവൻ മിഷനിൽ 64.45 കോടി രൂപയുടെ പദ്ധതിക്കാണ് 18-09-2021 തീയതിയിൽ GO (Rt.) No. 489/2021 WRD നമ്പർ പ്രകാരം ഭരണാനുമതി നൽകിയത്. ആയതിന് സാങ്കേതികാനുമതി നൽകി പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഇതിൽ 8 MLD ശുദ്ധീകരണ ശാലയും, Intake Well, Pumping house, 4536-FHTC, വിതരണ ശൃംഖല, Pumping main എന്നിവയാണ് നിർമ്മിക്കാനുള്ളത്. വിതരണശൃംഖലയുടേയും ഗാർഹിക കണക്ഷനുകളുടേയും പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ഡി) കോങ്കയം കുടിവെള്ള പദ്ധതിയുടെ കാലഹരണപ്പെട്ട പൈപ്പുകളും മോട്ടോറും മാറ്റി സ്ഥാപിച്ചിട്ടുണ്ടോയെന്ന വിശദാംശം നൽകുമോ; മുഴുവൻ പ്രവൃത്തികളും എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

കോങ്കയം പദ്ധതിയുടെ മോട്ടോറുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിയും പൈപ്പ്ലൈൻ ഭാഗികമായി മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും ഒന്നാംഘട്ട പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിലും പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ 2024 മാർച്ച് 31-നകം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**കുറ്റിപ്പുറം ജല ജീവൻ പദ്ധതിയുടെ ഓവർഹെഡ് ടാങ്ക് നിർമ്മാണം**

262 (4811) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന കുറ്റിപ്പുറം ജല ജീവൻ പദ്ധതിയുടെ ഭാഗമായി ഓവർഹെഡ് ടാങ്ക് നിർമ്മിക്കുന്നതിന്

കുറ്റിപ്പുറം കിൻഫ്രാ പാർക്കിൽനിന്നും 40 സെന്റ് ഭൂമി അനുവദിക്കുന്നതിനുപകരമായി പ്രസ്തുത ഭൂമിയുടെ വിലയ്ക്കാനുപാതികമായ ശുദ്ധജലം കിൻഫ്രയ്ക്ക് നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ഓവർ ഹെഡ് ടാങ്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; ടാങ്ക് സ്ഥാപിക്കുന്നതിന് മതിയായ സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കിൻഫ്രാ പാർക്കിൽനിന്നും പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിൽ വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികളുടെ ഫയൽ നമ്പരുൾപ്പടെയുള്ള വിശദാംശം ലഭ്യമാക്കുമോ?

(എ-സി) ജലജീവൻ മിഷൻ പദ്ധതിയിൽ കുറ്റിപ്പുറം, തിരുനാവായ, ആതവനാട്, മാറാക്കര എന്നീ ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 22107.12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ 48 MLD ശേഷിയുള്ള ജലശുദ്ധീകരണശാലയ്ക്കുവേണ്ടി കുറ്റിപ്പുറം നിള പാർക്കിന് സമീപമുള്ള 2

ഏക്കർ റവന്യൂഭൂമിക്കും 24 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും 19 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയും നിർമ്മിക്കുന്നതിന് കുറ്റിപ്പുറം കിൻഫ്രാ പാർക്കിൽ 40 സെന്റ് സ്ഥലത്തിനും മലപ്പുറം ജില്ലാ കളക്ടറുടെ 10-07-2022 തീയതിയിലെ DCMP/1795/2022-C2-Part (1) ഉത്തരവുപ്രകാരം ഉപയോഗാനുമതി ലഭിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശപ്രകാരം സ്ഥലം വിട്ടുനൽകുന്നതിനുള്ള അംഗീകാരത്തിനുവേണ്ടി കിൻഫ്രാ മാനേജിംഗ് ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു. കിൻഫ്രാ മാനേജിംഗ് ഡയറക്ടറുടെ 29-08-2022-ലെ KIN/V/KIP-KTPM(28)/2022-23 നമ്പർ കത്ത് പ്രകാരം ലീസടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിക്ക് ഭൂമി അനുവദിക്കാമെന്ന് അറിയിച്ചിരുന്നു. അതിനായി ONE TIME LEASE RENT തുകയായി സെന്റിന് 1,24,210/- രൂപ നിരക്കിലാണ് കിൻഫ്രാ ആവശ്യപ്പെട്ടിരിക്കുന്നത്. പ്രൊപ്പോസലിൽ തുടർനടപടികൾ വാട്ടർ അതോറിറ്റിയിൽ പുരോഗമിക്കുന്നു.

വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് ഡിവിഷന്റെ ഇതുസംബന്ധിച്ച ഫയൽ നം. DB3/ PROJECT/MPM/JJM/KTPM/2022-23.

**മാവേലിക്കര തഴക്കര കന്നിമേൽ കുടിവെള്ള പദ്ധതി**

263 (4812) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര കന്നിമേൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പദ്ധതിക്കായുള്ള തുക പൂർണ്ണമായും തഴക്കര ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടും പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ - സി) തഴക്കര കന്നിമേൽ കുടിവെള്ള പദ്ധതിക്ക് കേരളാ ജല അതോറിറ്റി 1,40,00,000/- (ഒരു കോടി നാൽപത് ലക്ഷം) രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. തഴക്കര ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികൾക്ക് അടച്ചിരുന്ന Rs.99,99,500/- (തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി

തൊണ്ണൂറ്റി ഒൻപതിനായിരത്തി അഞ്ഞൂറ് രൂപ) രൂപയുടെ ബാക്കി തുകയായ Rs.40,00,500 (നാൽപത് ലക്ഷത്തി അഞ്ഞൂറ് രൂപ) 28-01-2022, 29-01-2022 തീയതികളിലായി പഞ്ചായത്ത് ജല അതോറിറ്റിയിൽ അടയ്ക്കുകയും ആകെ 1,40,00,000 (ഒരു കോടി നാൽപത് ലക്ഷം) രൂപയുടെ എഗ്രിമെന്റ് 31-01-2022-ൽ തഴക്കര പഞ്ചായത്തും ജല അതോറിറ്റിയും തമ്മിൽ നടത്തുകയുമുണ്ടായി. 24-03-2022-ൽ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുകയും തുടർന്ന് ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ഓഫറുകൾ ലഭിക്കാത്തതിനാൽ ദർഘാസ് സമർപ്പിക്കേണ്ട തീയതി മൂന്നുതവണ നീട്ടിനൽകുകയുണ്ടായി. തുടർന്നും കരാറുകാർ പങ്കെടുക്കാതിരുന്നതിനാൽ 28-04-2022-ൽ ദർഘാസ് റദ്ദ് ചെയ്യുകയും 28-04-2022-ൽ പുനർദർഘാസ് ക്ഷണിക്കുകയും ചെയ്തു. ഇതുപ്രകാരം ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി 10-05-2022-ൽ ആയിരുന്നു. പുനർദർഘാസിലും ഓഫറുകളൊന്നും ലഭിക്കാതിരുന്നതിനാൽ തുടർന്ന് ദർഘാസ് സമർപ്പിക്കേണ്ട തീയതി 17-05-2022-ലേയ്ക്ക് നീട്ടിനൽകിയെങ്കിലും കരാറുകാരാരും തന്നെ പങ്കെടുത്തില്ല. പ്രൈസ് 3 യിൽ എസ്റ്റിമേറ്റ്

പുനഃർനിർണ്ണയിച്ചപ്പോൾ അടങ്കൽത്തുക 1.44 കോടി രൂപയായി. അതനുസരിച്ച് പഞ്ചായത്ത് 4 ലക്ഷം രൂപ കൂടി അടയ്ക്കേണ്ടതുണ്ടായിരുന്നു.

ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി മേൽപ്രവൃത്തിയിലുൾപ്പെട്ട വിതരണശൃംഖലയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നുണ്ട്. ഇതിനാൽ തഴക്കര കുടിവെള്ള പദ്ധതിയിൽ വെൽ കം പമ്പ് ഹൗസിന്റെയും പമ്പ്, മോട്ടോർ തുടങ്ങിയവയുടെയും പ്രവൃത്തികൾ മാത്രം ചെയ്താൽ മതിയാകും. ആയതിനാൽ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് തുകതന്നെ ടി പ്രവൃത്തിക്ക് മതിയാകും. പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് നടപടികൾ നടന്നുവരുന്നു.

**കോങ്ങാട് മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

264 (4813) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷനുമായി ബന്ധപ്പെട്ട് കോങ്ങാട് മണ്ഡലത്തിലെ കരിമ്പന പഞ്ചായത്തിൽനിന്നും കോങ്ങാട് പഞ്ചായത്തുവരെയുള്ള 12 കിലോമീറ്റർ പൈപ്പ് ലൈൻ ഇടുന്നതിന്റെ ഭാഗമായി, ദേശീയപാതയ്ക്കുകുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ദേശീയപാത അതോറിറ്റിയുടെ അനുമതി

ലഭിക്കാത്തതിനാൽ പദ്ധതി നടത്തിപ്പ് മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അനുമതി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; തടസ്സങ്ങൾ ഒഴിവാക്കി ജലജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

പാലക്കാട് പ്രോജക്ട് ഡിവിഷന്റെ കീഴിൽ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി കരിമ്പ, കോങ്ങാട്, മുണ്ടൂർ (ഭാഗികം) ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി ദേശീയപാത 966-ൽ പൊന്നംകോട് ബ്രിഡ്ജ് മുതൽ മൈലംപുള്ളി ജംഗ്ഷൻ വരെ (ചെയിനേജ് 111.60-123.60) 12 കിലോമീറ്റർ ഇരുവശങ്ങളിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കേണ്ടതുണ്ട്. ഇതിനായി 08-07-2021-ന് റോപോർട്ടൽ വഴി പി.ഡബ്ല്യു.ഡി. (എൻ.എച്ച്.)-ന് അപേക്ഷ സമർപ്പിച്ചു. എന്നാൽ

എൻ.എച്ച്.എ.ഐ. ഓഫീസിലേയ്ക്കാണ് അപേക്ഷ കൊടുക്കേണ്ടതെന്ന് പറഞ്ഞ് അപേക്ഷ തിരിച്ചയയ്ക്കുകയുണ്ടായി. അതിൻപ്രകാരം 05-10-2021-ന് ചന്ദ്രനഗറുള്ള എൻ.എച്ച്.എ.ഐ. ഓഫീസിലേയ്ക്ക് അപേക്ഷ സമർപ്പിച്ചു. ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ഡി.ഐ.സി.സി. മീറ്റിംഗിൽ മേൽ അപേക്ഷ പി.ഡബ്ല്യു.ഡി. (എൻ.എച്ച്)-ലേയ്ക്കുതന്നെ വീണ്ടും സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ആയതിൻപ്രകാരം 26-10-2021-ന് റോപോർട്ടൽ വഴി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ടി റോഡ് ഡി.എൽ.പി.-യിലായതിനാൽ അപേക്ഷ നിരസിക്കുകയുണ്ടായി. 19-08-2022-ന് വീണ്ടും റോപോർട്ടൽ വഴി അപേക്ഷ സമർപ്പിച്ചപ്പോൾ ടി റോഡ് ഡി.എൽ.പി.-യിലായതിനാൽ അപേക്ഷ നിരസിച്ചു. നിലവിൽ വീണ്ടും 23-02-2023-ന് റോപോർട്ടൽ വഴി പി.ഡബ്ല്യു.ഡി. (എൻ.എച്ച്.) ഓഫീസിലേയ്ക്ക് അപേക്ഷ അയച്ചിട്ടുണ്ട്. ഡി.ഐ.സി.സി. മീറ്റിംഗുകളിലും ഉന്നതതലയോഗങ്ങളിലും പ്രസ്തുത വിഷയം ചർച്ച ചെയ്തുവരികയാണ്. അനുമതി ലഭിക്കുന്നമുറയ്ക്ക് പൈപ്പിടൽ പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

**കാഞ്ഞങ്ങാടിൽ വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് ഡിവിഷൻ**

265 (4814) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് ആസ്ഥാനമായി കേരള വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് ഡിവിഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കേരളാ വാട്ടർ അതോറിറ്റിയുടെ റീ സ്ട്രക്ചറിങ്ങിന്റെ ഭാഗമായുള്ള കരടിൽ കാഞ്ഞങ്ങാട് ആസ്ഥാനമായി കേരളാ വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് ഡിവിഷൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മറ്റുചർച്ചകൾ പുരോഗമിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ ജലജീവൻ പദ്ധതി**

266 (4815) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജലവിഭവ വകുപ്പിന്റെ ശുദ്ധജലവിതരണ കണക്ഷൻ ലഭ്യമായിട്ടുള്ള എത്ര വീടുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് പഞ്ചായത്ത്/നഗരസഭ തിരിച്ച് വ്യക്തമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു+.

(ബി) കണക്ഷൻ ലഭിച്ചതിനുശേഷം പ്രസ്തുത സൗകര്യം കുറച്ചുകാലം ഉപയോഗപ്പെടുത്തി കണക്ഷൻ വേണ്ടെന്ന് തീരുമാനിച്ച എത്ര ഉപഭോക്താക്കൾ ജില്ലയിലുണ്ടെന്ന് പഞ്ചായത്ത്/നഗരസഭ തിരിച്ച് വ്യക്തമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു+.

(സി) വാട്ടർ കണക്ഷനില്ലാത്ത എത്ര വീടുകളാണ് ഇപ്പോൾ ജില്ലയിലുള്ളതെന്ന് പഞ്ചായത്ത്/നഗരസഭ തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ 5699-ഉം കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ 25616-ഉം നീലേശ്വരം മുനിസിപ്പാലിറ്റിയിൽ 13247-

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉം വാട്ടർ കണക്ഷനില്ലാത്ത വീടുകളുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം (3) ൽ ചേർത്തിരിക്കുന്നു+.

(ഡി) ജലജീവൻ പദ്ധതിപ്രകാരം എത്ര വീടുകൾക്കാണ് ജില്ലയിൽ കണക്ഷൻ നൽകുന്നതെന്ന് പഞ്ചായത്ത്/നഗരസഭ തിരിച്ച് വ്യക്തമാക്കാമോ?

ജലജീവൻ പദ്ധതിപ്രകാരം കാസർഗോഡ് ജില്ലയിലെ ഗ്രാമീണ മേഖലയിൽ നൽകാനുദ്ദേശിക്കുന്ന കണക്ഷനുകളുടെ പട്ടിക അനുബന്ധം (3) ൽ ചേർത്തിരിക്കുന്നു+.

(ഇ) ജലജീവൻ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞതിനുശേഷം വാട്ടർ കണക്ഷനില്ലാത്ത ഒരു വീടും ജില്ലയിലുണ്ടാകില്ലെന്നത് ഉറപ്പുവരുത്താൻ സാധിക്കുമോ?

ജലജീവൻ മിഷൻ പദ്ധതി വഴി കാസർഗോഡ് ജില്ലയിലെ എല്ലാ ഗ്രാമീണഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകുന്നതിനാണ്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലക്ഷ്യമിട്ടിരിയ്ക്കുന്നത്. എന്നാൽ നഗരമേഖല പ്രസ്തുത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നില്ല.

(എഫ്) ജലജീവൻ പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലയിൽ വേണ്ടി വരുന്ന ചെലവ് പഞ്ചായത്ത്/നഗരസഭ തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത ചെലവ് വഹിക്കുന്നത് ആരാണെന്നും അറിയിക്കാമോ?

(എ-എഫ്) ജലജീവൻമിഷൻ പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ മുഴുവൻ ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകുന്നതിന് 1744.66 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഭരണാനുമതി തുകയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം (3) ൽ ചേർത്തിട്ടുണ്ട്+. പദ്ധതി ചെലവിന്റെ 50% കേന്ദ്രസർക്കാരും 25% സംസ്ഥാന സർക്കാരും 15% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 10% ഗുണഭോക്തൃവിഹിതവുമായാണ് കണക്കാക്കിയിരിക്കുന്നത്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കോട്ടക്കൽ വട്ടപ്പാറയിൽ കുടിവെള്ള ടാങ്ക് സ്ഥാപിക്കാൻ നടപടി**

267 (4816) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ വട്ടപ്പാറയിൽ കുടിവെള്ളം ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഉതകുന്ന രീതിയിൽ കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) നിലവിൽ ഇരിമ്പിളിയം പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിൽനിന്നും വളാഞ്ചേരി നഗരസഭാ പ്രദേശങ്ങളിൽ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ കുടിവെള്ളം ലഭിക്കാത്തതുമൂലം അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി വട്ടപ്പാറയിൽ കുടിവെള്ള ടാങ്ക് സ്ഥാപിച്ച് കുടിവെള്ളം ശേഖരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി

വട്ടപ്പാറയിൽ കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് അമൃത്-2 പദ്ധതിയിലുൾപ്പെടുത്തി ഏകദേശം 13 കോടി രൂപയുടെ DER മുനിസിപ്പാലിറ്റി തയ്യാറാക്കിവരികയാണ്.

**വാട്ടർ അതോറിറ്റിയുടെ പൊൻകുന്നം സബ് ഡിവിഷൻ ഓഫീസിന് പുതിയ കെട്ടിടം**

268 (4817) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ പൊൻകുന്നം സബ് ഡിവിഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) നിലവിലെ കെട്ടിടത്തിന്റെ അവസ്ഥ ശോചനീയമായതിനാൽ പുതിയ കെട്ടിടത്തിന് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കി നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) പൊൻകുന്നം സബ് ഡിവിഷൻ, സെക്ഷൻ ഓഫീസുകൾക്കുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് 72 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2022-23 സംസ്ഥാന പദ്ധതിക്ക് കീഴിൽ ഭരണാനുമതിക്കായി വാട്ടർ അതോറിറ്റി തയ്യാറാക്കിയിരുന്നു. അതോറിറ്റിയുടെ കൈവശമുള്ള വസ്തുവിൽ പുതുതായി കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസലാണ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ 2022-23 സംസ്ഥാന പദ്ധതിയുടെ write up പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണത്തിനുമാത്രമേ "KWA-യുടെ ഉടമസ്ഥതയിൽ നിലവിലുള്ള സിവിൽഘടനകളുടെ നവീകരണം" എന്ന ശീർഷകത്തിൽനിന്നും ചെലവഴിക്കാൻ കഴിയുകയുള്ളൂ. അതോറിറ്റിയുടെ കൈവശമുള്ള വസ്തുവിൽ പുതുതായി കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസലുകൾകൂടി ഭാവിയിൽ പരിഗണിക്കുന്നതിനായുള്ള അംഗീകാരം 2023-24 വർഷത്തിലെ ബഡ്ജറ്റിൽ നൽകുകയുണ്ടായി.

കെട്ടിടത്തിന്റെ Structural Stability Certificate അടിസ്ഥാനമാക്കി പുതിയ കെട്ടിടം നിർമ്മിക്കേണ്ടത് അനിവാര്യമാണെങ്കിൽ 2023-24 സാമ്പത്തികവർഷത്തെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി

നൽകുന്നത് പരിഗണിക്കും. പ്രസ്തുത പ്രവൃത്തിക്ക് 150 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

**കൂത്തുപറമ്പ് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

269 (4818) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി  സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

കൂത്തുപറമ്പ് മണ്ഡലത്തിലെ ജല ജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത മണ്ഡലത്തിലെ കുന്നോത്തുപറമ്പ്, തൃപ്രങ്ങോട്ടൂർ പഞ്ചായത്തുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

കുന്നോത്തുപറമ്പ് പഞ്ചായത്ത്: എല്ലാ ഭവനങ്ങൾക്കും (7046 FHTCS) കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തിക്ക് 10907 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടികൾ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുരോഗമിക്കുന്നു.

<u>തൃപ്പങ്ങോട്ടൂർ പഞ്ചായത്ത്</u>: എല്ലാ ഭവനങ്ങൾക്കും (6643 FHTCS) കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തിക്ക് 12263 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ ജലവിതരണ ടാങ്ക് സ്ഥാപിക്കാനുള്ള സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

കുന്നോത്തുപറമ്പ് പഞ്ചായത്തിലേയ്ക്കുള്ള ജൽ ജീവൻ മിഷൻ പദ്ധതിക്ക് കൈവേലിക്കലിൽ 19 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതലസംഭരണി സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 25 സെന്റ് ഭൂമി പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

തൃപ്പങ്ങോട്ടൂർ പഞ്ചായത്തിലേയ്ക്കുള്ള ജൽ ജീവൻ മിഷൻ പദ്ധതിക്ക് കല്ലിക്കണ്ടിയിൽ 14 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതലസംഭരണി സ്ഥാപിക്കുന്നതിന് കെ.ഡബ്ല്യൂ.എ.-യുടെ ഉടമസ്ഥതയിലുള്ള ഭൂമി ലഭ്യമാണ്.

ജൽ ജീവൻ മിഷൻ പദ്ധതിയിൽ തൃപ്പങ്ങോട്ടൂർ, ന്യൂമാഹി, ചൊക്ലി, മാങ്ങാട്ടിടം, കുന്നോത്തുപറമ്പ് എന്നീ 5 പഞ്ചായത്തുകൾക്കായി നടപ്പിലാക്കുന്ന സംയോജിത കുടിവെള്ള പദ്ധതിയുടെ പ്രധാനഘടകമായ 32 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിന് സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഇരിട്ടി മുനിസിപ്പാലിറ്റിയിൽ ചാവശ്ശേരി വില്ലേജിൽ ഉളിയിൽ ദേശത്ത് ഉൾപ്പെട്ട 1/111 സർവ്വേ നമ്പരിലുള്ള 167 സെന്റ് ഭൂമി അഞ്ച് പഞ്ചായത്തുകളും സംയുക്തമായി ഏറ്റെടുത്ത് കെ.ഡബ്ല്യൂ.എ.-യ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

(ഡി) പാനൂർ നഗരസഭയിലെയും കുന്നോത്തുപറമ്പ്, തൃപ്രങ്ങോട്ടൂർ പഞ്ചായത്തുകളിലെയും കുടിവെള്ളപദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

പാനൂർ മുനിസിപ്പാലിറ്റിക്ക് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന തലശ്ശേരി - കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതിയുടെ ഭാഗമായാണ് ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നത്.

ഈ പദ്ധതിയും, സമീപ പഞ്ചായത്തുകളായ തൃപ്പങ്ങോട്ടൂർ, കുന്നോത്തുപറമ്പ് എന്നീ പഞ്ചായത്തുകൾക്കുള്ള ജൽ ജീവൻ മിഷൻ പദ്ധതിയും 2024 മാർച്ച് 31 ഓടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

തലശ്ശേരി - കൂത്തുപറമ്പ് സംയോജിത കുടിവെള്ളപദ്ധതിയുടെ രണ്ടാംഘട്ടമായ വിതരണശൃംഖലയുടെ സർവേനടപടികൾ പൂർത്തിയാക്കുകയും അതിന്റെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി വരികയുമാണ്.

**ചീമേനി ഐ.ടി. പാർക്ക് റോഡിലെ പ്രവൃത്തി**

270 (4819) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചീമേനി ഐ.ടി. പാർക്ക് റോഡിലെ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

1410.73 ലക്ഷം രൂപ ഭരണാനുമതി നൽകിയ ചീമേനി ഐ.ടി. പാർക്ക് റോഡിലെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പദ്ധതി നാല് പ്രവൃത്തികളായാണ്

നടപ്പിലാക്കുന്നത്.

1. ചെറുവത്തൂർ- ചീമേനി ഐ.ടി പാർക്ക്-പാലാവയൽ- ഭീമനടി-മുക്കട റോഡ് യൂട്ടിലിറ്റി ഷിഫ്റ്റിംഗ് - വെസ്റ്റ് എളേരി കുടിവെള്ളപദ്ധതി -വിതരണശൃംഖല മാറ്റിസ്ഥാപിക്കൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു. 2023 ഏപ്രിൽ മാസം പൂർത്തീകരിക്കുന്നതാണ്.

2. ചെറുവത്തൂർ- ചീമേനി ഐ.ടി. പാർക്ക്-പാലാവയൽ- ഭീമനടി-മുക്കട റോഡ് യൂട്ടിലിറ്റി ഷിഫ്റ്റിംഗ് -കയ്യൂർ ചീമേനി കുടിവെള്ളപദ്ധതി-വിതരണശൃംഖല മാറ്റിസ്ഥാപിക്കൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു. 2023 മേയ് മാസം പൂർത്തീകരിക്കുന്നതാണ്.

3. ചെറുവത്തൂർ- ചീമേനി ഐ.ടി. പാർക്ക്-പാലാവയൽ- ഭീമനടി-മുക്കട റോഡ് യൂട്ടിലിറ്റി ഷിഫ്റ്റിംഗ് - നേവൽ അക്കാദമി കുടിവെള്ള പദ്ധതി എൻഡോസൾഫാൻ ബാധിത കുടിവെള്ളപദ്ധതി- പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ, വിതരണശൃംഖല മാറ്റിസ്ഥാപിക്കൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രവൃത്തി 2023 ജൂലൈ മാസം പൂർത്തീകരിക്കുന്നതാണ്.

4. ചെറുവത്തൂർ- ചീമേനി ഐ.ടി. പാർക്ക്-പാലാവയൽ- ഭീമനടി-മുക്കട റോഡ് യൂട്ടിലിറ്റി ഷിഫ്റ്റിംഗ് - ഈസ്റ്റ് എളേരി കുടിവെള്ളപദ്ധതി -വിതരണശൃംഖല മാറ്റിസ്ഥാപിക്കൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു. 2023 മേയ് മാസം പൂർത്തീകരിക്കുന്നതാണ്.

**വിദ്യാതീരം പദ്ധതി**

271 (4820) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാതീരം പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) ഈ പദ്ധതിയിൽ ഏതൊക്കെ മേഖലകളിലാണ് പരിശീലനം നൽകുന്നതെന്ന് അറിയിക്കുമോ?

(എ&ബി) കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ വികസന മുഖ്യധാരയിലെത്തിക്കുന്നതിനായി ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി 'വിദ്യാതീരം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

സൗജന്യ റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലനം, എൻ.ഐ.ടി./ഐ.ഐ.ടി. എൻട്രൻസ് പരിശീലനം, മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളെ ദത്തെടുക്കൽ പദ്ധതി, വിദ്യാഭ്യാസ ഗ്രാന്റ് വിതരണം, കരിയർ ഗൈഡൻസ്, ഫിഷറീസ് വകുപ്പിനുകീഴിലുള്ള 10 റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾക്കായി പ്രവർത്തനതുക അനുവദിക്കൽ, റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ കായിക അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ, റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കാൻ അടിസ്ഥാനസൗകര്യം ഉയർത്തൽ തുടങ്ങിയവ ഉൾപ്പെട്ടതാണ് 'വിദ്യാതീരം' പദ്ധതി.

(സി) 2022-23 കാലയളവിൽ എത്ര രൂപയാണ് പ്രസ്തുത പദ്ധതിക്കായി മാറ്റിവെച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2022-23 കാലയളവിൽ വിദ്യാതീരം പദ്ധതിക്കായി 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**മത്സ്യമേഖലയിൽ ഇടനിലക്കാരുടെ ചൂഷണം**

272 (4821) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മത്സ്യവിപണനമേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് തങ്ങളുടെ മത്സ്യത്തിന് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് ഫിഷറീസ് വകുപ്പ് മത്സ്യഫെഡുവഴി നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വർഷംതോറും വിലയിരുത്തുന്നുണ്ട്.

ദേശീയ സഹകരണ വികസനകോർപ്പറേഷൻ (എൻ.സി.ഡി.സി.) ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസനപദ്ധതി (ഐ.എഫ്.ഡി.പി.) വഴി പ്രാഥമിക സംഘങ്ങളിലൂടെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണ വായ്പ

പലിശരഹിതമായും 15% കേന്ദ്ര സബ്സിഡിയോടും കൂടി നൽകിവരുന്നു. 2018-19 വർഷം മുതലാണ് പലിശരഹിതമായി വായ്പ നൽകുന്നത്. സംസ്ഥാന സർക്കാർ പലിശ സബ്സിഡി അനുവദിച്ചുനൽകുന്നു. ഇതുമൂലം മത്സ്യത്തൊഴിലാളികൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥരാകുവാൻ സാധിക്കുന്നു.

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുവാൻ സംഘങ്ങൾ തീരദേശലേലം നടപ്പിലാക്കിവരുന്നു. 230 സംഘങ്ങൾ തീരദേശലേലത്തിൽ പങ്കെടുക്കുന്നു. സംഘങ്ങൾ ലേലം നടത്തുന്നതുവഴി മത്സ്യത്തിന് മെച്ചപ്പെട്ട വില ലഭിക്കുന്നു. തീരദേശലേലം വഴി 2021-22 വർഷം 323.62 കോടി രൂപയുടെ മത്സ്യം ലേലം ചെയ്യുകയുണ്ടായി. 2022-23 വർഷത്തിൽ 31-01-2023 വരെ 398.94 കോടി രൂപയുടെ മത്സ്യം ലേലം ചെയ്തു. മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ ലേലസമ്പ്രദായത്തിൽ കൊണ്ടുവരുന്നതിനുമായി ഐ.എഫ്.ഡി.പി. പദ്ധതിയിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധനവായ്പ

നൽകിവരുന്നു. കൂടാതെ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം മത്സ്യഫെഡിന്റെ ബൂത്തുകൾ വഴി വിൽപ്പന നടത്തുന്നു.

കേരള നിയമസഭ പാസ്സാക്കിയ മത്സ്യസംഭരണവും വിപണനവും ഗുണനിലവാരപരിപാലനവും ആക്ടിലെ 7-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റികളും 9-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളും 11-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റികളും ഫിഷ് ലാന്റിംഗ് സെന്ററുകളിലോ ഫിഷിംഗ് ഹാർബറുകളിലോ മാർക്കറ്റുകളിലോ മത്സ്യലേലത്തിലും വില്പനയിലുമുണ്ടാകാനിടയുള്ള അനാവശ്യപ്രവണതകൾ നിയന്ത്രിക്കപ്പെടുമെന്ന് ഉറപ്പുവരുത്തുന്നു. സംസ്ഥാനത്ത് 21 ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ വിജ്ഞാപനം വഴി നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ആക്ടിന്റെ  ചട്ടരൂപീകരണം അന്തിമഘട്ടത്തിലാണ്.

**കടലിൽ കൂട് മത്സ്യകൃഷി**

273 (4822) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ കൂട് മത്സ്യകൃഷി നടത്തുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ വിശദാംശം വ്യക്തമാക്കുമോ?

നോർവെയിൽ നിന്നുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സാങ്കേതികവിദ്യയുടെ പിന്തുണയോടെ സമുദ്ര കൂടുകൃഷി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. കേരളത്തിലെ യോജിച്ച പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ സജീവപങ്കാളിത്തത്തോടെ സമുദ്രജലകൃഷിക്കായി (Mariculture) കടലിൽ മുങ്ങിക്കിടക്കുന്ന മാതൃകാ കൂടുകൾ (Submersible Cages) സ്ഥാപിച്ച് മത്സ്യകൃഷി നടത്തുന്നതിന് വിഭാവനംചെയ്യുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെയും (കുസാറ്റ്) ഫിഷറീസ് സർവ്വകലാശാലയുടെയും (കുഫോസ്) ഫിഷറീസ് മേഖലയിലെ മറ്റ് കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെയും ഗവേഷണ-വികസന പിന്തുണയും ഇതിനായി ഉപയോഗിക്കും. ആധുനിക കൂടുകളിൽ ലൈസ് സ്കർട്ട്

(Lice Skirt) സംരക്ഷണവും അത്യാധുനിക സെൻസർ സാങ്കേതികവിദ്യയും ഘടിപ്പിക്കും. ഇതിനായി 9 കോടി രൂപ അധികമായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സമൂഹത്തെ ഈ പദ്ധതി ഏത് രീതിയിൽ ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(ബി&സി) കടലിൽ കൂട് മത്സ്യകൃഷി നടത്തുന്നതിനനുയോജ്യമായ ഇനങ്ങൾ, മേഖലകൾ എന്നിവ കണ്ടെത്തുന്നതിന് വിശദമായ ശാസ്ത്രീയപഠനം ആവശ്യമാണ്. ഇതിനായി കേന്ദ്ര സമുദ്ര മത്സ്യഗവേഷണ കേന്ദ്രത്തിന് കത്തുനൽകിയിട്ടുണ്ട്. കേരളത്തിന്റെ തീരപ്രദേശത്ത് കടൽ എപ്പോഴും പ്രക്ഷുബ്ധമായതിനാൽ ഹാർബറിനോട് ചേർന്ന തിര കുറഞ്ഞതും എന്നാൽ സമുദ്രജലത്താൽ സമ്പുഷ്ടവുമായ സ്ഥലത്താണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

## മത്സ്യകേരളം, രാഷ്ട്രീയ വികാസ് യോജന പദ്ധതികൾ

274 (4823) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡ് സംസ്ഥാന ഫിഷറീസുമായി സഹകരിച്ച് നടപ്പിലാക്കുന്ന മത്സ്യകേരളം, രാഷ്ട്രീയ വികാസ് യോജന എന്നീ പദ്ധതികളെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ വഴി സംരംഭകർക്ക് ലഭിക്കുന്ന സേവനങ്ങൾ വിശദീകരിക്കാമോ?

(എ&ബി) നിലവിൽ നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡ് സംസ്ഥാന ഫിഷറീസുമായി സഹകരിച്ച് മത്സ്യകേരളം, രാഷ്ട്രീയ വികാസ് യോജന എന്നീ പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ മത്സ്യകേരളം പദ്ധതി 2008-2010 വർഷങ്ങളിൽ നടപ്പിലാക്കിയിരുന്നു. ഈ പദ്ധതി നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ സഹായത്തോടെയല്ല നടപ്പിലാക്കിയത്.

## അഡാക്കിലെ ആശ്രിത നിയമനം

275 (4824) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡാക്കിന്റെ എറണാകുളം റീജിയണൽ ഓഫീസിൽ വാച്ച്മാൻ തസ്തികയിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കെ 16-04-2017-ന് മരണപ്പെട്ട ഡി. കെ. ദിനേശന്റെ മകൻ രജീഷ് പി. ആർ., ആശ്രിത നിയമനത്തിനായി 12-12-2021-ന് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ശ്രീ. രജീഷിന് ആശ്രിത നിയമനം എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) അഡാക്, ഫിഷറീസ് വകുപ്പിന്റെ കീഴിൽവരുന്ന ഒരു സ്വയം ഭരണസ്ഥാപനമാണ്. അഡാക്കിൽ വാച്ച്മാൻ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 16-04-2017-ൽ മരണപ്പെട്ട ദിനേശൻ പി. കെ. എന്ന

ജീവനക്കാരന്റെ ആശ്രിതൻ ശ്രീ. രജീഷ്. പി. ആർ. ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

**ആലപ്പുഴ മണ്ഡലത്തിൽ കെ.എസ്.സി.എ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

276 (4825) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ കെ.എസ്.സി.എ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം തദ്ദേശ സ്വയംഭരണ സ്ഥാപനം അടിസ്ഥാനത്തിൽ തിരിച്ച് ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസനകോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | തദ്ദേശസ്വയംഭരണ സ്ഥാപനം |
|---|---|---|---|
| 1 | ഗവ. യു.പി. സ്കൂൾ, ആര്യാട് | 85.13 | ആര്യാട് ഗ്രാമ |

| | | | |
|---|---|---|---|
| | നോർത്ത്, ആലപ്പുഴ | | പഞ്ചായത്ത് |
| 2 | ചെത്തി മത്സ്യബന്ധന തുറമുഖം | 9743.00 | മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത് |
| 3 | ചെത്തി മത്സ്യമാർക്കറ്റ് | 161.54 | മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത് |
| 4 | മണ്ണഞ്ചേരി മത്സ്യമാർക്കറ്റ് | 163.97 | മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് |

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി, ചെലവാക്കുന്ന തുക, പൂർത്തീകരിക്കേണ്ട ദിവസം എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ;

(സി) കെ.എസ്.സി.എ.ഡി.സി. മുഖേന പ്രസ്തുത മണ്ഡലത്തിൽ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ;

(ഡി) മണ്ഡലത്തിൽ കെ.എസ്.സി.എ.ഡി.സി. മുഖേന കിഫ്ബി സഹായത്താൽ നടത്തുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദവിവരം ലഭ്യമാക്കാമോ?

(ബി-ഡി) പദ്ധതികളുടെ നിലവിലെ സ്ഥിതി, ചെലവാക്കുന്ന തുക, പൂർത്തീകരിക്കേണ്ട ദിവസം എന്നിവ അനുബന്ധമായി ചേർക്കുന്നു+.

ആലപ്പുഴ മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസനകോർപ്പറേഷൻ മുഖേന നിലവിൽ പുതിയതായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. അനുബന്ധത്തിൽ പറയുന്ന പദ്ധതികളെല്ലാം കിഫ്ബി സഹായത്താൽ നടപ്പാക്കുന്ന പദ്ധതികളാണ്.

**കീഴൂർ ഫിഷറീസ് സ്റ്റേഷൻ പ്രവർത്തനം**

277 (4826) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് കീഴൂർ ഫിഷറീസ് സ്റ്റേഷനിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ ജീവനക്കാരെ നിയമിച്ച് ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് കീഴൂർ ഫിഷറീസ് സ്റ്റേഷൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

അനുവദിക്കപ്പെട്ട തസ്തികകളിൽ ചുവടെ ചേർക്കുന്നവയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

1. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ

2. അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ

3. ഓഫീസ് അറ്റൻഡന്റ്

4. ഫിഷറീസ് ഗാർഡ്

ഫിഷറീസ് ഓഫീസർ, ക്ലർക്ക് കം ടൈപ്പിസ്റ്റ്, കാഷ്വൽ സ്വീപ്പർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മരണ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡം**

278 (4827) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭത്തിൽപ്പെട്ട് കാണാതാവുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കടൽക്ഷോഭത്തിൽപ്പെട്ട് കാണാതാവുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ അധികാരികളുടെ സാക്ഷ്യപത്രം ലഭിക്കുന്നമുറയ്ക്ക് കാണാതായവരുടെ ആശ്രിതർക്ക് ധനസഹായം നൽകിവരുന്നുണ്ട്.

ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി വ്യക്തിഗതഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ളവർ കടൽക്ഷോഭത്തിൽപ്പെട്ട് കാണാതാവുകയാണെങ്കിൽ ഇൻഷ്വറൻസ് കമ്പനികളിൽനിന്നും "Missing claims can be considered after lapse of 7 years as per section 108 of Indian Evidence Act 1872" എന്ന വ്യവസ്ഥപ്രകാരം കാണാതായി 7 വർഷങ്ങൾക്കുശേഷം ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നുണ്ട്.

(ബി) ഇത്തരം സംഭവങ്ങളിൽ മരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് 7 വർഷം എന്ന മാനദണ്ഡം ഒരു വർഷമായി മാറ്റാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഫിഷറീസ് വകുപ്പിനുമാത്രമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയില്ല.

**മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കാൻ പദ്ധതി**

279 (4828) ശ്രീ. സി. എച്ച്. കുഞ്ഞമ്പു;
ശ്രീ. എച്ച്. സലാം;
ഡോ. സുജിത് വിജയൻപിള്ള;
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പരിശീലനം നൽകുന്നതിന് പ്രത്യേക പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സബ്സിഡിയോടുകൂടി ബോട്ടുകളും ഇതിനായുള്ള വായ്പകളും ലഭ്യമാക്കുന്നതിന് സൗകര്യമൊരുക്കുമോ; വിശദമാക്കാമോ?

(എ&ബി) സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവത്കൃത മത്സ്യബന്ധനരീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണസംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികളുൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന JLG ഗ്രൂപ്പുകൾ/SHG ഗ്രൂപ്പുകൾ/മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ FFPO (ഫിഷ് ഫാർമേർസ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ) എന്നിവരാണ് ഗുണഭോക്താക്കൾ.

ഇതിനായുള്ള ബോട്ടിന്റെ വില 1.20 കോടി രൂപയായിരുന്നു. എന്നാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സൗകര്യങ്ങളുൾപ്പെടുത്തി പരിഷ്കരിച്ച് തയ്യാറാക്കുന്ന ബോട്ടിന്റെ വില 1.50 കോടി രൂപയാണ്. പദ്ധതി പ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപ (40%) യുമാണ്. ബാക്കിയുള്ള 102 ലക്ഷം രൂപ ഗുണഭോക്തൃവിഹിതമാണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ലെന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃവിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റായി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

19-01-2023-ന് ബോട്ടുനിർമ്മാണം സംബന്ധിച്ച് ത്രികക്ഷികരാർ കൊച്ചിൻ ഷിപ്പ് യാർഡ്, ഫിഷറീസ് വകുപ്പ്, ഗുണഭോക്തൃ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ എന്നിവർ ചേർന്ന് ഒപ്പുവച്ചു.

ആദ്യഘട്ടമായി കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മാണം പൂർത്തിയാക്കിയ 5 യാനങ്ങൾ ഗുണഭോക്തൃസംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണം കൊച്ചിൻ ഷിപ്പ് യാർഡിന്റെ Malpe കപ്പൽ നിർമ്മാണശാലയിൽ പുരോഗമിച്ചുവരുന്നു.

കൂടാതെ ടി പദ്ധതിയിൽ അംഗങ്ങളായ സഹകരണസംഘങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 30 മത്സ്യത്തൊഴിലാളികൾക്ക് നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NCDC)-യുടെ സാമ്പത്തിക സഹായത്തോടെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-യുടെ നേതൃത്വത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള മൂന്നുദിവസത്തെ പരിശീലനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ (NIFAM)-ൽ വച്ച് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി ആഴക്കടൽ മത്സ്യബന്ധനത്തിന് മികച്ച സാങ്കേതികവിദ്യ നടപ്പിലാക്കുക, മത്സ്യബന്ധനം വൈവിദ്ധ്യവത്കരിക്കുകയും പ്രാദേശിക ജലത്തിലെ മത്സ്യബന്ധന സമ്മർദ്ദം കുറച്ച് ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുക, ആഴക്കടൽ മത്സ്യബന്ധനത്തിനായി പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ശാസ്ത്രീയമായി ശാക്തീകരിക്കുക, രാജ്യത്തിന്റെ സമുദ്ര കയറ്റുമതിവരുമാനം വർദ്ധിപ്പിക്കുക, മത്സ്യത്തൊഴിലാളികൾക്ക് പരമാവധി സാമ്പത്തിക ലാഭം ഉറപ്പാക്കുക, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക നില മെച്ചപ്പെടുത്തുക എന്നീ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്.

(ഡി) മത്സ്യങ്ങളുടെ സൂക്ഷിപ്പ്, വിപണനസാധ്യത പ്രയോജനപ്പെടുത്തൽ എന്നിവയിൽ പരിശീലനം ലഭ്യമാക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

മത്സ്യങ്ങളുടെ സൂക്ഷിപ്പ്, വിപണനസാധ്യത പ്രയോജനപ്പെടുത്തൽ എന്നിവയിൽ പരിശീലനം നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

**മത്സ്യമേഖലയുടെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ നടപടി**

280 (4829) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ മത്സ്യമേഖല നേരിടുന്ന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ആരോഗ്യപരിപാലനം മെച്ചപ്പെടുത്തുന്നതിനായി ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ഇ-ഹെൽത്ത് മാനേജ്മെന്റ്, എൻ.ആർ.എച്ച്.എം. എന്നിവരുടെ സഹായത്തോടെ തീരദേശമേഖലയിൽ സൗജന്യ മെഡിക്കൽക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ ആകെ 13 ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഇതിനായി 16.9 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ സാന്ത്വനതീരം പദ്ധതിയുടെ ഭാഗമായി മാരകരോഗങ്ങൾക്ക് തുടർചികിത്സ തേടുന്ന മത്സ്യത്തൊഴിലാളികൾക്കും

അനുബന്ധത്തൊഴിലാളികൾക്കും ധനസഹായം നൽകുന്നു. 2022-23 വർഷത്തിൽ ഇതിനായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 98 ഗുണഭോക്താക്കൾക്ക് 24,02,003 രൂപ 2022-23 വർഷം അനുവദിച്ചിട്ടുണ്ട്.

പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും

ഹൃദ്രോഗം - പരമാവധി 50,000/- രൂപ

വൃക്കരോഗം - പരമാവധി 50,000/- രൂപ

ക്യാൻസർ - പരമാവധി 50,000/- രൂപ

തലച്ചോറിലെ ട്യൂമർ -പരമാവധി 50,000/- രൂപ

തളർവാതം - പരമാവധി 12,000/- രൂപ

ചികിത്സിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസികരോഗം- പരമാവധി 5,000/- രൂപ

വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ മുഖ്യധാരയിലെത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിവിധ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്,

ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവയും നൽകിവരുന്നു. 2022-23-ൽ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യത്തിനായി 32.21 കോടി രൂപ വകയിരുത്തിയതിൽ 32.21 കോടി രൂപയും ജില്ലകൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

തീരദേശത്തെ 10 ഗവൺമെന്റ് ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകിവരുന്നു. ടി പദ്ധതി ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് മുഖേന നടപ്പാക്കിവരുന്നു. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്രനടപടികൾ തീരദേശ വികസനകോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു.

കൂടാതെ വിദ്യാതീരം പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, എൻ.ഐ.ടി./ഐ.ഐ.ടി. പരിശീലനം, സിവിൽ സർവ്വീസ് കോച്ചിംഗ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠനനിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടി.വി. പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠനസഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് 'പ്രതിഭാതീരം' എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭനടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) തീരദേശ മേഖലകളിൽ പാർപ്പിടം, ശുചിത്വം, കുടിവെള്ളം, വൈദ്യുതി എന്നിവ ഉറപ്പാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; വിശദമാക്കുമോ?

തീരദേശത്ത് വേലിയേറ്റരേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുൾപ്പെടെ മുഴുവൻ കുടുംബങ്ങളെയും സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പുനർഗേഹം പദ്ധതിയിൽ മാറിത്താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ള 8743 കുടുംബങ്ങളിൽ 1968 കുടുംബങ്ങളെ വ്യക്തിഗതഭവനങ്ങളിലേയ്ക്കും 390 കുടുംബങ്ങളെ ഫ്ലാറ്റുകളിലേയ്ക്കും പുനരധിവസിപ്പിച്ചുകഴിഞ്ഞു. 644 ഫ്ലാറ്റുകളുടെ

നിർമ്മാണം പുരോഗമിക്കുകയും 540 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളതും സമീപഭാവിയിൽ നിർമ്മാണം ആരംഭിക്കുന്നതുമാണ്. ഇതിനകം 3930 ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയും ജില്ലാതലസമിതി വില നിർണയിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിലവിൽ 5504 കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്. 168 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ലഭ്യമായിട്ടുള്ളതും ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. 24 ഫ്ലാറ്റുകളുടെ നിർമ്മാണത്തിനുള്ള സ്ഥലം ഫിഷറീസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ശുദ്ധജലം, ശൗചാലയം എന്നീ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന പ്രത്യേക പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ തീരദേശ അടിസ്ഥാനസൗകര്യവികസന പദ്ധതികളിലുൾപ്പെടുത്തി കുടിവെള്ളമെത്താത്ത മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിനും, മറ്റ് അടിസ്ഥാനസൗകര്യവികസനത്തിനും (വൈദ്യുതി, ആരോഗ്യസൗകര്യങ്ങൾ,

ലൈബ്രറി, കളിസ്ഥലനിർമ്മാണം, ഡ്രെയിനേജ്, ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ വികസനം) 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മേൽ തുക തീരദേശ അടിസ്ഥാനസൗകര്യവികസനത്തിനായി ചെലവഴിച്ചുവരുന്നു.

**സീഫുഡ് ഇന്നവേഷൻ ക്ലസ്റ്റർ**

281 (4830) ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ മത്സ്യബന്ധനമേഖല കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി റോഡ് മാപ്പ് തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതര വകുപ്പുകളുമായി ചേർന്ന് സീഫുഡ് ഇന്നവേഷൻ ക്ലസ്റ്റർ പോലുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിന്റെ മത്സ്യബന്ധനമേഖല കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി റോഡ് മാപ്പ് തയ്യാറാക്കുന്നതിന് ഇതരവകുപ്പുകളുമായി ചേർന്ന്

സീഫുഡ് ഇന്നവേഷൻ ക്ലസ്റ്റർ പോലുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് ഐക്യരാഷ്ട്രസഭയുടെയും ലോക ഭക്ഷ്യ കാർഷിക സംഘടനയുടെയും വിദഗ്ദ്ധനായ ഡോ. എറിക് ഹെമ്പലുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംഘവും നോർവെയിൽ വച്ച് വിശദമായചർച്ചകൾ നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ലോകത്തെ മറ്റ് വിദഗ്ദ്ധരെയും ഇന്ത്യയിലെ ശാസ്ത്രജ്ഞൻമാരെയും മത്സ്യമേഖലയിലെ എല്ലാ ഉപജീവനാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് കുഫോസിന്റെ നേതൃത്വത്തിൽ ഒരു ശിൽപശാല നടത്താമെന്നും കേരളത്തിന്റെ മത്സ്യമേഖലയുടെ സുസ്ഥിരവികസനത്തിനായുള്ള ഒരു റോഡ് മാപ്പ് അതിലൂടെ ഉണ്ടാക്കാമെന്നുമാണ് കരുതുന്നത്.

സർക്കാരിന്റെ 2023-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനും അനുബന്ധപ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനനുസൃതമായി വരുന്ന സാമ്പത്തികവർഷത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മത്സ്യമേഖലയിൽ ഒരു

ഏകജാലക സംവിധാനത്തിലൂടെ സംഘടിതമായ വിവരകൈമാറ്റങ്ങളും ആസൂത്രണവും സംരംഭകത്വ പ്രോത്സാഹനവും നൽകുകയും കണ്ടുപിടുത്തങ്ങൾക്ക് ചാലകശക്തിയാവുകയും ചെയ്യുകയെന്നതാണ് ഫിഷറീസ് ഇന്നവേഷൻ കൗൺസിലിന്റെ പ്രധാനലക്ഷ്യം. വിവിധ ഡിപ്പാർട്ട്മെന്റുകളുമായും മേഖലകളുമായുള്ള സഹകരണത്തിലൂടെയാണ് ഇന്നവേഷൻ കൗൺസിൽ പ്രവർത്തിക്കുക. മത്സ്യമേഖലയിലെ ശാസ്ത്രജ്ഞർ, ഫിഷറീസ് വകുപ്പ്, മത്സ്യ/മത്സ്യല്പന്ന കയറ്റുമതിക്കാർ, വ്യവസായ വകുപ്പ്, കെ-ഡിസ്ക്, നോളഡ്ജ് മിഷൻ, സ്റ്റാർട്ടപ്പ് മിഷൻ എന്നിവ ഇന്നവേഷൻ കൗൺസിലിന്റെ നയരൂപീകരണ സംവിധാനത്തിന്റെ ഭാഗമായിരിക്കും. ഇതിലൂടെ സമുദ്രോല്പന്ന ഉല്പാദക-കയറ്റുമതി അനുബന്ധവ്യവസായ ശൃംഖലയുടെ ഒരു കേന്ദ്ര പ്രോത്സാഹന സംവിധാനമായി കൗൺസിലിന് പ്രവർത്തിക്കാൻ സാധിക്കുന്നതാണ്. മത്സ്യമേഖലയുടെ സുസ്ഥിരതയ്ക്കും ലാഭകരമായ വളർച്ചയ്ക്കും ഇന്നവേഷൻ കൗൺസിൽ സഹായകമാകും.

(ബി) ഇതിനായി ഏതെങ്കിലും വിദേശരാജ്യങ്ങളിലെ നൂതന സാങ്കേതികവിദ്യകളും അടിസ്ഥാനഘടനയും ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മത്സ്യമേഖലയുടെ വികസനത്തിന് നോർവേ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളെയും വിയറ്റ്നാം തുടങ്ങിയ ഏഷ്യൻ രാജ്യങ്ങളെയും മാതൃകയാക്കാനാണുദ്ദേശിക്കുന്നത്.

(സി) മത്സ്യമേഖലയിൽ മറ്റ് യൂണിവേഴ്സിറ്റികളുമായി സഹകരിച്ചുകൊണ്ട് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ?

വിദേശരാജ്യങ്ങളുമായി വിശിഷ്യ നോർവേയുമായി അക്കാദമിക സഹകരണം ഉറപ്പാക്കാനായി സർക്കാർ കുഫോസിലെ ഒരു പ്രൊഫസറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ലോകത്തെ വിവിധ സർവകലാശാലകൾ കുഫോസുമായുള്ള അക്കാദമിക സഹകരണത്തിന് തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മറൈൻ ആംബുലൻസുകൾ

282 (4831) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി മറൈൻ ആംബുലൻസുകൾ തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അടിയന്തര സാഹചര്യങ്ങളിൽ കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷാപ്രവർത്തനം നടത്തി കരയിലെത്തിക്കുക, അവർക്ക് പ്രഥമ ശുശ്രൂഷ നൽകുക എന്നീ ലക്ഷ്യങ്ങളോടെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്‌യാർഡിൽ നിർമ്മിച്ച് തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, എറണാകുളം ജില്ലയിലെ വൈപ്പിൻ, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. 24

മണിക്കൂറും പ്രവർത്തന സജ്ജമായ മറൈൻ ആംബുലൻസുകളിൽ പാരാമെഡിക്കൽ സ്റ്റാഫുകൾ, സീ റെസ്ക്യൂ ഗാർഡുമാർ എന്നിവരുടെ സേവനം ലഭ്യമാണ്. മൊബൈൽ മോർച്ചറി, ബെഡ്ഡുകൾ, അത്യാവശ്യ മരുന്നുകൾ തുടങ്ങിയവ മറൈൻ ആംബുലൻസുകളിൽ സജ്ജീകരിച്ചിട്ടുമുണ്ട്.

**മാവേലിക്കര മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള പ്രവൃത്തികൾ**

283 (4832) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന ഭരണാനുമതി ലഭ്യമാക്കുന്നതിനായി മാവേലിക്കര മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അവയുടെ ഭരണാനുമതിക്കായി സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി, താമരക്കുളം എന്നീ

മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മത്സ്യമാർക്കറ്റ് | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മാങ്കാംകുഴി | 176.129 |
| 2 | താമരക്കുളം | 227.52 |

(ബി) പ്രസ്തുത പദ്ധതികൾ വേഗത്തിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**മത്സ്യ അനുബന്ധ തൊഴിലാളിക്ഷേമ സെസ്സ്**

284 (4833) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മത്സ്യ അനുബന്ധ തൊഴിലാളി ക്ഷേമ സെസ്സ് മുഖേന പിരിക്കുന്ന തുക ഏതൊക്കെ രീതിയിലാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത സെസ്സ് പ്രകാരം ഓരോ സാമ്പത്തിക വർഷവും പിരിച്ച തുക എത്രയാണെന്നും ഇതിൽ എത്ര തുക മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് കൈമാറി നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ ഇനത്തിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് കൈമാറുന്നതിനായി നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

(എ - സി) കേരള മത്സ്യ അനുബന്ധ തൊഴിലാളി ക്ഷേമ സെസ്സ് ആക്ട് പ്രകാരം സെസ്സ് പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ഇതുവരെ സെസ്സ്

ഇനത്തിൽ തുകയൊന്നും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭ്യമായിട്ടില്ല.

സെസ്സ് ഇനത്തിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് കൈമാറുന്നതിനായി നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

**മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കാൻ പദ്ധതി**

285 (4834)ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻ ഫിഷറീസ് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. സംസ്ഥാനത്ത് മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പുസാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി

സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 73.3973 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 25 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലൂടെ 42,752 മെട്രിക് ടൺ മത്സ്യം ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി രീതികളായ ബയോഫ്ളോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂടുകൃഷി, കുളങ്ങളിലെ ഓരുജല കൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, ചെറുകിട അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ് എന്നീ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി പ്രകാരം പദ്ധതി നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 10.8180 കോടി രൂപയുടെ റിസർവ്വോയർ വികസന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമാകുകയും ആയത്

നടപ്പിലാക്കുകയും ചെയ്തുവരുന്നു. 2022-23 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 3,524 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി രീതികൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയതനുസരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി 2022-23 വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി+ ചേർക്കുന്നു

(ബി) ആഭ്യന്തര മേഖലയിൽ മത്സ്യോല്പാദനം കുട്ടാനായി നശിച്ചുപോയ ജലാശയ ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ആഭ്യന്തര മേഖലയിൽ മത്സ്യോല്പാദനം കൂട്ടാനായി ജലാശയ ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനും ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും, മത്സ്യഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷം ഇന്റഗ്രേറ്റഡ് ഫിഷറി റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാൻഡ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അക്വാട്ടിക് ഇക്കോ സിസ്റ്റം എന്ന പദ്ധതിക്ക് 463 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കാർപ്പ്, ആറ്റുകൊഞ്ച്, കാരചെമ്മീൻ, കരിമീൻ, പൂമീൻ തുടങ്ങിയ മത്സ്യചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചുവരുന്നു. അടുത്ത 3 വർഷംകൊണ്ട് 1199 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെയാണ് ഈ പദ്ധതിവഴി ഉൾനാടൻ ജലായശയങ്ങളിൽ നിക്ഷേപിക്കാൻ ലക്ഷ്യമിടുന്നത്. ഇതുവഴി 1708 മെട്രിക് ടൺ മത്സ്യം ഉൽപ്പാദിപ്പിക്കുന്നതിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ പദ്ധതിയിലുൾപ്പെടുത്തി മത്സ്യങ്ങളുടെയും കക്കയുടെയും സംരക്ഷണത്തിനും പ്രജനനത്തിനുമായി മത്സ്യ/കക്ക സങ്കേതങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. അൻപതു മത്സ്യ/കക്ക സങ്കേതങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും പദ്ധതിവഴി ലക്ഷ്യമിടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതത് പ്രദേശങ്ങളിലെ പൊതുകുളങ്ങൾ വൃത്തിയാക്കുകയും മത്സ്യോല്പാദന വർദ്ധനവിന് ലക്ഷ്യമിട്ട് ടി കുളങ്ങളിൽ തനത് മത്സ്യങ്ങൾ ഉൾപ്പെടെയുള്ള മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് ബജറ്റിൽ വകയിരുത്തിയ തുക**

286 (4835) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിനായി മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക എത്രയാണ്; വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിനായി ഫിഷറീസ് വകുപ്പിന് ബജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല. എന്നാൽ മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി, വിധവ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി പ്രതിമാസം സമർപ്പിക്കുന്ന പ്രൊപ്പോസൽ പ്രകാരം സംസ്ഥാന ധനകാര്യ വകുപ്പ് നേരിട്ട് മത്സ്യബോർഡിന്റെ തൃശ്ശൂർ സബ്

ട്രഷറിയിലുള്ള STSB അക്കൗണ്ടിലേക്ക് തുക അനുവദിച്ചുവരികയാണ് ചെയ്യുന്നത്.

നടപ്പുസാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും വിധവകൾക്കുമായി പെൻഷൻ ഇനത്തിൽ 15454.50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിച്ച് മത്സ്യബോർഡ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഈ ഇനത്തിൽ ഓരോ വർഷവും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഓരോ വർഷവും പെൻഷൻ തുക അനുവദിക്കുന്ന മുറയ്ക്ക് സേവന സോഫ്റ്റ്‌വെയർ വഴിയാണ് പെൻഷൻ വിതരണം നടത്തുന്നത്. മുൻ സർക്കാരിന്റെ കാലം മുതൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർത്തിട്ടുണ്ട്.

| ക്രമ നം. | വർഷം | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 2016-17 | 61,28,33,300 | 48,76,38,200 |
| 2 | 2017-18 | 70,75,80,425 | 70,04,31,675 |
| 3 | 2018-19 | 84,66,88,745 | 84,03,68,045 |
| 4 | 2019-20 | 86,81,14,800 | 85,46,58,705 |
| 5 | 2020-21 | 1,41,84,08,000 | 1,41,69,88,950 |
| 6 | 2021-22 | 1,06,43,92,000 | 1,05,84,96,000 |
| 7 | 2022-23 | 1,09,04,72,000 | 97,34,28,800 |
| | **ആകെ** | **6,60,84,89,270** | **6,33,20,10,375** |

**മത്സ്യ സമൃദ്ധി പദ്ധതി**

287 (4836) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസമൃദ്ധി പദ്ധതിയിൽ നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

2012 മുതൽ 2017 വരെയുള്ള കാലഘട്ടത്തിലാണ് മത്സ്യസമൃദ്ധി പദ്ധതി ഫിഷറീസ് വകുപ്പിൽ നടപ്പിലാക്കിയത്. നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ മത്സ്യ സമൃദ്ധി പദ്ധതിക്ക് തുക വകയിരുത്തിയിട്ടില്ല.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഈ പദ്ധതിയിൽ ഓരോ വർഷവും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉൾനാടൻ മേഖലയിലെ മത്സ്യകൃഷി വികസനത്തിനായി ഫിഷറീസ് വകുപ്പ് മുഖേന മത്സ്യസമൃദ്ധി-1 പദ്ധതി 2012 മുതൽ 2015 വരെയുള്ള കാലഘട്ടത്തിലും മത്സ്യസമൃദ്ധി-2 പദ്ധതി, 2015 മുതൽ 2017 വരെയുള്ള കാലഘട്ടത്തിലുമാണ് നടപ്പിലാക്കിയത്. 2017-നുശേഷം മത്സ്യസമൃദ്ധി പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക (കോടിയിൽ) | ചെലവഴിച്ച തുക (കോടിയിൽ) |
|---|---|---|---|
| 2016-17 | മത്സ്യസമൃദ്ധി | 19.00 | 19.00 |

| | | | |
|---|---|---|---|
| | | | |

**മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷുറൻസ് പദ്ധതി**

288 (4837) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷുറൻസ് പദ്ധതി ആനുകൂല്യം ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന അപകട ഇൻഷ്വറൻസ് പദ്ധതിയിൽവരുന്ന കേസുകളിൽ അടിയന്തര ശ്രദ്ധ ചെലുത്തി ക്ലെയിമുകൾ ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനിക്ക് സമയബന്ധിതമായി നൽകുന്നതിന് റീജിയണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുൻവർഷങ്ങളിലെ ക്ലെയിമുകൾ തീർപ്പാക്കുന്നതിനുവേണ്ടി 2021 ഡിസംബർ 28-ന് തിരുവനന്തപുരത്തും 2022

ജനുവരി 15-ന് കോഴിക്കോടും അദാലത്തുകൾ നടത്തുകയുണ്ടായി. ക്ലെയിമുകൾ അനുവദിക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനി മേധാവികളുമായി നിരന്തരം ബന്ധപ്പെട്ടുവരുന്നു.

(ബി) മത്സ്യബന്ധന യാനങ്ങൾ ആധുനികവൽക്കരിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

മത്സ്യബന്ധന ബോട്ടുകളെ ആധുനികവൽക്കരിക്കാൻ 10 കോടി രൂപയുടെ പദ്ധതി 2023-24 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

സുരക്ഷിതമല്ലാത്ത പരമ്പരാഗതയാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി

പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന JLG ഗ്രൂപ്പുകൾ/SHG ഗ്രൂപ്പുകൾ/മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ FFPO (ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ) എന്നിവരാണ് ഗുണഭോക്താക്കൾ.

ഇതിനായുള്ള ബോട്ടിന്റെ വില 1.20 കോടി രൂപയായിരുന്നു. എന്നാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് തയ്യാറാക്കുന്ന ബോട്ടിന്റെ വില 1.50 കോടി രൂപയാണ്. പദ്ധതി പ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപ (40%)യുമാണ്. ബാക്കിയുള്ള 102 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ലെന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70%(71.4 ലക്ഷം രൂപ) കേരള

ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

19-01-2023-ന് ബോട്ട് നിർമ്മാണം സംബന്ധിച്ച് ത്രികക്ഷികരാർ കൊച്ചിൻ ഷിപ്പ്‌യാർഡ്, ഫിഷറീസ് വകുപ്പ്, ഗുണഭോക്തൃ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ എന്നിവർ ചേർന്ന് ഒപ്പുവച്ചു. ആദ്യഘട്ടമായി കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മാണം പൂർത്തിയാക്കിയ 5 യാനങ്ങൾ ഗുണഭോക്തൃ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണം കൊച്ചിൻ ഷിപ്പ് യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ പുരോഗമിച്ചുവരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ എഫ്.ആർ.പി.യാനങ്ങൾ നൽകുകയെന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി 320 എഫ്.ആർ.പി. യാനങ്ങൾവിതരണം ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY)-ൽ ഉൾപ്പെടുത്തി 'Providing FRP Boats Replacement and Nets for Traditional Fishermen എന്ന

പദ്ധതിപ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം യൂണിറ്റ് വിലയുള്ള 100 എഫ്.ആർ.പി. യാനങ്ങളും അനുബന്ധ ഉപകരണങ്ങളും നൽകുന്നതിന് 500 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തി പദ്ധതി പൂർത്തീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന എഞ്ചിനുകൾക്കാവശ്യമായ മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, ഡീസൽ, എൽ.പി.ജി. തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ആധുനിക എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആലപ്പുഴ ജില്ലയിൽനിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ എൽ.പി.ജി.കിറ്റുകൾ വിതരണം ചെയ്യുകയും LOT അടിസ്ഥാനത്തിലുള്ള എൽ.പി.ജി. കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തുകയും ചെയ്തുവരുന്നു.

Motorisation of Country Crafts പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് ഔട്ട് ബോർഡ് എഞ്ചിനുകൾ വാങ്ങുന്നതിന് 2021-22 സാമ്പത്തിക വർഷം 60 ലക്ഷം രൂപയുടെ അനുമതി നൽകുകയും മത്സ്യഫെഡ് മുഖേന പദ്ധതി നടപ്പിലാക്കുകയും ചെയ്തു. നടപ്പുസാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് 30 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി 75% സബ്സിഡിയോടെ ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2022-23-ൽ 800 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകുകയും ഇതുവരെ 776 ബോക്സുകൾ 9 തീരദേശ ജില്ലകളിലായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

Sustainable Marine Fishing Practices പദ്ധതിയിലുൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 30 ലക്ഷം രൂപ ചെലവിൽ 200 മത്സ്യത്തൊഴിലാളികൾക്ക് square mesh cod end വിതരണം ചെയ്തിട്ടുണ്ട്.

നടപ്പുസാമ്പത്തിക വർഷം ടി പദ്ധതിക്കായി 30 ലക്ഷം രൂപയുടെ അനുമതി നൽകി. ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തി 375 square mesh cod end-കൾ വിതരണം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിരവും സുരക്ഷിതവുമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് ജി.പി.എസ്., ലൈഫ്ബോയ്, എക്കോസൗണ്ടറുകൾ, ഡി.എ.റ്റി. എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നിലവിലുള്ള മണ്ണെണ്ണ ഒ.ബി.എം.കൾക്ക് പകരം കൂടുതൽ കാര്യക്ഷമതയും കുറഞ്ഞ മലിനീകരണവുമുള്ള പെട്രോൾ, ഡീസൽ, എൽ.പി.ജി. എന്നിവ ഉപയോഗിക്കുന്ന ഒ.ബി.എം.-കൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്ന പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ?

പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ എൽ.പി.ജി. ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ എൽ.പി.ജി. കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിലേയ്ക്കായി 7 ലക്ഷം രൂപയുടെ പദ്ധതിക്ക്

അനുമതി നൽകി. പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽനിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് എൽ.പി.ജി. കിറ്റുകൾ വിതരണം ചെയ്യുകയും LOT അടിസ്ഥാനത്തിലുള്ള എൽ.പി.ജി. കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തുകയും ചെയ്തുവരുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21-01-2023-ന് എൽ.പി.ജി. കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു. മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ എൽ.പി.ജി. എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി പരിശോധിച്ചുവരുന്നു.

**എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ച് മത്സ്യബന്ധനം**

289 (4838) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് അനുവദനീയമാണോ; വ്യക്തമാക്കാമോ?

കേന്ദ്ര കൃഷി, മൃഗസംരക്ഷണ, ക്ഷീരവികസന, മത്സ്യബന്ധന മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം തീരത്തുനിന്നും 12 നോട്ടിക്കൽ മൈൽ മുതൽ 200 നോട്ടിക്കൽ മൈൽ വരെയുള്ള എക്സ്ക്ലൂസീവ് എക്കണോമിക് സോൺ (EEZ)-ൽ ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം പൂർണ്ണമായി നിരോധിക്കുകയും സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽവരുന്ന 12 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശത്ത് ലൈറ്റ് ഫിഷിംഗ് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതുകൂടി പരിഗണിച്ച് മത്സ്യവിഭവ ശോഷണം തടയുന്നതിന് കെ.എം.എഫ്.ആർ. ആക്ട് 1980-ലെ വകുപ്പ് 4 ഉപവകുപ്പ് (1) ക്ലാസ്സ് (f) പ്രകാരവും കെ.എം.എഫ്.ആർ. റൂൾ 2018-ലെ റൂൾ (ചട്ടം) 6 (c) പ്രകാരവും, 12 വാട്സിന് മുകളിൽ തീവ്രതയുള്ള കൃത്രിമ ലൈറ്റുകൾ ഉപയോഗിച്ചുള്ള രാത്രികാല മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ ഇത്തരത്തിൽ മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അനധികൃതമായി ലൈറ്റ് ഫിഷിംഗിൽ ഏർപ്പെടുന്നവർക്കെതിരെ കെ.എം.എഫ്.ആർ. ആക്ടിലെയും റൂളിലെയും ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിൽ പിഴ ഉൾപ്പെടെയുള്ള കർശനമായ നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും, നിരോധിത മത്സ്യബന്ധന രീതികൾ ഉപയോഗിക്കുന്നത് കൊണ്ടുണ്ടാകുന്ന ദോഷഫലങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

(സി) എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ച് കർണാടകയിൽനിന്നുള്ള ബോട്ടുകളിൽ കാസർഗോഡ് തീരത്ത് വ്യാപകമായി മത്സ്യബന്ധനം നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇത്തരത്തിൽ മത്സ്യബന്ധനം നടത്തിയ എത്ര ബോട്ടുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ചുമത്തിയ ശിക്ഷ എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ?

(സി & ഡി) എൽ. ഇ. ഡി. ലൈറ്റുകൾ ഉപയോഗിച്ച് വ്യാപകമായി മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022 ഏപ്രിൽ മുതൽ 2023

ജനുവരി വരെ രാത്രികാല മത്സ്യബന്ധനം നടത്തിയ കർണ്ണാടക രജിസ്ട്രേഷനുള്ള 9 ബോട്ടുകൾ പിടിച്ചെടുത്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ബോട്ടുകളിൽ നിന്നും ആകെ 22,50,000/-രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

**പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി വിവിധ പദ്ധതികൾ**

290 (4839)ശ്രീ. പി. നന്ദകുമാർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് മത്സ്യ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിലയിരുത്തുന്നുണ്ട്. സംസ്ഥാനത്തെ മത്സ്യസഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടത്തിവരുന്ന വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

തീരോന്നതി പദ്ധതി

സംസ്ഥാനത്തെ മത്സ്യബന്ധ മേഖലയുമായി ബന്ധപ്പെട്ട മത്സ്യസഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ ബൃഹത് പദ്ധതിയാണ് "തീരോന്നതി." പ്രവർത്തനമികവ് പുലർത്തുന്നതും എന്നാൽ സാമ്പത്തിക അരക്ഷിതാവസ്ഥ നേരിടുന്നതും ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമായ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകുന്നതിനായി 2019 മുതലാണ് ഈ പദ്ധതി ആരംഭിച്ചത്. ഇതനുസരിച്ച് മത്സ്യസംഘങ്ങളെ ശാക്തീകരിക്കുന്നതിനായി സെക്രട്ടറിയുടെ വേതന ഇനത്തിൽ പ്രതിമാസം 10,000/- രൂപ, കെട്ടിട വാടക ഇനത്തിൽ പരമാവധി 3000/- രൂപ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് പരമാവധി 45000/- രൂപ കെട്ടിട നിർമ്മാണത്തിന്

പരാമവധി 5 ലക്ഷം രൂപ എന്നിങ്ങനെ ഫിഷറീസ് വകുപ്പ് മുഖേന സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു.

പ്രാഥമിക സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ മത്സ്യഫെഡ് മുഖേന താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

1. എൻ.സി.ഡി.സി ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി

മത്സ്യ ബന്ധന ഗ്രൂപ്പുകൾക്ക് പ്രാഥമിക സംഘങ്ങൾ വഴി പലിശരഹിത വായ്പ നൽകുന്ന ഈ പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് 15% സബ്സിഡിയും, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 12.50% ഓഹരി മൂലധനവും നൽകുന്നു. 2021-22 വർഷം ഈ പദ്ധതിയിൽ 35 കോടി രൂപയുടെ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പ്രാഥമിക സംഘങ്ങൾക്ക് ഓഫീസ്-കം-ഗോഡൗൺ, ചിൽ റൂം എന്നിവ ഈ പദ്ധതിയിൽ വായ്പയായി നൽകുന്നുണ്ട്.

2. തീരദേശ ലേല സമ്പ്രദായം

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ നടത്തുന്ന തീരദേശ ലേലം വഴി 323.62 കോടി രൂപയുടെ മത്സ്യം 2021-22 വർഷം ലേലം ചെയ്യുകയുണ്ടായി. 2022-23 വർഷം 31-01-2023 വരെ 398.94 കോടി രൂപയുടെ മത്സ്യം ലേലം ചെയ്തു. തീരദേശ ലേലം നടത്തുന്നതിന് സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നൽകിവരുന്നു.

3. <u>മൈക്രോഫിനാൻസ് വായ്പ പദ്ധതി</u>

ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള മൈക്രോ ഫിനാൻസ് വായ്പ പദ്ധതിയിൽ സ്വയം സഹായ ഗ്രൂപ്പുകൾക്ക് 2021-22 വർഷം 17,892 ഗുണഭോക്താക്കൾക്ക് 57.56 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 1% പലിശ സംഘങ്ങൾക്ക് മാർജിനായി ലഭിക്കുന്നുണ്ട്.

4. <u>മത്സ്യകച്ചവട വനിതകൾക്കുള്ള പലിശ രഹിത വായ്പാ പദ്ധതി</u>

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി 2021-22 വർഷം 5,566 സ്ത്രീകൾക്ക് മത്സ്യകച്ചവടത്തിനായി 10.60 കോടി രൂപ പലിശ രഹിത വായ്പയായി വിതരണം ചെയ്തു. ഈ പദ്ധതിയിൽ 1% പലിശ മാർജിൻ സംഘങ്ങൾക്ക് ലഭിക്കുന്നുണ്ട്.

5. <u>സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി</u>

മത്സ്യഫെഡിന്റെ തനത് ഫണ്ടിൽനിന്നും വായ്പ നൽകി സംഘങ്ങളെ ശാക്തീകരിക്കുന്ന ഈ പദ്ധതി 2021-22 വർഷം മുതൽ നടപ്പിലാക്കുന്നു. ഇതുവരെ 43 സംഘങ്ങൾക്ക് 160 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

6. <u>മത്സ്യഫെഡ് വായ്പകളിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u>

മത്സ്യഫെഡിൽനിന്നും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുള്ളതും 31-03-2020-ൽ കാലാവധി കഴിഞ്ഞിട്ടുള്ളതുമായ വായ്പകളിൽ പലിശയും, പിഴപ്പലിശയും ഒഴിവാക്കി മുതൽ തുക മാത്രം അടപ്പിച്ചുകൊണ്ട് വായ്പാകണക്ക് തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ അദാലത്തുകൾ നടത്തി ഗുണഭോക്താക്കളുടെ വായ്പകൾ തീർപ്പാക്കുന്നതിനുള്ള

പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവഴി സംഘങ്ങളുടെ തിരിച്ചടവ് വർദ്ധിക്കുകയും തുടർവായ്പ ലഭിക്കുന്നതിന് യോഗ്യത നേടുകയും ചെയ്യുന്നു.

7. മത്സ്യവിപണനം

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യങ്ങൾ അവർ അംഗങ്ങളായുള്ള സഹകരണ സംഘങ്ങൾ വഴി ലേലം ചെയ്ത് മത്സ്യഫെഡ് ശേഖരിച്ച് മത്സ്യസംഭരണ കേന്ദ്രങ്ങളിൽ (ബേസ് സ്റ്റേഷൻ) എത്തിച്ച്, അവിടെനിന്നും മത്സ്യഫെഡ് മാർട്ടുകൾ വഴി വിപണനം ചെയ്തുവരുന്നു. തീരദേശ ലേലം വഴി മത്സ്യസഹകരണ സംഘങ്ങൾ ശേഖരിക്കുന്ന മത്സ്യം മത്സ്യഫെഡ് നേരിട്ട് വാങ്ങുന്നതിലൂടെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും മോചനം ലഭിക്കുകയും, മത്സ്യത്തൊഴിലാളികൾക്ക് ന്യായമായ വില ലഭ്യമാക്കുന്ന സാഹചര്യവും ഉണ്ടാകുന്നു.

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികൾ അനുബന്ധം+ ആയി ചേർക്കുന്നു.

**ഇതര സംസ്ഥാന ഫൈബർ വള്ളങ്ങൾ ഉൾനാടൻ മേഖലകളിൽ നടത്തുന്ന മത്സ്യബന്ധനം**

291 (4840) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന ഫൈബർ വള്ളങ്ങൾ നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ട്രോളിംഗ് കാലയളവിനുശേഷം ലഭിക്കേണ്ട മത്സ്യസമ്പത്തിനെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ആയത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഇതര സംസ്ഥാന ഫൈബർ വള്ളങ്ങൾ നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധികൃതമായി നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നടത്തുകയാണെങ്കിൽ അത്തരം യാനങ്ങൾക്കെതിരെ കെ.എം.എഫ്.ആർ. ആക്ടിലെയും റൂളിലെയും ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിൽ ഉയർന്ന പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഉൾനാടൻ മത്സ്യബന്ധന മേഖലകളിൽ ഇതര സംസ്ഥാന കൊട്ടവഞ്ചിക്കാർ മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഇത്തരത്തിൽ മൽസ്യബന്ധനം നടത്തിയതായി കണ്ടെത്തിയ വ്യക്തികളുടെ മൽസ്യബന്ധനയാനങ്ങളും, വലയും പിടിച്ചെടുക്കുകയും അവരിൽനിന്ന് കേരള സംസ്ഥാന ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് 2010, കേരള സംസ്ഥാന ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്ട്, ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യബന്ധനം നടത്തുന്നതിന് മത്സ്യത്തൊഴിലാളികൾക്ക്, യാനങ്ങളും

വലകളും രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയും ആവശ്യമാണ്. ഇത്തരത്തിൽ രജിസ്ട്രേഷൻ, ലൈസൻസ് ഇല്ലാത്തവയ്ക്കെതിരെ നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേരള സംസ്ഥാന ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ആക്ട്, ചട്ടങ്ങളിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനും നിയമപരമല്ലാത്ത മത്സ്യബന്ധനരീതികൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും കായൽ പട്രോളിംഗ് ഫലപ്രദമായ രീതിയിൽ തുടർച്ചയായി നടത്തുന്നുണ്ട്.

**പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ**

292 (4841) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും

നടപ്പിലാക്കിവരുന്ന വികസനക്ഷേമ പദ്ധതികൾ അനുബന്ധം+ ആയി ചേർക്കുന്നു.

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനായി കർമ്മപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ ബോട്ടുകൾ വാങ്ങുന്നതിനായി വായ്പ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി & സി) സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന JLG ഗ്രൂപ്പുകൾ/SHG ഗ്രൂപ്പുകൾ/മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ FFPO (ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ) എന്നിവരാണ് ഗുണഭോക്താക്കൾ.

ഇതിനായുള്ള ബോട്ടിന്റെ വില 1.20 കോടി രൂപയായിരുന്നു. എന്നാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് തയ്യാറാക്കുന്ന ബോട്ടിന്റെ വില 1.50 കോടി രൂപയാണ്. പദ്ധതി പ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപ (40%)യുമാണ്. ബാക്കിയുള്ള 102 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ലെന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള

ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

19-01-2023-ന് ബോട്ട് നിർമ്മാണം സംബന്ധിച്ച് ത്രികക്ഷികരാർ കൊച്ചിൻ ഷിപ്പ്യാർഡ്, ഫിഷറീസ് വകുപ്പ്, ഗുണഭോക്തൃ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ എന്നിവർ ചേർന്ന് ഒപ്പുവച്ചു. ആദ്യഘട്ടമായി കൊച്ചിൻ ഷിപ്പ്യാർഡിൽ നിർമ്മാണം പൂർത്തിയാക്കിയ 5 യാനങ്ങൾ ഗുണഭോക്തൃ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണം കൊച്ചിൻ ഷിപ്പ്യാർഡിന്റെ Malpe കപ്പൽ നിർമ്മാണശാലയിൽ പുരോഗമിച്ചുവരുന്നു. കൂടാതെ ടി പദ്ധതിയിൽ അംഗങ്ങളായ സഹകരണ സംഘങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 30 മത്സ്യത്തൊഴിലാളികൾക്ക് നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NCDC)-ന്റെ സാമ്പത്തിക സഹായത്തോടെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-ന്റെ നേതൃത്വത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള

മൂന്നുദിവസത്തെ പരിശീലനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ (NIFAM)-ൽ വച്ച് നൽകിയിട്ടുണ്ട്.

**മണിമലയിൽ ആധുനിക ഫിഷ് മാർക്കറ്റും വെയർഹൗസും**

293 (4842) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിമലയിൽ ആധുനിക ഫിഷ് മാർക്കറ്റും വെയർഹൗസും സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത നടപടികൾ പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ നിർമ്മാണത്തോടെ മന്ദഗതിയിലായിരുന്നുവെങ്കിലും നീണ്ടകരയുമായി എളുപ്പത്തിൽ ബന്ധപ്പെടാവുന്ന വിധത്തിൽ പ്രസ്തുത പാത പൂർത്തിയായ സാഹചര്യത്തിൽ ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകാമോ; വിശദമാക്കാമോ?

(എ & ബി) കോട്ടയം ജില്ലയിൽ മണിമലയിൽ പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയ്ക്കരികിൽ നിലവിലുള്ള മാർക്കറ്റ് വിപുലീകരിച്ച് ആധുനിക

ഫിഷ് മാർക്കറ്റും വെയർഹൗസും സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാപഠനം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടത്തിയിട്ടുണ്ട്.

**പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പുരോഗതി**

294 (4843) ശ്രീ. കെ. പി. എ. മജീദ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ ആകുമെന്നും അറിയിക്കാമോ; വിശദവിവരം ലഭ്യമാക്കാമോ?

(എ & ബി) പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന്റെ ബ്രേക്ക്-വാട്ടറിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 785 മീറ്റർ നീളമുള്ള നോർത്ത് ബ്രേക്ക്-

വാട്ടറിന്റെ പണി പൂർത്തിയായി. 1410 മീറ്റർ നീളമുള്ള സൗത്ത് ബ്രേക്ക്-വാട്ടറിന്റെ 1035 മീറ്റർ പൂർത്തിയായി. പാക്കിംഗ് പ്രവൃത്തികൾ നടന്നുവരുന്നു. വാർഫ്, ലേലപ്പുര, തുടങ്ങിയ അനുബന്ധ പ്രവൃത്തികൾക്കുള്ള പൈലിംഗ് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബ്രേക്ക്-വാട്ടർ പ്രവൃത്തിക്ക് ആവശ്യമായ കല്ലുകൾ ക്വാറിയിൽനിന്ന് ലഭിക്കാത്ത സാഹചര്യം മുൻപുണ്ടായിരുന്നു. നിലവിൽ തടസ്സങ്ങൾ ഇല്ല. 2024 അവസാനത്തോടെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത നിർമ്മാണത്തിൽ പൂർണ്ണ ഫലപ്രാപ്തി ലഭിക്കുന്നതിന് ചെറിയ മാറ്റങ്ങൾ വേണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ; ഇത് സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഹാർബർ നിർമ്മാണത്തിൽ പൂർണ്ണ ഫലപ്രാപ്തി ലഭിക്കുന്നതിന് ചെറിയ മാറ്റങ്ങൾ ആവശ്യമാണ്. തെക്കേ പുലിമുട്ടിനോട് ചേർന്ന് ഹാർബർ ബേസിനകത്തേയ്ക്ക് ചേരുന്ന മുറിതോട് സംബന്ധിച്ച് ചില സാങ്കേതിക

മാറ്റങ്ങൾ എസ്റ്റിമേറ്റിൽ വരുത്തേണ്ടതുണ്ട്. ഇപ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഹാർബർ സെന്ററുകൾ**

295 (4844) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹാർബർ സെന്ററുകളും ഫിഷ് ലാന്റിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്; അറിയിക്കുമോ;

(ബി) ഹാർബർ സെന്ററുകളിൽ എത്രയെണ്ണം പൂർത്തിയായി കമ്മീഷൻ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

(എ & ബി) സംസ്ഥാനത്ത് ആകെ 26 മത്സ്യബന്ധന ഹാർബറുകൾ നിലവിലുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുകീഴിൽ സംസ്ഥാനത്ത് 25 ഫിഷിംഗ് ഹാർബറുകളിൽ 21 എണ്ണം പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് ആകെ 204 നോട്ടിഫൈഡ് ഫിഷ് ലാന്റിംഗ് സെന്ററുകളുണ്ട്. ഇതിൽ 46 ഫിഷ് ലാന്റിംഗ് സെന്ററുകൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന

നിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചുവരുന്നു. പൂർത്തിയായി കമ്മീഷൻ ചെയ്ത ഹാർബറുകളുടെ വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

**മുതലപ്പൊഴി മാസ്റ്റർ പ്ലാൻ**

296 (4845) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനായി നാളിതുവരെ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ?

(എ & ബി) മുതലപ്പൊഴി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

2021-2022 സാമ്പത്തിക വർഷം ടി പ്രവൃത്തിയുടെ ടോട്ടൽ സ്റ്റേഷൻ സർവ്വെയ്ക്കായി 1,20,000/- രൂപയുടെ അനുമതി നൽകിയതിൽ 1,01,266/-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

രൂപ ചെലവായിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം മുതലപ്പൊഴി മാസ്റ്റർ പ്ലാനിനുവേണ്ടി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**സമുദ്ര മത്സ്യബന്ധന യാനങ്ങൾ ആധുനികീകരിക്കുന്നതിനുള്ള പദ്ധതി**

297 (4846) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമുദ്ര മത്സ്യബന്ധന യാനങ്ങൾ ആധുനികീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; മൗണ്ടഡ് ജി. പി. എസ്. സംവിധാനം എല്ലാ പരമ്പരാഗത യാനങ്ങൾക്കും നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മത്സ്യബന്ധന ബോട്ടുകളെ ആധുനികവൽക്കരിക്കാൻ 10 കോടി രൂപയുടെ പദ്ധതി 2023-24 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. മരത്തടിയിൽ നിർമ്മിച്ചതും 40 അടിയിൽ താഴെ മൊത്തം നീളമുള്ളതും, 200 HP-യിൽ താഴെ പ്രൊപ്പൽഷനുള്ള സ്റ്റീൽ നിർമ്മിതമായതുമായ ചെറിയ യന്ത്രവൽകൃത

മത്സ്യബന്ധനയാനങ്ങൾ ഘട്ടംഘട്ടമായി മാറ്റുന്നതിന്/ നവീകരിക്കുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതിപ്രകാരം 60% നിരക്കിൽ പരമാവധി 10.00 ലക്ഷം രൂപ വരെ ഒരു യൂണിറ്റിന് സബ്സിഡി നൽകും.

സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന JLG ഗ്രൂപ്പുകൾ/ SHG ഗ്രൂപ്പുകൾ/മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ FFPO (ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ) എന്നിവരാണ് ഗുണഭോക്താക്കൾ.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY)-ൽ ഉൾപ്പെടുത്തി 'Providing FRP Boats Replacement and Nets for Traditional Fishermen' എന്ന പദ്ധതി പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം യൂണിറ്റ് വിലയുള്ള 100 എഫ്.ആർ.പി. യാനങ്ങളും അനുബന്ധ ഉപകരണങ്ങളും നൽകുന്നതിന് 500 ലക്ഷം രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട്.

മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, ഡീസൽ, എൽ.പി.ജി. തുടങ്ങിയ ഇന്ധനങ്ങളുപയോഗിച്ച് പ്രവർത്തിക്കുന്ന ആധുനിക എഞ്ചിനുകൾ മത്സ്യബന്ധന മേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു.

Motorisation of Country Crafts പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് ഔട്ട് ബോർഡ് എഞ്ചിനുകൾ വാങ്ങുന്നതിന് 2021-22 സാമ്പത്തിക വർഷം 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും മത്സ്യഫെഡ് മുഖേന പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

Sustainable Marine Fishing Practices പദ്ധതിയിലുൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 30 ലക്ഷം രൂപ ചെലവിൽ 200 മത്സ്യത്തൊഴിലാളികൾക്ക് square mesh cod end വിതരണം ചെയ്തിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം മുതൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മൗണ്ടഡ് ജി.പി.എസ്. നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. 2021-22 പദ്ധതിപ്രകാരം 360 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ്.-കളും 417 ഹാൻഡ് ഹെൽഡ് ടൈപ്പ് ജി.പി.എസ്.-കളും വിതരണം ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം കടൽ സുരക്ഷ പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മൗണ്ടിംഗ് ജി.പി.എസ്.കൾ വിതരണം ചെയ്യുന്ന പദ്ധതിക്ക് അനുമതി നൽകുകയും നാളിതുവരെ 542 എണ്ണം ജി.പി.എസ്.-കൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തു.

(ബി) യാനങ്ങളിലെല്ലാം ജീവൻ സുരക്ഷ ഉപകരണങ്ങൾ ഉറപ്പാക്കുന്നതിനും കാലാവസ്ഥ മുന്നറിയിപ്പ് യഥാസമയം നൽകുന്നതിനും സംവിധാനം ഏർപ്പെടുത്തുന്നുണ്ടോ; അറിയിക്കുമോ?

മത്സ്യബന്ധനത്തിന് പോകുമ്പോൾ മത്സ്യത്തൊഴിലാളികൾ നിർബന്ധമായും ലൈഫ്ജാക്കറ്റ് ധരിച്ചിരിക്കണമെന്നത് നിയമ വിധേയമാക്കുകയും ആദ്യഘട്ടമായി 40,000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുമുണ്ട്. ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺവഴി നിർമ്മിച്ചുനൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത യാനങ്ങൾക്ക് ഡി.എ.റ്റി., ജി.പി.എസ്., 300 മെക്കനൈസ്ഡ് ബോട്ടുകൾക്ക് ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ് (HRP), വെസ്സൽ ട്രാക്കിംഗ് സംവിധാനം എന്നിവ സർക്കാർ സബ്സിഡിയോടെ നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ ഇൻകോയ്സ് വഴി യഥാസമയം ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ, കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ

സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ മുന്നറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നൽകിവരുന്നുണ്ട്. ഇതുകൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിയെന്നുറപ്പാക്കാനും കടൽരക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നുണ്ട്.

(സി) ആപൽഘട്ടങ്ങളിൽ കടൽ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സത്വരമായി ഇടപെടുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

അടിയന്തര സാഹചര്യങ്ങളിൽ കടലിലകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷാപ്രവർത്തനം നടത്തി കരയിലെത്തിക്കുക, അവർക്ക് പ്രാഥമിക ശുശ്രൂഷ നൽകുക എന്നീ ലക്ഷ്യത്തോടെ അത്യാധുനിക

സൗകര്യങ്ങളോടുകൂടി 3 മറൈൻ ആംബുലൻസുകൾ വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. മൂന്നുമറൈൻ ആംബുലൻസുകളിലും പാരാമെഡിക്കൽ സ്റ്റാഫുകൾ, സീ റെസ്ക്യൂ ഗാർഡുമാർ എന്നിവരുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. മറൈൻ ആംബുലൻസുകൾക്കുപുറമെ കടലിൽ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും രക്ഷാബോട്ടുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി മേഖലയിൽനിന്നും തെരഞ്ഞെടുത്ത 900 മത്സ്യത്തൊഴിലാളി യുവാക്കളെ കടൽ സുരക്ഷ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി അടിയന്തര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ഡി) നോർവെയുമായി സഹകരിച്ച് ആധുനീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ധാരണയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

നോർവെ ആസ്ഥാനമായി പ്രവർത്തിക്കുന്ന നോർവീജിയൻ ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (NOFIMA), നോർവീജിയൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (NTNU), നോർഡ് യൂണിവേഴ്സിറ്റി, നോർവീജിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മറൈൻ റിസർച്ച് (IMR), നാൻസെൻ എൻവിറോൺമെന്റൽ ആൻഡ് റിമോട്ട് സെൻസിങ് സെന്റർ (NERSC) തുടങ്ങിയ പ്രധാനപ്പെട്ട വിദ്യാഭ്യാസ- ഗവേഷണ സ്ഥാപനങ്ങളെല്ലാംതന്നെ കേരളത്തിലെ സമുദ്ര മത്സ്യകൃഷി / മത്സ്യബന്ധന മേഖലക്കാവശ്യമായ സാങ്കേതിക ഉപദേശവും, സഹായ സഹകരണവും നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്.

ഈ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള ഏകോപന പ്രവർത്തനം നടത്തുന്നതിന് കുഫോസിലെ അക്വാകൾച്ചർ വകുപ്പ് മേധാവിയെ നോഡൽ ഓഫീസറായി നിയോഗിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കടൽ മത്സ്യബന്ധന രംഗത്തെ ഗവേഷണ വികസന സാധ്യതകൾക്ക് കുഫോസുമായി സഹകരിക്കാൻ നോർവെ തയ്യാറായിട്ടുണ്ട്.

നോർവെയിൽനിന്നുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സാങ്കേതികവിദ്യയുടെ പിന്തുണയോടെ കേരളത്തിലെ യോജിച്ച പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ സജീവപങ്കാളിത്തത്തോടെ സമുദ്രക്കൂടുകൃഷി നടപ്പിലാക്കുന്നതിനായി 2023-24 വർഷത്തെ ബജറ്റിൽ 9 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംഘവും നടത്തിയ നോർവെ സന്ദർശനത്തിനുശേഷം രൂപീകരിച്ച ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഒരു ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി 2023-24 വർഷത്തെ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**അക്വാപാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ**

298(4847) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ പുതുവൈപ്പിൽ 50 ഏക്കർ സ്ഥലത്ത് സി.ആർ.ഇസെഡ്. നിയമം പാലിച്ചുകൊണ്ട് സ്ഥാപിക്കുവാനായി ആവിഷ്കരിച്ചിരുന്ന അക്വാപാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് 03-09-2021-ന് ചേർന്ന മന്ത്രിതല യോഗത്തിലെടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(എ-സി) 03-09-2021-ന് ചേർന്ന മന്ത്രിതല യോഗ തീരുമാനപ്രകാരം പുതുവൈപ്പിനിൽ നിലവിലുള്ള കണ്ടൽക്കാട് സംരക്ഷിച്ചും CRZ ചട്ടങ്ങൾ പാലിച്ചും വ്യവസായ വകുപ്പ്, ഫിഷറീസ് വകുപ്പ്, ടൂറിസം വകുപ്പ് എന്നീ മൂന്നുവകുപ്പുകളുടെ സഹകരണത്താൽ ഒരു പദ്ധതി നടപ്പാക്കുന്നതിനായി കൺസെപ്റ്റ് നോട്ട് തയ്യാറാക്കാൻ എംപാനൽഡ് ഏജൻസിയെ കണ്ടെത്തുന്നതിനുള്ള നോട്ടീസ് പ്രസിദ്ധീകരിക്കാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തി.

പുതുവൈപ്പിനിൽ അക്വാപാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന ബ്ലോക്ക് നം.10, സർവ്വെ നമ്പർ 238/1&4-ലുൾപ്പെട്ടിട്ടുള്ള 50 ഏക്കർ സ്ഥലം ഫിഷറീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. കോംപ്രിഹെൻസീവ് കൺസെപ്റ്റ് നോട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ ചെയർമാനായി കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ, അഡാക്ക്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, ഫിഷറീസ് വകുപ്പുകളിലെ പ്രതിനിധികളെയുൾപ്പെടുത്തി 11 അംഗകമ്മറ്റി രൂപീകരിക്കുകയും, കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. അക്വാപാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് പ്രദേശത്തെ കണ്ടൽക്കാടുകൾ നിലനിർത്തിക്കൊണ്ടും, കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിൽ പരിഗണിക്കപ്പെടാൻ കഴിയുന്നതരത്തിലും ഒരു പദ്ധതി രൂപ രേഖ തയ്യാറാക്കുന്നതിനുള്ള വിശദാംശങ്ങളുൾക്കൊള്ളിച്ച് ഒരു എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EoI) തയ്യാറാക്കാൻ തീരുമാനിക്കുകയും, ഇതിനായി തീരദേശ

വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. തീരദേശ വികസന കോർപ്പറേഷൻ കേന്ദ്ര സർക്കാർ അംഗീകൃത സ്ഥാപനമായ WAPCOS-നോട് ആയത് തയ്യാറാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് പ്രസ്തുത രൂപരേഖ തയ്യാറാക്കുന്നതിനുള്ള ടെക്നോ കൊമേഴ്സ്യൽ & എൻവയോൺമെന്റ് ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനുള്ള തുക അനുവദിക്കണമെന്ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ആവശ്യപ്പെട്ടു. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മുൻകൂർ തുക അനുവദിക്കാൻ കഴിയില്ലായെന്നും ഡി.പി.ആർ. അംഗീകരിക്കുന്നമുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കിയ തുകകൂടി ഉൾക്കൊള്ളിച്ച് അംഗീകാരം ലഭ്യമാക്കാവുന്നതാണെന്നും കേരള തീരദേശ വികസന കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ യോഗംചേർന്ന് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മത്സ്യഫെഡിലെ നിയമനങ്ങൾ

299 (4848) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം മത്സ്യഫെഡിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിന് തീരുമാനിച്ചിരുന്നോ; എങ്കിൽ ഇതിനുശേഷം എത്ര തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തിയെന്ന് വിശദമാക്കാമോ?

17-02-2016-ലെ ജി.ഒ.(പി) നമ്പർ. 5/2016/എഫ്.&പി.ഡി. പ്രകാരം മത്സ്യഫെഡിന്റെ സ്പെഷ്യൽ റൂൾസിന് സർക്കാർ അംഗീകാരം നൽകിയതിനുശേഷം സ്ഥാപനത്തിലെ നേരിട്ടുനിയമനം നടത്തേണ്ട ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ സ്റ്റോർ കീപ്പർ തസ്തികയിൽ 2 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ സൂപ്പർവൈസർ തസ്തികയിൽ ഒരു

ഉദ്യോഗാർത്ഥികളുള്ള അഡ്വൈസ് മെമ്മോ മത്സ്യഫെഡിൽ ലഭിച്ചതിൻപ്രകാരം നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് തീരുമാനിച്ചിരുന്ന തസ്തികകളിൽ ഇപ്പോൾ താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്നതിനുള്ള കാലതാമസം നേരിടുന്നതിനാൽ നിലവിൽ അത്യാവശ്യംവേണ്ട തസ്തികകളിൽ താൽക്കാലിക/കരാർ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

(സി) മത്സ്യഫെഡിൽ നിലവിൽ ഏത് പെൻഷൻ സ്കീം ആണ് നടപ്പാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മത്സ്യഫെഡിൽ എംപ്ലോയീസ് പ്രോവിഡന്റ് സ്കീമിന്റെ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) മത്സ്യഫെഡിൽ നിലവിൽ ജോലിചെയ്യുന്ന സ്ഥിരം ജീവനക്കാരുടെയും ഡെപ്യൂട്ടേഷൻ ജീവനക്കാരുടെയും കണക്കുകൾ തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) മത്സ്യഫെഡ് ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം എത്രയാണ്; റിട്ടയർമെന്റിനുശേഷം എത്ര ജീവനക്കാർ കരാർ/ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്; വിശദമാക്കാമോ?

മത്സ്യഫെഡ് ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം (പാർട്ട് ടൈം സ്വീപ്പർ ഒഴികെ) 58 വയസ്സാണ്. സ്ഥിരം ജീവനക്കാരനായിരുന്ന ഒരാൾമാത്രം റിട്ടയർമെന്റിനുശേഷം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്.

(എഫ്) കരാർ/താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർ റിട്ടയർമെന്റ് പ്രായം കഴിഞ്ഞിട്ടും തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്ഥിരം ജീവനക്കാരുടെ കുറവ് നേരിടുന്നതിനാലും പരിചയ സമ്പന്നരായ ജീവനക്കാരുടെ സേവനം ആവശ്യമായതിനാലും കരാർ/ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരിൽ 58 വയസ്സ് കഴിഞ്ഞ 6 ജീവനക്കാരുടെ സേവനം ഇപ്പോഴും വിനിയോഗിക്കുന്നു.

**ഇതര സംസ്ഥാനത്തുനിന്നും മത്സ്യം ഇറക്കുമതി**

300 (4849) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-നുശേഷം മത്സ്യഫെഡ് ഇതരസംസ്ഥാനത്തുനിന്നും മത്സ്യം ഇറക്കുമതി ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം ജില്ലയോട് ചേർന്നുകിടക്കുന്ന തമിഴ്നാട്ടിലെ കുളച്ചൽ, തേങ്ങാപ്പട്ടണം, മുട്ടം മുതലായ സ്ഥലങ്ങളിൽനിന്നും കേരളത്തിൽ വിപണനത്തിന് ആവശ്യാനുസരണം ലഭ്യമല്ലാത്ത വലിയയിനം കേര, ഓലക്കൊടി, വറ്റ മുതലായ മത്സ്യങ്ങൾ മത്സ്യഫെഡ് സംഭരിക്കാറുണ്ട്. കേരളത്തിൽ ട്രോളിംഗ് നിരോധനമുള്ള ജൂൺ, ജൂലൈ മാസങ്ങളിൽ മത്സ്യലഭ്യത

കുറഞ്ഞിരിക്കുമ്പോഴും കർശന ഗുണനിലവാര പരിശോധനകളോടെ കന്യാകുമാരി ജില്ലയിൽനിന്നും മത്സ്യഫെഡ് മത്സ്യം സംഭരിക്കാറുണ്ട്.

(ബി) ഇങ്ങനെ ഇറക്കുമതിചെയ്യുന്ന മത്സ്യം കൂടിയവിലയ്ക്ക് ജനങ്ങൾക്ക് വിൽക്കാറുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

മത്സ്യത്തിന്റെ വിലയും, കൈകാര്യച്ചെലവുകളും, വളരെ ചെറിയ രീതിയിലുള്ള ലാഭവും ചേർത്താണ് മത്സ്യത്തിന്റെ വിൽപനവില മത്സ്യഫെഡ് നിശ്ചയിക്കുന്നത്.

(സി) മത്സ്യ ഇറക്കുമതി സംബന്ധിച്ച് ഏതെങ്കിലും ജില്ലാ ഓഫീസർമാർക്കെതിരെ വിജിലൻസ് കേസ്സെടുത്തിട്ടുണ്ടോ; എങ്കിൽ കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

മത്സ്യ ഇറക്കുമതി സംബന്ധിച്ച് ജില്ലാഓഫീസർമാർക്കെതിരെ വിജിലൻസ് കേസ് നിലവിലില്ല.

(ഡി) 2016 മുതൽ മത്സ്യഫെഡിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്നവ എത്രയെന്ന കണക്കുകൾ ലഭ്യമാക്കാമോ?

2016 മുതൽ മത്സ്യഫെഡിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്നവയുടെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.+

(ഇ) 2016 മുതൽ മത്സ്യഫെഡ് ഉൾപ്പെടെയുള്ള അനുബന്ധ സ്ഥാപനങ്ങളിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ?

മത്സ്യഫെഡിന്റെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് 2021-22 വരെ പൂർത്തിയാക്കിയിട്ടുണ്ട്.

(എഫ്) മത്സ്യഫെഡിനും അനുബന്ധ സ്ഥാപനങ്ങൾക്കും സ്വന്തമായും കരാർ അടിസ്ഥാനത്തിലുമുള്ള വാഹനങ്ങൾ എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

മത്സ്യഫെഡ് കേന്ദ്ര ഓഫീസിനും, ജില്ലാ/യൂണിറ്റ് ഓഫീസുകൾക്കുമായി നിലവിൽ ആകെ 50 വാഹനങ്ങൾ സ്വന്തമായും 2 വാഹനങ്ങൾ കരാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അടിസ്ഥാനത്തിലുമുണ്ട്. ജില്ല തിരിച്ചുള്ള വാഹനങ്ങളുടെ കണക്ക് അനുബന്ധം-2 ആയി ചേർക്കുന്നു.+

**സംയോജിത മത്സ്യവികസന പദ്ധതികൾ**

301 (4850) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടി സംസ്ഥാനത്തുനടപ്പിലാക്കുന്ന സംയോജിത മത്സ്യവികസനപദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയെന്താണെന്നും അറിയിക്കാമോ?

ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി.) ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി.)വഴി മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കാവശ്യമായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വായ്പ, സംഘങ്ങൾക്ക് ഓഫീസ് കം ഗോഡൗൺ, മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം എന്നിവയ്ക്കുള്ള വായ്പ, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന വായ്പ എന്നിവ നൽകിവരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാപദ്ധതി, പലിശരഹിത വായ്പാപദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പിലാക്കിവരുന്നത്. ഇതിനായുള്ള പലിശ സബ്സിഡി സർക്കാർ അനുവദിച്ചുവരുന്നു. 1985 മുതൽ നാളിതുവരെ 21 പദ്ധതികൾ നടപ്പിലാക്കിക്കഴിഞ്ഞു. 22-ാം പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. 23-ാം പദ്ധതി ശിപാർശചെയ്ത് എൻ.സി.ഡി.സി.-ക്ക് സമർപ്പിച്ചിട്ടുണ്ട്.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തുപ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കാൻ സംഘങ്ങൾ തീരദേശലേലം നടപ്പിലാക്കിവരുന്നു. 230 സംഘങ്ങൾ തീരദേശലേലം നടപ്പിലാക്കുന്നുണ്ട്. 36,000 ഗുണഭോക്താക്കൾ ലേലത്തിൽ പങ്കെടുക്കുന്നുണ്ട്. 2021-22 വർഷം 323.62

കോടി രൂപയുടെ മത്സ്യം ലേലം ചെയ്തു. 2022-23 വർഷം 31-01-2023 വരെ 398.84 കോടി രൂപയുടെ മത്സ്യം ലേലം ചെയ്തിട്ടുണ്ട്.

**മാവേലിക്കര പുതിയകാവ് മത്സ്യമാർക്കറ്റ് നവീകരണം**

302 (4851) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര പുതിയകാവ് മത്സ്യമാർക്കറ്റിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത മാർക്കറ്റിന്റെ നവീകരണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ച് ആവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) മാവേലിക്കര പുതിയകാവ് മത്സ്യമാർക്കറ്റിന്റെ നവീകരണത്തിനായി ഫിഷറീസ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

**പനച്ചമൂട് മത്സ്യച്ചന്ത നവീകരണം**

303 (4852) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ പനച്ചമൂട് മത്സ്യച്ചന്ത നവീകരണം എന്ന കിഫ്ബി പ്രവൃത്തി ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുമെന്നും ആയത് എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കാമോ?

(എ & ബി)കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന, പാറശ്ശാല നിയോജക മണ്ഡലത്തിലെ പനച്ചമൂട് മത്സ്യച്ചന്ത നവീകരണം എന്ന കിഫ്ബി പ്രവൃത്തി അവാർഡ് ചെയ്തു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ കരാറുകാരനുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. കരാർ ഉടമ്പടിയിൽ

ഏർപ്പെടുന്നമുറയ്ക്ക് നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കരാർ കാലാവധി 18 മാസം ആണ്.

**മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി**

304 (4853) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി വകുപ്പുമുഖേന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുൾപ്പെടെ മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) എങ്കിൽ മുൻസർക്കാരിന്റെ കാലംമുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ഈയിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് ഫിഷറീസ് വകപ്പുമുഖേന വിനിയോഗിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

2018-19 മുതൽ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തിയാണ് ഭവന നിർമ്മാണം നടപ്പിലാക്കിവരുന്നത്.

പുനർഗേഹം പദ്ധതിയുടെ അടങ്കൽ 2450 കോടി രൂപ ആണ്. ഇതിൽ 1398 കോടി രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1052 കോടി രൂപ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പുനർഗേഹം പദ്ധതിപ്രകാരം നാളിതുവരെ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF)</u>

| സാമ്പത്തിക വർഷം | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ബാക്കി (രൂപ) |
|---|---|---|---|
| 2019-20 | 2,00,00,00,000 | 3,18,45,983 | 1,96,81,54,017 |
| 2020-21 | | 1,20,69,27,897 | 76,12,26,120 |
| 2021-22 | 50,00,00,000/- | 88,33,10,334 | 37,79,15,786 |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

| | | | |
|---|---|---|---|
| 2022-23 | | 37,76,29,017 | 2,86,769 |
| ആകെ | 2,50,00,00,000 | 2,49,97,13,231 | 2,86,769 |

2022-23 സാമ്പത്തിക വർഷത്തിൽ ബജറ്റ് ശീർഷകത്തിൽ ഇതുവരെ 83.75 കോടി രൂപ അനുവദിച്ചു. അതിൽ 81 കോടി രൂപ ഇതിനകം ചെലവഴിച്ചു. അനുവദിച്ചതുക സമയബന്ധിതമായി ചെലവഴിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**പുനർഗേഹം പദ്ധതി**

305 (4854) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുനർഗേഹം പദ്ധതിക്കായി മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ?

പുനർഗേഹം പദ്ധതിയുടെ ആകെ അടങ്കൽ 2450 കോടി രൂപയാണ്. ഇതിൽ 1398 കോടി രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1052 കോടി രൂപ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽനിന്നുമാണ് വകയിരുത്തിയിട്ടുള്ളത്. പുനർഗേഹം പദ്ധതിക്ക് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിക്കുന്ന വിവരം അനുബന്ധമായി ചേർക്കുന്നു.+

**കൊല്ലം മണ്ഡലത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പിന്റെ പ്രവൃത്തികൾ**

306 (4855) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം മണ്ഡല പരിധിയിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പിനുകീഴിൽ പദ്ധതി-പദ്ധതിയേതര വിഭാഗങ്ങളിലായി ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കിവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം മണ്ഡല പരിധിയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുകീഴിൽ പദ്ധതി-പദ്ധതിയേതര വിഭാഗങ്ങളിലായി ഭരണാനുമതി നൽകിയതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

## ചേറ്റുവ സബ്ഡിവിഷണൽ ഓഫീസ്

307 (4856) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ തൃശ്ശൂർ ജില്ലയിലെ ചേറ്റുവ സബ്ഡിവിഷണൽ ഓഫീസ് മുഖാന്തരം നടപ്പിലാക്കുന്ന തീരദേശ റോഡുകളുടെ നിർമ്മാണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ ചേറ്റുവ സബ്ഡിവിഷൻ കാര്യാലയം മുഖാന്തരം നടപ്പിലാക്കുന്ന തീരദേശ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത ഓഫീസ് മുഖേന ചേറ്റുവ, മുനക്കടവ് ഹാർബറുകളിൽ നിലവിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെയും പുതിയ നിർദ്ദേശങ്ങളുടെയും വിശദാംശം അറിയിക്കുമോ?

വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.+

(സി) പ്രസ്തുത സബ് ഡിവിഷൻ ഓഫീസിന്റെ പ്രവർത്തനം നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത ഓഫീസ് നിർത്തലാക്കിയാൽ നിലവിലെ പദ്ധതി നിർവ്വഹണത്തെ ബാധിക്കുന്ന സാഹചര്യം ഒഴിവാക്കാൻ എന്തുനടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

(സി & ഡി) ചേറ്റുവ സബ് ഡിവിഷന്റെ പ്രവർത്തനം നിർത്തലാക്കുന്നതിന് നിലവിൽ തീരുമാനം എടുത്തിട്ടില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക ഓഫീസാണ് ചേറ്റുവ സബ് ഡിവിഷൻ. ഈ സബ് ഡിവിഷനിലെ തസ്തികകൾക്ക് 21-02-2016 വരെ തുടർച്ചാനുമതി ലഭിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പരാമർശത്തെത്തുടർന്ന് ട്രഷറിയിൽ ശമ്പളവിതരണത്തിനുള്ള ശീർഷകം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഡീ-ആക്ടിവേറ്റ് ചെയ്തതിനെത്തുടർന്ന് ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് തടസ്സപ്പെട്ടിരുന്നു. തുടർന്ന് ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുന്ന 3051-02-001-98-എച്ച്.ഇ.ഡി (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽനിന്നും സ.ഉ(സാധാ)നം.555/2022/മ.തു.വ ഉത്തരവുപ്രകാരം ചേറ്റുവ സബ് ഡിവിഷൻ ഉൾപ്പെടെ തുടർച്ചാനുമതി ആവശ്യമായ മൂന്ന് സബ് ഡിവിഷനുകളിലെ ജീവനക്കാരുടെ ശമ്പളം നോൺപ്ലാൻ ശീർഷകത്തിൽനിന്ന് ചെലവഴിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം അവസാനിക്കുന്നതുവരെയോ ജീവനക്കാരെ ഡിപ്ലോയ് ചെയ്യുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ നോൺപ്ലാൻ ശീർഷകത്തിൽനിന്നും നൽകുന്നതിന് അനുമതി നൽകിയിരുന്നു. വകുപ്പിലെ ഒഴിവുകളെല്ലാം കെ.പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തവ ആയതിനാലും സ്റ്റാഫ് അപ്പെൻഡിക്സിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തസ്തികകളിലേയ്ക്ക് ക്രമീകരിക്കുന്നത് സമയദൈർഘ്യം ആവശ്യമുള്ള പ്രക്രിയ ആയതിനാലും ഈ സാമ്പത്തിക വർഷം അവസാനംവരെ നോൺ പ്ലാൻ ശീർഷകത്തിൽനിന്ന് തുക ചെലവഴിക്കുന്നതിന് നൽകിയ അനുമതി അടുത്ത സാമ്പത്തിക

വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പുതിയങ്ങാടി-പാലക്കോട് പുലിമുട്ട് നിർമ്മാണം**

308 (4857) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള ഇനീഷ്യേറ്റീവിലുൾപ്പെടുത്തി 28.60 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ പുലിമുട്ട് നിർമ്മാണപ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

പുതിയങ്ങാടി-പാലക്കോട് അഴിമുഖ പുലിമുട്ട് നിർമ്മാണപ്രവൃത്തിയിൽ പാലക്കോട് ഭാഗത്തുള്ള പുലിമുട്ടിന്റെ പ്രവൃത്തി ആരംഭിച്ചു. ചൂട്ടാട് ഭാഗത്ത് അപ്രോച്ച് റോഡ് പ്രവൃത്തി പൂർത്തീകരിച്ച് വേബ്രിഡ്ജ് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. വേബ്രിഡ്ജ് സ്റ്റാമ്പിംഗ് പൂർത്തീകരിക്കുന്നമുറയ്ക്ക് ചൂട്ടാട് ഭാഗത്തുള്ള പുലിമുട്ടിന്റെ പ്രവൃത്തിയും ആരംഭിക്കുന്നതാണ്.

## വിഴിഞ്ഞം മാസ്റ്റർ പ്ലാൻ

309 (4858) ശ്രീ. കെ. ബാബു(തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിലെ പുരോഗതി വ്യക്തമാക്കുമോ?

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വിഴിഞ്ഞം ഫിഷിംഗ് ഹാർബർ നിർമ്മാണം പൂർത്തിയാക്കുന്നതുസംബന്ധിച്ച പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കുന്നതിനായി ഭരണസമിതിയും സാങ്കേതികസമിതിയും രൂപീകരിച്ചിട്ടുണ്ട്. തുടർന്ന് 24-11-2021-ൽ ഫിഷറീസ് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിശദമായ ചർച്ച നടത്തുകയും താഴെപ്പറയുന്ന ഘടകങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഒന്നാം ഘട്ടം

a. നിലവിലുള്ള ഖബറിന് ചുറ്റും മതിൽകെട്ടി ഖബറിലേക്ക് പ്രവേശിക്കുന്നതിനായി നടപ്പാലം നിർമ്മിക്കുന്നതാണ്.

b. ഡ്രഡ്ജിംഗ്

c. നിലവിലെ വാർഫിന്റെ നീളം കൂട്ടൽ

d. നിലവിലെ ലേലഹാളിന്റെ നീളം കൂട്ടൽ

e. ലോഡിംഗ് ഏരിയ

f. പാർക്കിംഗ് ഏരിയ

g. ലോലെവൽ ഫിംഗർ ജെട്ടി

h. ടോയ്‌ലെറ്റ് ബ്ലോക്ക്

i. ഗേറ്റും ഗേറ്റ് ഹൗസും

j. ലോക്കർ മുറികൾ

k. പെറ്റി ഷോപ്പ്

l. കാന്റീനും, വിശ്രമമുറികളും

m. ചുറ്റുമതിൽ

n. ബീച്ച് നറിഷ്മെന്റ്

o. ഓവർ ഹെഡ് ടാങ്ക്, ജലവിതരണം

p. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

q. ഗ്രീൻ ബെൽറ്റ്

r. വൈദ്യുതീകരണം

s. റിക്രിയേഷൻ ഗ്രൗണ്ട്

<u>രണ്ടാം ഘട്ടം</u>

a. മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതി

b. ലേഡീസ് അമിനിറ്റി ഹബ്ബ്

c. കമ്മ്യൂണിറ്റി ഹാൾ

d. സീഫുഡ് പാർക്ക്

e. വർക്ക്ഷോപ്പ് ബിൽഡിംഗ്

f. പ്രൈമറി സ്കൂളിന്റെ വികസനം

g. പ്രൈമറി ഹെൽത്ത് സെന്ററിന്റെ വികസനം

h. ഹെലിപാഡ്

(ബി) മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനായി നാളിതുവരെ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ?

2021-22-ൽ ടോട്ടൽ സ്റ്റേഷൻ സർവ്വെ നടത്തുന്നതിനായി 3 ലക്ഷം രൂപയുടെ അനുമതി നൽകുകയും ഇതിൽനിന്നും 99,621/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2023-24-ൽ വിഴിഞ്ഞം മാസ്റ്റർ പ്ലാനിനുവേണ്ടി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**പുതുപൊന്നാനി ഫിഷ് ലാൻഡിംഗ് സെന്റർ**

310 (4859) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുപൊന്നാനി ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മിക്കാൻ 2019-20-ലെ ബഡ്ജറ്റിൽ 2 കോടി രൂപ നീക്കി വച്ചിരുന്നെങ്കിലും പ്രസ്തുത

പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുപൊന്നാനിയിൽ ഫിഷ് ലാൻഡിംഗ് സെന്റർ പണിയാനുദ്ദേശിച്ച സ്ഥലം പുതുപൊന്നാനി പാലത്തിനടുത്തായിരുന്നു. ഈ സ്ഥലം എൻ.എച്ച്-66 വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്തതിനാൽ ടി സ്ഥലത്ത് ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മിക്കാൻ സാധിച്ചില്ല.

**നാദാപുരം മണ്ഡലത്തിലെ ഫിഷ് മാർക്കറ്റ് റോഡ് നിർമ്മാണം**

311 (4860) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമപഞ്ചായത്തിൽ മയ്യഴിപ്പുഴയുടെ ഇടത് കരയിലെ ഫിഷ് മാർക്കറ്റ് റോഡ് പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ?

(എ & ബി) വിലയിരുത്തിയിട്ടുണ്ട്. നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമപഞ്ചായത്തിൽ മയ്യഴിപ്പുഴയുടെ ഇടതുകരയിലെ ഫിഷ് മാർക്കറ്റ് റോഡ് പ്രവൃത്തിയിലുൾപ്പെട്ട 211 മീറ്റർ കോൺക്രീറ്റ് ഡ്രെയിനേജും, 3 കോൺക്രീറ്റ് കൾവർട്ടും പൂർത്തീകരിച്ചു. രണ്ട് കൾവർട്ടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. നിർമ്മാണ സാമഗ്രികൾ റോഡിലെത്തിക്കുന്നതിന് മറ്റുമാർഗ്ഗങ്ങളില്ലാത്തതിനാൽ ഈ രണ്ട് കൾവർട്ടുകളുടെ പ്രവൃത്തികളുംകൂടെ പൂർത്തീകരിച്ചതിനുശേഷം മാത്രമേ ബാക്കി റോഡുപ്രവൃത്തി ചെയ്യാൻ സാധിക്കുകയുള്ളൂ. പ്രസ്തുത റോഡ് 2023 മെയ് 31-ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ റോഡുകൾക്ക് ഫണ്ട്**

312 (4861) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ കോടാട്ടിൽ മുക്കത്തെക്കടവ് റോഡ്, വള്ളിക്കുന്ന് ചെറുകുന്നത്ത് റോഡ് എന്നീ തീർത്തും

സഞ്ചാരയോഗ്യമല്ലാത്ത തീരദേശ റോഡുകളുടെ നവീകരണത്തിനായി വകുപ്പുതലത്തിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പരിശോധിച്ച് ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

നീക്കിയിരിപ്പ് തുക അപര്യാപ്തമായതിനാൽ നടപ്പുസാമ്പത്തിക വർഷം തുക അനുവദിക്കാൻ കഴിയുകയില്ല.

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ രണ്ട് റോഡുകൾക്കായി നടപ്പുസാമ്പത്തിക വർഷം 146.30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖ നിർമ്മാണം**

313 (4862) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരത്തെ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് ഏത് വർഷമാണെന്നും ഭരണാനുമതി തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കേന്ദ്ര സർക്കാർ സഹായം ലഭ്യമായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

(എ & ബി) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 27-04-2013-ൽ 4880 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 75% കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി 3660 ലക്ഷം രൂപ കേന്ദ്രസർക്കാർ സഹായം ലഭ്യമായിട്ടുണ്ട്. അതിൽ 3556.15 ലക്ഷം രൂപ പദ്ധതിക്കായി ചെലവഴിച്ചു.

(സി) പ്രസ്തുത തുറമുഖ നിർമ്മാണ പ്രവൃത്തി തുടങ്ങിയത് എപ്പോഴാണെന്നും ഇതിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ പൂർത്തീകരിച്ചിട്ടുണ്ടോ എന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

പ്രസ്തുത തുറമുഖ നിർമ്മാണ പ്രവൃത്തികൾ 08-12-2015-ൽ ആരംഭിക്കുകയും അനുമതി ലഭ്യമായ പ്രവൃത്തികൾ പൂർത്തീകരിച്ച് 01-10-2020-ൽ കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. തെക്കുവടക്ക് പുലിമുട്ടുകൾ, കീവാൾ, ലേലപ്പുര, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ, ഡ്രെഡ്ജിംഗ് &

റിക്ലമേഷൻ, റിക്ലമേഷൻ ബണ്ട്, അപ്രോച്ച് റോഡ്, പാർക്കിംഗ് ഏരിയ, ഗിയർ ഷെഡ്, നെറ്റ് മെന്റിംഗ് ഷെഡ്, വർക്ക് ഷോപ്പ്, റെസ്റ്റ് ഷെഡ്, ഷോപ്പ്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് വാട്ടർ സപ്ലൈ അറേഞ്ച്മെന്റ്, ക്യാന്റീൻ, ടോയ്‌ലെറ്റ്, ഗേറ്റ് & ഗേറ്റ് ഹൗസ്, ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ, നാവിഗേഷൻ ലൈറ്റ് തുടങ്ങിയ പ്രവൃത്തികളാണ് ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് ഒഴികെ ബാക്കി ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് നിർമ്മാണ പ്രവൃത്തി മോഡണൈസേഷൻ ശീർഷകത്തിൽ ഏർപ്പാടാക്കി പൂർത്തീകരണ ഘട്ടത്തിലാണ്.

(ഡി) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖ പ്രവൃത്തിയിൽ പാലം, ബോട്ട്ജെട്ടി എന്നിവയില്ലാത്തതിനാൽ മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഇ) ആവശ്യമായ എല്ലാ അടിസ്ഥാന ഭൗതിക സൗകര്യങ്ങളും പൂർത്തീകരിച്ച് പ്രസ്തുത മത്സ്യബന്ധന ഹാർബർ മത്സ്യത്തൊഴിലാളികൾക്ക് ഉപയോഗിക്കാൻ എപ്പോൾ സാധിക്കുമെന്ന് വിശദമാക്കാമോ?

(ഡി & ഇ) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ ഇരുഭാഗങ്ങളെ ബന്ധിപ്പിക്കുന്നതിനുള്ള പാലം നിർമ്മാണത്തിനായി കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി 1670 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ നടത്തി തയ്യാറാക്കിയ ഡിസൈനിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി നൽകി പ്രവൃത്തി ഏർപ്പാടാക്കുകയും ചെയ്തെങ്കിലും ഫൗണ്ടേഷൻ വ്യതിയാനം വന്നതിനാൽ പുതുക്കിയ ഡിസൈനിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും ചെയ്തിരുന്നു. ഇതിനിടയിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ മരണപ്പെടുകയും ചെയ്തു. ഈ കരാറുകാരനെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് മഞ്ചേശ്വരം മത്സ്യബന്ധന ഹാർബറിന്റെ വടക്കുവശത്തായി മറ്റൊരു

ലോലെവൽ ജെട്ടി, പാർക്കിംഗ് ഏരിയ, ഓക്ഷൻ ഹാൾ തുടങ്ങി അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനായി 660 ലക്ഷം രൂപ വരുന്ന എസ്റ്റിമേറ്റ്, മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ ബേസിൻ ഡ്രെഡ്ജ് ചെയ്യുന്നതിനായി 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എന്നിവ PMMSY പദ്ധതിയിലുൾപ്പെടുത്താൻ തയ്യാറാക്കിവരുന്നു.

മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം നിലവിൽ മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ചുവരുന്നുണ്ട്. പ്രസ്തുത ഹാർബർ പൂർണ്ണമായ തോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് മേൽപരാമർശിച്ച പ്രവൃത്തികൾകൂടി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ തീരദേശ റോഡുകൾ**

314 (4863) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ചാത്തന്നൂർ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നിർവ്വഹണ ചുമതലയിൽ ഗതാഗത

യോഗ്യമാക്കുന്നതിനായി ഭരണാനുമതി ലഭിച്ച തീരദേശ റോഡുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.+

(ബി) അവയിൽ ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു.+

(സി) നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെൻഡർ നടപടികൾ പൂർത്തീകരിക്കാത്ത ഏതെല്ലാം റോഡുകളുണ്ടെന്നും കരാർ നൽകിയ റോഡുകളിൽ ഇനിയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്യാത്തവയുണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസംവരുന്നതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ?

വിശദാംശം അനുബന്ധം-3 ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## ആലപ്പുഴ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടപ്പാക്കുന്ന പ്രവൃത്തികൾ

315 (4864) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം -1 ആയി ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗംവഴി എത്ര പ്രവൃത്തികളാണ് പുതുതായി ആരംഭിച്ചതെന്നുള്ള വിശദവിവരം ഭരണാനുമതിയുടെ പകർപ്പ് സഹിതം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗംവഴി ആരംഭിച്ച പ്രവർത്തികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനുബന്ധം-2 ആയി ചേർക്കുന്നു.+ ഭരണാനുമതിയുടെ പകർപ്പ് അനുബന്ധം-3 ആയി ചേർക്കുന്നു.+

(സി) സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി ഏതൊക്കെ പദ്ധതികളാണ് മണ്ഡലത്തിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; ഇവയുടെ വിവരം തദ്ദേശസ്ഥാപനം തിരിച്ച് നൽകാമോ?

സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തിയ പദ്ധതികൾ അനുബന്ധം- 4 ആയി ചേർക്കുന്നു.+

**സ്കൂൾ ഓഫ് മാപ്പിള ആർട്സ്**

316 (4865) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിനുകീഴിലുള്ള സ്കൂൾ ഓഫ് മാപ്പിള ആർട്സ് വിഭാവനം ചെയ്യുന്നതെന്താണെന്ന് വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മാപ്പിള കലകളുടെ വ്യാപനം ലക്ഷ്യമാക്കിയാണ് സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള മഹാകവി മൊയിൻ കുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, സ്കൂൾ ഓഫ് മാപ്പിള ആർട്സ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഇത് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആദ്യപടിയായി രജിസ്റ്റർ ചെയ്ത സമിതികളിൽനിന്നും സ്കൂൾ ഓഫ് മാപ്പിള ആർട്സ് ആരംഭിക്കുന്നതിന് മാപ്പിളകലാ അക്കാദമി അപേക്ഷകൾ ക്ഷണിക്കുകയും പാഠ്യപദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇതിനായി 2022-23 സാമ്പത്തിക വർഷം വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

2022-23 സാമ്പത്തിക വർഷം ഇതിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

**കേരളീയ കലകളുടെ അന്താരാഷ്ട്ര പ്രചാരം ഉറപ്പാക്കാൻ നടപടി**

317 (4866) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുനെസ്കോയുടെ രാജ്യാന്തര അംഗീകാരം ലഭിച്ചിട്ടുള്ള കൂടിയാട്ടം ഉൾപ്പെടെയുള്ള കലകളുടെ അന്താരാഷ്ട്ര പ്രചാരം ഉറപ്പാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

കൂടിയാട്ടം, കഥകളി എന്നിവയുൾപ്പെടെയുള്ള വിവിധ കേരളീയ ശാസ്ത്രീയ കലകളുടെ അവതരണവും സോദാഹരണ പ്രഭാഷണങ്ങളും കേരള കലാമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ നേരിട്ടും പരിശീലനം ലഭിച്ചവർ മുഖേനയും വിവിധ രാജ്യങ്ങളിലെ സാംസ്കാരിക സംഘടനകളുടേയും, ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷന്റേയും (ICCR) നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. 'സാംസ്കാരിക വ്യാപനം' പദ്ധതിയിലുൾപ്പെടുത്തി സാംസ്കാരിക വിനിമയ പരിപാടിയുടെ ഭാഗമായി പാരമ്പര്യ കലകൾ വിവിധ

സാംസ്കാരിക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ദേശീയ അന്തർദേശീയ തലങ്ങളിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. യുനെസ്കോ കൂടിയാട്ടത്തെ അംഗീകരിച്ചശേഷം, കേന്ദ്ര സംഗീത അക്കാദമിയുടെ ഒരു കൂടിയാട്ടം കേന്ദ്രം തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മാർഗി ഉൾപ്പെടെയുള്ള എട്ട് ഗുരുകുലങ്ങൾ ഈ കേന്ദ്രത്തിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ കേന്ദ്രത്തിന്റെ നിർദ്ദേശങ്ങളനുസരിച്ച് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലുള്ള പരിപാടികൾ നടത്തിവരുന്നുണ്ട്. ജി-20 പ്രസിഡൻസി സമ്മേളനവുമായി ബന്ധപ്പെട്ട് ഭാരത് ഭവൻ മുഖേന വിവിധ കലാസാംസ്കാരിക പരിപാടികൾ അവതരിപ്പിച്ചിരുന്നു.

(ബി) കേരളീയ കലകളുടെ മതേതര മൂല്യങ്ങളും പുരോഗമന ആശയങ്ങളും ലോക ജനതയുടെ മുന്നിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

കേരളീയ കലകളെല്ലാംതന്നെ മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവയാണ്. വ്യത്യസ്ത മതവിഭാഗത്തിൽ ഉൾപ്പെട്ടവരുടെ അനുഷ്ഠാന കലകൾ എല്ലാ മതത്തിൽപ്പെട്ടവരും അഭ്യസിക്കുകയും

അവതരിപ്പിക്കുകയും ചെയ്തുവരുന്നു. വിദേശ രാജ്യങ്ങളുമായുള്ള സാംസ്കാരിക വിനിമയത്തിന്റെ ഭാഗമായി പല കേരളീയ കലകളും അവതരിപ്പിച്ചുവരുന്നുണ്ട്. പ്രബുദ്ധ കേരളത്തിന്റെ മതനിരപേക്ഷ കാഴ്ചപ്പാടുകൾ മുന്നോട്ടുവയ്ക്കുന്ന മൾട്ടിമീഡിയ തീയേറ്റർ പ്രൊഡക്ഷൻ വെർച്വൽ റിയാലിറ്റിയുടെ സാധ്യത പരീക്ഷിച്ചുകൊണ്ട് ആസൂത്രണം ചെയ്തുവരുന്നു.

(സി) കലാസാംസ്കാരിക പ്രവർത്തനങ്ങളിലൂടെ ഉപജീവനം നടത്തിയിരുന്ന കലാകാരന്മാരുടെ ജീവിത സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കലാസാംസ്കാരിക പ്രവർത്തനങ്ങളിലൂടെ ഉപജീവനം നടത്തിയിരുന്ന കലാകാരൻമാർക്ക് പെൻഷൻ, ചികിത്സധനസഹായപദ്ധതികൾ, മറ്റ് സമാശ്വാസപദ്ധതികൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പൈതൃക കരകൗശല ഗ്രാമങ്ങളിലെ കരകൗശല കലാകാരന്മാർക്ക് ഉപജീവന സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് ഗ്രാമീണ കലാകേന്ദ്രം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ

പൈതൃക കരകൗശല ഗ്രാമങ്ങളെ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉത്പന്ന നിർമ്മാണ പരിശീലനം, ഉത്പന്ന പ്രദർശനം, വിപണനം എന്നീ കാര്യങ്ങളിൽ പിന്തുണ നൽകി അവർക്ക് ഇടനിലക്കാരില്ലാതെ ഈട്ടറ്റ വിപണി ബന്ധങ്ങൾ ഉറപ്പാക്കുകയാണ് ഈ പദ്ധതി മുഖേന ഉദ്ദേശിക്കുന്നത്. ഓരോ ഗ്രാമത്തിലും സ്വാശ്രയ സംഘങ്ങളും കോമൺ ഫെസിലിറ്റി കേന്ദ്രങ്ങളും സ്ഥാപിച്ച് പരിശീലനം സിദ്ധിച്ച കരകൗശല വിദഗ്ദ്ധർക്ക് തുടർന്നും തൊഴിൽ സാധ്യതകൾ നിലനിർത്തി പോരുന്ന ഒരു പദ്ധതിയാണിത്. സാംസ്കാരിക വകുപ്പിനുകീഴിലുള്ള വാസ്തുവിദ്യാ ഗുരുകുലമാണ് നിലവിൽ പദ്ധതി നിർവ്വഹിച്ചുവരുന്നത്. ടി സ്ഥാപനംവഴി 14 സ്വയംസഹായ സംഘങ്ങൾക്ക് നടപ്പുസാമ്പത്തിക വർഷം ധനസഹായം അനുവദിച്ചിട്ടുണ്ട്. കോവിഡ് കാലത്ത് പ്രതിസന്ധിയിലായ കലാകാരന്മാരെ സഹായിക്കുന്നതിനായി എല്ലാകലാസംഘങ്ങൾക്കും പ്രാതിനിധ്യം നൽകി മൂവായിരത്തോളം കലാപ്രതിഭകളെ പങ്കെടുപ്പിച്ചുകൊണ്ട് ഭാരത് ഭവൻ 'മഴമിഴി' മെഗാഷോ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി കേരളത്തിലെ പട്ടികവർഗ്ഗവിഭാഗത്തിലെ കലാസമൂഹത്തിന് ഉണർവ്വേകാനും

ഗോത്രകലകളിലെ ആയിരംപ്രതിഭകൾക്ക് മൂവായിരം രൂപവീതം പ്രതിഫലം നൽകാനുള്ള സാംസ്കാരിക ദൗത്യമായ 'തളിർമിഴി എർത്ത് ലോർ 2023' സാംസ്കാരിക ദൗത്യം നിർവ്വഹിച്ചുവരുന്നു.

**ഫോക് ലോർ അക്കാദമിയുടെ വെള്ളാവൂർ ഉപകേന്ദ്രം**

318 (4867) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോക് ലോർ അക്കാദമിയുടെ വെള്ളാവൂർ ഉപകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കേരള ഫോക് ലോർ അക്കാദമിയുടെ പ്രവർത്തനം കേരളത്തിന്റെ തെക്കൻ ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുവേണ്ടിയാണ് വെള്ളാവൂർ ഉപകേന്ദ്രം ആരംഭിച്ചത്. വെള്ളാവൂർ ഉപകേന്ദ്രത്തിൽ നാടൻപാട്ട് പരിശീലനം, ഉപകരണ സംഗീത പരിശീലനം എന്നിവ നടന്നുവരുന്നുണ്ട്. തുടർന്ന് പടയണി, വേലകളി എന്നിവയുടെ പരിശീലനം നടത്താൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വിഭാവനം ചെയ്ത രീതിയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ നിയമനം പൂർത്തിയാക്കിയിട്ടുണ്ടോ, ഇല്ലെങ്കിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കാമോ?

തസ്തികകൾ സൃഷ്ടിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരികയാണ്. എൽ.ഡി.ക്ലർക്ക്-കം-കോ-ഓർഡിനേറ്റർ (ആഴ്ചയിൽ ചൊവ്വ, വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ), സ്വീപ്പർ എന്നീ തസ്തികകളിൽ ഒരാളെവീതം താല്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) യൂണിവേഴ്സിറ്റികളുമായി സഹകരിച്ച് നാടൻകലകളിൽ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ?

ഇക്കാര്യം വിശദമായി പരിശോധിച്ചശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ഒറ്റപ്പാലം മണ്ഡലത്തിൽ സർക്കാർ നിയന്ത്രണത്തിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതം**

319 (4868) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ സർക്കാർ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള സാംസ്കാരിക സ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതമായി തുക ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ സ്ഥാപനങ്ങൾ ഏതെന്നും എത്ര തുക നൽകിയെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക വകുപ്പിൽനിന്നും ധനസഹായം അനുവദിച്ച ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ / കേന്ദ്രങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**പരമ്പരാഗത ആദിവാസി കലകൾ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി**

320 (4869) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ആദിവാസി കലകൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി പട്ടികവർഗ്ഗ വകുപ്പുമായി ചേർന്ന് സാംസ്കാരിക വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) അട്ടപ്പാടിയിൽ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ ആദിവാസികൾക്കുവേണ്ടി ഏതെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ കലാസമൂഹത്തിന് ഉണർവ്വേകുവാനും, ഗോത്രകലകളിലെ ആയിരം പ്രതിഭകൾക്ക് മൂവായിരം രൂപവീതം പ്രതിഫലം നല്കുവാനും, സംസ്ഥാനത്തെ 5 ജില്ലകളിൽ 11 ദിനങ്ങളിലായി 'തളിർമിഴി ഗോത്രകലായാത്രാ' 26-02-2023 മുതൽ

25-03-2023 വരെ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി, വയനാട് ജില്ലയിലെ കൽപ്പറ്റ, കാസർഗോഡ് ജില്ലയിലെ ബദിയടുക്ക, ഇടുക്കി ജില്ലയിലെ മറയൂർ, തിരുവനന്തപുരം/കൊല്ലം അതിർത്തി പ്രദേശമായ കുളത്തൂപ്പുഴ എന്നീ ഇടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിൽ കണ്ടാസ്വദിക്കാവുന്ന വേദികളിലും ലോകത്തെ വിവിധയിടങ്ങളിലെ മലയാളികൾക്ക് ഓൺ ലൈൻ വഴി കണ്ടാസ്വദിക്കാവുന്ന രീതിയിലും, വ്യത്യസ്തമായ ശൈലിയിലാണ് 'തളിർമിഴി ഗോത്രകലായാത്രാ' എന്ന പരിപാടി സംഘടിപ്പിക്കുന്നത്. മന്നാൻകൂത്ത്, ഇരുളനൃത്തം, പളിയനൃത്തം, എരുതുകളി, മലപുലയാട്ടം, മറയുരാട്ടം, രാമർകൂത്ത്, ഊരാളികൂത്ത്, കൊക്കരചാറ്റ്, ചോണ കളി (കാണി), മുളംചെണ്ട, അട്ടപ്പാടി ഗോത്രകലകൾ, തുടികൊട്ടുപാട്ട്, ഗദ്ദിക, കമ്പളനാട്ടി, വേടൻപാട്ട്, വിളക്കുകെട്ട്കളി, പൂപ്പടയാട്ടം, കാട്ടുപാട്ട്, ചാറ്റ്പാട്ടുകൾ, ആദിവാസിപാട്ട്, മംഗലംകളി, ഇരുളനൃത്തവും പാട്ടും, ലക്കുടിയ നൃത്തം, കൊറഗ നൃത്തം, തോട്ടിയാട്ടം, കൂനാട്ട്, കോൽക്കളി, കസ്യാട്ട, വട്ടക്കളി, ദവിലാട്ടം, തുടിതാളം, നാടൻപാട്ട്, ഹരിചന്ദ്രകൂത്ത്, മെലയാട്ട്, ഊടാട്ട്,

മധുരവീരൻ കൂത്ത്, റുഡുഗ നൃത്തം, കൂത്ത്, കുമ്മിയടി, കമ്പാട്ടം, തുമ്പികളി, മാവിലരുടെ വംശീയപാട്ടുകൾ, മറമൂടാൻ കളി, കുന്തൽകളി, കാട്ട് നായ്ക്കർ നൃത്തം, മൃദ്ഗ നൃത്തം, കുറുമ്പ നൃത്തം, കാടർ നൃത്തം, സൊല്ലേലം കളി, മുറം കിലുക്കി പാട്ട്, മുതുവാൾ ആട്ടം, കമ്പ് കളി, ചവിട്ട് കളി, മുടിയാട്ടം, ചോനൻ കളി, കൊരമ്പ നൃത്തം, ചോണൻ കളി, കുളിയാട്ടം, മാൻപാട്ട്, മുഡുകനൃത്തം, വടി നൃത്തം, മലങ്കുത്ത്, കമ്പടി കളി എന്നീ ഗോത്രകലകൾ ആണ് ഗോത്രകലായാത്രയിൽ അവതരിപ്പിക്കുന്നത്. കിർത്താഡ്സ്ന്റെ സഹകരണത്തോടെയാണ് സാംസ്കാരിക വകുപ്പ് ഗോത്രകലായാത്ര സംഘടിപ്പിക്കുന്നത്.

തളിർമിഴി എർത്ത് ലോർ 2023-ന്റെ സംസ്ഥാനതല ഉദ്ഘാടനം 26-02-2023-ന് പാലക്കാട് അട്ടപ്പാടിയിലെ ചെമ്മണ്ണൂരിൽ (ഗോത്ര ക്ഷേത്ര മൈതാനം) ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി നിർവഹിച്ചു. ഭാരത് ഭവന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിൽ തളിർമിഴി എർത്ത് ലോർ 2023 എന്ന പരിപാടിയിൽ 15 കലാസംഘങ്ങളുടെ അവതരണങ്ങൾ ഒരുക്കുകയും 235 കലാപ്രതിഭകൾക്ക് 3000/- രൂപവീതം 7,05,000.00 (ഏഴ് ലക്ഷത്തി

അയ്യായിരം രൂപ) അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫെബ്രുവരി 26, 27 തീയതികളിൽ ഗോത്ര വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി ഗോത്ര ഗാനാലാപനം, പൊതുഗാനാലാപനം, ചിത്രരചന എന്നീ വിഭാഗങ്ങളിലെ മത്സരങ്ങൾ ഗോത്ര സമൂഹത്തിലെ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെ നടത്തിയിട്ടുണ്ട്. സാംസ്കാരിക വകുപ്പിനുകീഴിൽ പാരമ്പര്യ കലകൾ സംരക്ഷിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി സ്ഥാപിതമായ കേരള ഫോക് ലോർ അക്കാദമി കേരളത്തിലെ ആദിവാസി സംസ്കൃതിയും കലയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. നാടൻകലകളെക്കുറിച്ചുള്ള പുസ്തകങ്ങൾ, പൊലിചാതുർമാസിക എന്നിവ പ്രസിദ്ധീകരിക്കുന്നുണ്ട്.

മലയാളം മിഷൻ മുഖേന ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെയുൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് പ്രതിഫലവും നൽകിവരുന്നുണ്ട്.

**മലപ്പുറം മണ്ഡലത്തിൽ സ്കൂൾ ഓഫ് മാപ്പിള ആർട്സ്**

321 (4870) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ഏറനാട് താലൂക്കിൽ നവോത്ഥാന നായകൻ അബ്ദുറഹ്മാൻ സാഹിബിന്റെ നാമധേയത്തിൽ 39.67 കോടി രൂപ ചെലവഴിച്ചുനിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോയെന്നും പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്നുമുള്ള വിശദാംശം നൽകുമോ?

പദ്ധതിയുടെ വിശദമായ പ്രൊജക്ട് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. സമുച്ചയ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾക്ക് ടെക്നിക്കൽ സാംഗ്ഷൻ നൽകുന്ന നടപടി പുരോഗമിക്കുന്നു. 5 ഏക്കർ ഭൂമിയിൽ സമുച്ചയം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. ആണ് തയ്യാറാക്കിയിരുന്നത്. എന്നാൽ 4.5 ഏക്കർ ഭൂമിയാണ് കൈമാറി കിട്ടിയത്.

ബാക്കി അര ഏക്കർ ഭൂമികൂടി കൈമാറുന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(ബി) മണ്ഡലത്തിൽ സ്കൂൾ ഓഫ് മാപ്പിള ആർട്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

മഹാകവി മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി സ്കൂൾ ഓഫ് മാപ്പിള ആർട്സ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി രജിസ്റ്റർചെയ്ത സമിതികളിൽനിന്നും അപേക്ഷകൾ ക്ഷണിക്കുകയും പാഠ്യപദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

**ലളിതാംബിക അന്തർജ്ജനം സ്മാരക സാംസ്കാരിക സമുച്ചയം**

322 (4871) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലളിതാംബിക അന്തർജ്ജനം സ്മാരക സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും ആയത് എന്നത്തേക്ക് കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ;

(ബി) സ്ഥലമേറ്റെടുക്കലിനുള്ള അവാർഡ് തുക വിതരണം ചെയ്യാൻ ആരംഭിച്ച സാഹചര്യത്തിൽ ഡി.പി.ആർ. എത്രയും വേഗം തയാറാക്കി കിഫ്ബിയുടെ അന്തിമ അനുവാദം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(എ & ബി) ലളിതാംബിക അന്തർജ്ജനം സാംസ്കാരിക സമുച്ചയത്തിന്റെ ഡ്രാഫ്റ്റ് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അപ്രൈസൽ നടന്നുകൊണ്ടിരിക്കുകയാണ്. കിഫ്ബിയിൽനിന്നും അംഗീകാരം കിട്ടുന്നമുറയ്ക്ക് ഫൈനൽ ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

## എം. എസ്. വിശ്വനാഥൻ സ്മാരകം

323 (4872) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എം. എസ്. വിശ്വനാഥൻ സ്മാരകം നിർമ്മാണം എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഈ സ്മാരകം എം. എസ്. വിശ്വനാഥന്റെ ജന്മദേശമായ മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി പഞ്ചായത്തിൽ സ്ഥാപിക്കണമെന്നും ഇതിനായി പഞ്ചായത്തിന്റെ സ്ഥലം വിട്ടുനൽകാമെന്നും കാണിച്ച് എലപ്പുള്ളി പഞ്ചായത്ത് നൽകിയ അപേക്ഷയിന്മേൽ സാംസ്കാരിക വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) സംഗീത സംവിധായകനായിരുന്ന ശ്രീ. എം. എസ്. വിശ്വനാഥന്റെ സ്മരണാർത്ഥം പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്മാരകം

നിർമ്മിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ രൂപരേഖ സഹിതം ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ. എ. പ്രഭാകരൻ സാംസ്കാരിക വകുപ്പുമന്ത്രിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഇതിന്മേൽ ഭൂമി സംബന്ധിച്ച വിവരങ്ങൾ, നിർമ്മിക്കാനുദ്ദേശിക്കുന്ന സ്മാരകത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് (പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയത്) തുടങ്ങിയ വിവരങ്ങൾ സാംസ്കാരിക വകുപ്പ് ഡയറക്ടർ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയം**

324 (4873) **ശ്രീ. എം. മുകേഷ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച്

ഉദ്ഘാടനസജ്ജമായിട്ടുള്ള സാഹചര്യത്തിൽ സമുച്ചയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി എന്ത് സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) സമുച്ചയത്തിലെ കലാ സാംസ്കാരിക പ്രവർത്തനങ്ങളുടെ ഉള്ളടക്കം നിശ്ചയിക്കുന്നതിനും അവയുടെ തുടർച്ച സാധ്യമാക്കുന്നതിനും ക്യൂറേറ്ററുടെ നേതൃത്വത്തിലുള്ള ഒരു സംഘാടക സംവിധാനം കൂടി രൂപപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) സാംസ്കാരിക സമുച്ചയത്തിന്റെ പരിപാലന-ത്തിനും ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**സാംസ്കാരിക വകുപ്പിന് കീഴിൽ പരിപാടികൾ സംഘടിപ്പിക്കുന്ന സ്ഥാപനങ്ങൾ**

325 (4874) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിനുകീഴിലെ ഏതൊക്കെ സ്ഥാപനങ്ങളാണ് ജില്ലകൾ തോറും സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നത്; കഴിഞ്ഞ 5 വർഷങ്ങളിൽ ഓരോ സ്ഥാപനത്തിനും ഈയിനത്തിൽ അനുവദിച്ച തുക, ചെലവഴിച്ച തുക, സംഘടിപ്പിച്ച പരിപാടികൾ എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റ് തുകകളിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ കുറച്ചുകൊണ്ട് വരുന്നതിനും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് കൂടുതൽ തുക അനുവദിച്ചുകൊണ്ട് എല്ലാ ജില്ലകളിലും സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(എ&ബി) സാംസ്കാരിക വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം അനുവദിക്കുന്നുണ്ട്. സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും തനത് ഫണ്ടിൽ നിന്നുമുള്ള തുക ഉപയോഗിച്ച് വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് ജില്ലകൾ തോറും

സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ സംഘടിപ്പിച്ച പരിപാടികളുടെ വിശദവിവരങ്ങൾ അനുബന്ധം II ആയും+ സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നിന്ന് സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനായി വിവിധ സാംസ്കാരിക സംഘടനകൾക്കും സ്മാരകങ്ങൾക്കും നൽകിയ തുകയുടെ വിവരങ്ങൾ അനുബന്ധം 1 ആയും ചേർത്തിട്ടുണ്ട്+.

**സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള അക്കാഡമികൾ.**

326 (4875) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൽ ഏതെല്ലാം അക്കാഡമികളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഗ്രാന്റ് നൽകിവരുന്ന താഴെ പറയുന്ന അക്കാദമികൾ നിലവിലുണ്ട്.

1. കേരള സാഹിത്യ അക്കാദമി
2. കേരള സംഗീത നാടക അക്കാദമി
3. കേരള ലളിതകലാ അക്കാദമി
4. കേരള ഫോക് ലോർ അക്കാദമി
5. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി
6. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി
7. കൊങ്കിണി സാഹിത്യ അക്കാദമി

**കലാകാരൻമാർക്കുള്ള പെൻഷൻ**

327 (4876) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബുദ്ധിമുട്ട് അനുഭവിക്കുന്ന കലാകാരൻമാർക്ക് സാംസ്കാരിക വകുപ്പ് മുഖേന നൽകുന്ന ധനസഹായങ്ങൾ എന്തൊക്കെയെന്നും വകുപ്പ് നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ, ഗ്രാന്റുകൾ തുടങ്ങിയവയുടെ വിവരങ്ങളും ലഭ്യമാക്കാമോ?

സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പ്രതിമാസം ധനസഹായം നൽകുന്ന കലാകാര പെൻഷൻ പദ്ധതിപ്രകാരം അർഹരായ കലാകാരന്മാർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും പ്രതിമാസം 1600/- രൂപ വീതം ധനസഹായം നൽകിവരുന്നു. കൂടാതെ അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകരുടെ അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് അടിയന്തര ചികിത്സാധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ അനുവദിച്ചുവരുന്നുണ്ട്.

കലാകാരന്മാരുടെ ജീവിത നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി

ബോർഡിൽനിന്നും അംഗങ്ങൾക്ക് ധനസഹായം നൽകി വരുന്നുണ്ട്. കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന് 60 വയസ്സ് തികയുന്നമുറയ്ക്ക് പെൻഷൻ അനുവദിച്ചുവരുന്ന പദ്ധതിപ്രകാരം നിലവിൽ 3797 അംഗങ്ങൾക്ക് 4,000/- രൂപ വീതം പ്രതിമാസ പെൻഷൻ നൽകിവരുന്നു. കുറഞ്ഞത് 2 വർഷം അംശദായം അടച്ച ഒരു അംഗമോ ക്ഷേമനിധി പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് നൽകിവരുന്ന കുടുംബ പെൻഷൻ പദ്ധതിപ്രകാരം നിലവിൽ 298 അംഗങ്ങളുടെ കുടുംബങ്ങൾക്ക് പ്രതിമാസം 1,100/- രൂപ വീതം കുടുംബ പെൻഷനും 7 പേർക്ക് 1,100/- രൂപ വീതം അവശത പെൻഷനും നൽകിവരുന്നു. കുറഞ്ഞത് ഒരു വർഷമെങ്കിലും ക്ഷേമനിധിയിലേക്ക് അംശദായം അടച്ച അംഗത്തിന്റെയോ, അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയോ വിവാഹ ആവശ്യത്തിനായി 25000/- രൂപ ധനസഹായമായി നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡ് അംഗത്തിന്റെ മരണാനന്തര ചെലവുകൾക്കായി 3,000/- രൂപയും നിധിയിലെ ഒരംഗം അസുഖംമൂലമോ അപകടംമൂലമോ മരണപ്പെട്ടാൽ ആദ്യത്തെ മൂന്നുവർഷത്തെ

കാലാവധിക്കുള്ളിൽ മരണാനന്തര സഹായമായി 5000/- രൂപയും ശേഷമുള്ള ഓരോ വർഷത്തെ അംഗത്വ കാലയളവിന് 1000 രൂപ വീതവും, പരമാവധി 25,000/- രൂപ അംഗത്തിന്റെ കുടുംബത്തിന് മരണാനന്തര ധനസഹായമായി നൽകി വരുന്നുണ്ട്. "Comprehensive Health Insurance Scheme" (CHIS) ആരോഗ്യസുരക്ഷാ പദ്ധതിയിൽപ്പെടാത്ത, മൂന്നുവർഷമെങ്കിലും സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലേക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും ചികിത്സയ്ക്ക്, അംഗത്വ കാലാവധിയിൽ പരമാവധി 50,000 രൂപ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ചികിത്സാ ധനസഹായമായി അനുവദിച്ചുവരുന്നുണ്ട്. ഹൃദ്രോഗം, ക്യാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ രോഗം, ശ്വാസകോശ സംബന്ധമായ അസുഖം, തലച്ചോറിൽ രക്തസ്രാവവുമായി ബന്ധപ്പെട്ട അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ഗുരുതരമായ മാരക രോഗങ്ങളാൽ കഷ്ടപ്പെടുന്ന അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വൈദ്യചികിത്സക്കുള്ള ചിലവുകൾ നേരിടുന്നതിനായി അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 1,50,000 രൂപ (ഒരു

ലക്ഷത്തി അൻപതിനായിരം രൂപ) ബോർഡിന്റെ അംഗീകാരത്തോടെ നൽകുന്നുണ്ട്. അടിയന്തര ഘട്ടങ്ങളിൽ ബോർഡ് ചെയർമാന്റെ അംഗീകാരത്തോടെ 25,000 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചുവരുന്നുണ്ട്.

കൂടാതെ ചലച്ചിത്രരംഗത്തെ അവശകലാകാരന്മാർക്കും അവരുടെ ആശ്രിതർക്കും പ്രതിമാസം 1000 രൂപ വീതം 195 പേർക്ക് കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമിയിൽനിന്നും അവശകലാകാര പെൻഷനായി നൽകിവരുന്നുണ്ട്. ഇതിനുപുറമെ അവശകലാകാരന്മാർക്കും അവരുടെ ആശ്രിതർക്കും പരമാവധി 25,000/- രൂപ ചികിത്സാ ധനസഹായവും നൽകിവരുന്നുണ്ട്.

(ബി) മറ്റ് ക്ഷേമ പെൻഷനുകൾ ലഭിക്കുന്ന കലാകാരൻമാർക്ക് കലാകാര പെൻഷൻ നിഷേധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇവർക്ക് കലാകാര പെൻഷൻ അനുവദിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

(ബി & സി) ഉണ്ട്. മറ്റ് സാമൂഹ്യ സുരക്ഷാപെൻഷനുകളോ/സർക്കാർ ഫണ്ടിൽ നിന്നുള്ള ക്ഷേമ പെൻഷനോ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് കലാകാരപെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കില്ല. എന്നാൽ തനത് ഫണ്ടിൽനിന്ന് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ കലാകാരന്മാർക്ക് പ്രസ്തുത ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും കലാകാര പെൻഷൻ പ്രതിമാസം 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

**തരൂർ മണ്ഡലത്തിലെ ഇന്ദുചൂഡൻ സ്മാരക നിർമ്മാണം**

328 (4877) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കാവശ്ശേരിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഇന്ദുചൂഡൻ സ്മാരകത്തിനുള്ള തുകയുടെ ആദ്യ ഗഡുവായ ഇരുപത്തിയഞ്ച് ലക്ഷം രൂപ കാവശ്ശേരി പഞ്ചായത്തിന് കൈമാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക പഞ്ചായത്ത് ഡയറക്ടറേറ്റ് മുഖേന കൈമാറുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽനിന്നും സർക്കാരിലേക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

(എ & ബി) പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമ പഞ്ചായത്തിന് ഇന്ദുചൂഡൻ സ്മാരക സാംസ്കാരിക നിലയത്തിനായി 2020-21 സാമ്പത്തിക വർഷം 11-05-2020 തീയതിയിലെ സ.ഉ(സാധാ)നം.215/2020/സാം.കാ.വ ഉത്തരവ് പ്രകാരം 25 ലക്ഷം രൂപ പദ്ധതി വിഹിതമായി അനുവദിച്ചിരുന്നു. പ്രസ്തുത തുക പഞ്ചായത്ത് ഡയറക്ടറേറ്റ് മുഖേന കൈമാറുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. നിർവ്വഹണാധികാരിയായ പഞ്ചായത്ത് വകുപ്പിന് ഫണ്ട് അനുവദിക്കുന്നതിന് പഞ്ചായത്ത് വകുപ്പിന്റെ CCO-യെ മേൽ ശീർഷകത്തിനുകീഴിൽ ക്രോസ്സ്മാപ്പ് ചെയ്തുകൊണ്ട് 04-03-2023 തീയതിയിലെ സ.ഉ.(സാധാ).നം.1606/2023/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. തുക പഞ്ചായത്ത് ഡയറക്ടർക്ക് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന സാംസ്കാരിക വകുപ്പിനുകീഴിലുള്ള സെക്ഷനും ഫയൽ നമ്പറും വ്യക്തമാക്കാമോ?

ഫയൽ നം.എ 2/85/2020/സാം.കാ.വ. പ്രകാരം സാംസ്കാരികകാര്യ (എ) വകുപ്പിലാണ് ഈ വിഷയം കൈകാര്യം ചെയ്യുന്നത്.

**കലാഭവൻ മണിയുടെ സ്മരണ നിലനിർത്താൻ നടപടി**

329 (4878) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാഭവൻ മണിയുടെ സ്മരണ നിലനിർത്താൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടികൾ എന്തെല്ലാമാണെന്നും അവ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(സി) കലാഭവൻ മണിയുടെ സ്മാരക നിർമ്മാണത്തിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

(എ – സി) കലാഭവൻ മണി സ്മാരക നിർമ്മാണത്തിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്ക് കിഴക്കെ ചാലക്കുടി വില്ലേജിൽ ഗവ. സ്കൂളിന്റെ കൈവശമുള്ള സർവ്വേ നമ്പർ 438/4, 441/10-ൽ ഉൾപ്പെട്ട 20 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകിക്കൊണ്ട് ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലം സാംസ്കാരിക വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ടി സ്ഥലത്ത് മൂന്ന് കോടി രൂപ ചെലവിൽ സ്മാരകം നിർമ്മിക്കുന്നതിനായി 05-09-2021 തീയതിയിലെ സ.ഉ(സാധാ)നമ്പർ 335/2021/സാം.കാ.വ പ്രകാരം പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി 2021-22 തീയതിയിലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ 'അനുബന്ധം II' ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ എന്ന വിഭാഗത്തിലെ ക്രമ.നം.2535-ൽ ഉൾപ്പെടുത്തി കലാഭവൻ മണി സ്മാരക നിർമ്മാണത്തിനായി മൂന്നുകോടി രൂപ അടങ്കൽ പദ്ധതിയായി തൻവർഷം 60 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പൊതുവിദ്യാഭ്യാസ

വകുപ്പിന്റെ 15 സെന്റ് സ്ഥലത്തിന്റെകൂടി ഉടമസ്ഥത പ്രസ്തുത വകുപ്പിൽ നിലനിർത്തിക്കൊണ്ട്, കലാഭവൻ മണി സ്മാരക നിർമ്മാണത്തിനായി ലഭിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു. ഇതിനായി ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി തലത്തിൽ യോഗം ചേർന്നിട്ടുണ്ട്.

**മിമിക്രി കലാരൂപത്തിന് അംഗീകാരം നൽകുന്നതിന് നടപടി**

330 (4879) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിമിക്രി എന്ന കലാരൂപത്തെ മറ്റുകലാരൂപങ്ങളെപ്പോലെ കേരളസംഗീതനാടക അക്കാദമി അംഗീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരളസംഗീതനാടക അക്കാദമിയുടെ പരിധിയിൽവരുന്ന കലാരൂപമാണ് മിമിക്രി. അക്കാദമിയുടെ നിയമാവലിയിലും സംഘടനാ

പ്രമാണത്തിലും ഇതിനാവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ലെങ്കിൽ ഇത് പരിഹരിക്കുന്നതിനും പ്രസ്തുത കലാകാരന്മാരെക്കൂടി അക്കാദമിയുടെ ഭാഗമാക്കുന്നതിനും അവാർഡുകൾക്ക് പരിഗണിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

അക്കാദമി നേരത്തെ തന്നെ പ്രസ്തുത കലാരൂപം അവാർഡിന് പരിഗണിച്ചിട്ടുണ്ട്. സംഗീത നാടക അക്കാദമിയുടെ ഇപ്പോഴുള്ള ജനറൽ കൗൺസിലിൽ ഒരു മിമിക്രി കലാകാരൻ അംഗമായി പ്രവർത്തിക്കുന്നുണ്ട്.

**മുൻ രാഷ്ട്രപതി ഡോ.കെ.ആർ. നാരായണന്റെ പ്രതിമ നിർമ്മാണം**

331 (4880) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ രാഷ്ട്രപതി ഡോ. കെ. ആർ. നാരായണന്റെ പ്രതിമ അദ്ദേഹത്തിന്റെ ജന്മനാടായ ഉഴവൂരിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രതിമ നിർമ്മാണത്തിന്റെ ചുമതല ആർക്കാണെന്നും ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഈ പ്രതിമയുടെ നിർമ്മാണത്തിനായി ബഡ്ജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിരുന്നതെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും അറിയിക്കാമോ;

(ഡി) ഈ പ്രതിമ നിർമ്മാണം പൂർത്തിയാകാത്തതിന്റെ കാരണം വിശദമാക്കാമോ; ആയത് പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ – ഡി) ഡോ. കെ. ആർ നാരായണന്റെ പ്രതിമ ഉഴവൂരിൽ സ്ഥാപിക്കുന്നതിന് 2022-2023 സാമ്പത്തിക വർഷം ബജറ്റിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുള്ളതും കോട്ടയം ജില്ലാ കളക്ടറുമായി

ബന്ധപ്പെട്ട് പൊതുഭരണ പൊളിറ്റിക്കൽ വകുപ്പിൽനിന്ന് അനന്തര നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ**

332 (4881) **<u>ശ്രീ. ജോബ് മൈക്കിൾ</u>:** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക വകുപ്പ് മുഖേന ചങ്ങനാശ്ശേരി മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്ന സൗജന്യ സാമൂഹ്യ കലാപരിശീലന പരിപാടിയായ വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയിൽ, ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ മാടപ്പള്ളി ബ്ലോക്ക്, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി, പള്ളം ബ്ലോക്ക് എന്നി ക്ലസ്റ്ററുകളുടെ പരിധിയിലായി 8 കലാപരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ടി 8 കലാപരിശീലന

കേന്ദ്രങ്ങളിലായി നിലവിൽ 8 കലാകാരന്മാർ വിവിധ കലാരൂപങ്ങളിൽ പരിശീലനം നൽകിവരുന്നു. കലാപരിശീലകർക്ക് സാംസ്കാരിക വകുപ്പ് പ്രതിമാസം 10,000/- രൂപാവീതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 7500/- രൂപാ വീതവും ഉൾപ്പെടെ 17,500/- രൂപ ഫെല്ലോഷിപ്പ് തുകയായി നൽകിവരുന്നു. പഠിതാക്കൾക്ക് വിവിധ വേദികളിൽ പാരമ്പര്യകലകൾ അവതരിപ്പിക്കുന്നതിന് പര്യാപ്തമാകുന്ന രീതിയിലാണ് വജ്രജൂബിലി പദ്ധതിയിൽ പരിശീലനം നൽകിവരുന്നത്.

**തൃശ്ശൂർ ജില്ലയിലെ ആമ്പല്ലൂരിലെ തീയേറ്റർ നിർമ്മാണം**

333 (4882) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഡി.സി. തൃശ്ശൂർ ജില്ലയിലെ ആമ്പല്ലൂരിൽ നിർമ്മിക്കുന്ന തീയേറ്ററിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും ഇതിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും എന്തെല്ലാം സൗകര്യങ്ങളാണ് തീയേറ്റർ കോംപ്ലക്സിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ?

ആമ്പല്ലൂരിലെ തിയേറ്റർ നിർമ്മാണം 50% പൂർത്തിയായിട്ടുണ്ട്. ഇനി തീയേറ്റർ എഞ്ചിനീയറിംഗ് ജോലികൾ ആണ് പൂർത്തിയാക്കാനുള്ളത്. തീയേറ്റർ നിർമ്മാണത്തിനായി 13.85 കോടി രൂപ കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. ഏറ്റവും പുതിയ ഡോൾബി അറ്റ്മോസ് ശബ്ദസംവിധാനങ്ങൾ, പ്രോജക്ഷനിൽ നവീനമായ ഐ.സി.പി.ഡി ലെൻസ് ടെക്നോളജിയോടു കൂടിയ ബാർകോ SP RGB 4K ലേസർ പ്രൊജക്ടർ സിസ്റ്റം, ഹാർക്നെസ്സ് പെർലക്സ് ഹൈവൈറ്റ്-220 സ്ക്രീൻ, 150 ഉം 159 സീറ്റുകൾ വീതമുള്ള രണ്ട് മൾട്ടിപ്ലെക്സ് തീയേറ്ററുകൾ എന്നിവയാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

**നെയ്യാറ്റിൻകര തീയേറ്റർ സമുച്ചയത്തിന് ഭരണാനുമതി**

334 (4883) <u>ശ്രീ. കെ. ആൻസലൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ നിർമ്മിക്കുന്ന തീയേറ്റർ സമുച്ചയത്തിന് ഭരണാനുമതി ലഭിക്കാൻ സ്വീകരിച്ച നടപടികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

കിഫ്ബിയിൽനിന്നും തിയേറ്ററുകൾക്കായി അനുവദിച്ച 100 കോടി രൂപയുടെ വായ്പയിൽ നെയ്യാറ്റിൻകര തിയേറ്റർ പദ്ധതി ഉൾപ്പെട്ടിരുന്നില്ല. കിഫ്ബിയിൽനിന്നും അധിക വായ്പ ലഭിച്ചാൽ മാത്രമേ ടി തിയേറ്റർ നിർമ്മാണവുമായി മുന്പോട്ട് പോകാൻ കഴിയുള്ളൂ.

(ബി) എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് തീയേറ്റർ നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

കിഫ്ബിയിൽ 1637.79 ലക്ഷം രൂപ (നികുതി അടക്കം)-യുടെ ഡി.പി.ആർ. അനുമതിക്കാണ് നൽകിയിരിക്കുന്നത്.

**അഭ്യസ്തവിദ്യരായ യുവതി-യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ**

335 (4884) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായിട്ടുള്ള യുവതീ - യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സംരംഭങ്ങൾ തുടങ്ങുന്നതിനും സ്വകാര്യ, സർക്കാർ ജോലികൾ നേടുന്നതിനും സഹായം നൽകുന്നതിന് യുവജനകാര്യ വകുപ്പ് പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജന കമ്മീഷൻ നടത്തുന്ന വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ ഭാഗമായ 'ജോബ് ഫെസ്റ്റ്' സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെടുന്ന ഏഴ് കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചുവരുന്നു. കൂടാതെ, യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 14 ജില്ലകളിലും കമ്മീഷൻ അംഗങ്ങളുടെ നേതൃത്വത്തിൽ ഗ്രീൻസോൺ പദ്ധതി സംഘടിപ്പിച്ചുവരുന്നു. തരിശുഭൂമികൾ കണ്ടെത്തി അവയെ കൃഷി ഭൂമികളാക്കി മാറ്റി ഇതിലൂടെ യുവാക്കൾക്ക്

ജീവിതമാർഗ്ഗം കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണിത്. കൃഷിയുമായി ബന്ധപ്പെട്ട അറിവ് യുവജനങ്ങൾക്ക് പകർന്നുനൽകി അതിലൂടെ കാർഷികവൃത്തിയുടെ അന്തഃസ്സ് ഉയർത്തിപ്പിടിക്കുന്നതിന് യുവാക്കളെ ബോധവാന്മാരാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. യുവതി ശാക്തീകരണത്തിന്റെ ഭാഗമായി യുവതികളെ സ്വയംപര്യാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമായി 'അവളിടം' എന്ന പേരിൽ 1040 യുവതി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ ക്ലബ്ബുകളുടെ നേതൃത്വത്തിൽ യുവതികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി കേക്ക് നിർമ്മാണം, ആഭരണ നിർമ്മാണം, തയ്യൽ പരിശീലനം, പേപ്പർബാഗ് നിർമ്മാണം എന്നിവയിൽ പരിശീലന പരിപാടികൾ ബോർഡ് സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ അഭ്യസ്തവിദ്യരായിട്ടുള്ള യുവതി-യുവാക്കൾക്ക് സർക്കാർ ജോലി നേടുന്നതിനായി ബോർഡിന്റെ നേതൃത്വത്തിൽ ഓൺലൈൻ മത്സര പരീക്ഷാ പരിശീലന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മത്സര പരീക്ഷകളെ അഭിമുഖീകരിക്കുന്ന യുവതീ - യുവാക്കൾക്ക് വകുപ്പ് പ്രത്യേക പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

സംസ്ഥാനത്തെ യുവജനങ്ങൾക്ക് വിവിധ മേഖലകളിലെ പരീക്ഷകളിലും അഭിമുഖങ്ങളിലും ഉന്നതവിജയം കരസ്ഥമാക്കുന്നതിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഓൺലൈൻ പരീക്ഷ പരിശീലന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്) പരീക്ഷ പരിശീലനം മുൻവർഷങ്ങളിൽ ഓൺലൈൻ മുഖേന നൽകിയിരുന്നു. പി.എസ്.സി. മത്സരപരീക്ഷ പരിശീലന ക്ലാസ്സുകൾ മുൻവർഷങ്ങളിലെപ്പോലെ നടപ്പിലാക്കിവരുന്നു.

(സി) വകുപ്പിന്റെകീഴിൽ സംസ്ഥാനത്ത് തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നുണ്ടോ; കണ്ണൂർ ജില്ലയിൽ ഭാവിയിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കുമോയെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജന കമ്മീഷൻ തൊഴിൽമേളകൾ സംഘടിപ്പിക്കുന്നുണ്ട്. തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിലുള്ള KASE-

മായി സഹകരിച്ച് കമ്മീഷൻ തൃശ്ശൂരിൽ തൊഴിൽമേള സംഘടിപ്പിച്ചു. KASE-മായി സഹകരിച്ച് അട്ടപ്പാടി, തിരുവനന്തപുരം എന്നിവിടങ്ങളിൽ തൊഴിൽമേള സംഘടിപ്പിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, കമ്മീഷൻ അംഗങ്ങളുടെ നേതൃത്വത്തിൽ അടൂർ, ചെങ്ങന്നൂർ, വയനാട്, കാസർകോട് എന്നിവിടങ്ങളിൽ 2023 മാർച്ച് മാസം തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ തൊഴിൽമേള സംഘടിപ്പിക്കുവാൻ യുവജന കമ്മീഷൻ തീരുമാനിച്ചിട്ടില്ല.

**യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ**

336 (4885) ശ്രീ. കെ. പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവജനക്ഷേമം ലക്ഷ്യമാക്കി ചുവടെപ്പറയുന്ന പ്രധാന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കേരളോത്സവം

2. ടീം കേരള (വോളന്റിറി ആക്ഷൻ ഫോഴ്സ്)

3. അഡ്വഞ്ചർ ആക്ടിവിറ്റീസ് (ട്രക്കിംഗ് സാഹസിക ക്യാമ്പ്, സാഹസിക കാർണിവൽ, അമ്പെയ്ത്ത് പരിശീലനം, ബീച്ച് ഫെസ്റ്റ്)

4. യുവമാധ്യമ പ്രവർത്തക ക്യാമ്പ്

5. യുവസാഹിത്യ ക്യാമ്പ്

6. സ്വാമിവിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം

7. അവളിടം യൂത്ത് ക്ലബ്ബ് - യുവാക്ലബ്ബ് (ധനസഹായ വിതരണം)

8. കതിർ കാർഷിക ക്ലബ്ബ്

9. ഫ്ലാറ്റ് ക്ലബ്ബ്

10. ട്രൈബൽ സ്പോർട്സ് ക്ലബ്ബ്

11. വിവാഹ കൗൺസിലിംഗ് ക്ലാസ്സുകൾ

12. ലഹരി വിരുദ്ധ ക്യാമ്പയിൻ

13. മത്സര പരീക്ഷാ പരിശീലനം

14. മണിനാദം (നാടൻ പാട്ട് മത്സരം)

15. കായിക വികസന പ്രവർത്തനങ്ങൾ (സെവൻസ് ഫുട്ബോൾ, കബഡി, വോളിബോൾ മത്സരങ്ങൾ)

16. ട്രാൻസ്ജൻഡേഴ്സ് ശാക്തീകരണം

17. ഷോർട്ട് ഫിലിം ഡോക്യുമെന്ററി ഫെസ്റ്റിവൽ

18. ശാസ്ത്രക്വിസ്

19. മാരിവില്ല് ഫെസ്റ്റ് (ട്രാൻസ് ജെൻഡേഴ്സ് ഫെസ്റ്റ്)

20. ട്രൈബൽ സ്പോർട്സ് മത്സരങ്ങൾ

21. ഓൺലൈൻ ഡെലിവറി

(ബി) പൊതുപരീക്ഷകളിൽ മികച്ച വിജയം കൈവരിക്കുന്നതിന് യുവജനക്ഷേമ ബോർഡുവഴി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; കോഴിക്കോട് ജില്ലയിൽ ഇത്തരത്തിൽ നടത്തുന്ന പരിപാടികളെക്കുറിച്ച് വിശദമാക്കാമോ?

നിലവിൽ പൊതുപരീക്ഷകളിൽ മികച്ച വിജയം കൈവരിക്കുന്നതിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നില്ല.

**യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ**

337 (4886) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന കമ്മീഷന്റെ രൂപീകരണം മുതൽ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ?

കേരള സംസ്ഥാന യുവജന കമ്മീഷന്റെ രൂപീകരണം മുതൽ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

1. യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം-മയക്കമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും സംസ്ഥാനമൊട്ടാകെ പട്ടികജാതി/പട്ടികവർഗ്ഗ

കോളനികളിലും കോളേജുകളിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

2. യുവാക്കളുടെ പ്രശ്നങ്ങളും യുവാക്കളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിനായി കമ്മീഷൻ ആസ്ഥാനത്ത് സിറ്റിംഗും ജില്ലാതലത്തിൽ അദാലത്തുകൾ/ഹിയറിംഗുകൾ/വിസിറ്റുകൾ എന്നിവയും നടത്തിവരുന്നു. വിവിധ പരാതികളിന്മേലുള്ള കമ്മീഷന്റെ ശിപാർശയിന്മേൽ സർക്കാർ തലത്തിലും പൊതുമേഖല/സർക്കാർ ഇതര സ്ഥാപനങ്ങളും നടപടി സ്വീകരിക്കുകയുണ്ടായിട്ടുണ്ട്. ഇതുവഴി യുവജനങ്ങളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

3. യുവാക്കളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചുകൊണ്ട് ഉന്നതനിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തരാക്കുന്നതിനും വിവിധതലങ്ങളിലുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാദ്ധ്യതകളും കഴിവുകളും കണ്ടെത്തുന്നതിനും അവബോധം ഉണ്ടാക്കുന്നതിനുമായി വിവിധ മേഖലകളിൽപ്പെട്ട വിദഗ്ധരെ ഉപയോഗപ്പെടുത്തിക്കൊണ്ട്, കമ്മീഷൻ

വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ, യുവജനങ്ങളുടെ അവകാശങ്ങൾ, ലിംഗസമത്വം തുടങ്ങിയ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ യുവജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാവർഷവും ദേശീയ സെമിനാർ സംഘടിപ്പിച്ചുവരുന്നു.

4. സാമൂഹ്യനീതി വകുപ്പും പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഗോത്രവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്ക് ആരോഗ്യരംഗത്ത് ബോധവത്ക്കരണം നൽകുന്നതിനും ആദിവാസി കോളനികളിലെ യുവജനങ്ങളുടെ തൊഴിൽപരവും ആരോഗ്യപരവും സാമൂഹ്യപരവുമായ വികസനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി തെരെഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ യുവജന കമ്മീഷൻ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.

5. യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം നൽകുകയെന്ന ഉദ്ദേശ്യത്തോടെ 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ' പ്രവർത്തിച്ചുവരുന്നു.

6. കോവിഡാനന്തര കേരളീയ സമൂഹത്തിൽ എല്ലാ മേഖലകളിലും സ്വയംപര്യാപ്തത നേടേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യം മുൻനിർത്തി

യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാമിൽ ഗ്രീൻ യൂത്ത് പദ്ധതി ഉൾപ്പെടുത്തിക്കൊണ്ട് കമ്മീഷനിലെ അംഗങ്ങളുടെ നേതൃത്വത്തിൽ 'ഗ്രീൻ സോൺ' പദ്ധതി വർഷം തോറും കമ്മീഷൻ നടത്തിവരുന്നു. തരിശ് ഭൂമികൾ കണ്ടെത്തി ആയവ കൃഷിക്ക് അനുയോജ്യമായ രീതിയിൽ പരിവർത്തനപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണവും ഇതോടൊപ്പം നടത്തിവരുന്നു. ഇതുവഴി ഏതുതൊഴിലും അന്തസ്സായി ചെയ്ത് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അറിവ് പ്രദാനം ചെയ്യുന്നു.

7. കമ്മീഷൻ നടത്തുന്ന വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ ഭാഗമായ ജോബ് ഫെസ്റ്റ് സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെടുന്ന ഏഴ് കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചുവരുന്നു.

(ബി) പ്രസ്തുത കമ്മീഷന്റെ പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

യുവജന കമ്മീഷൻ പുതിയ പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല.

(ചോദ്യം നമ്പർ 4640, 4643 എന്നിവയുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല. )

**4.** പാലോട് ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതുസംബന്ധിച്ച് ശ്രീ. ഡി. കെ. മുരളി എം.എൽ.എ.യുടെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മേശപ്പുറത്തുവച്ച മറുപടി

മലയോരമേഖലയിൽ ഉൾപ്പെടുന്ന പാലോട് ഒരു ഫയർ സ്റ്റേഷന്റെ ആവശ്യകത മുൻനിർത്തിയാണ് അവിടെ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് 2021-ൽ തത്വത്തിൽ തീരുമാനമെടുത്തത്. ഇവിടെ മികച്ച ഭൗതിക സൗകര്യങ്ങളോടുകൂടിയ ഒരു ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്നതിനായി ഫയർ & റെസ്ക്യൂ സർവ്വീസസ് മേധാവി നടപടി സ്വീകരിച്ചുവരികയാണ്.

പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുകയും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി, ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് സാധിക്കുന്നതുമാണ്.

**5. ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ.യുടെ സബ്മിഷന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി**

സംസ്ഥാന സർക്കാരിന്റെ 04-06-2005-ലെ 22/2005 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ നിയോഗിച്ച ഏജൻസി എന്ന നിലയ്ക്കാണ് " വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി" എന്ന കേന്ദ്രസർക്കാർ പദ്ധതി 2005 മുതൽ സപ്ലൈകോ നടപ്പിലാക്കിവരുന്നത്. ഇത് കേന്ദ്രസർക്കാരിന്റെ പദ്ധതിയാണെങ്കിലും കേരളത്തിലെ കർഷകരെ സഹായിക്കുന്നതിന്, മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി, സംസ്ഥാന സർക്കാരും വിഹിതം നൽകുന്നുണ്ട്. ഓരോ വർഷവും കൂടുതൽ കർഷകരിൽനിന്നും നെല്ല് സംഭരണം നടത്തിക്കൊണ്ട് മെച്ചപ്പെട്ട രീതിയിൽ ഇക്കാര്യത്തിൽ സപ്ലൈകോ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം 2021-22 സീസണിൽ 2,54,072 കർഷകരിൽനിന്നും 7.48 ലക്ഷം മെട്രിക് ടൺ നെല്ല്

സംഭരിക്കുകയും ആയതിന് 2095.52 കോടി രൂപ കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 2021-22 സീസണിൽ പി.ആർ.എസ്. വായ്പാ പദ്ധതിപ്രകാരം 11 ബാങ്കുകളിലൂടെയാണ് നെല്ലിന്റെ വില കർഷർക്ക് വിതരണം ചെയ്തിട്ടുള്ളത്. പി.ആർ.എസ്.പദ്ധതിപ്രകാരം നെല്ലിന്റെ വില കർഷരുടെ പേരിൽ വായ്പയായി നൽകുകയും പ്രസ്തുത വായ്പ പലിശ സഹിതം സപ്ലൈകോ ബാങ്കുകളിലേയ്ക്ക് തിരിച്ചടയ്ക്കുകയുമാണ് ചെയ്തുവന്നിരുന്നത്. എന്നാൽ പ്രസ്തുത പദ്ധതിയ്ക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതിനാൽ വായ്പ തിരിച്ചടവിന് കാലതാമസം ഉണ്ടാകുമായിരുന്നു. പി.ആർ.എസ്. വായ്പയുടെ തിരിച്ചടവ് വൈകുന്നതുകാരണം കർഷരുടെ സിബിൽ സ്കോർ (CIBIL SCORE) കുറയുന്നതിനാൽ കർഷർക്ക് മറ്റ് ആവശ്യങ്ങൾക്കുള്ള വായ്പകൾ എടുക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടിരുന്നു. പ്രസ്തുത പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിരവധി കർഷകർ പരാതി സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് എസ്.ബി.ഐ., കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും 2500 കോടി രൂപയുടെ വായ്പ സ്വീകരിക്കാൻ

സപ്ലൈകോ നിർബന്ധിതമാകുകയും പ്രസ്തുത തുകയിൽനിന്നും 2100 കോടി രൂപ നിലവിലുണ്ടായിരുന്ന പി.ആർ.എസ്. വായ്പകൾ അടച്ചു തീർക്കാൻ വിനിയോഗിക്കുകയും ചെയ്തത്.

സപ്ലൈകോയ്ക്ക് ബാങ്കുകളിൽനിന്നും സ്വീകരിക്കാൻ കഴിയുന്ന പരമാവധി വായ്പ 2500 കോടി രൂപയായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ ബാങ്കുകളിൽനിന്നും കൂടുതൽ വായ്പ സ്വീകരിക്കാൻ സപ്ലൈകോയ്ക്ക് കഴിയുന്നില്ല. സപ്ലൈകോയുടെ വായ്പാ പരിധി 3500 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ തീരുമാനമുണ്ടാകാത്ത സാഹചര്യത്തിലാണ് കർഷകർക്ക് 2023 ജനുവരി 31 വരെയുള്ള ഒന്നാം വിള കുടിശിക തീർക്കുന്നതിനായി കേരള ബാങ്കിൽനിന്നും 200 കോടി രൂപയുടെ പി.ആർ.എസ്. വായ്പ സ്വീകരിച്ചത്. പ്രസ്തുത തുക കർഷകർക്ക് നൽകിവരുന്നു. 2022-23 സീസണിലെ നെല്ല് സംഭരണം 2022 സെപ്റ്റംബറിൽ ആരംഭിച്ച് 2023 ജൂണിൽ അവസാനിക്കും. 2022-23 സീസണിൽ നാളിതുവരെ 96500 കർഷകരിൽനിന്നും 2.79 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും 72314 കർഷകർക്കായി 570 കോടി രൂപ

നൽകുകയും ചെയ്തിട്ടുണ്ട്. 24186 കർഷകർക്ക് 240 കോടി രൂപ നൽകാൻ ബാക്കിയുണ്ട്. തൃശ്ശൂർ ജില്ലയിൽനിന്നും നാളിതുവരെ 33804 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഒന്നാം വിളയുടെ ഭാഗമായി സംഭരിച്ച 3513 മെട്രിക് ടൺ നെല്ലിന്റെ വിലയായ 9.90 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്.

രണ്ടാം വിളയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽനിന്നും 30290 മെട്രിക് ടൺ നെല്ല് നാളിതുവരെ സംഭരിച്ചിട്ടുണ്ട്. ഇതിനായി കർഷകർക്ക് നൽകേണ്ട 85.41 കോടി രൂപയിൽ 6 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ കർഷകർക്ക് ഇനി 79.41 കോടി രൂപ കൊടുത്തു തീർക്കാൻ ബാക്കിയുണ്ട്. നെല്ലിന്റെ വില നൽകുന്നതിനായി കേന്ദ്രസർക്കാരിലേയ്ക്ക് 400 കോടി രൂപയുടെ ക്ലെയിം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക മാർച്ച് അവസാനത്തോടെ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. തുക കിട്ടുന്ന മുറയ്ക്ക് നെല്ലിന്റെ വില കർഷകർക്ക് നൽകാൻ കഴിയും. കൂടാതെ നെല്ലിന്റെ വില കർഷകർക്ക് സമയബന്ധിതമായി നൽകുന്നതിന് കേരള ബാങ്ക് ഉൾപ്പെടെയുള്ള ബാങ്കുകളിൽനിന്നും വായ്പ സ്വീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

എന്നാൽ കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിന് വായ്പ അനുവദിക്കുന്ന കാര്യത്തിൽ കേരളത്തിലെ ബാങ്കുകൾ അനുകൂലമായുള്ള നിലപാടല്ല സ്വീകരിക്കുന്നതെന്ന കാര്യം കൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

**6.** ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) മേശപ്പുറത്തുവച്ച മറുപടി

പൊതുജനങ്ങളിൽ സമ്പാദ്യശീലവും മിതവ്യയവും പ്രോത്സാഹിപ്പിക്കുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആരംഭിച്ച പദ്ധതിയാണ് ദേശീയ സമ്പാദ്യ പദ്ധതി. ഈ പദ്ധതിപ്രകാരം പോസ്റ്റാഫീസ് മുഖേനയും തെരഞ്ഞെടുക്കപ്പെട്ട ദേശസാൽകൃത ബാങ്കുകൾ മുഖേനയും സ്വരൂപിക്കുന്ന മുഴുവൻ തുകയും (മിച്ച നിക്ഷേപം) സംസ്ഥാനങ്ങൾക്ക് ദീർഘകാല വായ്പയായി ലഭിക്കുന്നുവെന്നതാണ് ഈ പദ്ധതിയുടെ ആകർഷണീയത. ആയതിനാലാണ് സംസ്ഥാന സർക്കാർ ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നത്. ഇതിലേയ്ക്കായി സംസ്ഥാന സർക്കാർ 1968-ൽ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ആരംഭിച്ചു. ഈ പദ്ധതി പ്രകാരം

സ്കീമുകൾ ആവിഷ്കരിക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്.

ചെറുകിട സമ്പാദ്യ നിക്ഷേപങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ശ്യാമളാ ഗോപിനാഥ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 25-11-2011-ലെ F1/12/2011.NS.11 നോട്ടിഫിക്കേഷൻ പ്രകാരം ഏജന്റുമാർക്ക് നൽകിവന്നിരുന്ന ഇൻസെന്റീവ് അലവൻസും ബോണസും കേന്ദ്രസർക്കാർ നിർത്തലാക്കിയിരുന്നു. ദേശീയ സമ്പാദ്യ പ്രവർത്തനങ്ങളെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ഏജന്റുമാരുടെ സാമ്പത്തിക സുരക്ഷിതത്വം കണക്കിലെടുത്ത് തൽപ്പരരായവരുടെ സേവനം സംസ്ഥാന സർക്കാരിന്റെ വിവിധ വികസന, സാമൂഹ്യക്ഷേമ, സാമൂഹ്യ സുരക്ഷാ മേഖലകളിൽ വിനിയോഗിക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 16-06-2016-ലെ സ.ഉ.(സാധാ)നം.5933/2012/ധന. സർക്കാർ ഉത്തരവുപ്രകാരം ഏജന്റുമാരുടെ സേവനം സമ്പാദ്യ സമാഹരണത്തോടൊപ്പം സർക്കാർ നൽകിവരുന്ന വിവിധ സേവനങ്ങൾ വേഗത്തിലും കൃത്യതയോടുംകൂടി ജനങ്ങളിലേയ്ക്കെത്തിക്കുന്നതിന്

ഏജന്റുമാരുടെ സേവനം പ്രയോജനപ്പെടുത്താനും കളക്ഷന് ആനുപാതികമായി പ്രതിഫലം നൽകാനും തീരുമാനിച്ചിരുന്നു. മഹിളാ പ്രധാൻ ഏജന്റുമാർക്ക് നിക്ഷേപ തുകയ്ക്ക് ആനുപാതികമായി 4% പോസ്റ്റൽ കമ്മീഷനും അധിക ജോലി നിർവ്വഹണത്തിനായി സംസ്ഥാന സർക്കാർ 5.25% പ്രതിഫലവും നൽകിവരുന്നു. എസ്.എ.എസ്. ഏജന്റുമാർക്ക് അധിക സേവനത്തിനുള്ള പ്രതിഫലമായി നിക്ഷേപത്തിന്റെ 1.1% സംസ്ഥാന സർക്കാർ പോസ്റ്റൽ കമ്മീഷനായ ഒരു ശതമാനത്തിന് പുറമേ നൽകിവരുന്നു.

നിലവിൽ സംസ്ഥാനത്ത് പതിനായിരത്തോളം ഏജന്റുമാർ ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ക്രമീകരിക്കേണ്ടതുള്ളതുകൊണ്ട് 06-06-2010-ലെ 1950/ദേ.സ.പ/2012/ധന നമ്പർ സർക്കുലർ പ്രകാരം മഹിളാ പ്രധാൻ ഏജൻസി നിയമനം ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ നിർത്തിവച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാർ ആവിഷ്കരിച്ച നിലവിലെ ഏജൻസി ചട്ടപ്രകാരം ഒരാളുടെ പേരിലുള്ള ഏജൻസി മറ്റൊരാളുടെ പേരിലേയ്ക്ക് മാറ്റി നൽകുന്നതിനോ ആശ്രിത നിയമനപ്രകാരമുള്ള നിയമനം നൽകുന്നതിനോ വ്യവസ്ഥ ചെയ്യുന്നില്ല.

2022 ആഗസ്റ്റ് മാസത്തെ പ്രതിഫലം 27-01-2023-ലെ സ.ഉ.(സാധാ) നം.675/2023/ധന. നമ്പർ സർക്കാർ ഉത്തരവുപ്രകാരം വിതരണം ചെയ്തിട്ടുണ്ട്. സെപ്റ്റംബർ, ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിലെ കുടിശ്ശിക നിലവിലുണ്ട്. 2022 സെപ്തംബർ മാസത്തെ പ്രതിഫലം വിതരണം ചെയ്യുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. 2022 ഒക്ടോബർ, നവംബർ മാസത്തെ കളക്ഷൻ എൻട്രി ഇ.ബി.റ്റി. പോർട്ടൽ മുഖേന പുരോഗമിക്കുന്നു. ശേഷിക്കുന്ന 3 മാസത്തെ തുക യഥാസമയം പോസ്റ്റാഫീസിൽനിന്നും രേഖകൾ ശേഖരിച്ച് ഇ.ബി.റ്റി.-യിൽ രേഖപ്പെടുത്തുന്നതിനുള്ള സമയത്തിനായും ഏതെങ്കിലും ഏജന്റിന്റെ ഭാഗത്തുനിന്ന് പണാപഹരണമുണ്ടാകുകയാണെങ്കിൽ ആയത് വസൂലാക്കുന്നതിനായുള്ള മുന്നൊരുക്കമെന്ന രീതിയിലും മറ്റ് പരിശോധനകൾക്കുമായി മാറ്റിവയ്ക്കപ്പെട്ടവയാണ്. നടപടിക്രമങ്ങൾ പൂർത്തിയായാലുടൻ തുക അനുവദിക്കുന്നതായിരിക്കും.

14-08-2000-ലെ സ.ഉ. (പി) നമ്പർ 1084/2000/ധന നമ്പർ ഉത്തരവ് പ്രകാരം നിലവിൽവന്ന പെൻഷൻ സ്കീം ഏജന്റുമാരിൽനിന്നും മാത്രം

പെൻഷൻ വിഹിതം സ്വീകരിച്ച് പ്രവർത്തിക്കുന്ന ഒന്നാണ്. പെൻഷൻ സ്കീമിൽ അംഗങ്ങളായിട്ടുള്ള 65 വയസ് പൂർത്തിയായി, കുറഞ്ഞത് 10 വർഷമെങ്കിലും പെൻഷൻ വിഹിതം അടച്ചിട്ടുള്ള ഏജന്റുമാർക്കാണ് പെൻഷന് അർഹതയുള്ളത്. നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ന്യൂനതകളില്ലാതെ പെൻഷൻ അപേക്ഷ സമർപ്പിക്കുന്ന മാസംതന്നെ പെൻഷൻ അനുവദിക്കാറുണ്ട്. 2023 ഫെബ്രുവരി 20 വരെ ലഭ്യമായിട്ടുള്ള ന്യൂനതകളില്ലാത്ത പെൻഷൻ അപേക്ഷകൾ പ്രകാരം പെൻഷൻ അനുവദിച്ചിട്ടുണ്ട്.

14-08-2000-ലെ സ.ഉ.(പി) നമ്പർ 1084/2000/ധന ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രതിമാസം 200/- രൂപ സമാഹരിച്ച് രൂപീകൃതമായ പെൻഷൻ ഫണ്ടിൽനിന്നുമാണ് പെൻഷൻ സ്കീമിൽ അംഗങ്ങളായ മഹിളാ പ്രധാന/എസ്.എ.എസ്. ഏജന്റുമാർക്ക് പെൻഷൻ അനുവദിച്ചുവരുന്നത്. 65 വയസ് പൂർത്തിയായ, കുറഞ്ഞത് 10 വർഷമെങ്കിലും പെൻഷൻ വിഹിതം അടച്ചിട്ടുള്ള ഏജന്റുമാർക്കാണ് ടി ഉത്തരവുപ്രകാരം കുറഞ്ഞത് 600/- രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ

അനുവദിച്ചുവന്നിരുന്നത്. ഈ തുക 30-07-2019-ലെ സ.ഉ.(സാധാ) നമ്പർ 6060/2019/ധന നമ്പർ ഉത്തരവുപ്രകാരം ഏജന്റുമാരുടെ പെൻഷൻ വിഹിതം ഉയർത്താതെതന്നെ കുറഞ്ഞ പെൻഷൻ തുക 600/- രൂപയിൽനിന്നും 1200/- രൂപയായി ഉയർത്തിയിട്ടുണ്ട്. 10 വർഷത്തിൽ കൂടുതലായി അടയ്ക്കുന്ന ഓരോ വർഷത്തിനും മിനിമം പെൻഷന്റെ 10 ശതമാനം നിരക്കിൽ വർദ്ധനവ് നൽകിവരുന്നുണ്ട്. 22 വർഷം വിഹിതം അടച്ച് 2,640/- രൂപ പ്രതിമാസ പെൻഷൻ ലഭിക്കുന്ന ഏജന്റുമാർവരെ നിലവിലുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കാണ് നൽകിവരുന്നത്. എന്നാൽ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ഏജന്റുമാർ നിശ്ചിത വരുമാനക്കാരായതിനാൽ അവർക്ക് 70 വയസ്സുവരെ പ്രതിഫലം സ്വീകരിച്ച് അധികജോലി ചെയ്യാവുന്നതാണ്.

**7.** ബീഡി വ്യവസായത്തിലെ പ്രതിസന്ധി സംബന്ധിച്ച് ശ്രീ. ടി. ഐ. മധുസൂദനൻ, എം.എൽ.എ. നോട്ടീസ് നൽകിയ സബ്മിഷന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) മേശപ്പുറത്തുവച്ച മറുപടി

കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘത്തിലും 18 പ്രൈമറി സംഘങ്ങളിലുമായി അയ്യായിരത്തോളം തൊഴിലാളികൾ

ഇപ്പോൾ ജോലി ചെയ്തുവരുന്നു. തൊഴിലാളികൾക്ക് സർക്കാർ നിഷ്കർഷിക്കുന്ന മിനിമം കൂലിയും പി.എഫ്., ഗ്രാറ്റുവിറ്റി ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും കൃത്യതയോടെ സംഘം നൽകി വരുന്നുണ്ട്. പ്രതിവർഷം 17.33 കോടിയോളം രൂപ സംഘം ജി.എസ്.ടി. ഇനത്തിൽ സർക്കാരിലേയ്ക്ക് അടച്ചുവരുന്നു. ഒരു കാലത്ത് 42000 തൊഴിലാളികൾ വരെ ഈ മേഖലയിൽ ജോലി ചെയ്തു വന്നിരുന്നുവെങ്കിലും നിലവിൽ ബീഡി വ്യവസായം വിവിധ കാരണങ്ങളാൽ പ്രതിസന്ധി നേരിടുകയും തത്ഫലമായി ഈ മേഖലയിൽ തൊഴിൽ അനുദിനം കുറഞ്ഞുവരികയുമാണ്.

ദിനേശ് ബീഡി സംഘം ഉൽപ്പാദിപ്പിക്കുന്ന ബീഡി എല്ലാ തൊഴിൽ നികുതി നിയമങ്ങളും പാലിച്ചുകൊണ്ട് നിർമ്മിക്കുന്നതിനാൽ അന്യ സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന ബീഡികളുടെ വിലയെക്കാളും താരതമ്യേന വില കൂടുതലാണ്. ഇത്തരത്തിൽ കുറഞ്ഞ നിരക്കിലുള്ള ബീഡി ബ്രാൻഡുകൾ ഇവിടത്തെ ചെറുകിട കമ്പോളങ്ങൾ കയ്യടക്കുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. പ്രസ്തുത സാഹചര്യത്തിൽ വിലയിലെ അന്തരം കാരണം ദിനേശ് ബീഡി വിൽപ്പന ചെയ്യാൻ സാധിക്കാതെ

സ്റ്റോക്ക് കുടിവരികയും ആഴ്ചയിൽ ഒരു ദിവസം തൊഴിലാളികളുടെ തൊഴിൽ വെട്ടിച്ചുരുക്കേണ്ടി വരികയും സംഘത്തിൽനിന്നും വിരമിച്ച ബീഡി തൊഴിലാളികൾക്ക് കൃത്യമായി ഗ്രാറ്റുവിറ്റി നൽകാൻ സാധിക്കാതെ തുക കുടിശ്ശികയായി വരുന്നതിനും ഇടയാക്കിയിട്ടുള്ളത്. 2020-21 വർഷം 61.88 കോടി വാർഷിക വിറ്റുവരവ് ഉണ്ടായിരുന്ന ബീഡി വ്യവസായം 2021-22 വർഷം 48.22 കോടി രൂപയായി കുറഞ്ഞിരിക്കുകയാണ്.

ബീഡി വ്യവസായം ഗുരുതര പ്രതിസന്ധികൾ നേരിട്ടപ്പോൾ ആരംഭിച്ച വൈവിധ്യവൽക്കരണ പദ്ധതികളിലൂടെ ബീഡി തൊഴിലാളികളെയും അവരുടെ ആശ്രിതരെയും പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഭക്ഷ്യ സംസ്കരണം, കുട നിർമ്മാണം റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഡാറ്റാ സെന്റർ, ഐ.ടി. ബാങ്കിംഗ് സോഫ്റ്റ്‌വെയർ, ഓഡിറ്റോറിയം തുടങ്ങിയ യൂണിറ്റുകളിലായി ബീഡി തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമായി എണ്ണൂറിൽപ്പരം പേർക്ക് പ്രത്യക്ഷമായും ആയിരക്കണക്കിന് പേർക്ക് പരോക്ഷമായും ജോലി നൽകാൻ സാധിച്ചിട്ടുണ്ട്. കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം നിലവിൽ നേരിടുന്ന ഗുരുതരമായ

സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ പ്രവർത്തന ഗ്രാന്റായും 2022-23 സാമ്പത്തിക വർഷത്തിൽ ഒറ്റത്തവണ സഹായമായി ഒരു കോടി രൂപയും സംഘത്തിന് സർക്കാർ അനുവദിച്ചിട്ടുണ്ട്.

വ്യാജ ദിനേശ് ബീഡിയുടെ വ്യാപനം തടയുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ വിജിലൻസ് വകുപ്പ് മുഖാന്തരം അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും വൻതോതിൽ ബീഡി ഉൽപ്പാദിപ്പിച്ച് അനധികൃത വ്യാപാരം നടത്തുന്നതിനും വ്യാജ ദിനേശ് ബീഡിയുടെ വ്യാപനം തടയുന്നതിനും ബ്ലോക്കുതല വ്യവസായ ഓഫീസർമാരും അതിന്റെ കീഴിൽ പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന ഇന്റേൺമാരും വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തിന് പുറത്തുനിന്ന് നികുതി വെട്ടിച്ചുകൊണ്ടുവരുന്ന ബീഡികൾ തടയുന്നതിന് സംസ്ഥാന ജി.എസ്.ടി. വകുപ്പ് കർശന നടപടികൾ സ്വീകരിച്ചുവരികയും ഇതിന്റെ ഫലമായി കേസ്സുകൾ രജിസ്റ്റർ

ചെയ്ത് നടപടികൾ സ്വീകരിച്ചുവരികയുമാണ്. ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗത്തിന്റെ വിവരശേഖരണത്തിന്റെയും സംസ്ഥാനത്തെ വിവിധ അതിർത്തി ചെക്ക് പോസ്റ്റുകളിലെ നിരന്തര നിരീക്ഷണത്തിന്റെയും അടിസ്ഥാനത്തിൽ കേരളത്തിന്റെ അതിർത്തി ജില്ലകളായ ചെങ്കോട്ട, തിരുനെൽവേലി എന്നിവിടങ്ങളിൽനിന്നും വ്യാപകമായി ബീഡി ഉൽപ്പന്നങ്ങൾ കേരളത്തിലേക്ക് നികുതി വെട്ടിച്ച് കടത്തുകയും വീടുകൾ കേന്ദ്രീകരിച്ച് സൂക്ഷിക്കുകയും ചെറിയ വാഹനങ്ങളിൽ കേരളത്തിന്റെ തെക്കൻ ജില്ലകളിൽ വിതരണം ചെയ്തുവരുന്നതായും റെയ്ഡുകളിൽ കണ്ടെത്തിയിട്ടുള്ളതും നിയമപ്രകാരം പിഴ ഈടാക്കിയിട്ടുള്ളതുമാണ്.

അന്യസംസ്ഥാനങ്ങളിൽനിന്നും അനധികൃതമായി കടത്തിവരുന്ന ബീഡിയുടെ വിതരണം തടയുന്നതിനായി ചരക്ക് സേവന നികുതി വകുപ്പ് മേൽപ്പറഞ്ഞ രീതിയിൽ ഫലപ്രദമായി ഇടപെട്ട് ആയത് തടയുന്നതിനുവേണ്ടിയുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

**8.** മാക്കേക്കടവ്-നേരേകടവ് പാലം നിർമ്മാണം സംബന്ധിച്ച് ശ്രീമതി ദെലീമ, എം.എൽ.എ. നോട്ടീസ് നൽകിയ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടി

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി പഞ്ചായത്തിനെയും കോട്ടയം ജില്ലയിലെ ഉദയനാപുരം പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന മാക്കേക്കടവ്-നേരേകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട സബ്മിഷൻ നേരത്തെയും സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്.

ഈ പാലം ഡിസൈൻ ടെണ്ടർ പ്രകാരം നിർമ്മിക്കുന്നതിനായി 93.79 കോടി രൂപയ്ക്ക് 16-06-2016-ൽ കരാറുകാരന് കൈമാറിയ പ്രവൃത്തിയാണ്. പാലത്തിന്റെ 100 പൈലുകളിൽ 96 എണ്ണവും 23 പൈൽ ക്യാപ്പുകളിൽ 21 എണ്ണവും 21 പിയർ ക്യാപ്പുകളിൽ 21 എണ്ണവും നാവിഗേഷൻ സ്പാനിലെ 8 ബീമുകളും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി സ്ലാബുകളും ബീമുകളും പൂർത്തീകരിക്കാനുണ്ട്.

പാലത്തിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് തടസ്സങ്ങളുണ്ടായതാണ് പ്രവൃത്തി വൈകാനിടയാക്കിയത്. പാലം നിർമ്മാണത്തിന് ആവശ്യമായ മുഴുവൻ ഭൂമിയും ലഭിച്ചത് കഴിഞ്ഞ ജൂൺ മാസത്തിലാണ്. ഇതിനിടയിൽ കരാറുകാരൻ, നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് കാരണം ഇനി പൂർത്തീകരിക്കേണ്ട ഇനങ്ങൾക്ക്

എൽ.എം.ആർ. നിരക്ക് വേണമെന്ന് ആവശ്യപ്പെട്ടു. പൊതുമരാമത്ത് വകുപ്പ് ഈ വിഷയം പരിശോധിക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ വ്യക്തത വരുത്താൻ ധനകാര്യവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനർ ആവശ്യപ്പെട്ട വിശദീകരണത്തിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. വകുപ്പുതലത്തിലും മറുപടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാൽ മറ്റ് നടപടികളിലേയ്ക്ക് കടക്കാനാകും.

**9.** <u>വലപ്പാട് സി.എച്ച്.സി. മൾട്ടി സ്പെഷ്യാലിറ്റി ട്രോമ കെയർ യൂണിറ്റാക്കുന്നതിനുള്ള നടപടി സംബന്ധിച്ച് ശ്രീ സി. സി. മുകുന്ദൻ, എം.എൽ.എ. നോട്ടീസ് നൽകിയ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടി</u>

തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജക മണ്ഡലത്തിലുൾപ്പെട്ട തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽവരുന്ന ആശുപത്രിയാണ് സാമൂഹ്യാരോഗ്യ കേന്ദ്രം, വലപ്പാട്. ജില്ലയിലെ പഴക്കംചെന്ന ആശുപത്രികളിൽ ഒന്നാണിത്. നാട്ടിക മണ്ഡലത്തിലെ താഴ്ന്ന വരുമാനക്കാരായ മത്സ്യത്തൊഴിലാളികളും മറ്റ് സാധാരണ

തൊഴിലെടുക്കുന്നവരും വലിയൊരു വിഭാഗം പട്ടികജാതി കുടുംബങ്ങളും ആശ്രയിക്കുന്ന പ്രധാന ആശുപത്രിയാണിത്.

ഈ സി.എച്ച്.സി.-യിലെ ദിവസേനയുള്ള ഒ.പി. 480 മുതൽ 520 വരെയും ശരാശരി ഐ.പി. 30-ഉം ആണ്. (അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 55 ആണ്.) നിലവിൽ രാത്രി 9 മണിവരെയാണ് രോഗികൾക്ക് ചികിത്സ നൽകുന്നതെങ്കിലും ഐ.പി. രോഗികൾക്ക് ആവശ്യാനുസരണം ഓൺ കോൾ അടിസ്ഥാനത്തിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിവരുന്നുണ്ട്.

ഈ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സിവിൽ സർജൻ-1, അസിസ്റ്റന്റ് സർജൻ-2, അസിസ്റ്റന്റ് ഡെന്റൽ സർജൻ-2 എന്നിങ്ങനെ 5 വിവിധ വിഭാഗം ഡോക്ടർമാരുടെ തസ്തിക ഉൾപ്പെടെ 35 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളുണ്ട്. ഇതിനുപുറമെ എൻ.എച്ച്.എം. മുഖാന്തരം നിയമിക്കപ്പെട്ട 2 ഡോക്ടർമാരും തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തരം നിയമിക്കപ്പെട്ട 2 ഡോക്ടർമാരും ഉൾപ്പെടെ 4 ഡോക്ടർമാരുടെ സേവനം അധികമായി ലഭ്യമാകുന്നുണ്ട്. (ഇപ്രകാരം ഒരു സിവിൽ സർജൻ

ഉൾപ്പെടെ 7 ഡോക്ടർമാരുടെ സേവനം ഈ ആശുപത്രിയിൽ ലഭിക്കുന്നുണ്ട്.) ഇതിനുപുറമെ എൻ.എച്ച്.എം. മുഖാന്തരം 8 ജീവനക്കാരും എച്ച്.എം.സി. മുഖാന്തരം 4 പേരും എൽ.എസ്.ജി.ഡി. മുഖാന്തരം 2 പേരും ഉൾപ്പെടെ മൊത്തം 18 താൽക്കാലിക ജീവനക്കാർ ഈ ആശുപത്രിയിൽ പ്രവർത്തിക്കുന്നുണ്ട്. (മൊത്തം 53 ജീവനക്കാരുടെ സേവനമാണ് നിലവിൽ ഈ ആശുപത്രിയിൽ ലഭ്യമായിട്ടുള്ളത്.)

1.56 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഈ ആശുപത്രിയിൽ മെയിൽ വാർഡ്, ഫീമെയിൽ വാർഡ്, കുട്ടികളുടെ വാർഡ്, ജെറിയാട്രിക് വാർഡ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. 108 ആംബുലൻസ് 24 മണിക്കൂറും സർവ്വീസ് നടത്തുന്നു. കമ്പ്യൂട്ടറൈസ്ഡ് എക്സ്റേ, ഇ.സി.ജി. സേവനങ്ങൾ, ലാബ് സൗകര്യം എന്നിവ ഇവിടെ ലഭ്യമാണ്. കൂടാതെ ഫിഷറീസ് വകുപ്പ് സുനാമി ഫണ്ടിൽനിന്നും അനുവദിച്ച മൊബൈൽ ഹെൽത്ത് യൂണിറ്റ് ഇവിടെ പ്രവർത്തിക്കുന്നു. എൻ.സി.ഡി. ക്ലിനിക്ക്, പൊതുജനാരോഗ്യ വിഭാഗം, പെയിൻ & പാലിയേറ്റീവ്, സെക്കണ്ടറി പാലിയേറ്റീവ്, ഫിസിയോതെറാപ്പി, ഡെന്റൽ ഒ.പി., ഡെന്റൽ എക്സ്റേ, കൗമാരപ്രായക്കാരുടെ ക്ലിനിക്ക്, മെന്റൽ

ഹെൽത്ത് ക്ലിനിക്ക്, കണ്ണ് പരിശോധന ക്ലിനിക്ക്, പുകവലി നിവാരണ ക്ലിനിക്ക് തുടങ്ങിയവയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

ആർദ്രം മാനദണ്ഡപ്രകാരം സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനുപകരം ഒരു റവന്യൂ ബ്ലോക്കിൽ ഒരു ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രം, ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി, ഒരു ജില്ലയിൽ ഒരു ജില്ലാതല ആശുപത്രി എന്ന ക്രമത്തിൽ ആശുപത്രികളെ തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി മികച്ച ചികിത്സ ബന്ധപ്പെട്ട പ്രദേശത്തെ രോഗികൾക്ക് ലഭ്യമാക്കുക എന്നതാണ് നിലവിൽ സർക്കാർ നയമായി സ്വീകരിച്ചിട്ടുള്ളത്.

ഈ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള ഡോക്ടർമാരുടെയും മറ്റ് വിഭാഗം ജീവനക്കാരുടെയും ആശുപത്രിയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി മെച്ചപ്പെട്ട ചികിത്സാ സൗകര്യം പ്രദേശത്തെ രോഗികൾക്ക് ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

----------